# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2019 ഒക്ടോബർ 28, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

790/2021

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ്. പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
9. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
10. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
11. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
12. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
13. ശ്രീ. അനൂപ് ജേക്കബ് (പിറവം)
14. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
15. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
16. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
17. ശ്രീ. അൻവർ സാദത്ത് (ആലുവ)
18. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
19. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി.)
20. ശ്രീ. കെ. ബാബു (നെന്മാറ)
21. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി-എസ്.ടി.)

22. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

23. ശ്രീ. വി. ടി. ബൽറാം (തൃത്താല)

24. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

25. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

28. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

29. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

30. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

31. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

32. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

33. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

34. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)

35. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

36. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

37. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

38. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

39. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

40. ഡോ. കെ. ടി. ജലീൽ (തവനൂർ)

41. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

42. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

43. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

44. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

45. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)*

---

* 28-10-2019-ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

46. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

47. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

48. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

49. ശ്രീ. വി. ജോയി (വർക്കല)

50. ശ്രീ. എം.സി. കമറുദ്ദീൻ (മഞ്ചേശ്വരം)*

51. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി - എസ്.ടി.)

52. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

53. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

54. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

55. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

56. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ - എസ്.സി)

57. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

58. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

59. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

60. ശ്രീ. മാണി. സി. കാപ്പൻ (പാലാ)*

61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

* 28-10-2019-ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

* 9-10-2019-ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

69. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

70. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

71. ശ്രീ. സി. കെ. നാണു (വടകര)

72. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

73. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

74. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

75. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

76. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

77. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)*

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം - എസ്.സി)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര - എസ്.സി)

88. ശ്രീ. റ്റി. വി. രാജേഷ് (കല്ല്യാശ്ശേരി)

---

* 28-10-2019-ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

95. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

96. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

97. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

101. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട് - എസ്.സി)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ - എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

114. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

115. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

116. ശ്രീമതി ഷാനിമോൾ ഉസ്മാൻ (അരൂർ)*

117. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

118. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

119. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

120. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

121. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

122. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

123. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

124. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

125. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

126. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

127. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

128. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

129. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

130. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

131. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

132. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

---

* 28-10-2019-ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

133. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

134. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

135. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

136. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി)

137. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

138. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

139. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

140. ശ്രീ. എം. വിൻസെന്റ് (കോവളം)

141. ശ്രീ. ടി. ജെ വിനോദ് (എറണാകുളം)*

---

* 28-10-2019-ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ.എ.കെ.ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി</u>

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

<u>ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

<u>ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി</u>

തുറമുഖം

കാഴ്ചബംഗ്ളാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..33

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..33

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..88

**II. ചരമോപചാരം** ..460

**III. സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ** ..461

**IV. ചെയർമാൻമാരുടെ പാനൽ** ..463

**V. അടിയന്തരപ്രമേയം** ..463

വാളയാർ പീഡനക്കേസ്

(അവതരണാനുമതി നിഷേധിച്ചു.) ..478

**VI. ശ്രദ്ധ ക്ഷണിക്കൽ**

ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം

- ശ്രീ. എസ്. ശർമ്മ ..478

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**VII. മേശപ്പുറത്തുവച്ച കടലാസുകൾ** ..482

**VIII. നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ..485

(ii) 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ..486

**അനുബന്ധം** ..488

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2019 ഒക്ടോബർ 28, തിങ്കൾ*

വാല്യം 177] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2019 ഒക്ടോബർ മാസം 28-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ (*1)

### ആരോഗ്യ മേഖലയിലെ മുന്നേറ്റം

1 (*1) ശ്രീ. സജി ചെറിയാൻ:

ശ്രീ. കെ. ബാബു:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആരോഗ്യ മേഖലയിലെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യ ഏഴ് എണ്ണവും സംസ്ഥാനത്താണെന്ന അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പൊതുജനാരോഗ്യ സംവിധാനത്തിന്റെ നെട്ടുംതൂണായ പ്രാഥമികാരോഗ്യ സംവിധാനം ശാക്തീകരിച്ച് ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും എല്ലാവിധ രോഗങ്ങൾക്കും പ്രാഥമിക ചികിത്സ നൽകുന്നതിനും ആരോഗ്യ പരിചരണം ഉറപ്പാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) ആരോഗ്യമേഖലയിലെ സേവനം കാര്യക്ഷമമാക്കുന്നതിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പര്യാപ്തമായ എണ്ണം ജീവനക്കാരെ നിയമിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) രാജ്യത്തെ ഏറ്റവും മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കുള്ള ബഹുമതി കേരളത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് നേടിയിട്ടുള്ളത് എന്നത് നമുക്ക് അഭിമാനകരമായ കാര്യമാണ്. ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ നാഷണൽ ഹെൽത്ത് മിഷനുമായി ചേർന്നുള്ള ഗുണമേന്മ വർദ്ധന പ്രോഗ്രാം വഴി (Quality Improvement Programme) ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തിയതിനാലാണ് നമുക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുള്ളത്.

കേരള സർക്കാർ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ആർദ്രം മിഷന്റെ ഫലമായി സംസ്ഥാനത്ത് 42 സർക്കാർ ആശുപത്രികൾ NQAS (National Quality Assurance Standard) Accreditation നേടുകയുണ്ടായി.

NQAS Accreditation പരിശോധനയിൽ 99% മാർക്ക് നേടി FHC (Family Health Centre), കയ്യൂർ, കാസർഗോഡ് ജില്ലയും FHC പൂഴനാട്, തിരുവനന്തപുരം ജില്ലയും ദേശീയ തലത്തിൽ ഒന്നാം സ്ഥാനത്തെത്തി. ഇതുകൂടാതെ FHC നൂൽപ്പുഴ, വയനാട് ജില്ല, FHC ചെറുതാഴം, കണ്ണൂർ ജില്ല എന്നിവ 98% മാർക്ക് നേടി ദേശീയതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. കണ്ണൂർ ജില്ലയിലെ FHC കാങ്കോൽ അലപ്പടമ്പ, FHC മലപ്പട്ടം, FHC വളപ്പട്ടണം, കാസർഗോഡ് ജില്ലയിലെ FHC വലിയപറമ്പ എന്നിവ 97% മാർക്ക് നേടി മൂന്നാം സ്ഥാനത്തെത്തി. 96% മാർക്ക് നേടിയ PHC പാണാവള്ളി, ആലപ്പുഴ, എഫ്.എച്ച്.സി. കരിന്തളം, കാസർഗോഡ്., PHC പുറക്കാട്, ആലപ്പുഴ എന്നിവ തൊട്ടുപിന്നിലുണ്ട്. ഇതോടെ ഇന്ത്യയിലെ ആദ്യത്തെ പതിനൊന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കേരളത്തിൽ നിന്നുള്ളവയായി. ഇതുവരെ സംസ്ഥാനത്തെ 29 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ NQAS Accreditation നേടിയെടുത്തു.

NQAS നേടിയ 56 ആശുപത്രികൾ ഇപ്പോൾ നമുക്കുണ്ട്. 2016-17, 2017-18-ലെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഇത് തീരുമാനിച്ചത്. 2018 അവസാനം പരിശോധിക്കുമ്പോൾ രാജ്യത്ത് ഒന്നാമതായി വന്ന ആദ്യത്തെ 10 പി.എച്ച്.സി.-കളും കേരളത്തിൽ നിന്നുള്ളവയാണ് എന്നുള്ളതും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ആദ്യത്തെ വർഷം വയനാട്ടുള്ള നൂൽപ്പുഴ പി.എച്ച്.സി.-യും രണ്ടാമത്തെ വർഷം കാസർഗോഡ് ജില്ലയിലെ കയ്യൂർ പി.എച്ച്.സി.-യും രാജ്യത്തെ ഒന്നാമത്തെ പി.എച്ച്.സി.-യായി തെരഞ്ഞെടുക്കപ്പെട്ടു. 99 ശതമാനം മാർക്ക് നേടിയാണ് ഒന്നാം സ്ഥാനം നേടിയത് എന്നുള്ളതും ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. മറ്റെല്ലാ പി.എച്ച്.സി.-കളുടെയും മാർക്കും ശതമാനവും ഉത്തരത്തിലുണ്ട്.

(ബി) ഒരു കുടുംബത്തിലെ എല്ലാവർക്കും സമഗ്ര പ്രാഥമികാരോഗ്യ പരിചരണം ലഭ്യമാക്കുവാൻ കഴിയുന്ന രീതിയിൽ ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് വരികയാണ്. ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 170 കേന്ദ്രങ്ങളിൽ 162 എണ്ണം ഇതിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചെങ്കിലും രണ്ടെണ്ണം പ്രളയബാധിതമാകുകയുണ്ടായി. പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ടിവരുന്നവയും പ്രളയത്തിൽ നാശനഷ്ടം നേരിടുകയും ചെയ്ത ഇടങ്ങളിൽ നിർമ്മാണ പ്രവർത്തനം നടന്നുവരികയാണ്.

രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിൽ 43 കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. 166 കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. മറ്റുള്ളവയുടെ കാര്യങ്ങൾ DPR (Detailed Project Report) തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതികൾ തുടങ്ങിയവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം 34 കേന്ദ്രങ്ങൾ ഈ വർഷം പരിഗണിക്കുവാൻ കഴിയുകയില്ല.

മൂന്നാം ഘട്ടത്തിൽ ബാക്കിയുള്ള 220 കേന്ദ്രങ്ങളെ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എൻ.എച്ച്.എം.-ന്റെ 2019-20-ലെ Programme Implementation Plan-ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവന മേഖലകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ വൈകുന്നേരം 6 മണി വരെയാക്കുകയും നഴ്സസ് പ്രീ-ചെക്കപ്പ്, കൗൺസിലിംഗ്, നിത്യേനയുള്ള ജീവിതശൈലീരോഗ ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്, നഴ്സുമാരുടെ സ്ഥാപനതല ഔട്ട് റീച്ച് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നു. ഈ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുക, ലബോറട്ടറി സൗകര്യങ്ങൾ ഒരുക്കുക, ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക, ഫീൽഡുതല പ്രവർത്തനങ്ങളും ഉപകേന്ദ്ര പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടന്നുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ബഹുജന പങ്കാളിത്തത്തോടെയുമാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കിവരുന്നത്. പഞ്ചായത്തുകൾ വഴി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും താൽക്കാലിക നിയമനങ്ങളും നടത്തുന്നുണ്ട്.

പൊതുജനാരോഗ്യം ശക്തമാക്കുന്നതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം പ്രൈമറി ഹെൽത്ത് സെന്ററുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. കുടംബാരോഗ്യ കേന്ദ്രങ്ങളായി മാറുമ്പോൾ അതിന്റെ പ്രവർത്തനത്തിൽ തന്നെ മാറ്റങ്ങൾ വരികയാണ്. ഒന്നിന് പകരം മൂന്ന് ഡോക്ടർമാരും മറ്റ് അനുബന്ധ സ്റ്റാഫുകളുമുണ്ടാകും. ഓരോ പി.എച്ച്.സി.യിലും അഞ്ച് വീതം ജീവനക്കാരെ അധികമായി കൊടുത്തുകൊണ്ടാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ ശ്രമിച്ചിട്ടുള്ളത്. ഇതിൽ ഒ.പി. സമയം ഉച്ചയ്ക്കുശേഷം 2.00 മുതൽ 6.00 വരെ ആക്കുക എന്നത് മാത്രമല്ല, നഴ്സസ് ഫ്രീ ചെക്കപ്പ്, കൗൺസിലിംഗ്, ജീവിതശൈലീരോഗ ക്ലിനിക്കുകൾ, ആസ്ത്മ, ശ്വാസംമുട്ടൽ തുടങ്ങിയവയ്ക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക് തുടങ്ങിയവയെല്ലാം പുതുതായി ഈ പി.എച്ച്.സി.യിലേക്ക് വന്നിട്ടുള്ളവയാണ്. ആദ്യത്തെ വർഷം 170 പി.എച്ച്.സി.കളെയാണ് തീരുമാനിച്ചതെങ്കിലും 266 സ്ഥലത്ത് അതിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞു. അതിൽ 165 പി.എച്ച്.സി.-കളുടെ കെട്ടിടംതന്നെ പുതിയ മാതൃകയിൽ നിർമ്മിച്ച് ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ടാർജറ്റ് അച്ചീവ് ചെയ്തിരിക്കുന്നുവെന്നത് പ്രധാനപ്പെട്ടതാണ്. ഈ വർഷം 504 പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തീരുമാനിച്ചു. അതിൽ 35 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. ഈ വർഷത്തേയ്ക്ക് ധനകാര്യ വകുപ്പ് അനുവദിച്ച 1000 പുതിയ തസ്തികകൾ ഡിസ്ട്രിബ്യൂട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. ആദ്യ തവണ 830 തസ്തികകളാണ് അനുവദിച്ചത്. അങ്ങനെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ 1830 തസ്തികകൾ ഈ ഗവൺമെന്റ് പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) ആരോഗ്യ മേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും വിവിധ ആരോഗ്യ പ്രോഗ്രാമുകളുടെ ഭാഗമായി ഫീൽഡുതല പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്.

പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യ മിഷൻ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ വഴി മാസ്റ്റർ പ്ലാനിന് ഊന്നൽകൊടുത്തുകൊണ്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് വിവിധ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നത്.

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിരുന്നത്. അതിൽ 162 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ 381 എണ്ണത്തിന് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി നൽകി. ഭരണാനുമതി നൽകിയവയിൽ 43 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുകയും 166 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. എം.ആർ.ഐ., സി.ടി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവ അടക്കമുള്ള ആധുനിക ആശുപത്രി സൗകര്യങ്ങൾ വിവിധ സ്കീമുകളുടെ ഭാഗമായി ലഭ്യമാക്കിവരുന്നു.

ഈ വർഷം കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി പുതുതായി സൃഷ്ടിച്ച 1000 തസ്തികകൾ അടക്കം സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിൽ മാത്രം 3159 തസ്തികകൾ ഇതിനകം സൃഷ്ടിച്ച് നിയമനം നടത്തി വരികയാണ്. പുതുതായി സൃഷ്ടിച്ച 1000 തസ്തികകൾ സ്ഥാപനതലത്തിൽ അനുവദിച്ച് നിയമനം നടത്താനുള്ള നടപടികൾ നടന്നുവരികയാണ്.

ആർദ്രം മിഷന്റെ ഭാഗമായ 8 സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കി തെരഞ്ഞെടുത്ത 17 ജില്ലാതല ആശുപത്രികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി മൂന്നെണ്ണം ഒഴികെയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരികയാണ്.

28 താലൂക്കുതല ആശുപത്രികളിൽ ഈ വർഷം ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ, ഡി.പി.ആർ. തയ്യാറാക്കലും മറ്റും, വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. സംസ്ഥാനത്തെ 152 ബ്ലോക്കുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 76 എണ്ണം ഈ വർഷം രോഗീസൗഹൃദ രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരികയാണ്. ആരോഗ്യ വകുപ്പിന്റെ വിവിധ പ്ലാൻ സ്കീമുകളുടെ ഭാഗമായി ജില്ലാ കാൻസർ പ്രോഗ്രാം, സ്ട്രോക്ക് യൂണിറ്റുകൾ, ട്രോമാകെയർ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതോടൊപ്പം നടന്നുവരികയാണ്.

ആരോഗ്യ മേഖലയിൽ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട സേവനം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

(1) ജില്ലാ മാനസികാരോഗ്യ പദ്ധതി

(2) സമഗ്ര മാനസികാരോഗ്യ പദ്ധതി

(3) ലഹരി വിമുക്ത കേന്ദ്രങ്ങൾ

(4) സമ്പൂർണ്ണ മാനസികാരോഗ്യം

(5) ആശ്വാസം ക്ലിനിക്കുകൾ

മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(a) അമ്മ മനസ്

(b) കോസ്റ്റൽ മെന്റൽ ഹെൽത്ത്

(c) Tribal Mental Health

(d) Urban Mental Health

(e) School Mental Health

(f) Work place stress management

(g) Suicide Prevention

എല്ലാ ജില്ലകളിലെയും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്താനും ഓരോ താലൂക്കിലെയും ഓരോ ആശുപത്രിയെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരികയാണ്. ഒരു മാസ്റ്റർ

പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിട സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കിഫ്ബി, പ്ലാൻ ഫണ്ട്, നബാർഡ്, എം.എൽ.എ.,/എം.പി. ആസ്തി വികസന ഫണ്ട് തുടങ്ങിയവ വഴി ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇവിടങ്ങളിലേയ്ക്ക് വേണ്ട അധിക ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കുകയും ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത് ലാബ് സൗകര്യങ്ങളും നെഫ്റോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. എട്ട് ജില്ലാതല ആശുപത്രികളിലും രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കിഫ്ബി വഴിയുള്ള കാത്ത് ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. രണ്ട് ജില്ലാ ആശുപത്രികളിലും മഞ്ചേരി മെഡിക്കൽ കോളേജിലും കാത്ത് ലാബുകൾ ഇതിനകം പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി താലൂക്കുതല ആശുപത്രികളിൽ 4 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയയും പൂർത്തിയായി വരികയാണ്. സ്ട്രോക്ക് ക്ലിനിക്കുകൾ, ജില്ലാ കാൻസർ കെയർ പരിചരണം തുടങ്ങിയവ വഴിയും ജില്ല/താലൂക്കുതല ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിലപ്പെട്ടുവരികയാണ്.

പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ പ്രത്യേക പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഡെങ്കി, ചിക്കൻ ഗുനിയ തുടങ്ങിയ കൊതുക് പരത്തുന്ന രോഗങ്ങളുടെ നിരീക്ഷണത്തിനായി 30 സെന്റിനൽ സർവ്വയലൻസ് സെന്ററുകൾ വിവിധ ആശുപത്രികളിലായി പ്രവർത്തിച്ചുവരുന്നു.

കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി എല്ലാ കുഷ്ഠരോഗ ബാധിതരെയും കണ്ടെത്തി ചികിത്സയ്ക്ക് വിധേയരാക്കുന്ന 'അശ്വമേധം കുഷ്ഠരോഗ നിർമ്മാർജ്ജന' പരിപാടി ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു.

കോട്ടയം, എറണാകുളം, തിരുവനന്തപുരം, വയനാട്, തൃശ്ശൂർ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ റിസർച്ച് സെന്റർ, വിവിധ ജില്ലകളിലെ ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികൾ എന്നിവയുടെ വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഏകദേശം അയ്യായിരം കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ ഇ-

ഹെൽത്ത് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇ-ഹെൽത്ത് സൗകര്യങ്ങൾകൂടി സജ്ജമാകുന്നതോടെ ഭാവിയിൽ രോഗികളുടെ വിവരങ്ങളും ലാബ് റിസൽട്ടുകളുമൊക്കെ എളുപ്പം ലഭ്യമാക്കാനും ആശുപത്രികൾക്ക് പരസ്പരം കൈമാറാനും ചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയുന്നതാണ്.

ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഓപ്പറേഷൻ തീയേറ്ററുകൾ, അനസ്തീഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചുവരുന്നുണ്ട്. കൂടാതെ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ/ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അനസ്തീഷ്യ, ഇ.എൻ.ടി., ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നിവ തുടങ്ങുന്നതിനായുള്ള ഉപകരണങ്ങളും ആശുപത്രി ഫർണിച്ചർ, കിടക്കകൾ, തലയിണകൾ വാങ്ങുന്നതിനും ജനറേറ്റർ, എയർ കണ്ടീഷൻ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന കാത്ത് ലാബ് സൗകര്യങ്ങൾ ജില്ലാ/ജനറൽ ആശുപത്രികളിൽ ആരംഭിച്ചു. നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോളിനുവേണ്ടി വിവിധ പരിപാടികളാണ് ഈ ഗവൺമെന്റ് ആരംഭിച്ചത്. അതിൽ ഏറ്റവും പ്രധാനം കാൻസർ വ്യാപനം തടയുക എന്നതാണ്. കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുംവിധം ഓങ്കോളജി, ഓങ്കോപാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിൽ ജില്ലാ കാൻസർ കെയർ പ്രോഗ്രാം നടപ്പിലാക്കിയതുവഴി ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോതെറാപ്പി സൗകര്യം രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. കേരളത്തിൽ കാൻസർ രോഗ ചികിത്സയ്ക്കും നിയന്ത്രണത്തിനും WHO-യുടെ മാർഗ്ഗ നിർദ്ദേശാനുസരണം കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി രൂപീകരിച്ചു. കേരളത്തിൽ നിലവിലുള്ള പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഏകീകൃതമായ കാൻസർ ചികിത്സാ സംവിധാനങ്ങൾ എല്ലാ പ്രദേശങ്ങളിലുള്ളവർക്കും പ്രാപ്യമാകുന്ന രീതിയിൽ കേരള കാൻസർ ഗ്രിഡ് രൂപീകരണം പുരോഗമിക്കുന്നു. സംസ്ഥാനത്താകെയുള്ള കാൻസർ രോഗികളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കേരള

കാൻസർ രജിസ്ട്രി തയ്യാറാക്കിവരുന്നുണ്ട്. ആർ.സി.സി.-യിൽ 187.22 കോടി രൂപ ചെലവിൽ 14 നില കെട്ടിടത്തിന്റെ പണി ആരംഭിച്ചു. ഇത് കൂടാതെ വിവിധ പദ്ധതികളിലായി ഉപകരണങ്ങൾ സ്ഥാപിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾക്കായി 150 കോടിയോളം രൂപയും ചെലവാക്കി. കൊച്ചി കാൻസർ സെന്ററിൽ പ്രതിവർഷം 25000-ത്തോളം പേർക്ക് ചികിത്സ ലഭ്യമാക്കാനുള്ള സൗകര്യമൊരുക്കാൻ കിഫ്ബി പദ്ധതി വഴി കെട്ടിടം പണിയുവാനും ഉപകരണങ്ങൾ വാങ്ങുവാനുമായി 385 കോടി രൂപ അനുവദിച്ചു. മലബാർ കാൻസർ സെന്ററിൽ ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 10 കോടി രൂപ ചെലവഴിച്ചു. ഇതുകൂടാതെ കിഫ്ബി പദ്ധതി വഴി മാസ്റ്റർ പ്ലാനിന്റെ ഭാഗമായിട്ടുള്ള പീഡിയാട്രിക് ഓങ്കോളജി വിഭാഗത്തിന്റെയും ലബോറട്ടറി വിഭാഗത്തിന്റെയും പണി പൂർത്തീകരിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചും എം.ആർ.ഐ. ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു. ഇത് കൂടാതെ കണ്ണൂർ പരിയാരത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS PLUS, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 1-4-2019 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങൾക്കും കൂടി വർഷംതോറും 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ഉറപ്പ് വരുത്തുന്നത്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ ട്രോമാകെയർ പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള

നടപടികൾ ഏർപ്പെടുത്തിവരുന്നു. സമഗ്ര ട്രോമാകെയർ സംവിധാനത്തിന്റെ ആദ്യപടിയായാണ് മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ വിഭാഗം സ്ഥാപിച്ചുവരുന്നത്. സംസ്ഥാനത്താകമാനം വാഹനാപകടത്തിൽ പ്പെടുന്നവരെ അടിയന്തരമായി ആശുപത്രികളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനായി 'കനിവ് 108' എന്ന പേരിലുള്ള സൗജന്യ ആംബുലൻസ് ശൃംഖലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളും പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ദ്ധരുമടങ്ങിയ 315 ആംബുലൻസുകളുടെ സേവനം ദേശീയ/സംസ്ഥാന ഹൈവേകളിലും അപകട സാധ്യത കൂടിയ ഉൾനാടൻ റോഡുകളിലും ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

ആരോഗ്യ മേഖലയിലെ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തി ക്കൊണ്ടാണ് ഇതിന് തുടക്കം കുറിച്ചത്. പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ് ലോൺ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് തുടങ്ങിയവ ഇതിനായി ഉപയോഗപ്പെടുത്തുന്നു. നാട്ടിലെ നല്ലവരായ ജനങ്ങളിൽ നിന്നുള്ള അകമഴിഞ്ഞ സഹായം ലഭിക്കുന്നുണ്ട്. ഇതൊരു ജനകീയ പ്രവർത്തനമായാണ് നടക്കുന്നത്. എം.എൽ.എ.മാരെല്ലാം അവരവരുടെ മണ്ഡലത്തിലെ പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ കക്ഷി രാഷ്ട്രീയത്തിനതീതമായി വലിയ പിന്തുണ നൽകിയിട്ടുണ്ട്. അവർ അതിന് നേതൃത്വപരമായ പങ്ക് വഹിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഇതിന്റെ വലിയ നടത്തിപ്പുകാർ. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിന് മുൻകയ്യെടുത്ത് പ്രവർത്തിച്ചതുകൊണ്ട് തന്നെയാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഒരു കൊല്ലംകൂടി കഴിയുമ്പോൾ കേരളത്തിലെ മുഴുവൻ പി.എച്ച്.സി.-കളെയും നമുക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിക്കും. അതിന്റെ തയ്യാറെടുപ്പിലാണ് ഇപ്പോൾ ഈ കാര്യങ്ങൾ നടക്കുന്നതെന്നുള്ളത് സൂചിപ്പിക്കുന്നു. ബ്ലോക്ക് തലത്തിലുള്ള സി.എച്ച്.സി.കൾ 76 എണ്ണം ഈ വർഷം രോഗീസൗഹൃദ സി.എച്ച്.സി.യാക്കി മാറ്റാൻ തെരഞ്ഞെടുത്തു. അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നു. ഓരോ സി.എച്ച്.സി.-യിലും രണ്ട് സ്റ്റാഫിനെ പുതുതായി കൊടുത്തിട്ടുണ്ട്. 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. താലൂക്ക് ആശുപത്രികളിൽ 28 എണ്ണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിന്റെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്ന പദ്ധതിയിൽ തെരഞ്ഞെടുത്ത് കഴിഞ്ഞു. അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് കൊടുത്തു. 4 സ്ഥലത്ത് കാത്ത് ലാബ് ഇൻസ്റ്റാൾ ചെയ്ത് ആൻജിയോഗ്രാമും

ആൻജിയോപ്ലാസ്റ്റിയും ചെയ്യാൻ തുടങ്ങി. ബാക്കിയുള്ളതിന്റെ ഇൻസ്റ്റലേഷൻ നടന്നുവരികയാണ്. അതുപോലെ Tribal Mental Health, Urban Mental Health, കോസ്റ്റൽ മെന്റൽ ഹെൽത്ത് എന്നീ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. അമ്മ മനസ് എന്ന പേരിൽ ഗർഭിണികൾക്കും പ്രസവിച്ച ഉടനെയുള്ള സ്ത്രീകൾക്കും മാനസികാസ്വാസ്ഥ്യം തടയാനുള്ള പുതിയൊരു സ്കീം നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ട്. നേരത്തേയുള്ള മെന്റൽ ഹെൽത്തിന്റെ ഭാഗമായി തന്നെയാണ് ഇത് ചെയ്യുന്നത്. പക്ഷേ കുറച്ചുകൂടി പ്രവർത്തനങ്ങൾ ചേർത്തുകൊണ്ട് നടത്തുന്നുണ്ട്. എൻ.സി.ഡി. കൺട്രോളിനാവശ്യമായ 'അമൃതം ആരോഗ്യം' പദ്ധതിയുടെ പ്രവർത്തനം വിപുലീകരിച്ചു. റോഡ് അപകടങ്ങളിൽപ്പെടുന്നവർക്കായി സമ്പൂർണ്ണ ട്രോമാകെയർ സിസ്റ്റം ആരംഭിച്ചിട്ടുണ്ട്. 315 ആംബുലൻസുകൾ വിന്യസിച്ച് കഴിഞ്ഞു. ഇങ്ങനെ വിവിധ മേഖലകളിൽ എൻ.സി.ഡി. കൺട്രോളിനും ഇൻഫെക്ഷൻ ഡിസീസ് കൺട്രോളിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുമുള്ള ഇടപെടൽ, ഇ-ഹെൽത്ത് പദ്ധതി അടക്കം ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് മൂന്നേകാൽ വർഷംകൊണ്ട് ഇന്ത്യയിലെ ഏറ്റവും മികച്ച ആരോഗ്യ സംരക്ഷണ സംസ്ഥാനമായി മാറിയെന്നുമാത്രമല്ല, ലോകത്തിലെ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന രീതിയിലേയ്ക്കുവരെ കേരളം മാറി. അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ആരോഗ്യ വകുപ്പുമന്ത്രിയേയും ഗവൺമെന്റിനേയും പ്രത്യേകമായി അഭിനന്ദിക്കുന്നു. ഇന്ന് സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനം നിരാലംബരും പ്രായാധിക്യവും രോഗവുംമൂലം നിസ്സഹായരായവരുടെ സംരക്ഷണമാണ്. എന്റെ മണ്ഡലത്തിൽ മാത്രം ഏകദേശം 2530-ഓളം നിരാലംബരായിട്ടുള്ള രോഗികളുണ്ട്. ഞാൻതന്നെ മുൻകയ്യെടുത്ത് ഒരു പാലിയേറ്റീവ് പ്രസ്ഥാനത്തിനുവേണ്ടിയുള്ള സംവിധാനങ്ങൾ അവിടെ ഒരുക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്തിൽ ഇവർക്കുവേണ്ടി സെക്കന്ററി പാലിയേറ്റീവ് നടത്തുന്നുണ്ട്. സർക്കാരിന്റെ സഹായം ഈ മേഖലയിൽ ഇപ്പോൾ നന്നായി ലഭിക്കുന്നുണ്ട്. നിരാലംബരെ പുനരധിവസിപ്പിക്കുന്ന കേന്ദ്രങ്ങളുടെ എണ്ണം ദിനംപ്രതി കൂടുകയാണ്. കേരളത്തിലെ മൊത്തത്തിലുള്ള കണക്കെടുത്താൽ 5 ലക്ഷത്തോളം ആളുകൾ ഇത്തരത്തിലുണ്ടെന്നാണ് മനസ്സിലാവുന്നത്. നമ്മുടെ ആയുർ ദൈർഘ്യത്തിൽ വന്ന മാറ്റം കൊണ്ടുകൂടിയാണ് ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളെ എങ്ങനെ നമുക്ക് ഏകീകരിച്ച് നടപ്പിലാക്കാൻ കഴിയും; ഗവൺമെന്റ് എങ്ങനെയാണ് ഇത് ഉദ്ദേശിക്കുന്നത്; ഇത്തരം സന്നദ്ധ പ്രവർത്തനം നടത്തുന്ന നൂറുകണക്കിന് സൊസൈറ്റികളെയും സ്ഥാപനങ്ങളെയും എങ്ങനെ പ്രത്യേകം സഹായിക്കാൻ കഴിയും; ഈ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാനുള്ള ഏതെങ്കിലും അവാർഡുകളോ പുരസ്കാരങ്ങളോ കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, പാലിയേറ്റീവ് കെയർ രംഗത്ത് ഗവൺമെന്റ് വലിയ ശ്രദ്ധയാണ് പതിപ്പിച്ചിട്ടുള്ളത്. സി.എച്ച്.സി.കളിൽ പാലിയേറ്റീവ് കെയർ ശക്തമാക്കുന്നതിനുവേണ്ടി സ്റ്റാഫ് നഴ്സിനെയും ഫിസിയോ തെറാപ്പിസ്റ്റിനെയും കൂടുതലായി നിയമിച്ചുകഴിഞ്ഞു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി രണ്ടുമൂന്നു തവണ വർക്ക്ഷോപ്പ് നടത്തി; പാലിയേറ്റീവ് കെയർ പോളിസി കാലഘട്ടത്തിനനുസരിച്ച് റിവൈസ് ചെയ്തിട്ടുണ്ട്. അതിന്റെ ഡ്രാഫ്റ്റ് ആയിട്ടുണ്ട്. ഉടൻതന്നെ അത് പബ്ലിഷ് ചെയ്യാനും നിയമസഭയിൽ സമർപ്പിക്കാനും സാധിക്കും. കാൻസർ കെയർ ഗ്രിഡ് ഉണ്ടാക്കിയതുപോലെ പാലിയേറ്റീവ് കെയർ ഗ്രിഡ് ഉണ്ടാക്കാനും ആഗ്രഹിക്കുന്നു. 'പാലിയം ഇന്ത്യ' പോലുള്ള സ്ഥാപനങ്ങളും ധാരാളം സന്നദ്ധ സംഘടനകളും ജില്ലകളിൽ പാലിയേറ്റീവ് കെയർ നടത്തുന്നുണ്ട്, അവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഒരു പാലിയേറ്റീവ് കെയർ ഗ്രിഡ് ഉണ്ടാക്കുന്നതിനാണ് ആലോചിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിൽ വലിയൊരു പാലിയേറ്റീവ് കെയർ പ്രസ്ഥാനം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എം.എൽ.എ.-മാർ നേതൃത്വം കൊടുത്തുകൊണ്ടുള്ള നിരവധി സംഘടനകൾ പലയിടത്തും പ്രവർത്തിക്കുന്നുണ്ട്. അവയെല്ലാം സംയോജിപ്പിച്ചുകൊണ്ട് ഒരു പാലിയേറ്റീവ് കെയർ ഗ്രിഡ് ഉണ്ടാക്കുന്നതിനുള്ള ആലോചന നടത്തിയിട്ടുണ്ട്, അതിനുള്ള രൂപരേഖ ആയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൂടി നിർദ്ദേശം അനുസരിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനരംഗം മെച്ചപ്പെടുത്തണമെന്ന് ആരോഗ്യവകുപ്പ് തീരുമാനിച്ചശേഷമാണ് ഇങ്ങനെയുള്ള കാര്യങ്ങൾ ചിന്തിച്ചത്. അതിന്റെ വിശദാംശങ്ങൾ പുതിയ പോളിസി അവതരിപ്പിക്കുന്നതോടുകൂടി, പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിക്കുന്നതോടുകൂടി കൂടുതൽ വ്യക്തതയോടെ ഈ സമൂഹത്തിന്റെ മുന്നിൽ ഉണ്ടാകും. അത്തരമൊരു ആലോചന ഗവൺമെന്റെടുത്തിട്ടുണ്ട്.

<u>ശ്രീ. സജി ചെറിയാൻ</u>: സർ, രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ രോഗം മുൻകൂട്ടി കണ്ടുപിടിച്ച് ചികിത്സിക്കുന്നതാണ് ഏറെ ഉത്തമം. ഇന്ന് സംസ്ഥാനത്ത് ഒട്ടേറെ സ്വകാര്യ ആശുപത്രികൾ സന്നദ്ധ സംഘടനകൾവഴി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. സർക്കാർ മേഖലയിൽ രോഗപ്രതിരോധത്തിനും രോഗം മുൻകൂട്ടി കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് രോഗം മുൻകൂട്ടി കണ്ടുപിടിച്ച് തുടർചികിത്സ നടത്താനുള്ള ഒരു സംവിധാനം ഇന്നില്ല. അതിനുതകുന്ന ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കേരളത്തിലെ മുഴുവൻ ആളുകളെയും സ്ക്രീൻ ചെയ്ത് ജീവിതശൈലീ രോഗങ്ങൾ പരിശോധിച്ച് രേഖപ്പെടുത്തണമെന്ന രീതിയിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമുണ്ടായിരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ അത് നടത്തുന്നുണ്ട്. ആർദ്രം മിഷന്റെ ഭാഗമായിട്ടും ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ 'അമൃതം ആരോഗ്യം' പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ പൗരന്മാരുടെയും ബ്ലഡ് ഷുഗർ പരിശോധിച്ച് ഡയബറ്റിക്കാണോയെന്നും ബ്ലഡ് പ്രഷർ, ഹൈപ്പർ ടെൻഷൻ ഇവ പരിശോധിക്കുന്നതിനുമുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഫാമിലി ഹെൽത്ത് സെന്ററായി മാറുന്നതോടെ പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും ജീവിതശൈലീ രോഗങ്ങളുടെ early detection സാധ്യമാകും. സന്നദ്ധ സംഘടനകളും സ്വകാര്യ ആശുപത്രികളും നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് ഒരു സമ്പൂർണ്ണ പരിശോധനയായി ഇതിനെ മാറ്റുന്നത്. അതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. ബാബു</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് ആന കയറിയ കരിമ്പിൻ തോട്ടംപോലെ ചവിട്ടി മെതിച്ച ആരോഗ്യ രംഗത്തെ, രാജ്യത്ത് ഒന്നാം സ്ഥാനത്തുകൊണ്ടെത്തിച്ച് നൂറ് കോടി രൂപയുടെ സമ്മാനം നേടിയ ആരോഗ്യ വകുപ്പിനെയും വകുപ്പുമന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്തെ കാൻസർ രോഗികളുടെ എണ്ണത്തിലും മരണ നിരക്കിലുമുള്ള വർദ്ധന ഏറെ ആശങ്കയുളവാക്കുന്നു. കാൻസർ രോഗത്തിനിടയാക്കുന്ന കാരണങ്ങൾ സംബന്ധിച്ച ബോധവത്കരണ പ്രവർത്തനങ്ങൾക്കും പ്രാഥമിക കേന്ദ്രങ്ങളിൽത്തന്നെ രോഗനിർണ്ണയത്തിനുള്ള സംവിധാനം ഒരുക്കുന്നതിനും രോഗികൾക്ക് എല്ലാ മേഖലയിലും മതിയായ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കാൻസർ ഭയാനകമായ ഒരു പ്രശ്നം തന്നെയാണ്. പ്രതിവർഷം 50,000 -ത്തോളം പുതിയ കാൻസർ രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്ന കണക്കാണ് നമ്മുടെ മുന്നിലുള്ളത്. ഇത് മനസ്സിലാക്കി കാൻസർ രോഗനിയന്ത്രണത്തിന് വലിയ പരിഗണനതന്നെ ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. Early detection നടത്തി ഒരു കാൻസർ രജിസ്ട്രിയുണ്ടാക്കുകയെന്നത് വളരെ പ്രധാനമാണ്. WHO-യും ലോകത്തിലെ പല ഭാഗങ്ങളിലെ കാൻസർ രോഗ വിദഗ്ദ്ധരും ഇവിടെയുള്ള വിദഗ്ദ്ധരും കൂടി വർക്ക്ഷോപ്പ് നടത്തിയശേഷമാണ് കാൻസർ സ്ട്രാറ്റജിക് ആക്ഷൻ

പ്ലാനിന് രൂപം കൊടുത്തിട്ടുള്ളത്. അതിന്റെ ഭാഗമായി കാൻസർ പോളിസി, ട്രീറ്റ്മെന്റ് പോളിസി ഗൈഡ്‌ലൈൻ എന്നിവ പ്രഖ്യാപിക്കാൻ സാധിച്ചിട്ടുണ്ടെന്നത് വലിയ നേട്ടമാണ്. നമ്മുടെ മൂന്ന് കാൻസർ സെന്ററുകളുടെ ആഭിമുഖ്യത്തിലാണ് ഈ പരിശോധനകൾ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. തെക്കൻ ജില്ലകളിൽ റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരത്തിന്റെ നേതൃത്വത്തിലും വടക്ക് ഭാഗത്ത് മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിലും മധ്യഭാഗത്ത് ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കൊച്ചിൻ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിലും കാൻസർ രജിസ്ട്രി തയ്യാറാക്കുന്ന പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന് കുടുംബാരോഗ്യ കേന്ദ്രങ്ങളിലടക്കം ക്യാമ്പുകൾ നടത്തിയും പരിശോധന നടത്തുന്നുണ്ട്. രണ്ടുതരത്തിലുള്ള രജിസ്ട്രിയും ആവശ്യമാണ്. ഇൻസ്റ്റിറ്റ്യൂഷൻ ബെയ്സിലുള്ള രജിസ്ട്രി ഇപ്പോൾത്തന്നെയുണ്ട്. പോപ്പുലേഷൻ ബെയ്സ്ഡ് രജിസ്ട്രിയാണ് ഇപ്പോൾ തയ്യാറാക്കുന്നത്. കാൻസർ ട്രീറ്റ്മെന്റ് ഊർജ്ജിതമാക്കുന്നതിനുവേണ്ടി എല്ലാ മെഡിക്കൽ കോളേജുകളെയും സ്ട്രെംഗ്തൻ ചെയ്തിട്ടുണ്ട്. ഓങ്കോളജി വിഭാഗത്തിൽ 105 തസ്തികകളാണ് സൃഷ്ടിച്ചത്. സർജിക്കൽ ഓങ്കോളജി, ഓങ്കോപാത്തോളജി ഇവയിലെല്ലാം തന്നെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പ്രധാനപ്പെട്ട അഞ്ച് മെഡിക്കൽ കോളേജുകളിൽ കാൻസർ സെന്ററുകൾ ആരംഭിച്ചു കഴിഞ്ഞു. അതിന് 105 തസ്തികകൾ ഗവൺമെന്റ് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. മരണനിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയുള്ള എല്ലാ പരിശ്രമവും ഇപ്പോൾ നടത്തുന്നുണ്ട്. സ്വകാര്യ ആശുപത്രികളോടും പ്രോട്ടോക്കോൾ അനുസരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളെയും ഉൾപ്പെടുത്തിയാണ് കാൻസർ കെയർ ഗ്രിഡ് ഉണ്ടാക്കിയിരിക്കുന്നത്. കാൻസർ ചികിത്സയ്ക്കുള്ള ഉപകരണങ്ങളും വാങ്ങി നൽകിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ early detection-ന്റെ കാര്യത്തിലും ചികിത്സയുടെ കാര്യത്തിലും വലിയ പ്രവർത്തനമാണ് നടത്തുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലും ആരോഗ്യ മേഖലയിൽ വലിയ മാറ്റമാണ് വന്നിട്ടുള്ളത്. മാനന്തവാടി ജില്ലാശുപത്രിയിൽ കാത്ത്‌ലാബ് സംവിധാനത്തിനുള്ള നടപടിക്രമം ആരംഭിച്ചു. മാനന്തവാടി നല്ലൂർനാട് ഈ ഗവൺമെന്റ് വന്നശേഷം പുതിയ ഒരു കാൻസർ സെന്റർ ആരംഭിച്ചിട്ടുണ്ട്. അയ്യായിരത്തോളം രോഗികളാണ് ഇപ്പോൾ അവിടെ വന്നുപോകുന്നത്. ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന കാര്യം, കാൻസർ സെന്റർ ആരംഭിച്ചെങ്കിലും ലാബ് സൗകര്യം അവിടെയില്ലാത്തതു കൊണ്ട് ദൂരെയുള്ള ജില്ലാശുപത്രിയിൽ രോഗികൾ പോകേണ്ട അവസ്ഥയാണുള്ളത്.

കാൻസർ ആശുപത്രിയിൽ ലാബ് ഉൾപ്പെടെ ആരംഭിക്കാനുള്ള നടപടി വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകണം. ഇപ്പോൾ കാത്ത് ലാബിന്റെയും വയനാട് ജില്ലയിലെ മെഡിക്കൽ കോളേജിന്റെയും പ്രവൃത്തി ആരംഭിച്ചിരിക്കുകയാണ്. അത് വേഗത്തിലാക്കാനുള്ള നടപടി ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമെന്റ് വയനാട് ജില്ലയിലെ നല്ലൂർനാട് കാൻസർ സെന്റർ വളരെയേറെ മെച്ചപ്പെടുത്തുകയും നല്ല ഒരു കാൻസർ സെന്ററായി പ്രവർത്തിപ്പിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. ലാബിന്റെ ആവശ്യം അവിടെയുണ്ട്. അത് സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. ഭാവിയിൽ അത് പരിഗണിക്കാമെന്നുതന്നെയാണ് പറയാനുള്ളത്. അതുപോലെതന്നെ മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും ഊർജ്ജിതമാക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. കാത്ത് ലാബ് ഇൻസ്റ്റാൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ആരോഗ്യ മേഖല ശക്തി പ്രാപിച്ച് ജനോപകാരപ്രദമാക്കി മാറ്റിയതിന്റെ പേരിൽ ഇന്ത്യാ ഗവൺമെന്റും ഇന്ത്യക്ക് പുറത്തുള്ള ആളുകളും അഭിനന്ദിക്കുന്നുവെന്നത് ഒരു പ്രധാനപ്പെട്ട കാര്യം തന്നെയാണ്. അത് ആരും നിഷേധിച്ചിട്ട് കാര്യവുമില്ല. അത് കേരളം ഭരിക്കുന്ന കക്ഷിക്ക് മാത്രമല്ല പ്രതിപക്ഷത്തിനുംകൂടി അംഗീകരിക്കാനും അഭിനന്ദിക്കാനുമുള്ള കാര്യമാണ്. എന്റെ മണ്ഡലത്തിൽ, മലയോരത്തുള്ള ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഈ ഗവൺമെന്റ് ഉയർത്തി എന്നത് പ്രധാനപ്പെട്ട കാര്യമാണ്. മലയോര മേഖല കഷ്ടപ്പെടുകയാണ്. മലയോര മേഖലയിലെ ആശുപത്രികളിൽ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്ന കാര്യത്തിൽ മുൻഗണന നൽകണം. സി.എച്ച്.സി. ആശുപത്രികൾ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയപ്പോൾ കാസർഗോഡ് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ആശുപത്രികളെല്ലാം നല്ല നിലയിൽ പ്രവർത്തിച്ച്, അവാർഡ് വാങ്ങിയതിലുൾപ്പെടുമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇവിടെ വിശദീകരിച്ചു. ഇനിയും കാസർഗോഡിന്, പ്രത്യേകിച്ച് ഉദുമ മണ്ഡലത്തിന് മുൻഗണന നൽകുമോ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കാസർഗോഡിനും വയനാടിനും പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. കൂടുതൽ പരിഗണന ലഭിക്കേണ്ട ജില്ലകളാണ് അവ എന്ന കാര്യത്തിൽ സംശയമില്ല. താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ്. പോസ്റ്റ് ക്രിയേഷനിൽ കൂടുതൽ പരിഗണന നൽകി കാസർഗോഡ് ജില്ലാശുപത്രിയിലും ജനറൽ

ആശുപത്രിയിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. അവിടെ നിയമിക്കപ്പെടുന്ന ആളുകൾ ലീവെടുത്ത് പോകുന്ന പ്രവണത ഇപ്പോൾ കുറഞ്ഞുതുടങ്ങിയിട്ടുണ്ട്. അവിടെ നിയമനം ലഭിക്കുന്നവർ ഇപ്പോൾ അവിടെത്തന്നെ ജോലി നോക്കുന്നുണ്ട്. അത് കൂടുതൽ ഊർജ്ജിതപ്പെടുത്തണം. കാസർഗോഡ്, വയനാട് ജില്ലകളിൽ സ്ഥിരമായി ജോലി ചെയ്യുന്ന സംവിധാനമുണ്ടാക്കാൻ ഈ സർക്കാർ മുൻഗണനയോടുകൂടി പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ഫാമിലി ഹെൽത്ത് സെന്ററിനും തുടക്കത്തിൽത്തന്നെ നല്ല പരിഗണന കൊടുത്തിട്ടുണ്ട്. കാസർഗോഡിന്റെ കടലോര മേഖലയ്ക്കും മലയോര മേഖലയ്ക്കും പ്രത്യേക പരിഗണന കൊടുത്തിട്ടുണ്ട്, ഇനി വരുന്ന ഘട്ടത്തിലും കൂടുതൽ ശ്രദ്ധിക്കാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, കേരള മോഡൽ എന്ന് നമ്മൾ അഭിമാനിക്കുന്ന നേട്ടങ്ങളിൽ മുഖ്യമായത് കാലാകാലങ്ങളിൽ മാറി മാറി വന്ന ഗവൺമെന്റുകൾ ആരോഗ്യ മേഖലയിൽ നടത്തിയ ഇടപെടലുകളാണ്. ഇന്ന് പാവപ്പെട്ട മനുഷ്യർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ചികിത്സാ രംഗത്തെ ഭീമമായ ചെലവുകളാണ്. കാരുണ്യ പദ്ധതി നിലവിലുണ്ടോ ഇല്ലയോ എന്നുള്ളത് ഇന്നും സംശയമാണ്. പാവപ്പെട്ടവർക്ക് ആശ്വാസം പകർന്നു നൽകിയിരുന്ന ആ പദ്ധതിക്കുപകരം വേറെ പദ്ധതി ആവിഷ്കരിക്കുമെന്ന് പറഞ്ഞിരുന്നു. എന്താണ് കാരുണ്യ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി; പുതിയ പദ്ധതികളെന്തെങ്കിലും കൊണ്ടുവന്നിട്ടുണ്ടോ; ഈ രംഗത്തെ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നിലവിൽ വന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ആയുഷ്മാൻ പദ്ധതിയുടെ ഭാഗമായിത്തന്നെയാണ് അത് കൊണ്ടുവരേണ്ടത്. പുതിയ പദ്ധതി വരുന്നതിനുമുമ്പേ ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ്, എസ്ചിസ് എന്നീ നാല് പദ്ധതികളിലൂടെയാണ് കാലാകാലങ്ങളായി ചികിത്സാനുകൂല്യങ്ങൾ നൽകിക്കൊണ്ടിരുന്നത്. ഇതെല്ലാംകൂടി ലയിപ്പിച്ച് ആയുഷ്മാൻ പദ്ധതി തുടങ്ങണമെന്നാണ് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടത്. എന്നാൽ ആയുഷ്മാൻ പദ്ധതിയിൽ ഓഫ് ഹാന്റായി ഒപ്പുവയ്ക്കാൻ നമുക്ക് സാധിക്കുമായിരുന്നില്ല. കാരണം, ഈ നാല് പദ്ധതികളിലൂടെ ഏകദേശം 40 ലക്ഷത്തിലേറെ കുടുംബങ്ങൾക്കാണ് ചികിത്സാനുകൂല്യം കൊടുത്തുകൊണ്ടിരുന്നത്. ആർ.എസ്.ബി.വൈ. പദ്ധതിയുടെ വിഹിതമാണ് കേന്ദ്ര ഗവൺമെന്റ് തരുന്നത്. ആയുഷ്മാൻ പദ്ധതിയിൽ ഇത് പൂർണ്ണമായും ലയിപ്പിച്ചുകഴിഞ്ഞാൽ, 18 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുകയുള്ളൂ.

അതുകൊണ്ടുതന്നെ കേരളം അതിൽ ഒപ്പുവയ്ക്കാൻ കുറച്ച് താമസിച്ചു. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് നിരവധി തവണ ആവശ്യപ്പെട്ടു. നമ്മുടെ ഈ ആശങ്ക കേന്ദ്രഗവൺമെന്റിന് മുമ്പാകെ അവതരിപ്പിച്ചു. ഈ പദ്ധതികൾ നിലനിർത്തിക്കൊണ്ട് നിങ്ങൾക്കിതിൽ ചേരാവുന്നതാണെന്ന പെർമിഷൻ കിട്ടിയപ്പോൾ നമ്മൾ അതിൽ ചേർന്നു. അതിൽ ചേർന്നില്ലെങ്കിൽ ആർ.എസ്.ബി.വൈ.-യുടെ വിഹിതം, ഒരു വർഷം 102 കോടി രൂപ നഷ്ടമാകും. അത് നഷ്ടപ്പെടുത്തിയാൽ പിന്നെ ആ ചെലവുകൂടി സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആരംഭിച്ചു. ഒരുപാട് തെറ്റിദ്ധാരണകൾ ഇക്കാര്യത്തിലുണ്ട്. കാരുണ്യ സുരക്ഷാ പദ്ധതിയിൽ 2 ലക്ഷം മുതൽ 5 ലക്ഷം വരെയുള്ള പാവപ്പെട്ട കുടുംബങ്ങൾക്കാണ് അനുകൂല്യം കിട്ടുന്നത്. ആർ.എസ്.ബി.വൈ.-യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചിസിലും എസ് ചിസിലും ഉൾപ്പെട്ടിട്ടുള്ള എല്ലാ കുടുംബങ്ങളെയും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ചേർത്തു. കാരുണ്യ ഫണ്ട് തന്നെയാണ് ഇതിനും ഉപയോഗപ്പെടുത്തുന്നത്. അതിന്റെ കൂടെ പുറമെയുള്ള ഫണ്ടും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. 3 ലക്ഷത്തിൽ താഴെ വരുമാനമുള്ള കുടുംബങ്ങൾ ആർ.എസ്.ബി.വൈ. കാർഡിലില്ലാത്തതുകൊണ്ട് അവർക്ക് KASP കാർഡ് കിട്ടുന്നില്ല. എന്നാൽ പഴയ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ആ കുടുംബങ്ങൾക്ക് ആനുകൂല്യം കിട്ടുമായിരുന്നു. അപ്പോൾ അത്തരം കുടുംബങ്ങളെന്തുചെയ്യും? ഉടൻ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇടപെട്ടു. ഇതിൽ ഉൾപ്പെടാത്ത ബാക്കി കുടുംബങ്ങൾക്ക് ഈ മാർച്ച് 31 വരെ നേരത്തെ കാരുണ്യയിൽ നിന്ന് എങ്ങനെ ആനുകൂല്യം ലഭിച്ചുവോ അതേപോലെ ആനുകൂല്യം കൊടുക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. .... (ബഹളം)...... വെറുതെ കിട്ടുന്നില്ല എന്ന് പറഞ്ഞിട്ട് കാര്യമില്ലല്ലോ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിക്കുശേഷം നിങ്ങൾക്ക് ഉപചോദ്യം ചോദിക്കാം.....(ബഹളം).......

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാരോട് ഞാൻ പറയുന്നു. ഏതെങ്കിലും ഒരു കേസിൽ 3 ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒരാൾക്ക് കാരുണ്യയുടെ ആനുകൂല്യം കിട്ടിയിട്ടില്ലെന്ന് പരാതിയുണ്ടെങ്കിൽ ഡീറ്റെയിൽസ് തന്നാൽ മതി. ആനുകൂല്യം നൽകിയിരിക്കും, ഒരു സംശയവുമില്ല......(ബഹളം)......

മി. സ്പീക്കർ: ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ എഴുതിക്കൊടുക്കണ മെന്നാണ് പറഞ്ഞത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എനിക്ക് ഒരു പരാതിയും ലഭിച്ചിട്ടില്ല. വെറുതെ പറയുകയാണ്. ചിലർ സംശയമുന്നയിച്ച് എന്റെയടുത്ത് വന്നിരുന്നു. ആ സംശയമെല്ലാം തീർത്തിട്ടുണ്ട്. ഇവരുടെ ആരുടെയെങ്കിലും കയ്യിൽ ഒരാളുടെ പരാതിയുണ്ടെങ്കിൽ, മൂന്ന് ലക്ഷത്തിൽ താഴെ വരുമാനമുള്ള കുടുംബത്തിന് കാരുണ്യയുടെ ആനുകൂല്യം കൊടുത്തിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇതിന് ഒരു ഏകീകൃത നിരക്ക് കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഇടപെടണം. ഒരു കോടി, 80 ലക്ഷം എന്നിങ്ങനെ വിവിധ നിരക്കുകളിലാണ് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് നടത്തുന്ന ആളുകൾക്ക് തുടർ ചികിത്സ ആവശ്യമായി വരുന്നുണ്ട്. പലപ്പോഴും അവർക്ക് താങ്ങാൻ പറ്റുന്നതിനേക്കാൾ അപ്പുറത്താണത്. ബഹുജനങ്ങളും പൊതുപ്രവർത്തകരുമായ ആളുകളാണ് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് മുൻകയ്യെടുത്ത് പ്രവർത്തിക്കുന്നത്. ഗവൺമെന്റിന്റെ സഹായവും ഇതിലുണ്ടാകുന്നുണ്ട്. പത്ത് വർഷത്തെ ലൈഫാണ് ഇവർക്ക് വാറന്റി കൊടുക്കുന്നത്. അതിനപ്പുറത്തേയ്ക്ക് ഇവർക്ക് ഇതിനെ കൊണ്ടുപോകാനും കഴിയുന്നില്ല. നാല് തലമുറവരെ കടത്തിലായി പോകുന്ന ഒരു സാഹചര്യമുണ്ടാകുന്നുണ്ട്. ഈ വിഷയത്തിൽ ഗവൺമെന്റ് ഇടപെടുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ ഗവൺമെന്റ് പ്രത്യേകമായി ഇടപെട്ടിട്ടുണ്ട്. ഇനി തുടർ നടപടികളുമുണ്ടാകും. നമ്മുടെ മെഡിക്കൽ കോളേജുകളിൽ പൂർണ്ണമായും എല്ലാ അവയവമാറ്റ സൗകര്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ അത് കുറേക്കൂടി സ്ട്രെംഗ്തൻ ചെയ്തിട്ടുണ്ട്. ഇനി ലിവർ ട്രാൻസ്പ്ലാന്റിന്റെ കാര്യം മാത്രമാണുള്ളത്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ തന്നെ അതും ഗവൺമെന്റ് സെക്ടറിൽ ആരംഭിക്കും. വളരെയധികം കേസ്സുകൾ വരുന്നുണ്ട്. ആരംഭിച്ചുകഴിഞ്ഞാലും ഒരു ഹോസ്പിറ്റലിന് ഒരു ദിവസം ചെയ്യാവുന്നതിന് ഒരു പരിധിയുണ്ട്. അപ്പോൾ ഏറ്റവും നന്നായി ചെയ്യുന്ന സ്വകാര്യ ഹോസ്പിറ്റലുകളെക്കൂടി ആളുകൾ ഇതിനായി ആശ്രയിക്കുന്നു. ഇങ്ങനെ വരുമ്പോൾ ചില സ്വകാര്യ ആശുപത്രികൾ വ്യത്യസ്ത ഫീസ് ഈടാക്കുന്നുണ്ട്. അവിടത്തെ ഫീസ് നിശ്ചയിക്കാൻ നമുക്ക് അധികാരമില്ല. നിയമപരമായ കാര്യങ്ങളേ നമുക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്രയും ഫീസേ വാങ്ങാവൂ എന്ന് നിർദ്ദേശിക്കാനും സാധ്യമല്ല. ഹോസ്പിറ്റലിന്റെ മറ്റ് ചെലവുകളെല്ലാം കണക്കാക്കിയാണ് അവർ റേറ്റ് നിശ്ചയിക്കുക. നമ്മൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് കൊണ്ടുവന്നു. ഇപ്പോൾ രജിസ്ട്രേഷൻ

നടന്നുകൊണ്ടിരിക്കുകയാണ്. ആ രജിസ്ട്രേഷനിൽ ഇതിന്റെ പാക്കേജ് റേറ്റ് പ്രസിദ്ധപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. അങ്ങനെ പ്രസിദ്ധപ്പെടുത്തുമ്പോൾ വ്യത്യസ്ത നിരക്ക് ഈടാക്കാൻ പറ്റില്ല. ഏറ്റവും കൂടുതൽ നിരക്ക് ഈടാക്കുന്നവരുടെ അടുത്ത് ആളുകൾ പോകില്ല. സ്വാഭാവികമായും ആ രീതിയിൽ നിരക്കിൽ ഗുണകരമായിട്ടുള്ള മാറ്റമുണ്ടാകും. ആരോഗ്യ വകുപ്പിന്റെ സാധ്യതയുടെ പരിധിവച്ചുകൊണ്ട് തുടർ ചികിത്സയ്ക്കാവശ്യമായ സഹായം ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നുണ്ട്. അത് വീണ്ടും തുടരും.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, മലപ്പുറം ജില്ലയിൽ പല പ്രൈമറി ഹെൽത്ത് സെന്ററുകളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യത്തിന് സ്റ്റാഫില്ലാത്തത് അതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനുള്ള എന്തെങ്കിലും നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ ഗവൺമെന്റ് വരുമ്പോൾ 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് കേരളത്തിന്റെ ആരോഗ്യ മേഖലയിലുണ്ടായിരുന്നത്. തുടർച്ചയായിട്ടുള്ള ഗവൺമെന്റുകളുടെ പ്രവർത്തനത്തിന്റെ ഫലമായി തന്നെയാണ് ആ നേട്ടമുണ്ടാക്കിയത്. അതിലൊന്നും സംശയമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യമേഖലയിൽ 5200 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സർവ്വകാല റെക്കോർഡാണത്. പി.എച്ച്.സി.-കൾക്ക് മാത്രമായി 830 തസ്തികകൾ ആദ്യത്തെ തവണയും 1000 തസ്തികകൾ രണ്ടാമത്തെ തവണയും സൃഷ്ടിച്ചു. അങ്ങനെയാണ് ഫാമിലി ഹെൽത്ത് സെന്ററായി മാറുന്ന സ്ഥലങ്ങളിൽ ഒരു ഡോക്ടർക്ക് പകരം മൂന്ന് ഡോക്ടർമാർ എന്ന സ്ഥിതി വന്നത്. അഞ്ച് തസ്തികകൾ പി.എച്ച്.സി.-കൾക്ക് കൊടുത്തതിന് ശേഷമാണ് അതിനെ കുടുംബാരോഗ്യ കേന്ദ്രമായി പ്രഖ്യാപിച്ച് ഉദ്ഘാടനം ചെയ്യുന്നത്. അത്രയുമിടങ്ങളിൽ പുതിയ തസ്തികകൾ വന്നിട്ടുണ്ട്. ബാക്കിയുള്ള പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രമായി മാറുമ്പോൾ ഈ തസ്തികകൾ അവിടെയും വരും. സർക്കാരിന്റെ കഴിവിന്റെ പരമാവധി തസ്തികകൾ സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഒ. രാജഗോപാൽ: സർ, നേമം നിയോജകമണ്ഡലത്തിൽ താലൂക്ക് ആരോഗ്യകേന്ദ്രമുണ്ട്. അവിടെ സ്പെഷ്യലിസ്റ്റായിട്ടുള്ള ആൾക്കാരെ വയ്ക്കണമെന്നതാണ് നിയമമെങ്കിലും അങ്ങനെയുള്ളവരെ നിയമിക്കുന്നില്ല. ഈ പരാതി പല പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവിടം സന്ദർശിക്കാൻ ക്ഷണിക്കുകയും ചെയ്തു. നേരിട്ടുവന്ന് കണ്ട് ബോദ്ധ്യപ്പെട്ട് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നേമം നിയോജകമണ്ഡലത്തിൽ കുറേ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ചില തസ്തികകളും നൽകിയിട്ടുണ്ട്. പക്ഷേ ഒരു പ്രത്യേക നോട്ടീസില്ലാത്തതുകൊണ്ട് നേമത്തിന്റെ കാര്യം ഇപ്പോൾ എനിക്ക് ഓർമ്മയില്ല, അത് പിന്നീട് പറയാം. എങ്കിലും ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം അംഗീകരിക്കുന്നു. അവിടം സന്ദർശിക്കാം. അവിടെ ബാക്കി എന്തൊക്കെയാണ് ചെയ്യാൻ കഴിയുക എന്നുള്ളത് പരിശോധിക്കാം.

ശ്രീ. രാജു എബ്രഹാം: സർ, ആരോഗ്യ രംഗത്ത് കേരളം വീണ്ടും നമ്പർ വൺ ആകുകയാണ്. ആരോഗ്യരംഗം അതിന്റെ എല്ലാ തെളിമയോടുംകൂടി മുന്നോട്ടു പോകുകയാണ്. 108 ആംബുലൻസിന്റെ സേവനം എല്ലാ താലൂക്കുകളിലേയ്ക്കും നടപ്പിലാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ പ്രധാനപ്പെട്ട മലയോര പഞ്ചായത്തുകളിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കും?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളം പ്രഖ്യാപിച്ചിട്ടുള്ള ഏറ്റവും അഭിമാനകരമായ പദ്ധതിയാണ് സമ്പൂർണ്ണ ട്രോമാകെയർ പദ്ധതി. അതിന്റെ ഭാഗമായി 315 ബി.എൽ.എസ്. (ബേസിക് ലൈഫ് സപ്പോർട്ട്) ഉള്ള ആംബുലൻസുകളാണ് ഇപ്പോൾ വിന്യസിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പദ്ധതി ലോഞ്ച് ചെയ്തു. ഹൈവേയിൽ അപകടസാദ്ധ്യത ഏറ്റവും കൂടുതലുള്ള പ്രധാനപ്പെട്ട 315 സ്പോട്ടുകൾ കണ്ടെത്തുകയും അവിടെ ആംബുലൻസുകൾ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. 30 കിലോമീറ്റർ ഇടവിട്ട് ആംബുലൻസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഓരോ 30 കിലോമീറ്ററിലും രണ്ട് മിനിട്ടുകൊണ്ട് ഓടിയെത്താവുന്ന ദൂരത്താണ് ആക്സിഡന്റെങ്കിൽ രണ്ട് മിനിട്ട് കൊണ്ടെത്തും. എത്ര ദൂരെയായാലും ഏറ്റവും ചുരുങ്ങിയത് 15-20 മിനിട്ടിനുള്ളിൽ ഓടിയെത്താൻ പാകത്തിനാണ് ഈ ആംബുലൻസുകൾ വിന്യസിച്ചിട്ടുള്ളത്. ആംബുലൻസിന്റെ പൈലറ്റിനും എമർജൻസി മെഡിക്കൽ ടെക്നീഷ്യനും നല്ല പരിശീലനം കൊടുത്താണ് നിയമിച്ചിട്ടുള്ളത്. 'കനിവ് 108' ആംബുലൻസ് പദ്ധതി ആദ്യമായിട്ടാണ് നടപ്പാക്കുന്നത്. ഈ പ്രവർത്തനത്തിന്റെ എക്സ്പീരിയൻസിൽ നിന്ന് കൂടുതൽ മേഖലകളിലേയ്ക്ക് ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ അത് മനസ്സിലാക്കിയതിനുശേഷം ചെയ്യാൻ നമുക്ക് സാധിക്കും.

ശ്രീ. വി. ഡി. സതീശൻ: സർ, ആരോഗ്യ മേഖലയിലെ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിലാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും ആരോഗ്യ മേഖലയെയും ഒന്നാം സ്ഥാനത്ത് എത്തിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ

അംഗീകാരം ലഭിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ സൂചിപ്പിച്ചു. നീതി ആയോഗിന്റെ റിപ്പോർട്ടിൽ 2018-ലെ ഹെൽത്ത് ഇൻഡക്സിന്റെ അടിസ്ഥാനത്തിലാണ് ഇത് തീരുമാനിച്ചിരിക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. 2018-ലെ ഹെൽത്ത് ഇൻഡക്സ് കണക്കാക്കിയതിന്റെ ബേസ് ഇയർ 2014-15-ഉം റഫറൻസ് ഇയർ 2015-16-ഉം ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2014-15-ന്റെയും 2015-16-ന്റെയും ഹെൽത്ത് ഇൻഡക്സിന്റെ അടിസ്ഥാനത്തിലാണോ ഇപ്പോഴുള്ള അംഗീകാരം ലഭിച്ചിരിക്കുന്നത്; ഇതൊരു തുടർച്ചയാണെന്നുള്ള കാര്യം അംഗീകരിക്കുന്നു. പക്ഷെ, അതുകൂടി കണക്കിലെടുത്തിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പലപ്പോഴും തെറ്റിദ്ധാരണയുണ്ടാകുന്ന രീതിയിലാണ് പറയുന്നത്. ഒരു കാര്യം അദ്ദേഹം പറഞ്ഞതിൽ വസ്തുതയുണ്ട്. അദ്ദേഹം എത്ര സമർത്ഥമായിട്ടാണ് പറഞ്ഞത്. ആ സാമർത്ഥ്യത്തെ ഞാൻ അംഗീകരിക്കുന്നു. കാരണം, 2017-ലെ നീതി ആയോഗിന്റെ റിപ്പോർട്ടുണ്ടായിരുന്നു. അതിൽ 2014 ആണ് ഇൻഡക്സ് ഇയറായി എടുത്തിരുന്നത്. അതിൽ 2017 വരെയുള്ള വർക്കാണ് കണക്കാക്കിയത്. ഞാൻ ഇവിടെ സൂചിപ്പിച്ചത് 2017-ലും 2018-ലും വന്ന റിപ്പോർട്ടാണ്. അത് ഹെൽത്ത് ഇൻഡക്സല്ല. അതിൽ ഏഴ് മാനദണ്ഡങ്ങളെടുത്തിരുന്നു. ആ റിപ്പോർട്ടിൽ 2016-17, 2017-18 എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ കൈവശം ഇതുമായി ബന്ധപ്പെട്ട രേഖകളില്ലെങ്കിൽ ഞാൻ വായിക്കാനായി എടുത്തുതരാം. ഇത് വ്യത്യസ്ത റിപ്പോർട്ടാണ്. അതുകൊണ്ട് പഴയതുതന്നെ പറഞ്ഞു കൊണ്ടിരിക്കേണ്ട കാര്യമില്ല. ഇതൊരു തുടർച്ചയായ നടപടിക്രമമാണ്. കേരളം ആരോഗ്യ മേഖലയിലെ പല സൂചികകളിലും ഒന്നാമതാണ്. ഈ ഗവൺമെന്റ് വരുമ്പോൾ ശിശുമരണ നിരക്ക് 12 ആയിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള മൂന്ന് വർഷത്തെ പ്രവർത്തനത്തിനിടയിൽ അത് 8 ആയി കുറഞ്ഞു എന്നുള്ളത് എല്ലാ റിപ്പോർട്ടുകളിലും പറഞ്ഞിട്ടുണ്ട്. മാതൃ മരണനിരക്ക് ഈ ഗവൺമെന്റ് വരുമ്പോൾ 67 ആയിരുന്നു. അത് ഇന്ത്യയിലെ ഏറ്റവും നല്ല നിരക്കാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രത്യേക എക്സ്പെർട്ടുകൾ അടങ്ങുന്ന സംഘത്തെ നിശ്ചയിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി മാതൃമരണനിരക്ക് 67-ൽ നിന്നും 46 ആയി കുറഞ്ഞിരിക്കുന്നു. അതിന് പ്രത്യേക അവാർഡ് തന്നെ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചു. ഈ ഗവൺമെന്റിന്റെ മിഷന്റെ ഭാഗമായാണ് ദ്രുതഗതിയിൽ ഇത്തരം മാറ്റമുണ്ടാകുന്നതെന്നാണ് സൂചിപ്പിച്ചത്. ഇതിന്റെയെല്ലാം ക്രെഡിറ്റ് ഞങ്ങൾക്ക് മാത്രമാണെന്ന് പറയാനുള്ള യാതൊരു ആഗ്രഹവും ഞങ്ങൾക്കില്ല.

## ആർ.സി.ഇ.പി. കരാർ

2(*2) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എസ്. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സർക്കാർ അനുവർത്തിക്കുന്ന ഉദാരവൽക്കരണ നടപടികളുടെ ഭാഗമായി ആസിയാൻ ഉൾപ്പെടെയുള്ള വാണിജ്യ കരാറുകൾ ദീർഘകാല വിളകളായ തോട്ടവിളകളുടെ വിലയിടിവിനും കാർഷിക പ്രതിസന്ധിക്കും ഇടയാക്കിയത് പരിഹരിക്കാൻ കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള പാക്കേജുകളോ സഹായമോ സംസ്ഥാന കാർഷിക മേഖലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആസിയാൻ രാജ്യങ്ങൾക്ക് പുറമെ വ്യാവസായികമായി പുരോഗതി നേടിയിട്ടുള്ള ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ ഉൾപ്പെടെയുള്ള പതിനഞ്ച് രാജ്യങ്ങളുമായി ഇന്ത്യ പ്രാദേശിക സമഗ്ര സാമ്പത്തിക പങ്കാളിത്ത (ആർ.സി.ഇ.പി.) കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച ചർച്ച സംസ്ഥാനത്തെ കർഷകരെയും ക്ഷീര കർഷകരെയും ആശങ്കയിലാഴ്ത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃഷിക്കും ക്ഷീരോല്പാദനത്തിനും സർക്കാർതലത്തിൽ സാമ്പത്തിക പ്രോത്സാഹനം നൽകുന്ന ഈ രാജ്യങ്ങളിൽനിന്നും തീരുവരഹിതമായി കാർഷിക, ക്ഷീര ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഏല്പിക്കാനിടയുള്ള ആഘാതം കണക്കിലെടുത്ത് ആർ.സി.ഇ.പി. കരാറിൽ ഏർപ്പെടാനുള്ള നീക്കത്തിൽനിന്ന് പിന്തിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) 2016-ൽ തന്നെ ആർ.സി.ഇ.പി. കരാർ സംബന്ധിച്ച ആശങ്കകൾ ഈ മന്ത്രിസഭ ചർച്ച ചെയ്യുകയും കരാർ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും

ചെയ്തിരുന്നു. കൂടാതെ, കാർഷിക, കാർഷിക അനുബന്ധം, ക്ഷീരം, വ്യവസായ, മത്സ്യബന്ധനം, ചെറുകിട വ്യവസായം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സ്വതന്ത്ര വ്യാപാരകരാർ ദോഷകരമായി ബാധിക്കുമെന്നതിനാൽ അപ്രകാരമുള്ള കരാറിൽ ഏർപ്പെടുന്നതിന് മുൻപ് സംസ്ഥാനങ്ങളുടെ ആശങ്കകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ നേരിട്ടും അല്ലാതെയും കേന്ദ്ര സർക്കാരിന് നൽകിയിരുന്നു. എന്നാൽ ഇതുസംബന്ധിച്ച ചർച്ചകളൊന്നുംതന്നെ നടത്താൻ കേന്ദ്ര സർക്കാർ നാളിതുവരെ തയ്യാറായിട്ടില്ല.

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം, ചെറുകിട വ്യവസായം തുടങ്ങിയ മേഖലകളിലെ വിദഗ്ദ്ധർ, കർഷകർ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ചെറുകിട വ്യവസായികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ആർ.സി.ഇ.പി. കരാറിനെതിരെ 28-10-2019-ന് തിരുവനന്തപുരത്ത് ഒരു കൺവെൻഷൻ സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, പ്രളയം തകർത്ത കേരളത്തിന്റെ പുനർനിർമ്മാണത്തിനായി കേരള സമൂഹത്തെ ഒന്നിപ്പിച്ചു നിർത്തിയതുപോലെ കാർഷിക മേഖലയെ തകർക്കുന്ന ആർ.സി.ഇ.പി. കരാറിനെതിരെ പ്രതിരോധം ഉയർത്തുന്നതിനുവേണ്ടി സംസ്ഥാനതല കർഷക കൺവെൻഷൻ വിളിച്ചുചേർത്ത ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന സർക്കാരിന് ഒരായിരം അഭിവാദ്യങ്ങൾ നേരുകയാണ്. വേണ്ടത്ര തയ്യാറെടുപ്പുകളോ ചർച്ചകളോ കൂടാതെയാണ് ഇന്നുവരെ ഭരിച്ചിരുന്ന കേന്ദ്ര ഭരണാധികാരികളൊക്കെ എല്ലാ അന്താരാഷ്ട്ര കരാറുകളിലും ഏർപ്പെട്ടിട്ടുള്ളത്. ജനഹിതം പരിശോധിക്കാതെയാണ് ഈ കരാറുകളിൽ ഏർപ്പെടുന്നത്. ആർ.സി.ഇ.പി. കരാർ 16 രാഷ്ട്രങ്ങളുമായി ഒപ്പിടുന്ന സന്ദർഭത്തിൽ ഫെഡറൽ ഭരണഘടന നിലവിലുള്ള രാഷ്ട്രമെന്ന നിലയിൽ സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാൻ തയ്യാറാകാതെ മുന്നോട്ട് പോകുമ്പോൾ, സംസ്ഥാന സർക്കാർ കേരളത്തിന്റെ ആശങ്കകൾ പരിഹരിക്കാൻ ആവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. ഇതിൽ അടിസ്ഥാനപരമായ പ്രശ്നം, ഇത്തരം കരാറുകൾ ഏതൊക്കെ ജനവിഭാഗങ്ങളെയാണോ ബാധിക്കുന്നത്, ആ ജനവിഭാഗങ്ങൾ ഏതെല്ലാം സംസ്ഥാനങ്ങളിലാണുള്ളത്, ആ സംസ്ഥാനങ്ങളിലെ ജനവിഭാഗങ്ങളുമായി ചർച്ച ചെയ്യാനുള്ള സംവിധാനം സാധാരണനിലയിൽ കേന്ദ്ര സർക്കാർ

ഒരുക്കേണ്ടതാണ്. പക്ഷെ, അത്തരത്തിലുള്ള ഒരു നടപടിക്കും കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ലെന്നുള്ളതാണ് നമ്മുടെ അനുഭവം. ആർ.സി.ഇ.പി. കരാറായാലും നേരത്തേയുള്ള കരാറുകളായാലും ഇതുമായി ബന്ധപ്പെട്ട ഒരു പ്രശ്നങ്ങളും സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാൻ തയ്യാറാകുന്നില്ല. പാർലമെന്റിൽ പോലും ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തുന്നതിന് പ്രത്യേക സംവിധാനമില്ല. പാർലമെന്റിൽ ചർച്ചയില്ലെന്നുമാത്രമല്ല പാർലമെന്റിന്റേതായ പ്രത്യേക സംവിധാനവുമില്ല. ആർ.സി.ഇ.പി. കരാർ, ആസിയാൻ കരാറിന്റെ ഭാഗമായി തകരാത്ത മേഖലകൾ കൂടി തകർക്കുമെന്നുള്ളതുകൊണ്ട്, ആ പ്രശ്നം ചൂണ്ടിക്കാണിച്ചുകൊണ്ട് നേരത്തെതന്നെ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഒരു നടപടിയും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഇപ്പോൾ നമ്മളെല്ലാവരും പങ്കെടുത്തുകൊണ്ട് ഒരു കൺവെൻഷൻ ചേരുകയാണ്. അതിന്റെ തുടർച്ചയായി സ്വാഭാവികമായും ഈ പ്രശ്നങ്ങൾ ബാധിക്കുന്ന ജനവിഭാഗങ്ങളുടെ പ്രതിഷേധം നാട്ടിലാകെ ഉയർന്നുവരുമെന്നുതന്നെയാണ് കണക്കാക്കാവുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, തകർന്ന കാർഷിക മേഖലയുടെ മേൽ അവസാനത്തെ ആണിയടിക്കുന്ന ആർ.സി.ഇ.പി. കരാറിന് കേന്ദ്രം പച്ചക്കൊടി കാണിച്ചാൽ ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്ന ഗ്രാമീണമേഖല ആകമാനം ശവപറമ്പാകുമെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. കരാർ നടപ്പായാൽ കർഷകന് ആദ്യമായി നഷ്ടപ്പെടാൻ പോകുന്നത് അവന്റെ സ്വന്തം ഭൂമിയാണ്. നിക്ഷേപകർക്ക് കൃഷിഭൂമി സ്വന്തമാക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഈ കരാറിൽ ഉൾക്കൊള്ളുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സമഗ്ര കാർഷിക പരിഷ്കരണം നടന്ന കേരള സംസ്ഥാനത്ത് കൃഷിക്കാരന്റെ ഭൂമി സംരക്ഷിക്കപ്പെടുന്നതിനും ക്ഷീര, മത്സ്യ മേഖലകളെ സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കൃഷിക്കാരെ പൂർണ്ണമായും തകർക്കുമെന്നുള്ളതാണ് ഇതിന്റെ ഭാഗമായി വരുന്ന ഏറ്റവും വലിയ ആപത്ത്. കാർഷികോൽപ്പന്നങ്ങൾ, അത് പാൽ അടക്കമുള്ള ഉത്പന്നങ്ങളായാലും ആ ഉത്പന്നങ്ങൾ വ്യാപകമായി ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളിൽ നിന്നും, അതും യന്ത്ര സംവിധാനങ്ങളിലൂടെ ഉത്പാദിപ്പിക്കുന്നവർ ഇങ്ങോട്ട് ഇറക്കുമതി ചെയ്യുമ്പോൾ ഇവിടത്തെ കർഷകരുടെ നട്ടെല്ല് ഒടിയുന്ന അവസ്ഥവരും. ഇതിലൂടെ സംസ്ഥാനത്ത് വലിയ തകർച്ച ഉണ്ടാവുകയും ചെയ്യും. അതാണ് നമ്മെ ഏറ്റവും കൂടുതൽ ആശങ്കപ്പെടുത്തുന്നത്. അതുതന്നെയാണ് കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതും.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ആസിയാൻ കരാർ ഒപ്പിടുന്ന സന്ദർഭത്തിൽ അതിന് നേതൃത്വം കൊടുത്തവരും അതിനെ അംഗീകരിക്കുന്നവരും മുഖ്യമായും രണ്ട് വാദഗതികളാണ് ഉന്നയിച്ചത്. നമ്മുടെ രാജ്യത്തിന് മറ്റ് ഒൻപത് രാജ്യങ്ങളിലേയ്ക്കുകൂടി കാർഷിക ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ സാധിക്കും. ഒരു വാദഗതി അതായിരുന്നുവെങ്കിൽ മറ്റൊരു വാദഗതി, നമുക്ക് കുറഞ്ഞ ചെലവിൽ ആവശ്യമായ കാർഷിക വിഭവങ്ങൾ ലഭ്യമാകും എന്നുള്ളതായിരുന്നു. ഈ വാദഗതി ഉന്നയിച്ച ആളുകളിൽ വലിയൊരു ശതമാനം ഇപ്പോഴും നമ്മുടെ സഭയിലുണ്ട്. തുടർന്ന്, നമ്മുടെ സംസ്ഥാനം ഉൾപ്പെടെ കാർഷിക പ്രതിസന്ധി നേരിട്ടപ്പോൾ, റബ്ബറിന് ചെറിയൊരു തുക വർദ്ധിപ്പിച്ച് കൊടുക്കുന്നതിനുള്ള ബഡ്ജറ്റ് പ്രൊവിഷൻ വച്ചുകൊണ്ട് അതാണ് ഇതിനെല്ലാം പരിഹാരമെന്ന് തെറ്റായ ബോധം ഉയർത്തുകയും ചെയ്തു. യഥാർത്ഥത്തിൽ ഇത്തരം സ്വതന്ത്ര വാണിജ്യ കരാറുകൾ നമ്മുടെ കാർഷിക, മൃഗസംരക്ഷണ, ക്ഷീര വികസന, മത്സ്യ, വ്യവസായ മേഖലകളെ തകർക്കുകയാണ്. നമ്മുടെ സഭയ്ക്കും സംസ്ഥാനത്തിനും പൊതുബോധം നൽകുന്നതിനും രാജ്യത്തെയാകെ പ്രതിരോധിക്കുന്നതിനും നേതൃത്വം നൽകത്തക്ക വിധത്തിൽ, ഡീമോണിറ്റൈസേഷന്റെയും മുല്ലപ്പെരിയാർ ഡാമിന്റെയും പ്രളയത്തിന്റെയും സന്ദർഭത്തിൽ ഒരൊറ്റ ശബ്ദം ഉയരത്തക്കവിധത്തിൽ മാതൃകാപരമായി സഭ ചേർന്നതുപോലെ, കാർഷിക മേഖലയിലുള്ള ആളുകളെ ഒരു കൺവെൻഷനിലേയ്ക്ക് പങ്കെടുപ്പിച്ചുകൊണ്ട് പൊതുബോധം ഉയർത്തുന്നതിന് നടത്തിയ ശ്രമംപോലെ, ആ പൊതുബോധത്തിലേയ്ക്ക് വരാത്ത സഭാംഗങ്ങളുണ്ടെങ്കിൽ അവരെക്കൂടി ആ പൊതുബോധത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ ഈ സഭാ നടപടിക്കാലത്ത് ഒരു ദിവസം നീക്കിവയ്ക്കാൻ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അനുഭവങ്ങളാണല്ലോ നമ്മെ പഠിപ്പിക്കുന്നത്. ഇപ്പോൾ ഇതിന്റെ അപകടങ്ങൾ ബോധ്യമാകാത്ത ആരും നമ്മുടെ സഭയിലുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. എല്ലാവർക്കും ഏറെക്കുറെ ഇതിന്റെ അപകടങ്ങളെക്കുറിച്ച് ബോധ്യമുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ, നമുക്ക് തുടർനടപടികൾ എന്തുവേണമെന്നുള്ളത് ഗൗരവമായി ആലോചിക്കാവുന്നതാണ്.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഇറക്കുമതി തീരുവ 90 ശതമാനമായി കുറയ്ക്കണമെന്ന വ്യവസ്ഥ ഉൾക്കൊള്ളുന്നതാണ് വിവാദപരമായ കരാർ. ലോകത്തിലെ ആകെ ജനസംഖ്യയുടെ പകുതിയോളം വരുന്ന രാജ്യങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് അഭിപ്രായം പറയാനുള്ള സന്ദർഭമില്ലെന്നും പാർലമെന്റിനെയും ഇരുട്ടിൽ നിർത്തിക്കൊണ്ടാണ് ഈ കാരാർ ഒപ്പിടുന്നതെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഇത് ഇന്ത്യാ രാജ്യത്തെയാകെ ബാധിക്കുന്ന വിഷയമെന്നുള്ള നിലയ്ക്ക് എല്ലാ സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ പൊതുതീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാന തലത്തിൽ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളത് ആദ്യം ആലോചിക്കാം. അങ്ങനെ കൂട്ടായ ശ്രമം നടത്തുന്നതിന്റെ തുടർച്ചയായി ഇവിടെ പറയുന്ന തരത്തിലുള്ള വിവിധ പരിപാടികളെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഒട്ടനവധി പ്രതിസന്ധികളെ അതിജീവിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതിന് നേതൃത്വം വഹിച്ച അങ്ങയെ അഭിനന്ദിക്കുകയാണ്. കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്ത് ആസിയാൻ കരാർ ഒപ്പു വച്ചതുകൊണ്ടാണ് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോഴും ഏറ്റവും കുറഞ്ഞ കൂലി കിട്ടുന്നതിന് അവസരമുണ്ടായത്. പുതിയ കരാർ വരുന്നതോടുകൂടി ക്ഷീരോല്പാദന മേഖല വൻതകർച്ചയിലേയ്ക്കെത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. തോട്ടം മേഖലയിൽ ഏറ്റവും കൂടുതൽ ഇടപെടുന്നത് സാധാരണ കുടുംബങ്ങളിലെ സ്ത്രീകളാണ്. ആ കുടുംബങ്ങളെ സംരക്ഷിക്കാൻ പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനെക്കുറിച്ചും അതോടൊപ്പം ഈ സഭയുടെ പ്രതിഷേധം അറിയിക്കുന്നതിന് എല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നാടിന്റെ സമ്പത്ത് വർദ്ധിക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്നതാണ് സർക്കാരിന്റെ വരുമാനം. നാടിന്റെ സാമ്പത്തിക മേഖലയാകെ തകരുന്ന അവസ്ഥയുണ്ടാകുമ്പോൾ സഹായിക്കാനുള്ള ശേഷിയും കുറയുന്ന അവസ്ഥയാണുണ്ടാകുന്നത്. സ്വാഭാവികമായും അത് വലിയ പ്രതിസന്ധിയിലേയ്ക്കാണ് നയിക്കുക. അത്തരം ഘട്ടത്തിൽ എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ടി വരും. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ തുടർനടപടികൾ വേണമെന്നുള്ളത് ആലോചിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആർ.സി.ഇ.പി. കരാർ നമ്മുടെ രാജ്യത്തുണ്ടാക്കാൻ പോകുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരു നിലപാടെടുത്തിട്ടുണ്ട്. നമ്മുടെ രാജ്യത്തെ കർഷകർ ആത്മഹത്യ ചെയ്യുകയും കാർഷികോല്പാദനം ഗണ്യമായി കുറയുകയും ചെയ്ത സാഹചര്യത്തിൽ വ്യാവസായികമായി പുരോഗതി പ്രാപിച്ചിരിക്കുന്ന ജപ്പാൻ, ചൈന ഉൾപ്പെടെയുള്ള ഏതാണ്ട് പതിനഞ്ചോളം രാജ്യങ്ങളിൽനിന്ന് വലിയ തോതിൽ കാർഷികോല്പന്നങ്ങൾ ഡമ്പ് ചെയ്യുന്ന തരത്തിലേയ്ക്കുള്ള ഈ എഗ്രിമെന്റ് ഇന്ത്യയുടെ ഭാവിയെ വളരെ ഗുരുതരമായി ബാധിക്കും. ഇന്നത്തെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ അതിനെതിരായി ശക്തമായ മുന്നേറ്റമുണ്ടാകേണ്ടത് അനിവാര്യമാണ്. അതിന് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് കേന്ദ്രഗവൺമെന്റിനെ കാണാൻ ഒരു പ്രതിനിധി സംഘത്തെ അയയ്ക്കാനുള്ള എന്തെങ്കിലും ആലോചനയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ സ്വാഗതാർഹമായ ഒരു കാര്യം ആസിയാൻ കരാറിനുശേഷം ആർ.സി.ഇ.പി. കരാറിന്റെ ചർച്ച (കംബോഡിയയിൽ വച്ചായിരുന്നുവെന്നാണ് എന്റെ ഓർമ്മ) നടക്കുന്ന ഘട്ടത്തിൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റായിരുന്നു രാജ്യത്തുണ്ടായിരുന്നത്. ഏതായാലും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം കരാറുകൾ വലിയ ആപത്തുണ്ടാക്കുകയാണെന്ന തിരിച്ചറിവ് എല്ലാവർക്കുമുണ്ട്. കോൺഗ്രസ് പാർട്ടി ഇപ്പോൾ നല്ല നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനെതിരെ ശബ്ദമുയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നമുക്ക് യോജിച്ച് എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. അതിന് ഏത് മുന്നണിയാണെന്നുള്ള വ്യത്യാസമൊന്നുമില്ല. ഈ നാടിന്റെ പ്രശ്നം എല്ലാവരെയും ബാധിക്കുന്ന കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യാം. നിവേദക സംഘത്തിന്റെ പ്രശ്നവും തുടർന്നുള്ള ആലോചനകളുടെ ഭാഗമായി തീരുമാനിക്കാം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, മത്സ്യമേഖല ഇന്നും വളരെ ഗുരുതരമായ പ്രതിസന്ധിയിലാണ്. ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കുത്തകകളെ അനുവദിച്ചതാണ് ആ മേഖലയിലുണ്ടായിട്ടുള്ള ഏറ്റവും വലിയ പ്രതിസന്ധി. ആർ.സി.ഇ.പി. കരാർ നടപ്പിലാക്കുന്നതോടുകൂടി ഇന്ത്യൻ മഹാസമുദ്രം ലോകശക്തികളുടെ കേന്ദ്രമായി മാറും. ഇപ്പോൾത്തന്നെ മത്സ്യമേഖല ഗുരുതരമായ ചൂഷണത്തിലേയ്ക്ക് പോയിട്ടുണ്ട്. ഭാവിയിൽ നമുക്ക് താങ്ങാനാകാത്ത അവസ്ഥയിലേയ്ക്ക് പോകുകയും ചെയ്യും. രാജ്യത്തെ ഏറ്റവും പ്രയാസകരമായ ജീവിത സാഹചര്യമുള്ള മത്സ്യത്തൊഴിലാളികളെയും ക്ഷീരമേഖലയേയും ഗുരുതരമായ പ്രത്യാഘാതത്തിലേയ്ക്ക് നയിക്കുന്ന ഈ പ്രശ്നത്തിൻമേൽ കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും കൂട്ടായ്മയ്ക്ക് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ലോകത്തുള്ള ചില രാജ്യങ്ങളുടെ മത്സ്യശേഖരം വലിയ തോതിൽ വിറ്റഴിക്കാനുള്ള കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുമെന്നുള്ളതാണ് മത്സ്യമേഖലയിലെ ഏറ്റവും വലിയ പ്രശ്നം. അതിന്റെ ഭാഗമായി മത്സ്യം ഇങ്ങോട്ടുവരുന്ന സ്ഥിതിയുണ്ടാകും. ഇന്ത്യക്കാർ ധാരാളം മത്സ്യം പിടിക്കുന്നവരാണെന്നൊക്കെ അഭിമാനം കൊള്ളാറുണ്ടെങ്കിലും റബ്ബറും കുരുമുളകും മറ്റും വന്നതുപോലെ ധാരാളം മത്സ്യവും വരുന്ന അവസ്ഥയാണുണ്ടാകുക. ആ സാഹചര്യം തടയണമെന്നാണ് കേന്ദ്രഗവൺമെന്റിനോട് പൊതുവെ ആവശ്യപ്പെടുന്നത്. എല്ലാ കാര്യങ്ങളും ആലോചിച്ചുകൊണ്ട് സംയുക്തമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളത് ഭാവിയിൽ ആലോചിക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഈ വിഷയം ഒരു ചോദ്യോത്തരത്തിൽ മാത്രം നിർത്താവുന്ന കാര്യമല്ല. ഈ വിഷയം ചർച്ച ചെയ്യണം. ഒരു ചർച്ചയിലൂടെ മാത്രമേ

പ്രയോജനമുണ്ടാകുകയുള്ളൂ. ആർ.സി.ഇ.പി. കരാറിൽനിന്നും പിന്മാറണമെന്ന് പറയുന്നത് നടക്കുന്ന കാര്യമല്ല. ഇതിന്റെ ആരംഭം ആസിയാൻ കരാറാണ്. ഉദാഹരണത്തിന് റബ്ബറിന്റെ കാര്യം എടുക്കാം. 0-40 ശതമാനം വരെ ടാക്സ് നമ്മുടെ രാജ്യത്തിന് നിർദ്ദേശിക്കാമായിരുന്നു. പക്ഷേ ആസിയാൻ കരാറിൽ 40 ശതമാനം എന്നുള്ളത് 25 ശതമാനമാക്കി. ആർ.സി.ഇ.പി. കരാർ വരുമ്പോൾ റബ്ബറിന് 25 ശതമാനം എന്നുള്ളത് 40 ശതമാനമാക്കി നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനുണ്ട്. ഗവൺമെന്റ് അത് തീരുമാനിക്കണം. മത്സ്യമേഖലയിലും മറ്റ് മേഖലകളിലും ഇംപോർട്ട് ഡ്യൂട്ടി നിശ്ചയിക്കുന്നതിനുള്ള അധികാരവും സാധാരണക്കാരെ രക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്താനുള്ള ശ്രമവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ അംഗം പകുതി നിലയ്ക്ക് നിൽക്കുന്നതുകൊണ്ടാണ് ഇങ്ങനെയൊരു ചോദ്യം ഉന്നയിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. ആസിയാൻ കരാറിന്റെ കാര്യത്തിലും സംരക്ഷിത ചുങ്കമുണ്ടായിരുന്നു. അത് ചുമത്താൻ ഇതുവരെ തയ്യാറായിട്ടില്ല. കേന്ദ്രസർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാത്തതിന്റെ ഭാഗമായിട്ടാണ് വലിയ തോതിൽ ഇറക്കുമതി ചെയ്യേണ്ട നില വരുന്നതെന്നുള്ള കാര്യം നാം ആദ്യം മനസ്സിലാക്കണം. അതിന്റെ അർത്ഥമെന്താണ്? അങ്ങനെ എന്തെങ്കിലുമൊരു വ്യവസ്ഥ കരാറിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ അതൊന്നും കർഷകരുടെയും നാടിന്റെയും രക്ഷയ്ക്ക് എത്തിപ്പെടില്ല. അതുകൊണ്ട് ഇത് പാടില്ലെന്നതാണ് പൊതുവിൽ സ്വീകരിക്കേണ്ട നിലപാട്.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമുക്ക് പൊതുബോധമുണ്ടെന്നും ഏകകണ്ഠമായി പ്രമേയം പാസ്സാക്കാൻ സാധിക്കുമെന്നും സർവ്വകക്ഷി സംഘത്തെ അയയ്ക്കാൻ സാധിക്കുമെന്നും പറഞ്ഞു. പക്ഷെ, എന്ത് സമ്മർദ്ദം ചെലുത്തിയാലും കേന്ദ്രഗവൺമെന്റ് ആർ.സി.ഇ.പി. കരാറിൽ നിന്ന് പിറകോട്ട് പോകാൻ സാധ്യതയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് അതിന്റെ പ്രത്യാഘാതങ്ങൾ മറികടക്കാൻ ഒരു കാർഷിക പാർലമെന്റോ അല്ലെങ്കിൽ അതിനുമാത്രമായി എന്തെങ്കിലും ഒരു പദ്ധതിയോ ആവിഷ്കരിച്ചുകൂടേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പൊതുജനാഭിപ്രായങ്ങൾ ഉയർന്നു വരുന്നതിന് അതിന്റേതായ പ്രതികരണങ്ങളുണ്ടാകും. നേരത്തെ ആസിയാൻ കരാറിന് നേതൃത്വം കൊടുത്തവർ ഇതിന്റെ ഭാഗമായിട്ട് അത് പാടില്ലെന്ന് പറയുന്ന നില വന്നതുപോലെതന്നെ സംഘപരിവാറിലുള്ള പല സംഘടനകളും ഇന്ന് ഈ

നിലപാടിനെ ചോദ്യം ചെയ്യുന്നുണ്ട്. അത് ഗവൺമെന്റിന്റെ തീരുമാനമായി വരില്ലെന്ന് പറഞ്ഞത് ശരിയാണ്. പക്ഷെ, ചില സംഘടനകളുടെ ഭാഗത്തുനിന്ന് ചോദ്യം ചെയ്യുന്ന അവസ്ഥ വന്നിട്ടുണ്ട്. നാട്ടിൽ ഉയർന്നുവരുന്ന പൊതുജനാഭിപ്രായം പലരെയും സ്വാധീനിക്കുന്നുവെങ്കിൽ, അപ്രകാരം പൊതുജനാഭിപ്രായം ഉയർത്തുന്നതിന് എന്തൊക്കെ വേണമെന്ന് ഞാൻ നേരത്തെ പറഞ്ഞു. ഒന്നും തള്ളിക്കളയാതെ നമുക്ക് കൂട്ടായി ആലോചിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ക്ഷീരകർഷകൻ ഉൾപ്പെടെയുള്ള കർഷകരുടെ സ്വാതന്ത്ര്യമാണ് കരാറിലൂടെ നഷ്ടപ്പെടുന്നത്. ഇപ്പോഴത്തെ ഗവൺമെന്റ് മാത്രമല്ല, കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്തും ഈ കരാറുകളിലൂടെ നഷ്ടപ്പെടുത്തിയത് പാവപ്പെട്ട മനുഷ്യന്റെ അദ്ധ്വാനിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യത്തെയാണ്. അങ്ങ് പറഞ്ഞതുപോലെ ജനപ്രതിനിധികൾക്ക് പാർലമെന്റിൽപ്പോലും ഇക്കാര്യം ചർച്ച ചെയ്യാൻ കഴിയുന്നില്ല. കുറച്ചുപേർ അവരുടെ തീരുമാനം കരാർ വഴി നടപ്പാക്കാൻ തീരുമാനിക്കുമ്പോൾ രാജ്യത്തെ ഏറ്റവും പാവപ്പെട്ട മനുഷ്യന്റെ കഴുത്തിൽ അത് കുരുക്കാവുകയാണ്. നിയമസഭയിലാണെങ്കിലും പാർലമെന്റിലാണെങ്കിലും അത്തരം കാര്യങ്ങൾ ചർച്ച ചെയ്ത് ജനങ്ങളുടെ പ്രതികരണം കൂടി ആരാഞ്ഞ്, ആ വിഭാഗത്തിന് വന്നുചേരുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുള്ള സംവിധാനം കരാറിൽ ഒപ്പിടുന്ന കേന്ദ്രഗവൺമെന്റ് തീരുമാനിക്കുകയും അത് നടപ്പാക്കുകയും അത് മോണിറ്റർ ചെയ്യാൻ എല്ലാ സംസ്ഥാനങ്ങളിലും ഒരു മോണിറ്ററിംഗ് സംവിധാനം സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുണ്ടാവുകയും ചെയ്യണമെന്നുള്ള നിബന്ധന കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കണം. ഒന്നാമതായി, ഈ കരാറുകൾ സ്വാതന്ത്ര്യത്തിന്റെ കഴുത്തിലുള്ള കുരുക്കാണ്. രണ്ട്, നിർബന്ധമാണെങ്കിൽ അത് അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം നൽകാനുള്ള ഒരു സംവിധാനം സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ കേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പാക്കാനുള്ള ഉത്തരവാദിത്വം ഈ കരാർ ഒപ്പിടുന്ന കേന്ദ്ര സർക്കാർ നടപ്പാക്കണം. അങ്ങ് ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും അതിനെ എതിർത്തിട്ടുണ്ട്. ഈയൊരു സംവിധാനം നടപ്പാക്കുന്നതിൽ കേരളം മുൻകയ്യെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ രണ്ട് കാര്യങ്ങളും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒന്ന്, ഈ കരാർ നടപ്പാക്കാൻ പാടില്ലെന്നുതന്നെയാണ്. രണ്ടാമത്, ഇത്തരമൊരു കരാറിൽ ഏർപ്പെടുന്ന ഘട്ടത്തിൽ വിപുലമായ ചർച്ച വേണ്ടതായിട്ടുണ്ട്. അതിന് സംസ്ഥാനങ്ങളുമായും അതത് വിഭാഗങ്ങളുമായും ചർച്ചയ്ക്കുള്ള അവസരമുണ്ടാക്കണം. ചർച്ചയുടെ ഘട്ടത്തിൽ അദ്ദേഹം പറഞ്ഞ മറ്റുകാര്യങ്ങൾകൂടി നമുക്ക് ഉന്നയിക്കാവുന്നതാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, ഈ വിഷയം സംബന്ധിച്ച് കേരളത്തിൽ ചർച്ചകൾ നടക്കുകയുണ്ടായി. ചൈനീസ് പ്രസിഡന്റിന്റെ സന്ദർശനവേളയിൽ തന്നെ കരാർ ഏതാണ്ട് ഫൈനൽ സ്റ്റേജിലായി എന്നുള്ള വാർത്തയാണ് വന്നത്. രണ്ടാം റൗണ്ട് ചർച്ച നടന്നു. ചില പ്രയാസങ്ങൾ ഉണ്ടായതുകൊണ്ട് ഒപ്പിടൽ നീണ്ടുപോകുന്നതാണ്. ബസ് പോയിട്ട് കൈകാണിച്ചിട്ട് കാര്യമില്ല എന്നുപറയുന്നതുപോലെ കേരളം ഈ സന്നാഹമൊക്കെ നടത്തി അവിടെ ചെല്ലുമ്പോഴേയ്ക്കും കരാർ ഒപ്പിട്ടു കഴിയും. സംസ്ഥാനത്തോട് അഭിപ്രായം ചോദിച്ചില്ലെങ്കിലും മുഖ്യമന്ത്രിയോ കൃഷി വകുപ്പുമന്ത്രിയോ ഡൽഹിക്ക് പോയ അവസരത്തിൽ ഈ കാര്യം സംബന്ധിച്ച് നമ്മുടെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഞങ്ങൾ രണ്ടുപേരും അഭിപ്രായമറിയിച്ചിട്ടുണ്ട്. നമ്മൾ തുടർന്ന് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്.

## പി.എസ്.സി. പരീക്ഷയിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് നിയന്ത്രണം

3(*3) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ;</u>
<u>ശ്രീ. വി. എസ്. ശിവകുമാർ;</u>
<u>ശ്രീ. വി. ടി. ബൽറാം;</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷാ വേളയിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിരോധനത്തിന് ശേഷവും ഉദ്യോഗാർത്ഥികൾ അവ ഉപയോഗിക്കുന്ന സാഹചര്യം കണ്ടെത്തിയിട്ടുണ്ടോ;

(സി) 2018 ജൂലൈ 22-ന് കാസർഗോഡ് ജില്ലയിലെ ബറ്റാലിയൻ സിവിൽ പോലീസ് ഓഫീസർ നിയമനത്തിന് പി.എസ്.സി. നടത്തിയ പരീക്ഷയിൽ 1, 2, 28 എന്നീ റാങ്ക് നേടിയവർ മൊബൈൽ സന്ദേശങ്ങളുടെ സഹായത്തോടെ പരീക്ഷ എഴുതുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ഡി) ഇത്തരം തട്ടിപ്പിന് ആസൂത്രണ മികവ് ആവശ്യമാണെന്നിരിക്കെ ഇതിന് പുറകിലുള്ള സംഘത്തെ കണ്ടെത്തുന്നതിനും അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി)) ഉണ്ട്.

(സി & ഡി) ക്രൈം നം.429/CB/TVM/D/2019 u/s 406, 420, 120(B), 201, 34 IPC & 43 (a&b), 66 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തെ ഏറ്റവും കൂടുതൽ ഉത്കണ്ഠയിലെത്തിച്ച ഒരു സംഭവത്തെക്കുറിച്ചാണ് ഈ ചോദ്യം. സമയക്കുറവുമൂലം ഇതിവിടെ ചർച്ചയ്ക്ക് വരില്ലെന്ന് എനിക്കറിയാം. ഇവിടത്തെ പ്രധാന പ്രശ്നം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി (സി) പിരിവിലെ ചോദ്യത്തിന്റെ ഉത്തരമായി പറഞ്ഞത്, 406, 420, 120 (B) ഇങ്ങനെ തുടങ്ങി IT Act-ലെ 43 (a&b) അനുസരിച്ച് കേസ്സെടുത്തിട്ടുണ്ടെന്നാണ്. ഒരു കൊലപാതക ശ്രമം ഉണ്ടായിരുന്നില്ലെങ്കിൽ ഈ കേസ്സിന്റെ ചുരുളഴിയുകയേ ഇല്ലായിരുന്നു. പി.എസ്.സി.-യിൽ നടന്നുകൊണ്ടിരിക്കുന്ന കറുത്ത കുതിരകൾ അവിടത്തന്നെ ഇരിക്കുമായിരുന്നു. ......(ബഹളം)....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... You come to the question.... ചോദ്യോത്തരവേളയിൽ പ്രസ്താവന നടത്താനോ വിവരങ്ങൾ അങ്ങോട്ട് നൽകാനോ വിശദീകരണം നൽകാനോ പാടില്ല. ......(ബഹളം)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ പ്രധാനപ്പെട്ട ചോദ്യം ഇതിലെ പ്രതികളായ ആളുകളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നുവെന്നുള്ളതു തന്നെയാണ്. എനിക്ക് തന്നിരിക്കുന്ന ഈ ഉത്തരത്തിൽ, 43 (a&b) IT (Information Technology) Act -ൽ പറയുന്നത്, 'If any person without permission of the owner or any other person who is in-charge of a computer, computer system or computer network:'എന്നാണ്. ഉടമസ്ഥനായിട്ടുള്ള ഒരു വ്യക്തിക്കെതിരെ കേസ്സെടുക്കുന്നില്ല. ആ ആളിനെ ഒഴിവാക്കുകയാണ് ചെയ്യുന്നത്. ഈ സംഭവത്തിൽ ഉടമസ്ഥൻ പോലീസുകാരനാണ്. ഈ പോലീസുകാരൻ കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് സ്മാർട്ട് വാച്ചിലേക്ക് മെസ്സേജ് പോകുന്നത്. ആ പോലീസുകാരനെ ഇതിനകത്തുനിന്ന് മാറ്റിയാൽ ആ കേസ് എവിടെപ്പോയി നിൽക്കും? ഈ കേസ് അട്ടിമറിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുകയാണ്. ഈ അട്ടിമറി അവസാനിപ്പിക്കണം. കേരളത്തിലെ ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ ജീവൻ പന്താടുന്ന ഇത്തരം സന്ദർഭങ്ങളിൽ ഇപ്രകാരം ഒരു അനങ്ങാപ്പാറ നയമെടുക്കാതെ യഥാർത്ഥ പ്രതികളെ പുറത്തുകൊണ്ടുവരുന്നതിന് അങ്ങ് ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ ഗൗരവമായ അന്വേഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു തരത്തിലുള്ള അനങ്ങാപ്പാറ നയവുമില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ഫലപ്രദമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആരൊക്കെയുണ്ടോ അവരെല്ലാം നിയമത്തിന്റെ കരങ്ങളിൽപ്പെടുന്നതാണ്. അതിൽ ഒരു സംശയവുമില്ല, തുടർനടപടികൾ ശക്തമായിട്ടെടുക്കും; ഒരു കുറ്റവാളിയും രക്ഷപ്പെടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങനെയെങ്കിൽ '43 (a & b) എന്നുള്ള വകുപ്പനുസരിച്ച് ' എന്നുള്ളത് മാറ്റി റീ-ഇൻവെസ്റ്റിഗേഷൻ നടത്തി അവരെക്കൂടി co-accused ആക്കത്തക്ക വിധത്തിലുള്ള നടപടിയെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. റീ-ഇൻവെസ്റ്റിഗേഷന് മാത്രമുള്ള ഒരു വസ്തുതയും ഇപ്പോൾ പുറത്തുവന്നിട്ടില്ല. പുതിയ കാര്യങ്ങളും വന്നിട്ടില്ല. ശരിയായ വഴിയിൽ കേസ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത് ഫലപ്രദമായ അവസ്ഥയിൽ എത്തുകയും ചെയ്യും.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ കേസ് കണ്ടുപിടിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ ഇതിലെ ഒന്നാം റാങ്കുകാരൻ 35 വർഷം കഴിയുമ്പോൾ കേരളത്തിലെ ഡി.ജി.പി. ആകുമായിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. എന്റെ ചോദ്യം, ഏഴ് പോലീസ് ബറ്റാലിയനുകളിലുമായി ഇപ്പോൾ ഏകദേശം 35000-ത്തോളം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എഴുത്തുപരീക്ഷ, കായികക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിൽ പലർക്കും പ്രായപരിധി കഴിഞ്ഞതിനാൽ അപേക്ഷിക്കാനും കഴിയില്ല. ഈ സാഹചര്യത്തിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും കുറ്റക്കാരായ മുഴുവൻ ഉദ്യോഗാർത്ഥികളെയും കണ്ടെത്തി അടിയന്തരമായി ഒഴിവാക്കി ബാക്കി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ പൊതുവിൽ ഒരു പരീക്ഷ നടന്നു. ആ പരീക്ഷയിൽ പങ്കെടുത്ത ഏതാനും ചിലർ തെറ്റ് ചെയ്തതുകൊണ്ട് ബാക്കി എല്ലാവരും തെറ്റുകാരാണെന്നുള്ള സമീപനം സർക്കാരിനില്ല. ആരാണോ തെറ്റ് ചെയ്തത്, അവർക്കെതിരെ ശക്തമായ നടപടിയുണ്ടാകും. മറ്റെല്ലാവർക്കുമുള്ള അവകാശം അതുപോലെതന്നെ പരിരക്ഷിക്കുകയും ചെയ്യും.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാനത്തെ ക്രമസമാധാന നില

4(*4) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളും വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ക്രമസമാധാന നിലയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) പോലീസിനെ ജനകീയമാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കുറ്റവാളികൾക്ക് നേരെ മുഖം നോക്കാതെ കർശന നടപടി സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഭരണ കക്ഷിയിൽപ്പെട്ട രാഷ്ട്രീയ പാർട്ടി പ്രവർത്തകർക്ക് പ്രത്യേക പരിഗണന പോലീസ് ഭാഗത്തുനിന്ന് ലഭിക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായുള്ള അതിക്രമങ്ങളും വർദ്ധിച്ച് വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമസമാധാന രംഗത്ത് മികച്ച നിലയുള്ള സംസ്ഥാനമാണ് നമ്മുടേത്. അക്രമ സംഭവങ്ങളും ഗുരുതരമായ കുറ്റകൃത്യങ്ങളും ഉണ്ടാകുമ്പോൾ പ്രതികളുടെ മുഖം നോക്കാതെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുവാനും പ്രതികളെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുവാനും യഥാസമയം കഴിഞ്ഞിട്ടുള്ളതിനാലാണ് ഈ നേട്ടം കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്.

(ബി) പോലീസിനെ ജനകീയമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച പ്രധാന നടപടികൾ ചുവടെ ചേർക്കുന്നു:

- പോലീസിനെ ജനകീയമാക്കുന്നതിനായി ആവിഷ്കരിച്ച ജനമൈത്രി സുരക്ഷാ പദ്ധതി കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചു.

- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ ആഴ്ചയിലൊരിക്കൽ പഞ്ചായത്ത് ഓഫീസ് സന്ദർശിച്ച് പരാതികൾ സ്വീകരിക്കുകയും തുടർ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു.
- പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുള്ളതും ക്രമസമാധാനം, കേസന്വേഷണം എന്നിവ വേർതിരിക്കുകയും ചെയ്തുകൊണ്ട് ക്രമസമാധാന പാലനവും കേസന്വേഷണവും കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- റോഡ് സുരക്ഷാവാരവും ലഹരി വിരുദ്ധ നാടകങ്ങളും വിവിധ തരത്തിലുള്ള ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.
- ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകി വരുന്നു.
- കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ് Know Your Jurisdiction, THUNA എന്നിവ വികസിപ്പിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് പൊതുജന സൗഹാർദ്ദ പോർട്ടൽ (THUNA) സംവിധാനം വഴി പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാവുന്നതാണ്.
- 6 പോലീസ് സ്റ്റേഷനുകളിൽ ശിശുസൗഹൃദ പൊലീസ് സ്റ്റേഷൻ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്.

(സി) ഇത്തരം ആക്ഷേപങ്ങൾ വസ്തുതാപരമല്ല. കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

## തിരുവനന്തപുരം - കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പാത

5(*5) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പാതയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പാതയുടെ അലൈൻമെന്റും പാത കടന്നുപോകുന്ന പ്രധാന സ്ഥലങ്ങളെക്കുറിച്ചും വിശദമാക്കാമോ;

(സി) പാത കടന്നുപോകുന്ന സ്ഥലങ്ങളുടെ അടയാളപ്പെടുത്തലുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ഈ പാതയുടെ നിർമ്മാണത്തിന്റെ മേൽനോട്ടവും ചുമതലയും ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും പാതയുടെ മൊത്തം ചെലവ് എത്രയെന്നും അറിയിക്കാമോ;

(ഇ) ഈ പദ്ധതിക്കുള്ള ധനസമാഹരണം ഏത് രീതിയിൽ നടത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായുള്ള പുതിയ രണ്ട് പാതകൾ/ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തിരുവനന്തപുരത്തുനിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും നാല് മണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൽട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 222 കി.മീ. ദൈർഘ്യമുള്ള കാസർഗോഡ് മുതൽ തിരൂർ വരെയുള്ള പാത നിലവിലുള്ള റെയിൽ പാതയ്ക്ക് സമാന്തരമായും നിലവിലുള്ള റെയിൽവേ ലൈനുകളുടെ സാങ്കേതിക തടസ്സം/കുറഞ്ഞ ആരത്തോടു കൂടിയുള്ള വളവുകൾ കാരണം തിരൂർ മുതൽ തിരുവനന്തപുരം വരെയുള്ള 310 കി.മീ. പാത നിലവിലുള്ള റെയിൽവേ ലൈനിന് സമാന്തരമായി വിന്യസിക്കുവാൻ സാധ്യതയില്ലാത്തതിനാൽ നിർമ്മാണയോഗ്യവും ജനവാസം കുറഞ്ഞതുമായ മേഖലകളിലൂടെ ആയിരിക്കും കടന്നുപോകുന്നത്. പാത ഏകദേശം 11 ജില്ലകളിലൂടെ കടന്നു പോകുന്നു. ഈ പാത കടന്നു പോകുന്ന പ്രധാന സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

കൊച്ചു വേളി - കല്ലമ്പലം - മുഖത്തല - കൊല്ലം - ഭരണിക്കാവ് - ചെങ്ങന്നൂർ - കോട്ടയം - ഏറ്റുമാനൂർ - എറണാകുളം - കൊച്ചി വിമാനത്താവളം - തൃശ്ശൂർ-ചങ്ങരമംഗലം - തിരുനാവായ – തിരൂർ - താനൂർ - പരപ്പനങ്ങാടി - കോഴിക്കോട് - കൊയിലാണ്ടി - തലശ്ശേരി - കണ്ണൂർ - കണ്ണപുരം - ചെറുവത്തൂർ - കാഞ്ഞങ്ങാട് - ബേക്കൽ - കാസർഗോഡ്.

(സി) ഇല്ല.

(ഡി) കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ രൂപീകരിച്ച കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനിയാണ് പാതയുടെ മേൽനോട്ടവും ചുമതലയും വഹിക്കുന്നത്. സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം 66,405 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു.

(ഇ) പദ്ധതിയുടെ ധന ശേഖരണ രൂപം ചുവടെ വിവരിക്കുന്നു:

| Parties | % Contribution | Amount |
|---|---|---|
| Equity<br>• Gok<br>• Land EIA & R&R (Gok)<br>• GoI | 12%<br>13%<br>12% | 7,720 Cr<br>8,656 Cr<br>7,720 Cr |
| Subordinated Debt<br>• Gok<br>• GoI | 5%<br>5% | 3,564 Cr<br>3,564 Cr |
| Debt<br>• JICA or other agency<br>• IDC | 52%<br>1% | 34,454 Cr<br>727 Cr |
| Total | 100% | 66,405 Cr |

**പ്രവാസി വികസന - ക്ഷേമ പ്രവർത്തനങ്ങൾ**

6(*6) ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീ. കെ. ദാസൻ:

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യ രീതിയിലുള്ള ചർച്ചയിലൂടെ പ്രവാസികളുടെ വികസന-ക്ഷേമ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള വേദിയായ ലോക കേരളസഭയെ

ദുർബ്ബലപ്പെടുത്താനുള്ള ശ്രമങ്ങളെ അതിജീവിച്ചുകൊണ്ട് മേഖലാ കമ്മിറ്റികളുടെ ശിപാർശകളിന്മേൽ തുടർനടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവാസികളുടെ സമ്പാദ്യവും വൈദഗ്ധ്യവും നാടിന്റെ വികസനത്തിനും നാടിന്റെ വികസനം പ്രവാസികളുടെ സംരക്ഷണത്തിനും ഉതകുന്ന രീതിയിൽ സർക്കാർ നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(സി) അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് ഏതുവിധത്തിൽ ഇടപെടാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രഥമ ലോക കേരളസഭാ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ കാര്യക്ഷമമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഏഴ് വിഷയാധിഷ്ഠിത സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ഈ കമ്മിറ്റികൾ യഥാക്രമം യോഗങ്ങൾ നടത്തുകയും 48 ശിപാർശകൾ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ശിപാർശകളിൽ നിന്ന് പ്രായോഗികത, ഫണ്ട് ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ തെരഞ്ഞെടുത്തവയിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചു. പ്രവാസികളുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണത്തോടുകൂടിയ നിക്ഷേപസാദ്ധ്യതകളെ കണ്ടെത്തുന്നതിനുൾപ്പെടെയുള്ള തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു. നോൺ കേരളൈറ്റ്സ് എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് (നീം) സംഘടിപ്പിച്ചിട്ടുള്ളത് ഇതിന്റെ തുടർച്ചയായിട്ടാണ്.

2. പുതുതായി രൂപീകരിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന കമ്പനിയുടെ അനുബന്ധ കമ്പനിയായി എൻ.ആർ.ഐ കൺസ്ട്രക്ഷൻ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

3. പ്രവാസി മലയാളി വനിതകളുടെ സുരക്ഷിതമായ കുടിയേറ്റം ഉറപ്പുവരുത്തുന്നതിനും ഗാർഹിക പീഡനം അവസാനിപ്പിക്കുന്നതിനും പ്രവാസി വനിതകളുടെ പരാതികൾ സ്വീകരിക്കുന്നതിനും വേണ്ടി നോർക്ക റൂട്ട്സിൽ എൻ.ആർ.ഐ വനിത സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

4. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ ഡെവലപ്പമെന്റ് സ്റ്റഡീസ് മുഖാന്തരം നടപടികൾ സ്വീകരിച്ചു വരുന്നു.

5. മനുഷ്യക്കടത്ത്, വിവേചനം, ചൂഷണം എന്നിവ തടയുന്നതിനും വിദേശരാജ്യങ്ങളിൽ പ്രതീക്ഷിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് കുടിയേറ്റത്തിന് തയ്യാറാകുന്നവർക്ക് ബോധവത്കരണം നൽകുന്നതിനും എയർപോർട്ടുകൾ കേന്ദ്രീകരിച്ച് Migration Facilitation Centre-ഉം പാസ്സ്പോർട്ട് ഓഫീസുകളിൽ Pre-embarkment orientation സെന്ററുകളും ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയ വിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിന്മേൽ പഠനം നടത്തുന്നതിന് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

7. പ്രവാസികൾക്കായി ആരംഭിക്കുന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപസമിതി രൂപീകരിച്ചു. പ്രസിദ്ധീകരിക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിക്കുന്നു.

8. തിരുവനന്തപുരം കേന്ദ്രമാക്കി സംസ്ഥാനമാകെ പ്രവർത്തന പരിധിയുള്ള ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള തുടർനടപടികൾ കൈക്കൊണ്ടു വരുന്നു.

9. ഇതു കൂടാതെ പ്രവാസികളുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലയിലും ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു.

10. എൻ.ആർ.ഐ. ബാങ്ക് ആരംഭിക്കുന്നതും എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതും സംബന്ധിച്ച തുടർനടപടികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നു.

(ബി) പ്രവാസികളായ മലയാളികളിൽനിന്നും സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നോർക്ക റൂട്ട്സിന്റെ കീഴിൽ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (എൻ.ബി.എഫ്.സി.) ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായ സംരംഭക സാദ്ധ്യതകൾ പഠിച്ച്

മുൻഗണനാക്രമത്തിൽ സംരംഭകർക്ക് മുമ്പിൽ അവതരിപ്പിക്കാനും അപ്രകാരം സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവും സാമ്പത്തികവുമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക വഴി കേരളത്തിൽ നിക്ഷേപം നടത്താൻ പ്രവാസി സംരംഭകർക്ക് പ്രചോദനം നൽകുകയാണ് എൻ.ബി.എഫ്.സി.- യുടെ ലക്ഷ്യം.

പ്രവാസി മലയാളികളുടെ അറിവും അനുഭവവും കേരള സംസ്ഥാനത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താൻ ഇന്ത്യൻ പൗരന്മാരായ കേരളീയരുടെ പൊതു വേദിയായി ലോക കേരള സഭ രൂപീകരിച്ചു. കൂടാതെ പ്രവാസികളുടെ സമ്പാദ്യം കേരളത്തിന്റെ വികസനത്തിന് ഉതകുന്നതിനായി പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചു. പ്രഥമ ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര/വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST 5% ആയി കുറച്ച് ഉത്തരവായിട്ടുണ്ട്.

അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കണമെന്ന് മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സർവ്വീസുകളുടെ എണ്ണവും സീറ്റും വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അധിക ആഭ്യന്തര/ അന്താരാഷ്ട്ര വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ നോർക്കയുടെ പ്രവാസി തിരിച്ചറിയൽ കാർഡുടമകൾക്കും കുടുംബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ യാത്രാനിരക്കിൽ 7 ശതമാനം ഇളവ് ലഭിക്കുന്നുണ്ട്. കൂടാതെ കുവൈറ്റ് എയർവേയ്സുമായും ഇൻഡിഗോ എയർവേയ്സുമായും ചർച്ചകൾ നടത്തിവരുന്നുണ്ട്. അന്തിമ ഘട്ടത്തിലായ പ്രസ്തുത ചർച്ചകളിലൂടെ വിമാന കമ്പനികൾ നടത്തുന്ന ചൂഷണത്തിൽനിന്നും പ്രവാസികൾക്ക് ഒരു പരിധിവരെ ആശ്വാസം ലഭിക്കുമെന്ന് കരുതുന്നു.

## റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം

7(*7) ശ്രീ. വി. ആർ. സുനിൽ കുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) റേഷൻ കാർഡ് വിവരങ്ങൾ സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളുമായി പങ്കുവയ്ക്കുന്നുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡ് സംബന്ധിച്ച വിവരങ്ങൾ കേന്ദ്രസർക്കാരുമായി പങ്കുവയ്ക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഡി) റേഷൻ കാർഡുടമയ്ക്ക് റേഷൻ താൽക്കാലികമായി വേണ്ടെന്ന് വയ്ക്കുന്നതിന് അവസരമുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ കാർഡുകൾ തയ്യാറാക്കുന്നതിനും റേഷൻ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനും വേണ്ടി ഉപയോഗിച്ചുവരുന്ന ആപ്ലിക്കേഷനാണ് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS). സംസ്ഥാനത്തെ RCMS തയ്യാറാക്കി നിലവിൽ കൈകാര്യം ചെയ്തുവരുന്നത് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC)-ന്റെ കേരള ഘടകമാണ്. സംസ്ഥാനത്ത് നിലവിൽ 86.41 ലക്ഷം റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. കാർഡുടമയുടെയും കുടുംബാംഗങ്ങളുടെയും പേര്, കുടുംബാംഗങ്ങളുമായുള്ള ബന്ധം, വിലാസം, ആധാർ നമ്പർ, തൊഴിൽ, വരുമാനം, മറ്റു സാമൂഹിക - സാമ്പത്തിക ഘടകങ്ങൾ തുടങ്ങിയവ RCMS-ൽ ഉൾക്കൊള്ളുന്നു. RCMS തയ്യാറാക്കിയിട്ടുള്ളത് Hypertext Pre Processor (PHP) യിലും ഡാറ്റാബേസ് Postgre SQL-ലുമാണ് RCMS ഡാറ്റാബേസ് സൂക്ഷിച്ചിട്ടുള്ളത് സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള സെർവറുകളിലാണ്.

പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കൽ, റേഷൻ കാർഡിൽ പുതിയ അംഗങ്ങളെ ചേർക്കൽ, അംഗങ്ങളെ ഒഴിവാക്കൽ, റേഷൻ കാർഡ്/അംഗങ്ങളെ മറ്റു താലൂക്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്യൽ, മേൽവിലാസം, പേര് എന്നിവയുടെ തിരുത്തലുകൾ വരുത്തൽ തുടങ്ങിയവ RCMS ലൂടെ ചെയ്തുവരുന്നു. ഇതിനായി

ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. സംസ്ഥാനത്തുടനീളമുള്ള അക്ഷയ സെന്ററുകളിലൂടെയും ഓൺലൈനായും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. നാളിതുവരെ 36 ലക്ഷത്തിൽപ്പരം അപേക്ഷകൾ RCMS-ലൂടെ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ വിതരണം ചെയ്തു വരുന്ന 4 ഇനത്തിൽപ്പെട്ട റേഷൻ കാർഡുകളുടെ [അന്ത്യോദയ അന്നയോജന (എ.എ.വൈ), മുൻഗണന, പൊതുവിഭാഗം (സബ്സിഡി), പൊതുവിഭാഗം] ഇനം മാറ്റലും RCMS-ലൂടെ ചെയ്യാൻ സാധിക്കും.

(ബി&സി) താഴെപ്പറയുന്ന സർക്കാർ വകുപ്പുകളുമായും കേന്ദ്ര സർക്കാർ വകുപ്പ്/ ഏജൻസികളുമായും റേഷൻ കാർഡ് വിവരങ്ങൾ പങ്കുവയ്ക്കുന്നുണ്ട്:

1. ഇ – ഡിസ്ട്രിക്ട് പ്രോജക്ട് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ)
2. സപ്ലൈകോ - സബ്സിഡി നിരക്കിൽ സപ്ലൈകോ ഉല്പന്നങ്ങൾ വിതരണം നടത്തുന്നതിന്
3. പ്രധാനമന്ത്രി കിസാൻ പ്രോജക്ട് (കേന്ദ്ര സർക്കാർ)
4. ഉന്നതി പ്രോജക്ട് (സംസ്ഥാന സർക്കാർ)
5. പ്രളയത്തോടനുബന്ധിച്ചുള്ള അദാലത്തുകൾ (കേരള സ്റ്റേറ്റ് ഐ.ടി മിഷൻ)
6. സർവ്വീസ് പെൻഷൻ (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ)
7. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം (സി - ഡിറ്റ്)
8. ഇൻഫർമേഷൻ കേരള മിഷൻ - സേവന സോഫ്റ്റ്‌വെയർ മുഖേന പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്
9. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിയാക്)- നേരത്തേ പങ്കുവച്ചിട്ടുണ്ട്.
10. സെൻട്രൽ പി.ഡി.എസ്.(കേന്ദ്ര സർക്കാർ)
11. പ്രധാനമന്ത്രി ആയുഷ്മാൻ ഭാരത് (കേന്ദ്ര സർക്കാർ)
12. IMPDS (Integrated Management of Public Distribution System) നടപ്പാക്കുന്നതിനായി (കേന്ദ്ര സർക്കാർ)
13. NFSA ഡാഷ്ബോർഡ് (nfsa.gov.in) ആവശ്യങ്ങൾക്കായി (കേന്ദ്ര സർക്കാർ)

(ഡി) ഉണ്ട്. റേഷൻ കാർഡുടമയ്ക്ക് റേഷൻ താല്ക്കാലികമായി വേണ്ടെന്ന് വയ്ക്കുന്നതിന് 'റേഷൻ ഗിവ് അപ്' എന്നൊരു സംവിധാനം നിലവിലുണ്ട്. കാർഡുടമകൾക്ക് civilsupplieskerala.gov.in എന്ന പോർട്ടലിലുള്ള

Ration Give Up എന്ന മെനു തെരഞ്ഞെടുത്ത് റേഷൻ ഉപേക്ഷിക്കാവുന്നതാണ്. ഉപേക്ഷിക്കുന്ന റേഷൻ തിരികെ ലഭിക്കണമെങ്കിൽ ആറ് മാസത്തിനുശേഷം ഇതേ സംവിധാനത്തിൽ restore ration മെനുവിൽ Give up ചെയ്ത റേഷൻ കാർഡ് നമ്പർ നൽകിയാൽ മതി.

**ദേശീയപാത വികസനം**

8(*8) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിന് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിന് വരുന്ന ചെലവിന്റെ പങ്കുവഹിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ആയതിനായി വകയിരുത്തിയിരിക്കുന്ന തുകയെത്രയെന്ന് അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട്-കൊല്ലങ്കൽ ദേശീയപാതയിൽ നിർബാധ സഞ്ചാരം ഭാഗികമായി തടയുകയും ആയത് സമ്പൂർണ്ണമായി തടയുന്നതിന് ശ്രമം നടക്കുന്നുവെന്ന ആശങ്ക ഉയരുകയും ചെയ്ത സാഹചര്യത്തിൽ നിർബാധ സഞ്ചാര സ്വാതന്ത്ര്യം പുനഃസ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) വന്യജീവി സങ്കേതത്തിലൂടെ കടന്ന് പോകുന്ന ഭാഗത്ത് എലിവേറ്റഡ് പാത നിർമ്മിച്ച് സഞ്ചാര നിരോധനം ഒഴിവാക്കണമെന്നും അതിന് വേണ്ടിവരുന്ന ചെലവിൽ പകുതി സംസ്ഥാനം വഹിക്കാമെന്നുമുള്ള നിർദ്ദേശത്തോട് കർണാടക സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പ്രതികരണം എന്താണെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുകയാണ്. പ്രസ്തുത പ്രവൃത്തിക്ക് 3425.096 ഹെക്ടർ ഭൂമി ആവശ്യമാണ്. ഇതിൽ 1986.369 ഹെക്ടർ ഭൂമി

സർക്കാരിന്റെ കൈവശം ഉണ്ട്. ബാക്കി 1438.737 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ 659.557 ഹെക്ടർ ഭൂമിക്ക് 3A നോട്ടിഫിക്കേഷനും, 548.192 ഹെക്ടർ ഭൂമിക്ക് 3D നോട്ടിഫിക്കേഷനും 302.163 ഹെക്ടർ ഭൂമിക്ക് 3G നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപാത 66-ന്റെ 45 മീറ്ററിൽ വീതികൂട്ടൽ പ്രവൃത്തി 27 പാക്കേജുകളായി വിഭജിച്ചിരിക്കുന്നു. രാജ്യത്തെ ദേശീയപാത വികസന പദ്ധതികളെ മുൻഗണനാക്രമം അനുസരിച്ച് High -1, High-2 എന്നിങ്ങനെ രണ്ടായി തിരിക്കുന്നതായും, High-2 ഇനത്തിൽപ്പെട്ട പദ്ധതികളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ (3D നോട്ടിഫിക്കേഷൻ, 3G നോട്ടിഫിക്കേഷൻ, നഷ്ടപരിഹാരത്തുക വിതരണം) തുടരേണ്ടതില്ലെന്നും ദേശീയപാത അതോറിറ്റി ചെയർമാൻ 2-5-2019-ലെ കത്ത് പ്രകാരം ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ പാക്കേജുകൾ High -2 ഇനത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. തുടർന്ന് പ്രസ്തുത വിഷയത്തിൽ സംസ്ഥാന സർക്കാർ ഇടപെടുകയും മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പ് മന്ത്രിയും കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുകയും കത്ത് അയയ്ക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മുൻഗണന High- 1 ലേക്ക് മാറ്റുന്നതിനും തയ്യാറായി. തുടർന്ന് ദേശീയപാത 66-ന്റെ വീതികൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കലിന് ആവശ്യമായി വരുന്ന (കെട്ടിടങ്ങൾ, മരങ്ങൾ, തുടങ്ങിയ സ്ഥാവര വസ്തുക്കളുടെ നഷ്ടപരിഹാരം അടക്കം) തുകയുടെ 25% തുക സംസ്ഥാന ഗവൺമെന്റ് വഹിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയും അത് സംസ്ഥാനം അംഗീകരിച്ച് 8-8-2019-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതനുസരിച്ച് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പും സംസ്ഥാന പൊതുമരാമത്ത് വകുപ്പും തമ്മിൽ 3-10-2019-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. NH 66-ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5500 കോടിയോളം രൂപ സംസ്ഥാനം വഹിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്.

(സി&ഡി) ബന്ദിപ്പൂർ വനത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച് - 766-ൽ 2009-ലെ കർണാടക സർക്കാർ ഉത്തരവ് പ്രകാരം രാത്രി 9 മണിമുതൽ രാവിലെ 6 മണിവരെ വാഹന ഗതാഗത നിരോധനം നടപ്പിലാക്കുകയുണ്ടായി. സംസ്ഥാന സർക്കാർ കക്ഷിയായി ഇതിനെതിരെ സുപ്രീം കോടതിയിൽ വിവിധ കേസ്സുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും നിരോധനം പിൻവലിക്കുകയുണ്ടായില്ല. വനത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച് 766-ൽ പൂർണ്ണമായി ഇതുവരെ ഗതാഗതനിരോധനം നടപ്പിൽ വരുത്തിയിട്ടില്ല. പാതയിൽ നിർബാധ സഞ്ചാരം ഉറപ്പുവരുത്തുന്നതിന് കർണ്ണാടക സംസ്ഥാനവുമായും കേന്ദ്ര സർക്കാരുമായും നിരന്തരം ബന്ധപ്പെടുന്നുണ്ട്.

## മെഡിക്കൽ കോളേജുകളുടെ അടിസ്ഥാനസൗകര്യ വികസനം

9(*9) ശ്രീ. എം. ഉമ്മർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെയും അദ്ധ്യാപകരുടെയും അഭാവംമൂലം പി.ജി.കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാകാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ):

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർക്കുംപ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ആരോഗ്യമേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനായി പ്രധാനമായും സംസ്ഥാന പദ്ധതി വിഹിതം മുഖേനയാണ് തുക അനുവദിക്കുന്നത്. ഇതിനുപുറമേ കേന്ദ്ര സഹായം, മറ്റുള്ള ധനസഹായങ്ങൾ എന്നിവ വഴിയും മെഡിക്കൽ കോളേജുകളുടെ വികസനപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുവഴി രോഗികൾക്ക് മികച്ച രീതിയിൽ ചികിത്സ നൽകുവാനും മെഡിക്കൽ കോളേജുകളുടെ നിലവാരം മെച്ചപ്പെടുത്തുവാനും സാധിക്കുന്നതാണ്.

നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മെഡിക്കൽ കോളേജുകളുടെ വികസനം.
2. പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത്.

3. മെഡിക്കൽ കോളേജുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും വിലയേറിയ ഉപകരണങ്ങളുടെ അറ്റകുറ്റ പണിയും.
4. ഓങ്കോളജി & ടേർഷ്യറി കെയർ.
5. രോഗീ സൗഹൃദ ആശുപത്രി ചുറ്റുപാട് സൃഷ്ടിക്കൽ.
6. ഡ്രഗ് സ്റ്റോറുകളുടെ സ്ഥാപനവും ആധുനികവൽക്കരണവും.
7. 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം.
8. സംസ്ഥാന വൈദ്യ ഗവേഷണ ബോർഡ്.
9. മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങളുടെ നിലവാരമുയർത്തൽ.
10. മെഡിക്കൽ കോളേജിലെയും മറ്റ് ആശുപത്രിയിലെയും ഖരമാലിന്യ നിർമ്മാർജ്ജനം.
11. ഇ ഹെൽത്ത് പ്രോഗ്രാം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്)
12. ഫാക്കൽട്ടി ഇംപ്രൂവ്മെന്റ് പ്രോഗ്രാം.
13. ഡിസീസ്ഡ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ.
14. ബിരുദ/ബിരുദാനന്തര മെഡിക്കൽ, പാരാ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണവും/പുനരുദ്ധാരണവും.
15. സ്റ്റേറ്റ് പീഡ്സെൽ.
16. മെഡിക്കൽ കോളേജുകളിൽ ഇന്റർവെൻഷനൽ റേഡിയോളജി ഉൾപ്പെടെ അത്യാധുനിക ഇമേജിംഗ് സൗകര്യങ്ങൾ നൽകൽ.
17. മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ.
18. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിന്റെ നവീകരണം.
19. മെഡിക്കൽ കോളേജുകളിൽ ബയോമെഡിക്കൽ വിഭാഗം ആരംഭിക്കൽ.
20. സർക്കാർ മെഡിക്കൽ കോളേജുകളിൽ സമഗ്ര പക്ഷാഘാത കേന്ദ്രം.

21. ഡെന്റൽ കോളേജുകളുടെ വികസനം.

22. പാരാമെഡിക്കൽ വിഭാഗം ശക്തിപ്പെടുത്തുന്നത്.

23. നഴ്സിംഗ് കോളേജുകളുടെ വികസനം.

24. സീമെറ്റ്

25. എല്ലാ മെഡിക്കൽ കോളേജുകളിലും ഭിന്നശേഷി - വയോജന സൗഹൃദ പരിതസ്ഥിതി ഉറപ്പാക്കൽ.

കാൻസർ ചികിത്സാ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ 45 കോടി മുതൽ മുടക്കി നിർമ്മിച്ച തൃതീയ കാൻസർ സെന്റർ പ്രവർത്തനക്ഷമമാക്കി. കൂടാതെ അഞ്ച് മെഡിക്കൽ കോളേജുകളിൽ ആർ.സി.സി. മോഡൽ ചികിത്സ ലഭ്യമാക്കുന്നതിനായി സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് 105 തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

കേരളത്തിൽ ആദ്യമായി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സായ എൻഡോക്രൈനോളജി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച് കോഴ്സ് നടത്തി വരുന്നു.

കേരളത്തിൽ ആദ്യമായി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളായ റീപ്രൊഡക്റ്റിവ് മെഡിസിൻ, നിയോനേറ്റോളജി, പീഡിയാട്രിക് ന്യൂറോളജി എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി Kerala State Industrial Development Co-operation Ltd (KSIDC) സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 368,74,61,142 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണികൾ M/s.INKEL മുഖേന നടപ്പിലാക്കുന്നതിന് ആവശ്യമായിട്ടുള്ള തുക KIIFB മുഖാന്തരം കണ്ടെത്തുന്നതിനും അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി M/s.INKEL സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 717.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണികൾ M/s.INKEL മുഖേന നടപ്പിലാക്കുന്നതിന് ആവശ്യമായിട്ടുള്ള തുക KIIFB മുഖാന്തരം കണ്ടെത്തുന്നതിനും അനുമതി നൽകി ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വയനാട് മെഡിക്കൽ കോളേജിന് കണ്ടെത്തിയിരുന്ന സ്ഥലം പ്രളയത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണത്തിന് അനുയോജ്യമല്ല എന്ന് കണ്ടതിനെ തുടർന്ന് പകരം മറ്റൊരു സ്ഥലം കണ്ടെത്തി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ 150 കോടി രൂപ വീതം ചെലവ് വരുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി M/s.HITES സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 564 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പണികൾ M/s. HITES മുഖേന നടപ്പിലാക്കുന്നതിന് ആവശ്യമായിട്ടുള്ള തുക KIIFB മുഖാന്തിരം കണ്ടെത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മാസ്റ്റർപ്ലാൻ KIIFB മുഖാന്തരം നടപ്പിലാക്കുന്നതിനായി M/s.INKEL നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ മദർ ആന്റ് ചൈൽഡ് ബ്ലോക്കിനായി M/s. INKEL സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 277,76,61,670 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി M/s. INKEL സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 285,54,01,787 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആദ്യമായി കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കുകയും കാർഡിയോളജിയിൽ കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

കോന്നി മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ഹോസ്പിറ്റലും അനുബന്ധ കെട്ടിടങ്ങളും (2nd ഫേസ്) KIIFB മുഖാന്തരം നടപ്പാക്കുന്നതിനായി M/s.HITES-നെ സ്പെഷ്യൽ പർപ്പസ് വൈഹിക്കിൾ ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ M/s.HITES സമർപ്പിച്ച പ്രൊജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 35172.33 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജിന്റെ മാസ്റ്റർപ്ലാൻ KIIFB മുഖാന്തരം നടപ്പിലാക്കുന്നതിനായി WAPCOS നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി അക്കാദമിക് ബ്ലോക്കിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ആശുപത്രി കെട്ടിട നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു.

ഇടുക്കി മെഡിക്കൽ കോളേജിന്റെ അംഗീകാരം നഷ്ടമായതിനെ തുടർന്ന് അവിടെ ഉണ്ടായിരുന്ന കുട്ടികളെ എം.സി.ഐ. - യുടെ അംഗീകാരത്തോടെ മറ്റു കോളേജുകളിലേയ്ക്ക് മാറ്റിയിരുന്നു. തുടർന്ന് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനാവശ്യമായ ഒരുക്കങ്ങൾ നടത്തിക്കൊണ്ട് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിന് അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരിപ്പള്ളിയിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുകയും പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുകയും ചെയ്തതു വഴി 200 വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസിൽ എം.ബി.ബി.എസ്. പഠനത്തിന് അവസരം ഒരുക്കിയിട്ടുണ്ട്. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാത്ത് ലാബ് പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മഞ്ചേരി മെഡിക്കൽ കോളേജിന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി 103.6 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ നടന്നുവരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ 8 കോടി രൂപ മുതൽമുടക്കി കാത്ത് ലാബ് ആരംഭിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിപ്രകാരം മെഡിക്കൽ കോളേജുകൾക്കായി പേഷ്യന്റ് ഫ്രെണ്ട്ലി ട്രാൻസ്ഫോർമേഷൻ ഓഫ് ഔട്ട് പേഷ്യന്റ് സർവ്വീസസ് എന്ന പ്രവർത്തനത്തിനായി 51.8184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 22.89 കോടി രൂപ എൻ.എച്ച്.എം - ന് കൈമാറിയിട്ടുമുണ്ട്.

(ബി & സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെയും അദ്ധ്യാപകരുടെയും അഭാവംമൂലം പി.ജി. കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാകാത്ത സാഹചര്യം നിലവിലില്ല.

## പ്രളയ സാധ്യത പഠനത്തിന് പ്രത്യേക സമിതി

10(*10) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിന്നൽ പ്രളയത്തിനും ഉരുൾപൊട്ടലിനും കാരണമാകുന്ന അതിശക്തമായ മഴ സംസ്ഥാനത്ത് ആവർത്തിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ഘടന എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) പ്രളയ സാധ്യതാ മാപ്പുകൾ പുനഃപരിശോധിക്കുവാനും അപകട മുന്നറിയിപ്പുകൾ വളരെ നേരത്തെ തന്നെ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. സമിതി രൂപീകരിച്ചുകൊണ്ടുള്ള 22-8-2019-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 42/2019/ശാ.സാ.വ.-യുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് ഉണ്ടാകുന്ന അതിതീവ്രമായ മഴയും അതിനെത്തുടർന്ന് വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ച് വിഷയവുമായി ബന്ധപ്പെട്ട നയപരമായ തീരുമാനം കൈക്കൊള്ളുന്നതിന് ആവശ്യമായതും ഭാവിയിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുന്നപക്ഷം അടിയന്തരഘട്ട പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിനുതകുന്നതും ദുരന്ത നിവാരണ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ഉതകുന്നതുമായ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക എന്നതാണ് സമിതിക്ക് നൽകിയ നിർദ്ദേശം. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സമിതി നടത്തേണ്ടതായിട്ടുണ്ട് :

(എ) അതിതീവ്ര മഴയുടെയും ആയതിനുള്ള ഹേതുക്കളുടെയും കാരണങ്ങൾ കണ്ടെത്തുക.

(ബി) ദുരന്ത മുന്നറിയിപ്പ് നൽകുന്നതിനാവശ്യമായ സമയത്തിനുള്ളിൽ കൃത്യമായ കാലാവസ്ഥ പ്രവചനം നടത്തുന്നതിനുള്ള ശേഷിയും സാധ്യതയും തയ്യാറാക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തീവ്രമായ മഴയെത്തുടർന്നുണ്ടാകുന്ന ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങൾ കണ്ടെത്തുന്നതിനും ദുരന്തങ്ങളും അനന്തരഫലങ്ങളും കുറയ്ക്കുന്നതിനും സഹായിക്കുന്ന നിലവിലുള്ള സൂചകങ്ങളും സമ്പ്രദായങ്ങളും അവലോകനം ചെയ്യുക.

(ഡി) തീവ്രമായ മഴയെത്തുടർന്നുള്ള പ്രളയ സാധ്യതാ പ്രദേശങ്ങളുടെ നിലവിലെ ഭൂപടവും ദുരന്തങ്ങൾ കുറയ്ക്കാൻ ഉതകുന്ന നിലവിലെ പരിഹാര മാർഗ്ഗങ്ങളും അവലോകനം ചെയ്യുക.

(ഇ) മാറുന്ന ഭൂവിനിയോഗം അപകടങ്ങളിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് പഠിക്കുക.

**മാതൃവന്ദന യോജന**

11(*11) ശ്രീ. എം. സ്വരാജ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ മാതൃവന്ദന യോജന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ നടത്തിപ്പിനായി സംസ്ഥാന വിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് അമ്മമാർക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി.കെ. കെ.ശൈലജ ടീച്ചർ):

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) പി.എം.എം.വി.വൈ. ഗുണഭോക്താക്കളായ സ്ത്രീകൾക്ക് ധനസഹായം നൽകുന്നത് മുഖേന ആദ്യ സജീവ പ്രസവത്തോടനുബന്ധിച്ച് ഉണ്ടാകുന്ന വേതനനഷ്ടം ഭാഗികമായി നികത്തുന്നതിനും ആദ്യ കുഞ്ഞിന്റെ ജനനത്തിന് മുമ്പും അതിനു ശേഷവും ആവശ്യമായ വിശ്രമം ലഭിക്കുന്നതിനും സഹായിക്കുന്നു. കൂടാതെ

പി.എം.എം.വി.വൈ.-യുടെ ആനുകൂല്യം ലഭ്യമാകുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യ നിലവാരം ഉറപ്പാക്കുന്നതിന് സഹായിക്കുന്നു.

(സി) പി.എം.എം.വി.വൈ.-യ്ക്കായി സംസ്ഥാന വിഹിതമായി ചുവടെ പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്:

| വർഷം | സംസ്ഥാന വിഹിതം അനുവദിച്ചത് (Rs) |
|---|---|
| 2018-19 | 48,60,06,000 |
| 2019-20 | 7,13,17,333 |
| ആകെ | 55,73,23,333 |

(ഡി) ഗുണഭോക്താക്കൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന പ്രകാരം 3 ഗഡുക്കളായി ആകെ 5000 (അയ്യായിരം രൂപ മാത്രം) ഗുണഭോക്താവിന്റെ ആധാർ സീഡഡ് അക്കൗണ്ടിൽ DBT ചെയ്യപ്പെടുന്നു:

| ഗഡു | നിബന്ധന | ആനുകൂല്യം (Rs.) |
|---|---|---|
| 1 | ഗർഭാവസ്ഥ രജിസ്ട്രേഷൻ | 1,000 |
| 2 | ഗർഭാവസ്ഥ 6 മാസം പിന്നിടുകയും ഒരു ANC എങ്കിലും പൂർത്തിയാക്കുകയും ചെയ്ത ശേഷം | 2,000 |
| 3 | ജനനം രജിസ്റ്റർ ചെയ്യണം കുഞ്ഞിന് ആദ്യ ഘട്ട ബി.സി.ജി., ഒ.പി.വി., ഡി.റ്റി.പി., ഹെപ്പറ്റൈറ്റിസ്-ബി അല്ലെങ്കിൽ തത്തുല്യമായ കുത്തിവെയ്പ്പ് നൽകണം. | 2,000 |

**മുൻഗണനാ ലിസ്റ്റിന്റെ ശുദ്ധീകരണ നടപടികൾ**

12(*12) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള മുൻഗണനാ ലിസ്റ്റിന്റെ ശുദ്ധീകരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മറ്റ് വകുപ്പുകളുടെ ഡേറ്റയുമായി ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബാംഗങ്ങളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കൂടുതൽ അനർഹരായവരെ കണ്ടെത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; മൂന്ന് മാസത്തിലധികമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് പരിശോധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഗുരുതര രോഗബാധിതരെയും അടിയന്തര ചികിത്സ ആവശ്യമുള്ളവരെയും മാനുഷിക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ-ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്.

മുൻഗണനാ പട്ടികയിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്ന് ധാരാളം പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിന് 18-9-2017-ലെ സ.ഉ.(സാധാ)നമ്പർ 320/17/ഭ.പൊ.വി.വ. പ്രകാരം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സംസ്ഥാനത്ത് ആകെ ലഭിച്ച 7.66 ലക്ഷം അപേക്ഷകളിന്മേൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

സ്വമേധയാ സറണ്ടർ ചെയ്തതിനു പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻ കാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നുവരുന്നു. 1000 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും സ്വന്തമായി നാലുചക്ര വാഹനങ്ങൾ ഉള്ളവരുടെ വിവരങ്ങൾ മോട്ടോർ വാഹന വകുപ്പിൽനിന്നും ലഭ്യമാക്കുകയും ടി ഡേറ്റകളുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുകയും ഫീൽഡുതല പരിശോധനകളിലൂടെ അനർഹമാണെന്ന് ബോധ്യപ്പെട്ട കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുമുണ്ട്.

പരിശോധനയിൽ 30 മാർക്കോ അതിൽ കൂടുതലോ ലഭിച്ച കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയ പട്ടികകളിൽ ഏതാനും താലൂക്കുകൾ ഒഴികെ മറ്റ് താലൂക്കുകളിലെ പട്ടികകളിൽനിന്നും മുഴുവൻ കുടുംബങ്ങളെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. രണ്ടാം ഘട്ടമെന്ന നിലയിൽ വീണ്ടും അപേക്ഷകൾ സ്വീകരിച്ച് പരിശോധനകൾ നടത്തി സാധ്യതാപട്ടിക തയ്യാറാക്കി വരുന്നു.

ഇതിനു പുറമേ മുൻഗണനാ മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതും കുടുംബത്തിലെ ആർക്കെങ്കിലും മാരക രോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായം ഇല്ലാതെ ജീവിക്കാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാവലംബരായവർ ഇവയിൽ ഏതെങ്കിലും ഉള്ള പക്ഷം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി കാർഡ് നൽകിവരുന്നു. ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ട ഗുരുതര രോഗബാധിതർക്കും അടിയന്തര ചികിത്സ ആവശ്യമുള്ളവർക്കും റേഷൻ കാർഡിൽ 'സ്റ്റേറ്റ് പ്രയോരിറ്റി' എന്ന സീൽ പതിച്ച് മുൻഗണനാ വിഭാഗത്തിനുള്ളതുപോലെ ചികിത്സാ ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇത്തരത്തിൽ ഗുരുതരമായ രോഗങ്ങൾ, അടിയന്തര ചികിത്സ ആവശ്യമുള്ളവർ എന്നിവർക്ക് മാനുഷിക പരിഗണന നൽകി മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിവരുന്നു.

കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റെടുത്ത് ഫീൽഡുതല പരിശോധന നടത്തി സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും പട്ടികയിൽ ഉൾപ്പെട്ട 58712 (വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു)* കുടുംബങ്ങളിൽ 32137 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽനിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്നുവരുന്നു. കൂടാതെ വസ്തുതകൾ മറച്ചുവച്ച് മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും അനർഹമായി ഉൾപ്പെട്ട കാലയളവിലെ റേഷൻ വിഹിതത്തിന്റെ കമ്പോളവില ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2019 സെപ്റ്റംബർ മാസം 70.43 ലക്ഷം രൂപ ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം

13(*13) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന പരിമിതമായ ജനാധിപത്യ മാർഗം കൂടി ഇല്ലാതാക്കുന്നതും സംസ്ഥാനങ്ങളുടെ ആവശ്യവും താല്പര്യവും പരിരക്ഷിക്കാൻ വ്യവസ്ഥകൾ ഇല്ലാത്തതുമാണ് നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം എന്ന പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമത്തെക്കുറിച്ച് സമഗ്ര പഠനം നടത്തി ഇത് സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എം.ബി.ബി.എസ്. അവസാന വർഷ പരീക്ഷ നാഷണൽ എക്സിറ്റ് പരീക്ഷ എന്ന പേരിൽ നടത്തി സംസ്ഥാനങ്ങളിലെ ആരോഗ്യ സർവ്വകലാശാലകളുടെ അധികാരം കവരുന്നതും വിദേശ സർവ്വകലാശാലകളിൽ പഠിച്ചവരെയും തുല്യനിലയിൽ പരിഗണിച്ച് എം.ബി.ബി.എസ്. പ്രവേശന പരീക്ഷയുടെ മൂല്യമിടിക്കുന്നതും ഈ പരീക്ഷ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾക്കുള്ള പൊതു പരീക്ഷയാക്കിത്തീർക്കുന്നതും മെഡിക്കൽ വിദ്യാഭ്യാസ രംഗത്തുള്ളവർക്ക് ആശങ്ക സൃഷ്ടിച്ചിട്ടുള്ള കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) മെഡിക്കൽ പ്രാക്ടീഷണർമാരുടെ എണ്ണത്തിന് മൂന്നിലൊന്നിന് തുല്യം എണ്ണം വൈദ്യശാസ്ത്രത്തിൽ അവഗാഹം നേടിയിട്ടില്ലാത്തവരെ കമ്യൂണിറ്റി ഹെൽത്ത് പ്രൊവൈഡർമാരെന്ന പേരിൽ പ്രാക്ടീസ് ചെയ്യാൻ അനുവദിക്കാനുള്ള വ്യവസ്ഥ പൊതു ആരോഗ്യ മേഖലയിലുണ്ടാക്കാനിടയുള്ള ഗുണനിലവാര തകർച്ച കണക്കിലെടുത്ത് ഇത്തരം നീക്കം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് അറിയിക്കാമോ?

ആരോഗ്യവും സമാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ.ശൈലജ ടീച്ചർ):

(എ-സി) നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാക്കുന്നതിന് മുൻപ് തന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് ഇക്കാര്യം സമഗ്രമായി പഠിച്ച് ആശങ്കകൾ ഉണ്ടെങ്കിൽ ആയത് കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വിലനിയന്ത്രണത്തിന് സപ്ലൈകോ നടത്തുന്ന പ്രവർത്തനം

14(*14) ശ്രീ. കെ. വി. വിജയദാസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലായിരത്തി അഞ്ഞൂറ് കോടി വിറ്റുവരവ് എന്ന ലക്ഷ്യത്തോടെ മാർക്കറ്റിടപെടൽ വിപുലപ്പെടുത്തി അവശ്യസാധനങ്ങളുടെ പൊതുമാർക്കറ്റിലെ വില നിയന്ത്രിച്ചുനിർത്തുന്നതിനായി സപ്ലൈകോ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) പതിമൂന്ന് ഇനം അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കില്ലെന്ന പ്രഖ്യാപനം നടപ്പിലാക്കുകയും ഈ വിഭാഗത്തിൽ പുതുതായി ഒരിനം കൂടി ഉൾപ്പെടുത്തുകയും ഇത്തരം അവശ്യസാധനങ്ങളിൽ ചിലതിന്റെ വില മൂന്ന് വർഷം മുമ്പുണ്ടായിരുന്നതിനേക്കാൾ കുറവുവരുത്തുകയും ചെയ്ത പ്രവർത്തനം വിപുലീകരിക്കുന്നതിനായി ശബരി ബ്രാന്റിൽ കറിപ്പൊടികൾ, മസാലപ്പൊടികൾ എന്നിവ കൂടി വില്പന നടത്താൻ പരിപാടിയുണ്ടോ;

(സി) സപ്ലൈകോ സാമ്പത്തിക സുസ്ഥിരതയ്ക്കായി നടത്തുന്ന ഉപഭോക്തൃ സൗഹൃദ ഇടപെടലുകൾ, ഓൺലൈൻ വില്പനയുടെ സാധ്യത പരിശോധിക്കൽ, വിലക്കുറവിൽ എഫ്.എം.സി.ജി. സാധനങ്ങളുടെ വില്പന തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) അവശ്യസാധനങ്ങളുടെ വില നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ മുഖേന പ്രവർത്തിക്കുന്ന വിപണി ഇടപെടൽ സംവിധാനം നിലവിലുണ്ട്. സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശബരി ഉല്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ, ഗൃഹോപകരണങ്ങളുടെ വില്പന എന്നിവയിലൂടെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിനും സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 13 അവശ്യ സാധനങ്ങളാണ് സപ്ലൈകോ വില്പനശാലകൾ മുഖേന സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. പിന്നീട് ആന്ധ്ര ഇതര ജയ അരി കൂടി ഉൾപ്പെടുത്തി ഇത് 14 ആയി ഉയർത്തി. ഏപ്രിൽ 2016 -ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലകൾ സപ്ലൈകോ വർദ്ധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, നാഫെഡ് മുഖേനയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ മുതലായ സങ്കേതങ്ങൾ ഉപയോഗിച്ചും വളരെ മിതമായ നിരക്കിൽ പർച്ചേസ് ചെയ്യുക വഴി ചെറുപയർ, ഉഴുന്ന്, തുവര പരിപ്പ്, വൻകടല, എന്നിവയുടെ വില്പന വിലകളിൽ കൂടുതൽ ഇളവ് നൽകുവാനും സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്.

തേയില, വെളിച്ചെണ്ണ, ഉപ്പ്, എന്നിവയ്ക്ക് പുറമെ സപ്ലൈകോയുടെ ശബരി ബ്രാൻഡിൽ കറിപ്പൊടികൾ, മസാലപ്പൊടികൾ എന്നിവയുടെ വില്പന വർഷങ്ങളായി നടത്തി വരുന്നതാണ്. കൂടാതെ 2019 ആഗസ്റ്റ് മാസം മുതൽ ശബരി ബ്രാൻഡിൽ കൂടുതൽ ഗുണമേന്മയോടെ മഞ്ഞൾപ്പൊടി, മുളകുപ്പൊടി, മല്ലിപ്പൊടി, വിവിധയിനം മസാല പൗഡറുകൾ എന്നിവ വിപണിയിലെത്തിക്കുവാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടുണ്ട്.

(സി) റീട്ടെയിൽ വ്യാപാര മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിനും പുതു തലമുറയുടെ ഷോപ്പിംഗ് ശൈലികൾക്കനുസരിച്ച് വിപണന മാർഗ്ഗങ്ങൾ പരിഷ്കരിക്കുന്നതിനുമായി ഓൺലൈൻ പോർട്ടലുകൾ മുഖേന ഓർഡറുകൾ സ്വീകരിച്ച് വിതരണം നടത്തുന്നതിന്റെ സാധ്യതകൾ സപ്ലൈകോ പരിശോധിക്കുന്നുണ്ട്.

നിലവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്ന എഫ്.എം.സി.ജി സാധനങ്ങൾക്ക് പൊതുവിപണിയിലെ വിലയിൽനിന്നും 5 മുതൽ 30 വരെ ശതമാനം വിലക്കുറവ് ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. സപ്ലൈകോ സാമ്പത്തിക സുസ്ഥിരതയ്ക്കായി നടത്തുന്ന ഉപഭോക്തൃ സൗഹൃദ ഇടപെടലുകളുടെ ഭാഗമായി കണസ്യൂമർ ഓഫറുകൾ, ഉത്സവ സീസണുകളിൽ സമ്മാന പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**പ്രകൃതിദുരന്താഘാതം ലഘൂകരിക്കാൻ പദ്ധതി**

15(*15) <u>ശ്രീ. രാജു എബ്രഹാം :</u>
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങൾ ദുരന്തം സൃഷ്ടിക്കുന്നത് ആവർത്തിക്കാതിരിക്കാൻ പ്രളയപാഠത്തിന്റെ അടിസ്ഥാനത്തിൽ കേരള വികസനത്തിന്

അതിജീവനശേഷിയുള്ള നവകേരള നിർമ്മാണം സാധ്യമാക്കുന്നതിനുള്ള റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ രൂപരേഖ തയ്യാറായിട്ടുണ്ടോ;

(ബി) എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസന പ്രക്രിയക്ക് വിഘ്നമുണ്ടാക്കുന്ന തരത്തിൽ ചില നിക്ഷിപ്ത താല്പര്യക്കാർ ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവന തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ പശ്ചാത്തലത്തിൽ പ്രളയ സഹായ ഫണ്ട് സംബന്ധിച്ചുള്ള വസ്തുതകൾ വിശദമാക്കാമോ;

(സി) രക്ഷാപ്രവർത്തനവും പുനരധിവാസവും അനുപമമായി നടത്തി കാര്യനിർവ്വഹണ മികവ് തെളിയിച്ച പശ്ചാത്തലത്തിൽ അപകടസാധ്യത പ്രവചന മാനേജ്മെന്റ് സംവിധാനം വിപുലീകരിച്ച് ദുരന്താഘാതം ലഘൂകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. അതിജീവനക്ഷമവും പരിസ്ഥിതി സൗഹൃദപരവുമായ ഒരു നവകേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന സമഗ്ര മാർഗ്ഗരേഖയായ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പ്രളയ സഹായത്തിനായി പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടില്ല. എന്നാൽ, പ്രളയാനന്തരം സർക്കാർ ഏർപ്പെടുത്തിയ ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ മുഖേന ലഭിച്ച തുക, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വരവ് ചെയ്തിട്ടുണ്ട്. തികച്ചും സുതാര്യമായ ഒരു സംവിധാനത്തിലൂന്നിയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് പ്രവർത്തിക്കുന്നത്. ദുരിതാശ്വാസ നിധിക്ക് മാത്രമായുള്ള പ്രത്യേകം ബാങ്ക് അക്കൗണ്ട് നിലവിലുണ്ട്. ധനകാര്യ സെക്രട്ടറിയുടെ കീഴിലുള്ള ഈ അക്കൗണ്ട് റവന്യൂ വകുപ്പ് മുഖേനയുള്ള സർക്കാർ ഉത്തരവുകളിലൂടെയാണ് കൈകാര്യം ചെയ്യപ്പെടുന്നത്. അതത് ജില്ലാ കളക്ടർമാർ, റവന്യൂ സെക്രട്ടറി, റവന്യൂ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി എന്നിവർക്കാണ് ഫണ്ടിൽനിന്നും പണം അനുവദിക്കുന്നതിനുള്ള അധികാരം. ഇതുകൂടാതെ, 3 ലക്ഷം രൂപയ്ക്കു മുകളിലുള്ള എല്ലാ തുകയും മന്ത്രിസഭായോഗത്തിന്റെ അനുമതിയോടുകൂടി മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ.

പഴുതുകളില്ലാത്ത, കൃത്യമായ നിബന്ധനകളോടെ കൈകാര്യം ചെയ്യപ്പെടുന്ന ഈ ഫണ്ടിലേക്ക് 21/10/19 വരെയായി 4655.29 കോടി രൂപ ലഭിക്കുകയും, ഇതിൽ 2456.22 കോടി രൂപ ദുരിതബാധിതർക്ക് നൽകുന്നതിലേയ്ക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അപകടസാധ്യത പ്രവചന മാനേജ്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിനും അതുവഴി ദുരന്താഘാതം ലഘൂകരിക്കുന്നതിനുമായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ള 68 മാനുവൽ മഴമാപിനികൾക്ക് പുറമേ 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്രകാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 100 എണ്ണത്തിന് വേണ്ട സ്ഥലം ലഭ്യമാക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 10 പ്രധാന തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡുകളും സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടതിന്മേൽ പഠനങ്ങളും നടന്നുവരുന്നു.

പ്രാദേശികമായ ദുരന്ത സാധ്യതയെപ്പറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി പ്രത്യേക എസ്.എം.എസ്. സന്ദേശങ്ങളായി നൽകുവാൻ Location Based Messaging System നടപ്പാക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ദൈനംദിന കാലാവസ്ഥാ പ്രവചനം കൂടുതൽ സൂക്ഷ്മവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കുവാനുള്ള സാധ്യത പരിശോധിക്കുവാനും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ Medium Wave സംവിധാനം ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കാലാവസ്ഥാ പ്രവചനത്തിന് ഐ.എസ്.ആർ.ഒ.-യുടെ സഹായം തേടുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ പ്രവർത്തനക്ഷമമാക്കുന്നതിന് ചർച്ചകൾ നടന്നുവരുന്നു.

പ്രളയബാധിത പ്രദേശങ്ങൾ, പ്രളയത്തിൽ വെള്ളം കയറിയ ഉയരം എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് കേന്ദ്ര ജല കമ്മീഷന്റെ സഹായത്തോടെ ആധികാരികമായൊരു പ്രളയ ഭൂപടം തയ്യാറാക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരുന്നു.

ഇത്തരത്തിൽ ബഹുമുഖമായ ഇടപെടലുകളിലൂടെ അപകടസാധ്യത പ്രവചന മാനേജ്മെന്റ് സംവിധാനം വിപുലീകരിച്ച് ദുരന്ത സാധ്യത ലഘൂകരിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്.

## ബാലനിധിയിൽ നിന്നുള്ള സഹായം

16(*16) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. ഉണ്ണി:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ബാലസൗഹൃദ സംസ്ഥാനമാക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾക്ക് മികച്ച രീതിയിൽ പുനരധിവാസം സാധ്യമാക്കുന്നതിന് തുക അനുവദിക്കുന്നതിനായി ബാലനിധി എന്ന പേരിൽ നിധി രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ബാലനിധിയിൽനിന്നും നൽകിവരുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, അവരുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ച് അവബോധം നൽകുന്നതിന് ബാലനിധിയിൽനിന്നും സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി.കെ. കെ.ശൈലജ ടീച്ചർ):

(എ) കേരളത്തെ ബാലസൗഹൃദ സംസ്ഥാനമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിരം ചുവടെ ചേർക്കുന്നു:

1. ശരണബാല്യം പദ്ധതി.

ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ഭിക്ഷ യാചിക്കുന്ന കുട്ടികൾ എന്നിവരെ കണ്ടെത്തി അവർക്ക് സംരക്ഷണം നൽകുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് ശരണബാല്യം പദ്ധതി.

2. കാവൽ പദ്ധതി

നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികളെ ബാംഗ്ലൂർ ആസ്ഥാനമായ നിംഹാൻസിന്റെ സാങ്കേതിക സഹായത്തോടെ മനഃശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി സ്വഭാവപരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യ ജീവിതം നയിക്കുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കാവൽ പദ്ധതി നടപ്പിലാക്കിവരുന്നു.

3. കരുതൽ സ്പർശം

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കുടുംബങ്ങളിൽനിന്നുതന്നെ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആയവ തടയുന്നതിനും രക്ഷാകർതൃ ബോധവത്കരണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം കരുതൽ സ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2019 ജൂൺ 1 ഗ്ലോബൽ പേരന്റിംഗ് ഡേ മുതൽ 2019 നവംബർ 14 ശിശുദിനം വരെ മെഗാ ക്യാമ്പയിനുകൾ, വൾണറബിലിറ്റി സർവ്വേ എന്നിവ സംഘടിപ്പിച്ചുവരുന്നു.

4. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)

ഈ പദ്ധതി മുഖേന സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം നൽകി വരുന്നു.

(ബി) സമൂഹത്തിൽ ഏറ്റവും കൂടുതൽ വിഷമതകൾ അനുഭവിക്കുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി ധനസഹായം നൽകുന്നതിനായി ബാലനിധി രൂപീകരിച്ചിട്ടുണ്ട്.

(സി&ഡി) ശിശുക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്കായി നൂതന പദ്ധതികൾ അനുവദിക്കുന്നതിനും ബാലനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതാണ്. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ അവരുടെ അവകാശങ്ങൾ എന്നിവ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾക്കായി ബാലനിധിയിൽനിന്നും പണം ചെലവിടാം. കൂടാതെ കുട്ടികൾക്കുള്ള ചികിത്സ ആവശ്യങ്ങൾക്കും ബാലനിധിയിൽനിന്നും പണം ചെലവഴിക്കാറുണ്ട്.

## പി.എസ്.സി. പരീക്ഷകളുടെ വിശ്വാസ്യത

17(*17) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ഡോ. എം. കെ. മുനീർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷകളിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസം തിരികെ കൊണ്ടുവരാൻ സമീപകാല നിയമനങ്ങളെക്കുറിച്ച് വിപുലവും കാര്യക്ഷമവുമായ അന്വേഷണം ആവശ്യമാണെന്ന ഹൈക്കോടതിയുടെ അഭിപ്രായത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) യൂണിവേഴ്സിറ്റി കോളേജിലെ വധശ്രമ കേസ്സിലെ പ്രതികൾക്ക് പോലീസ് റാങ്ക് ലിസ്റ്റിൽ ഉയർന്ന റാങ്ക് ലഭിച്ചതിനെപ്പറ്റിയുള്ള അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരീക്ഷയുടെ ചോദ്യപേപ്പർ എങ്ങനെയാണ് പുറത്തെത്തിച്ചതെന്നും ഇതുമായി ബന്ധപ്പെട്ട ഗൂഢാലോചനയിൽ ആർക്കെല്ലാം പങ്കുണ്ടെന്നും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പി.എസ്.സി. പരീക്ഷാ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തുകയും കൂടുതൽ കുറ്റമറ്റ രീതിയിൽ പരീക്ഷകൾ നടത്തുന്നതിന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുകയും പരീക്ഷാ കേന്ദ്രത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ക്രൈം ബ്രാഞ്ച് അന്വേഷണം പുരോഗമിച്ചു വരുന്നു.

## വില നിയന്ത്രണ അതോറിറ്റി

18(*18) ശ്രീ. കെ. എം. ഷാജി:

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന തടയുന്നതിനും ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായുള്ള വില നിയന്ത്രണ അതോറിറ്റി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ കാലാവസ്ഥാവ്യതിയാനം, കൃഷി, ചരക്കുനീക്കം, വിലനിയന്ത്രണത്തിനുള്ള പദ്ധതികൾ എന്നിവ ഉൾപ്പെടുത്തി അതോറിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി വിപണിയിലെ സർക്കാർ ഇടപെടൽ ഉറപ്പാക്കാനായുള്ള നടപടികൾ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഭക്ഷ്യ പൊതു വിതരണ വകുപ്പിനുകീഴിൽ വില നിയന്ത്രണ അതോറിറ്റി നിലവിലില്ല. എന്നാൽ 15-5-2017-ലെ സ.ഉ.(കൈ)10/2017/ഭ.പൊ.വി.വ. പ്രകാരം രൂപീകരിച്ച വില നിരീക്ഷണ സെൽ (Price Monitoring Cell) സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി & സി) 'എ' പിരിവ് ചോദ്യത്തിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർക്കു സംരക്ഷണം**

19(*19) ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടത്തിൽപ്പെടുന്നവരെ കൃത്യസമയത്ത് ആശുപത്രികളിൽ എത്തിക്കാത്തതുമൂലം ഒട്ടേറെ മരണങ്ങൾ ഉണ്ടാകുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ സന്മനസ്സ് കാട്ടുന്നവരെ നിയമക്കുരുക്കുകളിൽനിന്നും രക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഇപ്രകാരം സഹായിക്കുന്നവർക്ക് ഏതൊക്കെ തരത്തിലുള്ള സംരക്ഷണമാണ് ഉറപ്പുവരുത്തുന്നതെന്ന് അറിയിക്കാമോ;

(ഡി) അപകടത്തിൽ പരിക്കേറ്റവർക്കുള്ള അടിയന്തര ജീവൻ രക്ഷാ ചികിത്സ, മുൻകൂർ പണം ഈടാക്കാതെ സ്വകാര്യ ആശുപത്രികൾ നല്കണമെന്ന തരത്തിൽ നിയമനിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാന പോലീസ് വകുപ്പിലെ ക്രൈം റിക്കോർഡ്സ് ബ്യൂറോ കേരളത്തിൽ ഉണ്ടാകുന്ന റോഡപകടങ്ങളെ സംബന്ധിച്ചും തദ്വാരാ ഉണ്ടാകുന്ന മരണത്തെ സംബന്ധിച്ചും റോഡപകടങ്ങളെ തുടർന്നുണ്ടാകുന്ന മുറിവുകളുടെ തീവ്രത, അപകടങ്ങൾ ഉണ്ടാകുന്ന സമയം, അപകടങ്ങൾ സംഭവിക്കുന്ന റോഡുകൾ, വാഹനങ്ങൾ എന്നിവയെ സംബന്ധിച്ചും വിശദമായ വാർഷിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ NATPAC-ന്റെ മേൽനോട്ടത്തിൽ റോഡപകടങ്ങൾ കൂടുതലായി സംഭവിച്ചിരിക്കുന്ന മേഖലകളെ പ്രത്യേകമായി കണ്ടെത്തി ജി.ഐ.എസ് മാപ്പിന്റെ സഹായത്തോടെ Black spot- കളായി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന ഏതൊരു വ്യക്തിക്കും യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തര ചികിത്സ പ്രാപ്യമാകുന്ന തരത്തിൽ മേൽ Black Spot-കൾ കേന്ദ്രീകരിച്ച് സാങ്കേതിക പരിജ്ഞാനമുള്ള ജിവനക്കാർ ഉൾപ്പെടെ വിന്യസിച്ചുകൊണ്ട് അത്യാധുനിക സംവിധാനത്തോടുകൂടിയ 315 ആംബുലൻസുകളുടെ സേവനം സമഗ്ര ട്രോമാകെയർ പദ്ധതിയുടെ ഭാഗമായി ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

(ബി) സേവ് ലൈഫ് എന്ന സംഘടന (Writ Petition (Civil) 235 of 2010 Save Life Foundation Vs Union of India) സമർപ്പിച്ച കേസ്സിന്മേൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 2016 മാർച്ച് 30- ന് പുറപ്പെടുവിച്ച Judgment- ലും ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ (Ministry of Road Transport and Highways Notification No.25035/101/2014-RS dated 12th May 2015) നോട്ടിഫിക്കേഷനിലും Good Samaritans' ന്റെ സംരക്ഷണത്തിനായുള്ള വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് നടപ്പിലാക്കി വരുന്നുണ്ട്. സർക്കുലർ 06/2009 തീയതി 25-2-2009 പ്രകാരം റോഡപകടങ്ങളിൽ പ്പെടുന്നവരെ ആശുപത്രിയിലെത്തിക്കുവാൻ സന്മനസ് കാണിക്കുന്നവരെ അത്യാവശ്യ സാഹചര്യങ്ങളിൽ ഒഴികെ കേസ്സുകളിൽ സാക്ഷിയാക്കുന്നതിൽനിന്നും സ്റ്റേഷനുകളിൽ വിളിച്ച വരുത്തുന്നതിൽനിന്നും ഒഴിവാക്കുകയും മറ്റ് നിയമക്കുരുക്കുകളിൽ നിന്നും സംരക്ഷണം നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് റോഡ് സുരക്ഷാ അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ള ഗുഡ് സമരിറ്റൻ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മോട്ടോർ വാഹന ആക്ട് (ഭേദഗതി ആക്ട് 2019) സെക്ഷൻ 134 എ(1) & എ(2) പ്രകാരം അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ സന്മനസ് കാട്ടുന്നവരെ നിയമക്കുരുക്കുകളിൽനിന്നും രക്ഷിക്കുന്നതിന് പര്യാപ്തമാണ്.

(സി) സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കുവാൻ സന്മനസ് കാണിക്കുന്നവർക്ക് നിയമപരമായ സംരക്ഷണം നൽകുവാൻ കേന്ദ്രസർക്കാരിന്റെ Ministry of Road Transport & Highways -ന്റെ 21-1-2016 ലെ RT-25035/101/2014/RS നമ്പരായ വിജ്ഞാപനം അനുസരിച്ചുള്ള Standard Operating Procedure-ഉം Good Samaritan Guidelines-ൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികളുമാണ് ഉറപ്പാക്കിയിട്ടുള്ളത്.

മോട്ടോർ വാഹന ആക്ട് (ഭേദഗതി ആക്ട് 2019) സെക്ഷൻ 134 എ(1) &എ(2) പ്രകാരം അപകടത്തിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിക്കാൻ സന്മനസ് കാട്ടുന്നവരെ നിയമക്കുരുക്കുകളിൽനിന്നും രക്ഷിക്കുന്നതിന് പര്യാപ്തമാണ്.

(ഡി) ആദ്യത്തെ 48 മണിക്കൂറിൽ സമഗ്ര ട്രോമാ കെയറിന്റെ ഭാഗമായി സർക്കാർ/എംപാനൽഡ് സ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ചികിത്സ നൽകുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ രൂപീകരിക്കുന്നതിന് ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പിനെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിയമ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

## പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണം

20(*20) ശ്രീ. എം. രാജഗോപാലൻ:

ശ്രീ. കെ. ജെ. മാക്സി:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൂല്യമായ പുരാവസ്തുക്കളുടെയും പൈതൃക സ്മാരകങ്ങളുടെയും സംരക്ഷണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ ജില്ലയിലെയും ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ, മന്ദിരങ്ങൾ, കൊട്ടാരങ്ങൾ, ആരാധനാലയങ്ങൾ, ശിലാഗുഹകൾ, ശാസനങ്ങൾ, നാണയങ്ങൾ, കോട്ടകൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിന് ജില്ലാതലത്തിൽ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശന യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അമൂല്യരേഖകളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങളുടെയും സങ്കേതങ്ങളുടെയും പൗരാണികാവശിഷ്ടങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണം നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ശരിയായ രീതിയിൽ നടത്തിപ്പോരുന്നു. ഇതിലേയ്ക്കായി കേരള പുരാവസ്തു വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നല്ലൊരുഭാഗം മാറ്റിവച്ചിട്ടുണ്ട്. ചരിത്രത്തിന്റെ ശേഷിപ്പുകൾ, പൈതൃകത്തിന്റെ അവശിഷ്ടങ്ങൾ, അവയൊക്കെ വരും തലമുറയ്ക്ക് പഠന വിധേയമാക്കാൻ പാകത്തിൽ നിലനിർത്തുക, ഇത്തരം സ്ഥലങ്ങളിലേയ്ക്ക് കൂടുതൽ സന്ദർശകരെ ആകർഷിക്കുക തുടങ്ങിയവയാണ് വകുപ്പിന്റെ പരിപ്രേക്ഷ്യത്തിൽ വരുന്ന സംഗതികൾ. നൂറ്റാണ്ടുകൾ പഴക്കമുള്ള പൈതൃക നിർമ്മിതികളെ അതേ രൂപത്തിലും തനിമയിലും നിലനിർത്തേണ്ടതുള്ളതു കൊണ്ടുതന്നെ നവീന മാർഗ്ഗങ്ങളും നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. പുരാവസ്തു വകുപ്പിൽ ഘടനാ സംരക്ഷണ വിഭാഗം, രാസ സംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകൾ തൽസ്ഥിതിയിൽ നിലനിർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്. നിലവിൽ 180-ൽപ്പരം സംരക്ഷിത സ്മാരകങ്ങൾ നമ്മുടെ പട്ടികയിലുണ്ട്. അവയുടെ സംരക്ഷണ പ്രവൃത്തികൾ മികച്ച രീതിയിൽ, അവ അർഹിക്കുന്ന ഗൗരവത്തിൽ തന്നെയാണ് നടപ്പിൽ വരുത്തുന്നത്. നിയമസഭാ സമുച്ചയത്തിലെ നിയമസഭാ സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടവും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുന്നതാണ്. അതിന്റെ സമഗ്ര സംരക്ഷണ പദ്ധതിയുടെ ഒന്നാംഘട്ടം പരമ്പരാഗത രീതിയിൽ വിജയകരമായി പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുറന്നുകൊടുത്തിട്ടുള്ളതാണ്. മാറുന്ന ലോകക്രമത്തിൽ മൺമറയുന്ന പലതരം പൈതൃകശേഷിപ്പുകളെ ഇത്തരത്തിൽ സംരക്ഷിക്കുക എന്നതാണ് ഘടനാ സംരക്ഷണ വിഭാഗം വഴി പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്നത്. ഈ പ്രവൃത്തികൾ ഏതെങ്കിലും ഒരു മുൻമാതൃക പിൻതുടർന്ന് നടത്താവുന്നതല്ല.

ഒട്ടേറെ വെല്ലുവിളികൾ നേരിടുന്ന ഒരു മേഖലയായതിനാൽ ഓരോ സ്മാരകവും സംരക്ഷിക്കുന്നത് അതിനാവശ്യമായ നൂതന രീതികൾ അവലംബിച്ചു തന്നെയാണ്. കണ്ണൂർ ജില്ലയിലെ കണ്ണവം തൊടീക്കളം ക്ഷേത്രത്തിലെ സംരക്ഷണ പ്രവൃത്തികൾ വളരെയേറെ പ്രാധാന്യത്തോടെ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മറ്റൊരു ഉദാഹരണം പുനലൂർ തൂക്കുപാലമാണ്. അതും പൈതൃകപ്രേമികളെ വളരെയധികം ആകർഷിക്കുന്ന രീതിയിലാണ് സംരക്ഷിച്ചുപോരുന്നത്. ഇവിടെ രണ്ടിടത്തും ഉപയോഗിച്ച സംരക്ഷണ രീതികൾ തുലോം വ്യത്യസ്തമാണ്. അതായത് ഓരോ സ്മാരകവും ആവശ്യപ്പെടുന്നത് വ്യത്യസ്തമായ രീതികളാണ്. ഇക്കാര്യം വകുപ്പ് വളരെ ഗൗരവമായി കണക്കിലെടുത്ത് സ്തുത്യർഹമായി നിർവ്വഹിച്ചുവരുന്നു. 2019-20 വർഷത്തിലേയ്ക്ക് 650 ലക്ഷം രൂപയാണ് ഘടനാ സംരക്ഷണ വിഭാഗത്തിന്റെ പദ്ധതി വിഹിതം.

രാസസംരക്ഷണ വിഭാഗമാണ് വസ്തുക്കളെ വിശിഷ്യ പ്രദർശന വസ്തുക്കളെ കൈകാര്യം ചെയ്യുന്നത്. മ്യൂസിയങ്ങളിലും മറ്റും പ്രദർശിപ്പിച്ചിരിക്കുന്ന നൂറ്റാണ്ടുകൾ പഴക്കമുള്ള വസ്തുക്കളെ നാശത്തിൽനിന്നും സംരക്ഷിച്ചു നിലനിർത്തുന്നതിന് സ്ഥായിയായ പരിചരണം ആവശ്യമാണ്. ഇവിടെയാണ് രാസസംരക്ഷണ വിഭാഗം ഉപയോഗത്തിൽവരുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയതു കൊണ്ടാണ് രാസസംരക്ഷണ വിഭാഗത്തിന് 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽനിന്നും 100 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. ഉത്ഖനനം വഴി ലഭിക്കുന്ന പൈതൃക ശേഷിപ്പുകളും മറ്റും രാസസംരക്ഷണം നടത്തിയതിന് ശേഷമാണ് മ്യൂസിയങ്ങൾ, സ്റ്റോറുകൾ തുടങ്ങിയവയിലേയ്ക്ക് മാറ്റുന്നത്. തലശ്ശേരിയിൽനിന്നും കിട്ടിയ പീരങ്കികൾ രാസസംരക്ഷണം നടത്തിയത് പുരാവസ്തു വകുപ്പിലെ രാസസംരക്ഷണ വിഭാഗമാണെന്ന കാര്യംകൂടി അറിയിക്കുന്നു. നവീനമായ രാസസംരക്ഷണ രീതികൾ ഉപയോഗിച്ച് അന്തർദ്ദേശീയ നിലവാരത്തിലാണ് സംരക്ഷണ പ്രക്രിയ നടത്തിവരുന്നത്. ഇതിനാവശ്യമായ സാങ്കേതികവിദ്യ വകുപ്പിലെ ഉദ്യോഗസ്ഥർ കരസ്ഥമാക്കിയിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ പരിശീലനങ്ങളും മറ്റും നൽകാൻ സർക്കാർ തയ്യാറുമാണ്.

(ബി) ഓരോ ജില്ലകളിലെയും ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ, മന്ദിരങ്ങൾ, കൊട്ടാരങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിന് ജില്ലാതലത്തിൽ ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങുന്നതിന് പദ്ധതിയിട്ടിരുന്നു. എന്നാൽ ഇൻഫർമേഷൻ സെന്ററിന് ആവശ്യമായ സ്ഥലം നാളിതുവരെ ലഭ്യമായിട്ടില്ല. ഇവ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പുരാവസ്തു വകുപ്പിലെ എഡ്യൂക്കേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ചരിത്ര-പുരാവസ്തു പ്രാധാന്യം വിളിച്ചോതുന്ന പ്രദർശന യൂണിറ്റ് നിലവിലുണ്ട്. കേരളത്തിന് അകത്തും പുറത്തും ചരിത്ര-സാംസ്കാരികാവബോധത്തിന്റെ ഭാഗമായി എക്സിബിഷനുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ മൊബൈൽ എക്സിബിഷൻ യൂണിറ്റ് ആരംഭിക്കുന്നതിനായി സംസ്ഥാനതലത്തിൽ താല്പര്യപത്രം ക്ഷണിച്ചിരുന്നെങ്കിലും യോഗ്യരായവരെ കണ്ടെത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

(ഡി) പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച പുരാരേഖകളുടെ സംരക്ഷണത്തിനായി കൺസർവേഷൻ വിഭാഗത്തിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ദ്രുതകർമ്മ സേന രൂപീകരിക്കുകയും ടി സംഘം പ്രളയ ബാധിത സ്ഥലങ്ങൾ സന്ദർശിച്ച് പ്രാഥമിക സംരക്ഷണം നടത്തുകയുമുണ്ടായി. തുടർന്ന് സംരക്ഷണം ആവശ്യപ്പെട്ട സ്ഥാപനങ്ങളിലെത്തി രേഖാ സംരക്ഷണവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കൂടുതൽ സംരക്ഷണം ആവശ്യമുള്ള റിക്കാർഡുകൾ സംരക്ഷണം നടത്തി നൽകുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## സിവിൽ പോലീസ് ഓഫീസർ പരീക്ഷയിലെ ക്രമക്കേട്

21(*21) <u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തിയ സിവിൽ പോലീസ് ഓഫീസർ പരീക്ഷയിൽ വ്യാപകമായ ക്രമക്കേട് നടന്നുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലുണ്ടായ കുത്ത് കേസ്സിലെ പ്രതികൾ കെ.എ.പി. 4 കാസർഗോഡ് ബറ്റാലിയനിലേയ്ക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ 1, 2, 28 റാങ്കുകൾ കരസ്ഥമാക്കിയിരുന്നോ; എങ്കിൽ പി.എസ്.സി.-യുടെ പരീക്ഷയിൽ അവർ എപ്രകാരം കൃത്രിമത്വം കാണിച്ചു എന്നാണ് പി.എസ്.സി.-യുടെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ സർക്കാർ ജോലിക്ക് ശ്രമിക്കുമ്പോൾ രാഷ്ട്രീയ സ്വാധീനവും ഗുണ്ടായിസവും കാണിച്ച് ചില വ്യക്തികൾ

പി.എസ്.സി. ലിസ്റ്റിൽ ഉന്നത റാങ്ക് കരസ്ഥമാക്കുന്നത് പി.എസ്.സി.യുടെ വിശ്വാസ്യതയെതന്നെ ചോദ്യം ചെയ്യുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയിട്ടില്ലേ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ പി.എസ്.സി.യുടെ വിശ്വാസ്യത നിലനിർത്തുവാൻ പരീക്ഷയിൽ തട്ടിപ്പും ക്രമക്കേടുകളും ഉണ്ടായെന്ന ആക്ഷേപം സി.ബി.ഐ. പോലുള്ള ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഇക്കാര്യത്തിലുണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരള പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 657/2017 വിജ്ഞാപന പ്രകാരം ആംഡ് പോലീസ് ബറ്റാലിയനുകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് കാസർഗോഡ് ജില്ലയ്ക്കുവേണ്ടി 22-7-2018-ാം തീയതി നടന്ന പി.എസ്.സി പരീക്ഷയിൽ ക്രമക്കേട് സംബന്ധിച്ച് ആരോപണമുയർന്നതിനെ തുടർന്ന് പി.എസ്.സി.-യുടെ ഇന്റേണൽ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി. തുടർന്ന് ഇത് സംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി കമ്മീഷൻ സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകി. അതേതുടർന്ന് ഒന്നു മുതൽ മൂന്നുവരെ പ്രതികൾ മേൽപ്പറയുന്ന പി.എസ്.സി പരീക്ഷയിൽ ഉന്നത റാങ്ക് കരസ്ഥമാക്കി പോലീസിൽ ജോലി നേടുക എന്ന ഉദ്ദേശ്യത്തോടെ, മറ്റ് പ്രതികളുമായി ഗൂഢാലോചന നടത്തി നാല് മുതൽ ആറ് വരെ പ്രതികളുടെ സഹായത്തോടെ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷയിൽ ക്രമക്കേട് നടത്തിയതായുള്ള കാര്യത്തിന് 7/8/2019-ൽ ക്രൈം നമ്പർ 429/CB/TVM/D/2019 u/s 406, 420, 120(B). 201, 34 IPC & 43 (a&b) 66 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് അന്വേഷണം നടത്തി വരുന്നു. ബന്തവസ്സിലെടുത്ത ഇലക്ട്രോണിക് ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാണ്.

(ബി) റാങ്ക് ലിസ്റ്റിൽ യഥാക്രമം 1, 2, 28 എന്നീ റാങ്കുകൾ കരസ്ഥമാക്കിയിട്ടുണ്ട്.

ക്രൈം ബ്രാഞ്ചിൽ അന്വേഷണത്തിലുള്ള ക്രൈം നമ്പർ 429/CB/TVM/D/2019 എന്ന കേസ്സിനാസ്പദമായ പി.എസ്.സി. സെക്രട്ടറിയുടെ പരാതിയിൽ, ഈ കേസ്സിലെ പ്രതികൾ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷയിൽ ക്രമക്കേട് നടത്തിയെന്ന് പി.എസ്.സി. വിജിലൻസ് വിഭാഗം കണ്ടെത്തിയതായി പരാമർശിച്ചിട്ടുണ്ട്.

(സി&ഡി) സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് (KAP IV) ബറ്റാലിയൻ കാസർഗോഡ് നടന്ന പരീക്ഷയിൽ ക്രമക്കേട് നടന്നുവെന്ന ആരോപണം ഉണ്ടായ ഉടനെതന്നെ അന്വേഷണം നടത്തുന്നതിലേയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ആഭ്യന്തര വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നൽകി. അന്വേഷണത്തിൽ ആരോപണം ശരിയാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് ആരോപണ വിധേയരായ ഉദ്യോഗാർത്ഥികളെ റാങ്ക് പട്ടികയിൽ നിന്നും സ്ഥിരമായി വിലക്കുവാനും ഇവരുടെ പ്രൊഫൈലുകൾ നിർജ്ജീവമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പരീക്ഷയിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു. അതോടൊപ്പം PSC പരീക്ഷകൾ കൂടുതൽ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടുംകൂടി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുവന്ന പരീക്ഷകളിൽ ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

## പൊതുവിതരണരംഗത്തെ കേന്ദ്രസർക്കാർ സമീപനം

22(*22) <u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയശേഷം കേന്ദ്രസർക്കാരിന്റെ സമീപനത്തിൽ സംസ്ഥാനത്തിന് ഗുണകരമായ മാറ്റമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മണ്ണെണ്ണ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങളിന്മേൽ കേന്ദ്ര നിലപാട് വ്യക്തമാക്കുമോ;

(സി) റേഷൻ കടകൾക്ക് ഏകീകൃത രൂപം നൽകുന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; എന്താണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കണമെന്ന അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിക്കുമോ;

(ഇ) ഒരു രാജ്യം ഒരു റേഷൻ എന്ന പദ്ധതി സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ നിരക്കിൽ ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങൾ 2016 നവംബർ മുതൽ MSP നിരക്കിലേ നൽകുകയുള്ളൂ എന്ന് കേന്ദ്ര സർക്കാരിൽനിന്ന് അറിയിക്കുകയും 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുകയും ചെയ്തു. ഇതേ തുടർന്ന് ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള ഭക്ഷ്യധാന്യങ്ങൾ 2016 നവംബർ മുതൽ അനുവദിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായി.

എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന് tide over വിഹിതത്തിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിലോ മറ്റ് സഹായങ്ങൾ നൽകുന്നതിലോ എന്തെങ്കിലും ഗുണകരമായ മാറ്റം കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

(ബി) 2019-20 സാമ്പത്തിക വർഷത്തിലെ ഒന്നാംപാദത്തിൽ നിലവിലുണ്ടായിരുന്ന പാദവിഹിതമായ 13908 KL ൽ നിന്നും വെട്ടിക്കുറച്ച് 9264 KL മണ്ണെണ്ണയാണ് രണ്ടാംപാദ വിഹിതമായി കേന്ദ്രം ലഭ്യമാക്കിയത്. സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം ഘട്ടംഘട്ടമായി കുറവ് വരുത്തുന്ന സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിലെ ഒന്നാംപാദത്തിൽ 27960 KL ആയിരുന്ന പാദ വിഹിതം ഘട്ടംഘട്ടമായി വെട്ടിക്കുറച്ച് 2017-18 സാമ്പത്തിക വർഷത്തിലെ മൂന്നാം പാദമായപ്പോഴേക്കും 13908 KL ആയി വിഹിതം പരിമിതപ്പെട്ടിരുന്നു. ആയത് ഉപയോഗിച്ച് സംസ്ഥാനത്തെ വൈദ്യുതീകരിച്ച കാർഡുകൾക്ക് കാർഡൊന്നിന് ½ ലിറ്റർ വീതവും വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് കാർഡൊന്നിന് 4 ലിറ്റർ വീതവുമാണ് പ്രതിമാസം വിതരണം നടത്തി വരുന്നത്.

മണ്ണെണ്ണ വിഹിതം 9264 KL ആയി വെട്ടിക്കുറച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ സബ്സിഡി മണ്ണെണ്ണ വിതരണം പ്രതിസന്ധിയിലായിരിക്കുകയാണ്. മേൽപ്പറഞ്ഞ പ്രകാരം ഇ-കാർഡ്, എൻ.ഇ- കാർഡുകൾക്ക് യഥാക്രമം ½ ലിറ്റർ, 4 ലിറ്റർ വീതം വിതരണം നടത്തുന്നതിന് പ്രതിമാസം 4404 KL ആവശ്യമായി വരും. ആയതിനാൽതന്നെ പാദവിഹിതത്തിൽ 4644 KL ന്റെ കുറവ് വരുത്തിയ (കേന്ദ്ര സർക്കാർ നടപടിയെത്തുടർന്ന് കുറവ് വരുത്തിയ) വിഹിതം യഥാർത്ഥ പ്രതിമാസ ആവശ്യകതയ്ക്ക് പര്യാപ്തമല്ലാത്തതിനാൽ 2019 സെപ്തംബർ മാസത്തിൽ NPNS വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽനിന്ന് ഒഴിവാക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമായി തീർന്നു.

സംസ്ഥാനത്തുണ്ടായ മണ്ണെണ്ണ വിതരണത്തിലെ പ്രതിസന്ധി ചൂണ്ടിക്കാട്ടി വെട്ടിക്കുറച്ച വിഹിതം പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തിലെ മൂന്നാം പാദത്തിലും 9264 KL മണ്ണെണ്ണയാണ് പാദവിഹിതമായി ലഭ്യമാക്കിയിരിക്കുന്നത്. ആയതിനാൽതന്നെ മൂന്നാം പാദത്തിലെ (ഒക്ടോബർ മുതൽ ഡിസംബർ 2019) അവസാന മാസമായ 2019 ഡിസംബറിൽ മണ്ണെണ്ണ വിതരണത്തിൽ പ്രതിസന്ധി ഉണ്ടാകുമെന്ന് കാണുന്നു.

(സി) സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000 രൂപ (മൂന്ന് കോടി അമ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.

1. ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിച്ചു.
2. നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിച്ചു.
3. കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്തു.
4. ഷട്ടർ/ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്തു.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ റേഷൻകടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും ഒരു പുതിയ മുഖം (ഏകീകൃത മാതൃക) നൽകി റേഷൻകടകളെ കൂടുതൽ പൊതുജനസൗഹൃദമാക്കുക എന്നതുമാണ് റേഷൻകട നവീകരണം കൊണ്ട് ലക്ഷ്യമിടുന്നത്.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 1966-ലെ കേരള റേഷനിംഗ് ഓർഡറിന്റെ ഭേദഗതി പ്രാബല്യത്തിൽ വന്നതിനുശേഷം പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്.

(ഇ) Integrated Management - Public Distribution System (IM- PDS) എന്ന പദ്ധതിയുടെ ലക്ഷ്യമായ "ഒരു രാജ്യം ഒരു റേഷൻ" എന്നത് കേരള, കർണ്ണാടക എന്നീ സംസ്ഥാനങ്ങളെ ഉൾപ്പെടുത്തി ഒരു ക്ലസ്റ്റർ എന്നുള്ള നിലയിൽ ഒക്ടോബർ 01, 2019 മുതൽ നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 01 ന് ടി പദ്ധതിയുടെ ട്രയൽ റൺ നടത്തുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽപ്പെട്ട ഗുണഭോക്താക്കളെ കർണ്ണാടകയിലെ റേഷൻകടയിൽ എത്തിച്ച് റേഷൻ സാധനങ്ങൾ വാങ്ങിക്കുകയും ആയത് പോലെ തന്നെ കർണ്ണാടകയിലെ ഗുണഭോക്താക്കളെ കേരളത്തിലെ മഞ്ചേശ്വരം താലൂക്കിലെ റേഷൻകടയിൽ എത്തിച്ച് ആധാർ ഓതന്റിക്കേഷനിലൂടെ റേഷൻ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഭക്ഷ്യ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

രാജ്യത്തൊട്ടാകെ എല്ലാ സംസ്ഥാനങ്ങളെയും ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ നിലവിൽ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്കും സംസ്ഥാനത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്കും അർഹമായ റേഷൻ വിഹിതം കൈപ്പറ്റുവാൻ സാധിക്കുകയുള്ളൂ. ആ ഘട്ടത്തിൽ മാത്രമേ ആയത് സംസ്ഥാനത്തിന് ഗുണകരമാണോ എന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

## ബന്ദിപ്പൂർ വഴിയുള്ള ദേശീയപാതയിൽ യാത്രാ നിരോധനം

23(*23) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബന്ദിപ്പൂർ വഴിയുള്ള ദേശീയപാതയിൽ രാത്രി ഒൻപത് മണി മുതൽ രാവിലെ ആറ് മണി വരെയുള്ള യാത്രാ നിരോധനം പകൽ കൂടി ബാധകമാക്കുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബന്ദിപ്പൂർ കടുവാ സംരക്ഷണ കേന്ദ്രത്തിലൂടെ കടന്ന് പോകുന്ന ദേശീയപാതയിൽ പൂർണ്ണമായും ഗതാഗതം നിരോധിക്കുന്നതിനെ അംഗീകരിക്കുമെന്ന കർണാടക ഉപമുഖ്യമന്ത്രിയുടെ പ്രസ്താവനമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോ;

(സി) യാത്രാനിരോധനത്തിനെതിരെ ബത്തേരിയിൽ ശക്തമായ ബഹുജന പ്രക്ഷോഭം ഉണ്ടായ സാഹചര്യത്തിൽ ജനങ്ങളുടെ ആശങ്ക അകറ്റുവാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഇക്കാര്യത്തിൽ ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) രാത്രി യാത്രാ നിരോധനം സംബന്ധിച്ചുള്ള കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഗതാഗതം പൂർണ്ണമായും നിരോധിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സുപ്രീം കോടതി ഉത്തരവായിട്ടില്ല.

(സി) സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനായി എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരുന്നത്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകദേശം 500 കോടി രൂപ ചെലവ് കണക്കാക്കുകയും ചെയ്തിരുന്നു. സംസ്ഥാന സർക്കാർ ഈ തുകയുടെ 50% വഹിക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഈ നിർദ്ദേശത്തെ എതിർക്കുകയുണ്ടായി. തുടർന്ന് സുപ്രീം കോടതി കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഉത്തരവിട്ടു. ഈ കമ്മിറ്റി നിലവിലുള്ള രാത്രിയാത്രാ നിരോധനം തുടരുന്നതിനും സംസ്ഥാന പാത 90-ഉം ദേശീയപാത 275-ഉം സംയോജിപ്പിച്ചുകൊണ്ട് പുതിയ ദേശീയപാത വികസിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു. ഇതിന്മേൽ സുപ്രീം കോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിനായി എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നാണ് കോടതി മുമ്പാകെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.

## സംസ്ഥാനത്തെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ

24(*24) ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെക്കുറിച്ചും പുനർ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും ഉയർന്നുവരുന്ന രാഷ്ട്രീയ പ്രേരിതമായ ആരോപണങ്ങൾ അവഗണിച്ചുകൊണ്ട് ഇവയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തുടർച്ചയായി പ്രകൃതി ദുരന്തങ്ങളും പ്രളയവും ഉണ്ടാകുന്ന പശ്ചാത്തലത്തിൽ കേരളത്തിന്റെ പരിസ്ഥിതിക്കും ഭൂമിശാസ്ത്രത്തിനും അനുയോജ്യമായ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

നടപടിക്രമങ്ങൾ ലഘൂകരിച്ചും കാര്യക്ഷമത ഉറപ്പാക്കിയും കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികളുടെയും വിദഗ്ധരായ കൺസൾട്ടന്റുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും 9-11-2018, 23-5-2019- കളിലെ സർക്കാർ ഉത്തരവുകൾ മുഖേന ഒരു ത്രിതല അഡ്മിനിസ്ട്രേറ്റീവ് സംവിധാനവും സമഗ്രമായ ഒരു വികസന നയരേഖയും യഥാക്രമം സാധ്യമാക്കിയിട്ടുണ്ട്. നടപ്പാക്കുന്ന പദ്ധതികളിന്മേലുള്ള ഉന്നതാധികാര സമിതിയുടെ കാലാകാലങ്ങളിലുള്ള കൃത്യമായ വിലയിരുത്തലുകളും ഉപദേശക സമിതിയുടെ നിർദ്ദേശങ്ങളും നിർവ്വഹണ സമിതിയുടെയും ആർ.കെ.ഐ- യുടെയും സമയോചിതമായ ഇടപെടലുകളും പുനർനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കാൻ സഹായിക്കുന്നു. ഇപ്രകാരം, വിമർശനങ്ങൾക്കതീതമായ പ്രവർത്തനങ്ങളാണ് പുനർനിർമ്മാണ പ്രക്രിയയിൽ നടപ്പാക്കി വരുന്നത്.

(സി) പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും അവസരമായും കണ്ട് ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) ലക്ഷ്യമിടുന്നത്.

സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, അന്താരാഷ്ട്ര ഏജൻസികൾ, വിഷയ വിദഗ്ധർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ചാണ് പുനർനിർമ്മാണ വികസന പരിപാടി രൂപപ്പെടുത്തിയിരിക്കുന്നത്. പരിസ്ഥിതി സൗഹൃദവും അതിജീവന ക്ഷമതയുള്ളതുമായ കേരളം, മേഖലാടിസ്ഥാനത്തിലുള്ളതും (Sector Based) വിവിധ മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ (Cross Cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള, ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള കേരള പുനർനിർമ്മാണത്തിന് കരുത്തേകുന്നതും ലക്ഷ്യത്തിലേക്ക് വഴികാട്ടുന്നതുമായ വികസന നയരേഖയെ അടിസ്ഥാനപ്പെടുത്തിയാണ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## പി.എസ്.സി.-യുടെ വിശ്വാസ്യത ഉറപ്പാക്കാൻ നടപടി

25(*25) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിലെ കുത്തു കേസ്സിൽ പ്രതികളായവർ പി.എസ്.സി. നടത്തിയ സിവിൽ പോലീസ് ഓഫീസർ പരീക്ഷയുടെ ചോദ്യപേപ്പർ ചോർത്തി ക്രമക്കേട് നടത്തിയ സംഭവത്തിൽ രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) ചോദ്യപേപ്പർ ചോർച്ചയുടെ ഉറവിടം കണ്ടെത്തിയോ; എങ്കിൽ വിശദമാക്കാമോ;

(സി) പോലീസ് പരീക്ഷയിലെ തട്ടിപ്പും സമീപകാലത്തെ നിയമനങ്ങളും അന്വേഷിച്ച് പി.എസ്.സി. യുടെ വിശ്വാസ്യത ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) അന്വേഷണം പൂർത്തിയായിട്ടില്ല.

(ബി) ഇക്കാര്യം ക്രൈം ബ്രാഞ്ച് അന്വേഷിച്ചു വരുകയാണ്.

(സി) പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുന്നതിലേയ്ക്കായി മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിച്ച് തുടർന്ന് നടന്ന പരീക്ഷകളിൽ ആയവ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

## പി.എസ്.സി. പരീക്ഷകൾ മലയാളത്തിലാക്കാൻ നടപടി

26(*26) ശ്രീ. പി. ജെ. ജോസഫ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പി.എസ്.സി. പരീക്ഷകളും മലയാളത്തിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഉയർന്ന സാങ്കേതിക ജോലികൾക്കൊഴികെയുള്ള എല്ലാ പരീക്ഷകളും മലയാളത്തിലാക്കുന്നതിന് എന്തെല്ലാം തടസങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(സി) സാങ്കേതിക പദങ്ങൾക്ക് തത്തുല്യമായ മലയാള പദങ്ങൾ കണ്ടെത്തുന്നതിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലെയുള്ള ഏതെങ്കിലും സ്ഥാപനത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പത്താം ക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്കെല്ലാം നിലവിൽ മലയാളത്തിൽ തന്നെയാണ് പരീക്ഷകൾ നടത്തുന്നത്. പ്ലസ് ടു തലംവരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക യോഗ്യതകൾ നിഷ്കർഷിച്ചിട്ടില്ലാത്തതുമായ തസ്തികകളുടെ പരീക്ഷകൾ മലയാളത്തിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണ ബിരുദം യോഗ്യതയായിട്ടുള്ള തസ്തികകളുടെ പരീക്ഷകൾക്ക് 10 മാർക്കിന് ഭാഷാചോദ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എ.എസ്. പരീക്ഷയുടെ പ്രാഥമിക പരീക്ഷയിൽ മലയാള ഭാഷാ ചോദ്യങ്ങൾ ഉൾപ്പെടുത്തുവാനും മുഖ്യ പരീക്ഷയിൽ ഉദ്യോഗാർത്ഥികൾക്ക് മലയാളത്തിലും ഉത്തരങ്ങൾ എഴുതുവാൻ കഴിയുന്നതുമാണ്.

(ബി&സി) പ്ലസ് ടു-വിന് മുകളിൽ ഉയർന്ന യോഗ്യതകൾക്കും സാങ്കേതിക യോഗ്യതകൾക്കും യൂണിവേഴ്സിറ്റിയിൽ പഠന മാധ്യമം മലയാളമല്ലാത്തതിനാൽ ശരിയായ രീതിയിൽ മലയാളത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. ഈ വിഭാഗം ചോദ്യകർത്താക്കൾക്ക് അഥവാ കേരളത്തിന് പുറത്തുള്ള ചോദ്യത്തിന് പുറത്തുള്ള ചോദ്യകർത്താക്കൾക്ക് മലയാളത്തിൽ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനും അല്ലെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിലുള്ള ചോദ്യങ്ങൾക്ക് ശരിയായ തർജ്ജമ നൽകി മലയാളത്തിലേയ്ക്ക് മൊഴിമാറ്റം നടത്തുന്നതിനും പ്രയാസങ്ങൾ നേരിടുന്നുണ്ട്. ഇതൊഴിവാക്കുന്നതിലേക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, വിവിധ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ, ഭാഷാ വിദഗ്ദ്ധർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവരുടെ യോഗം കൂടുകയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കൺവീനറായി സാങ്കേതിക പദങ്ങളുടെ മലയാള പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക പദങ്ങൾക്ക് തുല്യമായ പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകൾ മലയാളത്തിൽ നടത്തുവാൻ സാധിക്കുന്നതാണ്.

## പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിന് നടപടി

27(*27) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ അനുവദനീയമായ അംഗബലം അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള അംഗബലം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാന പോലീസ് സേനയിൽ കാലോചിതമായ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) സംസ്ഥാനത്ത് ക്രമസമാധാന പരിപാലനത്തിനും ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനുമുള്ള ശക്തമായ ഇടപെടലാണ് സർക്കാർ നടപ്പാക്കിയത്. പോലീസ് സേനയിലെ പോരായ്മകൾ പരിഹരിച്ച് ഉയർന്ന ഉദ്യോഗസ്ഥർ മുതൽ താഴ്ന്ന വിഭാഗം ജീവനക്കാർ വരെയുള്ളവരുടെ കാര്യക്ഷമമായ സേവനം ഉറപ്പുവരുത്തുന്നതിന് ക്രിയാത്മകമായ നടപടികളാണ് സർക്കാർ സ്വീകരിച്ചത്.

- ക്രമസമാധാന പരിപാലനത്തിനായി ഒരു എ.ഡി.ജി.പി.-യെയും രണ്ട് ഐ.ജി.-മാരേയും നിയോഗിച്ചു. ഇതിനു പുറമേ, നാല് മേഖലകളിലായി ഡി.ഐ.ജി.-മാരെ ചുമതലപ്പെടുത്തി. തിരുവനന്തപുരത്തും കൊച്ചിയിലും ഐ.ജി.-മാരെ കമ്മീഷണർമാരായി നിയമിച്ചു.
- സംസ്ഥാനത്തെ 471 പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചു.
- പുതുതായി 13 പോലീസ് സ്റ്റേഷനുകളും 4 തീരദേശ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചു. 6 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കി മാറ്റി.
- പയ്യന്നൂരും താനൂരും പുതിയ കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി.

- ട്രാഫിക് പോലീസ് സ്റ്റേഷനുകളെയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി കാര്യക്ഷമമായ ട്രാഫിക് നിയന്ത്രണം ഉറപ്പാക്കി.
- തീരദേശവാസികളായ 177 പേർക്ക് കോസ്റ്റൽ വാർഡൻമാരായി നിയമനം നൽകി. പ്രത്യേക നിയമനം വഴി ആദിവാസി വിഭാഗത്തിൽപ്പെട്ട 78 പേരെ പോലീസ് സേനയിൽ നിയമിച്ചു.
- സംസ്ഥാന വ്യവസായ സുരക്ഷാസേന വിപുലീകരിച്ച് കൊച്ചി മെട്രോയുടെ സുരക്ഷാ സംവിധാനം ഏറ്റെടുത്തു.
- ജില്ലാടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടുമാരെ ചുമതലക്കാരായി നിയമിച്ചുകൊണ്ട് ക്രൈം ബ്രാഞ്ച് പുനഃസംഘടിപ്പിച്ചു.
- സങ്കീർണ്ണവും അന്തർ സംസ്ഥാന വ്യാപകവുമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നാല് സെൻട്രൽ യൂണിറ്റുകൾ ക്രൈം ബ്രാഞ്ചിൽ ആരംഭിച്ചു.
- എ.ആർ. ബറ്റാലിയന്റെ കമാന്റോ വിഭാഗത്തിൽ 210 തസ്തികകൾ സൃഷ്ടിച്ചു.
- വനിതാ പ്രാധിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 451 തസ്തിക അടങ്ങുന്ന ഒരു പുതിയ ബറ്റാലിയൻ ആരംഭിച്ചു.
- മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഏഴ് പോലീസ് സ്റ്റേഷനുകൾക്ക് 216 തസ്തികകൾ അനുവദിച്ചു നൽകി.
- നാല് റവന്യൂ ജില്ലകളിൽ പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- തിരുവനന്തപുരത്തുള്ള സൈബർ ക്രൈം പോലീസ് സ്റ്റേഷനു പുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചു.
- 268 സബ് ഇൻസ്പെക്ടർ തസ്തിക ഇൻസ്പെക്ടർ തസ്തികയായി ഉയർത്തി അനുവദിച്ചതിനു പുറമേ 2742 സ്ഥിര തസ്തികകളും 240 താൽക്കാലിക തസ്തികകളും സൃഷ്ടിക്കുകയും 1873 താൽക്കാലിക തസ്തികകൾക്ക് തുടരാൻ അനുമതി നൽകുകയും ചെയ്തു.
- സമയബന്ധിതമായി ശാസ്ത്രീയമായ കുറ്റാന്വേഷണം ഉറപ്പാക്കുന്നതിനു തകുംവിധം ഫോറൻസിക് സയൻസ് ലാബുകളിൽ 59 വിവിധ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ യഥാസമയം നികത്തുവാൻ നടപടി സ്വീകരിക്കുന്നതിന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസ് സേനയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ച് നൽകുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക നില തടസ്സമാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിൽ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് ഉചിതമായി തീരുമാനിക്കുന്നതാണ്. പോലീസ് സേനയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി കാലോചിതമായ പരിഷ്കാരങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ളോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS Systems), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്ലൂസ് ബസ്സ് (ആൽക്കഹോൾ/ഡ്രഗ്ഗ് ഡിറ്റക്ഷനു വേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

കൂടാതെ താഴെ പറയുന്ന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ, ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ, സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത്വം വികസിപ്പിക്കൽ, പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയറും ഫർണിച്ചറും വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കൽ, പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം, എമർജൻസി റെസ്പോൺസ് സിസ്റ്റം പൂർണ്ണതോതിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നു.

**അർബുദ ചികിത്സ**

28(*28) <u>ശ്രീ. ഇ. കെ. വിജയൻ:</u>
<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അർബുദ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തി അർബുദംമൂലമുള്ള മരണനിരക്ക് കുറയ്ക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ;

(ബി) അർബുദ രോഗബാധ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പി.എച്ച്.സി.-കളിൽ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ, സ്വകാര്യ മേഖലകളിലെ അർബുദ ചികിത്സാ കേന്ദ്രങ്ങളെ ഒറ്റ ഗ്രിഡിനുള്ളിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ ഗുണഫലങ്ങൾ വിശദമാക്കുമോ;

(ഡി) കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ?

ആരോഗ്യവും സമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ.ശൈലജ ടീച്ചർ):

(എ) സംസ്ഥാനത്ത് അർബുദ ചികിത്സ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലോകാരോഗ്യ സംഘടന, സംസ്ഥാനത്തെ പ്രധാന കാൻസർ ചികിത്സാ കേന്ദ്രങ്ങൾ, സ്വകാര്യ ആശുപത്രികളിലെ വിദഗ്ധന്മാർ എന്നിവരുമായി സഹകരിച്ചുകൊണ്ട് "കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി" എന്ന ബൃഹത് പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. 2017 മുതൽ 2030 വരെയുള്ള കാലയളവിൽ കാൻസർ ചികിത്സയിലും കാൻസർ പ്രതിരോധത്തിലും നാം എങ്ങനെ മുന്നേറണം എന്ന് പ്രതിപാദിക്കുന്ന ഒരു ബൃഹത് രേഖയാണിത്.

ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളെ കാൻസർ ചികിത്സയുടെ മികവിന്റെ അടിസ്ഥാനത്തിൽ നാലായി തരം തിരിക്കുകയും ഓരോന്നിനും പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ത്രിതല സംവിധാനം വഴിയുള്ള കാൻസർ രോഗ നിർണ്ണയവും ചികിത്സയുമാണ് ഇപ്പോൾ സംസ്ഥാനത്ത് നടത്തി വരുന്നത്. റീജിയണൽ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, സർക്കാർ മെഡിക്കൽ കോളേജുകളിലെ കാൻസർ വിഭാഗങ്ങൾ, എറണാകുളം ജി.എച്ച് മുതലായ ആശുപത്രികളിലെ കാൻസർ വിഭാഗങ്ങൾ വഴിയാണ് രോഗനിർണ്ണയവും ചികിത്സയും നടത്തിവരുന്നത്. മെഡിക്കൽ കോളേജുകളിലെ കാൻസർ വിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോ പത്തോളജി വിഭാഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലെയും കാൻസർ വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, ഗൈനക്കോളജി വിഭാഗങ്ങൾ എന്നിവ കാൻസർ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും തുടർച്ചയായി നടത്തിവരുന്നു.

ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കാൻസർ നിർണ്ണയ കീമോതെറാപ്പി ചികിത്സാ ക്ലിനിക്കുകൾ ആരംഭിക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സേവനം നൽകി വരികയും ചെയ്യുന്നു. കൂടുതൽ ആശുപത്രികളിലേക്ക് ഈ സംവിധാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകൾ നടത്തി വരുന്നു.

അർബുദ ചികിത്സാ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീജിയണൽ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്ക് പരിശീലന പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ട്.

എറണാകുളം ജില്ലയിൽ ജില്ലാ സമഗ്ര കാൻസർ നിയന്ത്രണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കാൻസർ രജിസ്റ്ററി, കാൻസർ രോഗം നേരത്തേ കണ്ടുപിടിക്കൽ അതിനോടൊപ്പം തന്നെ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (CHC) എന്നീ ആശുപത്രികളിൽ ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് കാൻസർ രോഗ നിർണ്ണയം നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി വിജയമാകുന്ന പക്ഷം സംസ്ഥാനം മുഴുവൻ ഏകീകരിച്ച് മുന്നേറാൻ സാധിക്കും.

മലബാർ കാൻസർ സെന്ററിൽ ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒഴികെ മറ്റെല്ലാ ചികിത്സാ സൗകര്യങ്ങളും നിലവിലുണ്ട്.

അതോടൊപ്പം തന്നെ സർക്കാർ - സ്വകാര്യ മേഖലയിലെ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(ബി) നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമായ വദനാർബുദം, സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവ പ്രാരംഭ ദശയിൽത്തന്നെ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ സ്ക്രീനിംഗ് പദ്ധതി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗനിർണ്ണയ പദ്ധതിയുടെ ഭാഗമായി ആശാ വർക്കർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. എല്ലാ ജനങ്ങളുടെയും പ്രാഥമിക രോഗവിവര ശേഖരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനാൽ കാൻസർ രോഗലക്ഷണമുള്ളവരെ മുൻഗണനാ ക്രമത്തിൽ കാൻസർ രോഗ സ്ക്രീനിംഗിന് വിധേയമാക്കുന്നതാണ്.

(സി) ഉണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച കേരള കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി സർക്കാർ മേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് സമ്പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടുന്നതോടെ ചെറുതും വലുതുമായ എല്ലാ കാൻസർ കേന്ദ്രങ്ങളും ഒരു ശൃംഖലയ്ക്കുള്ളിൽ അണിചേരുകയും പൊതുവായ ചികിത്സാ മാനദണ്ഡങ്ങൾ അവലംബിക്കുകയും ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾക്കും സേവനങ്ങൾക്കും അനുസൃതമായി റഫറൽ സംവിധാനം നടപ്പിലാക്കുകയും ചെയ്യുന്നതാണ്. കൂടാതെ എല്ലാ കാൻസർ രോഗികളുടെയും രോഗവിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ഒരു സമ്പൂർണ്ണ രജിസ്ട്രി തയ്യാറാക്കുന്നതിനും സഹായകരമാവുകയും ചെയ്യുന്നു.

(ഡി) കേരളത്തിൽ കാൻസർ രോഗികൾ വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് കേരള ഗവൺമെന്റ് കേരള കാൻസർ രജിസ്ട്രി സ്ഥാപിക്കുന്നതിനായി കർമ്മ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലെ കാൻസർ രജിസ്ട്രികൾ കൂടാതെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ കാൻസർ രോഗികളുടെ വ്യക്തമായ കണക്കുകൾ ശേഖരിക്കുന്നതിനായി റീജിയണൽ കാൻസർ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് അനുസരിച്ച് തിരുവനന്തപുരം കാൻസർ രജിസ്ട്രി 2017 മുതൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലെ കാൻസർ രോഗികളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നുണ്ട്. ഇത് കൂടാതെ മേൽപറഞ്ഞ 5 ജില്ലകളിൽ നിന്നും കാൻസർ രോഗംമൂലം മരണപ്പെടുന്ന രോഗികളുടെ ഡാറ്റാ ബേസും (ഏതു വയസ്സിൽ, ഏതു കാൻസർ മൂലമാണ് മരണപ്പെട്ടത്) തയ്യാറാക്കി വരുന്നു ദേശീയ കാൻസർ രജിസ്ട്രിയുടെ മെതഡോളജിക്ക് അനുസൃതമായാണ് റീജിയണൽ കാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്.

(2) മലബാർ കാൻസർ സെന്റർ 2010 മുതൽ ഇവിടെ വരുന്ന രോഗികളെ കേന്ദ്രീകരിച്ച് Hospital Based Cancer Registry (HBCR) ആരംഭിക്കുകയും ഇതിനോടകം 6 റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളെ കേന്ദ്രീകരിച്ച് മലബാർ കാൻസർ സെന്റർ, 2014 ജനുവരി മുതൽ മലബാർ കാൻസർ രജിസ്ട്രി, മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി (MBPCR) എന്ന പേരിൽ നടത്തിപ്പിനായി എല്ലാ ജില്ലകളിലും

ജില്ലാ കളക്ടർ ചെയർമാനായുള്ള ഓരോ ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രക്ഷാധികാരിയായുള്ള ഈ കമ്മിറ്റിയുടെ കൺവീനർ മലബാർ കാൻസർ സെന്ററിന്റെ ഡയറക്ടറാണ്. മലബാർ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രിയുടെ പ്രഥമ റിപ്പോർട്ട് പുറത്തിറക്കിയിട്ടുണ്ട്. ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി ആരംഭിച്ച് 4 വർഷമായ അവസരത്തിൽ മലബാർ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു. ഇതിന്റെ ഭാഗമായുള്ള വിവര ശേഖരണം ജനുവരി 2018-ന് ആരംഭിച്ചു. ജനുവരി 2018 മുതൽ പുതുതായി അർബുദം കണ്ടെത്തിയവരുടെയും, അർബുദംമൂലം മരണമടഞ്ഞവരുടെയും വിവരങ്ങളാണ് ശേഖരിക്കുക.

തിരുവനന്തപുരം മെഡിക്കൽ കോളേജിലും തൃശ്ശൂർ മെഡിക്കൽ കോളേജിലും ICMR ന്റെ സഹകരണത്തോടെ HBCR (Hospital Based Cancer Registry) ആശുപത്രിയെ അടിസ്ഥാനമാക്കിയുള്ള കാൻസർ രജിസ്ട്രി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഈ കാൻസർ രജിസ്ട്രി തുടങ്ങുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(3) കൊച്ചി കാൻസർ റിസർച്ച് സെന്ററിനെ (CCRC) മധ്യകേരളത്തിലെ ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, എന്നീ ജില്ലകളിലെ കാൻസർ രജിസ്ട്രി വിവരങ്ങൾ ശേഖരിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അഴിമതി കേസ്സുകളിൽ അന്വേഷണം**

29(*29) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. ബി. സത്യൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ നേതൃത്വത്തിന്റെ കൂടി പങ്ക് അന്വേഷിക്കണമെന്ന വിജിലൻസ് കോടതിയുത്തരവിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ ടൈറ്റാനിയം അഴിമതി കേസ് സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിച്ചിട്ടുണ്ടോ; കേസ്സിലെ പ്രതികൾ ആരൊക്കെയെന്നും അവർക്കെതിരെയുള്ള ആരോപണങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ബി) വൻ തുക മുടക്കി നിർമ്മിച്ച പാലാരിവട്ടം പാലം രണ്ട് വർഷത്തിനുള്ളിൽ തകർന്ന സംഭവത്തിൽ നിർമ്മാണ കാലത്ത് ഭരണ

നേതൃത്വത്തിലുണ്ടായിരുന്നവർക്കും പങ്കുണ്ടെന്ന ആക്ഷേപം സംബന്ധിച്ച് വിജിലൻസ് നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) മുൻ സർക്കാരിലെ മന്ത്രിമാർക്കെതിരെ അക്കാലത്തും പിന്നീടും ഉയർന്ന അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിലും രാജ്യാന്തരതലത്തിലും അന്വേഷണം ആവശ്യമായതിനാൽ പ്രസ്തുത കേസ്സിന്റെ തുടരന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മുൻ അന്വേഷണത്തിൽ ഈ കേസിന്റെ പട്ടികയിൽ ചുവടെ ചേർത്തിരിക്കുന്നവർ ഉൾപ്പെട്ടിരിക്കുന്നു:

1. മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.
2. ശ്രീ. ഈപ്പൻ ജോസഫ്, മുൻ മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രേഡക്റ്റ്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.
3. ശ്രീ. സന്തോഷ് കുമാർ, ചീഫ് മാനേജർ (മാർക്കറ്റിംഗ്) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.
4. ശ്രീ. എ. എം. ഭാസ്കരൻ (മരണപ്പെട്ടു.), എക്സിക്യൂട്ടീവ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.
5. ശ്രീ. തോമസ് മാത്യു, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.
6. ശ്രീ. ബി. ഗോപകുമാരൻ നായർ, മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ്, കൊച്ചുവേളി, തിരുവനന്തപുരം.

മേക്കോൺ കമ്പനിക്ക് കൺസൽട്ടൻസി കരാർ നൽകുന്നതിൽ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ആയ രണ്ടാം കുറ്റാരോപിതൻ 3-ഉം 4-ഉം കുറ്റാരോപിതരുമായി ഗൂഢാലോചന നടത്തിയെന്നും തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് രണ്ടും ആറും കുറ്റാരോപിതർ

അനധികൃതമായ സാമ്പത്തിക നേട്ടം ഉണ്ടാക്കിയെന്നും മറ്റുമാണ് ഇവർക്കെതിരെയുള്ള ആരോപണങ്ങൾ സി.ബി.ഐ. അന്വേഷണത്തിലെ കണ്ടെത്തലുകൾ വരുമ്പോൾ പ്രതി പട്ടികയിൽ മാറ്റം വന്നേക്കാം.

(ബി) എറണാകുളം ജില്ലയിലെ പാലാരിവട്ടം ഫ്ലൈഓവറിന്റെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ചും സാങ്കേതിക തകരാറുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനുമായി ഉത്തരവായ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ 13(1) (d) r/w 13(2) വകുപ്പുകൾ പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമം 120 (ബി) വകുപ്പ് പ്രകാരവും വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ എറണാകുളം യൂണിറ്റിൽ വി.സി.01/2019/ഇ.കെ.എം എന്ന നമ്പരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിന്റെ അന്വേഷണം ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. പാലം തകർന്ന വിഷയവുമായി ബന്ധപ്പെട്ട അഴിമതിയിൽ നിർമ്മാണ കാലത്ത് ഭരണനേതൃത്വത്തിൽ ഉണ്ടായിരുന്ന മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി അടക്കമുള്ളവരുടെ പങ്ക് അന്വേഷിച്ചു വരികയാണ്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് അധികാരത്തിലിരുന്ന മന്ത്രിമാർക്കെതിരെ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സുകൾ/അന്വേഷണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പ്രളയാനന്തര പുനർനിർമ്മാണ പുരോഗതി

30(*30) ശ്രീ. എസ്. ശർമ്മ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്ത് ദുരന്തങ്ങൾ ആവർത്തിക്കാനിടയാക്കുന്ന സാഹചര്യത്തിൽ പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്ന തരത്തിലുള്ള വികസന മാതൃക ആവിഷ്കരിക്കുന്നതിന് സാധ്യതാപഠനം നടത്തുമോ;

(ബി) സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള ബൃഹത്തായ പ്രളയാനന്തര കേരള പുനർനിർമ്മാണ ലക്ഷ്യം നേടുന്നതിന്റെ പുരോഗതി അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രളയത്തിൽ തകർന്നവയ്ക്ക് പകരം വീട് ലൈഫ് മിഷനിൽപ്പെടുത്തി നിർമ്മിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ; സാമ്പ്രദായിക രീതിക്കുപകരം അതിജീവന ശേഷിയുള്ള നിർമ്മാണരീതി അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ&ബി) പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്ന തരത്തിലുള്ള പുനർനിർമ്മാണം എന്നത് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്നാണ്. പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന ദുരന്തങ്ങളെ നേരിടാനുള്ള ശേഷിയോടെ ആസ്തികൾ പുനർനിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ദുരന്ത ലഘൂകരണം സാധ്യമാക്കുന്ന തരത്തിൽ ഉയർന്ന എൻജിനീയറിംഗ് നിലവാരം, കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായുണ്ടാകുന്ന ദുരന്തങ്ങളുടെ അപകടം കുറയ്ക്കുന്നതിനായുള്ള ദുരന്തനിവാരണ രീതികളും സങ്കേതങ്ങളും, ആവാസ വ്യവസ്ഥകളെ സംരക്ഷിക്കുക, പരിസ്ഥിതി സൗഹൃദപരവും ചെലവു കുറഞ്ഞതുമായ രീതികളിലൂടെ ദുരന്താഘാതം കുറയ്ക്കുക തുടങ്ങിയവ പുനർനിർമ്മാണ പദ്ധതികളുടെ ഭാഗമാകും. പുനർനിർമ്മാണ പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവി (ആർ.കെ.ഐ)ന് രൂപം നൽകിയത്. 2018 ലെ പ്രളയാനന്തരം അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ നടത്തിയ പഠനമായ പി.ഡി.എൻ.എ. (Post Disaster Needs Assessment) യുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ആർ.കെ.ഐയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാനരേഖയായ കേരള പുനർനിർമ്മാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ വിവിധ പദ്ധതികൾ പരിഗണിച്ചുവരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(1) പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പു സാമ്പത്തിക വർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)

(2) തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽ നിന്ന്)

(3) ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്ക് കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

(4) വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

(5) മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം. (3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ) ജലവിഭവം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാര സമിതിയുടെ പരിഗണനയിലുണ്ട്.

(സി) പ്രളയത്തിൽ തകർന്ന വീടുകൾക്ക് പകരം വീടുകൾ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നില്ല. പ്രളയത്തിൽ തകർന്ന വീടുകളുടെ നിർമ്മാണം റവന്യൂ വകുപ്പ് മുഖേനയാണ്. 23-10-2019 വരെയുള്ള കണക്ക് പ്രകാരം, തകർന്ന 16380 വീടുകളിൽ 8115 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. സർക്കാർ സഹായത്തോടെ ഉടമകൾ സ്വന്തമായി നിർമ്മിച്ചതും കെയർ ഹോം പദ്ധതി, സ്പോൺസർമാർ എന്നിവ മുഖേന നിർമ്മിച്ച് നൽകിയതും ഇതിൽ ഉൾപ്പെടുന്നു. പ്രളയത്തിൽ തകർന്നവയ്ക്കു പകരം നിർമ്മിക്കുന്ന വീടുകൾ ചെലവ് കുറഞ്ഞവയും പരിസ്ഥിതിസൗഹൃദവും പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങളെ നേരിടാൻ ശേഷിയുള്ളവയുമായിരിക്കണമെന്ന് സർക്കാർ ലക്ഷ്യമിടുന്നു. ഇതിന് യോജിച്ച സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രീഫാബ് നിർമ്മാണ രീതി ഇതിന് ഉദാഹരണമാണ്. ഇതിൽ കോൺക്രീറ്റ് കെട്ടിടങ്ങൾക്കു പകരം പരിസ്ഥിതി സൗഹൃദ നിർമ്മാണരീതി ഉപയോഗപ്പെടുത്തുന്നു. ഈ സാങ്കേതികവിദ്യാ ചെലവും ഭാരവും കുറഞ്ഞതാണ്. സാമഗ്രികൾ പുനരുപയോഗം ചെയ്യുവാനും സാധിക്കും.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഡച്ച് സന്ദർശനം

1(1) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഡച്ച് സന്ദർശനത്തിൽ കേരളവുമായി ബന്ധപ്പെട്ട എന്തൊക്കെ പദ്ധതികളിലാണ് ചർച്ച നടത്തിയത്; അറിയിക്കാമോ;

(ബി) ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതൊക്കെ കാര്യങ്ങളിൽ തുടർച്ചയുണ്ടായി; വ്യക്തമാക്കാമോ;

(സി) ഡച്ച് ഭരണാധികാരിയെ മുഖ്യമന്ത്രി കേരളത്തിലേക്ക് ക്ഷണിച്ചിരുന്നോ; അദ്ദേഹം കേരളത്തിൽ എത്തിയിരുന്നോ;

(ഡി) പ്രസ്തുത സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പദ്ധതികളിൽ തീരുമാനം ഉണ്ടാകുകയോ ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പുഷ്പകൃഷി വികസനം, സമുദ്ര ജലനിരപ്പിന് താഴെയുള്ള കൃഷി, വാഴപ്പഴത്തിന്റെ കയറ്റുമതിക്ക് സഹായകമായി Shelf Life വർദ്ധിപ്പിക്കൽ, വെള്ളപ്പൊക്ക നിയന്ത്രണത്തിന്റെ നൂതന മാതൃക അവലംബിക്കൽ, ഡച്ച് പുരാവസ്തുരേഖകൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുക എന്നീ വിഷയങ്ങളിൽ അതത് മേഖലകളിലെ വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തുകയുണ്ടായി.

(ബി - ഡി) ഭാരത സന്ദർശനത്തിന്റെ ഭാഗമായി 2019 ഒക്ടോബർ 17, 18 തീയതികളിൽ നെതർലാൻഡ്സ് രാഷ്ട്രത്തലവൻ വില്യം അലക്സാണ്ടർ രാജാവ് കേരളം സന്ദർശിച്ചിരുന്നു. പ്രസ്തുത സന്ദർശന വേളയിൽ നെതർലാൻഡ്സ് നാഷണൽ ആർക്കൈവ്സും സംസ്ഥാന സർക്കാരും തമ്മിൽ സാംസ്കാരിക പൈതൃക പങ്കാളിത്ത വിനിമയ പദ്ധതി സംബന്ധിച്ച ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. സംസ്ഥാന പുരാരേഖാ വകുപ്പ് സൂക്ഷിച്ചിട്ടുള്ള ഡച്ച് രേഖകളുടെ ഡിജിറ്റൽ പകർപ്പ്, നെതർലാന്റ്സ് നാഷണൽ ആർക്കൈവ്സിൽ സൂക്ഷിച്ചിട്ടുള്ള കേരളത്തെ സംബന്ധിച്ച രേഖകളുടെ ഡിജിറ്റൽ പകർപ്പ് എന്നിവ പരസ്പരം കൈമാറുന്നതിനും ഡിജിറ്റൈസേഷൻ നടത്തിയ രേഖകൾ ഓൺലൈനായി പ്രസിദ്ധപ്പെടുത്തുന്നതിനും റിക്കാർഡുകളുടെ ശാസ്ത്രീയ പരിപാലനം, സംരക്ഷണം എന്നീ വിഷയങ്ങളിൽ പരസ്പര സഹകരണത്തിൽ ഏർപ്പെടുന്നതിനും ധാരണയായി. കൂടാതെ സംസ്ഥാന പുരാരേഖാ വകുപ്പിലെ രണ്ട് ഉദ്യോഗസ്ഥർക്ക് നെതർലാന്റ്സ് നാഷണൽ ആർക്കൈവ്സിൽ വച്ച് പരിശീലനം നൽകുന്നതിനും ധാരണയായി.

**സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ**

2(2) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിനും കഴിഞ്ഞ മൂന്ന് വർഷമായി ലഭിച്ച തുക എത്രയാണെന്നും ചെലവാക്കിയ തുക എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ

3 (3) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രകടന പത്രികയിലെ എത്ര വാഗ്ദാനങ്ങളാണ് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) അവശേഷിക്കുന്ന പദ്ധതികൾ സമയബന്ധിതമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) മുഴുവൻ വാഗ്ദാനങ്ങളും.

(ബി) പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ നാല് വർഷംകൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) സ്വീകരിക്കുന്നതാണ്.

## വൻകിട പദ്ധതികൾ

4(5) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തുടക്കം കുറിച്ച വൻകിടപദ്ധതികൾ ഏതൊക്കെയാണെന്ന് സൂചിപ്പിക്കാമോ;

(ബി) മേൽപ്പറഞ്ഞവയിൽ ഏതെല്ലാം പദ്ധതികൾ ഇതിനകം പൂർത്തിയാക്കി ഉദ്ഘാടനം നടത്തി എന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിച്ചതുമായ വൻകിടപദ്ധതികൾ ഏതൊക്കെയാണ്; അതിൽ ഏതൊക്കെ പദ്ധതികൾ ഉദ്ഘാടനം ചെയ്തു എന്ന് അറിയിക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## പരസ്യ ഇനത്തിലെ കുടിശ്ശിക

5(8) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പി.ആർ.ഡി. പരസ്യ ഇനത്തിലും സർക്കാർ ക്യാമ്പയിനുകൾക്കുമായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പരസ്യ ഇനത്തിലെ കുടിശ്ശിക ഈ സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പി.ആർ. ക്യാമ്പയിനുകളോടനുബന്ധിച്ചുള്ള പരസ്യം ഉൾപ്പെടെ എല്ലാ വിഭാഗം പരസ്യ ഇനത്തിൽ ചെലവഴിച്ച തുകയുടെ വർഷം തിരിച്ച കണക്കുകൾ ഇപ്രകാരമാണ്:

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 36,17,86,702 |
| 2012-13 | 26,48,10,268 |
| 2013-14 | 24,02,36,409 |
| 2014-15 | 29,99,99,500 |
| 2015-16 (24-5-2016 വരെ) | 41,32,52,679 |

ക്യാമ്പയിനോടനുബന്ധിച്ചുള്ള മറ്റ് ചെലവുകളുടെ കണക്കുകൾ ശേഖരിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പരസ്യ ഇനത്തിലെ കുടിശ്ശികയായ 41,77,48,918 (നാൽപ്പത്തി ഒന്ന് കോടി എഴുപത്തി ഏഴ് ലക്ഷത്തി നാൽപ്പത്തെണ്ണായിരത്തി തൊള്ളായിരത്തി പതിനെട്ട്) രൂപ നൽകിയിട്ടുണ്ട്.

## പൊതുഭരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

6(10) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഭരണം കാര്യക്ഷമവും അഴിമതി രഹിതവും ആക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം വേഗത്തിലാക്കാൻ പുതിയ സോഫ്റ്റ്‌വെയർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

**ജനസമ്പർക്ക പരിപാടി**

7(11) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് സി-ഡിറ്റിനെ കൂടി ഉപയോഗപ്പെടുത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സർക്കാർ സി-ഡിറ്റിന് എത്ര പണം നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇതിനായി മുഖ്യമന്ത്രിയുടെ ഓഫീസിലും സി-ഡിറ്റിലുമായി ചുമതല ഉണ്ടായിരുന്നവർ എത്രപേരെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2011-2016 കാലത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് സാങ്കേതിക സഹായവും വീഡിയോ കവറേജും നിർവ്വഹിച്ചിരുന്നത് സി-ഡിറ്റാണ് .

(ബി) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് സി-ഡിറ്റിന് 2011-ൽ 17.69 ലക്ഷം രൂപയും 2013-ൽ 193.30 ലക്ഷം രൂപയും 2015-ൽ 156.77 ലക്ഷം രൂപയും സർക്കാർ നൽകിയിട്ടുണ്ട്.

(സി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്രപേർ ചുമതല വഹിച്ചിരുന്നുവെന്ന വിവരം ലഭ്യമല്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സി-ഡിറ്റിൽ 2011-ൽ 12 ജീവനക്കാരും 2013-ൽ 52 ജീവനക്കാരും 2015-ൽ 61 ജീവനക്കാരും ചുമതല വഹിച്ചിട്ടുണ്ട്.

## ജനസമ്പർക്ക പരിപാടി

8(12) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലയളവിൽ ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചതിന് ഓരോ ജില്ലയിലും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മുൻ സർക്കാരിന്റെ കാലയളവിൽ ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചതിന് ഓരോ ജില്ലയിലും ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## സർക്കാരിന്റെ 1000 ദിനാഘോഷം

9(13) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 1000 ദിവസം പൂർത്തിയാക്കിയതിനോടനുബന്ധിച്ച് എന്തൊക്കെ ആഘോഷ പരിപാടികളാണ് സംഘടിപ്പിച്ചത്; ഇതിനായി ആകെ എന്ത് തുക ചെലവഴിച്ചു;

(ബി) ഇതിനോടനുബന്ധിച്ച് സമഗ്രമായ മാർക്കറ്റിംഗ് ഫീസ് ഏതൊക്കെ പത്ര മാസികകൾക്ക് നൽകിയിരുന്നു; ഈയിനത്തിൽ എന്ത് തുക ചെലവഴിച്ചു;

(സി) ഈ ആഘോഷ പരിപാടികളുടെ ഭാഗമായി റേഡിയോ പരസ്യം, ടി.വി. പരസ്യം, ഓൺലൈൻ പരസ്യം, തീയേറ്റർ പരസ്യം, കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ പരസ്യം, ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിലെ പരസ്യം, റെയിൽവേ സ്റ്റേഷനുകളിലെ പരസ്യം, എയർപോർട്ട് ട്രോളി പരസ്യം, പത്രമാധ്യമങ്ങളിലെ പരസ്യം എന്നീ ഓരോ ഇനത്തിലും എന്ത് തുകയാണ് ചെലവഴിച്ചത്;

(ഡി) ഇതോടനുബന്ധിച്ച് ഹോർഡിംഗ്, എൽ.ഇ.ഡി. വാൾ പരസ്യങ്ങൾ എന്നിവ നൽകിയിരുന്നോ; ഏത് ഏജൻസി വഴിയാണ് ഈ പരസ്യങ്ങൾ നൽകിയത്; ഇതിനായി ആകെ എന്ത് തുക ചെലവഴിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ആഘോഷ പരിപാടികളുടെ ഭാഗമായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര പുസ്തകങ്ങളും ലഘുലേഖകളും പോസ്റ്ററുകളും പ്രസിദ്ധീകരിച്ചു; വിശദാംശം നൽകുമോ; ഓരോന്നിനും എന്ത് തുക വീതം ചെലവഴിച്ചു;

(എഫ്) ആഘോഷ പരിപാടികളുടെ ഭാഗമായി നവകേരളം, നാം മുന്നോട്ട് എന്നീ ടി.വി. പരിപാടികളുടെ പ്രത്യേക എപ്പിസോഡുകൾ തയ്യാറാക്കി സംപ്രേക്ഷണം ചെയ്തിരുന്നോ; ഈ ഇനത്തിൽ ആകെ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 25-1-2019-ലെ സ.ഉ.(സാധാ) 512/2019/പൊ.ഭ.വ. പ്രകാരം അനുമതി ലഭിച്ചതനുസരിച്ച് സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാ തലത്തിൽ എക്സിബിഷൻ, കലാപരിപാടികൾ, വികസന സെമിനാറുകൾ എന്നിവയും കേന്ദ്രീകരിച്ച പ്രചാരണ/കലാപരിപാടി, ആയിരം ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും സമാപനവും മീഡിയ കോൺക്ലേവ്, മീഡിയ ക്യാമ്പെയിൻ എന്നിവയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഇതിനായി നാളിതുവരെയുള്ള കണക്ക് പ്രകാരം ചെലവഴിച്ച തുകയുടെ പട്ടിക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം | ചെലവ് |
|---|---|---|
| 1 | ജില്ലകളിൽ എക്സിബിഷനുകളും കലാപരിപാടികളും ജില്ലാ കളക്ടർമാർ മുഖാന്തരം സംഘടിപ്പിച്ചത് | 4,32,62,264 |
| 2 | മീഡിയ ക്യാമ്പെയിൻ (കെ.എസ്.ആർ.ടി.സി. ബസ് പരസ്യം) | 2,19,88,035 |
| 3 | ജില്ലാതല മീഡിയാ കോൺക്ലേവ് | 61,95,000 |
| 4 | ജില്ലകളിൽ വികസന സെമിനാറുകൾ | 21,46,101 |
| 5 | ഉദ്ഘാടന ചടങ്ങിനും സമാപന ചടങ്ങിനും | 33,20,140 |
| 6 | ജില്ലകളിൽ കേന്ദ്രീകരിച്ച പ്രചാരണ/ കലാപരിപാടി | 13,00,000 |
| | ആകെ | 7,82,11,540 |

കൂടാതെ ടി പരിപാടികളോടനുബന്ധിച്ച് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫോട്ടോ പ്രദർശനം, ജില്ലാതല പരിപാടികളുടെ പ്രചാരണം, പുസ്തകം/ ഫോൾഡർ/പോസ്റ്റർ എന്നിവയുടെ അച്ചടി, ഡോക്കുമെന്ററി ഫെസ്റ്റ്, ഹോർഡിംഗുകളിൽ പരസ്യം, പത്രങ്ങളിൽ പരസ്യം എന്നിവയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| 1 | ജില്ലാ തല പരിപാടികളുടെ പ്രചാരണം. | 6,70,916 |
| 2 | ജില്ലാതല പ്രദർശന വിപണന മേളയിൽ പ്രദർശന സ്റ്റാൾ | 11,50,173 |
| 3 | ഹോർഡിംഗുകൾ | 28,92,380 |
| 4 | വിവിധ പ്രസിദ്ധീകരണങ്ങൾ അച്ചടിച്ചതിന് | 1,40,44,384 |
| 5 | പത്രപ്പരസ്യം | 5,68,071 |
| 6 | ഡോക്യുമെന്റ് ഫെസ്റ്റ് | 19,71,214 |
| | ആകെ | 2,12,97,138 |

(ബി) മാർക്കറ്റിംഗ് ഫീസ് എന്ന കാറ്റഗറിയിൽ തുക അനുവദിച്ചിട്ടില്ല.

(സി) ആയിരം ദിനാഘോഷ പരിപാടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ പരസ്യം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 2,19,88,035 രൂപ ചെലവായിട്ടുണ്ട്.

ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി റേഡിയോ പരസ്യം, ടി.വി. പരസ്യം, ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ പരസ്യം, തിയേറ്റർ പരസ്യം, റെയിൽവേ സ്റ്റേഷനുകളിൽ പരസ്യം, എയർപോർട്ട് ട്രോളി പരസ്യം, പത്രമാധ്യമങ്ങളിൽ പരസ്യം എന്നിവ നൽകിയിട്ടില്ല. എന്നാൽ സർക്കാരിന്റെ വികസന ക്ഷേമപദ്ധതികളുടെ പ്രചരണാർത്ഥം ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ പരസ്യം, എയർപോർട്ട് ട്രോളി പരസ്യം, റെയിൽവേ സ്റ്റേഷനുകളിലെ പരസ്യം എന്നിവ ആയിരം ദിനങ്ങൾ എന്ന ക്യാപ്ഷനിൽ നൽകിയിട്ടുണ്ട്. ഇതിൽ ജലഗതാഗത വകുപ്പിന്റെ ബോട്ടുകളിൽ പരസ്യം നൽകിയ വകയിൽ നാളിതുവരെ തുക അനുവദിച്ചിട്ടില്ല. മറ്റ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവ് |
|---|---|---|
| 1 | എയർപോർട്ട് ട്രോളി പരസ്യം | 8,36,266 |
| 2 | റയിൽവേ സ്റ്റേഷനുകളിലെ പരസ്യം | 448400 |

(ഡി)ആയിരം ദിനാഘോഷത്തോടനുബന്ധിച്ച് ഹോർഡിംഗുകളിൽ പരസ്യം നൽകിയിരുന്നു. ഏജൻസികളുടെ പേര് ചുവടെ ചേർത്തിട്ടുണ്ട്:

1. ടൈം ആഡ് മീഡിയ, കൊച്ചി
2. സ്പെസ് ആഡ്സ്, മുംബൈ
3. സീറോ ഡിഗ്രി, തൃശ്ശൂർ
4. ഐശ്വര്യ മീഡിയ, കൊച്ചി

5. ബ്രൈറ്റ് കമ്മ്യൂണിക്കേഷൻസ്, കൊച്ചി
6. സീസ് ഔട്ട് ഡോർ മീഡിയ, കൊച്ചി
7. ചിത്ര പെയിന്റേഴ്സ്, കൊച്ചി
8. ചാംസ് ബ്രാന്റിംഗ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി

ഹോർഡിംഗിൽ പരസ്യം നൽകിയ ഇനത്തിൽ 28,92,380 രൂപ ചെലവഴിച്ചിട്ടുണ്ട്. എൽ.ഇ.ഡി. വാളിൽ പരസ്യം നൽകിയിട്ടില്ല.

കൂടാതെ സംസ്ഥാന സർക്കാരിന്റെ വികസനക്ഷേമ പദ്ധതികളുടെ പ്രചരണാർത്ഥം ആയിരം ദിനങ്ങൾ എന്ന ക്യാപ്ഷനിൽ ഹോർഡിംഗുകളിൽ പരസ്യം നൽകിയിട്ടുണ്ട്. ഈയിനത്തിൽ 19,38,462 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ എട്ട് ഏജൻസികളെ കൂടാതെ സിറ്റി അഡ്വർട്ടൈസേഴ്സ് - കൊച്ചി, ചക്ര കമ്മ്യൂണിക്കേഷൻസ് - തിരുവനന്തപുരം, ജെ.കെ. ആഡ്സ് കൊല്ലം എന്നീ ഏജൻസികൾ മുഖാന്തരമാണ് ഹോർഡിംഗുകളിൽ പരസ്യം നൽകിയിരുന്നത്.

(ഇ) ആഘോഷ പരിപാടികളുടെ ഭാഗമായി വകുപ്പ് പ്രസിദ്ധീകരിച്ച പ്രസിദ്ധീകരണങ്ങളുടെ വിവരങ്ങൾ അടങ്ങിയ പട്ടിക ചുവടെ ചേർക്കുന്നു:

| നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | ഫോൾഡർ (ഇനി നവകേരളത്തിലേക്ക്) | 75 ലക്ഷം | 1,34,67,784 |
| 2 | മലയാള പുസ്തകം (പറഞ്ഞതെല്ലാം ചെയ്തുനിറഞ്ഞു ഇനി നവകേരള നിർമ്മാണം) | 1000 | 1,74,900 |
| 3 | പോസ്റ്റർ (ഒന്നാണ് നാം ഒന്നാമതാണ് കേരളം) | 14000 | 85,400 |
| 4 | വകുപ്പുകളുടെ നയങ്ങൾ - പുസ്തകം (നവകേരളത്തിന്റെ നയരേഖകൾ) | 50 | 19,400 |
| 5 | ബഹു. മുഖ്യമന്ത്രിയുടെ പ്രസംഗം - പുസ്തകം (നവകേരളത്തിനായുള്ള നവോത്ഥാനം) | 1000 | 1,37,650 |
| 6 | അതിജീവനം ഡോക്യുമെന്ററി ഫെസ്റ്റ് പോസ്റ്റർ (അതിജീവനം) | 3000 | 19,550 |
| 7 | അതിജീവനം ഡോക്യുമെന്ററി ഫെസ്റ്റ് പുസ്തകം(അതിജീവനം ഡോക്യുമെന്ററി ഫെസ്റ്റ്) | 2000 | 1,39,700 |
| | ആകെ | | 1,40,44,384 |

(എഫ്) ആഘോഷപരിപാടികളുടെ ഭാഗമായി നവകേരളം, നാം മുന്നോട്ട് എന്നീ ടി.വി. പരിപാടികളുടെ പ്രത്യേക എപ്പിസോഡുകൾ തയ്യാറാക്കിയിട്ടില്ല.

## പി.എസ്.സി. മുഖേനയുള്ള നിയമനം

10(18) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) പുതിയ എത്ര തസ്തികകളാണ് ഈ സർക്കാർ കാലയളവിൽ സൃഷ്ടിച്ചത്;

(സി) പുതിയതായി സൃഷ്ടിച്ച തസ്തികകളിൽ എത്ര പേരെയാണ് നാളിതുവരെ നിയമിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2019 സെപ്റ്റംബർ വരെ 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## പുതിയ തസ്തികകൾ

11(19) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്ന് അറിയിക്കുമോ;

(ബി) ഓരോ വകുപ്പിലും സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ& ബി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ തസ്തികകളിലെ നിയമനം

12(20) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി വിവിധ തസ്തികകളിലേയ്ക്ക് നടന്നിട്ടുള്ള ആകെ നിയമനങ്ങൾ എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകളിൽ പുതുതായി അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം വിശദാംശങ്ങൾ സഹിതം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ വരെ 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

## വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനം

13(21) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പി.എസ്.സി മുഖേന വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ നാളിതുവരെ ആശ്രിത നിയമനം, മറ്റ് പ്രത്യേക വ്യവസ്ഥകൾ എന്നിവ പ്രകാരം എത്രപേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.-ക്ക് നൽകിയശേഷം സ്പെഷ്യൽ റൂൾസ് നിർമ്മിക്കാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത്തരം പൊതുമേഖലാ സ്ഥാപനങ്ങളിൽ അടിയന്തരമായി സ്പെഷ്യൽ റൂൾസ് നിർമ്മിച്ച് ആയതിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട കേരള സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്നതിന് നിയമന ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) അടിയന്തരമായി രൂപീകരിക്കുവാൻവേണ്ട നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് 8-8-2018-ൽ ഉപ.സി.1/208/17/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 20-8-2019-ലെ ഉപ.സി1/112/19/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം ഈ വിഷയത്തിൽ വീണ്ടും എല്ലാ ഭരണ വകുപ്പ് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഫയൽ അദാലത്തുകൾ**

14 (22) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ 2-നുമുമ്പ് കെട്ടിക്കിടക്കുന്ന എല്ലാ ഫയലുകളും തീർപ്പാക്കണമെന്ന മന്ത്രിസഭാ തീരുമാനമനുസരിച്ച് നാളിതുവരെ ഏതെല്ലാം വകുപ്പുകളിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചു; ഇതുവഴി എത്ര ഫയലുകൾ തീർപ്പാക്കി; വിശദാംശം നൽകുമോ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മാത്രം എത്ര ഫയലുകൾ തീർപ്പാക്കി; കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇ-ആപ്ലിക്കേഷൻ വഴി മാത്രം എത്ര പരാതികൾ ലഭിച്ചു; അവയിൽ എത്രയെണ്ണം തീർപ്പാക്കി; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഫയൽ തീർപ്പാക്കൽ തീവ്രയത്നം പരിപാടിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റിലും സംസ്ഥാനത്തെ എല്ലാ വകുപ്പുമേധാവികളുടെ ഓഫീസുകളിലും ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഫയൽ അദാലത്തിലൂടെ 1100675 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. 2019 ജൂലൈ 31 വരെ വകുപ്പുകളിൽ ലഭ്യമായ ഫയലുകളിന്മേലാണ് ഫയൽ അദാലത്തുകൾ സംഘടിപ്പിച്ചത്. 2019 ആഗസ്റ്റ് ഒന്ന് മുതൽ ഒക്ടോബർ 31 വരെയുള്ള മൂന്ന് മാസമാണ് ഫയൽ അദാലത്തുകൾ നടപ്പാക്കിയത്.

(ബി) ഫയൽ തീർപ്പാക്കൽ തീവ്രയത്നത്തിലൂടെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ മാത്രം തീർപ്പാക്കിയ ഫയലുകളുടെ എണ്ണം 97929 ആണ്. 2019 ജൂലൈ 31 വരെ ലഭ്യമായ ഫയലുകളിൽ 2019 ഒക്ടോബർ 31 വരെയുള്ള മൂന്ന് മാസത്തിനുള്ളിൽ 48.5 ശതമാനം ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) 24-10-2019 വരെയുള്ള കണക്കനുസരിച്ച് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനമായ cmo.kerala.gov.in എന്ന വെബ്പോർട്ടൽ വഴി 234559 പരാതികൾ കൈകാര്യം ചെയ്തിട്ടുണ്ട്. ഇവയിൽ 163302 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. 71257 പരാതികളിൽ നടപടി തുടർന്നുവരുന്നുണ്ട്.

**ദേശീയ-അന്തർദ്ദേശീയ ബഹുമതികൾ**

15(23) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിനും വിവിധ വകുപ്പുകൾക്കും ലഭിച്ച ദേശീയ-അന്തർദ്ദേശീയ ബഹുമതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2016 മേയ് മാസത്തിനുശേഷം പോലീസിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ച ദേശീയ-അന്തർദ്ദേശീയ അംഗീകാരങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

16(24) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ജീവനക്കാരുടെ ഹാജർ നിലയിലെ ക്ലിപ്തത ഉറപ്പാക്കുവാൻ ഏർപ്പെടുത്തിയ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം വിലയിരുത്തിയിട്ടുണ്ടോ; ഇത് വിജയപ്രദമാണോ;

(ബി) സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ ബയോമെട്രിക് സംവിധാനത്തിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സെക്രട്ടേറിയറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ശമ്പള വിതരണത്തിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയതിനെത്തുടർന്ന് ജീവനക്കാർക്ക് ഗ്രേസ് ടൈം അനുവദിച്ചിട്ടുണ്ടോ; അധിക സമയം ജോലി ചെയ്യുന്ന ജീവനക്കാർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഓഫീസുകളിലെ പ്രസ്തുത സംവിധാനം വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. നിലവിൽ ചീഫ് സെക്രട്ടറി, ബഹുമാനപ്പെട്ട മന്ത്രിമാർ നിർദ്ദേശിച്ച പേഴ്സണൽ സ്റ്റാഫംഗങ്ങൾ എന്നിവരെ ഈ സംവിധാനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. സെക്രട്ടേറിയറ്റിൽ ഒരു മാസത്തിൽ നിശ്ചിത പ്രവൃത്തി സമയമായ 7 മണിക്കൂർ കഴിഞ്ഞ് 10 മണിക്കൂറിലധികം ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഒരു ദിവസം കോമ്പൻസേറ്ററി ഓഫായി അനുവദിച്ചുവരുന്നു. വർഷത്തിൽ പരമാവധി 12 കോമ്പൻസേറ്ററി ഓഫിന് അർഹതയുണ്ട്.

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

17(25) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക ഉപയോഗത്തിന് നൽകിയിട്ടുള്ള വാഹനങ്ങൾ ഇതര ആവശ്യങ്ങൾക്ക്, പ്രദർശന ബോർഡ് നിലനിർത്തിയും അധികവും ബോർഡ് ഇളക്കി മാറ്റിയും ദുരുപയോഗം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യമായി ഒന്നും ചെയ്യുന്നില്ലെന്ന ആക്ഷേപം ഗൗരവമായി കാണുന്നതിന് തയ്യാറാകുമോ;

(ബി) ഇത്തരം വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തേണ്ടവർ പ്രസ്തുത ഉദ്യോഗസ്ഥരുടെ ഔദ്യോഗിക പദവിക്കും താഴെയാണെന്നതിനാൽ ഇക്കാര്യത്തിൽ നടപടിക്ക് ഒട്ടും സാധ്യത ഇല്ലെന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായിട്ടും എത്ര ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്താനായി; അതിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നതായുള്ള പരാതി ലഭ്യമാകുന്ന പക്ഷം ആവശ്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

(ബി) സർക്കാർ ഉത്തരവുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് വാഹന ദുരുപയോഗം സംബന്ധിച്ച പരിശോധന നടത്തുന്നത്. ഇത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലാണ് അംഗീകരിക്കുന്നത്. ആയതിനാൽ ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുവാൻ യാതൊരു തടസ്സവും നിലവിലില്ല.

(സി) 32 ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്താനായി. ഈ ജീവനക്കാർക്കെതിരെ നടപടി ശിപാർശ ചെയ്തിട്ടുണ്ട്. അതത് ഭരണ വകുപ്പാണ് നടപടി സ്വീകരിക്കേണ്ടത്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാർ കുട്ടികളെ ഓഫീസിൽ പ്രവർത്തന സമയത്ത് കൊണ്ടുവരുന്നതിനെതിരെ

18 (26) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ തങ്ങളുടെ കുട്ടികളെ ഓഫീസിൽ പ്രവർത്തന സമയത്ത് കൊണ്ടു വരുന്നതുമായി ബന്ധപ്പെട്ട് 18-5-2018-ലെ 112/ എ.ആർ.13(2)/ 18/ഉ.ഭ.പ.വ. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ വകുപ്പ് മേധാവികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ;

(ബി) ജനങ്ങൾക്ക് സേവനം ലഭിക്കുന്നതിലുണ്ടാകുന്ന അമാന്തത മനുഷ്യാവകാശ കമ്മീഷൻ എടുത്ത് പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സർക്കാർ ഇക്കാര്യം ഗൗരവമായി കാണുന്നുവെന്ന് ഉറപ്പാക്കുന്നതിന് സർക്കുലറുകൾക്ക് ഉപരി സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകളിലാകെ ഇത് സംബന്ധിച്ച പ്രാവർത്തിക നടപടികൾ കർശനമായി നടപ്പാക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് അതത് വകുപ്പ് മേലധികാരികൾ/ വകുപ്പ് അദ്ധ്യക്ഷന്മാർ ഉറപ്പുവരുത്തണമെന്നും നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി കൈക്കൊള്ളണമെന്ന നിർദ്ദേശത്തോടുകൂടിയാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ വിഷയത്തിൽ വകുപ്പ് മേധാവികൾ വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലും മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സേവനാവകാശ നിയമം

19(27) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സേവനാവകാശനിയമം പ്രാബല്യത്തിലുണ്ടോ; എങ്കിൽ ഈ നിയമം എപ്പോൾ നിലവിൽ വന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമം വരുന്നതിന് മുമ്പും നിലവിൽ വന്നതിനുശേഷവും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനത്തിലെ വ്യത്യാസം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) സേവനാവകാശനിയമം നിലവിൽവരുന്നതിനുമുമ്പ് 2005 മുതൽ ഓരോ വർഷവും തീർപ്പാകാതെ കിടന്നിരുന്ന ഫയലുകളുടെ എണ്ണം എത്രയായിരുന്നുവെന്നും നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഇത്തരം ഫയലുകളുടെ എണ്ണം എത്രയാണെന്നും സെക്രട്ടേറിയറ്റ്, ജില്ലാ കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സേവനാവകാശനിയമം നിലവിൽ വന്നതിനുശേഷം യഥാസമയം സേവനം ലഭ്യമാക്കാത്തതിന്റെ പേരിൽ ഏതെല്ലാം ഉദ്യോഗസ്ഥൻമാർക്കെതിരെ പരാതി ലഭിച്ചു എന്നും അവർക്കെതിരെ കൈക്കൊണ്ട ശിക്ഷാനടപടികൾ എന്തായിരുന്നുവെന്നും വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ സേവനാവകാശനിയമത്തിന്റെ കൃത്യമായ പാലനം കൊണ്ടാണോ ഇത്തരത്തിൽ പരാതികളും ശിക്ഷാനടപടികളും ഉണ്ടാകാത്തതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2012 നവംബർ 1-ന് സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്നു.

(ബി) സേവനാവകാശ നിയമം നിലവിൽ വന്നതുമൂലം പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാകുക എന്നത് നിയമംമൂലം അവകാശമായി അംഗീകരിക്കപ്പെട്ടു.

(സി) ഫയൽ തീർപ്പാക്കൽ പദ്ധതിയും സേവനാവകാശ നിയമവും തമ്മിൽ ബന്ധപ്പെടുത്താനുള്ള സാഹചര്യം നിലവിലില്ല. ഫയലുകൾ തീർപ്പാക്കുന്നതിനായി സർക്കാർ പ്രത്യേക നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. നിലവിൽ ഫയൽ തീർപ്പാക്കൽ യത്നം 2019 എന്ന പദ്ധതിയുടെ ഭാഗമായി 2019 ആഗസ്റ്റ് 1-ന് തുടങ്ങി 2019 ഒക്ടോബർ 31-ന് അവസാനിക്കുന്ന തരത്തിൽ നടപടികൾ തുടർന്നുവരുന്നു.

(ഡി & ഇ) സേവനാവകാശവുമായി ബന്ധപ്പെടുത്തി ഇത്തരത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

## കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട്

20(28) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള, ഡൽഹിയിലെ കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവയുടെ സമഗ്ര വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക എത്രയെന്നും ഏത് സ്ഥാപനത്തിനാണ് ടെൻഡർ നൽകിയതെന്നും വിശദമാക്കാമോ;

(സി) ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റുകൾ സർക്കാർ ചെലവിൽ വാങ്ങി കേരള ഹൗസ് ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അനുവദിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; എത്ര ഫ്ലാറ്റുകളാണ് ഇപ്രകാരം വാങ്ങുന്നത്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. കേരള സർക്കാരിന്റെ ന്യൂഡൽഹിയിലുള്ള വസ്തുവകകളുടെ സമഗ്രമായ വിനിയോഗത്തിനായി വിശദമായ ഒരു പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ആർക്കിടെക്ട്/ ആർക്കിടെക്ട് കൺസൽട്ടന്റിനെ തെരഞ്ഞെടുക്കാൻ തീരുമാനിക്കുകയും ആയതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ.ഉ.(എം.എസ്.) 50/2018/പൊ.ഭ.വ., സ.ഉ.(എം.എസ്.) 113/19/പൊ.ഭ.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് ആർക്കിടെക്ട്/ ആർക്കിടെക്ട് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി ഒരു പ്രി ബിഡ് മീറ്റിംഗ് 26-6-2019-ൽ ചേരുകയുമുണ്ടായി. എന്നാൽ പ്രസ്തുത മീറ്റിംഗിനുശേഷം ആർക്കിടെക്ട്/ ആർക്കിടെക്ട് കൺസൽട്ടന്റുകൾ ആരുംതന്നെ ടെണ്ടർ സമർപ്പിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾക്കായി നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിലടക്കം ഭേദഗതികൾ ആവശ്യമാണോ എന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) റസിഡന്റ് കമ്മീഷണറുടെ വിവിധ ഓഫീസുകളിലെയും ഗസ്റ്റ് ഹൗസ് ജീവനക്കാരെയും താമസിപ്പിക്കുന്നതിനായി ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റ് വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ റസിഡന്റ് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

### പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല

21(29) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണ നയത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് തരത്തിലെന്നും അതിന്റെ മുന്നോടിയായി അവരുമായി ചർച്ചയെന്തെങ്കിലും നടത്തിയിരുന്നോയെന്നും എത്ര തവണ എവിടെയൊക്കെ വച്ച് ചർച്ച നടത്തിയെന്നും ചർച്ചയിൽ പങ്കെടുത്തവർ ആരെല്ലാം എന്നുമുള്ള വിവരങ്ങളും അറിയിക്കുമോ;

(സി) ഓരോ ചർച്ചയുടെയും മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ പ്രധാന പൊതുമേഖലാ സ്ഥാപനങ്ങളെയും പൊതു ഗതാഗത സർവ്വീസിനെയും പ്രസ്തുത സൊസൈറ്റിക്ക് കൈമാറുന്നതിനുള്ള നീക്കം ഉപേക്ഷിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ - ഡി) കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണ നയത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനത്ത് ഇത്തരത്തിൽ യാതൊരുവിധ ചർച്ചകളും ഉണ്ടായിട്ടില്ല.

### കേരള പുനർ നിർമ്മാണ പദ്ധതി

22 (30) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളം എന്ന ലക്ഷ്യത്തിനായി ആരംഭിച്ച കേരള പുനർ നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഫണ്ട് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ട് സ്വരൂപിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനകം എന്ത് തുക ഇതിനായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കേരള പുനർ നിർമ്മാണ പദ്ധതിക്കായി ലോക ബാങ്കിൽ നിന്നും ഒരു ജർമൻ ബാങ്കിൽ നിന്നും വായ്പ ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്ത് തുകയുടെ വായ്പയാണ് ലഭിച്ചത്; ഇതിന്റെ പലിശ നിരക്കും, തിരിച്ചടവ് കാലാവധിയും വ്യക്തമാക്കുമോ;

(ഡി) റീ ബിൽഡ് കേരളയുടെ ഓഫീസിനായി ഏത് കെട്ടിടമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്; ഇതിന്റെ പ്രതിമാസ വാടക എത്രയാണ്;

(ഇ) പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ നവീകരണത്തിനായി എന്ത് തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) റീ-ബിൽഡ് കേരളയുടെ ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അവരുടെ നിയമനം എപ്രകാരമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോക ബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment (PDNA) പ്രകാരം പ്രളയാനന്തര പുനർ നിർമ്മാണത്തിനായി മൊത്തം 31,000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത്.

(ബി & സി) കേരള പുനർ നിർമ്മാണ പദ്ധതികൾക്കായി ലോക ബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പയും (DPL), ജർമൻ ബാങ്കായ KfW-ൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോക ബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമ്മൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടി അന്തിമഘട്ടത്തിലാണ്.

ലോക ബാങ്കിൽ നിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഭാഗം-എ<br>കൺസഷണൽ വായ്പ | ഭാഗം-ബി<br>നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശ നിരക്ക് | 1.25 ശതമാനം വാർഷിക പലിശ | LIBOR+ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവാധി | 15-11-2024 മുതൽ 15-5-2049 വരെ അർദ്ധ വാർഷിക തവണകൾ | 15-11-2024 മുതൽ 15-11-2043 വരെ 39 അർദ്ധ വാർഷിക തവണകൾ |

(ഡി) ആവശ്യമായ സാങ്കേതിക-പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടുത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനത്തിനായി സൗകര്യാർത്ഥം സെക്രട്ടേറിയറ്റിന് തൊട്ടടുത്തുതന്നെയുള്ള KLA Calsar Heather Tower എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 2973 ചതുരശ്ര അടി ഓഫീസ് സ്ഥലം 1,48,650 രൂപ പ്രതിമാസ വാടക നിശ്ചയിച്ച് എടുത്തിട്ടുണ്ട്.

(ഇ) പ്രസ്തുത കെട്ടിടത്തിൽ ഓഫീസ് സൗകര്യം ഒരുക്കുന്നതിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായി നിയമിച്ചു. 53 ലക്ഷം രൂപ (ജി.എസ്.ടി., സെന്റേജ് ചാർജ്ജുകൾ ഒഴികെ) അടങ്കൽ തുകയ്ക്കുള്ള സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടിക്രമം പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവൃത്തി ചെയ്യിപ്പിച്ചുവരുന്നു.

(എഫ്) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ ഒരു അഡീഷണൽ സെക്രട്ടറിയും ഒരു സെക്ഷൻ ഓഫീസറും മൂന്ന് അസിസ്റ്റന്റുമാരും ചേർന്നതാണ് റീബിൽഡ് കേരള ഓഫീസിന്റെ ഘടന. ഇതുകൂടാതെ 09-11-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഉചിതമെന്ന് തോന്നുന്ന മേഖലകളിൽനിന്നും വിദഗ്ധരെ കൺസൽട്ടന്റുമാരായി നിയമിക്കാവുന്നതാണ്. ഇപ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ 5 കൺസൽട്ടന്റുമാരും റീബിൽഡ് കേരള ഓഫീസിൽ സേവനം നൽകി വരുന്നു.

**പുതിയ തീരദേശ പരിപാലന വിജ്ഞാപനം**

23(33) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുതിയ തീരദേശ പരിപാലന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഈ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപ് കേന്ദ്രം സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാർ സമർപ്പിച്ച ശിപാർശകൾ പുതിയ കേന്ദ്ര വിജ്ഞാപനത്തിൽ പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആരാഞ്ഞിരുന്നു. സർക്കാരിന്റെ അഭിപ്രായം 14/06/2018-ലെ ബി3/133/2018/പരി നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 18/01/2019-ലെ GSR 37(E) നമ്പർ വിജ്ഞാപന പ്രകാരം ലഭിച്ച ഇളവുകൾ അനുബന്ധമായി ചേർക്കുന്നു.*

**തീരദേശ പരിപാലന നിയമം**

24(34) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ കേന്ദ്രം ഭേദഗതി വരുത്തിയതിനുശേഷം ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20/08/2019-ലെ സ.ഉ.(സാധാ) നമ്പർ 80/19/ പരി. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ (NCESS) ചുമതലപ്പെടുത്തി. പ്രസ്തുത ഉത്തരവ് പ്രകാരം 1-3-2020-നു മുമ്പ് 1:25000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനിന്റെ ഒരു സോഫ്റ്റ് കോപ്പിയും (Shape file) രണ്ട് ഹാർഡ് കോപ്പികളും അതിനുശേഷം ആറ് മാസത്തിനകം 1:4000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാനും കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രം കേരള തീരദേശ പരിപാലന അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. കേരള തീരദേശ പരിപാലന അതോറിറ്റി കാലാകാലങ്ങളിൽ നൽകുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ കേന്ദ്ര ഭൗമ ശാസ്ത്ര പഠനകേന്ദ്രം പരിഗണിക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 2011-ലെ തീരദേശ പരിപാലന പ്ലാനും 2019 കരട് തീരദേശ പരിപാലന പ്ലാനും തമ്മിൽ താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ട ചുമതലയും 2019-ലെ കരട് തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ടെക്നിക്കൽ സ്ക്രൂട്ടണി കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിക്കേണ്ട ചുമതലയും കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തിനാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മരടിലെ ഫ്ലാറ്റുകൾ

25(36) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരടിലെ ഫ്ലാറ്റുകൾ പൊളിച്ച് നീക്കുമ്പോൾ ഉണ്ടാകുന്ന പരിസര മലിനീകരണവും, പുഴ മലിനീകരണവും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഫ്ലാറ്റിന് സമീപ പ്രദേശത്തുള്ള കെട്ടിടങ്ങൾക്കും അതിലെ താമസക്കാർക്കും ഫ്ലാറ്റ് പൊളിക്കുമ്പോൾ ഉണ്ടാകുന്ന ആഘാതത്തിൽനിന്നും പരിരക്ഷ നൽകുന്നതിന് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി പരിസര മലിനീകരണവും പുഴ മലിനീകരണവും തടയുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിയാണ് നിർദ്ദിഷ്ട കെട്ടിട സമുച്ചയങ്ങൾ പൊളിക്കുന്നതിനുള്ള ഏജൻസികളുമായി കരാർ വച്ചിട്ടുള്ളത്. ഇതുമൂലമുണ്ടാകുന്ന ഡിമോളിഷൻ വേസ്റ്റ് പരിസ്ഥിതിക്ക് യാതൊരു ദോഷവുമില്ലാതെ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മരട് മുനിസിപ്പൽ സെക്രട്ടറിക്ക് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ഫ്ലാറ്റുകൾക്ക് സമീപത്ത് 100 മീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്കും അവിടത്തെ താമസക്കാർക്കുമായി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനം

26(38) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് നിയമനത്തിനായുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് സംബന്ധിച്ച് സർവ്വീസ് റൂൾസ് രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. വിജ്ഞാപനമിറക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എന്നത്തേക്കാണ് വിജ്ഞാപനം ഇറക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) 2019 ഡിസംബറിനുള്ളിൽ വിജ്ഞാപനമിറങ്ങിയില്ലെങ്കിൽ ഇതിനായി തയ്യാറെടുത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ പ്രായപരിധി കഴിഞ്ഞുപോകുന്നത് കണക്കിലെടുത്ത് നടപടികൾ ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് 29-12-2017-ൽ എസ്.ആർ.ഒ. നമ്പർ 861/17 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനത്തിൽ നിയമസഭ നിർദ്ദേശിച്ച ഭേദഗതികളടക്കം ഉൾക്കൊള്ളിച്ചുകൊണ്ട് 11-7-2019-ൽ എസ്.ആർ.ഒ. നമ്പർ 464/19 പ്രകാരം ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി &സി) പരീക്ഷാ വിജ്ഞാപനം സംബന്ധിച്ച നടപടികൾ സ്വീകരിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## സിവിൽ പോലീസ് ഓഫീസർ തസ്തിക

27(39) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സിവിൽ പോലീസ് ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശം നല്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ ഇതുവരെ എത്ര പേർക്ക് നിയമനം നൽകി ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നിലവിൽ കേരള സിവിൽ പോലീസ് കേഡറിൽ സി.പി.ഒ.-മാരുടെ 1114 ഒഴിവുകളും ബറ്റാലിയനുകളിൽ പോലീസ് കോൺസ്റ്റബിൾമാരുടെ 1072 ഒഴിവുകളുമാണുള്ളത്. അവയുൾപ്പെടെ 2019

ഡിസംബർ 31 വരെയുള്ള ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കേരള പി.എസ്.സി.-യുടെ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7098 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## പി.എസ്.സി. മുഖേന നിയമിച്ചവരുടെ എണ്ണം

28(40) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോ വകുപ്പുകളും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ വരെ 116719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും /നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളുടെ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധന നടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.എസ്.സി. നിയമനം

29(42) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ 2019 സെപ്റ്റംബർ വരെ പി.എസ്.സി. എത്ര പേർക്ക് നിയമനം നൽകി എന്നറിയിക്കുമോ; ഈ കാലയളവിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) അപേക്ഷ ക്ഷണിക്കൽ മുതൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് വരെയുള്ള ജോലികൾ വേഗത്തിലാക്കാൻ പി.എസ്.സി.-യ്ക്ക് സഹായകരമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ വരെ 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ 120 തസ്തികകൾ (112 സ്ഥിരം, 8 ദിവസവേതനം) സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) തെരഞ്ഞെടുപ്പ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ Govt./Aided എഞ്ചിനീയറിംഗ് കോളേജുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയും വിവരണാത്മക പരീക്ഷകൾക്ക് Onscreen marking സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം കൂടുതൽ വേഗത്തിൽ ആക്കുന്നതിലേയ്ക്ക് സർക്കാർ 120 തസ്തികകൾ പി.എസ്.സി.-യിൽ സൃഷ്ടിച്ചിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷാ ക്രമക്കേട്

30(43) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് കേന്ദ്രീകരിച്ച് നടന്ന പി.എസ്.സി. പരീക്ഷ ക്രമക്കേട് സംബന്ധിച്ച അന്വേഷണം ഏതുവരെയായെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം റാങ്ക് ലിസ്റ്റുകളിൽ ക്രമക്കേട് നടന്നിട്ടുള്ളതായിട്ടാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്; അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർ ആരൊക്കെ; വിശദമാക്കാമോ;

(സി) യൂണിവേഴ്സിറ്റി കോളേജിലെ അദ്ധ്യാപകരും അനദ്ധ്യാപകരും തട്ടിപ്പിന് സഹായം ചെയ്തുവെന്ന ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; തട്ടിപ്പിന് ഉത്തരവാദികളായവരുടെ പേരിൽ എന്തൊക്കെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) തട്ടിപ്പിലൂടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ കടന്നുകൂടിയ എല്ലാവരേയും ലിസ്റ്റിൽനിന്ന് ഒഴിവാക്കുവാൻ പി.എസ്.സി.-യോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) അടുത്തകാലത്തായി പി.എസ്.സി. നടത്തിയ മത്സരപ്പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച് ഹൈക്കോടതി ഉന്നയിച്ച സംശയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പി.എസ്.സി. പരീക്ഷകളുടെയും നടത്തിപ്പ് സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ക്രൈം നമ്പർ 429/CB/TVM/D/2019 u/s. 406, 420, 120(B), 201, 34 IPC & 43 (a&b) 66 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി & സി) കാറ്റഗറി നമ്പർ 657/2017 ആയുള്ള സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് 22-7-2018-ാം തീയതി നടന്ന പി.എസ്.സി. പരീക്ഷയിലാണ് ക്രമക്കേട് നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്. ഈ കേസ്സിലെ എല്ലാ ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു.

(ഡി&ഇ) പ്രസ്തുത ഉദ്യോഗാർത്ഥികളുടെ പേര് റാങ്ക് ലിസ്റ്റിൽനിന്നും നീക്കം ചെയ്യുന്നതിനും പ്രൊഫൈൽ നിർജ്ജീവമാക്കുന്നതിനും ഡീബാർമെന്റ് ഉൾപ്പെടെയുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

## പി.എസ്.സി. ഒഴിവുകൾ

31(44) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ ഒഴിവുകളും അപ്രതീക്ഷിത ഒഴിവുകളും സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി വകുപ്പ് മേധാവികൾക്ക് ആവർത്തിച്ച് നിർദ്ദേശം നൽകിയിട്ടും പല വകുപ്പ് മേധാവികളും ഇക്കാര്യത്തിൽ ജാഗ്രത കാണിക്കുന്നില്ലെന്നത് വസ്തുതയല്ലേ എന്ന് അറിയിക്കുമോ ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്നുള്ള ഉദ്യോഗാർത്ഥികളുടെ പരാതികളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ നേരിട്ട് അന്വേഷണം നടത്താറുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ ഏതൊക്കെ വകുപ്പ് മേധാവികൾക്കെതിരെ ഇതിനകം നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി വിവിധ കാര്യാലയങ്ങളിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം നേരിട്ട് പരിശോധനകളും നടത്താറുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന ഉദ്യോഗാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിലും നിയമനാധികാരികളുടെ കാര്യാലയങ്ങളിൽ പരിശോധന നടത്താറുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകാറുണ്ട്.

## പി.എസ്.സി. പരീക്ഷാ സെന്ററുകളിലെ മാറ്റം

32(45) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാല് കാസർഗോഡ് ബറ്റാലിയനിലേയ്ക്ക് പി.എസ്.സി. നടത്തിയ എഴുത്ത് പരീക്ഷയിൽ 1, 2, 28 എന്നീ റാങ്കുകൾ കരസ്ഥമാക്കിയ ആർ. ശിവരഞ്ജിത്, പി. പി. പ്രണവ്, എ. എൽ. നസീം എന്നിവർക്ക് കാസർഗോഡ് ജില്ലയ്ക്ക് വെളിയിൽ പരീക്ഷാ സെന്റർ അനുവദിച്ചിരുന്നുവോ; എങ്കിൽ ഏത് ജില്ലയിലാണ് സെന്റർ അനുവദിച്ചതെന്ന് അറിയിക്കുമോ ;

(ബി) കാസർഗോഡ് ജില്ലയ്ക്ക് പുറത്തുള്ള സെന്റർ പ്രസ്തുത വ്യക്തികൾക്ക് അനുവദിച്ചത് അവർ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലായിരുന്നുവോ; എങ്കിൽ അതിനുള്ള കാരണമായി അപേക്ഷയിൽ സൂചിപ്പിച്ച വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ജില്ലാ മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉദ്യോഗാർത്ഥികളുടെയും അപേക്ഷ പി.എസ്.സി. പരിഗണിക്കാറുണ്ടോ; പ്രസ്തുത പരിഗണന ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) കെ.എ.പി. നാല് കാസർഗോഡ് ബറ്റാലിയനിലേയ്ക്ക് നടന്ന എഴുത്തുപരീക്ഷയിൽ ആർ. ശിവരഞ്ജിത്ത്, പി. വി. പ്രണവ്, എ.എൽ. നസീം എന്നിവർ തിരുവനന്തപുരം ജില്ലയാണ് പരീക്ഷാ കേന്ദ്രമായി തെരഞ്ഞെടുത്തത്. പ്രസ്തുത തസ്തികയ്ക്ക് അപേക്ഷാ സമർപ്പണവേളയിൽതന്നെ എല്ലാ ഉദ്യോഗാർത്ഥികൾക്കും പരീക്ഷ എഴുതുവാൻ താൽപ്പര്യമുള്ള ജില്ലയും താലൂക്കും തെരഞ്ഞെടുത്ത് സമർപ്പിക്കുന്നതിനുള്ള സംവിധാനം ലഭ്യമായിരുന്നു.

## പി.എസ്.സി. വഴിയുള്ള നിയമനം

33(46) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പി.എസ്.സി. വഴി എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) അഡ്വൈസ് മെമ്മോ നേരിട്ട് കൈപ്പറ്റണമെന്ന പി.എസ്.സി.-യുടെ നിർദ്ദേശം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാക്കുന്ന സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിവിധ വകുപ്പുകൾ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്കുള്ള ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ വരെ 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) അഡ്വൈസ് മെമ്മോ തപാലിൽ അയയ്ക്കുന്നത് ലഭിക്കുന്നില്ല എന്ന പരാതികൾ ലഭിച്ചതിനാൽ കൃത്യമായി നേരിട്ട് ഉദ്യോഗാർത്ഥികളുടെ രേഖകൾ പരിശോധിച്ച് രജിസ്റ്ററിൽ ഒപ്പുവാങ്ങി ജില്ലാതല നിയമനങ്ങൾക്ക് ജില്ലാ ഓഫീസുകൾ മുഖേനയും സംസ്ഥാനതല നിയമനങ്ങൾക്ക് ആസ്ഥാന ഓഫീസ് മുഖേനയും നിയമന ശിപാർശ നൽകുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ കൃത്യമായി നേരിട്ട് നിയമന ശിപാർശ കിട്ടുന്നതിനാൽ സാങ്കേതിക തടസ്സമൊന്നും വന്നിട്ടില്ല. നിയമന ശിപാർശ കൈപ്പറ്റുന്നതിന് കൂടുതൽ സമയം വേണമെന്ന് ആവശ്യപ്പെടുന്നവർക്ക് ആയതിനുള്ള സൗകര്യം നൽകുന്നുണ്ട്.

(സി) ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനശിപാർശ താമസംവിനാ പി.എസ്.സി. നൽകിവരുന്നു.

## പി.എസ്.സി. പരീക്ഷകൾ മലയാളത്തിലാക്കുവാൻ നടപടി

34(47) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷ അടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ, ഇന്ത്യയിൽ ഒരേ ഭാഷ ഏറ്റവും അധികം ശതമാനം ജനങ്ങൾ ഉപയോഗിക്കുന്ന സംസ്ഥാനം എന്ന നിലയിൽ മലയാളത്തിന് അർഹമായ പ്രാതിനിധ്യം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും അതത് പി.എസ്.സി.-കൾ തൊഴിൽ പരീക്ഷ നടത്തുന്നത് ആ സംസ്ഥാനങ്ങളിലെ മാതൃഭാഷയിലും ഭാഷാ ന്യൂനപക്ഷങ്ങൾക്കുവേണ്ടി ഇംഗ്ലീഷിലുമാണെന്നിരിക്കെ കേരളത്തിൽ മാത്രം പി.എസ്.സി. പരീക്ഷകൾ ഇംഗ്ലീഷിൽ നടത്തുന്നതിന്റെ കാര്യകാരണങ്ങൾ അറിയിക്കുമോ;

(സി) ദരിദ്രരും സാധാരണക്കാരുമായ മലയാളികളാണ് പി.എസ്.സി.-യുടെ ഭാഷാ വിവേചനത്തിലൂടെ പുറത്താക്കപ്പെടുന്നത് എന്ന യാഥാർത്ഥ്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) മലയാള മാധ്യമത്തിൽ പരീക്ഷ നടത്തിയും ഇംഗ്ലീഷിലുള്ള അറിവ് പരിശോധിക്കുന്നതിന് അതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയും പരീക്ഷാ സംവിധാനം പരിഷ്കരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ/പൊതുമേഖല/സഹകരണ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും 2017 മേയ് 1 മുതൽ നിർബന്ധമായും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചുകൊണ്ട് ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

ഔദ്യോഗിക രംഗത്തെ മാതൃഭാഷാ ഉപയോഗം പരിപോഷിപ്പിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് കർമ്മപരിപാടി രൂപപ്പെടുത്തി നടപ്പിലാക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭരണ രംഗത്ത് മലയാളത്തിന്റെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗസ്ഥർക്കും മികച്ച ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

ഭരണഭാഷാ വ്യാപനത്തിന്റെ പ്രാധാന്യം ഉദ്ബോധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഭരണഭാഷാവബോധ പരിപാടി സംഘടിപ്പിച്ചുവരുന്നു.

ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണമലയാളം' എന്ന പേരിൽ ഔദ്യോഗിക ഭാഷാ വകുപ്പ് ഒരു ഓൺ ലൈൻ നിഘണ്ടു തയ്യാറാക്കിയിട്ടുണ്ട്. ഭരണ ഭാഷ സംബന്ധിച്ച 'ഭരണമലയാളം' മൊബൈൽ ആപ്ലിക്കേഷൻ നിലവിലുണ്ട്. ഭരണഭാഷ മലയാളമായി ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ 'ഭരണഭാഷാ പാഠ പദ്ധതി' എന്ന പുസ്തകം പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ദ്വിഭാഷാരീതിയിലായിരിക്കണമെന്ന് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ എല്ലാ പരീക്ഷകളും ഇംഗ്ലീഷ് മാധ്യമത്തിൽ അല്ല നടത്തുന്നത്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ അപേക്ഷകരായിട്ടുള്ള എൽ.ജി.എസ്., എൽ.ഡി.സി. എന്നീ തസ്തികകളിലേയ്ക്കുള്ള പരീക്ഷകളും 10-ാം ക്ലാസ്സ് വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള എല്ലാ പരീക്ഷകളും മലയാളം/തമിഴ്/കന്നഡ മാധ്യമത്തിലാണ് നടത്തുന്നത്. കൂടാതെ പ്ലസ് ടു അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള പരീക്ഷകളും മലയാളം/ തമിഴ്/ കന്നഡ മാധ്യമത്തിൽ നടത്തുവാൻ തീരുമാനമായിട്ടുണ്ട്. സാങ്കേതിക/ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകൾക്കും ബിരുദം വിദ്യാഭ്യാസ യോഗ്യതയായിട്ടുള്ള തസ്തികകൾക്കുമാണ് ഇംഗ്ലീഷ് മാധ്യമത്തിൽ നിലവിൽ പരീക്ഷകൾ നടത്തുന്നത്. അവയിൽ കൂടി മലയാളത്തിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തി പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കമ്മീഷന്റെ പരിഗണനയിലാണ്.

(സി) ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പി.എസ്.സി. പരീക്ഷയുടെ വിശ്വാസ്യത

35(48) ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയനിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയിൽ കൃത്രിമ മാർഗ്ഗങ്ങളിലൂടെ ഒരു വിദ്യാർത്ഥി സംഘടനയുടെ നേതാക്കൾ ഉയർന്ന റാങ്ക് കരസ്ഥമാക്കിയ സംഭവം പി.എസ്.സി.യുടെ വിശ്വാസ്യതയ്ക്ക് കോട്ടം ഉണ്ടാക്കിയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ കൃത്രിമത്വം കാട്ടാതിരിക്കുവാനുള്ള കർശന വ്യവസ്ഥകൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കർശന വ്യവസ്ഥകളാണ് പരീക്ഷാ നടത്തിപ്പിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ലക്ഷക്കണക്കിന് തൊഴിൽരഹിതരായ യുവതീ-യുവാക്കൾ പ്രതീക്ഷ അർപ്പിച്ചിരിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് പി.എസ്.സി.യുടെ ഭാഗത്തുനിന്നും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ - സി) സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് (കെ.എ.പി. നാല് ബറ്റാലിയൻ) കാസർഗോഡ് നടന്ന പരീക്ഷയിൽ ക്രമക്കേട് നടന്നുവെന്ന പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടുംകൂടി നടത്തുന്നതിന് കർശന മാർഗ്ഗനിർദ്ദേശങ്ങൾ പി.എസ്.സി. ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

36(49) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന 2019 സെപ്തംബർ മാസം വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന

ശിപാർശ നൽകിയിട്ടുണ്ട്; 2016-17 മുതൽ 2018-19 വരെ ഓരോ വർഷവും എത്ര നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് (2011-12 മുതൽ 2015-16 വരെ) ഓരോ വർഷവും എത്ര നിയമന ശിപാർശകൾ പി.എസ്.സി. വഴി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ വരെ 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊമ്പത്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഓരോ വർഷവും നൽകിയ നിയമന ശിപാർശയുടെ എണ്ണം താഴെ പറയുന്നു:

| | | |
|---|---|---|
| 2016 (മേയ് മാസം മുതൽ) | - | 26542 |
| 2017 | - | 35615 |
| 2018 | - | 28026 |
| 2019 | - | 26536 |

(സെപ്റ്റംബർ മാസം വരെ)

(ബി) മുൻ സർക്കാരിന്റെ കാലത്ത് നടന്ന നിയമന ശിപാർശയുടെ എണ്ണം താഴെ പറയുന്നു:

| | | |
|---|---|---|
| 2011 | - | 33155 |
| 2012 | - | 28409 |
| 2013 | - | 39183 |
| 2014 | - | 28270 |
| 2015 | - | 17815 |
| 2016 | - | 9792 |

(25-5-2016 വരെ)

## കേരള പി.എസ്.സി.-യിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക

37(51) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി.-യിൽ എത്ര ഓഫീസ് അറ്റൻഡ്ന്റ് തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരള പി.എസ്.സി.-യിൽ അറ്റൻഡന്റ് തസ്തികയിൽ എത്ര താല്ക്കാലിക കരാർ ജീവനക്കാർ ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള മുഴുവൻ ഓഫീസ് അറ്റൻഡന്റ് തസ്തികകളിലും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 170 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിലവിലുണ്ട്.

(ബി) 9 ദിവസവേതന ജീവനക്കാരാണ് ഉള്ളത്.

(സി) നിലവിൽ 8 ഒഴിവുകളുണ്ട്.

(ഡി) 30-6-2018 മുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ള മുഴുവൻ ഓഫീസ് അറ്റൻഡന്റ് തസ്തികകളിലും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനായി കാറ്റഗറി നമ്പർ 89/2019 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## പുതിയ തസ്തികകളും നിയമനവും

38(52) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന എത്ര തസ്തികകളിൽ പുതിയതായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദ വിവരം നൽകുമോ;

(ബി) പ്രസ്തുത കാലയളവിൽ സർക്കാർ-അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയിൽ പുതിയതായി എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വകുപ്പുകൾ തിരിച്ച് വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 സെപ്റ്റംബർ വരെ 116719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊമ്പത്) ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഭരണഭാഷ**

39(54) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ;

(സി) കേരള പി.എസ്.സി. നടത്തുന്ന പരീക്ഷകളും, വകുപ്പുതല പരീക്ഷകളുടെ (ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്) ചോദ്യ പേപ്പറുകൾ പൂർണ്ണമായും മലയാളത്തിൽ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇവയ്ക്ക് എന്ന് മുതൽ പ്രാബല്യം ഉണ്ടാകുമെന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. എല്ലാ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിയിട്ടുണ്ട്. കൂടാതെ, ഔദ്യോഗികഭാഷ മലയാളമായിരിക്കണം എന്ന വ്യവസ്ഥ നിർബന്ധമാക്കി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. യൂണികോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, കോഡുകളും മാന്വലുകളും ഫോറങ്ങളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചാരണം, ഓഫീസ്, വാഹനങ്ങളുടെ ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിവരുന്നുണ്ട്.

ഭരണഭാഷ സംബന്ധിച്ച ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി അവബോധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതതല സമിതി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതി, വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ വകുപ്പുതല സമിതി,

വകുപ്പ് മേധാവി അദ്ധ്യക്ഷനായ വകുപ്പുതല ഏകോപന സമിതി, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല ഏകോപന സമിതി, ജില്ലാതല മേധാവി അദ്ധ്യക്ഷനായ ജില്ലാതല ഔദ്യോഗിക ഭാഷാ സമിതി തുടങ്ങിയ സമിതികൾ നിശ്ചിത കാലയളവിൽ യോഗം ചേർന്ന് ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നുണ്ട്. ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ "ഭരണമലയാളം" എന്ന പേരിൽ ഔദ്യോഗികഭാഷാ വകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 26-4-2017-ലെ സ.ഉ.(അച്ചടി) നമ്പർ 6/2017/ഉ.ഭ.പ.വ. പ്രകാരം, സർക്കാർ ഉത്തരവുകൾ മലയാളത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പത്താം ക്ലാസ് വരെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള തസ്തികകൾക്ക് നിലവിൽ മലയാളത്തിലാണ് പി.എസ്.സി. പരീക്ഷകൾ നടത്തുന്നത്. സാങ്കേതിക യോഗ്യതകൾ ആവശ്യമില്ലാത്ത പ്ലസ് ടു തലം വരെ അടിസ്ഥാന യോഗ്യതയുള്ള തസ്തികകളുടെ പരീക്ഷകൾ മലയാളത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്ലസ് ടു-വിന് മുകളിൽ ഉയർന്ന യോഗ്യതകൾക്കും സാങ്കേതിക യോഗ്യതകൾക്കും യൂണിവേഴ്സിറ്റിയിൽ പഠനമാധ്യമം മലയാളമല്ലാത്തതിനാൽ ശരിയായ രീതിയിൽ മലയാളത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. ഇതൊഴിവാക്കുന്നതിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കൺവീനറായി സാങ്കേതിക പദങ്ങളുടെ മലയാള പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക പദങ്ങൾക്ക് തുല്യമായ പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാക്കുന്ന മുറയ്ക്ക് പരമാവധി പരീക്ഷകൾ മലയാളത്തിൽ നടത്തുവാൻ സാധിക്കുന്നതാണ്.

## സ്പെഷ്യൽ റൂൾസ് ഭേദഗതി

40(55) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ വിവിധ തസ്തികകളിലെ വിദ്യാഭ്യാസ യോഗ്യതകളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്പെഷ്യൽ റൂൾസ് ഭേദഗതി വരാത്തത് കാരണം വിവിധ വകുപ്പുകളിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) സൈക്ലിംഗ്, ഫോട്ടോഗ്രാഫി, സിനിമാ പ്രൊജക്ഷൻ തുടങ്ങിയ കാലഹരണപ്പെട്ട പരീക്ഷാ രീതികൾ ഒഴിവാക്കി ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് ഉചിതമായ ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയ്ക്ക് തത്തുല്യമായ യോഗ്യതകൾ പി.എസ്.സി.-യുമായും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്നതിന് ഭരണ വകുപ്പുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തും ഇലക്ട്രോണിക്സ് രംഗത്തും കാലാനുസൃതമായി ഉണ്ടായ മാറ്റങ്ങൾ സിവിൽ സർവ്വീസിന് ഉപകാരപ്രദമാകുന്ന തരത്തിൽ ക്ലാർക്ക്, അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനംകൂടി യോഗ്യതയായി ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. വിവിധ വകുപ്പുകളിൽ പുതുതലമുറ വിദ്യാഭ്യാസ യോഗ്യതകൾക്കനുയോജ്യമായ തസ്തികകൾ കണ്ടെത്തുവാനും ആവശ്യമെങ്കിൽ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യാനും ഭരണ വകുപ്പുകളോട് ആവശ്യപ്പെടുകയും തസ്തികകളുടെ ചുമതല നിർവ്വഹിക്കാൻ ഇത്തരം പുതുതലമുറ കോഴ്സുകൾ പര്യാപ്തമാണോ എന്ന് കണ്ടെത്തി ഇതിന് ഒരു പൊതു മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് നിർദ്ദേശം സമർപ്പിക്കാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് പി.എസ്.സി. സ്വീകരിച്ച നടപടികൾ

41(56) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. എത്ര തസ്തികകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവഴി എത്ര ലക്ഷം അപേക്ഷകൾ ലഭിച്ചുവെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകളിൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) പരീക്ഷകൾ സമയബന്ധിതമായി നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2184 (രണ്ടായിരത്തി ഒരുന്നൂറ്റി എൺപത്തി നാല്) തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) 2,88,48,961 (രണ്ട് കോടി എൺപത്തി എട്ട് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി തൊള്ളായിരത്തി അറുപത്തി ഒന്ന്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2453 (രണ്ടായിരത്തി നാനൂറ്റി അൻപത്തി മൂന്ന്) പരീക്ഷകൾ നടത്തിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ പരീക്ഷകളുടെ ഉൾപ്പെടെ 3347 (മൂവായിരത്തി മുന്നൂറ്റി നൽപ്പത്തിയേഴ്) റാങ്ക് പട്ടികകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) വിജ്ഞാപനം ചെയ്യപ്പെടുന്ന ഓരോ തസ്തികകളുടെയും അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിവരെ ലഭിക്കുന്ന അപേക്ഷകളുടെയും കമ്മീഷൻ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരീക്ഷകൾ എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഓരോ പരീക്ഷയും നടന്നുകഴിഞ്ഞാൽ ഉത്തര സൂചികയുമായി ബന്ധപ്പെട്ട പരാതി സമർപ്പിക്കുവാൻ നിശ്ചിത സമയം നൽകുന്നുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്ന പരാതികൾ പരിശോധിക്കുകയും അന്തിമ ഉത്തര സൂചിക വളരെ വേഗം പ്രസിദ്ധീകരിച്ച് മൂല്യനിർണ്ണയം എത്രയും വേഗം പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ**

42(57) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 24-5-2019 ന് മുൻപ് വിവിധ വകുപ്പുകളിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ അഡ്വൈസ് ചെയ്യാൻ ബാക്കിയുണ്ടെന്നും അവ ഏതൊക്കെ വകുപ്പുകളിലാണെന്നുമുള്ള വിവരം അറിയിക്കുമോ?

ഉത്തരം

(എ & ബി) NJD ഉൾപ്പെടെ ആകെ 81 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**പി.എസ്.സി. റാങ്ക് ലിസ്റ്റിലെ അനർഹർ**

43(58) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സത്യസന്ധവും സ്വതന്ത്രവുമായി നിലകൊള്ളേണ്ട പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ പവിത്രത നഷ്ടപ്പെടുന്ന സംഭവങ്ങൾ അടുത്തിടെ ഉണ്ടായത് സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) നിലവാരമുള്ള ഉദ്യോഗാർത്ഥികളുടെ ആത്മവിശ്വാസത്തെ തകർക്കുന്ന രീതിയിൽ ക്രമക്കേടുകളിലൂടെയും രാഷ്ട്രീയ സ്വാധീനത്തിലൂടെയും അനർഹർ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉന്നത റാങ്ക് കരസ്ഥമാക്കുവാനുണ്ടായ സാഹചര്യം ഗൗരവമായി എടുത്ത് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരീക്ഷാ ക്രമക്കേട് സംബന്ധിച്ച വിഷയത്തിന്മേൽ ക്രൈംബ്രാഞ്ച് അന്വേഷണം പുരോഗമിച്ചുവരികയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**പി.എസ്.സി. പരീക്ഷയിലെ ക്രമക്കേടുകൾ**

44(59) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷ എഴുതുന്ന ചിലർ ക്രമക്കേടിലൂടെയും അധികാര സ്ഥാനത്തിലുള്ളവരുടെ പിന്തുണയോടെയും സർക്കാർ ഉദ്യോഗങ്ങൾ നേടുന്നുവെന്ന വസ്തുത സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) കെ.എ.പി. നാലാം ബറ്റാലിയനിലേക്കുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ചിലർ അനർഹമായ മാർഗ്ഗത്തിലൂടെയാണ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടതെന്ന കാര്യം പി.എസ്.സി. നടത്തുന്ന പരീക്ഷകളിലുള്ള ജനവിശ്വാസം തകരുന്നതിന് കാരണമായിട്ടുണ്ടോ ;

(സി) പി.എസ്.സി.-യിൽ നടന്ന ക്രമക്കേടിനെക്കുറിച്ചുള്ള അന്വേഷണം നടക്കുമ്പോൾ പി.എസ്.സി. സംവിധാനം കുറ്റമറ്റതാണെന്നും അതിന്റെ വിശ്വാസ്യതയും പ്രതിച്ഛായയും തകർക്കുന്ന തരത്തിലുള്ള ആരോപണം ഉന്നയിക്കരുതെന്നും മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പറഞ്ഞിട്ടുണ്ടോ;എങ്കിൽ അത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ നടന്ന തരത്തിലുള്ള ക്രമക്കേടുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് പി.എസ്.സി. കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) പി.എസ്.സി. പരീക്ഷയിൽ നടന്ന ക്രമക്കേട് സർക്കാർ വളരെ ഗൗരവമായി കാണുന്നു. പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റ രീതിയിലും വളരെ സൂക്ഷ്മതയോടും കൂടി നടത്തുവാൻ വേണ്ട നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടും കൂടി നടത്തുന്നതിന്റെ ഭാഗമായി പരീക്ഷാ കാമ്പസുകളിൽ മൊബൈൽ ഫോൺ മുതലായ വിവര വിനിമയ ഉപകരണങ്ങൾ ഉദ്യോഗാർത്ഥികൾ കൈവശം വയ്ക്കുന്നത് കർശനമായി നിരോധിക്കുവാനും ഇതിനെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസ് അസാധുവാക്കുവാനും മറ്റ് ശിക്ഷാ നടപടികൾ കൈക്കൊള്ളുവാനും പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പി.എസ്.സി. പരീക്ഷാ കേന്ദ്രങ്ങളിൽ മൊബൈൽ ഫോൺ നിരോധനം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾ പരീക്ഷാ ഹാളിൽ Stationary items, Mobile phone, Blue tooth എന്നീ Communication devices, watch, Eatables, Hand bags, purse എന്നിവയും കൈവശം വയ്ക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്.

## ചീഫ് (ഡിസെൻട്രലൈസ്ഡ് പ്ലാനിംഗ്) തസ്തികയിലെ പി.എസ്.സി. റാങ്ക് പട്ടിക

45(60) <u>ഡോ. എം. കെ. മുനീർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസൂത്രണ ബോർഡിലെ ചീഫ് (ഡിസെൻട്രലൈസ്ഡ് പ്ലാനിംഗ്) തസ്തികയിൽ പി.എസ്.സി. നടത്തിയ എഴുത്തു പരീക്ഷയിൽ ഉയർന്ന മാർക്കു

ലഭിച്ചയാളിന് ഇന്റർവ്യൂവിൽ കുറവ് മാർക്ക് നൽകി റാങ്ക് പട്ടികയിൽ ഒന്നാം സ്ഥാനത്തുനിന്നും ഒഴിവാക്കിയതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പരാതികൾ ഒഴിവാക്കുന്നതിലേയ്ക്കായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പി.എസ്.സി.-ക്ക് നൽകിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല.

**കേരള വാട്ടർ അതോറിറ്റി എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം**

46(61) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-7-2019-ന് നടന്ന കേരള വാട്ടർ അതോറിറ്റി എൽ. ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി 084/2018) പരീക്ഷയ്ക്കായി എത്ര പേർ കൺഫർമേഷൻ നൽകി എന്നും അതിൽ എത്ര പേർ പരീക്ഷ എഴുതിയെന്നും വ്യക്തമാക്കുമോ;

(ബി) ഇത് പ്രകാരമുള്ള ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അതിൽ എത്ര പേരെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഈ തസ്തികയിലേയ്ക്ക് നാളിതുവരെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 10,593 (പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി മൂന്ന്) ഉദ്യോഗാർത്ഥികൾ കൺഫർമേഷൻ നൽകിയിട്ടുണ്ട്. അതിൽ 5182 (അയ്യായിരത്തി ഒരുനൂറ്റി എൺപത്തി രണ്ട്) ഉദ്യോഗാർത്ഥികൾ ടി പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ട്.

(ബി) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. ഒ.എം.ആർ. പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ 100 പേരെ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തി അതിന് ആനുപാതികമായി സപ്ലിമെന്ററി ലിസ്റ്റും തയ്യാറാക്കാനാണ് പി.എസ്.സി. തീരുമാനിച്ചിട്ടുള്ളത്.

(സി) ടി തസ്തികയ്ക്ക് 5 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

## എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനം

47(62) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 280/2018 പ്രകാരമുള്ള എൽ. ഡി. ടൈപ്പിസ്റ്റ് പരീക്ഷ എഴുതുന്നതിനായി ഓരോ ജില്ലയിലും എത്ര പേർ വീതം കൺഫർമേഷൻ നൽകിയിരുന്നെന്നും ഇതിൽ എത്ര പേർ വീതം പരീക്ഷ എഴുതിയെന്നും വ്യക്തമാക്കാമോ;

(ബി) എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ പുതിയ ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ എൽ. ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞശേഷം നാളിതുവരെ ഓരോ ജില്ലയിലും പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) എൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 280/2018) നിയമനത്തിനായുള്ള പരീക്ഷ എഴുതുന്നതിനായി കൺഫർമേഷൻ നൽകിയവരുടെയും പരീക്ഷ എഴുതിയവരുടെയും ഒഴിവുകളുടെയും ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | കൺഫർമേഷൻ നൽകിയവർ | പരീക്ഷ എഴുതിയവർ | ഒഴിവുകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 5248 | 4341 | 5 |
| കൊല്ലം | 2314 | 1623 | - |
| പത്തനംതിട്ട | 1235 | 759 | 1 |
| ആലപ്പുഴ | 1859 | 1240 | 4 |
| കോട്ടയം | 1787 | 1228 | - |
| ഇടുക്കി | 1079 | 653 | 1 |
| എറണാകുളം | 2690 | 1732 | 3 |
| തൃശ്ശൂർ | 2151 | 1828 | 2 |
| പാലക്കാട് | 1913 | 1828 | - |

| (1) | (2) | (3) | (4) |
|---|---|---|---|
| മലപ്പുറം | 2058 | 1736 | - |
| കോഴിക്കോട് | 2435 | 2169 | 1 |
| വയനാട് | 761 | 509 | - |
| കണ്ണൂർ | 1575 | 1408 | 3 |
| കാസർഗോഡ് | 707 | 455 | - |

ടി തസ്തികയുടെ സാധ്യതാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

**എൽ.ഡി. ടൈപ്പിസ്റ്റ്**

48(63) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും വകുപ്പ്, ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) റാങ്ക് പട്ടിക നിലവിലില്ല. പ്രസ്തുക തസ്തികയിലേയ്ക്ക് റാങ്ക് പട്ടിക തയ്യാറാക്കുന്നതിനായി 6-7-2019-ന് പി.എസ്.സി. OMR പരീക്ഷ നടത്തിയിട്ടുണ്ട്.

**കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം**

49(64) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 113/2017 നമ്പരായി പി.എസ്.സി. നടത്തിയ വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിനുള്ള ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആറ് മാസമായിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്; ഇത് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് പി.എസ്.സി. സ്വീകരിക്കാറുള്ളതെന്ന് അറിയിക്കാമോ;

(സി) ഈ തസ്തികയിലെ റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; സമയബന്ധിതമായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാത്തതിന് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി)പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട പുരുഷ ഉദ്യോഗാർത്ഥികളുടെ സൈക്ലിംഗ് ടെസ്റ്റ് പൂർത്തിയായിട്ടുണ്ട്. 11451 അപേക്ഷകളുടെ സൂക്ഷ്മ പരിശോധന ത്വരിതഗതിയിൽ നടന്നുവരുന്നു. സൂക്ഷ്മ പരിശോധന പൂർത്തിയായാലുടൻ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കുന്നതാണ്.

## ഇടുക്കി ജില്ലയിലെ എൽ.ഡി.വി. ഡ്രൈവർ നിയനം

50 (65) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കാറ്റഗറി നമ്പർ 016/ 2014 എൽ.ഡി.വി.ഡ്രൈവർ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്ര നിയമനങ്ങൾ നടന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ജില്ലയിൽ ഏതൊക്കെ വകുപ്പുകളിൽനിന്നും ഡ്രൈവർ തസ്തികയിലേക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) റിപ്പോർട്ട് ചെയ്തിട്ടുള്ള ഈ ഒഴിവുകളിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാസമയം നിയമനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 38 ഉദ്യോഗാർത്ഥികൽക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിൽനിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മൃഗസംരക്ഷണം | - | 1 |
| ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് | - | 1 |
| ഭക്ഷ്യ സിവിൽ സപ്ലൈസ് | - | 3 |
| പട്ടികവർഗ്ഗ വികസനം | - | 3 (2F+ 1NJD) |
| പഞ്ചായത്ത് | - | 13 (10F + 3 NJD) |
| വ്യവസായ വാണിജ്യം | - | 2 (1 F+ 1 NJD) |
| ജുഡീഷ്യറി | - | 2 (1F+ 1 NJD) |
| ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ | - | 1 |
| മൈനിംഗ് & ജിയോളജി | - | 1 |
| ഗ്രാമ വികസനം | - | 1 |
| ലീഗൽ മെട്രോളജി | - | 1 |
| മോട്ടോർ വാഹനം | - | 1 |
| തദ്ദേശസ്വയംഭരണം | - | 1 |
| സാമൂഹ്യ നീതി | - | 2 |
| വിദ്യാഭ്യാസം | - | 1 |
| സംസ്ഥാന ചരക്കുസേവന നികുതി | - | 1 |
| ജലസേചനം | - | 3 |
| ആകെ | | 38 |

(സി) നാളിതുവരെ റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## ജൂനിയർ ക്ലാർക്ക്/ കാഷ്യർ, ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

51(66) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. എൻ.സി.എ. (ഡി.ഇ.എ.പി.) വിജ്ഞാപനം (കാറ്റഗറി നമ്പർ 613/12) പ്രകാരം നിലവിൽ വന്നിട്ടുള്ള ജൂനിയർ ക്ലാർക്ക്/കാഷ്യർ, ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് ഇതുവരെ നിയമന ശിപാർശ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നല്കിയവരിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചു എന്നും എത്ര എൻ.ജെ.ഡി. വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) എൻ.ജെ.ഡി. വേക്കൻസി ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതി വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്കായി പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 58 (അമ്പത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 15 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ടി. എൻ.സി.എ. ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ ടി റാങ്ക് പട്ടിക നിലവിൽ വന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും റാങ്ക് ലിസ്റ്റിന്റെ കാലാവധി.

(ഇ) ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തിക

52(67) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 277/2018-ലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്2 തസ്തികയിലേയ്ക്ക് 6-7-2019-ന് നടന്ന പരീക്ഷ എഴുതുന്നതിന് വിവിധ ജില്ലകളിൽ

എത്രപേർ കൺഫർമേഷൻ നൽകിയെന്നും അതിൽ എത്രപേർ പരീക്ഷ എഴുതി എന്നും വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയിലും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിലേക്കുള്ള ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 277/18) തസ്തികയിൽ നിയമനത്തിനായുള്ള പരീക്ഷ എഴുതുന്നതിനായി കൺഫർമേഷൻ നൽകിയവരുടെയും പരീക്ഷ എഴുതിയവരുടെയും ഒഴിവുകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | കൺഫർമേഷൻ നൽകിയവർ | പരീക്ഷ എഴുതിയവർ | ഒഴിവുകൾ |
|---|---|---|---|
| തിരുവനന്തപുരം | 2093 | 710 | - |
| കൊല്ലം | 1147 | 635 | 3 |
| പത്തനംതിട്ട | 716 | 316 | - |
| ആലപ്പുഴ | 1061 | 574 | - |
| കോട്ടയം | 958 | 505 | 1 |
| ഇടുക്കി | 644 | 314 | 5 |
| എറണാകുളം | 1545 | 819 | - |
| തൃശ്ശൂർ | 1391 | 620 | - |
| പാലക്കാട് | 1047 | 748 | - |
| മലപ്പുറം | 1059 | 532 | 5 |
| കോഴിക്കോട് | 1415 | 915 | 5 |
| വയനാട് | 413 | 220 | - |
| കണ്ണൂർ | 1408 | 816 | - |
| കാസർഗോഡ് | 372 | 101 | - |

(സി) ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിക്കുന്നു.

## സിവിൽ സർവ്വീസ്

53(68) <u>ശ്രീ. എസ്. രാജേന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ അവരുടെ പരിഗണനയിൽ വരുന്ന വിഷയങ്ങളിൽ എടുത്തിട്ടുള്ള നിലപാടുകൾ മാധ്യമങ്ങളുമായി പങ്കുവയ്ക്കുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ;

(ബി) ഇത്തരത്തിലുള്ള വിവരങ്ങൾ മാധ്യമങ്ങളുമായി പങ്കുവയ്ക്കുന്നതിന് സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർക്ക് ഏതെങ്കിലും വിധത്തിലുള്ള അനുമതി ആവശ്യമുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഏതെന്ന് വ്യക്തമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച വിധത്തിൽ മാധ്യമങ്ങളുമായി വിവരം പങ്കുവയ്ക്കുന്നതിന് അനുമതി ആവശ്യമുള്ള പക്ഷം സബ് കളക്ടർ ഉൾപ്പെടെയുള്ള വിവിധ ഉദ്യോഗസ്ഥർ പ്രമുഖ മാധ്യമങ്ങൾക്ക് നൽകിയ ഇന്റർവ്യൂവിന് അത്തരത്തിലുള്ള അനുമതി നേടിയിരുന്നോ എന്ന് വിശദമാക്കാമോ;

(ഡി) അനുമതി നേടാത്ത ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ കേസ്സുകൾ ഉണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ - സി) All India Service (Conduct) Rules 1968-ലെ ചട്ടം 6 പ്രകാരം ഉത്തമവിശ്വാസത്തോടെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. എന്നാൽ All India Service (Conduct) Rules 1968-ലെ ചട്ടം 7 പ്രകാരം സർക്കാരിന്റെ നയപരമായ കാര്യങ്ങളെ വിമർശിച്ചുകൊണ്ട് മാധ്യമങ്ങളിൽ പ്രസ്താവന നടത്താൻ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് അനുമതിയില്ല.

(ഡി) ഇല്ല.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

54(69) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പുനഃപരിശോധന സമിതിയിലെ അംഗങ്ങളുടെ വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സമിതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവഴിച്ചു; ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി 7-11-2018-ലെ സ.ഉ.(പി.)നമ്പർ 172/2018/ധന. പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ പുനഃപരിശോധനാ സമിതി രൂപീകരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) സമിതിയുടെ പ്രവർത്തനം പുരോഗമിച്ചു വരികയാണ്.

(സി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിക്കായി അനുവദിച്ച 2071-01-800-91 (NV) എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക**

55(70) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തികകളിലെ ഒഴിവുകൾ കമ്പ്യൂട്ടർ വിദഗ്ധന്മാർക്കായി മാറ്റുവാൻ നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

## പി.എസ്.സി./ആശ്രിതനിയമനം

56(71) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയെന്ന് വകുപ്പുതിരിച്ച് വിശദമാക്കാമോ;

(ബി) ആശ്രിതനിയമനം വഴി എത്രപേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,16,719 (ഒരു ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## വിവിധ വകുപ്പുകളിലെ ആശ്രിതനിയമനം

57(72) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലായി നാളിതുവരെ ഏതു വർഷം വരെ മരണപ്പെട്ടിട്ടുള്ളവരുടെ ആശ്രിതർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കംപാഷനേറ്റ് എംപ്ലോയ്മെന്റ് സെല്ലിൽ ആശ്രിതനിയമനം കാത്തിരിക്കുന്നവരുടെ ലിസ്റ്റ് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(സി) ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തിരുന്നതും 19-12-2015-ൽ മരണപ്പെട്ടിട്ടുള്ളതുമായ കെ. കെ. പുരുഷോത്തമന്റെ മകൾ കടവന്ത്ര, ചിലവന്നൂർ, തിട്ടേത്തറ വീട്ടിൽ, കൃഷ്ണ കെ. പി.-യുടെ പേര് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 381 പേരും അസിസ്റ്റന്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 66 പേരും ആഡിറ്റർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 15 പേരും ലീഗൽ അസിസ്റ്റന്റ് തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ 3 പേരും നിയമനം കാത്തിരിക്കുന്നു.

(സി) എൽ.ഡി.ക്ലാർക്ക് തസ്തികയുടെ നിലവിലെ സീനിയോറിറ്റി ലിസ്റ്റിൽ കുമാരി കൃഷ്ണ കെ. പി.-യുടെ സീനിയോറിറ്റി നമ്പർ 124 ആണ്.

**മലയാളഭാഷാ സംരക്ഷണം**

58(73) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലയാളഭാഷ സംരക്ഷിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) എല്ലാ പി.എസ്.സി. പരീക്ഷകളും മലയാളത്തിലാക്കണമെന്ന തീരുമാനം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് എപ്പോൾ പ്രാവർത്തികമാവുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. എല്ലാ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കിയിട്ടുണ്ട്. കൂടാതെ, ഔദ്യോഗികഭാഷ മലയാളമായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കി ഭരണഭാഷാ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. യൂണികോഡ് അധിഷ്ഠിത ഫോണ്ടിൽ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം, കോഡുകളും മാനുവലുകളും ഫോറങ്ങളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ, ഭരണഭാഷാ പ്രചാരണം, ഓഫീസ്, വാഹനങ്ങളുടെ ബോർഡുകൾ മലയാളത്തിലാക്കൽ, വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽകൂടി ലഭ്യമാക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകിവരുന്നുണ്ട്.

ഭരണഭാഷ സംബന്ധിച്ച ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി അവബോധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നതതല സമിതി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതലസമിതി, വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ വകുപ്പുതല സമിതി, വകുപ്പ് മേധാവി അദ്ധ്യക്ഷനായ വകുപ്പുതല ഏകോപന സമിതി, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല ഏകോപനസമിതി തുടങ്ങിയ സമിതികൾ നിശ്ചിത കാലയളവിൽ യോഗം ചേർന്ന് ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നുണ്ട്. ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിന് സഹായകമായ രീതിയിൽ "ഭരണമലയാളം" എന്ന പേരിൽ ഔദ്യോഗികഭാഷാ വകുപ്പ് ഒരു ഓൺലൈൻ നിഘണ്ടു തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) എല്ലാ പി.എസ്.സി. പരീക്ഷകളും മലയാളത്തിലാക്കണമെന്നതാണ് സർക്കാർ നയം. പ്ലസ് ടു തലത്തിന് മുകളിൽ ഉയർന്ന യോഗ്യതകൾക്കും സാങ്കേതിക യോഗ്യതകൾക്കും യൂണിവേഴ്സിറ്റിയിൽ പഠന മാധ്യമം മലയാളമല്ലാത്തതിനാൽ ശരിയായ രീതിയിൽ മലയാളത്തിലുള്ള ചോദ്യങ്ങൾ തയ്യാറാക്കുവാൻ പ്രയാസം നേരിടുന്നുണ്ട്. ഇതൊഴിവാക്കുന്നതിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കൺവീനറായി സാങ്കേതിക പദങ്ങളുടെ മലയാള പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാക്കുന്നതിനായി ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. സാങ്കേതിക പദങ്ങൾക്ക് തുല്യമായ പദങ്ങൾ കണ്ടെത്തി മലയാള പദാവലി തയ്യാറാകുന്ന മുറയ്ക്ക് പരമാവധി പരീക്ഷകൾ മലയാളത്തിൽ നടത്തുവാൻ സാധിക്കുന്നതാണ്.

### രാജ്യാന്തര സൈബർ സുരക്ഷാ സമ്മേളനം

59(74) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കൂൺ 2019 എന്ന പേരിൽ രാജ്യാന്തര സൈബർ സുരക്ഷാ സമ്മേളനം സംഘടിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമ്മേളനത്തിൽ ഏതൊക്കെ തരത്തിലുള്ള ചർച്ചകളാണ് നടന്നതെന്ന് അറിയിക്കുമോ;

(സി) സൈബർ സുരക്ഷ സംബന്ധിച്ച് എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് പ്രസ്തുത സമ്മേളനം മുന്നോട്ട് വച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊക്കൂൺ XII എന്ന പേരിൽ രാജ്യാന്തര സൈബർ സുരക്ഷാ സമ്മേളനം 2019 സെപ്റ്റംബർ മാസം 27, 28 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു.

(ബി) പ്രസ്തുത സമ്മേളനത്തിൽ ഓൺലൈൻ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ ക്രൈമുകളുടെ അനാലിസിസ് & ഇൻവെസ്റ്റിഗേഷൻ, കുട്ടികൾക്കുവേണ്ടിയുള്ള സൈബർ സുരക്ഷാ പ്രോഗ്രാമായ കിഡ്ഗ്ലൗവ്, ഏഷ്യാ പസഫിക് റീജിയനിൽ പുതുതായി കണ്ടു വരുന്ന സൈബർ സെക്ഷ്വൽ ത്രെട്ട്, ഫിനാൻഷ്യൽ ഇൻഡസ്ട്രിയിലെ സൈബർ ത്രെട്ടുകളുടെ അവലോകനം, ദുരന്ത നിവാരണം സംബന്ധിച്ച സൈബർ റെസ്പോൺസ് ആർക്കിടെക്ചറിനെക്കുറിച്ചുള്ള വിശകലനം, റിസ്ക് മാനേജ്മെന്റ് ഇൻ ഐ.ടി. ഇൻഡസ്ട്രി, കോ-പ്രിഹെൻസീവ് സ്ട്രാറ്റജി ഫോർ മൊബൈൽ & എന്റർപ്രൈസസ് എന്റ്പോയിന്റ്, എൻക്രിപ്ഷൻ & ലോഫുൾ അക്സസ്-ചലഞ്ചസ് ഫോർ ലോ എൻഫോഴ്സ്മെന്റ് ഏജൻസീസ്, വിവിധതരം റാൻസംവെയറുകളെക്കുറിച്ചുള്ള വിശകലനം, ഡാർക്ക് വെബിനെക്കുറിച്ചും ടോർ ബ്രൗസറുകളെക്കുറിച്ചുമുള്ള അനാലിസിസ് & ഇൻവെസ്റ്റിഗേഷൻ മുതലായ വിവിധതരം സൈബർ സുരക്ഷാ സംബന്ധിയായ വിഷയങ്ങളും ടെക്നിക്കൽ എക്സ്പോയും സൈബർ സുരക്ഷയ്ക്കുവേണ്ടി ചർച്ച ചെയ്യപ്പെട്ടു.

(സി) സൈബർ സുരക്ഷ സംബന്ധിച്ച് കൊക്കൂൺ XII സമ്മേളനം മുന്നോട്ട് വച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ താഴെപ്പറയുന്നു:

1. കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള ഓൺലൈൻ അതിക്രമങ്ങൾക്കും ലൈംഗിക ചൂഷണങ്ങൾക്കും എതിരെയുള്ള നൂതന സുരക്ഷാ സംവിധാനങ്ങൾ.

2. പോലീസിംഗിൽ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി പ്രകൃതിദുരന്തരങ്ങൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഡ്രോണുകളുടെ ഉപയോഗത്തിലൂടെ മനുഷ്യന് എത്തിപ്പെടാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്തുക, അവർക്ക് വേണ്ട ഭക്ഷണസാധനങ്ങൾ എത്തിച്ചു കൊടുക്കുക, ലൈഫ് ജാക്കറ്റുകൾ എത്തിക്കുക, അണ്ടർ വാട്ടർ ഡ്രോണുകളുടെ ഉപയോഗത്തിലൂടെ വെള്ളത്തിനടിയിൽ കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്തുക.

3. സ്മാർട്ട് പോലീസിംഗിനുവേണ്ടി, ട്രാഫിക് മാനേജ്മെന്റ്, ക്രൗഡ് കൺട്രോൾ, വീഡിയോ എൻഹാൻസിംഗ്, ഡാർക്ക് നെറ്റിലെ

കുറ്റകൃത്യങ്ങൾ തുടങ്ങിയവ ആർട്ടിഫിഷ്യൽ ഇന്റെലിജൻസ്, മെഷീൻ ലേണിംഗ് എന്നീ സാങ്കേതിക വിദ്യയിലൂടെ എങ്ങനെ നടപ്പിലാക്കാം.

4. വ്യാജവാർത്തകൾ ഇന്റർനെറ്റിലൂടെ പ്രചരിപ്പിക്കുന്നത് തിരിച്ചറിയാനും, പ്രതിരോധിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ.

5. വിവിധ രാജ്യങ്ങളിലെ സൈബർസുരക്ഷാ വിദഗ്ധരും ഇൻവെസ്റ്റിഗേഷൻ ഏജൻസീസും അവരുടെ രാജ്യങ്ങളിലെ അതിനൂതന സൈബർ ക്രൈമുകൾ, സൈബർ സുരക്ഷാ വീഴ്ചകൾ തുടങ്ങിയവയുടെ അനാലിസിസ് & ഇൻവെസ്റ്റിഗേഷൻ സംബന്ധിച്ച് അവർ അതിൽ അവലംബിക്കുന്ന അന്വേഷണ നടപടിക്രമങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ.

6. ഹാക്കിംഗ് പോലുള്ള സൈബർ ത്രെട്ടുകൾ വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ ഡാറ്റാ സുരക്ഷ ഉറപ്പുതരുന്ന നൂതന സംവിധാനമായ ബ്ലോക്ക് ചെയിൻ ടെക്നോളജി പോലീസിംഗിന്റെ ഭാഗമാക്കുക.

7. സൈബർ കേസ്സുകളുമായി ബന്ധപ്പെട്ട ഡിജിറ്റൽ തൊണ്ടി മുതലുകളുടെ സൈബർ ഫോറൻസിക്കിനായി മറ്റു രാജ്യങ്ങളിൽ ഉപയോഗിക്കുന്ന നൂതന ടൂൾസ്, സൈബർ ഫോറൻസിക് ഉപകരണങ്ങൾ സംബന്ധിച്ചും അവ കേരള പോലീസിന് എങ്ങനെ കേസ്സുകൾ തെളിയിക്കുന്നതിനു സഹായകമാകും.

### സ്റ്റാർട്ടപ്പുകൾ

60(75) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ മൂല്യനിർണ്ണയത്തിൽ പിന്നോക്കം പോകുന്ന അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) സ്റ്റാർട്ടപ്പുകളിലൂടെ ഇതിനകം എത്ര കോടിരൂപയുടെ നിക്ഷേപം കൊണ്ടുവരുവാൻ കഴിഞ്ഞു; നിലവിൽ സ്റ്റാർട്ടപ്പുകൾ ഏതൊക്കെ മേഖലയിലാണ് പ്രവർത്തിക്കുന്നത്;

(സി) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടോ; ഈ വർഷം സെപ്റ്റംബർ 30 വരെ എത്ര ശതമാനം വളർച്ചയാണ് ഈ മേഖലയിൽ രേഖപ്പെടുത്തിയത് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകൾ മൂല്യനിർണ്ണയത്തിൽ പിന്നോക്കം പോകുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ 5 വർഷക്കാലയളവിൽ 130 ദശലക്ഷം ഡോളറിന്റെ നിക്ഷേപം സ്റ്റാർട്ടപ്പുകളിൽ ലഭിച്ചു എന്നാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ സ്റ്റാർട്ടപ്പുകൾ മിക്കവാറും എല്ലാ മേഖലകളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടുതൽ സ്റ്റാർട്ടപ്പുകളും ഇലക്ട്രോണിക്സ്, വിവരസാങ്കേതിക വിദ്യാധിഷ്ഠിത മേഖലയിലാണുള്ളത്.

(സി) 2018-ൽ സംസ്ഥാനത്ത് 1500 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്നത് 2019-ൽ ഇതുവരെ 2200 എണ്ണമായി വർദ്ധിച്ചിട്ടുണ്ട്. ഈ വർദ്ധന 45 ശതമാനത്തിലധികമാണ്.

**അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് ഘടന**

61(76) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സർക്കാരിന്റെ സേവനങ്ങൾ പലതും ഓൺലൈൻ ആയി ലഭ്യമാകുന്ന സാഹചര്യത്തിൽ കൂടുതൽ ആളുകൾ അക്ഷയ കേന്ദ്രങ്ങളെ ആശ്രയിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അക്ഷയ കേന്ദ്രങ്ങളിലെ സേവനത്തിനുള്ള ഫീസ് ഏകീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് ഘടന പരസ്യമായി പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ 9-5-2018 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 3/2018/ വി.സ.വ. ഉത്തരവ് പ്രകാരം ഏകീകരിച്ചിട്ടുണ്ട്.

(സി) അക്ഷയ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച സർവ്വീസ് ചാർജ്ജ് മാത്രമേ ഈടാക്കുവാൻ പാടുള്ളൂ എന്ന്

അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ബോർഡ് പൊതുജനങ്ങൾക്ക് വ്യക്തമായി കാണത്തക്ക വിധം അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുകയും സേവന നിരക്കുകൾ പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായുള്ള റേറ്റ് മെനു കാർഡ് അക്ഷയ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ചാർജ്ജ് പ്രദർശിപ്പിക്കുന്നതിനായുള്ള ഏകീകൃത മാതൃകയിലുള്ള ബോർഡ് അക്ഷയ കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകിയിട്ടുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ**

62(77) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുവാൻ ആവശ്യമായ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്ക് ഏകീകൃത ഫീസ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ പൊതുജനങ്ങളോട് മോശമായി പെരുമാറുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ തെറ്റായ അറിവുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്ക് പരിഹാരം കാണുവാൻ സർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു ലൊക്കേഷനിൽ അക്ഷയ കേന്ദ്രം ആവശ്യമാണെന്ന് കാണിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം പാസാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശിപാർശ സഹിതം അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിഗണിച്ച് ആവശ്യമായ എണ്ണം അക്ഷയ കേന്ദ്രങ്ങൾ സർക്കാർ അനുവദിക്കുകയും തുടർന്ന് ഓപ്പൺ നോട്ടിഫിക്കേഷനിലൂടെ അപേക്ഷ ക്ഷണിച്ച് ഓൺലൈൻ പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ലൊക്കേഷനിലേയും അക്ഷയ കേന്ദ്രത്തിന്റെ നടത്തിപ്പിനായുള്ള സംരംഭകനെ/സംരംഭകയെ തെരഞ്ഞെടുക്കുകയുമാണ് നിലവിൽ ചെയ്യുന്നത്.

(ബി) അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജുകൾ 9-5-2018 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 3/2018/ വി.സ.വ., 20-8-2018 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 21/2018/വി.സ.വ. എന്നീ ഉത്തരവുകൾ പ്രകാരം ഏകീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. അക്ഷയ കേന്ദ്രങ്ങൾ അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ചും ജീവനക്കാർ പൊതുജനങ്ങളോട് മോശമായി പെരുമാറുന്നത് സംബന്ധിച്ചും പരാതികൾ ലഭിച്ചിട്ടുണ്ട്. അപ്രകാരം ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് ശിക്ഷാ നടപടികളുൾപ്പെടെ സ്വീകരിക്കുന്നതിനും അക്ഷയ ഡയറക്ടർതലത്തിലും സർക്കാർതലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. സംരംഭകർക്ക് താക്കീത് നൽകുക, പിഴ ഈടാക്കുക, സംരംഭകത്വം റദ്ദാക്കുക മുതലായ നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ഡി) ഇത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

## ഇ-മെയിൽ മുഖേനയുള്ള പരാതികൾ

63(78) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലെ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കുന്ന പരാതികൾ പരിശോധിച്ച് പോലീസ് ഉദ്യോഗസ്ഥർ കേസ്സുകളെടുക്കാറുണ്ടോ; വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ;

(ബി) ഔദ്യോഗിക ഇ-മെയിലിലേക്കയയ്ക്കുന്ന പരാതികളിൽ പോലീസ് ഉദ്യോഗസ്ഥർ കേസുകളെടുക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പേട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് (shoptthtvm.pole.kerala.gov.in) അന്നമ്മ തോമസും തോമസ് ജോർജും കൂടി 15 -12 -2018 ഏകദേശം രാത്രി 11 മണിയോട് കൂടി അയച്ച ഇമെയിൽ പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു. വിശദമാക്കാമോ;ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കേസ്സിനെ സംബന്ധിച്ച് ഐ.ജി.-ക്ക് ഇവർ നൽകിയ പരാതി പ്രകാരം Entt. No. B3/20148 dated 18-12-2018-ൽ ബേസ്ഡ് ഓൺ ഫാക്ട്, എന്ന ഉത്തരവ് നൽകിയ പ്രകാരം എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച എന്തെങ്കിലും റിപ്പോർട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പോലീസ് സ്റ്റേഷനുകളിൽ ഔദ്യോഗിക ഇ-മെയിൽ വിലാസത്തിലേയ്ക്ക് അയയ്ക്കുന്ന പരാതികളുടെ വസ്തുതകൾ പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ബോധ്യപ്പെടുന്ന പക്ഷം കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) അന്നമ്മ തോമസും തോമസ് ജോർജ്ജും കൂടി അയച്ച ഇ-മെയിൽ പരാതി 17/DPTN/W/C3/18 നമ്പർ പ്രകാരം പേട്ട പോലീസ് സ്റ്റേഷൻ രജിസ്റ്ററിൽ പതിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും ഒന്നാം എതിർകക്ഷികളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാതിയിലെ രണ്ടാം പരാതികക്ഷിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തതിലുള്ള വിരോധത്താലാണ് ഒന്നും രണ്ടും പരാതികക്ഷികൾ ചേർന്ന് പ്രസ്തുത പരാതി സമർപ്പിച്ചിരിക്കുന്നതെന്നുമാണ് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്.

(ഡി) അന്വേഷണത്തിൽ പ്രസ്തുത പരാതി വാസ്തവ വിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. റിപ്പോർട്ട് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

**വിവരസാങ്കേതികവിദ്യാ മേഖലയുടെ വികസനം**

64(79) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതികവിദ്യാ മേഖലയുടെ വികസനത്തിലൂന്നി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തി കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആഗോളതലത്തിൽ ഐ.റ്റി. അധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ലാപ്ടോപ്, സെർവർ നിർമ്മാണ യൂണിറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിവര സാങ്കേതികവിദ്യാ മേഖലയുടെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമ്പദ് ഘടനയുടെ വളർച്ചയെ ശക്തിപ്പെടുത്തി കേരളത്തെ ഒരു ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

KFON(കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക് പ്രോജക്ട്)

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്ക് നെറ്റ്‌വർക്ക് (KFON). ഈ പദ്ധതി വഴി സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി System Integrator ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം കേരള (SDPK)

എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് എസ്.ഡി.പി.കെ.

150-ലധികം ഹൈടെക് ക്ലാസ് റൂമുകളെ ടെലിപ്രസൻസ് സൊല്യൂഷൻ, ഡെഡിക്കേറ്റഡ് നെറ്റ്‌വർക്ക്, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ സഹായത്തോടെ ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിച്ച് പ്രതിവർഷം 50000 ത്തോളം വിദ്യാർത്ഥികൾക്ക് നൈപുണ്യ വികസനത്തിനും തൊഴിൽ സാദ്ധ്യതയ്ക്കുമുള്ള അവസരം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ആണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ടെക്നോപാർക്, ഇൻഫോപാർക്ക്, എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ

സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ കൂടി വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളിൽ സ്റ്റുഡിയോ സജ്ജീകരിച്ച് ഇതുവഴി എഞ്ചിനീയറിംഗ് കോളേജുകളിലെ ഡിജിറ്റൽ ക്ലാസ് റൂമുകളുമായി സംവദിക്കുന്നതിന് ഇതിനകം സൗകര്യമൊരുക്കിയിട്ടുണ്ട്.

കേരള ബ്ലോക്ക് ചെയിൻ അക്കാഡമി (KBA)

ബ്ലോക്ക് ചെയിൻ പദ്ധതിക്കുള്ള പരിശീലനങ്ങളും പദ്ധതികളും ബ്ലോക്ക് ചെയിൻ "ആക്സിലേറ്റഡ് ബ്ലോക്ക് ചെയിൻ കോംപറ്റൻസി ഡെവലപ്മെന്റ് (ABCD)" കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ കീഴിലുള്ള K-DISK-ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു. വരും കാലങ്ങളിൽ നിരവധി തൊഴിലവസരങ്ങളും സാമ്പത്തിക, റീട്ടെയിൽ, ഗതാഗത സാമൂഹിക മേഖലകളിൽ വൻ മാറ്റങ്ങൾക്കും ഈ ബ്ലോക്ക് ചെയിൻ സാങ്കേതികത വഴിയൊരുക്കും.

സ്റ്റാർട്ട്-അപ്പ് എക്കോ സിസ്റ്റം ഡെവലപ്മെന്റ്

കേരളത്തിലെ വിവരസാങ്കേതികവിദ്യാ മേഖലയിൽ നൂതന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ട് അപ്പ് മിഷൻ നോഡൽ ഏജൻസിയായി സ്റ്റാർട്ട് അപ്പ് എക്കോ സിസ്റ്റം ഡെവലപ്മെന്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി ഗവൺമെന്റ് ഐ.ടി. പാർക്കുകളായ ടെക്നോപാർക്കിൽ 97 ലക്ഷം ച.അടി, ഇൻഫോപാർക്കിൽ 80 ലക്ഷം ച.അടി, സൈബർപാർക്കിൽ 3 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ നടപ്പിലാക്കിവരുന്ന അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി കൊച്ചിയിൽ വാട്ടർ മെട്രോ ഉൾപ്പെടെയുള്ള മെട്രോ ഗതാഗത സൗകര്യങ്ങൾ, തിരുവനന്തപുരത്തെ എൻ.എച്ച്. ബൈപാസ് ഫ്ലൈ ഓവറുകൾ തുടങ്ങിയവയെല്ലാം ഐ.ടി. അധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നവയാണ്.

ടെക്നോസിറ്റി

ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായ ടെക്നോസിറ്റിയിൽ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേയ്ക്ക് പുരോഗമിച്ചു വരുന്നു.

<u>കേരള ടെക്നോളജി ഇന്നോവേഷൻ സോൺ</u>

വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നോവേഷൻ ഇൻക്യുബേറ്റർ ഹബ്ബ് ആയി കേരള ടെക്നോളജി ഇന്നോവേഷൻ സോൺ കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു വരുന്നു. ആദ്യ ഘട്ടത്തിലെ പ്രാരംഭ കെട്ടിട സമുച്ചയത്തിന്റെ പണിയും രണ്ടാമത്തെ കെട്ടിട നിർമ്മാണത്തിന്റെ ടെൻഡർ നടപടികളും പുരോഗമിക്കുന്നു.

(സി) ലാപ്ടോപ്പുകളും സെർവറുകളും നിർമ്മിക്കുന്നതിനായി കെൽട്രോൺ, കെ.എസ്.ഐ.ഡി.സി., സ്വകാര്യ ഐ.ടി. കമ്പനിയായ യു.എസ്.ടി. ഗ്ലോബൽ, സ്റ്റാർട്ട് അപ്പ് കമ്പനിയായ ആക്സിലറോൺ എന്നിവർ സംയുക്തമായി 'കൊക്കോണിക്സ്' എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആരംഭിച്ചിരുന്നു. കെൽട്രോണിന്റെ മൺവിള യൂണിറ്റിൽ പ്രസ്തുത ലാപ്ടോപ് സെർവർ നിർമ്മാണത്തിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ നിർമ്മാണശാല സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും ലാപ്ടോപ് ബ്രാൻഡായ കൊക്കോണിക്സ് ഇതിനകം വിപണനത്തിന് സജ്ജമായിട്ടുള്ളതുമാണ്.

**ആർ.കെ.ഐ. സെക്രട്ടേറിയറ്റ്**

65(81) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രളയാനന്തര പുനർനിർമ്മാണത്തിനായി ആർ.കെ.ഐ സെക്രട്ടേറിയറ്റ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദീകരിക്കുമോ;

(ബി) പ്രളയദുരിതാശ്വാസ ഫണ്ട് കൈകാര്യം ചെയ്യുന്ന ചുമതല ആർ.കെ.ഐ സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(സി) ആർ.കെ.ഐ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക, കാര്യക്ഷമതയിലുള്ള

പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക, എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളുടെ പ്രയോഗം, നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചുകൊണ്ട് കേരള പുനർനിർമ്മാണം സാധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപ്പറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായി നിർവ്വഹണം ഉറപ്പാക്കുവാനാകുന്ന ഏജൻസികൾ വഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതിരേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷനേതാവും വിദഗ്ദ്ധരും ഉൾപ്പെടുന്ന ഉപദേശകസമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും മൂന്നംഗ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും സ്ഥാപനതല പിന്തുണ സംവിധാനവും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ആർ.കെ.ഐ. സെക്രട്ടേറിയറ്റും പ്രവർത്തിക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ മുഴുവൻ പുനർനിർമ്മാണ പ്രക്രിയകളും ആർ.കെ.ഐ.-യുടെ കീഴിൽ വരുന്നതാണ്. ഇവയ്ക്ക് ഭരണസഹായം നൽകുന്നത് ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ ചുമതലയിൽപ്പെടുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ റവന്യൂ ചെലവുകൾക്കായി "3475-00-115-99- കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ" എന്ന ശീർഷകത്തിൽ 2019-20 വർഷത്തേക്ക് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## പ്രളയ നഷ്ടങ്ങൾക്ക് കേന്ദ്രസഹായം

66(83) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രം എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, 2019-ലെ പ്രളയ നഷ്ടങ്ങൾക്ക് കേന്ദ്രസഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ഉത്തരം

(എ) 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രം അടിയന്തര സഹായം അനുവദിച്ചിട്ടില്ല. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേയ്ക്കുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി 5227.50 ലക്ഷം രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്.

(ബി) 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങളുടെ കണക്കെടുക്കുകയും ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡപ്രകാരം 2101.881 കോടി രൂപയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരിക്കുന്നത്.

## പ്രളയ പുനരധിവാസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

67(84) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പ്രളയ പുനരധിവാസവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) എത്ര തുകയാണ് ഇതിനായി വിനിയോഗിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 2984 വീടുകൾക്ക് വീട് പുനർനിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ

കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണ്ണമായി നാശം സംഭവിച്ച 165 ഗുണഭോക്താക്കൾക്ക് വീട് പുനർ നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിച്ച് പുനർനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ജില്ലയിൽ നിന്നും സ്പോൺസർഷിപ്പ് പ്രകാരം 98 വീടുകൾ നിർമ്മാണം പൂർത്തിയാക്കി ദുരിതബാധിതർക്ക് കൈമാറിയിട്ടുണ്ട്.

(ബി) റീ ബിൽഡ് കേരളയുടെ ഭാഗമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 261.5 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 428.86 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

**വയനാട് ജില്ലയിൽ പ്രളയംമൂലമുണ്ടായ നാശനഷ്ടം**

68(85) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ വയനാട് ജില്ലയിൽ ഉണ്ടായ പ്രളയത്താൽ സംഭവിച്ച നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീടുകൾ പൂർണ്ണമായും ഭാഗികമായും തകർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രളയംമൂലം വയനാട് ജില്ലയിൽ വിവിധ വകുപ്പുകൾക്കുണ്ടായ നാശനഷ്ടം പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കണക്കാക്കിയിട്ടുണ്ട്. 2019-ൽ വയനാട് ജില്ലയിൽ 452 വീടുകൾ പൂർണ്ണമായും തകർന്നു. 7230 വീടുകളാണ് ഭാഗികമായി തകർന്നതായി കണക്കാക്കിയിട്ടുള്ളത്.

(ബി) കേന്ദ്ര സർക്കാരിന് നൽകിയ മെമ്മോറാണ്ടം അനുസരിച്ച് വയനാട് ജില്ലയിൽ 2019 ആഗസ്റ്റ് മാസം വരെ 3661.1 ha കൃഷി നഷ്ടം നേരിട്ടു. 60ha കൃഷിഭൂമി ഒലിച്ചു പോയി. പൊതുയിടത്ത് 19 ഹെക്ടറിൽ ചെളിയടിഞ്ഞു. മുനിസിപ്പൽ പ്രദേശത്ത് വൃത്തിയാക്കേണ്ടി വന്ന വീടുകളുടെ എണ്ണം 1509-ഉം ഗ്രാമപ്രദേശങ്ങളിൽ വൃത്തിയാക്കേണ്ടി വന്ന വീടുകളുടെ എണ്ണം 7580-ഉം ആണ്. മൃഗസംരക്ഷണ മേഖലയിൽ 23 കന്നുകാലികൾ, 27 ആടുകൾ, 22 പശുക്കുട്ടികൾ, 3575 കോഴികൾ എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. വൈദ്യുതി സെക്ടറിൽ 20 ട്രാൻസ്ഫോർമർ, 1327 വൈദ്യുതി പോസ്റ്റുകൾ, 336 കി.മീ വൈദ്യുതി കമ്പികൾ എന്നിവയും നഷ്ടപ്പെട്ടിട്ടുണ്ട്.

## സംസ്ഥാന പുനർനിർമ്മാണ പദ്ധതികൾ

69 (86) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി രൂപീകരിച്ച കേരള പുനർനിർമ്മാണ പദ്ധതിയിലൂടെ ഇതിനോടകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി പ്രകാരം ഉരുൾപൊട്ടൽ മേഖലയിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) 2019-ലെ കനത്ത മഴയിൽ കവളപ്പാറയിലും, പുത്തുമലയിലും ഉരുൾപൊട്ടിയ സ്ഥലത്ത് നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ;

(ഇ) പുനരധിവാസ പ്രവർത്തനങ്ങൾക്ക് ക്രൗഡ് ഫണ്ടിംഗ് മുഖേന തുക സംഭരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ&ബി) പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് പുനർനിർമ്മാണത്തിനായി ബഹുമുഖമായ പദ്ധതികൾ ആരംഭിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി പുനഃക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു.

അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായതരത്തിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാനതലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ.) രൂപം നൽകി. ആർ.കെ.ഐ.യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP) സർക്കാർ അംഗീകരിച്ചു. ലോക ബാങ്കിൽനിന്ന് വികസനനയ വായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യൂ.-ൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ വിവിധ പദ്ധതികൾ പരിഗണിച്ച് വരുന്നു.

ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 31 റോഡുകളുടെ പുനർനിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം 300 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

2. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)

3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

4. വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.

5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

(3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ)

ജലവിഭവം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാര സമിതിയുടെ പരിഗണനയിലുണ്ട്.

(സി) ഉരുൾപൊട്ടൽ മേഖലയിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിൽ വരുന്നില്ല. റവന്യു, ദുരന്തനിവാരണ വകുപ്പുകളാണ് പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ.) 2018-ൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. പഠനത്തിൽ ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ വീടുകളുടെ ഉടമകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ വീതം നൽകിവരുന്നു.

(ഡി) ദുരന്തസാധ്യതാ പ്രദേശത്തുനിന്ന് ഒഴിഞ്ഞുപോകണമെന്ന് പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു.

(ഇ) പുനരധിവാസ പ്രവർത്തനങ്ങൾക്ക് ക്രൗഡ് ഫണ്ടിംഗ് മുഖേന തുക സ്വരൂപിച്ചിട്ടില്ല. അതേസമയം പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ക്രൗഡ് ഫണ്ടിംഗ് മുഖേന 81,01,204 രൂപ ലഭ്യമായിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമ്മാണം, വീടുകളുടെ പുനർനിർമ്മാണം, മൃഗസംരക്ഷണ മേഖലയുടെ പുനരുദ്ധാരണം, അങ്കണവാടികളുടെ പുനർനിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സ്പോൺസർമാർ പ്രസ്തുത പോർട്ടലിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതിനായാണ് ഇത്തരത്തിൽ തുക ലഭിച്ചിട്ടുള്ളത്.

**റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ റോഡുകൾ**

70(87) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിന്റെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ കൊയിലാണ്ടി-താമരശ്ശേരി-മുക്കം-അരിക്കോട്-എടവണ്ണ സംസ്ഥാന പാതയുടെ വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആയതിൻെറ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 818.87 കി.മീ. ദൈർഘ്യം വരുന്ന, പൊതുമരാമത്ത് വകുപ്പിനു കീഴിലെ 31 റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ഇതുകൂടാതെ പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിൽ നിന്നായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള 603.74 കി.മീ. റോഡുകളും റീബിൽഡ് കേരള

ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s. Feedback Infra എന്ന കൺസൾട്ടൻസിയുമായി 17-10-2019-ൽ കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റ് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) 2020 മാർച്ച് മാസത്തോടുകൂടി വിശദമായ പദ്ധതി രേഖ സമർപ്പിക്കുകയും തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 2020 ജൂൺ മാസത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുമാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

**തിരുവമ്പാടി മണ്ഡലത്തിലെ ദുരിതാശ്വാസ സഹായം**

71(89) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ മഹാപ്രളയത്തിൽ, തിരുവമ്പാടി മണ്ഡലത്തിലെ നാശനഷ്ടം സംഭവിച്ച വ്യക്തികൾക്ക് ദുരിതാശ്വാസനിധിയിൽ നിന്നും സഹായം നൽകിയതിന്റെ കണക്കുകൾ വില്ലേജ് തിരിച്ച് ആളുകളുടെ പേര്, വിലാസം, അനുവദിക്കപ്പെട്ട സംഖ്യ മുതലായ വിവരങ്ങൾ ഉൾപ്പെടുത്തി ലഭ്യമാക്കുമോ?

ഉത്തരം

മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

**പ്രളയാനന്തര പുനർനിർമ്മാണം**

72(90) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിൽ തകർന്ന സംസ്ഥാനത്തെ പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രളയത്തിൽ വീട് പൂർണ്ണമായും തകർന്നവരെ പുനരധിവസിപ്പിക്കുന്നതിനും ഭൂമി നഷ്ടപ്പെട്ടവർക്ക് പകരം ഭൂമി കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയുമോ;

(സി) 2018-ലെ പ്രളയം കഴിഞ്ഞ് 14 മാസം കഴിഞ്ഞിട്ടും പ്രളയ ബാധിതരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് കോടതി ഇടപെടലുകൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കുമോ;

(ഡി) പ്രളയാനന്തര പുനർ നിർമ്മാണത്തിനായി രൂപീകൃതമായ റീ ബിൽഡ് കേരളയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) പ്രളയത്തിൽ നഷ്ടപ്പെട്ട വസ്തുവകകൾ അതേപടി പുനർ നിർമ്മിക്കുകയല്ല, പകരം ഒരു പുതിയ കേരളം കെട്ടിപ്പടുക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതി പുനഃക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തു.

അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായതരത്തിൽ പുനർനിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാനതലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ.) രൂപം നൽകി.

ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കേരള പുനർനിർമ്മാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. ലോക ബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ കെ.എഫ്.ഡബ്ല്യു.-ൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വിവിധ വകുപ്പുകൾ തയ്യാറാക്കിയ പദ്ധതികൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ അംഗീകാരവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലാണ്. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 31 റോഡുകളുടെ പുനർ നിർമ്മാണത്തിനായി നടപ്പുസാമ്പത്തിക വർഷം 300 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)
2. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ എട്ട് ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമ്മാണത്തിന് 488 കോടി രൂപ (ലോക ബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)
3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.
4. വനം വകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്ന് പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.
5. മത്സ്യബന്ധന വകുപ്പിന്റെ കൂട് മത്സ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.

(3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ)

ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാര സമിതിയുടെ പരിഗണനയിലുണ്ട്.

(ബി) 15% മുതൽ 100% വരെ തകർച്ച നേരിട്ടതായി 428512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 412853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകി തീർപ്പാക്കി. 16387 വീടുകൾ പൂർണ്ണമായും തകർന്നു എന്നാണ് അപ്പീലുകൾ കൂടി പരിഗണിച്ച ശേഷം നിലവിലെ കണക്കുകൾ, ഇവയിൽ 8131 വീടുകളുടെ പണി പൂർത്തിയായി. 1153 കുടുംബങ്ങൾ വിവിധ കാരണങ്ങളാൽ വീടുകളുടെ പുനർ നിർമ്മാണം ആരംഭിച്ചിട്ടില്ല.

2018-ൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുൻപ് വീടുണ്ടായിരുന്ന നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. പഠനത്തിൽ ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ വീടുകളുടെ ഉടമകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ വീതം നൽകിവരുന്നു.

(സി) നാശനഷ്ടം വന്നു എന്ന് അംഗീകരിച്ച ചില വീടുകൾക്ക് ധനസഹായ തോത് അംഗീകരിച്ച ശേഷം തുക ലഭിച്ചില്ല എന്ന കാരണത്താലാണ് ധനസഹായ തോത് അംഗീകരിച്ച കേസ്സുകളിൽ 15 ദിവസത്തിനുള്ളിൽ തുക നൽകണം എന്ന്

കോടതി നിർദ്ദേശിച്ചത്. ഈ താമസം നടപടി ക്രമത്തിലെ താമസം മാത്രമാണെന്നും 15% മുതൽ 100% വരെ തകർച്ച നേരിട്ടതായി 4,28,512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നു എന്നും ഇവയിൽ 4,12,853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകി തീർപ്പാക്കി എന്നും കോടതിയെ അറിയിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വിലയിരുത്തുന്നതിനുമായി 9-11-2018-ലെ സർക്കാർ ഉത്തരവു പ്രകാരം നിലവിൽവന്ന ഒരു ത്രിതല സംവിധാനം ഉണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷനേതാവും വിദഗ്ദ്ധരും അംഗങ്ങളുമായ ഉപദേശകസമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും മൂന്നംഗ ആർ.കെ.ഐ. നിർവ്വഹണ സമിതിയുമാണുള്ളത്. ഈ സമിതികൾ ഇടയ്ക്കിടെ യോഗം ചേർന്ന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ സമയോചിതമായി അവലോകനം ചെയ്യുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ഇ) പ്രളയത്തെ ധീരമായി അഭിമുഖീകരിച്ചതിനുശേഷം അടിയന്തര രക്ഷാ പ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധപതിപ്പിച്ചിട്ടുള്ളത്.

ഇത്തരത്തിലുള്ള പുനർനിർമ്മാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (RKI)രൂപം നൽകിയത്.

പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP) സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതി സൗഹൃദപരമായും അത്യന്താധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഉന്നത നിലവാരത്തിൽ കേരളത്തെ പുനർനിർമ്മിക്കുക എന്നതാണ് കേരള പുനർനിർമ്മാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. കേരള പുനർനിർമ്മാണ പദ്ധതികളിലെല്ലാം ഈ കാഴ്ചപ്പാട് ഉൾച്ചേർന്നിട്ടുണ്ട്.

## ഒറ്റപ്പാലത്തെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ

73(91) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ നടപ്പിൽ വരുത്തിയ പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) 2018, 2019 വർഷങ്ങളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചുവെന്നതിന്റെ വിശദാംശം നൽകാമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി ഇനി ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുവാനുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) റീബിൽഡ് കേരള പദ്ധതിയിൽ സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലാടിസ്ഥാനത്തിലുള്ള നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ്. ഇത്തരത്തിലുള്ള പദ്ധതികൾ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

അതിജീവനക്ഷമത മുൻനിർത്തി, നവീന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് RKI യുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പാലക്കാട്-പെരിന്തൽമണ്ണ റോഡ് (36.8 KM) ഉൾപ്പെടുത്താൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

74(92) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സമയക്രമം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) റീബിൽഡ് കേരള പദ്ധതിയിൽ ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ് ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾക്കുവേണ്ട ദിശാബോധം നൽകുന്നതിന് സർക്കാർ അംഗീകരിച്ച് ഉത്തരവായ കേരള പുനർനിർമ്മാണ വികസന പരിപാടിയുടെ (ആർ.കെ.ഡി.പി.) നയരേഖയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ സ്വഭാവത്തിനനുസരിച്ചുള്ള സമയക്രമം നിശ്ചയിച്ച് പദ്ധതി നിർവ്വഹണം സാധ്യമാക്കുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം ഓരോ പദ്ധതിയുടെയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ടിൽ വ്യക്തമാക്കുകയും പ്രസ്തുത സമയക്രമം പാലിച്ച് പദ്ധതി നടപ്പാക്കാൻ ശ്രമിക്കുകയുമാണ് ചെയ്യുക.

ഈ പ്രവർത്തന തത്വങ്ങളിലൂന്നിക്കൊണ്ട് റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ കോഴിക്കോട് ജില്ലയിൽ നിന്നും കൊയിലാണ്ടി-ബാലുശ്ശേരി-കൊടുവള്ളി-തിരുവമ്പാടി റോഡ് (52.5 കി.മീ.) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

## പുനർനിർമ്മാണ സഹായനിധി വിതരണം

75(94) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയാനന്തരം സർക്കാർ അനുവദിച്ച പുനർനിർമാണ സഹായനിധി വിതരണം ഏത് ഘട്ടത്തിലാണെന്നും എല്ലാ ഗഡുക്കളും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ആറന്മുളയിൽ എത്ര വീടുകൾ ഇതുപയോഗിച്ച് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) 2019-ലെ പ്രളയാനന്തരം സർക്കാർ അനുവദിച്ച സഹായനിധി വിതരണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ആറന്മുള മണ്ഡലത്തിൽ എത്ര പേർ ഇതിന്റെ ഗുണഭോക്താക്കളാണെന്നുള്ള വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) വീടുകളുടെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് 15% മുതൽ 100% വരെ തകർച്ച നേരിട്ടതായി കണ്ടെത്തിയിട്ടുള്ള 428512 കുടുംബങ്ങൾ ക്ലെയിമും അപ്പീലും സമർപ്പിച്ചിരുന്നു. ഇവയിൽ 412853 കുടുംബങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകി തീർപ്പാക്കി. 16387 വീടുകൾ പൂർണ്ണമായും തകർന്നു എന്നാണ് അപ്പീലുകൾകൂടി പരിഗണിച്ചശേഷം നിലവിലെ കണക്ക്. ഇവയിൽ 8131 വീടുകളുടെ പണി പൂർത്തിയായി. പൂർണ്ണമായി നാശനഷ്ടം സംഭവിച്ച വീടുകൾ സർക്കാർ ധനസഹായത്തോടെ പുനർനിർമ്മിക്കുന്നതിന് നൽകുന്ന 4 ലക്ഷം രൂപയിൽ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം മുൻകൂറായി നൽകുകയും തറ (ബേസ്മെന്റ്) പണി പൂർത്തീകരിക്കുമ്പോൾ രണ്ടാം ഗഡുവും ലിന്റിൽ ലെവൽ പൂർത്തിയാക്കുന്നതോടെ മൂന്നാമത്തെ ഗഡു ധനസഹായവും അനുവദിച്ചു വരുന്നു.

(ബി) ആറന്മുള മണ്ഡലത്തിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് ആകെ 109 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2019-ലെ പ്രളയാനന്തരം സർക്കാർ അനുവദിച്ച സഹായനിധി വിതരണം തുടർന്നു വരുന്നു.

(ഡി) ആറന്മുള മണ്ഡലത്തിലുൾപ്പെടുന്ന കോഴഞ്ചേരി തിരുവല്ല താലൂക്കുകളിലായി 2784 കുടുംബങ്ങൾക്ക് 2,78,40,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

## 2018-ലെ പ്രളയ നാശനഷ്ടവും ദുരിതാശ്വാസ സഹായവും

76(95) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയത്തിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ദുരിതബാധിതർക്ക് എത്ര തുകയുടെ ദുരിതാശ്വാസ സഹായം ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം 5616.77 കോടി രൂപയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്. യഥാർത്ഥ നഷ്ടം ഏകദേശം 26,718 കോടിയോളം രൂപ വേണ്ടിവരുമെന്നും പുനർ നിർമ്മാണത്തിന് 31,000 കോടി രൂപ വേണ്ടിവരുമെന്നും PDNA വിലയിരുത്തിയിട്ടുണ്ട്.

2018-ലെ പ്രളയത്തിൽ ദുരിതാശ്വാസ ധനസഹായമായി പൂർണ്ണമായി വീട് തകർന്നവർ, ഭാഗികമായി വീട് തകർന്നവർ, മരണപ്പെട്ടവർ, ദുരിതബാധിതർ, വീടുകളിൽ വെള്ളം കയറിയവർ, കൃഷിനാശം, മത്സ്യബന്ധനം, വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 2720,99,63,536 രൂപ സഹായം നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് പട്ടാമ്പി മണ്ഡലത്തിന് ലഭിച്ച ധനസഹായം

77(96) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2019 സെപ്റ്റംബർ വരെ പട്ടാമ്പി മണ്ഡലത്തിൽ എത്രുപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

## പ്രളയ ദുരിതാശ്വാസ സഹായം

78(97) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാറിനോട് എത്ര തുകയുടെ സഹായമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ സഹായമാണ് ലഭിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ (NDRF) നിലവിലെ മാനദണ്ഡപ്രകാരം 5616.7 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2904.85 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്.

**ദുരിതാശ്വാസ നിധി**

79(98) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ 2011-2016 കാലത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 2011-16 ജനസമ്പർക്ക പരിപാടികൾ വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ആകെ എത്ര തുക അനുവദിച്ചു; എത്ര രൂപ വിതരണം ചെയ്തു;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 25-5-2016 ന് മുമ്പുള്ള കുടിശ്ശിക അതിനുശേഷം വിതരണം ചെയ്തിട്ടുണ്ടോ;എങ്കിൽ എത്ര പേർക്ക്; എത്ര തുക വിതരണം ചെയ്തു; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഈ സർക്കാർ ദുരിതാശ്വാസനിധി വിതരണത്തിന് പ്രത്യേക പൊതുപരിപാടികൾ സംഘടിപ്പിക്കാൻ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ 2011-2016 കാലത്ത് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കായി 22,79,03,194 (ഇരുപത്തി രണ്ട് കോടി എഴുപത്തി ഒമ്പത് ലക്ഷത്തി മൂവായിരത്തി ഒരുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2011-16 ജനമ്പർക്ക പരിപാടികൾ വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആകെ 285,82,94,591 (ഇരുന്നൂറ്റി എൺപത്തി അഞ്ച് കോടി എൺപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപ അനുവദിച്ചു. ആയതിൽ 280,02,34,821 (ഇരുന്നൂറ്റി എൺപത് കോടി രണ്ട് ലക്ഷത്തി മുപ്പത്തി നാലായിരത്തി എണ്ണൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 25-5-2016-ന് മുമ്പുള്ള കടിശ്ശിക അതിനുശേഷം 22035 പേർക്ക് 29,91,57,038 (ഇരുപത്തി ഒമ്പത് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അൻപത്തി ഏഴായിരത്തി മുപ്പത്തി എട്ട് രൂപ മാത്രം) രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഈ സർക്കാർ ദുരിതാശ്വാസനിധി വിതരണത്തിന് പ്രത്യേക പൊതുപരിപാടികൾ സംഘടിപ്പിച്ചിട്ടില്ല.

**ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവന**

80 (99) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചിലൂടെ എത്ര കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ചിട്ടുള്ളത്;

(ബി) 2019 ആഗസ്റ്റ് മാസം മുതൽ ഒക്ടോബർ 15 വരെ എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2018 ആഗസ്റ്റ് മാസം മുതൽ 2019 ഒക്ടോബർ വരെ എത്ര രൂപ ചെലവഴിച്ചു; ഏതൊക്കെ മേഖലകളിൽ എത്ര രൂപ വീതം; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സ്പാർക്ക് മുഖേന ശമ്പളം പ്രോസസ് ചെയ്യുന്ന ജീവനക്കാരിൽ നിന്ന് 2019 ഒക്ടോബർ 21 വരെ 1215.96 കോടി രൂപയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്ന് 131.27 കോടി രൂപയും സംസ്ഥാന സർവ്വീസ്/ഫാമിലി പെൻഷൻകാരിൽ നിന്നും 12.06 കോടി രൂപയും ലഭിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ. ഉൾപ്പെടെയുള്ള പൊതുമേഖലാ ഗ്രാന്റ് ഇൻ എയ്ഡ് ആട്ടോണമസ് സ്ഥാപനങ്ങളിൽനിന്നും സാലറിചലഞ്ച് മുഖേന ലഭ്യമാകുന്ന തുക അതാത് സ്ഥാപനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് പ്രത്യേകമായി നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇവയുടെ വിശദാംശം പ്രത്യേകമായി ലഭ്യമല്ല.

(ബി) 2019 ആഗസ്റ്റ് മാസം മുതൽ ഒക്ടോബർ 15 വരെ 52.34 കോടി രൂപ സംഭാവനയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ചിട്ടുണ്ട്.

(സി) പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2018 ആഗസ്റ്റ് മാസം മുതൽ 2019 ഒക്ടോബർ 21 വരെ 2456.22 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| | |
|---|---|
| അടിയന്തര ധനസഹായം | - 457.58 കോടി രൂപ |
| വീടും സ്ഥലവും നാശനഷ്ടം സംഭവിച്ചവർക്ക് | - 1814.68 കോടി രൂപ |
| കെയർഹോം പ്രോജക്ട് | - 52.69 കോടി രൂപ |
| കർഷകർക്ക് | - 54 കോടി രൂപ |
| റേഷൻ നൽകുന്നതിന് | - 63.86 കോടി രൂപ |
| പ്രത്യുത്ഥാനപദ്ധതി | - 10 കോടി രൂപ |
| പാഠപുസ്തകങ്ങൾ അനുവദിച്ച് നൽകിയ വകയിൽ | - 47 ലക്ഷം |
| ചെറുകിട സംരംഭകർക്ക് ഉജ്ജീവൻ പദ്ധതിപ്രകാരം | - 1.50 കോടി രൂപ |
| മറ്റുള്ളവ | - 1.44 കോടി രൂപ |

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

81(100) ശ്രീ. കെ .വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ബജറ്റ് വിഹിതമായി തുക അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ 2011 മുതൽ 2019 വരെ സി.എം.ഡി.ആർ.എഫ്.- ലേയ്ക്ക് നൽകിയ ബജറ്റ് വിഹിതം വർഷം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ബഡ്ജറ്റ് വിഹിതമായി തുക അനുവദിക്കുന്നുണ്ട്.

(ബി) 2011-2019 വരെ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്:

| സാമ്പത്തിക വർഷം | തുക (കോടി) |
|---|---|
| 2011-12 | 56.62 |
| 2012-13 | 70 |
| 2013-14 | 130 |
| 2014-15 | 165 |
| 2015-16 | 346 |
| 2016-17 | 200 |
| 2017-18 | 200 |
| 2018-19 | 150 |
| 2019-20 | 200 |

**ദുരിതാശ്വാസ ക്യാമ്പിലുള്ളവരുടെ വിശദാംശം**

82(103) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മഴക്കെടുതിയിലും ഉരുൾപൊട്ടലിലും ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ വർഷം എത്ര ആളുകളെയാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചിട്ടുണ്ടായിരുന്നത് എന്ന് വിശദമാക്കുമോ;

(സി) ഇതിൽ ധനസഹായം ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2019-ൽ കേരളത്തിലുണ്ടായ പ്രളയത്തിന്റെ നാശനഷ്ടങ്ങളുടെ കണക്കെടുത്തിട്ടുണ്ട്. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് സഹായം ആവശ്യപ്പെട്ടിട്ടുള്ള മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ നിലവിലെ മാനദണ്ഡ പ്രകാരം 2101.881 കോടി രൂപയുടെ നഷ്ടമാണ് വിവിധ മേഖലകളിലായി കണക്കാക്കപ്പെട്ടിരുന്നത്.

(ബി) ഈ വർഷത്തെ മഴക്കെടുതിയിൽ 326417 ആളുകളെയാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ മാറ്റിപ്പാർപ്പിച്ചിട്ടുള്ളത്.

(സി) 25-10-2019 വരെ 120535 കുടുംബങ്ങൾക്ക് സഹായം നൽകി.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 153 |
| 2 | കൊല്ലം | 435 |
| 3 | പത്തനംതിട്ട | 2925 |
| 4 | ആലപ്പുഴ | 9451 |
| 5 | കോട്ടയം | 7361 |
| 6 | ഇടുക്കി | 479 |
| 7 | എറണാകുളം | 7130 |
| 8 | തൃശ്ശൂർ | 18316 |
| 9 | പാലക്കാട് | 3394 |
| 10 | മലപ്പുറം | 18024 |
| 11 | കോഴിക്കോട് | 19621 |
| 12 | വയനാട് | 8798 |
| 13 | കണ്ണൂർ | 6411 |
| 14 | കാസർഗോഡ് | 1265 |
| | ആകെ | 103763 |

ആലപ്പുഴയിലെ ഗ്രൂവൽ സെന്ററിൽ എത്തിയ 16,772 കുടുംബത്തിനും 10,000 രൂപയുടെ സഹായം നൽകി.

**എൻഡോസൾഫാൻ ബാധിതർക്ക് നൽകിയ ആനുകൂല്യങ്ങൾ**

83(104) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ബാധിതർക്ക് മുൻസർക്കാരും ,നിലവിലെ സർക്കാരും നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എൻഡോസൾഫാൻ ബാധിതർക്ക് നൽകേണ്ട ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിൻ പ്രകാരം നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും, ബാക്കി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ;

(ഡി) എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസം നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും ,ആയത് മുടങ്ങാതെ നൽകുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പൂർണ്ണമായും കിടപ്പിലായ രോഗികൾ, മാനസിക വൈകല്യം നേരിടുന്നവർ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് അഞ്ച് ലക്ഷം രൂപ വീതം ധനസഹായവും സൗജന്യ ചികിത്സയും പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്. കാൻസർ, ശാരീരിക വൈകല്യം നേരിടുന്നവർ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് മൂന്ന് ലക്ഷം രൂപ ധനസഹായവും കൂടാതെ സൗജന്യ ചികിത്സയും, പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്. മറ്റ് വിഭാഗത്തിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സയും, പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ റേഷൻ കാർഡ് ജില്ലാ സപ്ലൈ ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ വൈദ്യുത ബില്ലിൽ 50% ഇളവ് എന്നിവയാണ് മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നൽകിവരുന്ന ആനുകൂല്യങ്ങൾ. എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി 50,000 രൂപ വരെയുള്ള കടങ്ങൾക്കായി 2,17,38,655 രൂപയും 50,000 മുതൽ 3,00,000 (3 ലക്ഷം) വരെയുള്ള കടങ്ങൾക്കായി 4,39,42,000 രൂപയും നിലവിലുള്ള സർക്കാർ അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതർക്ക് മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നൽകിവരുന്ന മറ്റ് ആനുകൂല്യങ്ങൾ അനുബന്ധം * ആയി ചേർക്കുന്നു.

(ബി & സി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം * ആയി ചേർക്കുന്നു. ബഹു. സുപ്രീം കോടതി 3-7-2019-ൽ സിവിൽ കോടതിയലക്ഷ്യ ഹർജി 1920/2017 നമ്പരായി നൽകിയ വിധി പ്രകാരം 4 പേർക്ക് അഞ്ച് ലക്ഷം രൂപ വീതം നൽകാൻ വിധിന്യായം വന്നതിന്റെ അടിസ്ഥാനത്തിൽ നാല് പേരുടെയും ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രസ്തുത തുക 28-09-2019-ന് കൈമാറിയിട്ടുണ്ട്.

(ഡി) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സൗജന്യ ചികിത്സയും, പ്രതിമാസ പെൻഷനും മുടങ്ങാതെ നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അപകടത്തിൽപ്പെട്ടയാൾക്ക് ദുരിതാശ്വാസം

84(105) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കരാർ എടുത്തിരുന്ന കരാറുകാരന്റെ കയറ്റിറക്ക് തൊഴിലാളിയായിരുന്ന ശ്രീ. ഹുസൈൻ പി. പി., പുത്തൻ പീടിയേക്കൽ, പാഴൂർ, കുറ്റിപ്പുറം എന്നയാൾക്ക് 20-12-1972-ന് അപകടം സംഭവിച്ചത് സംബന്ധിച്ച് പ്രസ്തുത വ്യക്തി വൈദ്യുതി ബോർഡിനും വൈദ്യുതി വകുപ്പ് സെക്രട്ടറിക്കും നൽകിയ നിവേദനങ്ങളിൽ അനുകൂല തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ചലനശേഷി പൂർണ്ണമായും നഷ്ടപ്പെട്ടതായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത വ്യക്തിക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഈ ഫയലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കരാർ കൊടുത്തിരുന്ന കരാറുകാരന്റെ കെ.എൽ.സി. - 4834 എന്ന ലോറിയിൽ കോൺക്രീറ്റ് മിക്സർ കൊണ്ടു പോകുമ്പോൾ 20-2-1972- ൽ നടന്ന അപകടത്തിൽ ചുമട്ടു തൊഴിലാളിയായിരുന്ന ശ്രീ. ഹുസൈൻ പി. പി.-യ്ക്ക് പരിക്കേറ്റിരുന്നു. ശ്രീ. ഹുസൈൻ പി. പി. ബഹു. മുഖ്യമന്ത്രിവരെയുള്ള ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയ നിവേദനങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. മേൽപ്പറഞ്ഞ അപകടത്തിന് നഷ്ടപരിഹാരത്തിനായി ശ്രീ. ഹുസൈൻ കോഴിക്കോട് വർക്ക്മെൻസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ 1985-ൽ, ഏകദേശം 13 വർഷങ്ങൾക്കുശേഷം അപേക്ഷ നൽകുമ്പോൾ മാത്രമാണ് ടി അപകടം കെ.എസ്.ഇ.ബി.-യുടെ ശ്രദ്ധയിൽപ്പെടുന്നത്. ശ്രീ. ഹുസൈൻ 13 വർഷത്തിനുശേഷം മാത്രം അപേക്ഷ സമർപ്പിച്ചതിന് വ്യക്തമായ കാരണം ബോധിപ്പിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത അപേക്ഷ തള്ളപ്പെടുകയുണ്ടായി. ശ്രീ. ഹുസൈൻ നഷ്ടപരിഹാരം ലഭിക്കുന്നതിനായി ബഹു. കോഴിക്കോട് വർക്ക്മെൻസ് കോമ്പൻസേഷൻ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കോടതിയിൽ സമർപ്പിച്ച WCC 43/1985 എന്ന കേസ്സിലും ബഹു. തലശ്ശേരി ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് മുമ്പാകെ നൽകിയ നമ്പർ 523/1972 എന്ന

കേസ്സിലും പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ചും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിയമപ്രകാരം നഷ്ടപരിഹാരം/സാമ്പത്തിക സഹായം നൽകാൻ ബാധ്യതയില്ലെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ ശ്രീ. ഹുസൈൻ പി. പി.യുടെ നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ട് സർക്കാരിൽ നിന്നും മറുപടി നൽകിയിരുന്നു. (പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.)

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം**

85(106) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനപ്പെടുംവിധം ശബരിമലയ്ക്കടുത്ത് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളനിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇതിനായി എത്ര ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്; ഏറ്റവും അനുയോജ്യമായി കണ്ടെത്തിയ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ചുള്ള കേസ്സിന്റെ തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇത് ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

(സി) വിമാനത്താവള നിർമ്മാണത്തിന് ഇനി എന്തൊക്കെ കടമ്പകളാണുള്ളത്; കേന്ദ്രാനുമതി ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൽട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 570 ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി കണ്ടെത്തിയിട്ടുള്ള കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, മണിമല താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന 2263 ഏക്കർ ഭൂമി 2005-ൽ M/s ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനത്തിന് വിൽപ്പന നടത്തിയ തോട്ടം ഭൂമിയാണ്. സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ ഭരണാധികാരികളും സ്വകാര്യ വ്യക്തികളും പാട്ടമായും ഗ്രാന്റായും റബ്ബർ കൃഷിക്കായി ബ്രിട്ടീഷ് പൗരന്മാർക്കും കമ്പനികൾക്കും നൽകിയ ഭൂമി, പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൈമാറ്റം ചെയ്തും ഉടമസ്ഥത സ്ഥാപിക്കാതെ ഭൂമി വിൽപ്പന നടത്തിയതും ബോധ്യപ്പെട്ടതിനെ തുടർന്ന് ഹാരിസൺ മലയാളവും അവരുടെ മുൻഗാമികളും അവരിൽ നിന്ന് ഭൂമി നേടിയവരും കൈവശംവച്ചിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥത സർക്കാരിനാണെന്നു സ്ഥാപിക്കുന്നതിനായി ബഹു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെറുവള്ളി എസ്റ്റേറ്റ് നിലവിൽ കൈവശം വച്ചിരിക്കുന്നത് ഗോസ്പൽ ഫോർ ഏഷ്യ എന്ന സ്ഥാപനമാണ്. ഉടമസ്ഥത സംബന്ധിച്ച് സർക്കാർ ഫയൽ ചെയ്യുന്ന സിവിൽ കേസ്സിലെ അന്തിമ വിധിക്കു വിധേയമായി മാത്രമേ ടി ഭൂമിയുടെ ഉടമസ്ഥത നിർണ്ണിക്കുവാൻ കഴിയുകയുള്ളൂ.

(സി) വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ സാമൂഹ്യ പ്രത്യാഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ. ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ നടത്തുവാൻ സാധിച്ചിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ഡി.ജി.സി.എ. വ്യോമയാന മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്നിവരുടെ ക്ലിയറൻസ്, വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി, കേന്ദ്ര സർക്കാരിന്റെ "in principle" അപ്രൂവൽ, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയിൽനിന്നും ലഭ്യമാകേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും തെരഞ്ഞെടുക്കപ്പെട്ട കൺസൽട്ടന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**തിരുവനന്തപുരത്ത് നിന്ന് കൂടുതൽ വിമാന സർവ്വീസുകൾ**

86(109) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർലൈൻ മേധാവികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കാമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തുനിന്നും എത്ര വിമാന സർവ്വീസുകൾ ആരംഭിക്കുമെന്നാണ് ഉറപ്പ് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നാളിതുവരെ ഇതിൽ എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കൂടതൽ വിമാന സർവ്വീസുകൾ ആരംഭിക്കാമെന്ന സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം-ഡൽഹി-തിരുവനന്തപുരം, മുംബൈ-തിരുവനന്തപും-മുംബൈ റൂട്ടുകളിൽ സ്പൈസ് ജെറ്റ് ദൈനംദിന സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ചെന്നൈ-തിരുവനന്തപുരം, ചെന്നൈ തിരുവനന്തപുരം-മാലി-തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് 20-11-2019 മുതൽ ദൈനംദിന സർവ്വീസ് ആരംഭിക്കുന്നതാണ്.

വിസ്താര എയർലൈൻസ് 9-11-2019 മുതൽ ഡൽഹി-തിരുവനന്തപുരം-ഡൽഹി ദൈനംദിന സർവ്വീസ് ആരംഭിക്കുന്നതാണ്.

27-10-2019 മുതൽ ചെന്നൈ/ബാംഗ്ലൂർ എന്നിവിടങ്ങളിലേക്ക് ദൈനംദിന സർവ്വീസ് നടത്തുന്നതിന് "ഗോ എയറിന്'' ഡി.ജി.സി.എ.യുടെ അനുമതി ലഭിച്ചിട്ടുണ്ട്.

ഇൻഡിഗോ നവംബർ 2019-ൽ ബാംഗ്ലൂരിലേക്ക് ദൈനംദിന അധിക സർവ്വീസ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**സെമി ഹൈസ്പീഡ് റെയിൽ പദ്ധതി**

87(110) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെമി ഹൈസ്പീഡ് റെയിൽ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച കരട് ഡി.പി. റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പദ്ധതിക്ക് റെയിൽവെ ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(സി) എത്ര കോടി രൂപയാണ് പദ്ധതിയുടെ ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രസ്തുത തുക എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ;

(ഡി) ഈ പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരുമെന്നും എത്ര വീടുകൾ ഒഴിപ്പിക്കേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(ഇ) ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുവാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കായി "സിസ്ട്ര" എന്ന സ്ഥാപനത്തെ ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യു ക്യാപ്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൽട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 56,442 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഈ പദ്ധതി ജിക്ക (JICA)ഫണ്ടിംഗിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതം, ജിക്ക മുതലായവയിൽ നിന്നുള്ള ദീർഘകാല വായ്പ, വാല്യു ക്യാപ്ചറിംഗ് എന്നിവ മുഖേന ഈ പദ്ധതിക്കാവശ്യമായ ധനസമാഹരണം കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ പദ്ധതിക്കായി 3030.624 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും 6395 വീടുകൾ ഒഴിപ്പിക്കേണ്ടി വരുമെന്നുമാണ് കണക്കാക്കുന്നത്.

(ഇ) ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

## കൊച്ചി മെട്രോ

88(111) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊച്ചി മെട്രോയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഓണക്കാലത്ത് യാത്രക്കാരെ ആകർഷിക്കാനായി നടപ്പിലാക്കിയ പദ്ധതികൾ ഫലം കണ്ടുവോയെന്നും ആ പദ്ധതികൾ എന്തുമാറ്റമുണ്ടാക്കിയെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ)

1. കൊച്ചി മെട്രോ ഘട്ടം-I (ആലുവ മുതൽ പേട്ട വരെ ) - പുതുക്കിയ പദ്ധതി തുകയായ 5687.79 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, ആലുവ മുതർ തൈക്കൂടം വരെ ഘട്ടം ഘട്ടമായി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുകയും ചെയ്തു.

2. കൊച്ചി മെട്രോ ഘട്ടം-I എ (പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെ ) - പുതുക്കിയ പദ്ധതി തുകയായ 710 കോടി രൂപയുടെ (നികുതി ഉൾപ്പെടെ) ഭരണാനുമതി നൽകി.

3. കൊച്ചി മെട്രോ ഘട്ടം-I ബി (എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ )- പുതുക്കിയ പദ്ധതി തുകയായ 356 കോടി രൂപയുടെ ഭരണാനുമതി നൽകി.

4. കൊച്ചി മെട്രോ ഘട്ടം-II (ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെ) - പദ്ധതിക്ക് ഭരണാനുമതി നൽകി. നിലവിൽ കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതിക്കായി അയച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഭരണാനുമതി നൽകിയതനുസരിച്ച് സീപോർട്ട് എയർപോർട്ട് റോഡിന്റെ വീതി കൂട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

5. കൊച്ചി മെട്രോ സ്റ്റേഷനുകളുടെ സമീപ സ്ഥലങ്ങളിൽ സേവനം നടത്തുന്നതിന് പരിസ്ഥിതി സൗഹൃദ ഇ-ഓട്ടോ സംവിധാനം നടപ്പിൽ വരുത്തി.

6. UMTA ബിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ ബിൽ നിലവിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

7. വിവിധ വിനിമയങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ആക്സിസ് ബാങ്കിന്റെ പങ്കാളിത്തത്തോടെ കൊച്ചി മെട്രോയുടെ കീഴിൽ കൊച്ചി വൺ കാർഡ് നടപ്പിൽ വരുത്തി.

8. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാക്കനാട് കുന്നുംപുറത്തുള്ള പി.ഡബ്ല്യു.ഡി. ലാന്റ് കൊച്ചി മെട്രോയ്ക്ക് കൈമാറുകയുണ്ടായി.

(ബി) ഓണക്കാലത്ത് മൂന്ന് ദിവസങ്ങളിൽ മെട്രൊ സർവ്വീസ് രാത്രി 11 മണിവരെ നീക്കീയതിനാൽ ഏകദേശം 3500 യാത്രക്കാർക്ക് അതിന്റെ പ്രയോജനം ലഭിച്ചു. ഈ ദിവസങ്ങളിൽ യാത്രാനിരക്ക് നിലവിലെ നിരക്കിന്റെ 50% ഇളവും സ്വകാര്യ വാഹനങ്ങൾ സ്റ്റേഷനുകളിൽ പാർക്കിംഗ് ഫീസ് ഇല്ലാതെ പാർക്ക് ചെയ്യുന്നതിനും അനുവദിച്ചു. ഈ മൂന്ന് ദിവസങ്ങളിൽ 240046 യാത്രക്കാർ ഈ സൗജന്യം ഉപയോഗപ്പെടുത്തി. ഒരു ദിവസത്തെ ഏറ്റവും ഉയർന്ന യാത്രക്കാരുടെ എണ്ണത്തിലുള്ള റെക്കോർഡും (ഒരു ലക്ഷത്തിലധികം) ഈ ദിവസത്തിലൊന്നിൽ ആയിരുന്നു.

## കൊച്ചി വാട്ടർ മെട്രോ

89(112) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്നറിയിക്കുമോ;

(ബി) എത്ര ഘട്ടമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഏതെല്ലാം സ്റ്റേഷനുകളാണ് ഈ പദ്ധതിപ്രകാരം ഓരോ ഘട്ടങ്ങളിലും നിലവിൽ വരുന്നത് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) കൊച്ചി വാട്ടർ മെട്രോയുടെ നിർമ്മാണത്തിനായി കേന്ദ്ര കാലാവസ്ഥാ വ്യതിയാന പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽപ്പെട്ട എട്ട് ടെർമിനലുകളുടെ നിർമ്മാണത്തിനുള്ള കരാർ നൽകിക്കഴിഞ്ഞു. വൈറ്റിലയിലും കാക്കനാടും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. ബാക്കിയുള്ള ടെർമിനലുകളുടെ ടെണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 100 യാത്രക്കാർക്ക് യാത്ര ചെയ്യാവുന്ന 23 ബോട്ടുകളുടെ നിർമ്മാണത്തിനുള്ള അനുമതി കൊച്ചിൻ ഷിപ്പ്‌യാർഡിന് നൽകിയിട്ടുണ്ട്. ജലാശയങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള (ഡ്രഡ്ജിംഗ്) ടെണ്ടറും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) രണ്ട് ഘട്ടത്തിലായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വാട്ടർ മെട്രോയുടെ പുരോഗതി

90(113) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ സ്വപ്ന പദ്ധതിയായ വാട്ടർ മെട്രോയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ;

(ബി) ഏതെല്ലാം ജലപാതകളെ ബന്ധിപ്പിച്ച് എത്ര കിലോ മീറ്റർ പരിധിയിലാണ് പദ്ധതി നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുള്ളത്; സ്റ്റേഷനുകൾ ഉൾപ്പെടെ എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കുക എന്ന് വിശദമാക്കാമോ;

(സി) പദ്ധതിക്കായുള്ള പാരിസ്ഥിതിക-തീരദേശ പരിപാലന നിയമാനുമതി ഉൾപ്പെടെയുള്ള സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സജ്ജമായോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാന പാരിസ്ഥിതിക മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭ്യമായിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽപ്പെട്ട എട്ട് ടെർമിനലുകളുടെ നിർമ്മാണങ്ങൾ അവാർഡ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ടെർമിനലുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 100 യാത്രക്കാർക്ക് യാത്ര ചെയ്യാവുന്ന 23 ബോട്ടുകളുടെ നിർമ്മാണത്തിനുള്ള അനുമതി കൊച്ചിൻ ഷിപ്പ് യാർഡിന് നൽകിയിട്ടുണ്ട്. ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള (ജലാശയങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള) ടെണ്ടർ പ്രസിദ്ധീകരിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 78 കിലോമീറ്ററിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചി മെട്രോ ജലപാത ബന്ധപ്പെടുത്തുന്ന പ്രധാന ജലപാതകൾ താഴെപ്പറയുന്നവയാണ്.

ദേശീയ ജലപാത 3

ചമ്പക്കര കനാൽ

ഉദ്യോഗമണ്ഡൽ കനാൽ

സ്റ്റേഷനുകളിൽ കാത്തിരിപ്പ് കേന്ദ്രവും വാഹന പാർക്കിംഗ് സൗകര്യവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സജ്ജമായിട്ടുണ്ട്. വൈറ്റിലയിലും, കാക്കനാടും ടെർമിനൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

## തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ

91(114) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിന് സർക്കാരിന്റെ ഭാഗത്ത് നിന്നും ഉപേക്ഷ വന്നുവെന്ന ആക്ഷേപം വസ്തുതാപരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പുതുക്കിയ പദ്ധതിരേഖ പരിശോധിച്ച ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചതെന്നും അതിലെ ശിപാർശകളെന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്ന മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളിൽ സർക്കാരിന്റെ ഭാഗത്തു നിന്ന് ഉപേക്ഷ ഉണ്ടായിട്ടില്ല. പുതുക്കിയ പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് ആവശ്യമായ പരിശോധനകളാണ് നടന്നു വരുന്നത്. പുതുക്കിയ പദ്ധതി രേഖയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച ശേഷം കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ബി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബർ-ൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ. പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പുതുക്കിയ പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുന്നതിന് മുമ്പ് ആവശ്യമായ പരിശോധനകൾ നടന്നുവരുന്നു. പുതുക്കിയ രൂപരേഖയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം ലഭിച്ച ശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന മേൽപ്പാലങ്ങളുടെ നിലവിലെ സ്ഥിതി താഴെ പറയുന്നു.

ശ്രീകാര്യം ജംഗ്ഷനിൽ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സാമൂഹികാഘാത പഠനം പൂർത്തിയായി, സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചു. സ്ഥലമെടുപ്പിനുള്ള തുടർനടപടികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

ഉള്ളൂർ മേൽപ്പാലത്തിനുള്ള അന്തിമ രൂപരേഖ അംഗീകരിക്കുകയും തുടർന്ന് 2017 ഡിസംബറിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകുകയും ചെയ്തു. സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. സാമൂഹികാഘാത പഠനം പൂർത്തിയായി. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടം മേൽപ്പാലത്തിനുള്ള പുതുക്കിയ രൂപരേഖ (പ്ലാമൂട് വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള) അംഗീകരിക്കുകയും 2018 ആഗസ്റ്റിൽ സ്ഥലമെടുപ്പിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. സാമൂഹികാഘാത പഠനം പൂർത്തിയായി. പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതിയുടെ പരിശോധന താമസിയാതെ ആരംഭിക്കും. പഠന റിപ്പോർട്ടിന്റെയും വിദഗ്ധ സമിതിയുടെ ശിപാർശകളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മേൽപ്പാല പദ്ധതികൾക്കുള്ള കൺസൽട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ഈ പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

**പി.ആർ.ഡി. പ്രസിദ്ധീകരണങ്ങൾ ഗ്രാമീണ മേഖലകളിൽ**

92 (115) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന നേട്ടങ്ങളെയും പദ്ധതികളെയും കുറിച്ച് പി.ആർ.ഡി. തയ്യാറാക്കുന്ന പ്രസിദ്ധീകരണങ്ങൾ ഗ്രാമീണ മേഖലകളിൽ എത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ ഗ്രാമീണ മേഖലയിൽ എത്തിക്കുന്നതിന്, പി.ആർ.ഡി. പ്രസിദ്ധീകരണങ്ങൾ ഗ്രാമീണ ഗ്രന്ഥശാലകളിൽ സൗജന്യമായി എത്തിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ വികസന നേട്ടങ്ങളെയും പദ്ധതികളെയും കുറിച്ച് പി.ആർ.ഡി. തയ്യാറാക്കുന്ന പ്രസിദ്ധീകരണങ്ങൾ 14 ജില്ല ഇൻഫർമേഷൻ ഓഫീസുകൾ വഴി നേരിട്ടും തപാൽ മുഖേനയും ഗ്രാമീണ മേഖലകളിൽ എത്തിച്ചു വരുന്നു.

(ബി) സമകാലിക ജനപഥം, കേരള കോളിംഗ് മാസികകൾ ഗ്രാമീണ വായനശാലകൾക്ക് സൗജന്യമായി നൽകി വരുന്നുണ്ട്. ഇവയുടെ സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ക്യാമ്പയിൻ ഊർജ്ജിതമായി പുരോഗമിക്കുകയാണ്.

## സർക്കാരിന്റെ വാർഷികാഘോഷത്തിന് ചെലവഴിച്ച തുക

93(116) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തിയ പരിപാടികൾക്കായി ആകെ എന്ത് തുക ചെലവഴിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ദൃശ്യ-പത്ര മാധ്യമങ്ങൾ വഴിയും നവമാധ്യമങ്ങൾ വഴിയും പരസ്യങ്ങൾ നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിനായി ആകെ എന്ത് തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

## പ്രവാസി നിക്ഷേപ സമാഹരണം

94(117) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി നിക്ഷേപ സമാഹരണത്തിനും വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിനും മുഖ്യമന്ത്രിയും മന്ത്രിമാരും ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിലേയ്ക്കായി മുഖ്യമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രയ്ക്ക് ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത യാത്രകളുടെ ഫലമായി ഉണ്ടായ നേട്ടങ്ങൾ വിശദീകരിക്കുമോ

ഉത്തരം

(എ) പ്രവാസി നിക്ഷേപ സമാഹരണത്തിനും വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിനും മുഖ്യമന്ത്രിയും മന്ത്രിമാരും യു.എ.ഇ.-യിലെ ദുബായിലും വ്യവസായ വകുപ്പുമന്ത്രി നേപ്പാളിലെ കാഠ്മണ്ഡുവിലും സന്ദർശനം നടത്തി.

(ബി) മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് നടത്തിയ വിദേശ യാത്രാച്ചെലവുകളുടെ എല്ലാ ക്ലെയിമുകളും ഇതുവരെ സമർപ്പിക്കപ്പെട്ടില്ല.

(സി) ദുബായിലെ മലയാളി ചാർട്ടേഡ് അക്കൗണ്ടന്റുമാരുമായും വിവിധ സംഘടനാ പ്രതിനിധികളുമായും മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും ചർച്ച നടത്തി. കൂടാതെ നിക്ഷേപം നടത്താൻ താൽപ്പര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തി. എയർക്രാഫ്റ്റ് സ്പെയർപാർട്ട്സ് നിർമ്മാണത്തിനും സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ മേഖലകളിലും അവർ താൽപ്പര്യം പ്രകടിപ്പിച്ചു. യു.എ.ഇ. പൗരന്മാർ, പ്രവാസി ഇന്ത്യക്കാർ, മലയാളികൾ തുടങ്ങിയ പ്രമുഖ വ്യക്തികളുമായി മറ്റൊരു ചർച്ച നടത്തുകയുണ്ടായി. അതിനെ തുടർന്ന് DP World Vice President 500 മില്യൺ യു.എസ്. ഡോളറിന്റെ നിക്ഷേപം വാഗ്ദാനം ചെയ്യുകയുണ്ടായി. ഈ ചർച്ചകളിലുണ്ടായിട്ടുള്ളതായ നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർ നടപടിയായി, കൊച്ചിയിൽ ആഗോള നിക്ഷേപ സംഗമം നടത്തുവാൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

## പ്രവാസി ക്ഷേമനിധി

95(118) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധിയിൽ 2016 മേയ് ഒന്നു വരെ എത്രപേരെ അംഗങ്ങളായി ചേർത്തിട്ടുണ്ട്;

(ബി) പ്രവാസി ക്ഷേമനിധിയിൽ ഇപ്പോൾ ആകെ എത്ര അംഗങ്ങൾ ഉണ്ട്;

(സി) ക്ഷേമനിധി പെൻഷൻ ഇപ്പോൾ എത്ര രൂപയാണ്; പെൻഷൻ നൽകി തുടങ്ങിയോ; ഇതിനോടകം എത്ര രൂപ പെൻഷനുവേണ്ടി ചെലവഴിച്ചു;

(ഡി) നിക്ഷേപ ഡിവിഡന്റ് പദ്ധതിയിൽ ഇതിനോടകം എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പ്രവാസി ക്ഷേമനിധിയിൽ 2016 മേയ് ഒന്നു വരെ 1,49,477 പേരെ അംഗങ്ങളായി ചേർത്തിട്ടുണ്ട്.

(ബി) കേരള പ്രവാസി ക്ഷേമനിധിയിൽ ഇപ്പോൾ 4,30,445 പേർ അംഗങ്ങളായി ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 19-8-2017-ലെ G.O.(Ms)6/17/നോർക്ക ഉത്തരവ് പ്രകാരം മിനിമം ക്ഷേമനിധി പെൻഷൻ 2000 രൂപയായും പരമാവധി പെൻഷൻ 4000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2014 സെപ്റ്റംബർ മാസം മുതൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ചു തുടങ്ങിയിട്ടുണ്ട്. നാളിതുവരെ പെൻഷൻ വിതരണത്തിനായി 58,75,91,447 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രവാസി ഡിവിഡന്റ് പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്നതിനുള്ള മറ്റ് നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

## പ്രവാസി പുനരധിവാസ പദ്ധതി

96(119) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക ഡിപ്പാർട്ട്മെന്റ്-പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് എന്ന പ്രവാസി പുനരധിവാസ പദ്ധതി എന്നാണ് നടപ്പിലായതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ബാങ്കുകൾ ഇപ്പോൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2016 മാർച്ച് 31 വരെ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ബാങ്കുകൾ മുഖേന വായ്പാ സഹായം നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) 2016 മേയ് ഒന്ന് മുതൽ 2019 സെപ്റ്റംബർ ഒന്ന് വരെ ഈ പദ്ധതി പ്രകാരം എത്രപേർക്ക് സഹായങ്ങൾ നൽകിട്ടുണ്ട്; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി 2013-14 സാമ്പത്തിക വർഷത്തിലാണ് നടപ്പിലാക്കിയത്.

(ബി) നിലവിൽ താഴെ പറയുന്ന 14 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തരം ലോൺ നൽകി വരുന്നുണ്ട്:

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
2. സൗത്ത് ഇന്ത്യൻ ബാങ്ക്
3. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
4. സിൻഡിക്കേറ്റ് ബാങ്ക്
5. ബാങ്ക് ഓഫ് ബറോഡ
6. ഇന്ത്യൻ ഓവർസീസ് ബാങ്ക്
7. ഫെഡറൽ ബാങ്ക്
8. ബാങ്ക് ഓഫ് ഇന്ത്യ
9. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക്

10. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

11. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

12. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

13. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കോഴിക്കോട്

14. കേരള സ്റ്റേറ്റ് പ്രവാസി ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മലപ്പുറം

(സി) 2016 മാർച്ച് 31 വരെ ഈ പദ്ധതി പ്രകാരം 1104 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

(ഡി) 2016 മേയ് മുതൽ 2019 സെപ്റ്റംബർ ഒന്നുവരെ ഈ പദ്ധതി പ്രകാരം 2012 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും പദ്ധതിരേഖകൾ തയ്യാറാക്കി ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാനുള്ള സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി നൽകി വരുന്നുണ്ട്.

**പ്രവാസി കമ്മീഷൻ പ്രവർത്തനങ്ങൾ**

97(120) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി രൂപീകരിച്ച പ്രവാസി കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) കമ്മീഷന്റെ ഓഫീസുകൾ ഇപ്പോൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; പുതിയ റീജിയണൽ ഓഫീസുകളും ജില്ലാ ആഫീസുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രവാസികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ചൂഷണങ്ങൾ തടയുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ തിരിച്ചുവരുന്ന പ്രവാസികളുടെ നൈപുണ്യം മനസ്സിലാക്കി അവരെ തൊഴിൽ വിപണിയോട് കൂട്ടിച്ചേർക്കുവാനും സ്വയം തൊഴിൽ കണ്ടെത്തുവാനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ കമ്മീഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ നിയോഗിച്ച പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ, പ്രവാസി ഭാരതീയരായ കേരളീയരുടെയും കുടുംബാംഗങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സംസ്ഥാനത്തിന്റെ വിവിധ ജില്ലകൾതോറും നിരവധി സിറ്റിംഗുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. പ്രവാസികളുടെ പരാതികൾക്ക് വിവിധ വകുപ്പുകളും ഏജൻസികളുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഇതിനകം കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. 2016 മുതൽ 2019 ഒക്ടോബർ വരെ ലഭിച്ച 1000-ൽ പരം പരാതികളിൽ 583 എണ്ണം ഒ.പി.-കളായി രജിസ്റ്റർ ചെയ്ത് ആയതിൽ 352 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ഒ.പി.-കളായി രജിസ്റ്റർ ചെയ്യാത്ത പരാതികൾ ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികളുമായി ബന്ധപ്പെട്ട് തീർപ്പാക്കിയിട്ടുണ്ട്. തിരികെ വന്ന പ്രവാസികൾക്ക് സേവന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി കമ്മീഷന്റെ ഗൾഫ് മേഖലയിലെ അംഗങ്ങൾ മുഖേന നടപടി സ്വീകരിച്ചുവരുന്നു. തിരികെയെത്തുന്ന പ്രവാസികൾക്ക് പുനരധിവാസ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവാസികൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളായ വസ്തു/അതിർത്തി തർക്കം, കുടുംബപ്രശ്നങ്ങൾ, ധനപരമായി കബളിപ്പിക്കൽ എന്നിവയും കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, നോർക്ക റൂട്ട്സ് എന്നിവിടങ്ങളിൽനിന്നും വിദേശ തൊഴിൽദായകരിൽനിന്നും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ എന്നിവയും കമ്മീഷൻ ഇടപെട്ട് പരിഹാരം കണ്ടെത്തുന്നുണ്ട്. കൂടാതെ ഗൾഫ് മേഖലയിലുള്ള കമ്മീഷന്റെ അംഗങ്ങൾ വിദേശത്തുള്ള കേരളീയരായ പ്രവാസികളുടെ വിവിധ

പ്രശ്നങ്ങളിൽ ഇടപെട്ട് അവർക്ക് നിയമപരമായ എല്ലാ സഹായവും ചെയ്തുവരുന്നു. അദാലത്തുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി തങ്ങളുടെ അവകാശങ്ങളെ സംബന്ധിച്ച് പ്രവാസികളിൽ അവബോധം സൃഷ്ടിക്കുന്നതിനും പരാതികളിൽ പരിഹാരം കണ്ടെത്തുന്നതിനും പ്രവാസി കമ്മീഷന് ഇതിനകം കഴിഞ്ഞിട്ടുണ്ട്.

(ബി) കമ്മീഷന്റെ ആസ്ഥാന ഓഫീസ് തിരുവനന്തപുരത്ത് തൈക്കാടുള്ള നോർക്ക റൂട്ട്സ് കെട്ടിടത്തിന്റെ ഏഴാം നിലയിൽ പ്രവർത്തിച്ചുവരുന്നു. പുതിയ റീജിയണൽ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി& ഡി) കേരളീയരായ പ്രവാസികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നേരിട്ട് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കഴിയുന്ന ജൂഡീഷ്യൽ അധികാരമുള്ള ഒരു സ്ഥാപനമാണ് പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ. കമ്മീഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കാനുള്ള പദ്ധതി**

98 (121) <u>ശ്രീ. കെ. സി. ജോസഫ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് മരണമടഞ്ഞവരുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കാനുള്ള പദ്ധതിയുടെ ഭാഗമായി എത്രപേരുടെ മൃതദേഹം സൗജന്യമായി നാട്ടിൽ എത്തിച്ചുവെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ചെയർമാൻ ഫണ്ട് പദ്ധതി, സാന്ത്വനം പദ്ധതി, മറ്റ് സഹായ പദ്ധതികൾ എന്നിവ മുഖേന 2016-17, 2017-18, 2018-19 വർഷങ്ങളിൽ എത്ര കോടി രൂപ സഹായമായി നൽകിയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദേശത്ത് മരണമടഞ്ഞവരുടെ മൃതദേഹം സൗജന്യമായി നാട്ടിലെത്തിക്കുന്ന പദ്ധതിയുടെ ഭാഗമായി 3 പേരുടെ മൃതദേഹം നാട്ടിലെത്തിച്ചു. ഇതിലേയ്ക്കായി 11.14 ലക്ഷം രൂപ ചെലവായി.

(ബി) വിവരം അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നോർക്ക മുഖേന നഴ്സ് റിക്രൂട്ട്മെന്റ്

99(122) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള നഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പുകൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗൾഫ് രാജ്യങ്ങളിലേയ്ക്കും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും നോർക്ക മുഖേന ഇതിനോടകം എത്ര നഴ്സുമാരെ റിക്രൂട്ട് ചെയ്ത് അയക്കാൻ സാധിച്ചുവെന്നും ഓരോ രാജ്യത്തേയ്ക്കും അയച്ചതിന്റെ കണക്ക് ലഭ്യമാണോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) റിക്രൂട്ട്മെന്റ് സംബന്ധിച്ച് ഏതെല്ലാം രാജ്യങ്ങളുമായി കരാർ ഒപ്പുവെച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) നഴ്സ് റിക്രൂട്ട്മെന്റിലെ തട്ടിപ്പുകൾ തടയുന്നതിന് നോർക്ക സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം കേരളത്തിലെ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ എഫ്.എം. റേഡിയോ, പ്രിന്റ് മീഡിയ, ഇലക്ട്രോണിക് മീഡിയ എന്നിവ മുഖേനയും ബോധവൽക്കരണം നടത്തിവരുന്നു. സംസ്ഥാന പോലീസിന്റേയും തിരുവനന്തപുരത്തുള്ള പ്രൊട്ടക്റ്റർ ഓഫ് എമിഗ്രന്റ്സ് (പി.ഒ.ഇ.) ഓഫീസിന്റേയും സഹായത്തോടെ റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നോർക്കയുടെ ആഭിമുഖ്യത്തിൽ 2015 മേയ് മാസത്തിനുശേഷം സൗദി അറേബ്യ, കുവൈറ്റ്, യുണൈറ്റഡ് അറബ് എമിറേറ്റ്സ് (യു.എ.ഇ.), ഒമാൻ, യുണൈറ്റഡ് കിംഗ്ഡം (യു.കെ) എന്നീ രാജ്യങ്ങളിലായി 1112 നേഴ്സുമാരെ അയച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. സൗദി അറേബ്യ - 795
2. കുവൈറ്റ് - 24
3. യു.എ.ഇ. - 166
4. ഒമാൻ - 126
5. യു.കെ. - 1

ആകെ - 112

(സി) നഴ്സിംഗ് റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് സൗദി അറേബ്യ, കുവൈറ്റ്, യു.എ.ഇ., ഒമാൻ, യു.കെ. എന്നീ രാജ്യങ്ങളിലെ വിദേശ തൊഴിൽ ദാതാക്കളുമായി നിലവിൽ കരാറുകൾ ഒപ്പ് വച്ചിട്ടുണ്ട്.

## ദുബായിൽ നടന്ന പ്രവാസി നിക്ഷേപക സംഗമം

100(123) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവാസി നിക്ഷേപം കൊണ്ടുവരുന്നതിന് ഒക്ടോബറിൽ ദുബായിൽ വച്ച് നിക്ഷേപക സംഗമം സംഘടിപ്പിച്ചിരുന്നോ;

(ബി) പ്രസ്തുത സംഗമത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരൊക്കെയാണ് പങ്കെടുത്തതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത നിക്ഷേപക സംഗമത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ പ്രവാസി വ്യവസായികൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ഉണ്ടാകുക എന്നും അത് സംസ്ഥാനത്ത് നിലവിൽ നിശ്ചലമായിരിക്കുന്ന ഏതൊക്കെ മേഖലകൾക്ക് ഉത്തേജനം ആകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എൻ.ആർ.കെ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു.

(ബി-ഡി) പ്രസ്തുത സംഗമത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ, വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ, ടൂറിസം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. ഇളങ്കോവൻ ഐ.എ.എസ്., നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ ശ്രീ. കെ. വരദരാജൻ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. ഹരികൃഷ്ണൻ നമ്പൂതിരി എന്നിവർ സന്ദർശിച്ചു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ താല്പര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തുകയും ചർച്ചകളിലുണ്ടായിട്ടുള്ളതായ നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർനടപടി സ്വീകരിച്ചു വരികയും ചെയ്യുകയാണ്.

## നിക്ഷേപക സംഗമങ്ങൾ

101(124) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രവർത്തനഫലമായി കേരളത്തിന് നിക്ഷേപ സൗഹൃദ സംസ്ഥാനം എന്ന ബഹുമതി നേടിയെടുക്കുവാൻ സാധിച്ചതായി കരുതുന്നുണ്ടോ;

(ബി) എങ്കിൽ ആയതിന് ഉപോദ്ബലകമായി 2019 ഒക്ടോബർ 5-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ദുബായിൽ വച്ച് പ്രവാസി വ്യവസായികൾ ഉൾപ്പെടെയുള്ള വിദേശ വ്യവസായികളുടെ നിക്ഷേപസംഗമം നടത്തുകയുണ്ടായോ;

(സി) പ്രസ്തുത ദുബായ് നിക്ഷേപ സംഗമത്തിൽ എത്ര കോടി രൂപയുടെ വാഗ്ദാനങ്ങൾ സംസ്ഥാനത്തിന് ലഭ്യമായെന്നും ആരുടെയൊക്കെ ഏതൊക്കെ മേഖലകളിലെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട ധാരണാപത്രം എപ്പോഴാണ് ഒപ്പു വയ്ക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കൂടാതെ ദുബായ് സമ്മേളനത്തിന്റെ തുടർച്ചയായി കൊച്ചിയിൽ ആഗോള നിക്ഷേപ സംഗമം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വ്യവസായ പുരോഗതി മുന്നിൽക്കണ്ട് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" എന്ന പേരിൽ നിയമനിർമ്മാണം നടത്തിയിരുന്നു. വ്യവസായം ആരംഭിക്കുന്നവർക്ക് ഒരു ഓൺലൈൻ ഏകജാലക സംവിധാനം (K-SWIFT) നിലവിൽ വന്നിട്ടുണ്ട്. 15-ഓളം വകുപ്പുകളിൽനിന്ന് കാലതാമസം ഇല്ലാതെ സേവനം ലഭ്യമാക്കുന്നതിന് Common Application Form (CAF), ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് K-SWIFT-ന്റെ സവിശേഷതകൾ. എന്നാൽ പഞ്ചാബ്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ സമീപകാലത്ത് കൂടുതൽ വ്യവസായ നിക്ഷേപത്തിനായി നിയമനിർമ്മാണം നടത്തിയിരുന്നു. ആ പരിഷ്കാരങ്ങളുടെ ചുവടുപിടിച്ച് 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് കാറ്റഗറിയിൽപ്പെടാത്തതുമായ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ നിയമങ്ങൾ/ ചട്ടങ്ങൾപ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/ പെർമിറ്റുകളോ നേടുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ നൽകുന്നതിനായി ഒരു സ്വയം സാക്ഷ്യപത്രം നൽകുന്നതനുസരിച്ച് അപേക്ഷകന് ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) നൽകുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അപ്രകാരമുള്ള കാലവധിക്കുശേഷം

നിയമത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതാണ്. കൂടാതെ എല്ലാ കാറ്റഗറിയിലുംപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുമുള്ള അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിനായി നിലവിലുള്ള “ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിന്" ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗിച്ചുവരുന്നു.

(ബി) പ്രവാസി വ്യവസായികളെ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് മുഖ്യമന്ത്രിയും മന്ത്രിമാരും 2019 ഒക്ടോബറിൽ നടത്തിയ സന്ദർശനം അവസരമൊരുക്കി.

(സി-ഇ) ദുബായിലെ മലയാളി ചാർട്ടേർഡ് അക്കൗണ്ടന്റുമാരുമായും വിവിധ സംഘടനാ പ്രതിനിധികളുമായും മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥരും ചർച്ച നടത്തി. നിക്ഷേപം നടത്താൻ താല്പര്യമുള്ളവരുമായി മുഖാമുഖം ചർച്ച നടത്തി. എയർക്രാഫ്റ്റ് സ്പെയർപാർട്ട്സ് നിർമ്മാണത്തിനും സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ മേഖലകളിലും അവർ താല്പര്യം പ്രകടിപ്പിച്ചു. UAE പൗരന്മാർ, പ്രവാസി ഇന്ത്യക്കാർ, മലയാളികൾ തുടങ്ങിയ പ്രമുഖ വ്യക്തികളുമായി മറ്റൊരു ചർച്ച നടത്തുകയുണ്ടായി. അതിനെ തുടർന്ന് DP World Vice President 500 മില്യൺ യു.എസ്. ഡോളറിന്റെ നിക്ഷേപം വാഗ്ദാനം ചെയ്യുകയുണ്ടായി. ഇതുപോലെ ഉണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങളുടെ തുടർനടപടിയായി ആഗോള നിക്ഷേപ സംഗമം കൊച്ചിയിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## പ്രവാസികൾക്ക് ലോക കേരള കേന്ദ്രവും യാത്രാക്കൂലി ഇളവും

102(125) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് കേരളവുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ലോക കേരള കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ;

(ബി) നോർക്കയുടെ പ്രവാസി തിരിച്ചറിയൽ കാർഡുടമകൾക്കും കുടുംബാംഗങ്ങൾക്കും എയർലൈൻ കമ്പനികൾ യാത്രാക്കൂലിയിനത്തിൽ ഇളവ് നൽകുന്നുണ്ടോ; ഏതൊക്കെ കമ്പനികൾ എത്ര ശതമാനം ഇളവാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ വിമാന കമ്പനികളിൽനിന്നും പ്രസ്തുത ഇളവ് നേടിയെടുക്കുവാൻ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; അതിന്മേലുള്ള പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ മാവേലിക്കരയിലുള്ള ഭൂമിയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ലോകകേരള കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് 2019-20 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ വകയിരുത്തുകയും ഒരു കോടി നാൽപ്പത് ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നൽകുന്നുണ്ട്. നോർക്കയുടെ പ്രവാസി തിരിച്ചറിയൽ കാർഡുടമകൾക്കും കുടുംബാംഗങ്ങൾക്കും ഒമാൻ എയർവേയ്സിൽ യാത്രാ നിരക്കിൽ 7 ശതമാനം ഇളവ് ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്. ഇതുസംബന്ധിച്ചുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

**പ്രവാസികൾക്കുള്ള വിവിധ സഹായങ്ങൾ**

103(126) <u>ശ്രീ. കെ. സി. ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബജറ്റിൽ പ്രഖ്യാപിച്ച എൻ.ആർ.കെ. വെൽഫെയർ ഫണ്ടിനുള്ള 9 കോടി രൂപ, പ്രവാസി പുനരധിവാസ പദ്ധതിക്കുള്ള 15 കോടി രൂപ എന്നിവയിൽ നിന്ന് ഇതിനോടകം എത്ര കോടി രൂപ റിലീസ് ചെയ്തുവെന്നും ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രവാസി ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ടെന്നും, ഇപ്പോൾ എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും, ഇതിലേക്കായി ഇതിനോടകം എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(സി) ക്ഷേമ ബോർഡ് നൽകി വരുന്ന മരണാനന്തര സഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം തുടങ്ങിയ പദ്ധതികളിൽ 2016 മേയ് ഒന്നിനു ശേഷം ഓരോ വിഭാഗത്തിലും എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2019-20-ലെ ബഡ്ജറ്റിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് അനുവദിച്ച 9 കോടി രൂപയിൽനിന്നും 6 കോടി രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. ഇതിൽ 3 കോടി രൂപ ക്ഷേമ പദ്ധതിക്കായി

വിനിയോഗിച്ചുകഴിഞ്ഞു. നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന പ്രവാസി പുനരധിവാസ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 15 കോടി രൂപയിൽ നിന്ന് 7.50 കോടി രൂപ അനുവദിക്കുകയും ഇതുവരെ ആകെ 4,95,44,805 (ആകെ നാല് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി എണ്ണൂറ്റി അഞ്ച് രൂപ മാത്രം) രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരള പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ നാളിതുവരെ 430445 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 12758 പേർക്ക് പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ എന്നീ ഇനങ്ങളിലായി ആകെ 58,75,91,447 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2016 മേയ് ഒന്നിനുശേഷം അനുവദിച്ച ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യത്തിന്റെ പേര് | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|
| 1 | മരണാനന്തര ധനസഹായം | 1,94,14,763 |
| 2 | ചികിത്സാ ധനസഹായം | 1,52,36,405 |
| 3 | പ്രസവാനുകൂല്യം | 45,000 |

**ഒന്നാം ലോക കേരള സഭയുടെ ശിപാർശകളും നിർദ്ദേശങ്ങളും**

104(127) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ലോക കേരള സഭയുടെ ശിപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ശിപാർശകൾ നടപ്പിലാക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(സി) ലോക കേരള സഭയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് മേഖല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദുബായിൽ നടന്ന ലോക കേരളസഭ മേഖലാ സമ്മേളനത്തിന്റെ ശിപാർശകൾ എന്തെല്ലാമാണെന്നും ഇവ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഇ) ലോകകേരളസഭക്ക് വേണ്ടി ഇതിനോടകം എത്ര രൂപ അനുവദിച്ചുവെന്നും ഒന്നാം ലോക കേരള സഭയ്ക്കും, ദുബായ് മേഖലാ സമ്മേളനത്തിനും എത്ര രൂപ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.
2. അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം
3. പുതിയകാല വെല്ലുവിളിക്കനുസൃതമായി നോർക്ക സംഘടനാ സംവിധാനം നവീകരണം-ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നൽകുക.
4. കേരള വികസന നിധി രൂപീകരണം.
5. പ്രവാസി സംരക്ഷണ പദ്ധതി-രോഗ ബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്നവിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗരേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരണം.
6. സിയാൽ മാതൃകയിൽ നിക്ഷേപ മേഖലകളുടെ രൂപീകരണം.
7. വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക കാർഷികാനുബന്ധ ഉല്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതന സാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിന് പദ്ധതി തയ്യാറാക്കൽ.
8. അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
9. മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
10. വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്രപദ്ധതികൾ.

(ബി) പ്രഥമ ലോകകേരള സഭാ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ കാര്യക്ഷമമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ഏഴ് വിഷയാധിഷ്ഠിത സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശകളിൽനിന്ന് പ്രായോഗികത, ഫണ്ട് ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ശിപാർശകൾ നടപ്പിലാക്കിവരുന്നു.

(സി) ലോക കേരള സഭയിലെ അംഗങ്ങളുടെ മേഖല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദുബായിൽ നടന്ന പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ ലോക കേരള സഭയുടെ ഏഴ് വിഷയ മേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിച്ച, നടപ്പാക്കാൻവേണ്ടി തെരഞ്ഞെടുത്ത 10 ശിപാർശകൾ അവതരിപ്പിച്ച് ചർച്ച ചെയ്യുകയുണ്ടായി. ഈ ശിപാർശകൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കി വരികയാണ്.

(ഇ) ലോക കേരള സഭയ്ക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 4.50 കോടി രൂപയും 2018-19 വർഷത്തിൽ 5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. നടപ്പ് സാമ്പത്തിക വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രഥമ ലോകകേരള സഭയുമായി ബന്ധപ്പെട്ട് 2,03,21,861 (രണ്ട് കോടി മൂന്ന് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി എണ്ണൂറ്റി അറുപത്തൊന്ന് രൂപ) രൂപയും മേഖലാ സമ്മേളനവുമായി ബന്ധപ്പെട്ട് ആകെ 18,40,670 (പതിനെട്ട് ലക്ഷത്തി നാൽപ്പതിനായിരത്തി അറുന്നൂറ്റി എഴുപത് രൂപ) രൂപയും ചെലവായിട്ടുണ്ട്.

## പോലീസ് സേനാംഗങ്ങൾക്കിടയിലെ വർദ്ധിച്ചുവരുന്ന ആത്മഹത്യാ നിരക്ക്

105(128) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സേനാംഗങ്ങളാണ് ആത്മഹത്യ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം ആത്മഹത്യ ചെയ്തവരുടെ സേനയിലെ ഔദ്യോഗിക പദവി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ജോലിഭാരവും, മാനസികസമ്മർദ്ദവും, ഉന്നതഉദ്യോഗസ്ഥരിൽ നിന്നുള്ള മാനസിക പീഡനങ്ങളുമാണ് ഇത്തരം ആത്മഹത്യയിലേയ്ക്ക് നയിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സേനാംഗങ്ങൾക്കിടയിലെ ഈ പ്രവണത ഇല്ലാതാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സഹപ്രവർത്തകരെയും കീഴുദ്യോഗസ്ഥരെയും മാനസികമായി പീഡിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 50 സേനാംഗങ്ങളാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്.

(ബി) ഇപ്രകാരം ആത്മഹത്യ ചെയ്തവരുടെ സേനയിലെ ഔദ്യോഗിക പദവി തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

(സി) പോലീസ് സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യാ പ്രവണത തടയുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം 5-9-2019-ൽ മുഖ്യമന്ത്രി വിളിച്ചിരുന്നു.

പോലീസ് സേനാംഗങ്ങൾക്കിടയിലെ വർദ്ധിച്ചുവരുന്ന മാനസിക സംഘർഷവും അതുമൂലമുള്ള ആത്മഹത്യാ പ്രവണതയും തടയുന്നതിന് സേനയിൽ കൂടുതൽ സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടാകണം. പോലീസ് സേനാംഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഇടപെടാൻ മേലുദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണം. നല്ല കൂട്ടായ്മയും സൗഹൃദാന്തരീക്ഷവും ഉണ്ടെങ്കിൽ വ്യക്തിപരമായ പ്രശ്നങ്ങൾപോലും പരിഹരിക്കാൻ കഴിയും. ഇക്കാര്യത്തിൽ വ്യക്തമായ പ്രൊഫഷണൽ സമീപനം ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പോലീസ് സേനാംഗങ്ങളുടെ ആത്മഹത്യ

106(129) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പോലീസ് സേനാംഗങ്ങളാണ് ആത്മഹത്യ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജോലിയിലെ മാനസിക സംഘർഷമാണ് ഈ ആത്മഹത്യകൾക്ക് പിന്നിലെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സേനാംഗങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ കൗൺസിലിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി കൗൺസിലിംഗ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 50 പോലീസ് സേനാംഗങ്ങളാണ് ആത്മഹത്യ ചെയ്തിട്ടുള്ളത്.

(ബി) പോലീസ് സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യാ പ്രവണത തടയുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ 5-9-2019-ൽ മുഖ്യമന്ത്രി ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചിരുന്നു.

പോലീസ് സേനാംഗങ്ങൾക്കിടയിലെ വർദ്ധിച്ചുവരുന്ന മാനസിക സംഘർഷവും അതുമൂലമുള്ള ആത്മഹത്യാ പ്രവണതയും തടയുന്നതിന് സേനയിൽ കൂടുതൽ സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടാകണം. പോലീസ് സേനാംഗങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഇടപെടാൻ മേലുദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണം. നല്ല കൂട്ടായ്മയും സൗഹൃദാന്തരീക്ഷവും ഉണ്ടെങ്കിൽ വ്യക്തിപരമായ പ്രശ്നങ്ങൾപോലും പരിഹരിക്കാൻ കഴിയും. ഇക്കാര്യത്തിൽ വ്യക്തമായ പ്രൊഫഷണൽ സമീപനം ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി&ഡി) പോലീസ് സേനാംഗങ്ങളുടെ ജോലിഭാരവും മാനസികസമ്മർദ്ദവും കണക്കിലെടുത്ത് അതിൽനിന്നും മുക്തി ലഭ്യമാക്കുന്നതിന്റെ ഭാഗമായി കൗൺസിലിംഗ് സംവിധാനങ്ങൾ നടപ്പിൽവരുത്തിയിട്ടുണ്ട്. ഇതിന്റെ

അടിസ്ഥനാത്തിൽ തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ആശുപത്രിയിൽ കൗൺസിലിംഗ് നടത്തുന്നതിനായി HATS (Help and Assistance to Tackle Stress) എന്ന പേരിൽ ഒരു സംവിധാനം പ്രവർത്തിച്ചുവരുന്നു. ഇവിടെ പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൗൺസിലിംഗ് നടത്തിവരുന്നു. പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്ന Stress Management Centre-ലൂടെ മനോബലം നൽകി ആത്മഹത്യ പ്രവണത ഇല്ലാതാക്കാൻ കഴിയുന്നുണ്ട്.

**സോളാർ കേസ് അന്വേഷണം**

107(130) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ കേസ്സിൽ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, മുൻ മന്ത്രി ശ്രീ. അടൂർ പ്രകാശ്, മുൻ എം.എൽ.എ.-മാരായ ശ്രീ. ഹൈബി ഈഡൻ, ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എന്നിവർക്കെതിരായ അന്വേഷണം അവസാനിപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണെന്നത് വിശദമാക്കാമോ?

ഉത്തരം

(എ &ബി) കേസ് അന്വേഷണാവസ്ഥയിലാണ്.

**രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം**

108(131) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 25-ന് മുമ്പ് രജിസ്റ്റർ ചെയ്ത എത്ര കേസ്സുകളിൽ 2016 മെയ് 26-ന് ശേഷം പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഏതൊക്കെ കേസ്സുകളിലാണ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) 2011-ന ശേഷം അന്വേഷണം സി. ബി ഐ.-യ്ക്ക് വിട്ടുകയും സി.ബി.ഐ ഏറ്റെടുക്കാതിരിക്കുകയും ചെയ്ത കേസ്സുകൾ കേരളാ പോലീസ് തെളിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016 മേയ് 25-ന് മുമ്പ് രജിസ്റ്റർ ചെയ്ത, 1644 കേസ്സുകളിൽ 2016 മേയ് 26-ന് ശേഷം 3557 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) കൊലപാതകം, ബലാൽസംഗം, മോഷണം, ദേഹോപദ്രവം, POCSO, ബാലപീഡനം, പൊതുമുതൽ നശിപ്പിക്കൽ മുതലായ എല്ലാത്തരത്തിലുമുള്ള കേസ്സുകളിൽ ഉൾപ്പെട്ട പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്.

(സി) 2011-ന് ശേഷം അന്വേഷണം സി.ബി.ഐ.-യ്ക്ക് വിട്ടുകയും സി.ബി.ഐ. ഏറ്റെടുക്കാതിരിക്കുകയും ചെയ്ത കേസ്സുകൾ നിലവിൽ അന്വേഷണാവസ്ഥയിലാണ്.

**കേരള പോലീസ് അക്കാഡമിയിലെ നിയമനം**

109(134) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് അക്കാഡമിയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അക്കാഡമിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് പരമാവധി എത്ര വർഷം വരെയാണ് കാലാവധി അനുവദിച്ചുനൽകുന്നത്; ഇതിന് പ്രത്യേകം ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അഞ്ച് വർഷത്തിനുമുകളിൽ സേവനം അനുഷ്ഠിച്ച ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; ഇവരെ മടക്കി അയയ്ക്കുന്നതിന് നിലവിൽ എന്ത് മാനദണ്ഡമാണ് പാലിച്ചു പോരുന്നത്;

(ഡി) പ്രസ്തുത അക്കാഡമിയിൽ ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് സെന്ററുകളിലേയ്ക്ക് ജൂനിയറായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തീരുമാനിച്ചിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം മാറ്റാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ഇ) നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ഡി.ജി.ഒ. പ്രകാരം കാലാവധി കഴിഞ്ഞവരെയും ജില്ലാ സായുധ സേനയിലേയ്ക്ക് ട്രാൻസ്ഫർ ആയിട്ടും തുടരുന്നവരെയും കുറിച്ചുള്ള വിശദാംശം നൽകുമോ;

(എഫ്) പ്രസ്തുത ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കുന്നതിനും പുതിയ ഉദ്യോഗസ്ഥർക്ക് അവസരം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരും സംസ്ഥാന പോലീസ് മേധാവിയും നിർണ്ണയിക്കുന്നതിനനുസരിച്ചാണ് സ്പെഷ്യൽ യൂണിറ്റുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നത്. അക്കാഡമിയിലുള്ള ജോലികൾ നിർവ്വഹിക്കുന്നതിനുള്ള അറിവും പ്രാപ്തിയും പ്രായോഗിക പരിചയവും ഉള്ളവരുടെ അപേക്ഷ പരിഗണിച്ചും വകുപ്പിന്റെ ആവശ്യകത പരിഗണിച്ചും ഡയറക്ടർ, പോലീസ് അക്കാഡമി നിർദ്ദേശിക്കുന്നതനുസരിച്ചുമാണ് നിയമിക്കുന്നത്.

(ബി) 17-7-2015 തീയതിയിലെ സ.ഉ.(കൈ)നമ്പർ 146/2015/ആഭ്യന്തരം, എക്സിക്യൂട്ടീവ് ഡയറക്ടീവ് 9/2014 എന്നീ ഉത്തരവുകൾ പ്രകാരം സ്പെഷ്യൽ യൂണിറ്റുകളിൽ പരമാവധി 5 വർഷം വരെയാണ് കാലാവധി അനുവദിച്ച് നൽകുന്നത്.

(സി) 18-09-2018 തീയതിലെ L6/109626/PHQ നമ്പർ പ്രകാരം പോലീസ് അക്കാഡമിയിലേയ്ക്ക് നിയമിച്ച ഉദ്യോഗസ്ഥർക്ക് 5 വർഷമോ/ഏൽപ്പിച്ച ചുമതല പൂർത്തീകരിക്കുന്നത് വരെയോ കാലാവധി നിശ്ചയിക്കാറുണ്ട്. എന്നാൽ കെ.സി.പി. ട്രാൻസ്ഫർ ആയവരേയും കേരള പോലീസ് അക്കാഡമിയിലെ ട്രെയിനിംഗുകൾക്ക് പരിശീലനം നൽകുവാൻ അനുയോജ്യമല്ലാത്ത പോലീസ് ഉദ്യോഗസ്ഥരെയും മാതൃയൂണിറ്റിലേക്ക് മടക്കി അയയ്ക്കാറുമുണ്ട്.

(ഡി) തീരുമാനിച്ചിട്ടില്ല. എന്നാൽ 28-5-2010 തീയതിയിലെ സ.ഉം.(കൈ)നമ്പർ 119/2010/ആഭ്യന്തരം പ്രകാരം സൃഷ്ടിച്ചിട്ടുള്ള താൽക്കാലിക ട്രെയിനിംഗ് തസ്തികകളിൽ നിന്നും 150 ഹവിൽദാർ തസ്തിക ഉൾപ്പെടെ വിവിധ ബറ്റാലിയനുകളിൽ നിന്നായി ആകെ 305 തസ്തികകൾ ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് സെന്ററിലേയ്ക്ക് 17-12-2018-ലെ പോലീസ് ആസ്ഥാനത്തിലെ സർക്കുലർ 52/18 പ്രകാരം ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഹവിൽദാർ തസ്തികകളിൽ 150 ഹവിൽദാർമാരെ താൽക്കാലികമായി അറ്റാച്ച് ചെയ്യുന്നതിന് 150 ജൂനിയർമോസ്റ്റ് ഹവിൽദാർമാരെ ഇന്റഗ്രേറ്റഡ് ട്രെയിനിംഗ് സെന്ററിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. എന്നാൽ ആരേയും നിയമിച്ചിട്ടില്ല.

(ഇ) 3 ഹവിൽദാർമാർ ഡി.ജി.ഒ. പ്രകാരമുള്ള കാലാവധി കഴിഞ്ഞ് പ്രവൃത്തി ചെയ്തുവരുന്നുണ്ട്. ജില്ലാ സായുധ സേനയിലേയ്ക്ക് ട്രാൻസ്ഫർ ആയവർ ആരുമില്ല.

(എഫ്) സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് 9/14-ന് വിധേയമായി ഉദ്യോഗസ്ഥരെ സ്പെഷ്യൽ യൂണിറ്റിൽനിന്ന് മാറ്റുകയും പുതിയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവി സ്വീകരിക്കുന്നതുമാണ്.

## പിങ്ക് പോലീസ്

110(135) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിങ്ക് പോലീസിന്റെ ഉപയോഗത്തിന് സർക്കാർ നൽകുന്ന എ.സി. വാഹനങ്ങളിൽ നിയമിക്കപ്പെടുന്ന വനിതാ പോലീസുകാരായിട്ടുള്ളവർക്ക് ഒരു നിശ്ചിത കാലപരിധിക്ക് ശേഷം തുടർ സേവനത്തിന് പകരം മറ്റൊരു സേനാംഗത്തിന് പ്രസ്തുത സേവനത്തിനുള്ള അവസരം ഉണ്ടാക്കാൻ ആവശ്യമായ മാനദണ്ഡം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) അവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരേ സേനാംഗങ്ങൾ തന്നെ സ്ഥിരമായി എ.സി. വാഹനത്തിലുള്ള ഈ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് ഒഴിവാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ സർവ്വീസിലെ ജനറൽ ട്രാൻസ്ഫർ ഉത്തരവുകളുടെ മാനദണ്ഡം പിങ്ക് പോലീസിലെ ജീവനക്കാർക്കും സാധാരണഗതിയിൽ ബാധകമാണ്. ആയതിനാൽ മറ്റ് വനിതാ പോലീസുദ്യോഗസ്ഥർക്കും ഇതിൽ പ്രവർത്തിക്കാൻ അവസരം ലഭ്യമാണ്.

(ബി) ജനറൽ ട്രാൻസ്ഫർ കാലയളവിൽ ഇത്തരം കാര്യങ്ങൾ പരിശോധിക്കാറുണ്ട്.

## പോലീസ് സേനയുടെ ട്രാൻസ്പോർട്ട് വിഭാഗം

111(137) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ ട്രാൻസ്പോർട്ട് വിഭാഗത്തിൽ ഐ.പി.എസ്. പദവിയുള്ള എത്ര ഓഫീസർമാരുണ്ടെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ നേരിട്ട് ഐ.പി.എസ്, ഡി.ഐ.ജി., ഐ.ജി. തലങ്ങളിൽ ഉള്ള ഓഫീസർമാരെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പോലീസ് സേനയുടെ ട്രാൻസ്പോർട്ട് വിഭാഗത്തിൽ ഐ.പി.എസ്. കേഡർ തസ്തിക നിലവിലില്ലാത്തതിനാൽ പ്രസ്തുത വിഭാഗത്തിൽ ഐ.പി.എസ്. പദവിയിലുള്ള ആരുംതന്നെ ജോലി നോക്കുന്നില്ല.

(ബി) ഐ.പി.എസ്. കേഡർ തസ്തികയായ ട്രാൻസ്പോർട്ട് കമ്മീഷണറുടെ തസ്തികയിൽ പോലീസ് സേനയുടെ അഡീഷണൽ ഡയറക്ടർ ജനറൽ ആയ ശ്രീമതി ആർ. ശ്രീലേഖ ഐ.പി.എസ്.-നെ നിയമിച്ചിട്ടുണ്ട്. ശ്രീ. എൻ. ശങ്കർ റെഡ്ഡി ഐ.പി.എസ്.-നെ എക്സ് കേഡർ തസ്തിക സൃഷ്ടിച്ച് റോഡ് സേഫ്റ്റി കമ്മീഷണറായും നിയമിച്ച് ഉത്തരവായിട്ടുണ്ട്.

**പോലീസ് വിഭാഗത്തിലെ ഡ്രൈവർ തസ്തികയിലുള്ളവരുടെ പ്രൊമോഷൻ**

112(138) <u>ശ്രീ. കെ. ആൻസലൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിൽ എത്ര ഡ്രൈവർ തസ്തികയാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഡ്രൈവർ തസ്തികയിലുള്ളവർക്ക് എച്ച്.സി., എ.എസ്.ഐ., എസ്.ഐ., ഇൻസ്പെക്ടർ തസ്തികകൾ നിലവിൽ ഉണ്ടോ; എങ്കിൽ പ്രൊമോഷൻ ഏതു തരത്തിലാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഡ്രൈവർ തസ്തികയിലുള്ളവരുടെ പ്രൊമോഷനു വേണ്ടി എച്ച്.സി., എ.എസ്.ഐ., എസ്.ഐ., ഇൻസ്പെക്ടർ തുടങ്ങിയവയുടെ ആനുപാതിക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് സേനയിൽ നിലവിൽ 3104 ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളത്.

(ബി&സി) എച്ച്.സി., എ.എസ്.ഐ., എസ്.ഐ. തസ്തികകൾ നിലവിലുണ്ട്. ഇൻസ്പെക്ടർ തസ്തിക നിലവിലില്ല. KS&SSR അനുസരിച്ചാണ് പ്രൊമോഷൻ നൽകിവരുന്നത്. പുതിയ തസ്തിക സൃഷ്ടിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## പോലീസ് സബ്ഡിവിഷനുകൾ

113(139) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ പോലീസ് സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; കാട്ടാക്കട കേന്ദ്രീകരിച്ച് സബ്ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. സംസ്ഥാനത്ത് പുതിയ പോലീസ് സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## പോലീസ് സ്റ്റേഷനുകളുടെ ഡിജിറ്റൈസേഷൻ

114(140) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടി ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) എന്നു മുതലാണ് പ്രസ്തുത നടപടി ആരംഭിച്ചതെന്നും എത്ര പോലീസ് സ്റ്റേഷനുകളാണ് ഇക്കാലയളവിൽ ഡിജിറ്റൈസ് ചെയ്തതെന്നുമറിയിക്കാമോ;

(സി) ഡിജിറ്റൈസ് ചെയ്ത പോലീസ് സ്റ്റേഷനുകളുടെ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഡിജിറ്റൈസ് ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളെയും ബന്ധിപ്പിച്ചുകൊണ്ട് കുറ്റങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിവരുന്ന 'ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റംസ്' (CCTNS) എന്ന പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് 'തുണ' എന്ന സിറ്റിസൺ പോർട്ടൽ വഴി ഓൺലൈനായി വിവിധ സേവനങ്ങൾ പ്രദാനം ചെയ്തിട്ടുള്ളതാണ്. ഇതിനുപുറമെ പാസ്പോർട്ട് വെരിഫിക്കേഷനായി e-VIP Application വിവിധ Mobile Application എന്നിവയും പൊതുജനങ്ങൾക്ക് വേണ്ടി പുറത്തിറക്കിയിട്ടുണ്ട്.

(ബി) 2014 ഫെബ്രുവരി മുതൽ ഘട്ടംഘട്ടമായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. സംസ്ഥാനത്ത് നിലവിലുള്ള 541 പോലീസ് സ്റ്റേഷനുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ

115(141) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി സ്ഥാപിക്കാൻ നിശ്ചയിച്ചിട്ടുള്ള കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ സാദ്ധ്യതാ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനും ആലപ്പുഴയ്ക്കും ഇടയിലുള്ള കോസ്റ്റൽ സ്റ്റേഷനുകൾ തമ്മിലുള്ള അകലം വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കുമോ;

(സി) നീണ്ടകരയിൽ നിന്നും 30 കി.മി. അകലെയുള്ള കായംകുളം ഫിഷിംഗ് ഹാർബറിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം സിറ്റിയിലെ തുമ്പ, കൊല്ലം സിറ്റിയിലെ ഇരവിപുരം, ആലപ്പുഴയിലെ തൃക്കുന്നപ്പുഴ, ആലപ്പുഴ കടപ്പുറം, വലിയഴീക്കൽ, തൃശ്ശൂർ റൂറലിലെ വലപ്പാട്, മലപ്പുറത്തെ താനൂർ എന്നിവിടങ്ങളിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ നിന്നും നീണ്ടകര, അർത്തുങ്കൽ എന്നീ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് യഥാക്രമം 52 km, 43 km അകലം ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിലുൾപ്പെട്ട വലിയഴീക്കലിൽ തീരദേശ പോലീസ് സ്റ്റേഷൻ നിലവിൽ വരികയാണെങ്കിൽ കായംകുളം ഫിഷിംഗ് ഹാർബർ ഉൾപ്പെടുന്ന തീരദേശ മേഖലയ്ക്ക് ഗുണകരമായിരിക്കും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച പോലീസ് എയ്ഡ്പോസ്റ്റ്

116(142) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച പോലീസ് എയ്ഡ് പോസ്റ്റിൽ പോലീസിന്റെ സേവനം സ്ഥിരമായി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) 24 മണിക്കൂറും പോലീസിന്റെ സേവനം ലഭ്യമാക്കാനാണോ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിച്ചത് എന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത പോലീസ് എയ്ഡ് പോസ്റ്റിൽ പോലീസിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിന് ഏതുതരത്തിലുള്ള നടപടിയാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് എയ്ഡ് പോസ്റ്റിൽ പോലീസിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

117(143) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലുൾപ്പെട്ട കേരളത്തിലെ മികച്ച സ്കൂൾ യൂണിറ്റുകളെ കണ്ടെത്തി അവർക്ക് പ്രത്യേക അവാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കുമോ;

(ബി) കേഡറ്റുകൾക്ക് ഏറെ പ്രചോദനമാകുന്നതിനുവേണ്ടി മികച്ച കേഡറ്റുകൾക്കുള്ള പുരസ്കാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ഉൾപ്പെട്ട മികച്ച സ്കൂൾ യൂണിറ്റിനെ തെരഞ്ഞെടുത്ത് അവർക്ക് എസ്.സി.പി. പദ്ധതിയുടെ വാർഷിക സമ്മർക്യാമ്പിനോട് അനുബന്ധിച്ച് പാരിതോഷികം നൽകുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(ബി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സീനിയർ വിഭാഗത്തിൽപ്പെട്ട കേഡറ്റുകളെ തെരഞ്ഞെടുത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ വാർഷിക സമ്മർക്യാമ്പിൽ പങ്കെടുപ്പിക്കുകയും പ്രസ്തുത ക്യാമ്പിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കേഡറ്റുകൾക്ക് ടി ക്യാമ്പിന്റെ സമാപനത്തോടനുബന്ധിച്ച് പുരസ്കാരങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

## സ്കൂളുകളിൽ എസ്.സി.പി. സംവിധാനം

118(144) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മുഴുവൻ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലും എസ്. പി. സി സംവിധാനം ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## ചെങ്ങന്നൂരിൽ പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കാത്ത സ്കൂളുകൾ

119(145) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കാത്ത ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അപേക്ഷ സമർപ്പിച്ചിട്ടും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) എസ്.പി. സി. ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ തിരുവണ്ടൂർ ഒഴികെയുള്ള ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകൾക്ക് എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടില്ല.

(ബി&സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ബുധനൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽനിന്നും എസ്.പി.സി. പദ്ധതി അനുവദിക്കണമെന്ന് അപേക്ഷ ലഭിക്കുകയും അപേക്ഷയുടെ അടിസ്ഥാനത്തിൽ അവിടെ എസ്.പി.സി. അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ഇടുക്കി ജില്ലയിൽ കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ

120(146) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇടുക്കി ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ;

(ബി) നാമമാത്രമായ ഒഴിവുകൾ മാത്രമേ ഇടുക്കി ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളൂ എന്ന ഉദ്യോഗാർത്ഥികളുടെ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇടുക്കി ജില്ലയിൽ മാത്രം ഒഴിവുകൾ കുറഞ്ഞുപോയതിന്റെ കാരണം വ്യക്തമാക്കാമോ; ആയതിൽ പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇടുക്കി ജില്ലയിൽ 65 ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഇടുക്കി ജില്ലയിൽ നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു.

(സി) ജില്ലയിൽ സ്ഥാനക്കയറ്റം, വിരമിക്കൽ, സ്ഥലംമാറ്റം എന്നിവ വഴി ഉണ്ടാകുന്ന പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നു. ഒഴിവ് സംബന്ധിച്ച കണക്കുകളിൽ പിശക് സംഭവിച്ചിട്ടില്ല.

## പോലീസ് ഫോട്ടോഗ്രാഫി ഡിവിഷനിലെ ചീഫ് ഫോട്ടോഗ്രാഫർ

121(147) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഫോട്ടോഗ്രാഫി ഡിവിഷനിലെ ചീഫ് ഫോട്ടോഗ്രാഫർ ആരാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ചീഫ് ഫോട്ടോഗ്രാഫർ നിലവിൽ അവധിയിലാണോ;

(സി) അവധിയിലാണെങ്കിൽ എന്നുമുതലാണ് അവധിയിൽ പ്രവേശിച്ചിരിക്കുന്നത്; ഏതുതരം അവധിയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത അവധി അനുവദിക്കുന്നതിനുള്ള അധികാരം ആർക്കാണെന്നും അവധി അനുവദിച്ചത് ആരാണെന്നും വെളിപ്പെടുത്തുമോ;

(ഇ) അവധി അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തസ്തികയുടെ നിയമനാധികാരി ആരാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രീ. എസ്. ശ്രീകുമാർ.

(ബി) ടിയാൻ ജോലിയിൽനിന്നും വിട്ടുനിൽക്കുകയാണ്.

(സി-ഇ) ചീഫ് ഫോട്ടോഗ്രാഫറായ ശ്രീ. എസ്. ശ്രീകുമാറിന്റെ 1-3-2013 മുതൽ 29-2-2018 വരെയുള്ള ശൂന്യവേതനാവധി സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാരിൽ പരിശോധിച്ച് വരികയാണ്. എ.ഡി.ജി.പി., എസ്.സി.ആർ.ബി.-യുടെ റിപ്പോർട്ട് പ്രകാരം ടിയാൻ പുതുക്കിയ അപേക്ഷ നൽകുകയോ തിരിച്ച് ജോലിയിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത തസ്തികയുടെ നിയമനാധികാരി സംസ്ഥാന പോലീസ് മേധാവിയാണ്.

## വനിതകളെ അധിക്ഷേപിച്ചുവെന്ന പരാതി

122(149) ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്വദേശിനി ഉഷാ സാലിയെ പൊതുജനമധ്യത്തിൽ അധിക്ഷേപിച്ചുവെന്ന പരാതിയിന്മേൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിക്കെതിരെ

പോലീസ് കേസെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) തൈക്കാട്ടുശ്ശേരിയിൽ നടന്ന കുടുംബ യോഗത്തിൽ ഷാനിമോൾ ഉസ്മാനെതിരെ മന്ത്രി വ്യക്തിപരമായി അവഹേളനം നടത്തിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സർക്കാരിന്റെ പ്രതിനിധി തന്നെ വനിതകളെ വ്യക്തിപരമായി അധിക്ഷേപിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 ഫെബ്രുവരി 28-ന് തോട്ടപ്പള്ളിയിൽ പൊതുവേദിയിൽവച്ച് തോട്ടപ്പള്ളി സ്വദേശിനി ശ്രീമതി ഉഷാ സാലിയെ ബഹു. അമ്പലപ്പുഴ എം.എൽ.എ. അകാരണമായി അധിക്ഷേപിച്ചു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 398/16 U/s 509 IPC പ്രകാരം 12-3-2016 തീയതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണത്തിൽ, ടിയാൾ വ്യാജമായി പരാതി നൽകിയതായി വെളിവായിട്ടുള്ളതും, തുടർന്ന് ടി കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി ബഹു. കോടതിയിൽ 31-7-2017 തീയതിയിൽ Mistake of Fact ആയി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് അന്വേഷണം നടത്തി Chief Electoral Officer-ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ലഭിക്കുന്ന പരാതികൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## രക്ഷിതാക്കളുടെ മർദ്ദനംമൂലം പിഞ്ചുകുഞ്ഞുങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ

123(151) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്ഷിതാക്കളുടെ മർദ്ദനംമൂലം പിഞ്ചുകുഞ്ഞുങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) അരക്ഷിതാവസ്ഥയിൽ കഴിയുന്ന കുട്ടികളെ സംബന്ധിച്ച് സർക്കാർ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം കുട്ടികൾ വീട്ടിൽ ശാരീരിക/മാനസിക പീഡനം അനുഭവിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് പ്രധാനമായും രക്ഷിതാക്കളുടെ ലഹരി ഉപയോഗം, അവിഹിതബന്ധം, സാമ്പത്തിക പ്രതിസന്ധി, കുടുംബ ബന്ധങ്ങളിലെ വിള്ളൽ തുടങ്ങിയവ മൂലമാണ്.

(സി) സംസ്ഥാനത്തെ അങ്കണവാടികൾ മുഖേന അരക്ഷിതാവസ്ഥയിൽ കഴിയുന്ന കുട്ടികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. അരക്ഷിതാവസ്ഥയിൽ കഴിയുന്ന കുട്ടികൾ വീടുകളിൽ ശാരീരിക-മാനസിക പീഡനം അനുഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി "കരുതൽ സ്പർശം-കൈകോർക്കാം കുട്ടികൾക്കായി" എന്ന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർതൃത്വം കുട്ടികൾക്ക് ഉറപ്പാക്കുക എന്നതാണ് കരുതൽ സ്പർശത്തിന്റെ ഉദ്ദേശ്യം.

## ഇതരസംസ്ഥാനക്കാർ പ്രതിചേർക്കപ്പെട്ട കേസ്സുകൾ

124(152) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2018, 2019 കാലത്ത് ഇതരസംസ്ഥാനക്കാർ പ്രതി ചേർക്കപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ഇതര സംസ്ഥാനക്കാർ പ്രതിചേർക്കപ്പെട്ട് 2018-ൽ 810 കേസ്സുകളും 2019-ൽ (20-10-2019 വരെ) 797 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| District | 2018 | 2019 (Upto 20-10-2019) |
|---|---|---|
| TVMC | 22 | 7 |
| TVMR | 9 | 3 |
| KLMC | 4 | 5 |
| KLMR | 8 | 10 |
| PTA | 12 | 9 |
| ALP | 20 | 13 |
| KTM | 19 | 23 |
| IDK | 11 | 7 |
| EKMC | 279 | 340 |
| EKMR | 208 | 132 |
| TSRC | 32 | 29 |
| TSRR | 7 | 27 |
| PKD | 8 | 13 |
| MLP | 74 | 86 |
| KKDC | 13 | 28 |
| KKDR | 29 | 28 |
| WYD | 6 | 2 |
| KNR | 24 | 15 |
| KSD | 8 | 8 |
| RLYs | 17 | 12 |
| Total | 810 | 797 |

**കെ. എം. ബഷീറിനെ കാറിടിച്ച് കൊലപ്പെടുത്തിയ കേസ്**

125(153) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകനായ കെ. എം. ബഷീറിനെ കാറിടിച്ച് കൊലപ്പെടുത്തിയ കേസ്സിൽ ശ്രീറാം വെങ്കട്ടരാമൻ ഓടിച്ചിരുന്ന വാഹനം അമിതവേഗത്തിലായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്ഷേപം തെളിയിക്കുവാൻ സി.സി.ടി.വി. ദൃശ്യങ്ങൾ കോടതിയിൽ ഹാജരാക്കുവാൻ പോലീസിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിൽ ഉൾപ്പെട്ട ഐ.എ.എസ്. ഉദ്യോഗസ്ഥനെ സഹായിക്കുവാൻ പോലീസ് ഒത്തുകളിച്ചുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പരിശോധനയിൽ വെളിവായ കാര്യമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത വാഹനം അമിത വേഗതയിലായിരുന്നോ എന്ന് കണ്ടെത്തുന്നതിനുള്ള തെളിവുകൾ ശേഖരിച്ചുവരികയാണ്.

(സി) പ്രസ്തുത ആക്ഷേപത്തെക്കുറിച്ച് അന്വേഷിച്ചുവരുന്നു.

## ടി. പി. ചന്ദ്രശേഖരൻ കൊലക്കേസ്

126(154) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ കൊലക്കേസ്സിലെ പ്രതികളിൽ ആരെയൊക്കെയാണ് കോടതി ശിക്ഷിച്ചതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ഓരോ പ്രതികൾക്കും എത്ര തവണ അടിയന്തര അവധിയും, സാധാരണ അവധിയും അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പടിഞ്ഞാറേ കുഞ്ഞിക്കാട്ടിൽ കുഞ്ഞനന്തൻ എന്ന പ്രതിക്ക് എത്ര തവണ അടിയന്തര അവധിയും, സാധാരണ അവധിയും നൽകിയെന്നും ഏതൊക്കെ തീയതികളിലെന്നും വിശദമാക്കാമോ;

(ഡി) ഈ കേസ്സിലെ പ്രതികളിൽ ആരെങ്കിലും പരോളിൽ ഇറങ്ങി രാഷ്ട്രീയ പാർട്ടിയുടെ യോഗങ്ങളിൽ പങ്കെടുത്തു എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനൂപ് മനോജ് കുമാർ @ കിർമാണി മനോജ്

എൻ.കെ. സുനിൻകുമാർ @ കൊടിസുനി

രജീഷ് തുണ്ടികണ്ടി @ ടി.കെ കെ. കെ. മുഹമ്മദ് ഷാഫി

സിജിത്ത് .എസ് @ അണ്ണൻ സിജിത്ത്

കെ. ഷിനോജ്

കെ. സി. രാമചന്ദ്രൻ

മനോജ് @ ട്രൗസർ മനോജ്

പടിഞ്ഞാറേ കുഞ്ഞികാട്ടിൽ കുഞ്ഞനന്തൻ

പി. വി. റഫീഖ് @ വാഴപടച്ചി റഫീഖ്

പ്രദീപൻ എം.കെ. @ ലമ്പു പ്രദീപൻ

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) 25-2-2015, 28-5-2015, 3-9-2015, 8-12-2015, 12-3-2016, 15-6-2016, 16-9-2016, 21-12-2016, 21-3-2017, 22-6-2017, 24-10-2017, 24-1-2018, 25-4-2018, 13-8-2018 എന്നീ തീയതികളിൽ സാധാരണ അവധിയും 2-6-2016, 13-8-2016, 21-11-2016, 4-2-2017, 17-4-2017, 24-5-2017, 31-8-2017, 16-12-2017, 21-09-2018 എന്നീ തീയതികളിൽ അടിയന്തരാവധിയും അനുവദിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗുരുവായൂരിലെ കസ്റ്റഡി മരണം

127(157) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരിൽ എക്സൈസ് ഉദ്യോഗസ്ഥർ തിരൂർ സ്വദേശി രഞ്ജിത്ത് കുമാർ എന്ന യുവാവിനെ കസ്റ്റഡിയിലെടുത്തിരുന്നോ; എന്നാണ് കസ്റ്റഡിയിലെടുത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യുവാവ് എക്സൈസ് കസ്റ്റഡിയിൽ മരണപ്പെടുകയുണ്ടായോ;

(സി) യുവാവിന് കസ്റ്റഡിയിൽ കടുത്ത മർദ്ദനം ഏറ്റതാണ് മരണകാരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) എങ്കിൽ കസ്റ്റഡിയിൽ യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) വ്യക്തികളെ കസ്റ്റഡിയിലെടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ രഞ്ജിത്ത് കുമാറിനെ കസ്റ്റഡിയിലെടുത്തപ്പോൾ സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സർക്കാർ നിലവിൽ വന്നശേഷം കസ്റ്റഡി മരണങ്ങൾ വർദ്ധിച്ചുവരുന്നത് കുറ്റവാളികളായ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന രാഷ്ട്രീയ സംരക്ഷണം കൊണ്ടാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ജി) ഈ കേസ് സി.ബി.ഐ.-ക്ക് വിടുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1-10-2019-ൽ കസ്റ്റഡിയിലെടുത്തിരുന്നു.

(ബി) മരണപ്പെട്ടിരുന്നു.

(സി) ശരീരത്തിനും തലയ്ക്കും ഏറ്റ ക്ഷതമാണ് മരണകാരണമെന്ന് പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ഡി) യുവാവിനെ കസ്റ്റഡിയിലെടുക്കുകയും മരണപ്പെടുന്നതുവരെ കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്ത 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) ഇക്കാര്യവും അന്വേഷണ പരിധിയിൽപ്പെടും.

(എഫ്) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ഉണ്ട്. വിശദമായ അന്വേഷണം നടത്തേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്താണ് കേസ് അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിച്ചിട്ടുള്ളത്.

**കടമ്പഴിപ്പുറത്തെ കൊലപാതകം**

128(158) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കടമ്പഴിപ്പുറത്ത് 14-11-2016-ൽ നടന്ന കൊലപാതകം അന്വേഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കൊലപാതകികളെ കണ്ടെത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കടമ്പഴിപ്പുറത്ത് 14-11-2016-ൽ നടന്ന കൊലപാതകവുമായി ബന്ധപ്പെട്ട് ശ്രീകൃഷ്ണപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 753/16 എന്ന കേസ്, ക്രൈം ബ്രാഞ്ചിൽ 50/CB/PKD/17 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

പ്രസ്തുത കേസ്സിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് സംഭവ സ്ഥലത്ത് നിന്ന് ശേഖരിച്ച തൊണ്ടി മുതലുകൾ പരിശോധനയ്ക്കായി ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് അയച്ചിട്ടുണ്ട്. 282 സാക്ഷികളെ നേരിൽ കണ്ട് ചോദിച്ചും മൊഴി രേഖപ്പെടുത്തിയും സംഭവ സ്ഥലത്ത് നിന്നും ലഭിച്ച വിരലടയാളങ്ങൾ സമാന രീതിയിലുള്ള കുറ്റകൃത്യങ്ങളിൽപ്പെട്ട പ്രതികളുമായി ഒത്ത് നോക്കിയും 159 പേരുടെ ഫിംഗർ പ്രിന്റ് ശേഖരിച്ച് സംശയമുള്ള തദ്ദേശിയരെയും അന്യദേശക്കാരെയും വിശദമായി ചോദ്യം ചെയ്തിട്ടുള്ളതുമാകുന്നു. കൂടാതെ സ്ഥലത്തില്ലാ തിരുന്നവരെപ്പറ്റിയും പരിസരങ്ങളിലുള്ള അന്യ സംസ്ഥാനക്കാരെപ്പറ്റിയും വിശദമായി അന്വേഷണം നടത്തിയിട്ടുണ്ട്. കൊല്ലപ്പെട്ട ഗോപാലകൃഷ്ണൻ, തങ്കമണി എന്നിവർ ആധാരം ചെയ്യാൻ ഉദ്ദേശിച്ച സ്ഥലവുമായി ബന്ധപ്പെട്ട ബ്രോക്കർമാർ, പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെപ്പറ്റി അന്വേഷിക്കുകയും ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തമിഴ്നാട് സ്വദേശികളായ കുറവ സമുദായക്കാരെപ്പറ്റി കമ്പം, തേനി, ഓട്ടം ഛത്രം എന്നീ സ്ഥലങ്ങളിൽ എത്തി അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ചിന്റെ തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിക്കുകയും അന്വേഷണം ഊർജ്ജിതമാക്കിയിട്ടുള്ളതുമാണ്. കേസിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ചിലരെ കേന്ദ്രീകരിച്ച് വിശദമായ അന്വേഷണം നടത്തി പ്രതികളെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാധ്യമപ്രവർത്തകൻ ബഷീറിനെ കൊലപ്പെടുത്തിയ സംഭവം

129(159) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമപ്രവർത്തകൻ ബഷീറിനെ കാറിടിച്ചു കൊലപ്പെടുത്തിയ ഐ.എ.എസ്. ഓഫീസർ ശ്രീ. ശ്രീറാം വെങ്കട്ടരാമൻ സംഭവം നടക്കുമ്പോൾ മദ്യലഹരിയിലായിരുന്നു എന്ന് സ്ഥാപിക്കുന്നതിനുതകുന്ന തെളിവുകളും സാക്ഷിമൊഴികളും ലഭിച്ചിട്ടുണ്ടോ;

(ബി) കാറോടിച്ചിരുന്ന സമയത്ത് അദ്ദേഹം മദ്യലഹരിയിലായിരുന്നു എന്ന് അപകടം നടന്ന സ്ഥലത്ത് വച്ചുതന്നെ വെളിവായിട്ടും, ഉടൻ തന്നെ അദ്ദേഹത്തെ രക്ത പരിശോധനയ്ക്ക് വിധേയനാക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) അപകടം നടന്ന് ഒൻപത് മണിക്കൂർ കഴിഞ്ഞ് രക്തപരിശോധന നടത്തുകവഴി പ്രതിക്ക് അനുകൂലമായ ശാസ്ത്രീയ തെളിവ് പോലീസ് സൃഷ്ടിക്കുകയും അതിലൂടെ കേസ് തന്നെ ദുർബ്ബലമാകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേസ് അന്വേഷണഘട്ടത്തിലാണ്. തെളിവുകളും സാക്ഷിമൊഴികളും ശേഖരിച്ചുവരുന്നു.

(ബി) രക്ത പരിശോധനയ്ക്ക് വിധേയമാക്കുന്നതിൽ വീഴ്ചവരുത്തിയതിന് ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) കേസ്സിന്റെ വിജയത്തിന്, പ്രോസിക്യൂഷന് ആവശ്യമായ തെളിവുകൾ ശേഖരിച്ചുവരുന്നുണ്ട്.

(ഡി) അന്വേഷണത്തിന്റെ ഭാഗമായി മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം സബ് ഇൻസ്പെക്ടറായിരുന്ന ശ്രീ. ജയപ്രകാശിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതും വാചകീയാന്വേഷണം ആരംഭിച്ചിട്ടുള്ളതുമാണ്.

## പി.എസ്.സി. റാങ്ക് പട്ടികയിൽ കുത്ത് കേസ്സിലെ പ്രതികൾ മുൻനിരയിലെത്തിയ സാഹചര്യം

130(160) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി കോളേജിൽ സഹപാഠിയെ കുത്തിയ കേസിലെ പ്രതികൾ പി.എസ്.സി. റാങ്ക് പട്ടികയിൽ മുൻനിരയിലെത്തിയ സാഹചര്യത്തെ കുറിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഇതിനകം പുറത്തുകൊണ്ടു വന്ന വസ്തുതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കേസ്സിലെ ഒന്നാം പ്രതി ശിവരഞ്ജിത്ത് സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ ഒന്നാം റാങ്കും,

രണ്ടാം പ്രതി നസീം ഇരുപത്തിയെട്ടാം റാങ്കും , പതിനെഴാം പ്രതി പ്രണവ് രണ്ടാം റാങ്കും കരസ്ഥമാക്കുകയുണ്ടായോ;

(സി) മൂന്ന് കേന്ദ്രങ്ങളിലായി പരീക്ഷ എഴുതിയ ഇവർ മൂന്ന് പേർക്കും ഒരേ കോഡിലുള്ള ചോദ്യക്കടലാസ് ലഭിച്ചതിനു പിന്നിലെ അസ്വാഭാവികതയെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഒന്നാം പ്രതി ശിവരഞ്ജിത്തിന്റെയും പതിനേഴാം പ്രതി പ്രണവിന്റെയും ഫോണുകളിലേയ്ക്ക് പരീക്ഷാ സമയത്ത് അസാധാരണമാം വിധം എസ്.എം.എസ്സുകൾ വന്നതായി കണ്ടെത്തുകയുണ്ടായോ;ഒരേ നമ്പരിൽ നിന്ന് 90 വീതം സന്ദേശങ്ങൾ ഈ വിധം ഒന്നേകാൽ മണിക്കൂറിനുള്ളിൽ ഇവരുടെ ഫോണുകളിലേക്ക് എത്തുകയുണ്ടായോ;

(ഇ) ഉത്തരങ്ങൾ അയയ്ക്കാനും അത് സ്വീകരിക്കാനും ഉപയോഗിച്ച മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് എന്നിവ ഇനിയും കണ്ടെത്താത്ത സാഹചര്യമുണ്ടോ; ഉത്തരങ്ങൾ എസ്.എം.എസ് ചെയ്ത പോലീസുകാർക്ക് ചോദ്യങ്ങൾ എങ്ങനെ ലഭിച്ചു എന്ന കാര്യം അവർ വ്യക്തമാക്കുകയുണ്ടായോ; ഈ സാഹചര്യത്തിൽ തീർത്തും സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഭരണഘടനാ സ്ഥാപനമായ പി.എസ്.സി.-യുടെ വിശ്വാസ്യത ഉറപ്പുവരുത്താനും കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് കേസ് അന്വേഷിക്കുന്ന കാര്യം പരിഗണിക്കുമോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) കേരളാ പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 657/2017 വിജ്ഞാപന പ്രകാരം ആംഡ് പോലീസ് ബറ്റാലിയനുകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് കാസർഗോഡ് ജില്ലയ്ക്കുവേണ്ടി 27-7-2018-ാം തീയതി നടന്ന പി.എസ്.സി. പരീക്ഷയിൽ ക്രമക്കേട് സംബന്ധിച്ച് ആരോപണമുയർന്നതിനെത്തുടർന്ന് പി.എസ്.സി.-യുടെ ഇന്റേണൽ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി. തുടർന്ന് ഇത് സംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി കമ്മീഷൻ സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകി. അതേതുടർന്ന് ഒന്നുമുതൽ മൂന്നുവരെ പ്രതികൾക്ക് മേൽപ്പറയുന്ന പി.എസ്.സി. പരീക്ഷയിൽ ഉന്നത റാങ്ക് കരസ്ഥമാക്കി പോലീസിൽ ജോലി നേടുക എന്ന ഉദ്ദേശ്യത്തോടെ, മറ്റ് പ്രതികളുമായി ഗൂഢാലോചന നടത്തി നാല് മുതൽ ആറ് വരെ പ്രതികളുടെ സഹായത്തോടെ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് പരീക്ഷയിൽ ക്രമക്കേട് നടത്തിയതായുള്ള

കാര്യത്തിന് 7-8-2019-ൽ ക്രൈം നമ്പർ 429/CB/TVM/D/2019 u/s 406, 420, 120 (B), 201, 34 IPC & 43 (a&b) 66 of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ക്രൈം ബ്രാഞ്ച് യൂണിറ്റ് അന്വേഷണം നടത്തിവരുന്നു. ബന്തവസ്സിലെടുത്ത ഇലക്ട്രോണിക് ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിട്ടുള്ളതാണ്.

(ഇ) പി.എസ്.സി. പരീക്ഷകൾ കുറ്റമറ്റ രീതിയിലും സൂക്ഷ്മതയോടുംകൂടി നടത്തുന്നതിലേയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് തുടർന്ന് നടന്ന പരീക്ഷകളിൽ ആയവ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കിവരുന്നു.

## കെ. എം. ബഷീറിന്റെ മരണം

131(162) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആഗസ്റ്റ് മാസം തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകൻ കെ. എം. ബഷീർ വാഹനമിടിച്ച് കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ബഷീറിനെ ഇടിച്ച കാർ ഓടിച്ചിരുന്ന ശ്രീറാം വെങ്കിട്ടരാമൻ മദ്യപിച്ചിരുന്നതായി ദൃക്സാക്ഷികളും സഹയാത്രികയും മൊഴി നൽകുകയുണ്ടായോ;

(സി) അപകട ശേഷം ജനറൽ ആശുപത്രിയിലെത്തിയ ശ്രീറാമിനെ മദ്യം മണക്കുന്നതായി ഡ്യൂട്ടി ഡോക്ടർ ഒ.പി.ടിക്കറ്റിൽ കുറിക്കുകയുണ്ടായോ;

(ഡി) പിന്നീട് മെഡിക്കൽ കോളേജിലേക്ക് ഇദ്ദേഹത്തെ റഫർ ചെയ്തെങ്കിലും പോയത് സ്വകാര്യ ആശുപത്രിയിലേക്കായിരുന്നു എന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) സ്വകാര്യ ആശുപത്രിയിൽ വെച്ച് ഡോക്ടർമാരുടെ സഹായത്തോടെ മദ്യപിച്ചതിന്റെ തെളിവ് നശിപ്പിക്കാൻ ഇദ്ദേഹം ശ്രമിച്ചതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(എഫ്) സംഭവം നടന്നിട്ട് ഏതാണ്ട് പത്ത് മണിക്കൂറിനു ശേഷമാണ് ഇദ്ദേഹത്തിന്റെ രക്ത സാമ്പിൾ പരിശോധനയ്ക്കായി എടുത്തതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ കേസ്സിൽ തെളിവായി മാറേണ്ട അപകടത്തിൽപ്പെട്ട വാഹനങ്ങൾ ഫോറൻസിക് പരിശോധനയ്ക്കു മുമ്പ് റിക്കവറി വാഹനമുപയോഗിച്ച് പോലീസ് സഹായത്തോടെ അവിടെ നിന്നും മാറ്റുകയുണ്ടായോ;

(ജി) രാത്രി ഒരു മണിയോടെ നടന്ന സംഭവം പോലിസിന്റെ എഫ്. ഐ.ആർ.-ൽ രേഖപ്പെടുത്തിയത് രാവിലെ 7.17 മണിക്ക് എന്നാണോ; പ്രതിയെ രക്ഷപ്പെടുത്താൻ പോലീസ് ബോധപൂർവ്വം നടത്തിയ നീക്കങ്ങളാണ് ഇതൊക്കെ എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കേസ് അന്വേഷണാവസ്ഥയിലാണ്

(ബി) ദൃക്സാക്ഷികളുടെ മൊഴികൾ ഉൾപ്പെടെയുള്ള തെളിവുകൾ ശേഖരിച്ചിട്ടുണ്ട്.

(സി) മെഡിക്കൽ സർട്ടിഫിക്കറ്റിൽ കുറിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്.

(ഇ) റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യം നടന്ന റോഡിലെ ട്രാഫിക് ബ്ലോക്ക് ഒഴിവാക്കാനായി കൃത്യത്തിൽ ഉൾപ്പെട്ട കാറിനെ പോലീസ് റിക്കവറി വാൻ ഉപയോഗിച്ച് മ്യൂസിയം പോലീസ് സ്റ്റേഷൻ പരിസരത്തേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ജി) എഫ്.ഐ.ആർ.-ൽ സംഭവം നടന്നത് 3-8-2019 വെളുപ്പിന് ഒരു മണിക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കാര്യങ്ങളും അന്വേഷിച്ച് വരുന്നുണ്ട്.

**കല്ലമ്പലം ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ**

132(163) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിലെ കല്ലമ്പലം ജംഗ്ഷനിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; സുഗമമായ ഗതാഗതം ഒരുക്കുവാൻ ഇപ്പോഴുള്ള സംവിധാനം പര്യാപ്തമാണോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് പരിഷ്കാരം പൂർണ്ണമായും നടപ്പിലാക്കുന്നതിനും കല്ലമ്പലം ജംഗ്ഷൻ ഭാഗത്തുള്ള വാഹനാപകടങ്ങൾ

പരാമവധി കുറയ്ക്കുന്നതിനും ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ടി റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ച പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിക്കുകയും ആയതിലേയ്ക്ക് വിശദമായ പഠനം നടത്താൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ തിരക്കേറിയ സമയങ്ങളിൽ കൂടുതൽ പോലീസുദ്യോഗസ്ഥരെ ട്രാഫിക് ജോലികൾക്ക് നിയോഗിച്ച് ഗതാഗത നിയന്ത്രണം നടത്തിവരിയാണ്.

### അട്ടക്കുളങ്ങര കമലേശ്വരം റോഡിലെ അനധികൃത പാർക്കിംഗ്

133(164) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും സ്ഥിരമായി അനധികൃത പാർക്കിംഗ് നടത്തുന്നവർക്ക് പിഴ ചുമത്തുന്നതിന് പോലീസ് പലപ്പോഴും ശുഷ്കാന്തി കാണിക്കുന്നില്ലെന്ന പരാതി ഗൗരവമായി കാണുമോ;

(ബി) ഈ സ്ഥലത്ത് അനധികൃത പാർക്കിംഗ് നടത്തിയതിന് എന്ത് തുക നിയമലംഘകരിൽ നിന്ന് പിഴയിനത്തിൽ 6/2016 മുതൽ 30-9-2019 വരെ ഈടാക്കി എന്ന് അറിയിക്കുമോ;

(സി) യു.എ.ഇ. കോൺസുലേറ്റ്, ആറ്റുകാൽ ക്ഷേത്രം എന്നിവ ഉൾപ്പെടുന്ന ഈ പ്രദേശത്ത് ഹോട്ടലുകളുടെയും ജ്യൂസ് ബാറുകളുടെയും മുന്നിൽ യാതൊരു നിയന്ത്രണവുമില്ലാതെ പാർക്കിംഗ് നടത്തുന്നവർക്കെതിരെ പോലീസ് നടപടി എടുക്കുന്നതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കുകയും എന്നാൽ ഹെൽമറ്റ് ധരിക്കാതെ ടൂവീലർ ഓടിക്കുന്ന വൃദ്ധരിൽനിന്ന് പോലും പിഴ ചുമത്തുകയും ചെയ്യുന്ന നടപടി അവസാനിപ്പിക്കുമോ;

(ഡി) വളരെ തിരക്കേറിയ ഈ പ്രദേശത്ത് ഇത്തരം കടകളുടെ മുന്നിൽ അനധികൃത പാർക്കിംഗ് നടത്തുന്നവർ ഗതാഗത തടസ്സമുണ്ടാക്കുന്നത് ഗൗരവമായി കണ്ട് മുഖംനോക്കാതെ നടപടി എടുക്കാൻ കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലും അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്ന വാഹന ഉടമകൾക്കെതിരെ പോലീസ് കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 06/2016 മുതൽ 30/09/2019 വരെ 15,01,900 രൂപ അനധികൃത പാർക്കിംഗ് നടത്തിയതിന് ഈ സ്ഥലത്തുനിന്നും ഈടാക്കിയിട്ടുണ്ട്.

(സി) UAE കോൺസുലേറ്റ്, ആറ്റുകാൽ ക്ഷേത്രം എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഹോട്ടലുകാരുടെയും ജ്യൂസ് പാർലറുകളുടെയും മുന്നിൽ അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹന ഉടമകൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഹെൽമറ്റ് ധരിക്കാതെ ടൂവീലർ ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ഡി) വളരെ തിരക്കേറിയ പ്രദേശത്ത് അനധികൃതമായി വാഹനം പാർക്ക് ചെയ്ത് ഗതാഗതതടസ്സം ഉണ്ടാക്കുന്ന വാഹന ഉടമകൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്ദമംഗലത്ത് ട്രാഫിക് യൂണിറ്റ്**

134(165) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏക സബ് താലൂക്ക് ആസ്ഥാനവും എൻ.എച്ച്. 766-ലെ മുഖ്യ ജംഗ്ഷനുമായ കുന്ദമംഗലത്ത് ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോഴിക്കോട് സിറ്റി പൊലീസ് കമ്മീഷണറുടെ കീഴിൽ എത്ര ട്രാഫിക് യൂണിറ്റുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുന്നില്ല എന്ന കാര്യം പരിഗണിച്ച് ഇവയിൽ ഒരു ട്രാഫിക് യൂണിറ്റ് കുന്ദമംഗലത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുന്ദമംഗലത്ത് ഒരു ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച നിവേദനം സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ ഒരു ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റ് നിലവിലുണ്ട്. കുന്ദമംഗലത്ത് ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**മുഖ്യമന്ത്രിയെ വിമർശിച്ചവർക്കെതിരെ കേസ്**

135(166) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവമാധ്യമങ്ങളിലൂടെ മുഖ്യമന്ത്രിയെ വിമർശിച്ചവർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര പേർക്കെതിരെ ഇപ്രകാരം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ കേസെടുക്കുന്നത് വ്യക്തികളുടെ ആവിഷ്കാര -സംസാര സ്വാതന്ത്ര്യത്തിൽ ഉള്ള ഇടപെടലല്ലേ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നവമാധ്യമങ്ങളിലൂടെ മുഖ്യമന്ത്രിയെ വിമർശിച്ച കാരണത്താൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) വ്യക്തികളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തെ ഹനിക്കുന്ന തരത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**തീരദേശ പോലീസ് സ്റ്റേഷനുകളിലെ ദിവസവേതന ജീവനക്കാർ**

136(167) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകളിൽ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ദിവസവേതനമല്ലാതെ ഇവർക്ക് മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാർ നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) അപകടകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന ഇത്തരത്തിലുള്ള ജീവനക്കാർക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തീരദേശ പോലീസ് സ്റ്റേഷനുകളിലെ വിവിധ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ 58 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഓണം ഉത്സവ ബത്ത നൽകി വരുന്നുണ്ട്.

(സി) കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ ബോട്ടുകൾക്ക് കോംപ്രിഹൻസീവ് ഇൻഷ്വറൻസ് ഉള്ളതിനാൽ ഈ ബോട്ടുകളിൽ ജോലി ചെയ്യുന്ന ബോട്ട് ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ഡി) കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന എല്ലാത്തരം ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ഒരു പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. അതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

**പോലീസ് സ്റ്റേഷനുകളുടെ നവീകരണം**

137(168) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിന് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ബി) ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സൗകര്യങ്ങൾ ഉണ്ടോയെന്നും അവ എന്തെല്ലാമെന്നും വിശദമാക്കുമോ;

(സി) എത്ര പോലീസ് സ്റ്റേഷനുകളിൽ ഭിന്നശേഷിക്കാർക്കും കുട്ടികൾക്കുമായി പ്രത്യേക റൂം സൗകര്യങ്ങൾ ഉണ്ടെന്ന് അറിയിക്കുമോ;

(ഡി) എത്ര പോലീസ് സ്റ്റേഷനുകൾ ഇപ്പോഴും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഭിന്നശേഷിക്കാർക്കായി പ്രത്യേക ടോയ്‌ലെറ്റ്, റാമ്പ് എന്നിവയും പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പ്രത്യേക സ്ഥലം സ്റ്റേഷനുകളിൽ കണ്ടെത്തുകയും കുട്ടികൾക്കായി ടി.വി., കളിക്കോപ്പുകൾ, ബുക്ക് തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ ആകെ 350 പോലീസ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഇക്കാലയളവിൽ 110 പോലീസ് സ്റ്റേഷനുകൾ ശിശു സൗഹൃദമാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി) 82 പോലീസ് സ്റ്റേഷനുകൾ ഇപ്പോഴും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പേരുകൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.+

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് കെട്ടിടം**

138(169) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് ആഭ്യന്തര വകുപ്പിന് കൈമാറിയ 50 സെന്റ് സ്ഥലത്ത് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ നിർമ്മാണത്തിന് 1,81,80,000 (ഒരു കോടി എൺപത്തിയൊന്ന് ലക്ഷത്തി എൺപതിനായിരം) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആയത് പ്രകാരം കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**പോലീസിലെ നിയമനങ്ങളും പുതിയ തസ്തികകളും**

139(170) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്ന് വിശദമാക്കുമോ?

(ബി) പോലീസ് സേനയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര നിയമനം നടത്തിയെന്ന് വിശദമാക്കാമോ?

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് വകുപ്പിൽ 2742 സ്ഥിരം തസ്തികകളും (ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ വിദഗ്ധരുടെ തസ്തികകളും മിനിസ്റ്റീരിയൽ ജീവനക്കാർ, ക്യാമ്പ് ഫോളോവർ മുതലായ തസ്തിക ഉൾപ്പെടെ) 200 താൽക്കാലിക തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയിലേയ്ക്ക് 8045 നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

**പുതിയ പോലീസ് സ്റ്റേഷൻ**

140(171) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പൊലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ശരാശരി എത്ര ആളുകൾക്ക് ഒരു പോലീസ് സ്റ്റേഷൻ എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ഐക്കരപ്പടി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, വാഴക്കാട് പോലീസ് സ്റ്റേഷനുകൾക്ക് കീഴിൽ എത്ര ജനസംഖ്യയുണ്ടെന്ന കാര്യം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചശേഷം മാത്രമേ പുതിയ പോലീസ് സ്റ്റേഷനുകളുടെ ശിപാർശ പരിശോധിക്കാനാകൂ.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചശേഷം പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കാനാകുകയുള്ളൂ.

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾക്ക് കീഴിൽ 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ ചുവടെ ചേർക്കുന്നു.

| പോലീസ് സ്റ്റേഷൻ | ജനസംഖ്യ |
|---|---|
| കൊണ്ടോട്ടി | 296897 |
| വാഴക്കാട് | 97463 |

### കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം

141(172) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ നിർമ്മാണം നടക്കുന്ന കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മന്ദിരത്തിൽ ഏതെല്ലാം ഓഫീസുകൾ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിലെ നിർമ്മാണപുരോഗതി വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത നിർമ്മാണത്തിന്റെ കരാർ കാലാവധിയുടെ വിശദാംശങ്ങൾ നൽകുമോ;

(ഇ) കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 26-9-2018-ൽ കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചു.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ DySP (DCRB), DySP (Special Branch), Passport Cell-DySP എന്നീ ഓഫീസുകളും ഒന്നാമത്തെ നിലയിൽ Cyber Cell, DySP (Narcotic), DySP (Crime detachment) എന്നിവയും രണ്ടാമത്തെ നിലയിൽ ജില്ലാ പോലീസ് ഓഫീസ്, റെക്കോർഡ് റൂം, കോൺഫറൻസ് ഹാൾ എന്നിവയും സജ്ജമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) നിലവിൽ 42% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നിർമ്മാണത്തിന്റെ കരാർ കാലാവധി 18 മാസമാണ്.

(ഇ) കരാർ കാലാവധിക്കുള്ളിൽ തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കരാറുകാരന് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇതിന്റെ തൽസമയ നിർമ്മാണ പുരോഗതി കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ എല്ലാ മാസവും വിലയിരുത്തിവരുന്നുണ്ട്.

## ആളൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

142(173) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ ആളൂർ പോലീസ് സ്റ്റേഷന് പുതിയ മന്ദിരം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇരിങ്ങാലക്കുട മണ്ഡലത്തിലെ ആളൂർ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി കല്ലേറ്റുകര വില്ലേജിൽ സർവ്വേ നമ്പർ 151/2-ൽപ്പെട്ട 27 സെന്റ് സ്വകാര്യ ഭൂമി പോലീസ് വകുപ്പിന് ലഭ്യമാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കൊപ്പം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

143(174) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്പം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കൊപ്പം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള റീസർവ്വേ നമ്പർ 127/4-ൽപ്പെട്ട 45 സെന്റ് സ്ഥലം പോലീസ് വകുപ്പിന് ലഭ്യമാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## ചെറായി ബീച്ചിൽ തീരദേശ പോലീസ് സ്റ്റേഷൻ

144(175) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം പഞ്ചായത്തിലെ ചെറായി ബീച്ചിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി കെട്ടിടം നിർമ്മിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിച്ചത് ഏത് ഏജൻസിയാണെന്നും ഇതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെട്ടിടം നിർമ്മിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല

(ഡി) പള്ളിപ്പുറം പഞ്ചായത്തിലെ ചെറായി ബീച്ചിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

## കോട്ടയം ജില്ലയിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷൻ

145(176) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഉണ്ടായിട്ടുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ആവശ്യമായ മിനിമം തസ്തിക സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ള മിനിമം തസ്തികകൾക്ക് ഉപരിയായ തസ്തികകൾ കണ്ടെത്തിയിട്ടുണ്ടോ;ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഏതൊക്കെ പോലീസ് സ്റ്റേഷന്റെ അതിർത്തി പുനർ നിർണ്ണയിച്ചാണ് മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നതെന്നും ഈ സ്റ്റേഷൻ എന്ന് പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിലെ മാഞ്ഞൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് യഥാസമയം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഉണ്ട്. 18-12-2015-ൽ സർക്കാരിലേക്ക് അയച്ചിരുന്ന ശിപാർശ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) നിലവിൽ ഇല്ല.

(ഡി) കടുത്തുരുത്തി പോലീസ് സ്റ്റേഷന്റെ അതിർത്തി പുനർ നിർണ്ണയിച്ചാണ് മാഞ്ഞൂർ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്നത്. മാഞ്ഞൂർ പോലീസ് സ്റ്റേഷന് ആവശ്യമായ അംഗബലം അനുവദിക്കുകയും, മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും പഞ്ചായത്ത് വിട്ട് നൽകാമെന്ന് അറിയിച്ചിരുന്നതുമായ 4/298 എ കെട്ടിടം പോലീസ് വകുപ്പിന് വിട്ട് നൽകുകയും ശേഷിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

**പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് പുതിയ പദ്ധതികൾ**

146(177) <u>ശ്രീമതി വീണാ ജോർജ്ജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് എസ്.പി. ഓഫീസിനോട് ചേർന്നും അല്ലാതെയും എത്ര സ്ഥലമാണ് ആഭ്യന്തര വകുപ്പിനുള്ളത്;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ എന്തെങ്കിലും പദ്ധതികളോ സ്ഥാപനങ്ങളോ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പത്തനംതിട്ട ജില്ലാ പോലീസ് ആസ്ഥാനത്തോട് ചേർന്ന് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, സായുധ സേനാ വിഭാഗം ഓഫീസ്, പോലീസ് ഫാമിലി ക്വാർട്ടേഴ്സ് എന്നിവ ഉൾപ്പെടെ 8.02 ഏക്കർ സ്ഥലമുണ്ട്. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ ക്യാമ്പ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 39 സെന്റ് വസ്തുവും നിലവിലുണ്ട്.

(ബി) ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം നിൽക്കുന്ന സ്ഥലത്ത് ഫോറൻസിക് വിഭാഗം, ഫിംഗർ പ്രിന്റ് വിഭാഗം, ഫോട്ടോഗ്രാഫിക് എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും വനിതാ സെൽ വിഭാഗം കെട്ടിടത്തിന്റെ വിപുലീകരണം നടത്തുന്നതിനും സായുധ സേനാ വിഭാഗം ഓഫീസ് പരിസരത്ത് വനിതാ പോലീസ് സ്റ്റേഷൻ എന്നിവ നിർമ്മിക്കുന്നത് പരിഗണനയിലാണ്.

**ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

147(178) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വർഷങ്ങളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന, ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ആളൂർ വില്ലേജിലെ സർവ്വേ നം.240/1 -ൽ പ്പെട്ട റവന്യൂ പുറമ്പോക്ക് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറിക്കിട്ടുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ആളൂർ വില്ലേജിലെ സർവ്വേ നമ്പർ 240/1-ൽ ഉള്ള റവന്യൂ പുറമ്പോക്ക് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല.

(ബി) പ്രസ്തുത ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള WP(C) No. 77/2019, WP(C) No. 4259/2018 എന്നീ നമ്പർ കേസ്സുകൾ കോടതിയിൽ പെൻഡിംഗ് ആണ്.

## കരീലകുളങ്ങര പോലീസ് സ്റ്റേഷൻ കെട്ടിടം

148(179) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ, കരീലകുളങ്ങര പോലീസ് സ്റ്റേഷനു വേണ്ടി വിട്ടു നൽകിയ സ്ഥലത്ത് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിലെ കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടത്തിനായി കാർത്തികപ്പള്ളി താലൂക്കിലെ പത്തിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 21-ൽ റീ സർവ്വേ നമ്പർ 460/6, 461/15, 461/16, 461/17, 462/3-ൽ ഉൾപ്പെട്ട 10.10 ആർ ഭൂമി പോലീസ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പോലീസ് സ്റ്റേഷൻ കെട്ടിടം 153.46 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുവാനുമുള്ള പോലീസ് മേധാവിയുടെ പ്രൊപ്പോസൽ പരിശോധിക്കുകയുണ്ടായി. ഈ വർഷം അധിക ഫണ്ട് വകയിരുത്താൻ തൽക്കാലം നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്.

## മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പേഴക്കാപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ

149(180) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പേഴക്കാപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും, ആയതിന്റെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കിയശേഷം പുതിയ പോലീസ് സ്റ്റേഷനുകളുടെ ശിപാർശ പരിശോധിക്കാവുന്നതാണ്.

## നെയ്യാർഡാം ടൂറിസ്റ്റ് പോലീസ് സ്റ്റേഷൻ

150(181) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കൻ കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർഡാം കേന്ദ്രീകരിച്ച് ആരംഭിച്ച ടൂറിസ്റ്റ് പോലീസ് സ്റ്റേഷനിൽ തസ്തികകൾ അനുവദിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കയാണെന്ന് അറിയിക്കാമോ;

(ബി) ഇവിടെ നിലവിൽ എത്ര തസ്തികകൾ ഉണ്ടെന്നും ഇതിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത മാരായമുട്ടം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ആയത് അടിയന്തര പ്രാധാന്യത്തോടെ പരിഗണിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) നെയ്യാർഡാം പോലീസ് സ്റ്റേഷനാണ് നിലവിലുള്ളത്.

(ബി) ബാധകമല്ല.

(സി) സ്വന്തമായി കെട്ടിടമില്ലാത്ത മാരായമുട്ടം പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം വാങ്ങുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ വിഭജനം

151(182) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുന്ന വില്ലേജുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഇന്നുള്ള ജനസംഖ്യാ പോലീസ് അനുപാതം എത്രയെന്ന് വിശദീകരിക്കുമോ ; കരുനാഗപ്പള്ളി സ്റ്റേഷൻ പരിധിയിൽ ഈ അനുപാതം പാലിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പോലീസ് സ്റ്റേഷൻ ജീവനക്കാരുടെ ജോലിഭാരവും പ്രദേശത്തിന്റെ വലിപ്പവും പരിഗണിച്ച് സ്റ്റേഷൻ വിഭജിക്കുന്നതിനും, തഴവ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പരിധിയിൽ ആലപ്പാട്, കല്ലേലിഭാഗം, അയണിവേലിക്കുളങ്ങര, കരുനാഗപ്പള്ളി, തൊടിയൂർ തഴവ, ആദിനാട്, കുലശേഖരപുരം, പാവുമ്പ എന്നീ വില്ലേജുകളാണ് ഉൾപ്പെടുന്നത്.

(ബി) സംസ്ഥാനത്തെ ആകെ ജനസംഖ്യ 34700000 ആണെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തെ പോലീസ് സേനയുടെ ഇപ്പോഴത്തെ അംഗബലം 49966 ആണ്. ഇതു പ്രകാരം Citizen Police അനുപാതം 695:1 ആണ്. സംസ്ഥാനത്തെ പോലീസ് സേനയെക്കുറിച്ച് P & ARD പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. Citizen Police Ratio 500:1 എന്ന അനുപാതത്തിലാക്കാൻ P & ARD റിപ്പോർട്ടിൽ ശിപാർശയുണ്ട്.

ക്രമസമാധാന പ്രശ്നങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും നേരിടേണ്ടി വരുമ്പോൾ പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള അംഗബലത്തിന് പുറമേ ജില്ലാ പോലീസ് മേധാവിയുടെ കീഴിലുള്ള റിസർച്ച് വിഭാഗത്തിൽനിന്നും (DHQ/DAR) ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സായുധസേനാ ബറ്റാലിയനുകളിൽനിന്നും ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ട്.

(സി) പുതുതായി അനുവദിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമാക്കുന്നതിനാണ് ഇപ്പോൾ പരിഗണന നൽകിയിട്ടുള്ളത്.

## മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

152(183) <u>ശ്രീമതി ഇ. എസ്. ബിജിമോൾ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് ഉദ്യോഗസ്ഥർ ഡ്യൂട്ടിയുടെ ഭാഗമായി മുല്ലപ്പെരിയാർ തടാകത്തിലൂടെ ബോട്ടിലും റോഡുമാർഗ്ഗം വാഹനത്തിലും ഉൾവനത്തിലൂടെ യാത്ര ചെയ്യേണ്ടിവരുമ്പോൾ സ്റ്റേഷനുമായി ബന്ധപ്പെടുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന വാർത്താവിനിമയ സംവിധാനം എന്താണെന്ന് അറിയിക്കാമോ; പ്രസ്തുത സംവിധാനം പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനിൽ സ്ഥിരമായ പോലീസ് ടെലികമ്മ്യൂണിക്കേഷൻ സംവിധാനം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 11-1-2016 തീയതി മുതൽ മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ വനം വകുപ്പുവക താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും തുടർന്ന് സ്റ്റേഷന് സ്വന്തമായി കെട്ടിടം പണിയുന്ന ആവശ്യത്തിലേക്കായി സ്ഥലം ലഭിക്കുന്നതിന് വേണ്ടി പീരുമേട് താലൂക്ക്, വള്ളക്കടവ് സത്രം ഭാഗത്തുള്ള റവന്യൂ ഭൂമി ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും മഞ്ചുമല വില്ലേജിൽ സർവ്വേ നമ്പർ 182-ൽ ഉൾപ്പെട്ട സ്ഥലം താലൂക്ക് വികസന സമിതി യോഗത്തിൽ തീരുമാനം ഉണ്ടായിട്ടുള്ളതുമാണ്. തുടർന്ന് ടി സ്ഥലം ഫോറസ്റ്റ് വകുപ്പ് വക സ്ഥലമാണെന്ന അവകാശവാദത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ അന്വേഷണത്തിനായി ഇടുക്കി സബ് കളക്ടറെ ചുമതലപ്പെടുത്തുകയും അദ്ദേഹം ടി സ്ഥലം സന്ദർശിക്കുകയും തുടർന്ന് 26-9-2019 തീയതിയിൽ ഇടുക്കി RDO ഓഫീസിൽ വച്ച് ജില്ലാ പോലീസ് മേധാവി, ജില്ലാ കളക്ടർ, കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് റേഞ്ച് ഓഫീസർ, പീരുമേട് തഹസിൽദാർ, മഞ്ചുമല വില്ലേജ് ഓഫീസർ, മുല്ലപ്പെരിയാർ സ്റ്റേഷൻ ഹെഡ് ഓഫീസർ എന്നിവർ പങ്കെടുത്ത യോഗത്തിൽ 50 സെന്റ് സ്ഥലം അനുവദിച്ചു നൽകാമെന്ന് തീരുമാനമെടുത്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ ഇടുക്കി ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നടന്നു വരുന്നതുമാണ്.

(ബി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് ഉദ്യോഗസ്ഥരുടെ ഡ്യൂട്ടിയുടെ ഭാഗമായി തടാകത്തിലും റോഡ് മാർഗ്ഗവും യാത്ര ചെയ്യേണ്ടി വരുമ്പോൾ വാഹനത്തിലും ബോട്ടിലും ഘടിപ്പിച്ചിട്ടുള്ള Low Band (L/B) വയർലെസ് മുഖാന്തരമാണ് വാർത്താവിനിമയം നടത്തി വരുന്നത്. പോലീസ് വാർത്താവിനിമയ സംവിധാനം മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ എല്ലായിടത്തും കുറ്റമറ്റ രീതിയിൽ ലഭിക്കുന്നതിനായി കുമളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഒട്ടകത്തല മേട്ടിൽ ജില്ലാ പഞ്ചായത്ത് വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള വാച്ച് ടവറിന്റെ താഴത്തെ മുറി കെട്ടിയടച്ച് വൈദ്യുതി ലഭ്യമാക്കി L/B, VHF, Patching Repeater സ്ഥാപിക്കേണ്ടതുണ്ട്. ആയതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ വാർത്താവിനിമയ സംവിധാനം ലഭ്യമാക്കുന്നതാണ്.

(സി) മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനിൽ വയർലെസ് സംവിധാനം ലഭ്യമാണ്.

## മങ്കട പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം

153(184) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട സർവ്വീസ് സഹകരണ ബാങ്കിന്റെ വകയായുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മങ്കട പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ബി) പോലീസ് സ്റ്റേഷൻ നാളിതുവരെ പ്രവർത്തിച്ച കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മങ്കട പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമായിട്ടില്ല. ആയതിനുള്ള നടപടി തുടർന്നുവരുന്നു.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പോലീസ് ആസ്ഥാനത്തെ 20-6-2019 തീയതിലെ ഉത്തരവ് നമ്പർ എച്ച്14/86966/2017 പ്രകാരം 28-10-2010 മുതൽ 3,947 രൂപയും 1-8-2013 മുതൽ 4,366 രൂപയും മാസവാടക നൽകുന്നതിനായി ഉത്തരവായിട്ടുണ്ട്. ബാക്കി കുടിശ്ശിക Non Availability Certificate ലഭ്യമാവുന്ന മുറയ്ക്ക് നൽകുന്നതാണ്.

## കായംകുളം പോലീസ് ക്വാർട്ടേഴ്സ്

154(186) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് ക്വാർട്ടേഴ്സ് ജീർണ്ണാവസ്ഥയിലായി അപകട ഭീഷണി ഉയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ് മേധാവിയിൽനിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## അബ്ദുൽ ഷുക്കൂറിന്റെ മരണത്തെക്കുറിച്ച് സമഗ്രാന്വേഷണം

155(187) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെറാഡൂണിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട പെരിന്തൽമണ്ണ പുലാമന്തോൾ വടക്കൻ പാലൂർ സ്വദേശിയായ അബ്ദുൽ ഷുക്കൂറിന്റെ മരണം കേരള പോലീസ് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സിൽ സമഗ്രാന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ സംസ്ഥാന പോലീസ് മേധാവി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാന പോലീസിന്റെ ഏത് വിഭാഗത്തെയാണ് അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത കേസ്സിൽ നാളിതുവരെ അന്വേഷണം ആരംഭിച്ചിട്ടില്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) അബ്ദുൽ ഷുക്കൂറിന്റെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഉമ്മ സക്കീന സമർപ്പിച്ച പരാതിയിന്മേൽ മലപ്പുറം ജില്ലാ പോലീസ് മേധാവി മുഖേന അന്വേഷണം നടത്തിയതിൽ, ഉത്തരാഖണ്ഡ് സംസ്ഥാനത്തിലെ ഡെറാഡൂൺ എന്ന ജില്ലയിലെ പ്രേം നഗർ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള മാക്സ് ഹോസ്പിറ്റലിൽവച്ച് അബ്ദുൽ ഷുക്കൂർ മരണപ്പെട്ട കാര്യത്തിന് പ്രേം നഗർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 169/2019 U/s 302 r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി, 5 പ്രതികളെ അറസ്റ്റ് ചെയ്ത് ഡെറാഡൂണിലെ CJM കോടതിയിൽ ഹാജരാക്കിയതിൽ ഡെറാഡൂൺ ജില്ലാ ജയിലിൽ റിമാന്റ് ചെയ്യാൻ ഉത്തരവായിട്ടുള്ളതാണ്. അബ്ദുൽ ഷുക്കൂറിന്റെ ഉമ്മ സക്കീനയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ ക്രൈം നം. 477/19 U/s 364, 465, 395 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ്സിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് മേൽസൂചിപ്പിച്ച ഇരു കേസ്സുകളെയും സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നതുമാണ്.

## കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

156(188) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളുടെ ക്രൈം നമ്പർ ക്രൈം രജിസ്റ്റർ ചെയ്ത തീയതി, പോലീസ് സ്റ്റേഷൻ, പ്രതികളുടെ എണ്ണം, കുറ്റങ്ങളുടെ സ്വഭാവം എന്നിവ തിരിച്ച് വിശദാംശം നൽകാമോ;

(സി) പ്രസ്തുത കേസ്സുകളിൽ എത്ര എണ്ണത്തിൽ തെളിവ് ശേഖരിച്ചുവെന്നും അത്തരം കേസ്സുകളിൽ പ്രതികൾക്കെതിരെ കൈക്കൊണ്ട ശിക്ഷണ നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) തെളിവ് ഇല്ലാത്തതും പ്രതികളെ പിടികൂടാത്തതുമായ കേസ്സുകൾ ഏതൊക്കെയാണെന്നും ഈ അവസ്ഥയ്ക്ക് കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ചെങ്ങന്നൂരിൽ സി.സി.ടി.വി. ക്യാമറ

157(189) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല ഇടത്താവളമായ ചെങ്ങന്നൂരിൽ മണ്ഡലകാല മഹോത്സവവുമായി ബന്ധപ്പെട്ട് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഭക്തന്മാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ചെങ്ങന്നൂരിലെ പ്രധാന സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ശബരിമല ഇടത്താവളമായ ചെങ്ങന്നൂരിൽ മണ്ഡലകാല മഹോത്സവവുമായി ബന്ധപ്പെട്ട് അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഭക്തന്മാരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ചെങ്ങന്നൂർ എം.എൽ.എ., ശ്രീ. സജി ചെറിയാന്റെ എം.എൽ.എ. ഫണ്ടിൽനിന്നും ചെങ്ങന്നൂർ ടൗണിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിന് തുക അനുവദിക്കുന്നതിനായുള്ള നടപടി പുരോഗമിച്ചു വരുന്നു.

## പോലീസ് സേനയിൽ റോബോട്ട്

158(190) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ സാങ്കേതിക വിദ്യ നടപ്പാക്കുന്നതിന്റെ ഭാഗമായി, കേരള പോലീസ് ആസ്ഥാനത്ത് എസ്.ഐ.-യുടെ പദവി നൽകി സന്ദർശകരെ വരവേൽക്കാൻ കെ ബോട്ട് എന്ന പേരിൽ ഒരു റോബോട്ടിനെ സ്ഥാപിച്ചിരുന്നുവോ; പ്രസ്തുത റോബോട്ടിന്റെ പ്രവർത്തനോദ്ഘാടനം എന്നായിരുന്നു;

(ബി) പ്രസ്തുത റോബോട്ട് സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവായി എന്നറിയിക്കാമോ; പ്രസ്തുത റോബോട്ട് ഇപ്പോൾ പ്രവർത്തനക്ഷമമാണോ;

(സി) പ്രസ്തുത റോബോട്ട് പ്രവർത്തനരഹിതമാകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; റോബോട്ടിനെ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള പോലീസ് ആസ്ഥാനത്ത് KP BoT എന്ന് നാമകരണം ചെയ്ത് എസ്.ഐ.പദവി നൽകി ഒരു റോബോട്ടിന്റെ സേവനം ലഭ്യമാക്കിയിരുന്നു. 19-2-2019-ൽ ആയതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി.

(ബി&സി) പ്രസ്തുത റോബോട്ടിന്റെ വിലയായി 8,50,000 (എട്ട് ലക്ഷത്തി അൻപതിനായിരം) രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത റോബോട്ട് നിലവിൽ തികച്ചും പ്രവർത്തനക്ഷമമാണ്. സേവന രംഗത്ത് KP-BOT-ന്റെ സാധ്യതകൾ പരിഗണിച്ച് പോലീസ് സൈബർ ഡോമിലാണ് റോബോട്ടിനെ സജ്ജമാക്കിയിട്ടുള്ളത്.

## വിജിലൻസ് അന്വേഷണം

160(192) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ .ആര്യാടൻ മുഹമ്മദ്, അദ്ദേഹത്തിന്റെ മകനും നിലമ്പൂർ നഗരസഭയുടെ മുൻ ചെയർമാനുമായ ശ്രീ. ആര്യാടൻ ഷൗക്കത്ത് എന്നിവർക്കെതിരെ സംസ്ഥാന വിജിലൻസിൽ ഏതെങ്കിലും പരാതി നിലവിലുണ്ടോ; ഏതെങ്കിലും കേസ്സുകളിൽ ഇവർക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെയൊക്കെ പരാതിയിലാണ് അന്വേഷണം നടക്കുന്നത്; വിശദമാക്കാമോ;

(സി) പരാതിയുണ്ടെങ്കിൽ സംസ്ഥാന വിജിലൻസ് സ്വീകരിച്ച നടപടിക്രമം വിശദമാക്കാമോ;

(ഡി) അന്വേഷണം നടക്കുന്നുണ്ടെങ്കിൽ അന്വേഷണ ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിനെതിരായി ശ്രീമതി സരിത എസ്. നായരുടെ പരാതി ലഭിച്ചതിൽ വിജിലൻസിന്റെ അന്വേഷണ പരിധിയിൽ വരുന്ന ആരോപണങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ടി പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവേസ്റ്റിഗേഷൻ യൂണിറ്റ് 1 പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) ശ്രീമതി സരിത എസ്. നായരുടെ പരാതിയിൽ പരിശോധന നടത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1 ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് എസ്. സുരേഷ് കുമാർ ആണ്.

## പട്ടാമ്പി - പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്

160(194) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ സംസ്ഥാന പാതയായ പട്ടാമ്പി-പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസെടുത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ; റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ രാഷ്ട്രീയ പാർട്ടികളിൽ നിന്നോ പരാതി ലഭിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ തീയതി സഹിതം വ്യക്തമാക്കാമോ;

(ബി) ഈ കേസന്വേഷണത്തിൽ വിജിലൻസ് ആരൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത കേസ് ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി മണ്ഡലത്തിലെ സംസ്ഥാന പാതയായ പട്ടാമ്പി പുലാമന്തോൾ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. സെയ്തലവി, മെനങ്ങൾ ഹൗസ്, ചെമ്മലശ്ശേരി പി.ഒ., പുലാമന്തോൾ, മലപ്പുറം എന്നയാളുടെ 9-6-2014-ലെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, മലപ്പുറം യൂണിറ്റ് നടത്തിയ മിന്നൽ പരിശോധനയിൽ (എസ്.സി 68/14/എം.പി.എം) കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിലാണ് വി.സി. 25/15/പി.കെ.ഡി. നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കൂടാതെ ശ്രീ. മുഹമ്മദ് മുഹസിൻ. പി. എം.എൽ.എ. പട്ടാമ്പി റോഡിന്റെ പുനർനിർമ്മാണത്തിന് തടസ്സമുണ്ടാകാതെ വിജിലൻസ് അന്വേഷണം നടത്തണമെന്ന് 1-9-2017 തീയതിയിലെ കത്ത് മുഖാന്തരം അറിയിച്ചിരുന്നു.

(ബി) ടി കേസുമായി ബന്ധപ്പെട്ട കുറ്റാരോപിതരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. പി. ഉണ്ണികൃഷ്ണൻ (റിട്ട. 30-11-2015) അസിസ്റ്റന്റ് എഞ്ചിനീയർ, റോഡ്സ് സബ് ഡിവിഷൻ, ഷൊർണ്ണൂർ.
2. ശ്രീ. ഇ. എം. വാസുദേവൻ, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ.
3. ശ്രീ. എം. വിജയകുമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെൻട്രൽ സർക്കിൾ, തൃശ്ശൂർ.
4. ശ്രീ. ടി. എം. രാഘവൻ, മുൻ തേർഡ് ഗ്രേഡ് ഓവർസീയർ, പി.ഡബ്ല്യു.ഡി. റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ.
5. ശ്രീ. അബ്ദുൾ റഹിമാൻ, S/o മുഹമ്മദ്, കുദ്രോളി മൻസിൽ, ചേർക്കല പി.ഒ. തെങ്കാല, കാസർഗോഡ്

മേൽ സൂചിപ്പിച്ചിരിക്കുന്നവർക്കെതിരെ വിചാരണ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

**അഗ്രിഫെസ്റ്റ് വിജിലൻസ് അന്വേഷണം**

161(196) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിയുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം

നടന്നതിന്റെ ഫയൽ ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഫയൽ എത്ര ദിവസമായി ടി ഉദ്യോഗസ്ഥന്റെ കൈവശം ഇരിക്കുന്നു എന്ന കാര്യം വ്യക്തമാക്കാമോ;

(സി) അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2015-ൽ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടത്തുകയും ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കുന്നതിനും കൂടാതെ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് വിശദമായ അന്വേഷണത്തിനും ചെലവുകൾ ഓഡിറ്റ് ചെയ്യണമെന്നുമുള്ള ശിപാർശയോടുകൂടി കൃഷി വകുപ്പിനും കായിക യുവജനക്ഷേമ വകുപ്പിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ശിപാർശകൾ പ്രസ്തുത വകുപ്പുകൾ പരിശോധിച്ചുവരുന്നു.

**പൊട്ടിപ്പൊളിഞ്ഞ റോഡുകളിലെ വിജിലൻസ് പരിശോധന**

162(197) <u>ശ്രീ. കെ. രാജൻ:</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സരൾ രാസ്ത എന്ന പേരിൽ പൊട്ടിപ്പൊളിഞ്ഞ റോഡുകളിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നുവോ;

(ബി) റോഡുകളുടെ അവസ്ഥ സംബന്ധിച്ചും ക്രമക്കേടുകൾ സംബന്ധിച്ചും പ്രസ്തുത ഓപ്പറേഷനിൽ കണ്ടെത്തിയ വിവരങ്ങൾ അറിയിക്കുമോ;

(സി) റെയ്ഡിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) പ്രസ്തുത ക്രമക്കേടുകളിന്മേൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓപ്പറേഷൻ സരൾ രാസ്ത എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തിയിരുന്നു.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി&ഡി) ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പോക്സോ കോടതികൾ**

163(198) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പോക്സോ (POCSO) കോടതികൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

<u>ഉത്തരം</u>

3-6-2009 ലെ എസ്.ആർ.ഒ. നമ്പർ 446/2009 (E.O.G No. 1011 dt. 6-6-2009) പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രിൻസിപ്പൽ സെഷൻസ് കോടതികളെയും 31-3-2015 ലെ എസ്.ആർ.ഒ നമ്പർ 203/2015 E.O.G No. 785/2015 dt. 7-04-2015) പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികളെയും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ഉൾപ്പെടുന്ന കേസ്സുകൾ വിചാരണ ചെയ്യുന്നതിനുള്ള കോടതികളായി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 11-7-2019-ലെ സ. ഉ (കൈ) നമ്പർ 101/2019/ആഭ്യന്തരം ഉത്തരവ് പ്രകാരം എറണാകുളത്ത് പോക്സോ ആക്ട് സെക്ഷൻ 28 അനുശാസിക്കും പ്രകാരം പ്രത്യേക കോടതി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

SUO MOTO WP (Crl) No. 1/2019 കേസ്സിന്റെ 25-7-2019-ലെ ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള പോക്സോ കേസ്സുകൾ തീർപ്പാക്കുന്നതിന് അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3-9-2019-ന് ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിയമ വകുപ്പ് സെക്രട്ടറി,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ഹൈക്കോടതി രജിസ്ട്രാർ, ഐ.ജി. (ക്രൈംസ്) എന്നിവരുടെ യോഗം വിളിച്ച് ചേർക്കുകയും സംസ്ഥാനത്തെ 14 ജില്ലകളിലും പോക്സോ ആക്ടിനുകീഴിൽ വരുന്ന കേസ്സുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതി തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി ഇക്കാര്യത്തിൽ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കാൻ സാമൂഹ്യനീതി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാഹനാപകട നഷ്ടപരിഹാര കോടതി

164(199) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം കോടതികൾ സ്ഥാപിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതിയ വാഹനാപകട നഷ്ടപരിഹാര കോടതികൾ (MACT കോടതികൾ) അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 17-4-2012-ലെ സ.ഉ.(സാധാ)നമ്പർ 1159/ആഭ്യന്തരം ഉത്തരവ് അനുസരിച്ചുള്ള മുൻഗണന പട്ടിക പ്രകാരം നാളിതുവരെയായി എത്ര കോടതികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ വാഹനാപകട നഷ്ടപരിഹാര കോടതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥാപിച്ച കോടതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) തലശ്ശേരി ജുഡീഷ്യൽ ഡിസ്ട്രിക്ട് തളിപ്പറമ്പ് MACT കോടതി അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മുൻഗണന പട്ടികയിൽ 3-ാമത് ആയി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് MACT ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഒരു നിർദ്ദേശം സർക്കാരിൽ ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പയ്യന്നൂർ കോടതി സമുച്ചയം

165(200) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണ ടെണ്ടർ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണത്തിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. 14-11-2019-ന് ടെണ്ടർ തുറക്കുന്നതാണ്.

## ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്

166(201) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കി കോർട്ട് കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 5-8-2017 ലെ സ. ഉ.(സാധാ) നമ്പർ 2080/2017/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ചാലക്കുടി കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി 10 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു.

കോടതി സമുച്ചയത്തിന്റെ രൂപരേഖ മാറ്റം വരുത്തലിന് വിധേയമായി ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. കോടതി സമുച്ചയം നിർമ്മിക്കുവാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചതിനുശേഷമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷനുകൾ

167(202) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിനുശേഷം നവ കേരള സൃഷ്ടിയുടെ ഭാഗമായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷനുകൾ നിലവിലില്ലാത്ത നിയോജകമണ്ഡലങ്ങൾ ഉണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-ലെ പ്രളയത്തിനുശേഷം നവകേരള സൃഷ്ടിയുടെ ഭാഗമായി ദുരന്തമുഖങ്ങളിലെ അടിയന്തര രക്ഷാപ്രവർത്തനത്തിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന വ്യാപകമായി സിവിൽ ഡിഫൻസ് രൂപീകരിച്ചു. നവകേരളം സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള തസ്തികകളും infrastructure-ഉം ഉപയോഗപ്പെടുത്തി ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ പ്രത്യേകം പരിശീലനം ലഭിച്ച അംഗങ്ങളുള്ള സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഫോർട്ട് കൊച്ചി ആസ്ഥാനമാക്കി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രം ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമപ്രദേശങ്ങളിൽ 20 മിനിട്ടും പട്ടണ പ്രദേശങ്ങളിൽ 5 മിനിട്ടും) പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നിസുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നിവ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് മാനദണ്ഡമാക്കേണ്ടതുണ്ട്. പുതിയ അഗ്നിരക്ഷാ നിലയം തുടങ്ങുന്നതിന് ആവശ്യമായ സ്ഥലത്ത് വകുപ്പ് രൂപകൽപ്പന ചെയ്ത രീതിയിലുള്ള കെട്ടിടം വാഹനങ്ങൾക്ക് സുഗമമായി കടന്നുപോകുന്നതിനും പാർക്ക് ചെയ്യുന്നതിനുമുള്ള സ്ഥലസൗകര്യം, ജലലഭ്യത മുതലായ മാനദണ്ഡങ്ങൾ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സ്ഥലത്ത് അത്യാവശ്യമാണ്.

(ഡി & ഇ) ഉണ്ട്.

നേമം, വട്ടിയൂർക്കാവ്, ചിറയിൻകീഴ്, ഇരവിപുരം, ആലപ്പുഴ, ഏറ്റുമാനൂർ, നെന്മാറ, തൃത്താല, ഒറ്റപ്പാലം, പട്ടാമ്പി, കോങ്ങാട്, ഏറനാട്, വള്ളിക്കുന്ന്, തിരൂരങ്ങാടി, താനൂർ, കൊണ്ടോട്ടി, കോട്ടയ്ക്കൽ, തവനൂർ, വേങ്ങര, മങ്കട, ചേലക്കര, മണലൂർ, ഒല്ലൂർ, കയ്പമംഗലം, കുറ്റ്യാടി, ബാലുശ്ശേരി, ഏലത്തൂർ, ബേപ്പൂർ, കുന്ദമംഗലം, ധർമ്മടം, അഴീക്കോട്, കല്ല്യാശ്ശേരി എന്നീ നിയോജകമണ്ഡലങ്ങളിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ നിലവിലില്ല.

## ഫയർ ആന്റ് റെസ്ക്യൂ സംവിധാനങ്ങൾ

168(203) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബഹുനില കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും തീപിടിത്തമുണ്ടായാൽ അവ നേരിടുന്നതിനാവശ്യമായ സംവിധാനങ്ങൾ ഫയർ ഫോഴ്സിന്റെ കൈവശമില്ലെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ)

1. ഏകദേശം 215 കോടി രൂപ അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി അനുവദിച്ചു.
2. ഔട്ട് ബോർഡ് എഞ്ചിൻ അടക്കമുള്ള റബ്ബർ ബോട്ടുകൾ, സ്കൂബാ സെറ്റുകൾ, ഡൈവിംഗ് സ്യൂട്ടുകൾ, ബ്രീത്തിംഗ് അപ്പാരറ്റസുകൾ, എയർ കംപ്രസ്സറുകൾ, മിനി വാട്ടർ മിസ്റ്റ് ടെണ്ടറുകൾ, സ്കൂബാ വാനുകൾ, എമർജൻസി ടെണ്ടർ, ഫോം ടെണ്ടർ, മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ ഫോർ എമർജൻസി റെസ്പോൺസ്, ന്യൂമാറ്റിക് ലിഫ്റ്റിംഗ് ബാഗ്, ഫയർ ഫൈറ്റിംഗ് സ്യൂട്ട്, ആംബുലൻസ് എന്നിവ ലഭ്യമാക്കി വകുപ്പിലെ ജീവനക്കാർക്ക് യൂണിഫോം സാമഗ്രികൾ അനുവദിച്ചു.
3. കൊയിലാണ്ടി, അരൂർ, നാട്ടിക എന്നിവിടങ്ങളിൽ പുതുതായി 3 ഫയർ സ്റ്റേഷനുകൾ അനുവദിച്ചു.
4. ഏലൂർ (എറണാകുളം) മുക്കം (കോഴിക്കോട്), കണ്ണൂർ, നോർത്ത് പറവൂർ (എറണാകുളം) എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു.
5. അടിയന്തര ഘട്ടങ്ങളിൽ വേഗത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സിവിൽ ഡിഫൻസ് സംവിധാനം കേരളത്തിൽ ആരംഭിച്ചു.
6. 100 ഫയർ വുമൺ തസ്തിക സൃഷ്ടിച്ചു.

(ബി) ബഹുനില കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും തീപിടുത്തമുണ്ടായാൽ അവ നേരിടുന്നതിനാവശ്യമായ ആധുനിക ഉപകരണമായ ടേൺ ടേബിൾ ലാഡർ (TTL) 2 എണ്ണം എസ്.ടി.സി. മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫയർ ഫോഴ്സിൽ ഫയർവുമൺ തസ്തിക

169(204) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഫയർ ഫോഴ്സിൽ ഫയർവുമൺ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചത്; നിയമനപ്രക്രിയ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 100 തസ്തികകൾ. നിയമനം നടത്തുന്നതിനായി എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഫയർമാൻ തസ്തികയിലെ ഒഴിവുകൾ

170(205) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ ഫയർമാൻ തസ്തികയിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് നിയമനം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫയർമാൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്നും ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 287 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 166 ഒഴിവുകളാണുള്ളത്. ആയതിൽ 154 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 12 ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം**

171(206) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇറിഗേഷൻ (മെക്കാനിക്കൽ) വകുപ്പ് വക സ്ഥലത്ത് ഫയർഫോഴ്സിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്നതിന് അനുമതിക്കായി നടപടികൾ സ്വീകരിക്കുമോ;

(സി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി സ്റ്റേഷൻ നിർമ്മാണത്തിനായി ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 724-ൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 22 സെന്റ് സ്ഥലം കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി റിക്വിസിഷൻ ഫോം മേലൊപ്പ് രേഖപ്പെടുത്തി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് PWD (മെക്കാനിക്കൽ സബ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഓഫീസുകൾ നിലകൊള്ളുന്നു. ടി വകുപ്പിൽനിന്ന് സമ്മതപത്രം ലഭ്യമാക്കുന്നതിന് ജലവിഭവ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) സ്ഥലം വകുപ്പിന് ലഭ്യമാക്കി കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ആയത് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കാട്ടാക്കട ഫയർ സ്റ്റേഷൻ നിർമ്മാണം**

172(207) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശോച്യാവസ്ഥയിലായ കാട്ടാക്കട ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പ്രസ്തുത നിർമ്മാണം അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**പരവൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

173(208) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷത്തിൽത്തന്നെ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ കഴിയുമോയെന്നും ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 3 കോടി രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ അനുമതിക്കായി അയച്ചിരുന്നു. നടപ്പുവർഷം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിരുന്ന 5 കോടി രൂപയിൽ നിന്നും ടി പ്രവൃത്തിക്കുള്ള 3 കോടി രൂപ കിഴിച്ചുള്ള ബാക്കി 2 കോടി രൂപയിൽ പരിമിതപ്പെടുത്തി മാത്രമേ പ്ലാൻ റൈറ്റപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റു പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കാവൂ എന്ന വ്യവസ്ഥയിൽ ധനകാര്യ വകുപ്പ് പ്രസ്തുത ശിപാർശ അംഗീകരിക്കുകയുണ്ടായി. എന്നാൽ മേൽപ്പറഞ്ഞ 5 കോടി രൂപയിൽ നിന്നും മറ്റു പ്രവൃത്തികൾക്ക് 3,40,30,000 രൂപയ്ക്ക് നേരത്തേതന്നെ ഭരണാനുമതി നൽകപ്പെട്ട സാഹചര്യത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച നിബന്ധന ഇക്കാര്യത്തിൽ പാലിക്കാൻ സാധിക്കുകയില്ല എന്നതിനാൽ ഇക്കാര്യത്തിൽ വീണ്ടും ധനവകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്.

**വളാഞ്ചേരി ഫയർ സ്റ്റേഷൻ**

174(209) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റും മറ്റ് വിവരങ്ങളും ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് മേധാവി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് വകുപ്പിൽ ലഭ്യമാണോ; ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ഫണ്ട് ആവശ്യപ്പെട്ട് വകുപ്പ് മേധാവി കത്ത് നൽകിയിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി വകുപ്പിന്റെ പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ;

(ഇ) ഇത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി-ഇ) വളാഞ്ചേരി ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിന് നടപ്പു സാമ്പത്തിക വർഷത്തിൽ ഫണ്ട് വകയിരുത്തിയിട്ടില്ല. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി വകുപ്പ് മേധാവി 3 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിക്കായി പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ നടപ്പുവർഷത്തെ Plan Write up-ൽ വളാഞ്ചേരി ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ശിപാർശ ഈ സാമ്പത്തിക വർഷം പരിഗണിക്കാൻ സാധിക്കുകയില്ലെന്ന വിവരം വകുപ്പുമേധാവിയെ അറിയിച്ചിട്ടുണ്ട്.

## വൈപ്പിൻ അഗ്നിരക്ഷാ കേന്ദ്രം

175(210) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ അഗ്നിരക്ഷാ കേന്ദ്രം നിലവിൽ പ്രവർത്തിച്ചു വരുന്ന കെട്ടിടവും സ്ഥലവും വകുപ്പിന്റെ അധീനതയിലാണോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വകുപ്പിന്റെ അധീനതയിലല്ല.

(ബി) വൈപ്പിൻ നിലയത്തിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എളങ്കുന്നപ്പുഴ പഞ്ചായത്തിലെ റീ-സർവ്വേ നമ്പർ 412/6 ൽ ഉൾപ്പെട്ട 7.10 ആർ സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

## പെരിങ്ങോം ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

176(211) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 15 വർഷമായി പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന പെരിങ്ങോം ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഫയർ &റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമമാണത്തിനായി പെരിങ്ങോം വില്ലേജിൽ റീ-സർവ്വേ നം. 51-ൽപ്പെടുന്ന 60.70 ആർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് വകുപ്പിന് കൈമാറാൻ ഉത്തരവായിരുന്നു. പ്രസ്തുത സ്ഥലത്ത് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി ലഭ്യമാക്കിയ 3.74 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തുക, ഒരു ഫയർ സ്റ്റേഷൻ കെട്ടിടത്തെ സംബന്ധിച്ച് ഉയർന്ന തുക ആയതിനാൽ ഫയർ സ്റ്റേഷനുവേണ്ട അത്യാവശ്യം ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി കോസ്റ്റ് ഇഫക്ടീവായ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യത ഉറപ്പാക്കി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി വകുപ്പ് മേധാവി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

(സി) പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

## ആലത്തൂരിലെ ഫയർ സ്റ്റേഷൻ

177(212) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിലെ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഫയർസ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം 1 വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീ. സർവ്വേ നമ്പർ 672/6-ൽ ഉൾപ്പെട്ട 50 സെന്റ് ഭൂമി അഗ്നിരക്ഷാ വകുപ്പിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഭൂമി വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) മേൽ പരാമർശിച്ചിട്ടുള്ള സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി മാത്രമേ നിർമ്മാണ പ്രവർത്തനം നടത്തുവാൻ സാധിക്കുകയുള്ളൂ.

**നേര്യമംഗലത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

178(213) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നതിനുവേണ്ട മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത മുൻഗണനാപ്പട്ടികയിൽ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) നേര്യമംഗലത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) ഭൂമിശാസ്ത്രപരമായ പരിഗണനയും മറ്റ് നിലയങ്ങളിൽ നിന്നും വളരെ ദൂരത്ത് സ്ഥിതി ചെയ്യുന്നതുമായ നേര്യമംഗലം കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതു സംബന്ധിച്ച് വകുപ്പ് മേധാവി ലഭ്യമാക്കിയ മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്. ആയതിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കോഴഞ്ചേരിയിലോ ആറൻമുളയിലോ ഫയർ സ്റ്റേഷൻ

179(214) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വള്ളംകളി, വള്ളസദ്യ, ശബരിമല, മാരാമൺ കൺവെൻഷൻ, ചെറുകോൽപുഴ കൺവെൻഷൻ എന്നിവയുടെ പശ്ചാത്തലത്തിൽ കോഴഞ്ചേരിയിലോ ആറന്മുളയിലോ ഫയർ സ്റ്റേഷൻ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അത്ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യു സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പുമേധാവി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള മുൻഗണനാ പട്ടികയിൽ ആറൻമുളയും കോഴഞ്ചേരിയും ഉൾപ്പെട്ടിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കരുനാഗപ്പള്ളി അഗ്നിരക്ഷാനിലയം

180(215) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി അഗ്നിരക്ഷാ നിലയത്തിനു വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സ്ഥലത്ത് അഗ്നിരക്ഷാനിലയത്തിന്റെ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ ;

(സി) ഇവിടെ കെട്ടിട നിർമ്മാണം നടത്തുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്കിൽ കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ നമ്പർ 439/12 ൽ ഉൾപ്പെട്ട 8.09 ആർ സ്ഥലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ഉപയോഗാനുമതി നൽകി ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്.

(ബി&സി) കരുനാഗപ്പള്ളി അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പുമേധാവി ലഭ്യമാക്കിയ 3,70,40,000 രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സർക്കാർ പരിശോധിച്ചു. പ്രസ്തുത കെട്ടിട നിർമ്മാണത്തിന് നടപ്പുസാമ്പത്തിക വർഷത്തിൽ മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ ഭരണാനുമതി നൽകുവാൻ സാധിക്കില്ല.

**ചാത്തന്നൂരിൽ പുതിയ ഫയർ സ്റ്റേഷൻ**

181(216) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് തയാറാക്കിയിട്ടുള്ള പട്ടികയിൽ ചാത്തന്നൂർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെന്റ് സ്ഥലം ചാത്തന്നൂർ ഫയർ സ്റ്റേഷന് വേണ്ടി വിട്ടുനൽകാൻ കഴിയില്ലെന്ന കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം പുനഃപരിശോധിച്ച് പ്രസ്തുത സ്ഥലം ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് കൈമാറുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 16-1-2019-ൽ ജനപ്രതിനിധി നൽകിയ നിവേദനം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉൾപ്പെട്ടിട്ടില്ല.

(ബി) 16-1-2019-ലെ ജനപ്രതിനിധി നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ പരവൂർ ഫയർ സ്റ്റേഷൻ പ്രസ്തുത സ്ഥലത്തുനിന്നും 8 കി.മീ. ദൂരത്താണ് സ്ഥിതി ചെയ്യുന്നതെന്ന് ബോധ്യപ്പെടുകയുണ്ടായി. ചാത്തന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലത്തിനടുത്തായി പരവൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ ചാത്തന്നൂരിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ ആവശ്യകതയുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

**ജയിലിലെ ഉൽപ്പന്നങ്ങൾ**

182(217) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലിൽ 'എൽ.ഇ.ഡി.' ബൾബ് നിർമ്മിക്കുന്ന പദ്ധതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ജയിലിലെന്നും ഇതിന്റെ വിപണനം എങ്ങനെയെന്നും വിശദമാക്കാമോ;

(ബി) പ്രളയ കാലത്ത് ജയിലിൽ നിന്നും ഉണ്ടാക്കുന്ന ഭക്ഷണസാധനങ്ങൾ ദുരിതബാധിതർക്ക് വിതരണം ചെയ്തിരുന്നോ; എവിടെയൊക്കെയാണ് ഇപ്രകാരം വിതരണം ചെയ്തതെന്ന് വെളിപ്പെടുത്താമോ;

(സി) ജയിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഔട്ട്ലെറ്റുകൾ വഴി കുപ്പിവെള്ളം വിതരണം ചെയ്യുന്നുണ്ടോ; എത്ര രൂപയ്ക്കാണ് കുപ്പിവെള്ളം വിതരണം ചെയ്യുന്നത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ സബ് ജയിൽ, തിരുവനന്തപുരം ജില്ലാ ജയിൽ എന്നിവിടങ്ങളിൽ എൽ.ഇ.ഡി. ബൾബ് നിർമ്മിക്കുന്നതിന് അന്തേവാസികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഇവ നിർമ്മിക്കുന്നതിനാവശ്യമായ 6000 രൂപയുടെ മെഷീനുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ, വിയ്യൂർ വനിതാ ജയിൽ എന്നിവിടങ്ങളിൽ നിർമ്മാണ പരിശീലനം തുടങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലാ ജയിലിൽ 20 അന്തേവാസികൾക്ക് പരിശീലനം നൽകിവരുന്നു. എറണാകുളം ജില്ലാ ജയിലിൽ 5 അന്തേവാസികൾക്ക് പരിശീലനം ലഭിക്കുകയും 500 എൽ.ഇ.ഡി. ബൾബുകൾ (9 വാട്ട്) നിർമ്മിക്കുകയും ഇവ ഭക്ഷ്യ വിതരണ കൗണ്ടർ മുഖേന വിൽപ്പന നടത്തിവരികയും ചെയ്യുന്നു. ഒരു വർഷം വാറണ്ടിയുള്ള ബൾബുകൾ 80 രൂപയ്ക്കും 2 വർഷം വാറണ്ടിയുള്ള ബൾബുകൾ 100 രൂപയ്ക്കുമാണ് വിൽപ്പന നടത്തിവരുന്നത്.

മാനന്തവാടി ജില്ലാ ജയിലിൽ എൽ.ഇ.ഡി. ബൾബ് നിർമ്മാണ പദ്ധതി അനുവദിച്ചിട്ടില്ലെങ്കിലും തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി എൽ.ഇ.ഡി. ബൾബ് നിർമ്മിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം സെൻട്രൽ ജയിലിന്റെ നേതൃത്വത്തിൽ 2018-19 വർഷങ്ങളിലെ പ്രളയ കാലത്ത് തിരുവനന്തപുരം താലൂക്ക് ഓഫീസ്, തിരുവനന്തപുരം എസ്.എം.വി. സ്കൂൾ, ആലപ്പുഴ ജില്ലാ കളക്ടറേറ്റ് എന്നീ സ്ഥാപനങ്ങളിലൂടെ 104250 ചപ്പാത്തി, 9138 പാക്കറ്റ് വെജിറ്റബിൾ കറി, 312 പാക്കറ്റ് ചിക്കൻ കറി, 72 കിലോ ഗ്രാം ജാം, 2000 ലിറ്റർ കുടിവെള്ളം 275 പാക്കറ്റ് ചിക്കൻ ബിരിയാണി എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലാ ജയിലിന്റെ നേതൃത്വത്തിൽ ആലപ്പുഴ റ്റി.ഡി.എച്ച്.എസ്. സ്കൂൾ പുന്നമട ഫിനിഷിംഗ് പോയിന്റ്, ആലപ്പുഴ എസ്.ഡി.വി. എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ ഭക്ഷണം വിതരണം ചെയ്തിട്ടുണ്ട്. തലശ്ശേരി സ്പെഷ്യൽ സബ് ജയിലിന്റെ ആഭിമുഖ്യത്തിൽ ഉച്ചഭക്ഷണം തയ്യാറാക്കുകയും കണ്ണൂർ സെൻട്രൽ

ജയിലിൽ നിർമ്മിച്ച ചപ്പാത്തി, കറി എന്നിവ തലശ്ശേരി കീർത്തി ഹോസ്പിറ്റൽ, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തു. മാവേലിക്കര സ്പെഷ്യൽ സബ് ജയിലിന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ എണ്ണക്കാട് വില്ലേജ്, ബുധന്നൂർ എന്നിവിടങ്ങളിലെ ക്യാമ്പുകളിൽ ഭക്ഷണ വിതരണം നടത്തി. തിരുവനന്തപുരം വനിതാ ജയിലിൽ ഉൽപ്പാദിപ്പിക്കുന്ന ഇഡ്ഡലി, സാമ്പാർ, അവലോസ് പൊടി, ചമ്മന്തിപ്പൊടി എന്നിവ 2018-ൽ തിരുവനന്തപുരം താലൂക്ക് ഓഫീസിൽ എത്തിച്ച് 6 ദിവസം വിതരണം ചെയ്തിട്ടുണ്ട്. വിയ്യൂർ സെൻട്രൽ ജയിലിന്റെ ആഭിമുഖ്യത്തിൽ ചപ്പാത്തിയും ഇഡ്ഡലിയും കറികളും ഉൾപ്പെടെ ഭക്ഷണ സാധനങ്ങൾ പരിസരത്തുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ച് നൽകിയിട്ടുണ്ട്. ഹോസ്ദുർഗ്ഗ് ജില്ലാ ജയിലിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞങ്ങാട് ദുരിതാശ്വാസ ക്യാമ്പിൽ 1 ദിവസം രാത്രി ഭക്ഷണം നൽകി. പാലക്കാട് ജില്ലാ ജയിലിന്റെ ആഭിമുഖ്യത്തിൽ മലമ്പുഴ പഞ്ചായത്തിലെ ആനക്കൽ ദുരിതാശ്വാസ ക്യാമ്പിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തു. ചീമേനി തുറന്ന ജയിലിന്റെ ആഭിമുഖ്യത്തിൽ തൃക്കരിപ്പൂർ വില്ലേജ് ഓഫീസ്, കരിന്തളം ഗ്രാമപഞ്ചായത്ത്, പയ്യന്നൂർ താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലെ ക്യാമ്പുകളിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിയ്യൂർ വനിതാ ജയിൽ മുഖേന തൃശ്ശൂർ കളക്ടറേറ്റ് ഓഫീസിൽ ഭക്ഷ്യ സാധനങ്ങൾ എത്തിച്ചു. വൈത്തിരി സ്പെഷ്യൽ സബ് ജയിലിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ പുത്തുമലയിലും വൈത്തിരിയിലുമായി ഭക്ഷണ സാധനങ്ങൾ എത്തിച്ചു. തിരുവനന്തപുരം വനിതാ തുറന്ന ജയിൽ മുഖേന ഭക്ഷണ സാധനങ്ങൾ തിരുവനന്തപുരം താലൂക്ക് ഓഫീസുവഴി വിതരണം ചെയ്തു. കണ്ണൂർ സെൻട്രൽ ജയിലിൽ തയ്യാറാക്കിയ ചപ്പാത്തി, വെജിറ്റബിൾ കറി, കുപ്പിവെള്ളം എന്നിവ ജയിലിന് സമീപത്തുള്ള ക്യാമ്പുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലാ ജയിലിൽനിന്നും ആലപ്പുഴ, കിഴക്കേ കല്ലട, കിളികൊല്ലൂർ, ആദിച്ചനെല്ലൂർ, വടക്കേവിളി, മയ്യനാട് തുടങ്ങിയ ക്യാമ്പുകളിൽ ചപ്പാത്തി, വെജിറ്റബിൾ കറി എന്നിവ വിതരണം ചെയ്തു. കോഴിക്കോട് ജില്ലാ ജയിലിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് അച്യുതൻസ് ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, കോഴിക്കോട് വെള്ളയിൽ അങ്കണവാടി, പുതിയങ്ങാടി ഗേൾസ് എൽ.പി. സ്കൂൾ, പറയഞ്ചേരി ഹയർ സെക്കന്ററി സ്കൂൾ, ആവള യു.പി. സ്കൂൾ, പാവങ്ങാട് ബി.ഇ.എം. സ്കൂൾ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ 8165 ചപ്പാത്തി, 983 കറി, 180 കുപ്പിവെള്ളം എന്നിവ വിതരണം ചെയ്തു. എറണാകുളം ജില്ലാ ജയിലിന്റെ ആഭിമുഖ്യത്തിൽ ഇടപ്പള്ളി വില്ലേജ് ഓഫീസ്, ഏലൂർ വില്ലേജ് ഓഫീസ് എന്നിവിടങ്ങളിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തു. പീരുമേട് സബ് ജയിലിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യ വസ്തുക്കൾ പീരുമേട് തഹസിൽദാർ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

മാനന്തവാടി ജില്ലാ ജയിലിൽനിന്നും ചപ്പാത്തി, കറി എന്നിവ സമീപ പ്രദേശത്തുള്ള സ്കൂളുകൾ, കമ്മ്യൂണിറ്റിഹാൾ, ബഥനി ആശ്രമം, എടത്തന മദ്രസ, ശാന്തിഗിരി ചർച്ച്, അങ്കണവാടി എന്നിവിടങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 1 ലിറ്റർ കുപ്പിവെള്ളത്തിന് 10 രൂപ എന്ന നിരക്കിൽ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്തുവരുന്നു.

**ജയിലുകളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി**

183(218) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളിലെ സുരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിയ്യൂർ സെൻട്രൽ ജയിലിൽ ജയിൽ മ്യൂസിയം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ജയിലുകൾ കുറ്റവാളികളെ പാർപ്പിക്കുന്ന സ്ഥലം എന്നതിന് പകരം കുറ്റം ചെയ്തവരെ തെറ്റുകൾ തിരുത്തി നല്ല മനുഷ്യരായി മാറ്റുന്ന തരത്തിൽ മനഃപരിവർത്തനം ഉണ്ടാകുന്ന ഒരു ഇടമായി തീർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജയിലുകളിലെ സുരക്ഷാ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചുറ്റുമതിലുകളുടെ ഉയരം വർദ്ധിപ്പിക്കുക, കോൺക്രീറ്റ് മതിൽ നിർമ്മാണം, ഇലക്ട്രിക് വയർ ഫെൻസിംഗ്, സി.സി.ടി.വി. സംവിധാനം എന്നിവ സ്ഥാപിച്ചിട്ടുണ്ട്. തടവുകാരുടെ വിചാരണ നടത്തുന്നതിനായി കോടതികളെയും ജയിലുകളെയും ബന്ധിപ്പിച്ചുകൊണ്ട് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏറെക്കുറെ സജ്ജമായി കഴിഞ്ഞു. ജയിലുകളിൽ ടെട്രാ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിച്ചുവരുന്നു. കൂടാതെ സുരക്ഷാ യന്ത്ര സംവിധാനമായ X-ray Baggage Inspection System, Door Frame Multi purpose Metal Detector, Non-Linear Junction Detector, Security Pole for Cell Phone and ferrous Metal Detection System എന്നിവ സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ജയിൽ വകുപ്പിൽ അടിയന്തര പ്രാധാന്യമുള്ള മറ്റ് പദ്ധതികൾ നടപ്പിലാക്കാനുള്ളതിനാൽ നിലവിൽ ജയിൽ മ്യൂസിയം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) തടവുകാർക്ക് സഞ്ചാര സ്വാതന്ത്ര്യം ഒഴികെയുള്ള എല്ലാ മനുഷ്യാവകാശങ്ങളും ഉണ്ടെന്നതാണ് സർക്കാർ കാഴ്ചപ്പാട്. ആയതിനാൽ തടവുകാരെ അവരുടെ ശിക്ഷാ കാലത്തിനുശേഷം സമൂഹത്തിന് സംഭാവനകൾ നൽകുന്ന ഉത്തമ പൗരന്മാരായി മാറ്റാൻ ഉതകുന്ന തരത്തിൽ തൊഴിൽ പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നു. കാർപ്പന്ററി, വീവിംഗ്, ടെയിലറിംഗ്, മേസ്തിരിപ്പണി, അഗ്രികൾച്ചറൽ ഫാമിംഗ്, റബ്ബർ ടാപ്പിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, സോപ്പ് നിർമ്മാണം, ചപ്പാത്തി നിർമ്മാണം, കുട നിർമ്മാണം, ഡ്രൈവിംഗ് പരിശീലനം, ഹെയർ ഡ്രെസിംഗ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയ തൊഴിൽ പരിശീലനം നടപ്പാക്കി വരുന്നു.

തൊഴിൽ പരിശീലന പരിപാടികൾ കൂടാതെ തടവുകാരുടെ സാന്മാർഗിക ബോധം ഉയർത്തുന്നതിനായി വിവിധ സന്നദ്ധത സംഘടനകളുടെ സഹായത്തോടെ കൗൺസിലിംഗ്, വിവിധ വിനോദ മത്സരങ്ങൾ എന്നിവ നിരന്തരം ജയിലുകളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ തടവുകാരുടെ കൗൺസിലിംഗ് ലക്ഷ്യമാക്കി വെൽഫയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. നിരക്ഷരരായ തടവുകാർക്കായി സാക്ഷരതാ ക്ലാസ്സുകൾ, അടിസ്ഥാന യോഗ്യത ഉള്ളവർക്കായി ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരം എന്നിവ ജയിലുകളിൽ ഉണ്ട്. പ്രമുഖ ജയിൽ സ്ഥാപനങ്ങളിൽ IGNOU സ്റ്റഡി സെന്ററുകൾ ഉണ്ട്. സാക്ഷരതാ മിഷൻ സഹായത്തോടെ തുല്യതാ പരിക്ഷ, കമ്പ്യൂട്ടർ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും മെച്ചപ്പെട്ട ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ട്. വർത്തമാനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ ജയിലുകളിലും ലഭ്യമാണ്. ജയിലുകളിൽ ടി.വി., എഫ്.എം. റേഡിയോ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വർഷവും ജയിൽ ദിനാഘോഷം സംഘടിപ്പിച്ച് ജയിൽ അന്തേവാസികളുടെ കലാ കായിക രംഗത്തെ കഴിവുകൾ പ്രകടമാക്കുന്നതിനുള്ള അവസരവും നൽകിയിട്ടുണ്ട്. കൂടാതെ നിയമാനുസൃത ശിക്ഷാ ഇളവുകളും പരോളുകളും നൽകി വരുന്നതും തടവുകാരുടെ സാന്മാർഗീകരണം പ്രക്രിയയിലെ പ്രധാനപ്പെട്ട കാര്യമാണ്.

## വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ വികസനം

184(219) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഴൂർ ഗവൺമെന്റ് പ്രസ്സിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഈ പ്രസ്സിന് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ സ്ഥാപിച്ചിട്ടുള്ള ആധുനികയന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇവിടെ നിലവിലുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അച്ചടി വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി കിഫ്ബി മുഖാന്തരം ലഭ്യമാക്കുന്ന നൂറുകോടി രൂപയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി മെസേഴ്സ് വാപ്കോസിനെ 7-3-2019-ലെ സ.ഉ (സാധാ) 371/2019/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 17-9-2019-ലെ സ.ഉ (സാധാ) 1665/19/ഉ.വി.വ. പ്രകാരം ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ എല്ലാ വർഷവും പദ്ധതി വിഹിതത്തിൽ സർക്കാർ പ്രസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി യന്ത്രങ്ങൾ വാങ്ങുന്നതിനും കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും തുക വകയിരുത്താറുണ്ട്. 2019-20 വർഷത്തിൽ വിവിധ ഗവൺമെന്റ് പ്രസ്സുകളിൽ യന്ത്രങ്ങൾ വാങ്ങുന്നതിന് ഏഴ് കോടി രൂപയും പുനരുദ്ധാരണത്തിന് മൂന്ന് കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) വാഴൂർ ജില്ലാ ഫോറം സ്റ്റോറിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വാഴൂർ ഗവൺമെന്റ് പ്രസ്സിലെ ആധുനിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ടി പ്രസ്സിൽ നിലവിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നില്ല.

## മണ്ണന്തല പ്രസ്സിൽ ഇലക്ട്രിക്കൽ ജീവനക്കാർ

185(220) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണന്തല സർക്കാർ പ്രസ്സിൽ ഹൈടെൻഷൻ വിഭാഗത്തിലുള്ള വൈദ്യുതീകരണ സംവിധാനമാണോ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രസ്സിൽ ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ടിലുള്ള പ്രകാരം സുരക്ഷാ സംബന്ധമായ യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കുവാൻ സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിർദ്ദേശപ്രകാരമുള്ള ജീവനക്കാരെ മണ്ണന്തല പ്രസ്സിൽ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അതെ.

(ബി&സി) Central Electricity Authority (Measures relating Safely and Electricity Supply) Regulation 2010-ൽ Regulation (3) പ്രകാരമാണ് ഇലക്ട്രിക് വർക്ക് ചെയ്യുന്നതിനുള്ള ജീവനക്കാരുടെ യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ളത്. Regulation (3)-ൽ Sub (3) (1)-ൽ മേൽ ജീവനക്കാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നൽകുന്ന കോമ്പിറ്റൻസി സർട്ടിഫിക്കറ്റോ ഇലക്ട്രിക്കൽ വർക്ക് പെർമിറ്റോ ഉള്ള ആളായിരിക്കണമെന്ന ശിപാർശയാണ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും നൽകിയിട്ടുള്ളത്.

അച്ചടി വകുപ്പിലെ നിലവിലെ ഇലക്ട്രിക്കൽ വിഭാഗം ജീവനക്കാർ കോമ്പിറ്റൻസി സർട്ടിഫിക്കറ്റ് ഉള്ളവരാണ്.

**ജല മെട്രോ പദ്ധതി**

186(221) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല മെട്രോ പദ്ധതിക്കുള്ള പാരിസ്ഥിതികാനുമതി ലഭ്യമായ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2020 നവംബർ 1-ന് ആദ്യ സർവ്വീസ് തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വകാര്യ വ്യക്തികളുടെ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കേണ്ടതായിട്ടുണ്ട്. പൊന്നുംവില നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## കനോലി കനാൽ നവീകരണം

187(222) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് കനോലി കനാൽ നവീകരിച്ച് ജല-ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഉൾനാടൻ ജലപാതയുടെ ഭാഗമായ 11.20 കി. മീ. നീളം വരുന്ന കോഴിക്കോട് കനോലി കനാൽ മാലിന്യം നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ട നിലയിലായിരുന്നത് 2018-ൽ ജില്ലാ ഭരണ കേന്ദ്രത്തിന്റെയും കോഴിക്കോട് കോർപ്പറേഷന്റെയും നേതൃത്വത്തിൽ സന്നദ്ധ സംഘടനയായ നിറവ് വേങ്ങേരിയോടൊപ്പം ജനകീയ കൂട്ടായ്മയിലൂടെ നടത്തിയ ശുചീകരണ പ്രവർത്തനത്തിലൂടെ ഒരു പരിധി വരെ മാലിന്യമുക്തമാക്കാൻ സാധിച്ചു. ഇതിന്റെ തുടർച്ചയായി സിയാലിന്റെ നേതൃത്വത്തിൽ 46 ലക്ഷം രൂപ ചെലവിൽ കനാൽ പൂർണ്ണമായി മാലിന്യമുക്തമാക്കുന്നതിനും നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ ഇപ്പോൾ നടന്നുവരികയുമാണ്.

## വേങ്ങോളി പാലം നിർമ്മാണം

188(223) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം, വടകര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വേങ്ങോളി പാലം നിർമ്മാണത്തിന് നാളിതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം വൈകുന്നതിന്റെ കാരണവും എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നാദാപുരം-വടകര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന വേങ്ങോളി പാലത്തിന് 22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാലം അടിയന്തരമായി പൂർത്തിയാക്കാൻ ഡിസൈൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പാലം നിർമ്മാണത്തിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ബി) പാലത്തിന്റെ ഡിസൈൻ ലഭ്യമാകാത്തതു കാരണമാണ് നിർമ്മാണം വൈകുന്നത്. ആയത് ലഭിക്കുന്ന മുറയ്ക്ക് പാലം നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കളിയാമ്പള്ളി പാലം നിർമ്മാണം

189(224) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ നിർമ്മാണ പുരോഗതിയിൽ ഉള്ള മുട്ടുങ്ങൾ-നാദാപുരം റോഡിലെ ഇൻലാൻഡ് നാവിഗേഷൻ ജലപാത കടന്നുപോകുന്ന എടച്ചേരി കളിയാമ്പള്ളിയിലെ ഇടുങ്ങിയതും കാലപ്പഴക്കം ചെന്നതുമായ കളിയാമ്പള്ളി പാലം പുതുക്കി പണിയുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ നാളിതുവരെ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിൽ നിർമ്മാണ പുരോഗതിയിലുള്ള മുട്ടുങ്ങൾ-നാദാപുരം റോഡിലെ ഇൻലാന്റ് നാവിഗേഷൻ ജലപാത കടന്നുപോകുന്ന എടച്ചേരി കളിയാമ്പള്ളിയിലെ നിലവിലുള്ള പാലം വടകര-മാഹി കനാലിന്റെ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിൽ പുതുക്കിപ്പണിയുന്നത് പരിഗണനയിലുണ്ട്.

(ബി) ഫൗണ്ടേഷൻ നിർമ്മാണത്തിന് ആവശ്യമായ മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കാൻ നടപടി നടന്നു വരുന്നു.

## കണ്ണങ്ങാട്ട്-വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള എക്കൽ നീക്കം ചെയ്യുന്നത്

190(225) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ, കൊച്ചി, നിയോജകമണ്ഡലങ്ങളിൽപ്പെടുന്നതും ദേശീയ ജലപാതയുടെ ഭാഗവുമായ കണ്ണങ്ങാട്ട്- വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെ അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്യുന്നതിനായി ഉൾനാടൻ ജലഗതാഗത ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള 3 കോടി രൂപയുടെ പ്രൊപ്പോസലിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പ്രകാരം എക്കൽ എവിടെയാണ് നിക്ഷേപിക്കുവാനായി നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കടലിൽ നിക്ഷേപിക്കുന്ന എക്കൽ വീണ്ടും കായലിലേക്ക് തന്നെ തിരിച്ചെത്തും എന്നുള്ള വസ്തുത കണക്കിലെടുത്ത് ഈ പ്രദേശങ്ങളിൽ വൻതോതിൽ കയ്യേറിയിരിക്കുന്ന കായൽ ഭൂമി സൈഡ് കെട്ടി എക്കൽ ഇവിടെ നിക്ഷേപിക്കുന്നതിനുള്ള പ്രൊവിഷൻ നിലവിലുള്ള 3 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച 22-8-2019-ലെ കത്തിൽ (G190900769/CMO) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ, കൊച്ചി നിയോജകമണ്ഡലങ്ങളിൽപ്പെടുന്നതും ദേശീയ ജലപാതയുടെ ഭാഗവുമായ കണ്ണങ്ങാട്ട് -വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള ഭാഗത്ത് അടിഞ്ഞു കൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്യുന്ന രണ്ട് റീച്ചുകളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ പരിശോധിച്ചു വരുന്നു.

(ബി) പ്രസ്തുത എസ്റ്റിമേറ്റിൽ 5 കി. മീ. ദൂരത്തിൽ എക്കൽ കൊണ്ടുപോയി കളയുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) 22-8-2019-ലെ കത്ത് പരിശോധിച്ച് (G190900769/CMO) റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തു. എന്നാൽ റവന്യൂ വകുപ്പ് കയ്യേറ്റ ഭൂമി അളന്നു തരുന്ന മുറയ്ക്ക് മാത്രമേ ടി ഭൂമി സൈഡ് കെട്ടി എക്കൽ നിക്ഷേപിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിന് കാലതാമസം നേരിടുവാൻ സാധ്യതയുള്ളതുകൊണ്ട് പ്രസ്തുത പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല.

**നിർഭയ വോളന്റിയർമാരുടെ നിയമനം**

191(226) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതിയുടെ ഭാഗമായി പോലീസിനെ സഹായിക്കുന്നതിനായി വോളന്റിയർമാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇവരെ നിയമിക്കുന്നതിന് എന്ത് മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കാമോ;

(സി) പ്രസ്തുത വോളന്റിയർമാർക്ക് പ്രതിമാസം എത്ര തുകയാണ് പ്രതിഫലമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സന്നദ്ധ സേവനത്തിൽ തൽപ്പരരായ കുടുംബശ്രീ പ്രവർത്തകർ, ആശാ വർക്കർമാർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് അവരിൽ നല്ല സ്വഭാവഗുണമുള്ളവരും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാത്തവരുമായ സ്ത്രീകളെ തെരഞ്ഞെടുത്ത് പരിശീലനം നൽകിയാണ് ആവശ്യമായ സന്ദർഭങ്ങളിൽ സേവനം വിനിയോഗിക്കുന്നതിനുവേണ്ടി നിർഭയ വോളന്റിയർമാരായി നിയമിച്ചിട്ടുള്ളത്.

(സി) 1700 രൂപ പ്രതിമാസം പ്രതിഫലമായി നൽകി വരുന്നു.

**നവോത്ഥാന മൂല്യ സംരക്ഷണം**

192(227) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമകാലിക കേരളത്തിൽ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ;

(ബി) നവോത്ഥാന മൂല്യങ്ങളുടെ സംരക്ഷണത്തിന് കർമപരിപാടി പരിഗണനയിൽ ഉണ്ടോ;

(സി) നവോത്ഥാന മൂല്യ സംരക്ഷണത്തിൽ മതനേതാക്കളുടെ ഇടം എപ്രകാരം നിശ്ചയിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) നവോത്ഥാന പ്രസ്ഥാനങ്ങൾ തുടച്ച് നീക്കിയ ദുരാചാരങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിന് ചില കേന്ദ്രങ്ങൾ ശ്രമിച്ചു പോരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെ ചെറുത്തു തോൽപ്പിക്കുന്നതിനായി കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളെയും സംഘടനകളെയും നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാൻ തയ്യാറുള്ള സാമൂഹ്യ സംഘടനകളെയും ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നു.

(ബി & സി) എല്ലാ ജില്ലകളിലും ബഹുജന കൂട്ടായ്മ, നവോത്ഥാന മൂല്യങ്ങളെ ആസ്പദമാക്കി ക്യാമ്പസുകളിൽ സംവാദം, നവോത്ഥാന സ്മൃതിയാത്ര തുടങ്ങിയ പരിപാടികൾ മതനേതാക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## പുഴകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ

193 (229) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളിൽ പ്രളയശേഷം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സാന്റ് ഓഡിറ്റ് പൂർത്തീകരിച്ച ശേഷമാണോ ഇത്തരത്തിൽ മണൽ നീക്കം ചെയ്യുന്നത്;

(സി) സാന്റ് ഓഡിറ്റ് നടത്താതെ അടിയന്തര സാഹചര്യം പരിഗണിച്ചാണ് മണൽ നീക്കം ചെയ്യുന്നത് എങ്കിൽ ഇതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ പുഴകളിൽ പ്രളയശേഷം അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയ ബാധിത നദികളായ പെരിയാർ, പമ്പ, മൂവാറ്റുപുഴ, ചാലിയാർ, കടലുണ്ടി, ഇത്തിക്കര എന്നീ നദികളുടെ സാന്റ് ആഡിറ്റിഗ് നടത്തുന്നതിനുവേണ്ട നടപടികൾ പൂർത്തിയായി വരുന്നു. 15-1-2016-ൽ കേന്ദ്ര പരിസ്ഥിതി, വനം,കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 125 പ്രകാരവും 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം അനുസരിച്ചും മണൽ വാരുന്നതിന് സാന്റ് ആഡിറ്റ് നിർബന്ധമാണ്.

## നിലമ്പൂരിൽ പ്രളയ ദുരന്തത്തിൽ മരണമടഞ്ഞവർക്കുള്ള സ്മാരകം

194 (230) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂരിലെ കവളപ്പാറയിൽ പ്രളയ ദുരന്തത്തിലകപ്പെട്ട് മരണമടഞ്ഞ 59 പേരുടെ സ്മരണാർത്ഥം സ്മാരകമോ സ്തൂപമോ സ്ഥാപിക്കുന്നതിന് സർക്കാർ തയ്യാറാകുമോ; ആയതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സർവ്വീസ്

195(231) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്ക് പറ്റുന്നവർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയാൽ നാല്പത്തിയെട്ട് മണിക്കൂർ വരെയുള്ള ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതിന് 2-11-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതാധികാര സമിതിയോഗം തീരുമാനം എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ സ്വകാര്യ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാഹനാപകടങ്ങളിൽ പരിക്ക് പറ്റുന്നവരെ പെട്ടെന്ന് തന്നെ ആശുപത്രികളിൽ എത്തിക്കുവാൻ ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ എത്ര ആംബുലൻസുകളാണ് സംസ്ഥാനത്ത് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിൽ ഈ സംവിധാനം ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും ആയതിലേയ്ക്കായി പ്രതിവർഷം ഏജൻസിയ്ക്ക് എന്ത് തുകയാണ് നൽകേണ്ടതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റോഡപകടങ്ങൾ തുടർക്കഥയാക്കുന്നത് ഒരു വലിയ വിപത്തായി കാണുകയും ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2017-ൽ കൂടിയ യോഗത്തിൽ തീരുമാനങ്ങൾ എടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നോ ഇൻഷ്വറൻസ് കമ്പനികളുടെ കൂട്ടായ്മയിൽ നിന്നോ ഒരു ട്രോമകെയർ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിനായി 11-1-2018-ൽ താൽപ്പര്യപത്രം ക്ഷണിച്ചു. താഴെപ്പറയുന്ന കാര്യങ്ങൾ ഏകോപിപ്പിക്കുക എന്നതായിരുന്നു തെരഞ്ഞെടുക്കപ്പെട്ട കമ്പനിയുടെ ചുമതല:

1. റോഡപകടങ്ങളെ സംബന്ധിച്ചുള്ള ചികിത്സകൾക്ക് വൈദഗ്ദ്ധ്യമുള്ള ആശുപത്രികളെ കണ്ടെത്തുകയും എംപാനൽ ചെയ്യുകയും അവരുമായി കരാറിലെത്തുകയും ചെയ്യുക.

2. റോഡപകടങ്ങളിൽപ്പെടുന്നവർക്കുള്ള ചികിത്സ പാക്കേജുകൾ ഉണ്ടാക്കുകയും ആശുപത്രികളുമായി ചർച്ച ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് കണ്ടെത്തുകയും ചെയ്യുക.

3. ചികിത്സാനന്തരം ആശുപത്രികൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും അർഹതപ്പെടുന്ന തുക 21 ദിവസങ്ങൾക്കുള്ളിൽ ആശുപത്രികൾക്ക് മടക്കി നൽകുകയും ചെയ്യുക.

4. അപകടത്തിൽപ്പെടുന്ന വാഹനങ്ങളുടെ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും അപകടത്തെ തുടർന്നുണ്ടായ ചികിത്സയ്ക്കായി ചെലവഴിച്ച തുക തിരിച്ചുപിടിച്ച് ആശുപത്രി ചെലവുകൾക്കായി വിനിയോഗിക്കുക.

5. അപകടത്തിൽപ്പെട്ട വാഹനങ്ങളെ കണ്ടെത്തുവാൻ സാധിക്കാതെ വരുന്നപക്ഷം സംസ്ഥാന സർക്കാരിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും പ്രസ്തുത തുക ഈടാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

6. അപകടത്തിൽപ്പെടുന്ന ആൾക്കാരുടെ പുനരുദ്ധാരണത്തിനായുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും സംസ്ഥാന സർക്കാരിന് നൽകുക. പ്രസ്തുത മീറ്റിംഗിനുശേഷം 24-4-2018-ന് ഇൻഷ്വറൻസ് കമ്പനികളുടെ ഒരു മീറ്റിംഗ് വിളിക്കുകയുണ്ടായി. വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നായി 35 പേരോളം പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ സെക്രട്ടറി ജനറൽ ഓഫ് ജനറൽ ഇൻഷ്വറൻസും പങ്കെടുത്തിരുന്നു. എന്നാൽ ഇൻഷ്വറൻസ് കമ്പനികൾക്ക് പ്രസ്തുത പദ്ധതിയോടുള്ള താൽപ്പര്യക്കുറവുമൂലം 24-4-2018-ൽ ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ ഒരു തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനമായി. അതിനായി 2-4-2019-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു ടെണ്ടർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. അതിനുശേഷം 26 ആഗസ്റ്റ് 2019-ൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ KASP-ന്റെ മാതൃകയിൽ പ്രൈവറ്റ് ആശുപത്രികളെ എംപാനൽ ചെയ്യുവാനും അത്യാഹിതങ്ങൾക്കായി KASP-യിൽ കൊടുത്തുവരുന്ന പാക്കേജുകൾ നിശ്ചയിക്കുവാനും തീരുമാനിച്ചു. ഇതിനോടനുബന്ധിച്ച് സ്വകാര്യ ആശുപത്രികളുമായി ഒരു ചർച്ച വയ്ക്കുവാൻ തീരുമാനിച്ചു. അതിന്റെ തുടർച്ചയായി 4-10-2019-ൽ കേരളത്തിലെ സ്വകാര്യ ആശുപത്രി പ്രതിനിധികളുമായി തിരുവനന്തപുരത്ത് വച്ച് ഒരു ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിൽ 48 മണിക്കൂർ സൗജന്യ ചികിത്സ

നൽകുന്നത് സംബന്ധിച്ച് രൂപരേഖകൾ തയ്യാറാക്കുവാനും സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയുമായി ചേർക്കുവാനും ഒരു അഡ്വൈസറി കമ്മിറ്റിയെ നിയമിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അത്യാഹിതങ്ങളും റോഡ് അപകടങ്ങളും കൈകാര്യം ചെയ്യുവാൻ ഉപകരണങ്ങളും സൗകര്യങ്ങളുമുള്ള ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(സി) വാഹന അപകടത്തിൽ പരിക്ക് പറ്റുന്നവരെ പെട്ടെന്നുതന്നെ ആശുപത്രിയിൽ എത്തിക്കുവാൻ ജി.പി.എസ്. സംവിധാനമുള്ള 315 ആംബുലൻസുകളാണ് വിഭാവന ചെയ്തിരിക്കുന്നത്. ഈ വാഹന ശൃംഖലയുടെ ഒന്നാംഘട്ട ഉദ്ഘാടനം 2019 സെപ്റ്റംബർ 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ പ്രസ്തുത പദ്ധതി 25-09-2019 മുതൽ നിലവിൽ വന്നു. 101 ആംബുലൻസുകളാണ് ഒന്നാംഘട്ടത്തിൽ സേവനം നടത്തുന്നത്. തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള രണ്ടാം ഘട്ട ഉദ്ഘാടനം 21-10-2019-ൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രി കണ്ണൂരിൽ നിർവ്വഹിച്ചു.

(ഡി) സർക്കാർ ഉത്തരവ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു ഇ-ടെണ്ടർ വിളിക്കുകയും അതിൽ ജി.വി.കെ.ഇ.എം.ആർ.ഐ എന്ന കമ്പനി ടെണ്ടർ നേടുകയും ചെയ്തു. പ്രസ്തുത ഏജൻസി പ്രതിവർഷ പ്രവർത്തനത്തിനായി സമർപ്പിച്ച നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

**നിപ ബാധയ്ക്കെതിരെയുള്ള മുൻകരുതലുകൾ**

196(232) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ സംസ്ഥാനത്തെ ആശങ്കയിലാക്കിയ നിപ ബാധ, ഈ വർഷം വീണ്ടും ഉണ്ടായ സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിപ ബാധിതരുടെ രോഗ നിർണ്ണയം നടത്തുന്നതിനും ലാബ് പരിശോധനയ്ക്കും സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം എന്താണ്; ഇത് പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പുതിയ രോഗങ്ങൾ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് സുസജ്ജമായ വൈറോളജി ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) 2018-ൽ നിപ വൈറസ് ആദ്യമായി സംസ്ഥാനത്ത് പടർന്ന് പിടിച്ച സാഹചര്യം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; പ്രസ്തുത പഠനത്തിലെ കണ്ടെത്തൽ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-ൽ സംസ്ഥാനത്തുണ്ടായ 'നിപ' ബാധയെത്തുടർന്ന് പിന്നീട് ഈ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിരുന്നു. ഡിസംബർ മുതൽ മേയ് മാസം വരെയുള്ള വവ്വാലുകളുടെ പ്രജനനകാലത്ത് വേണ്ട ജാഗ്രത പുലർത്തുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആരോഗ്യ ജാഗ്രതാ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 'നിപ' വൈറസ് പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങളും ആശുപത്രികളിൽ അണുനശീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കിയിരുന്നു.

2018-ലെ 'നിപ' വൈറസ് ബാധയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നിപ രോഗം നിയന്ത്രണ വിധേയമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങളെപ്പറ്റിയുള്ള പരിജ്ഞാനം ആരോഗ്യ വകുപ്പിന് ഉണ്ടായിരുന്നതുകൊണ്ട് 2019-ൽ എറണാകുളം ജില്ലയിൽ 'നിപ' ബാധയുണ്ടായപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ഒരാളിൽ മാത്രമായി രോഗം നിയന്ത്രിച്ച് നിർത്തുന്നതിനും മരണം ഒഴിവാക്കുന്നതിനും സാധിച്ചു.

(ബി) നിപ ബാധിതരുടെ രോഗനിർണ്ണയം നടത്തുന്നതിനും ലാബ് പരിശോധനയ്ക്ക് സംസ്ഥാനത്ത് ICMR ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റിൽ സംവിധാനമുണ്ട്. കൂടുതൽ വിശദമായി ടെസ്റ്റ് ചെയ്യുന്നതിനായി രോഗിയുടെ സാമ്പിളുകൾ NIV പൂനെയിലും MCVR മണിപ്പാലിലും അയച്ച് രോഗനിർണ്ണയം നടത്താനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് Global Viral Network-ന്റെ ഭാഗമായി തോന്നയ്ക്കൽ Life Science Park-ൽ സ്ഥാപിക്കുന്ന Institute of Advanced Virology Lab-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ആരോഗ്യ വകുപ്പ് സ്വന്തമായി ഇതുസംബന്ധിച്ച പഠനമൊന്നും നടത്തിയിട്ടില്ല. ICMR ആണ് പഠനം നടത്തിയത്.

## നവജാത ശിശുമരണം

197(233) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവജാത ശിശുമരണം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നവജാത ശിശുക്കളിലെ മെറ്റാബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി Newborn Screening Programme നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പ്രസവം നടക്കുന്ന പ്രധാന സർക്കാർ ആശുപത്രികളിൽ Congenital Hypothyroidsm, Congenital Adrenal Hyperplasia, Congenital Galactosemia, G 6PD Deficiency എന്നീ പ്രധാനപ്പെട്ട 4 Metabolic അസുഖങ്ങൾ കണ്ടെത്തുന്നതിനായുള്ള രക്ത പരിശോധന നടന്നുവരുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവും സംസ്ഥാന ആരോഗ്യ വകുപ്പുമായി യോജിച്ച് മാരക രോഗങ്ങൾ വരാതിരിക്കാനായി രോഗപ്രതിരോധ കുത്തിവയ്പ്പ് പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. നവജാത ശിശുക്കളിലെ അനാരോഗ്യം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, മറ്റ് സർക്കാർ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും അണുബാധമൂലം ശിശുക്കളുടെ മരണം ഒഴിവാക്കുന്നതിനും ജനിതക രോഗങ്ങൾമൂലവും നേരത്തെയുള്ള പ്രസവംമൂലവുമുള്ള മരണങ്ങൾ കുറയ്ക്കുന്നതിനും ആധുനിക രീതിയിലുള്ള സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പ്രസവമുറികളും ഓപ്പറേഷൻ തീയേറ്ററുകളും ന്യൂബോൺ നഴ്സറികളും കൃത്യമായി അണുവിമുക്തമാക്കുകയും ചെയ്തുവരുന്നു. കൂടാതെ "ലക്ഷ്യ" പദ്ധതിയുടെ ഭാഗമായി എല്ലാ ആശുപത്രികളിലെയും പ്രസവമുറികളും ഓപ്പറേഷൻ തീയേറ്ററുകളും ആധുനികവൽക്കരിക്കുകയാണ്. അണുബാധ തടയുന്നതിനും ജനനത്തോടെ ആരോഗ്യക്കുറവുള്ള കുഞ്ഞുങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിനുമായി ആശുപത്രികളിലും O.B.N., I. B. N. നഴ്സറികൾ പ്രവർത്തിച്ചുവരുന്നു നവജാത ശിശുക്കളുടെ ചികിത്സയ്ക്കായി വെന്റിലേറ്ററുകൾ, Surfactant തെറാപ്പി, CPAD machines, warmer തുടങ്ങിയ ഉപകരണങ്ങൾ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. നവജാത ശിശുക്കളുടെ മരണം

ഒഴിവാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷണൽ ഡെലിവറി പ്രോൽസാഹിപ്പിക്കുന്നതിനായി അമ്മയും കുഞ്ഞും പദ്ധതി മുഖാന്തരം പ്രസവത്തിനായി വരുന്നവർക്ക് സൗജന്യ ചികിത്സ, മരുന്നുകൾ, ലാബ് ടെസ്റ്റുകൾ, യാത്രാപ്പടി എന്നിവ നൽകിവരുന്നു. 'RBSK' പദ്ധതി പ്രകാരം നവജാത ശിശുക്കൾക്ക് 18 വയസ്സുവരെ ജന്മനായുള്ള മാരക രോഗങ്ങൾക്കും "ആരോഗ്യകിരണം" പദ്ധതി പ്രകാരം ജന്മനായല്ലാതെ വരുന്ന മാരകരോഗങ്ങൾക്കും സൗജന്യ ചികിത്സ നൽകിവരുന്നു. ജന്മനാലുള്ള ഹൃദയ സംബന്ധമായ അസുഖങ്ങൾ കണ്ടെത്തി ചികിത്സ നൽകുകയും മരണ നിരക്ക് കുറയ്ക്കുന്നതിനുമായി ഹൃദ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാസം തികയാതെയുള്ള പ്രസവത്തെത്തുടർന്ന് കുഞ്ഞുങ്ങളുടെ മരണം കുറയ്ക്കുന്നതിനായി മുലയൂട്ടൽ അവബോധ ക്ലാസ്സുകൾ REIC-യുടെ സേവനം, അണുബാധ കുറയ്ക്കുന്നതിനായുള്ള നടപടികൾക്കായി ഇൻഫക്ഷൻ കൺട്രോൾ മീറ്റിംഗുകൾ എന്നിവ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കൃത്യമായി നടന്നുവരുന്നു.

## എയർ ആംബുലൻസ്

198(234) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയർ ആംബുലൻസ് സംവിധാനം സജ്ജമാക്കുന്നതിന് ആലോചനയുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എയർ ആംബുലൻസ് സംവിധാനം സജ്ജമാക്കുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും ഇത് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എയർ ആംബുലൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പരസ്യം നൽകി മരുന്നുകൾ

199(235) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി രോഗങ്ങളെ സംബന്ധിച്ചും അവർക്കുള്ള മരുന്നുകളെ സംബന്ധിച്ചും ദൃശ്യ-പത്ര-മാധ്യമങ്ങളിൽ പരസ്യം നൽകി മരുന്നുകൾ മാർക്കറ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിധത്തിൽ മരുന്നുകൾ മാർക്കറ്റ് ചെയ്യുന്നത് നിയമപ്രകാരമാണോയെന്ന് വിശദമാക്കുമോ; അല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ശാസ്ത്രീയമായ പരിശോധനയില്ലാതെ പരസ്യം മുഖേന മാർക്കറ്റ് ചെയ്യുന്ന മരുന്നുകൾ ജനങ്ങളിൽ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഈ വിധത്തിലുള്ള പരസ്യങ്ങളും മരുന്ന് വില്പനയും തടയുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2018 ഡിസംബറിൽ ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾ 1945-ൽ കൂട്ടിച്ചേർക്കപ്പെട്ട 170 ചട്ടപ്രകാരം ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകൾക്ക് പരസ്യം ചെയ്യണമെങ്കിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്.

(സി) വ്യക്തമായ അനുമതിയോടുകൂടിയല്ലാതെ പരസ്യം മുഖേന മാർക്കറ്റ് ചെയ്യപ്പെടുന്ന മരുന്ന് കമ്പനികൾക്കെതിരെ Drugs and Magic Remedies (Objectionable Advertisements) Act 1954-ന്റെയും Drugs and Cosmetics Rules, 1945-ലെ Schedule J-ന്റെയും അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്.

**ആരോഗ്യ സംവിധാനത്തിന്റെ ശാക്തീകരണം**

200(236) <u>ശ്രീമതി പി. അയിഷാ പോറ്റി</u>:
<u>ശ്രീ. സി. കൃഷ്ണൻ</u>:
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>:
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രളയം, നിപ തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് നീതി ആയോഗിന്റെ റിപ്പോർട്ട് പ്രകാരം ദേശീയ ആരോഗ്യ സൂചികയിൽ തുടർച്ചയായി രണ്ട് വർഷവും ഒന്നാം സ്ഥാനം നേടിയെടുക്കുന്നതിലേക്ക് നയിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ സംവിധാനത്തിന്റെ ശാക്തീകരണത്തിനും വിപുലീകരണത്തിനും ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) രോഗപ്രതിരോധത്തിനായി ജനപങ്കാളിത്തത്തോടെയുള്ള ബോധവത്കരണത്തിനും ശുചീകരണത്തിനും എന്നതുപോലെ രോഗബാധിതർക്ക് ഗുണനിലവാരമുള്ള ചികിത്സ, താങ്ങാവുന്ന നിരക്കിൽ ലഭ്യമാക്കുന്നതിനും നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

ഉത്തരം

(എ) 2018-ൽ പ്രളയമുണ്ടായ സമയത്ത് വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കുമൊപ്പം ആരോഗ്യവകുപ്പ് യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. പ്രളയബാധിതരുടെ ആരോഗ്യ പ്രശ്നങ്ങൾ ദിവസേന നിരീക്ഷിക്കുകയും വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പ്രളയാനന്തരം ജലജന്യ രോഗങ്ങൾ, കൊതുകുജന്യ രോഗങ്ങൾ, എലിപ്പനി എന്നിവയുടെ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ഇവ നിയന്ത്രിച്ചു നിർത്തുവാൻ സാധിച്ചു. 2019-ലെ പ്രളയകാലത്തും ഇതേ നടപടികൾ തുടർന്നു. തൻമൂലം പ്രളയാനന്തരമുണ്ടാകുന്ന പകർച്ചവ്യാധികൾ കുറയ്ക്കുവാൻ സാധിച്ചു.

2018-ൽ സംസ്ഥാന ചരിത്രത്തിൽ ആദ്യമായി നിപ രോഗം കോഴിക്കോട് പൊട്ടിപുറപ്പെട്ടപ്പോൾ ആരോഗ്യവകുപ്പ് മറ്റ് വകുപ്പുകളുടെയും വിദഗ്ദ്ധ സ്ഥാപനങ്ങളുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം കാഴ്ചവച്ചു. രോഗബാധ സ്ഥിരീകരിച്ചവരിൽ നിന്നും രോഗം മറ്റുള്ളവരിലേക്ക് പടരാതിരിക്കുന്നതിന് വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളും അണുനശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കി. രോഗബാധിതർക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കി. രോഗത്തിന്റെ ഉറവിടം കണ്ടെത്തുന്നതിന് വവ്വാലുകളിൽ രോഗാണുപഠനം നടത്തി. തത്ഫലമായി 2018-ൽ നിപബാധ 18 പേരിൽ ഒതുക്കി നിർത്താനായി. 16 പേർ നിപമൂലം മരണമടഞ്ഞു. എന്നാൽ 2018-ലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ 2019-ൽ എറണാകുളത്ത് നിപ വന്നപ്പോൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാനായി. അതിന്റെ ഫലമായി രോഗബാധ ഒരാളിൽ ഒതുക്കി നിർത്താനും മരണം ഒഴിവാക്കുവാനും സാധിച്ചു.

(ബി&സി) സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ ശാക്തീകരണത്തിനും വിപുലീകരണത്തിനുമായി ആർദ്രം പദ്ധതി മുഖേന മെച്ചപ്പെട്ട സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകവഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ പ്രാഥമിക തലത്തിൽത്തന്നെ ലഭ്യമാക്കാനും ജില്ലാ ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്താനും തെരഞ്ഞെടുക്കപ്പെട്ട ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനും സർക്കാർ ആശുപത്രികളുടെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കാനുമുള്ള പ്രവർത്തനങ്ങളാണ് ആർദ്രം പദ്ധതി പ്രകാരം വിഭാവന ചെയ്യുന്നതും നടപ്പിലാക്കിവരുന്നതും.

ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതുവഴി മെച്ചപ്പെട്ട രജിസ്ട്രേഷൻ സൗകര്യങ്ങൾ, കാത്തിരിപ്പ് മുറികൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, ഡിസ്പ്ലേ ബോർഡുകൾ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഒ.പി. വിഭാഗത്തിലെ തിരക്കുകൾ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ട് ഘട്ടങ്ങളിലായി 674 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനായി തെരഞ്ഞടുത്തിട്ടുണ്ട്. മെച്ചപ്പെട്ടതും കാര്യക്ഷമവുമായ ചികിത്സാ സൗകര്യം പ്രാഥമികതലത്തിൽത്തന്നെ ലഭ്യമാക്കുന്നതിനായി ഡോക്ടർമാരുടേതടക്കം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനായി സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബാരോഗ്യ കേന്ദ്രങ്ങൾ അടക്കമുള്ള ആരോഗ്യകേന്ദ്രങ്ങളിലായി 3159 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ പുതുതായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആരംഭിക്കുകയും 85 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കാര്യക്ഷമമായ രീതിയിൽ പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. മട്ടന്നൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 99 കോടിയിൽപ്പരം രൂപ അനുവദിക്കുകയും അംഗീകൃത ഏജൻസിയായ കെ.എസ്.ഇ.ബി. മുഖേന നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് മുഖേന മേജർ കൺസ്ട്രക്ഷൻസ് അണ്ടർ ഡി.എച്ച്.എസ്. എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. അഞ്ച് കോടിയോ അതിനുമുകളിലോ ചെലവ് വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നബാർഡ് പദ്ധതി മുഖേന നടപ്പിലാക്കുന്നു. കിഫ്ബി പദ്ധതി മുഖേന അംഗീകൃത ഏജൻസികൾ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ നിർമ്മാണ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

എല്ലാ ജില്ലകളിലെയും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശക്തിപ്പെടുത്താനും ഓരോ താലൂക്കിലെയും ഓരോ ആശുപത്രിയിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നു വരികയാണ്. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കെട്ടിട സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കിഫ്ബി, പ്ലാൻ ഫണ്ട്, നബാർഡ്, എം.എൽ.എ, എം.പി. ആസ്തി വികസന ഫണ്ട് തുടങ്ങിയവ വഴി ഈ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇവിടങ്ങളിലേക്ക് വേണ്ട അധിക ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൂപ്പർസ്പെഷ്യാലിറ്റി കേഡർ സംസ്ഥാനത്ത് രൂപീകരിക്കുകയും ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. ജില്ലാതല ആശുപത്രികളിൽ കാർഡിയോളജി, കാത്ത്‌ലാബ് സൗകര്യങ്ങളും നെഫ്രോളജി, ന്യൂറോളജി, യൂറോളജി തുടങ്ങിയ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. എട്ട് ജില്ലാതല ആശുപത്രികളിലും രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കിഫ്ബി വഴിയുള്ള കാത്ത്‌ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ നടന്നുവരികയാണ്. രണ്ട് ജില്ലാ ആശുപത്രികളിലും മഞ്ചേരി മെഡിക്കൽ കോളേജിലും കാത്ത് ലാബുകൾ ഇതിനകം പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി താലൂക്കുതല ആശുപത്രികളിൽ 44 ഡയാലിസിസ് കേന്ദ്രങ്ങൾ അധികമായി സജ്ജമാക്കുന്ന പ്രക്രിയയും പൂർത്തിയായി വരികയാണ്. സ്ട്രോക്ക് ക്ലിനിക്കുകൾ, ജില്ലാ കാൻസർ കെയർ പരിചരണം തുടങ്ങിയവ വഴിയും ജില്ലാ/താലൂക്കുതല ആശുപത്രികളുടെ പ്രവർത്തനങ്ങൾ വിപുലപ്പെട്ടുവരികയാണ്.

പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് "ആരോഗ്യ ജാഗ്രത" എന്ന പേരിൽ പ്രത്യേക പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു, ഡെങ്കി, ചിക്കൻ ഗുനിയ തുടങ്ങിയ കൊതുക് പരത്തുന്ന രോഗങ്ങളുടെ നിരീക്ഷണത്തിനായി 30 സെന്റിനൽ സർവ്വയലൻസ് സെന്ററുകൾ വിവിധ ആശുപത്രികളിലായി പ്രവർത്തിച്ചുവരുന്നു.

കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി എല്ലാ കുഷ്ഠരോഗ ബാധിതരെയും കണ്ടെത്തി ചികിത്സയ്ക്ക് വിധേയരാകുന്ന 'അശ്വമേധം' കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി ഊർജിതമായി നടപ്പിലാക്കി വരുന്നു.

കോട്ടയം, എറണാകുളം, തിരുവനന്തപുരം, വയനാട്, തൃശ്ശൂർ, പത്തനംതിട്ട (കോന്നി) മെഡിക്കൽ കോളേജുകൾ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ റിസർച്ച് സെന്റർ, വിവിധ ജില്ലകളിലെ ജില്ല/ജനറൽ/താലൂക്ക് ആശുപത്രികളുടെ വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഏകദേശം അയ്യായിരം കോടി രൂപയുടെ ഭരണാനുമതി നൽകി തുടർ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ 'ഇ-ഹെൽത്ത്' പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇ-ഹെൽത്ത് സൗകര്യങ്ങൾകൂടി സജ്ജമാകുന്നതോടെ ഭാവിയിൽ രോഗികളുടെ വിവരങ്ങൾ കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് രോഗികളുടെ വിവരങ്ങളും ലാബ് റിസൾട്ടുകളുമൊക്കെ എളുപ്പം ലഭ്യമാക്കാനും ആശുപത്രികൾക്ക് പരസ്പരം കൈമാറാനും രോഗ ചികിത്സകൾ കൂടുതൽ ശാസ്ത്രീയമാക്കാനും കഴിയുന്നതാണ്.

ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഓപ്പറേഷൻ തീയേറ്ററുകൾ, അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി, ലബോറട്ടറി, കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾ പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തി നവീകരിച്ച് വരുന്നുണ്ട്. കൂടാതെ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിൽ അനസ്തേഷ്യ, ഇ.എൻ.ടി. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നിവ തുടങ്ങുന്നതിനായുള്ള ഉപകരണങ്ങളും ആശുപത്രി ഫർണിച്ചർ, കിടക്കകൾ, തലയിണകൾ വാങ്ങുന്നതിനും ജനറേറ്റർ, എയർകണ്ടീഷൻ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന കാത്ത്ലാബ് സൗകര്യങ്ങൾ ജില്ലാ/ജനറൽ ആശുപത്രികളിൽ ആരംഭിച്ചു. നോൺ കമ്മ്യൂണിക്കബിൾ ഡിസീസ് കൺട്രോളിന് വേണ്ടി വിവിധങ്ങളായ പരിപാടികളാണ് ഈ ഗവൺമെന്റ് ആരംഭിച്ചത്. അതിൽ ഏറ്റവും പ്രധാനം കാൻസർ വ്യാപനം തടയുക എന്നതാണ്. കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിത്സ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കുംവിധം മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി, ഓങ്കോപത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനു കീഴിലുള്ള ആശുപത്രികളിൽ ജില്ലാ കാൻസർ കെയർ പ്രോഗ്രാം നടപ്പിലാക്കിയതുവഴി ജില്ല/ജനറൽ ആശുപത്രികളിൽ രോഗികൾക്ക് കീമോതെറാപ്പി സൗകര്യം ലഭ്യമാക്കുന്നുണ്ട്. കേരള സംസ്ഥാനത്ത് കാൻസർ രോഗ ചികിത്സയ്ക്കും നിയന്ത്രണത്തിനും WHO-യുടെ മാർഗ്ഗനിർദ്ദേശാനുസരണം കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി രൂപീകരിച്ചു. കേരളത്തിൽ നിലിവിലുള്ള പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും കാൻസർ ചികിത്സാ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഏകീകൃതമായ കാൻസർ ചികിത്സാ സംവിധാനങ്ങൾ എല്ലാ പ്രദേശങ്ങളിലുള്ളവർക്കും പ്രാപ്യമാകുന്ന രീതിയിൽ കേരള കാൻസർ ഗ്രിഡ് രൂപീകരണം പുരോഗമിക്കുന്നു. സംസ്ഥാനത്തെ ആകെയുള്ള കാൻസർ രോഗികളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കേരള കാൻസർ രജിസ്ട്രി തയ്യാറാക്കി വരുന്നുണ്ട്. ആർ.സി.സി.-യിൽ 187.22 കോടി രൂപ ചെലവിൽ 14 നില കെട്ടിടത്തിന്റെ പണി ആരംഭിച്ചു. ഇതുകൂടാതെ വിവിധ പദ്ധതികളിലായി ഉപകരണങ്ങൾ സ്ഥാപിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 150 കോടിയോളം രൂപ ചെലവാക്കി. കൊച്ചി കാൻസർ സെന്ററിൽ പ്രതിവർഷം 25000-ഓളം പേർക്ക് ചികിത്സ ലഭ്യമാക്കാനുള്ള സൗകര്യമൊരുക്കാൻ കിഫ്ബി പദ്ധതി വഴി കെട്ടിടം പണിയുവാനും ഉപകരണങ്ങൾ വാങ്ങുവാനുമായി 385 കോടി രൂപ അനുവദിച്ചു. മലബാർ കാൻസർ സെന്ററിൽ ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 10 കോടി രൂപ ചെലവഴിച്ചു. ഇതുകൂടാതെ കിഫ്ബി പദ്ധതി വഴി മാസ്റ്റർ പ്ലാനിന്റെ ഭാഗമായിട്ടുള്ള പീഡിയാട്രിക് ഓങ്കോളജി വിഭാഗത്തിന്റെയും ലബോറട്ടറി വിഭാഗത്തിന്റെയും പണി പൂർത്തീകരിച്ചു വരുന്നു.

മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചും

എം.ആർ.ഐ. ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചും പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചും പി.ജി. സീറ്റുകൾ വർദ്ധിപ്പിച്ചും മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ കണ്ണൂർ പരിയാരത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന RSBY, CHIS, CHIS PLUS, കാരുണ്യ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 01-04-2019 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കളായ ഓരോ കുടുംബത്തിലെയും എല്ലാ അംഗങ്ങൾക്കുംകൂടി വർഷംതോറും 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷയാണ് ഉറപ്പ് വരുത്തുന്നത്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമ്പൂർണ്ണ ട്രോമാ കെയർ പദ്ധതിയുടെ ഭാഗമായി പ്രധാനപ്പെട്ട ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളിൽ ഘട്ടം ഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. സമഗ്ര ട്രോമാ കെയർ സംവിധാനത്തിന്റെ ആദ്യ പടിയായാണ് മെഡിക്കൽ കോളേജുകളിൽ എമർജൻസി മെഡിസിൻ വിഭാഗം സ്ഥാപിച്ചുവരുന്നത്. സംസ്ഥാനത്താകമാനം വാഹനാപകടത്തിൽപ്പെടുന്നവരെ അടിയന്തരമായി ആശുപത്രികളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനായി 'കനിവ് 108' എന്ന പേരിലുള്ള സൗജന്യ ആംബുലൻസ് ശൃംഖലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളും പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ദ്ധരുമടങ്ങിയ 315 ആംബുലൻസുകളുടെ സേവനം ദേശീയ/സംസ്ഥാന ഹൈവേകളിലും അപകട സാധ്യത കൂടിയ ഉൾനാടൻ റോഡുകളിലും ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## മലബാർ കാൻസർ സെന്റർ

201(237) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലബാർ കാൻസർ സെന്ററിന്റെ സമഗ്ര പുരോഗതിക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ കാൻസർ സെന്ററിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ കാര്യങ്ങളാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മലബാർ കാൻസർ സെന്ററിൽ കാൻസർ ജെനിറ്റിക്സ് ക്ലിനിക് എം. പി. ശ്രീ. കെ. കെ. രാഗേഷിന്റെ എം.പി. ഫണ്ട് (130 ലക്ഷം) വിനിയോഗിച്ച് പ്രവർത്തനമാരംഭിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആന്റ് റിസർച്ച് (BSC നഴ്സിംഗ് കോളേജ്) 2018-19 അധ്യയന വർഷത്തിൽ പ്രവർത്തനമാരംഭിച്ചു.

മലബാർ കാൻസർ സെന്ററിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് സെന്ററിന്റെ ഭാഗമായി National Board of Examination (NBE) യുടെ കീഴിൽ DNB in Surgical Oncology കോഴ്സ് ആരംഭിക്കുകയുണ്ടായി. എം.സി.സി.-യുടെ വികസന പ്രവർത്തനങ്ങൾക്കായി KIIFB യിൽ 180 കോടി രൂപയുടെ പ്രോജക്ട് നൽകുകയുണ്ടായി. ഇതിന്റെ തുടർച്ചയായി നിർമ്മാണ പ്രവർത്തനങ്ങൾക്കായി BSNL-നെ SPV ആക്കി നിയമിച്ച് ഉത്തരവായിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് എം.സി.സി.യിൽ പ്രോട്ടിയോമിക് ലാബ് പ്രവർത്തന സജ്ജമായിക്കൊണ്ടിരിക്കുന്നു.

കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി വിപുലീകരിച്ചു.

പുതുതായി ആരംഭിച്ച ആധുനിക സംവിധാനങ്ങളോടുകൂടിയ സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. എം.സി.സി. ബ്ലഡ് ബാങ്ക് ആധുനികവൽക്കരണത്തിന്റെ ഭാഗമായി NAT (Nueclic Acid Testing) സംവിധാനം ആരംഭിച്ചു. സി.ടി. സ്കാനർ, SPECT CT, pet Scanner, PACS, Nuclear Medicine Facility, Cath Lab എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇതുസംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഫീസ്

202(238) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഫീസ് സംബന്ധമായ കേസ് നടത്തിപ്പിനെന്ന പേരിൽ ഒരു സംഘടന വ്യാപകമായ പണപ്പിരിവ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതി റൂൾ 150 പ്രകാരം സർക്കാർ ഹൈക്കോടതിയിൽ അപേക്ഷ ഫയൽ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതു സംബന്ധമായി വല്ല അന്വേഷണവും നടക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പണം പിരിക്കുന്നതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സർക്കാർ കേരള ഹൈക്കോടതിയിൽ അപേക്ഷ ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിന് വിധേയമായിട്ടായിരിക്കും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുക.

## ഹൃദ്രോഗ നിർണ്ണയവും ചികിത്സയും

203(239) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൃദ്രോഗികളുടെ എണ്ണം അനിയന്ത്രിതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ആധുനിക സൗകര്യങ്ങൾ സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും സജ്ജമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗം നിർണ്ണയിക്കുന്നതിനും പ്രാഥമിക ചികിത്സ നൽകുന്നതിനും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്പെഷ്യാലിറ്റി സേവനങ്ങൾ ശക്തിപ്പെടുത്തിവരുന്നു. Trop T പോലുള്ള ആധുനിക ഉപകരണങ്ങൾ ആരോഗ്യ വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ സംഭരിച്ചുവരുന്നു. കൂടുതൽ സൗകര്യങ്ങൾ ആശുപത്രികളിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എട്ട് ജില്ലാതല ആശുപത്രികളിലും രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും കിഫ്ബി സാമ്പത്തിക സഹായത്തോടുകൂടി കാത്ത് ലാബുകൾ സജ്ജമാക്കുന്ന പ്രക്രിയ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇതിൽ കൊല്ലം ജില്ലാ ആശുപത്രിയിലും പത്തനംതിട്ട ജനറൽ ആശുപത്രിയിലും മഞ്ചേരി മെഡിക്കൽ കോളേജിലും കാത്ത് ലാബുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 2017-18 സാമ്പത്തിക വർഷത്തിൽ 1200 ലക്ഷം രൂപ കാത്ത് ലാബിനായി ജില്ലാ ആശുപത്രി മാനന്തവാടിക്കും ഐ.സി.യു സ്ഥാപിക്കുന്നതിനായി താലൂക്ക് ആശുപത്രി അടിമാലിക്കും അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

### ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ

204(240) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസി വഴി സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന മരുന്നു വിതരണം തടസ്സപ്പെട്ടതുമൂലം രോഗികൾ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.എസ്.പി. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഹീമോഫീലിയ പോലുള്ള ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സ ഉൾപ്പെട്ടിട്ടില്ലെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഭീമമായ ചികിത്സാ ചെലവ് വേണ്ടി വരുന്ന ഇത്തരം രോഗങ്ങളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി മരുന്നു വിതരണം സാധ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഹീമോഫീലിയ രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി&ഡി) കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി നടപ്പിലാക്കിയപ്പോൾ ഹീമോഫീലിയ രോഗചികിത്സ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും 6-8-2019-ലെ G.O.(Ms) 122/2019/H & FWD പ്രകാരം എല്ലാ ഹീമോഫീലിയ രോഗികൾക്കും 31-3-2020 വരെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഹെമറ്റോളജി കേന്ദ്രം

205(241) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഹെമറ്റോളജി കേന്ദ്രം തുടങ്ങുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള ഹെമറ്റോളജി യൂണിറ്റിൽ ബ്ലഡ് കാൻസർ, ഹീമോഫീലിയ, തലാസീമിയ, ക്രോണിക് ITP മറ്റ് അനുബന്ധ അസുഖങ്ങൾ എന്നിവയ്ക്ക് ചികിത്സ നൽകിവരുന്നു. കുട്ടികളുടെ വാർഡിൽ 42-ഉം ഐ.സി.യു.-വിൽ പത്തും കിടക്കകൾ ടി ചികിത്സയ്ക്കായി നിലവിലുണ്ട്. കൂടാതെ ടെർഷ്യറി കാൻസർ സെന്റർ ഒ.പി. ചികിത്സയും കീമോ OPD യും നടത്തിവരുന്നു. സർജിക്കൽ മെഡിക്കൽ ഓർത്തോ, ഗൈനക്കോളജി വിഭാഗങ്ങളിൽ കൺസൽട്ടേഷനും ടി യൂണിറ്റ് നൽകി വരുന്നു. ഹെമറ്റോളജി കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയിലാണ്.

## കാൻസർ രോഗ ബോധവൽക്കരണം

206(242) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാൻസർ രോഗം ബാധിക്കുന്നവരുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധന സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ജില്ലയിലെ ഏതു മേഖലയിലാണ് ഈ രോഗം ബാധിച്ചവരുടെ എണ്ണം കൂടുതലുള്ളതെന്ന് വിശദമാക്കുമോ;

(സി) കാൻസർ രോഗത്തിനെതിരെ എന്തെല്ലാം ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അത്തരത്തിൽ ഒരു പഠനം നടത്തിയിട്ടില്ല.

(ബി) ആധികാരികമായ പഠനങ്ങളുടെ അഭാവത്തിൽ ഏതെങ്കിലും പ്രദേശത്ത് കാൻസർ കൂടുതലുണ്ടെന്ന് സാങ്കേതികമായി സ്ഥിരീകരിക്കുവാനാകില്ല.

(സി) സംസ്ഥാന ആരോഗ്യ വകുപ്പ് 2018-19 വർഷത്തിൽ പാലക്കാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 10 ബോധവൽക്കരണ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. 10 കാൻസർ ഡിറ്റക്ഷൻ ക്യാമ്പുകളും നടത്തിയിട്ടുണ്ട്.

ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ഏർളി കാൻസർ ഡിറ്റഷൻ സെന്ററുകൾ (ECDCs) എന്നിവയുടെ ആഭിമുഖ്യത്തിൽ കാൻസർ പരിശോധന ക്ലിനിക്കുകളും ബോധവൽക്കരണ പരിപാടികളും തുടർച്ചയായി നടത്തിവരുന്നുണ്ട്. 2014 ജനുവരി മാസം കേരള ആരോഗ്യവകുപ്പും നാഷണൽ റൂറൽ ഹെൽത്ത് മിഷനും (NRHM) ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി (Campaign Against Cancer in Kerala)-യ്ക്ക് തുടക്കമിട്ടു. അതിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നിന്നുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനങ്ങളും ആർ.സി.സി. നൽകി വരുന്നു.

പുകയിലജന്യ കാൻസറുകൾ പരമാവധി കുറയ്ക്കുക, നേരത്തെ കണ്ടുപിടിക്കാൻ സാധിക്കുന്ന കാൻസറുകളായ വായിലെ കാൻസർ, ഗർഭാശയഗള കാൻസർ,

സ്തനാർബുദം എന്നിവ പരമാവധി നേരത്തെ കണ്ടുപിടിക്കുക, കാൻസറിന് മുന്നോടിയായ മാറ്റങ്ങൾ ഉള്ളവർക്കും കാൻസർ രോഗികൾക്കും ഫലപ്രദമായ ചികിത്സ നേരത്തെ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി പൊതുജനങ്ങൾക്ക് വ്യാപകമായ തോതിലുള്ള കാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു. പുകയില, മദ്യപാനം എന്നിവയുടെ പാർശ്വഫലങ്ങൾ, ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ, ആഹാര രീതി, കാൻസർ പ്രതിരോധം, നിയന്ത്രണം എന്നീ വിഷയങ്ങളെക്കുറിച്ച് സ്കൂൾ കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതുകൂടാതെ NSS വോളന്റിയേഴ്സ്, ആശ വർക്കേഴ്സ്, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്കും ആർ.സി.സി.-യുടെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു.

## ആരോഗ്യമേഖലയിൽ സുസ്ഥിര വികസനം

207(243) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2030 വർഷത്തോടെ ആരോഗ്യമേഖലയിൽ സുസ്ഥിര വികസനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നവജാത ശിശുക്കളിലെ അനാരോഗ്യം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സർക്കാർ ആശുപത്രികളിൽ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;

(സി) പ്രസ്തുത സംവിധാനം സ്വകാര്യമേഖലയിലും നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച് രാജ്യത്ത് സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കുന്നതിന് മാതൃമരണ നിരക്ക് 2030-ഓടുകൂടി ഒരു ലക്ഷം ജനനത്തിന് 70-ൽ താഴെ എത്തിക്കുക എന്നതാണ്.

എന്നാൽ കേരളം ഈ ലക്ഷ്യം ഇതിനകം കൈവരിച്ചുകഴിഞ്ഞു. അതായത് 2018-19 വർഷത്തിൽ ആരോഗ്യ വകുപ്പിന്റെ കണക്ക് പ്രകാരം മാതൃമരണ നിരക്ക് ഒരു ലക്ഷത്തിന് 33 എന്ന നിരക്കിലാണ്. ഈ മാതൃമരണ നിരക്ക് 2020-ൽ 30 എന്നും 2030-ൽ 20 എന്നും എത്തിക്കുക എന്നതാണ് ലക്ഷ്യം.

ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശം അനുസരിച്ച് നവജാത ശിശുക്കളുടെ മരണനിരക്ക് ആയിരം ജനനത്തിൽ 12-ൽ താഴെ എത്തിക്കുക എന്നതാണ് ലക്ഷ്യം. കേരളം ഇതിനകം ഈ ലക്ഷ്യം കൈവരിച്ചുകഴിഞ്ഞു. അതിനാൽ ശിശുമരണനിരക്ക് 10-ൽ താഴെ എത്തിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഇതുകൂടാതെ ശിശുക്കളിലെ തടയാൻ കഴിയുന്ന എല്ലാ ശിശുമരണവും തടയുക എന്നതും ലക്ഷ്യമാണ്.

2030 വർഷത്തോടെ ആരോഗ്യമേഖലയിൽ സുസ്ഥിര വികസനം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നവജാത ശിശുക്കളിലെ അനാരോഗ്യം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, മറ്റ് സർക്കാർ ആശുപത്രികൾ എന്നിവയിൽ ലഭ്യമാണ്. നവജാത ശിശുക്കളിലെ ജനിതക മെറ്റബോളിക് രോഗങ്ങൾ കണ്ടുപിടിക്കുന്നതിനായുള്ള ന്യൂബോൺ സ്ക്രീനിംഗ് (എൻ.ബി.എസ്.) ടെസ്റ്റ് 2013 മാർച്ച് മുതൽ നടപ്പാക്കി വരുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ പബ്ലിക് ഹെൽത്ത് ലാബ്, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥാപനങ്ങളിലൂടെയാണ് ഈ പ്രോഗ്രാം നടപ്പാക്കുന്നത്. സംസ്ഥാനത്തെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും ജനിക്കുന്ന കുഞ്ഞുങ്ങളുടെ സ്ക്രീനിംഗാണ് ഇപ്പോൾ നടപ്പാക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ പ്രസവം നടക്കുന്ന ആശുപത്രികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. താഴെചേർത്തിരിക്കുന്ന നാല് ജനിതക മെറ്റബോളിക് രോഗങ്ങളാണ് ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാമിലൂടെ കണ്ടുപിടിക്കുവാൻ കഴിയുന്നത്:

1. കൺജെനിറ്റൽ ഹൈപ്പോ തൈറോയിഡിസം
2. കൺജെനിറ്റൽ അഡ്റിനക്കൽ ഹൈപ്പർ പ്ലേസിയ
3. കൺജെനിറ്റൽ ഗാലക്ടോസീമീയ
4. ജിം-പീഡിയ ഡെഫിഷ്യൻസി

വിദഗ്ധരായ ഡോക്ടർമാരുടെ മേൽനോട്ടവും പരിചയ സമ്പന്നരായ സയന്റിഫിക് ഓഫീസർമാരുടെയും ലാബ് ടെക്നീഷ്യൻമാരുടെയും സേവനം ആവശ്യമായ പരിശോധനകളെല്ലാം നിലവിൽ തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിലും റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും നടപ്പിലാക്കിയിട്ടുണ്ട്. സ്ക്രീനിംഗ് പോസിറ്റീവ് ആയ കുഞ്ഞുങ്ങളെ confirmatory

test-ന് വിധേയമാക്കുകയും വീണ്ടും പോസിറ്റീവ് ആകുന്ന കുഞ്ഞുങ്ങൾക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു. ആയതിനാൽ നേരത്തെയുള്ള ചികിത്സയുടെ മേൽപ്പറഞ്ഞ രോഗങ്ങൾ മുഖാന്തരമുള്ള ബുദ്ധിമാന്ദ്യം പോലുള്ള ഗുരുതരാവസ്ഥ ഒഴിവാക്കാൻ കഴിയുന്നു.

ഇന്ത്യയിൽ കേരളത്തിൽ മാത്രമാണ് സർക്കാർ മേഖലയിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ന്യൂബോൺ സ്ക്രീനിംഗ് നടപ്പാക്കുന്നത്.

(സി) കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം നിബന്ധനകൾ പാലിക്കുന്ന സ്വകാര്യ ആശുപത്രികൾക്ക് യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പദ്ധതിയിൽ ഉൾപ്പെട്ട വാക്സിനുകൾ സൗജന്യമായി നൽകുന്നു.

**പൊതുജനാരോഗ്യത്തിന് എയർ ആംബുലൻസ്**

208(244) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനാരോഗ്യരംഗത്ത് എയർ ആംബുലൻസ് സൗകര്യം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

എയർ ആംബുലൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇ-ഹെൽത്ത് പദ്ധതി**

209(245) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പദ്ധതി പരിപൂർണ്ണമായും സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതു വഴി നൽകി വരുന്ന ചികിത്സാ സൗകര്യങ്ങളും സംവിധാനങ്ങളും വിശദീകരിക്കാമോ;

(സി) വ്യക്തികളുടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അവയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സജ്ജമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിലൂടെ ആരോഗ്യ മേഖലയിൽ ഉണ്ടാകുന്ന നേട്ടങ്ങൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുജനാരോഗ്യ രംഗത്തെ പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ കിടപ്പുരോഗി പരിചരണം വരെയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ അടിസ്ഥാനപ്പെടുത്തി വിവിധ സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ മുതൽ രോഗി പരിശോധനയും ചികിത്സാക്രമങ്ങളും ഭരണ നിർവ്വഹണവും ഉൾപ്പെടെ സമഗ്ര മേഖലകളിലെയും പ്രവർത്തനങ്ങൾ സംയോജിതമായ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി ഉപഭോക്താക്കൾക്ക് ആയാസരഹിതവും രോഗീ സൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി ഏതൊരു മുൻനിര സ്വകാര്യ ആശുപത്രിയുമായും കിടപിടിക്കുന്ന തരത്തിൽ വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ നടപ്പിൽ വരുത്തുന്ന പദ്ധതിയാണ് ഇ-ഹെൽത്ത് പ്രോജക്ട്. "ഒരു പൗരന് ഒരു ഇലക്ട്രോണിക് ഹെൽത്ത് " റെക്കോർഡ് (EHR) എന്ന ലക്ഷ്യത്തിലൂന്നി സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളെയും കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധിപ്പിച്ച് കുറ്റമറ്റ ചികിത്സയും e-Health project നടപ്പാക്കുന്നതിലൂടെ അതിവേഗം കഴിയുന്നതാണ്.

ഈ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആർദ്രം പദ്ധതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേക്കും ഘട്ടം ഘട്ടമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സ തേടിയെത്തുന്ന മുഴുവൻ ആളുകൾക്കും ആയാസരഹിതമായി രജിസ്ട്രേഷൻ നടത്തി ഒ.പി. ടിക്കറ്റ് എടുത്ത് ഡോക്ടറെ കാണുന്നതിനും വിവിധ പരിശോധനകൾ നടത്തുന്നതിനും കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആരോഗ്യ സംബന്ധിയായ അടിസ്ഥാന രേഖകൾ തയ്യാറാക്കുകയും അതിനെ e-Health Project -നുവേണ്ടി മാത്രം രൂപീകരിക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ച് ഏതൊരു വ്യക്തിക്കും കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തികളുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഭാവിയിൽ ഇതിന്റെ ഏറ്റവും വലിയ പ്രയോജനം.

(ബി) ആധാർ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ ഗ്രാമീണ ജനങ്ങളുടെ താമസ സ്ഥലവുമായി ബന്ധപ്പെടുത്തിയുള്ള അടിസ്ഥാന വിവര ശേഖരണത്തിന് പരിശീലനം സിദ്ധിച്ച 9500 ആരോഗ്യ പ്രവർത്തകർക്ക് അത്രയും തന്നെ ടാബ്ലെറ്റ് കമ്പ്യൂട്ടർ നൽകി നടത്തിയ സർവ്വേയിലൂടെ 1.5 കോടി ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഇതിനകം ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി ഓരോ ആളിനും ഒരു വ്യതിരിക്ത തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള സർക്കാർ ആശുപത്രിയിൽ ചികിത്സ തേടേണ്ടിവരുന്ന വ്യക്തി ഈ കാർഡുമായി വന്നാൽ അദ്ദേഹത്തിന് അപ്പോൾത്തന്നെ ഒരു ടോക്കൺ നമ്പർ നൽകുന്നു. അതോടെ അയാളുടെ വ്യക്തിഗത വിവരങ്ങളുമായി ചികിത്സ ബന്ധിപ്പിക്കുന്നതിന് കഴിയുന്നു. ഒരേ പേരിലും അഡ്രസ്സിലും പ്രായത്തിലുമുള്ള ഒട്ടനവധി വ്യക്തികൾ സംസ്ഥാനത്ത് പലയിടത്തായി ഉണ്ടാകാമെങ്കിലും ആധാറുമായി ബന്ധിപ്പിച്ച കാർഡ് (UHIDCard) നൽകുന്നതിലൂടെ ചികിത്സ തേടുന്ന വ്യക്തിയെ സംബന്ധിച്ച ആധികാരികത ഉറപ്പാക്കുന്നു. തുടർന്ന് ഡോക്ടറെ കാണുന്നതിന് മുമ്പായി നഴ്സിംഗ് സ്റ്റേഷനിൽ ആ വ്യക്തിയുടെ അടിസ്ഥാന രോഗ വിവരങ്ങളും മുൻ ചികിത്സകളും അലർജിയോ മറ്റോ ഉണ്ടെങ്കിൽ അതും മറ്റു പ്രധാന വിവരങ്ങളും നിലവിലെ രോഗലക്ഷണങ്ങളും രേഖപ്പെടുത്തി കിട്ടുന്നതിലൂടെ രോഗ നിർണ്ണയവും ചികിത്സയും വേഗത്തിൽ കൃത്യതയോടെ നിർവ്വഹിക്കാൻ കഴിയുന്നതാണ്. തിരക്ക് ഒഴിവാക്കുന്നതിന് ഫലപ്രദമായ ക്യൂ-മാനേജ്മെന്റ് സിസ്റ്റം ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും ലഭ്യമാണ്. ഓൺലൈൻ ഒ.പി. രജിസ്ട്രേഷൻ, ഒ.പി. ടോക്കൺ, ഡിസ്പ്ലേ, അഡ്വാൻസ് ടോക്കൺ ബുക്കിംഗ് എന്നീ സംവിധാനങ്ങൾ ഇതിനകം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടക്കം തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ലഭ്യമാണ്.

(സി) നമ്മുടെ സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി വിജയപഥത്തിൽ എത്തിക്കുന്നതിന് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച അടിസ്ഥാന വിവരശേഖരണം അനിവാര്യമാണ്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പക്കലുള്ള സ്ഥിതി വിവര കണക്കുകൾക്കുപുറമേ സംസ്ഥാനത്തെ 14 ജില്ലകളിലെയും ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ആവാസ പശ്ചാത്തലം ഭൂമിശാസ്ത്രപരമായ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി രേഖപ്പെടുത്തുന്ന സർവ്വേ നടപടികൾ പതിനായിരം ടാബ്ലെറ്റ് കമ്പ്യൂട്ടർ ഉപയോഗിച്ച് പ്രത്യേക പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകരെ ഉൾപ്പെടുത്തി പൂർത്തിയാക്കിവരുന്നു. ഇതിനോടകം ഒന്നരകോടി ജനങ്ങളുടെ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ പ്രാഥമിക വിവരശേഖരണത്തിന് ഗ്രാമപ്രദേശങ്ങൾക്കാണ് പരിഗണന നൽകിയിട്ടുള്ളതെങ്കിലും നഗര പ്രദേശങ്ങളിലെ ജനങ്ങളുടെ വിവരശേഖരണം Urban PHC-കൾ മുഖേന നടത്തുന്നതിന് ദേശീയ ആരോഗ്യ മിഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

UHID കാർഡുമായി ആശുപത്രിയിലെത്തുന്നവർക്ക് ചികിത്സതേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവരുടെ EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് അനുയോജ്യമായ കെട്ടിടം ആവശ്യമാണ്. അവിടെ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ് വർക്കിംഗ് സ്ഥാപിക്കുന്നതിനും അവയെ ബ്രോഡ്ബാൻഡ് മുഖേന സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി അഞ്ച് വർഷത്തേയ്ക്കുള്ള വാർഷിക പരിചരണ കരാറും (AMC) ഏർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതിനും ഓരോ ആശുപത്രികളിലേയും എല്ലാ വിഭാഗം ജീവനക്കാർക്കും ഡോക്ടർമാർക്കും ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകി, സാങ്കേതിക സഹായത്തിന് വിദഗ്ധരുടെ സേവനവുംകൂടി ഉറപ്പാക്കുന്നതിന് ഭാരിച്ച സാമ്പത്തിക ചെലവ് വേണ്ടിവരും. ആയതിനാൽ തെരഞ്ഞെടുക്കപ്പെട്ട ഇ-ഹെൽത്ത് ജില്ലകൾക്ക് പുറമേ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ആർദ്രം പദ്ധതിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾ നടന്നുവരുന്ന ആശുപത്രികളിലും മുൻഗണനാ ക്രമത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഇ) ഈ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ആർദ്രം പദ്ധതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേക്കും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ ചികിത്സ തേടിയെത്തുന്ന മുഴുവൻ ആളുകൾക്കും ആയാസരഹിതമായി രജിസ്ട്രേഷൻ നടത്തി ഒ.പി. ടിക്കറ്റെടുത്ത് ഡോക്ടറെ കാണുന്നതിനും വിവിധ പരിശോധനകൾ നടത്തുന്നതിനും കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആരോഗ്യ സംബന്ധിയായ അടിസ്ഥാന രേഖകൾ തയ്യാറാക്കുകയും അതിനെ e-Health Project-നുവേണ്ടി മാത്രം രൂപീകരിക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ച് ഏതൊരു വ്യക്തിക്കും കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചികിത്സ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തികളുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഭാവിയിൽ ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. ഇതിനുപുറമേ ഭാവിയിൽ ഉണ്ടാകാനിടയുള്ള പകർച്ചവ്യാധികൾ മുൻകൂട്ടി പ്രവചിക്കുന്നതിനും മുൻകരുതൽ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. ആരോഗ്യമേഖലയുടെ സമഗ്ര പദ്ധതി രൂപീകരണത്തിൽ ഇ-ഹെൽത്ത് ഭാവിയിൽ നിർണ്ണായക പങ്ക് വഹിക്കുന്നതാണ്.

## ഇ-ഹെൽത്ത് പദ്ധതി

210(246) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയാസരഹിതമായ ചികിത്സ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികളിൽ ആണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും അവയുടെ പ്രവർത്തന പുരോഗതിയും അറിയിക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിൽ കൂടുതൽ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ബൃഹത് പദ്ധതിയാണ് ഇ-ഹെൽത്ത് കേരള. ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്ന വ്യക്തിയുടെ രോഗവും ചികിത്സയും ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ കയ്യിൽ കൊണ്ടു നടക്കാവുന്ന ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചു നടത്തുന്ന ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ ആധാർ, വോട്ടർ ഐ.ഡി. മുതലായ ഏതെങ്കിലുമൊരു വ്യതിരിക്ത നമ്പർ മുഖേന

തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടെയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ചു നടത്തുന്ന ദൈനംദിന സർവ്വേകൾ വഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരം കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും.

സംസ്ഥാന ആരോഗ്യ വകുപ്പിൻ കീഴിലുള്ള മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള അലോപ്പതി വൈദ്യ ചികിത്സാ കേന്ദ്രങ്ങളിലാണ് ഇ-ഹെൽത്ത് കേരള പദ്ധതി നടപ്പിലാക്കുന്നത്. രണ്ട് ഘട്ടമായി പൂർത്തീകരിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

വൈദ്യശാസ്ത്ര ഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണ നയ പരിപാടികളുടെ രൂപവൽക്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിൽ സമഗ്രമായ പുരോഗതിക്ക് സഹായകമാകുന്നതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 25-1-2017-ന് തിരുവനന്തപുരം പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിൽ വച്ച് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

തിരുവനന്തപുരം ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള 13 ആശുപത്രികളിൽ പദ്ധതിയുടെ pilot implementation പൂർത്തീകരിച്ചതിന് ശേഷമാകും പദ്ധതി മറ്റ് സ്ഥാപനങ്ങളിലേക്ക് പൂർണ്ണമായും വ്യാപിപ്പിക്കുക. കൂടാതെ ജില്ലയിലെ മറ്റ് 83 സ്ഥാപനങ്ങളിലും പദ്ധതി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

പൈലറ്റ് സ്ഥാപനങ്ങളായ വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, വെള്ളനാട്, മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട്, ചിറയിൻകീഴ് താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഉപയോക്താക്കളിൽ നിന്നും അഭിപ്രായം സ്വീകരിച്ച് കുറ്റമറ്റ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ പുരോഗമിച്ചു വരികയും ചെയ്യുന്നു.

ഇ-ഹെൽത്തിന്റെ ഭാഗമായ Public Health Module സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയുടെ മറ്റൊരു ഘടകമായ ആശുപത്രി കമ്പ്യൂട്ടർവൽക്കരണം ഏഴ് ജില്ലകളിലാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്.

9500 ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ സംസ്ഥാനത്തൊട്ടാകെയായി ആരോഗ്യ പ്രവർത്തകർക്ക് വിതരണം ചെയ്യുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു. വ്യക്തിഗത ആരോഗ്യ വിവര ശേഖരണ നടപടികൾ ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ പുരോഗമിച്ചുവരുന്നു.

ആരോഗ്യ പ്രവർത്തകർ ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകളുമായി ഭവന സന്ദർശനം നടത്തി പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു അടിസ്ഥാന ആരോഗ്യ രേഖ തയ്യാറാക്കുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന പ്രസക്ത വിവരങ്ങൾ അപ്പപ്പോൾ തന്നെ കേന്ദ്രീകൃത സർവ്വറിലേക്ക് അപ്‌ലോഡ് ചെയ്യുന്നു. ഇതോടൊപ്പം ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും കേന്ദ്രീകൃത സർവ്വറുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികൾ ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾകൂടി ആ രോഗിയുടെ ആരോഗ്യ രേഖയിൽ ചേർക്കപ്പെടും. പേര്, മേൽവിലാസം എന്നിവ അടങ്ങുന്ന 13 പാരാമീറ്റേഴ്, ആധാർ നമ്പർ, വൈവാഹിക സ്ഥിതി, മതം, സാമൂഹിക വിഭാഗം, രക്തഗ്രൂപ്പ്, പ്രധാന ആരോഗ്യ പ്രതിരോധ കുത്തിവയ്പ്പ് നിലവാരം, വൈകല്യങ്ങൾ, പുകവലി, മദ്യപാനം, ക്ഷയരോഗ നിർണ്ണയ സർവ്വേ, ആഹാരരീതി, മൊബൈൽ നമ്പർ, വോട്ടർ ഐ.ഡി., ഡ്രൈവിംഗ് ലൈസൻസ്, ജോലി, വിദ്യാഭ്യാസ നിലവാരം കൂടാതെ വ്യക്തികൾ ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾ കൂടി ആ രോഗിയുടെ ആരോഗ്യ രേഖയിൽ കൂട്ടിച്ചേർക്കപ്പെടും. ഫീൽഡ് സർവ്വേ വഴി ലഭിച്ച ആരോഗ്യ വിവരങ്ങളും ചികിത്സാ കേന്ദ്രത്തിലെ ചികിത്സാ വിവരങ്ങളും ഒരു വ്യതിരിക്ത നമ്പർ മുഖേന ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ പൂർണ്ണത ഉറപ്പാക്കുകയും തുടർ ചികിത്സയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

കേന്ദ്രീകൃത ഒ.പി. സംവിധാനം മുഖേന ഒരു രോഗിയുടെ Electronic Health Record കേരളത്തിലെ ഏത് ഗവൺമെന്റ് ആശുപത്രിയിൽ നിന്നും ഡോക്ടർക്ക് പരിശോധിക്കുവാനും കൂടുതൽ വിവരങ്ങൾ ചേർക്കുവാനും സാധിക്കുന്നു. ഓരോ വ്യക്തിക്കും ഒരു Unique Health ID നൽകിയിട്ടുണ്ട്. UHID ഉപയോഗിച്ച് രോഗിക്ക് സ്വന്തം EHR Web Portal വഴി എവിടെ നിന്നും കാണാനും ആവശ്യമെങ്കിൽ പ്രിന്റ് ഔട്ട് എടുക്കാനും സാധിക്കുന്നു.

ഫീൽഡ് തലത്തിൽ ജീവിത ശൈലി രോഗങ്ങളെ സംബന്ധിച്ച് ക്ലിനിക്കുകളും ക്യാമ്പുകളും വഴി ലഭിക്കുന്ന സൂചനകളിലൂടെ രോഗ വിവരം

കണ്ടെത്താനും ഈ രോഗികളെ ടാബ്‌ലെറ്റുകൾ വഴി ആശുപത്രികളിലേക്ക് റഫർ ചെയ്യുന്നതിനും സാധിക്കും. പ്രസ്തുത വിവരം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിൽ തന്നെ ലഭ്യമായിട്ടുള്ള ഇ-ഹെൽത്ത് സോഫ്റ്റ്‌വെയർ സഹായത്താൽ വിവരങ്ങൾ അവിടെ രേഖപ്പെടുത്തുകയും രോഗനിർണ്ണയം നടത്തി ചികിത്സ ആരംഭിക്കുന്നതിനും സാധിക്കും. പ്രസ്തുത വിവരം ഫീൽഡ് തല പ്രവർത്തകർക്ക് അറിയുന്നതിനും തുടർന്ന് നടക്കുന്ന ഗൃഹസന്ദർശന വേളകളിൽ അവർക്ക് വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകാനും സങ്കീർണ്ണതകളുണ്ടായാൽ തുടർന്നും റഫർ ചെയ്യുന്നതിനും സാധിക്കും.

പബ്ലിക് ഹെൽത്ത് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്ത് ടെസ്റ്റ് നടത്തി ട്രയൽ റൺ നടത്തി. തിരുവനന്തപുരം ജില്ലയിലെ മൂന്ന് ഹെൽത്ത് ബ്ലോക്കിലും ട്രയൽ റൺ നടത്തി വിജയകരം എന്ന് ഉറപ്പാക്കി.

സർക്കാർ പ്രഖ്യാപിച്ച ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഇ-ഹെൽത്ത് ഒരു നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാനത്തെ 8 സർക്കാർ മെഡിക്കൽ കോളേജുകളിൽ O.P Transformation നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 9 ഡിപ്പാർട്ട്മെന്റുകളിൽ Reception, Queue Management എന്നിവ പൂർണ്ണമായും O.P. Transformation ഭാഗികമായും നടപ്പിലാക്കി. ഇതിനുപുറമേ SAT-യിലും കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇപ്പോൾ ഇവ പ്രവർത്തനക്ഷമമാണ്. വയനാട് ജില്ലയിലെ നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്ററിൽ പദ്ധതി പ്രാവർത്തികമായി. ഒ.പി. ചികിത്സയ്ക്കുള്ള ബുക്കിംഗ് ഓൺലൈൻ പോർട്ടൽ അല്ലാതെ മൊബൈൽ ആപ്പ്, ആശുപത്രിയിലെ KIOSK ഇവയിൽ കൂടെ ചെയ്യാം. ഇന്ന് ഡോക്ടറെ കാണുന്ന രോഗിക്ക് അടുത്തതായി വരേണ്ട ദിവസത്തേക്കുള്ള Advance Review Token ഡോക്ടർക്കുതന്നെ നൽകാവുന്നതാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി FHC-കളായി ഉയർത്തിയ 170 PHC-കളിൽ networking പ്രവർത്തനം പുരോഗമിക്കുന്നു. മറ്റു കേന്ദ്രങ്ങളിൽ സർവ്വെ പൂർത്തീകരിച്ച് ഹാർഡ്‌വെയർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കോതമംഗലം മണ്ഡലത്തിൽ കുട്ടംപുഴ FHC-യിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി വരുന്നത്. കുട്ടംപുഴ FHC-യിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിനുവേണ്ട സമഗ്ര സർവ്വേ നടത്തി. UPS wiring & Networking സ്ഥാപിക്കുകയും Broadband connectivity ഏർപ്പെടുത്തുകയും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിലെ വിവിധ വിഭാഗങ്ങളിലുള്ള ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് ഇ-ഹെൽത്ത് ജില്ലാ പ്രോജക്ട് എഞ്ചിനീയറെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ നടപടികളും പൂർത്തീകരിച്ച് മുപ്പത് ദിവസങ്ങൾക്കുള്ളിൽ ഇ-ഹെൽത്ത് കേരള പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതാണ്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഹൃദ്യം പദ്ധതി**

211(247) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സ നൽകുന്ന ഹൃദ്യം പദ്ധതി മുഖേന എന്തെല്ലാം ചികിത്സാ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളിലെ ഹൃദ്രോഗത്തിന് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാണ്. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ് നടപടികൾ ഏകീകരിക്കാനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് 'ഹൃദ്യം'. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. 'ഹൃദ്യം' പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഹൃദയ സംബന്ധമായ അസുഖബാധിതരായ 18 വയസ്സിനുതാഴെയുള്ള എല്ലാ കുട്ടികൾക്കും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാ ചികിത്സാ സേവനങ്ങളും പദ്ധതി മാനദണ്ഡപ്രകാരം ലഭ്യമാകുന്നു.

(ബി) ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ജനനം മുതൽ 18 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. ഹൃദ്യം സൈറ്റിൽ രജിസ്റ്റർ ചെയ്ത് അതാത് ഡി.ഇ.ഐ.സി.-യുടെ ഇടപെടൽ വഴി മാത്രമേ ചികിത്സാ സേവനങ്ങൾ ലഭ്യമാകുകയുള്ളൂ. പദ്ധതിയിൽ രജിസ്റ്റർ ചെയ്യാതെ നേരിട്ട് ആശുപത്രികളെ സമീപിക്കുന്നവർക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാകണമെന്നില്ല. പദ്ധതി APL/BPL ഭേദമന്യേ കേരളീയരായ 18 വയസുള്ളവരെയുള്ള എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നതാണ്.

## ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നതിന് നടപടി

212(248) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഓരോ കുടുംബത്തിനും എത്ര രൂപയുടെ ആരോഗ്യ പരിരക്ഷയാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) കാരുണ്യ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടാത്ത മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്ത് അർഹരായ കുടുംബങ്ങൾക്ക് പ്രതിവർഷം അഞ്ചുലക്ഷം രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ സഹായം കേരളത്തിനകത്തും രാജ്യത്തും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാ ആശുപത്രികളിലും ലഭ്യമാകും.

(ബി) 6-8-2019-ലെ G.O.(Ms)122/2019/H&FWD പ്രകാരം കേരളീയരായ ഏതു കുടുംബത്തിനും അവരുടെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിനു താഴെ ആണെങ്കിൽ, അവർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ, രണ്ടു ലക്ഷം രൂപയുടെ ചികിത്സ സഹായം കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിലുൾപ്പെടുത്തി ലഭ്യമാണ്.

## ഹൃദ്യം പദ്ധതിക്കാവശ്യമായ തുക

213(249) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് 'ഹൃദ്യം' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതിക്കാവശ്യമായ തുക സംസ്ഥാന സർക്കാരാണോ കേന്ദ്രസർക്കാരാണോ അതോ സംയുക്തമായാണോ നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) നാഷണൽ ഹെൽത്ത് മിഷന്റെ ആർ.ബി.എസ്.കെ. പദ്ധതിയുടെ ഫണ്ട് ഇതിലേയ്ക്കായി ഉപയോഗിക്കുന്നുണ്ടെങ്കിൽ എത്ര തുകയാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) നാളിതുവരെ ഈ പദ്ധതിയ്ക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കുന്നതിന് 'ഹൃദ്യം' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. ഇതിന് പരിഹാരമായിട്ടാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഹൃദ്യം പദ്ധതി ആരംഭിച്ചിരിക്കുന്നത്. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുവാനും ഫോളോഅപ്പ് നടപടികൾ ഏകീകരിക്കാനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ്‌വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ പദ്ധതി 2017 ആഗസ്റ്റ് മാസം 31 മുതൽ ആരംഭിച്ചു. ഇതിലൂടെ കുട്ടികളിൽ സങ്കീർണ്ണമായ രോഗാവസ്ഥകൾ കണ്ടുപിടിക്കുന്ന മുറയ്ക്ക് ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സാധ്യമാക്കുന്നു. ഇതിനുശേഷം മാത്രമേ കുട്ടിയെ നിലവിൽ ചികിത്സിക്കുന്ന ആശുപത്രിയിൽ നിന്ന് മാറ്റുകയുള്ളൂ. സർക്കാർ ആശുപത്രിയിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും RBSK മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള Visible and functional birth defect സ്ക്രീനിംഗിന് വിധേയരാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുന്ന കുഞ്ഞുങ്ങളെ ശിശുരോഗ വിദഗ്ദ്ധന്റെ സഹായത്തോടെ എക്കോ ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെ തന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു. സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. രോഗനിർണ്ണയത്തിനുശേഷം കുട്ടികളുടെ വിവരങ്ങൾ ഏതൊരാൾക്കും hridyam.in എന്ന സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) പദ്ധതിക്കാവശ്യമായ ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നൽകുന്നത്.

(സി) ഹൃദ്യം പദ്ധതിക്കാവശ്യമായ തുക ആർ.ബി.എസ്.കെ. പദ്ധതിയിൽ നിന്നും ലഭ്യമാകുന്നുണ്ട്. 2019-20 വർഷത്തേയ്ക്ക് ആർ.ബി.എസ്.കെ പദ്ധതിയിലുൾപ്പെടുന്ന അസുഖങ്ങൾക്ക് (ജന്മനാലുള്ള ഹൃദ്രോഗം ഉൾപ്പെടെ) 4506.46 ലക്ഷം രൂപ എൻ.എച്ച്.എം. വഴി അനുവദിച്ചിട്ടുണ്ട്.

(ഡി) ഹൃദ്യം പദ്ധതി തുടങ്ങിയതു മുതൽ നാളിതുവരെ പദ്ധതിക്ക് മാത്രമായി ചെലവായ തുക 1168.03 ലക്ഷം രൂപ കൂടാതെ 1296.58 ലക്ഷം രൂപ ശ്രീ ചിത്രാ ആശുപത്രി വഴിയും ജന്മനാലുള്ള ഹൃദ്രോഗ ചികിത്സയുടെ ഭാഗമായി ചെലവായിട്ടുണ്ട്.

**ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ പദ്ധതി**

214(250) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലുണ്ടാകുന്ന മാനസിക, സ്വഭാവ, വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് 'ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ' (ഒ.ആർ.സി.) പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സ്കൂളുകളെയാണ് ഒ.ആർ.സി. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് യൂണിസെഫ്-ൽനിന്നും സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ലാ കളക്ടർ അദ്ധ്യക്ഷത വഹിക്കുന്ന ജില്ലാതല ആക്ഷൻ ഗ്രൂപ്പാണ് ഒ.ആർ.സി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സ്കൂളുകൾ തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്തെ 304 സ്കൂളുകളിലാണ് ഒ.ആർ.സി. പദ്ധതി നിലവിൽ

നടപ്പിലാക്കുന്നത്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 25 സ്കൂളുകളിലും തൃശ്ശൂർ 26 സ്കൂളുകളിലും കൊല്ലം ജില്ലയിൽ 22-ഉം മലപ്പുറം ജില്ലയിൽ 21-ഉം പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 20 സ്കൂളുകളിലും ഓ.ആർ.സി പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 20 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ കൂടി ഒ.ആർ.സി പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷത്തിൽ ഒ.ആർ.സി. പദ്ധതി നടത്തിപ്പിനായി 3.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിന് ഏറ്റവും പ്രാവർത്തികവും നൂതനവുമായ പദ്ധതിയായി ഒ.ആർ.സി. പദ്ധതിയെ യൂണിസെഫ് അംഗീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഒ.ആർ.സി. പദ്ധതി ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ യൂണിസെഫ് നൽകിവരുന്നുണ്ട്. വിവിധ വിവര വിജ്ഞാന സാമഗ്രികൾ തയ്യാറാക്കുന്നതിനും കുട്ടികൾക്കായി ജീവിത നിപുണതാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമാണ് യൂണിസെഫ് പിന്തുണ നൽകുന്നത്. വർഷാവർഷങ്ങളിൽ പദ്ധതിയെ കൃത്യമായി അവലോകനം ചെയ്തശേഷമാണ് യൂണിസെഫ് പദ്ധതിക്ക് പിന്തുണ നൽകുന്നത്.

**കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി പദ്ധതി**

215(251) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത അക്രമവും പീഡനവും തടയുക എന്ന ലക്ഷ്യത്തോടെ കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി ഒരു തുടർ പദ്ധതിയായി നടത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. 'കരുതൽ സ്പർശം കൈകോർക്കാം കുട്ടികൾക്കായി' എന്ന പദ്ധതി സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി വനിതാ-ശിശു വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഉത്തരവാദിത്വപൂർണ്ണമായ രക്ഷാ കർത്തൃത്വം കുട്ടികൾക്ക് ഉറപ്പാക്കുകയെന്നതാണ് കരുതൽ സ്പർശത്തിന്റെ ഉദ്ദേശ്യം. ഇതിനായി പ്രസ്തുത വിഷയത്തെ ആസ്പദമാക്കിക്കൊണ്ട് ഒരു ഏകദിന തത്സമയ ബോധവൽക്കരണ പരിപാടി വിക്ടേഴ്സ് ചാനലിന്റെ സഹായത്തോടെ സംഘടിപ്പിച്ചിരുന്നു. സംസ്ഥാനത്തൊട്ടാകെ പ്രത്യേകം സജ്ജീകരിച്ച സംവിധാനങ്ങൾ വഴി ഒരു ലക്ഷത്തോളം വരുന്ന ആളുകൾ പ്രസ്തുത പരിപാടി വീക്ഷിക്കുകയുണ്ടായി. സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച പരിശീലകർക്കുള്ള ദ്വിദിന പരിശീലന പരിപാടിയിൽ ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർത്തൃത്വത്തെ കുറിച്ചും രക്ഷകർത്താക്കൾ അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ചും ആഴത്തിൽ ചർച്ചകൾ നടത്തി. അങ്കണവാടി മുഖേന രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്നതിനായി പരിശീലകർക്കുള്ള ഹാൻഡ് ബുക്ക് തയ്യാറാക്കിയിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി ഒരു ഷോർട്ട് ഫിലിം തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 941 പഞ്ചായത്തുകളിലും കരുതൽ സ്പർശത്തിന്റെ ഭാഗമായി രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി നടപ്പിലാക്കുന്നുണ്ട്. ജൂൺ 1 ഗ്ലോബൽ പാരന്റിംഗ് ഡേ മുതൽ നവംബർ 14 ശിശുദിനം വരെ മെഗാ ക്യാമ്പയിനുകൾ വൾനറബിലിറ്റി സർവ്വേ എന്നിവ സംഘടിപ്പിച്ചുവരുന്നു.

(സി) പരിശോധിച്ചുവരുന്നു.

**നാഷണൽ ഹെൽത്ത് മിഷൻ ഫണ്ട് മുഖേനയുള്ള പദ്ധതികൾ**

216(252) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ നാഷണൽ ഹെൽത്ത് മിഷൻ ഫണ്ടിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക; ഓരോ വർഷവും അനുമതി നൽകിയ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം എന്നിവ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ നിർമ്മാണ അനുമതി ലഭിച്ച പദ്ധതികളിൽ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താനുള്ളവ ഏതൊക്കെയെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം വൈകുന്നതിലെ കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) 2016-2017 മുതൽ 2019-20 സാമ്പത്തിക വർഷം വരെ എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക, നിർമ്മാണ പുരോഗതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

2019-20 സാമ്പത്തിക വർഷത്തിൽ 220 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ വേണ്ടി എൻ.ആർ.എം-ൽ നിന്നും 34.10 കോടി രൂപ അനുവദിച്ചു. ഇതിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ 728 ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററായി ഉയർത്തുവാൻ വേണ്ടി എൻ.എച്ച്.എം.-ൽ നിന്നും 50.96 കോടി രൂപ അനുവദിച്ചു. ഇതിന്റെ പ്രവർത്തനങ്ങളും പ്രാഥമിക ഘട്ടത്തിലാണ്.

14 ജില്ലാ ആശുപത്രികളുടെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി എൻ.എച്ച്.എം.-ൽ നിന്നും 2.1 കോടി രൂപ അനുവദിച്ചു. ഇതിന്റെ പ്രവർത്തനങ്ങളും പ്രാഥമിക ഘട്ടത്തിലാണ്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിച്ച മാനന്തവാടി ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, നിലമ്പൂർ ജില്ലാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മാണം, തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പുതിയ ബ്ലോക്ക് നിർമ്മാണം, 2015-2016 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിച്ച പി.എച്ച്.സി. ഷോളയാറിലെ ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം എന്നിവയാണ് ഇനി നിർമ്മാണം പൂർത്തീകരിക്കാനുള്ളത്. ഇവയിൽ തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ ബ്ലോക്ക് നിർമ്മാണം നവംബർ 2019-നും നിലമ്പൂർ ജില്ലാ ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മാണം ഡി.എച്ച്. സെപ്റ്റംബർ 2020-ലും പൂർത്തീകരിക്കുവാൻ സാധിക്കും.

(ഡി) തൈയ്ക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി പ്രവൃത്തിയിൽ നിർമ്മാണ ഏജൻസിയുടെ (ബി.എസ്.എൻ.എൽ) ഭാഗത്തുനിന്നും കാലതാമസം നേരിട്ടു. നിലമ്പൂർ ജില്ലാ ആശുപത്രി പ്രവൃത്തിയിൽ ആശുപത്രി മാലിന്യം നീക്കം ചെയ്ത് പ്രവൃത്തി തുടങ്ങുവാൻ കാലതാമസം നേരിട്ടു. പി.എച്ച്.സി. ഷോളയാറിലെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം, നിർമ്മാണ സ്ഥലത്തിന്റെ അപര്യാപ്തത മൂലം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്റ്റാഫ് ക്വാർട്ടേഴ്സ് മാനന്തവാടിയുടെ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും ടി സ്ഥലവുമായി ബന്ധപ്പെട്ട് ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്നതിനാൽ ടി പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകുവാൻ സാധിച്ചിട്ടില്ല.

**അശ്വമേധം പദ്ധതി**

217(253) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ കുഷ്ഠരോഗികളുടെ എണ്ണം എത്രയാണെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ജില്ലതിരിച്ച് അറിയിക്കാമോ;

(ബി) എറണാകുളം ജില്ലയിൽ 2019-ൽ എത്ര കേസ്സുകൾ പുതുതായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മേഖലയിൽ വെർട്ടിക്കലായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ഡി) അശ്വമേധം പദ്ധതി നടപ്പിലാക്കിയതിനു ശേഷം എത്ര പേർക്ക് രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള കേന്ദ്ര സഹായം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 843 കുഷ്ഠരോഗികൾ ചികിത്സയിലുണ്ട്.

| ജില്ല | കുഷ്ഠരോഗികളുടെ എണ്ണം (സെപ്റ്റംബർ 2019 വരെയുള്ള കണക്ക്) |
|---|---|
| തിരുവനന്തപുരം | 108 |
| കൊല്ലം | 23 |
| പത്തനംതിട്ട | 18 |
| ആലപ്പുഴ | 61 |
| ഇടുക്കി | 35 |
| കോട്ടയം | 14 |
| എറണാകുളം | 48 |
| തൃശ്ശൂർ | 97 |
| പാലക്കാട് | 158 |
| മലപ്പുറം | 61 |
| കോഴിക്കോട് | 122 |
| വയനാട് | 9 |
| കണ്ണൂർ | 62 |
| കാസർഗോഡ് | 27 |
| ആകെ | 843 |

(ബി) 17 കേസുകൾ

(സി) ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാമിൽ ജോലി ചെയ്യുന്ന വെർട്ടിക്കൽ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>ജില്ല</th><th>അസിസ്റ്റന്റ് ലെപ്രസി ഓഫീസർമാരുടെ എണ്ണം</th><th>നോൺ മെഡിക്കൽ സൂപ്പർവൈസർ മാരുടെ എണ്ണം</th><td rowspan="16">സംസ്ഥാന തലത്തിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയുമുണ്ട്.</td></tr>
<tr><td>തിരുവനന്തപുരം</td><td>3</td><td>8</td></tr>
<tr><td>കൊല്ലം</td><td>1</td><td>5</td></tr>
<tr><td>പത്തനംതിട്ട</td><td>1</td><td>3</td></tr>
<tr><td>ആലപ്പുഴ</td><td>3</td><td>5</td></tr>
<tr><td>ഇടുക്കി</td><td>1</td><td>2</td></tr>
<tr><td>കോട്ടയം</td><td>2</td><td>2</td></tr>
<tr><td>എറണാകുളം</td><td>2</td><td>7</td></tr>
<tr><td>തൃശ്ശൂർ</td><td>2</td><td>5</td></tr>
<tr><td>പാലക്കാട്</td><td>1</td><td>4</td></tr>
<tr><td>മലപ്പുറം</td><td>2</td><td>4</td></tr>
<tr><td>കോഴിക്കോട്</td><td>2</td><td>3</td></tr>
<tr><td>വയനാട്</td><td>1</td><td>2</td></tr>
<tr><td>കണ്ണൂർ</td><td>2</td><td>2</td></tr>
<tr><td>കാസർഗോഡ്</td><td>1</td><td>3</td></tr>
<tr><td>ആകെ</td><td>24</td><td>55</td></tr>
</table>

(ഡി) 2018 ഡിസംബറിൽ അശ്വമേധം പദ്ധതി നടപ്പിലാക്കിയത് മുതൽ സെപ്റ്റംബർ 2019 വരെ 611 പേർക്ക് രോഗം പുതുതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) 2018-19-ൽ അശ്വമേധം ഒന്നാംഘട്ടം പദ്ധതിയിൽ 8 ജില്ലകളിലായി (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) 754.26 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിനായ ചെലവുകൾ ദേശീയ ആരോഗ്യദൗത്യം സംസ്ഥാന ഓഫീസിൽ നിന്നും ലഭിച്ചു. 2019-20-ൽ കേന്ദ്രസർക്കാരിൽ നിന്നും അശ്വമേധം പദ്ധതി നടത്താൻ 1143.52 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. 2 ഘട്ടങ്ങളിലായി അശ്വമേധം ഈ സാമ്പത്തിക വർഷത്തിൽ നടത്തുകയുണ്ടായി.

2019 അശ്വമേധം പദ്ധതിയിൽ ഏപ്രിൽ മാസത്തിൽ 344.79 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും സെപ്റ്റംബർ മാസത്തിൽ 786.77 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും നടത്തി. 344.79 ലക്ഷം രൂപ ദേശീയ ആരോഗ്യദൗത്യം സംസ്ഥാന ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്.

## അശ്വമേധം പദ്ധതി

218(254) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി അശ്വമേധം പദ്ധതി നടപ്പാക്കിയ ശേഷം കുഷ്ഠരോഗികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിക്ക് നിലവിൽ കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി എത്ര വർഷത്തേക്ക് കൂടി തുടരേണ്ടിവരുമെന്നാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ നിലവിലുള്ള ലെപ്രസി ജീവനക്കാരുടെ സേവനം ഉറപ്പാക്കുവാൻ കഴിയുമോ; ഇല്ലെങ്കിൽ ഇതിലേക്ക് മുൻകൂട്ടി സ്വീകരിക്കാൻ കഴിയുന്ന ബദൽ മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അശ്വമേധം പദ്ധതി നടപ്പാക്കുന്നതിനുമുൻപ് കുഷ്ഠരോഗത്തിന്റെ നിരക്ക് (10000 പേരിൽ) 0.2 ആയാണ് കണക്കാക്കിയിരുന്നത്. 2018 ഡിസംബറിൽ നടപ്പിലാക്കിയ അശ്വമേധം പദ്ധതിയുടെ ഭാഗമായി നടന്ന ബോധവൽക്കരണ പരിപാടിയുടെയും ഭവന സന്ദർശനത്തിന്റെയും ഫലമായി സംശയമുള്ളവരെ മുഴുവൻ പരിശോധനയ്ക്ക് വിധേയരാക്കിയതിനെ തുടർന്ന് കൂടുതൽ രോഗികളെ കണ്ടെത്തുവാൻ സാധിച്ചതിനാൽ 2019 മാർച്ച് 31-ന് നിരക്ക് 0.25 ആയി ഉയർന്നിട്ടുണ്ട്.

(ബി) 2018-19-ൽ അശ്വമേധം ഒന്നാംഘട്ടം പദ്ധതിയിൽ 8 ജില്ലകളിലായി (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) 754.26 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിനുള്ള ഫണ്ട് ദേശീയ ആരോഗ്യദൗത്യം സംസ്ഥാന ഓഫീസിൽ നിന്നും ലഭിച്ചിരുന്നു. 2019-20-ൽ കേന്ദ്ര സർക്കാരിൽ നിന്നും അശ്വമേധം പദ്ധതി നടത്താൻ 1143.52 ലക്ഷം രൂപയുടെ അനുമതി ലഭിച്ചു. 2 ഘട്ടങ്ങളിലായി അശ്വമേധം പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടത്തുകയുണ്ടായി.

2019 അശ്വമേധം പദ്ധതിയിൽ ഏപ്രിൽ മാസത്തിൽ 344.79 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും സെപ്റ്റംബർ മാസത്തിൽ 786.77 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും നടത്തി. 344.79 ലക്ഷം രൂപ ദേശീയ ആരോഗ്യദൗത്യം സംസ്ഥാന ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(സി) നിലവിലെ സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി 2025-ഓടുകൂടി കുഷ്ഠരോഗത്തിന്റെ വ്യാപന നിരക്ക് 0.1 (10000-ൽ) ആക്കുകയെന്ന ലക്ഷ്യത്തോടുകൂടിയ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തിവരുന്നത്. 0.1 എന്ന വ്യാപന നിരക്ക് എത്തിയാൽ മാത്രമേ കുഷ്ഠരോഗം ഒരു പൊതുജനാരോഗ്യ പ്രശ്നമല്ലാതായി മാറുകയുള്ളൂ. അതിനാൽ നിലവിൽ 2025 വരെയുള്ള പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

(ഡി) പ്രസ്തുത കാലയളവിൽ നിലവിലുള്ള വെർട്ടിക്കൽ ജീവനക്കാരുടെ സേവനം ലഭ്യമാണ്. മാത്രവുമല്ല കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത് ജനറൽ ഹെൽത്ത് ജീവനക്കാരിലൂടെയാണ്.

**ആയുഷ്മാൻ ഭാരത് പദ്ധതി**

219(255) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് പ്രാബല്യത്തിലുണ്ടായിരുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ.)-യ്ക്കു പകരം ആയുഷ്മാൻ ഭാരത് എന്ന പേരിൽ കൊണ്ടുവന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിപുലീകൃതമായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ (കാസ്പ്) വിശദാംശം നൽകുമോ; ഗുണഭോക്താക്കൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന പ്രീമിയം തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) കേന്ദ്ര പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരായവരുടെയും സംസ്ഥാന പദ്ധതി പ്രയോജനപ്രദമാകുമെന്ന് കണക്കാക്കുന്നവരുടെയും എണ്ണം അറിയിക്കാമോ;

(ഡി) പുതിയ പദ്ധതി ആരംഭിച്ചതിനെ തുടർന്ന് കാരുണ്യ പദ്ധതി നിർത്തലാക്കുന്ന സാഹചര്യത്തിൽ കാരുണ്യ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നവർക്കും ലഭിക്കാൻ അർഹതയുള്ളവർക്കും സഹായം നിഷേധിക്കപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ഇ) കേന്ദ്രസർക്കാർ നിലപാടിൽ നിന്നു വിഭിന്നമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതോടൊപ്പം തന്നെ പൊതുജനാരോഗ്യ മേഖലയെ ശാക്തീകരിക്കാൻ നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ?

<u>ഉത്തരം</u>

(എ,ബി&ഇ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന (AB-PMJAY) പദ്ധതിയോട് കൈകോർത്തുകൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) സംസ്ഥാനത്ത് 2019 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയിരിക്കുന്നു. ആർ.എസ്.ബി.വൈ.-ക്കു പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011 (SECC)-ൽ ദുർബ്ബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽമൂലം ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി. അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു.

സംസ്ഥാന സർക്കാർ ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ആർ.എസ്.ബി.വൈ./ചിസ്, ചിസ് പ്ലസ് (CHIS PLUS), എസ് ചിസ് (SCHIS) പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിരുന്ന ജനങ്ങളെ പദ്ധതിയുടെ ആനുകൂല്യം നഷ്ടപ്പെടാതെ ഇരിക്കുന്നതിനുമായി ഈ പദ്ധതികൾ സംയോജിപ്പിച്ച് നിലവിലുള്ള 40.96 ലക്ഷം കുടുംബങ്ങളെയും ഉൾക്കൊള്ളിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വിഭാവനം ചെയ്യുകയും 2019 ഏപ്രിൽ 1 മുതൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയും ചെയ്യുന്നു.

കേരളത്തിൽ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയുടെ ആനുകൂല്യം ടി പദ്ധതിയുടെ അവസാന വർഷമായ 2018-19-ൽ 40.96 ലക്ഷം കുടുംബങ്ങളായിരുന്നു. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സേവന ദാതാവിന് അടക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്ര സർക്കാർ നൽകിവന്നിരുന്നു. (2015 വരെ കേന്ദ്ര വിഹിതം 75%-വും സംസ്ഥാന വിഹിതം 25%-വും ആയിരുന്നു.) ബാക്കിവരുന്ന ആർ.എസ്.ബി.വൈ.യുടെ 40%-വും ചിസ് പദ്ധതിയിൽ (19.39 ലക്ഷം കുടുംബങ്ങൾ) ഉള്ളവർക്ക് മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാരാണ് നൽകി വന്നിരുന്നത്.

ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയും കൂടാതെ സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (SCHIS)പ്രകാരം പദ്ധതിയിൽ അംഗമായിട്ടുള്ള അറുപതു വയസിനു മുകളിലുള്ള ഓരോ കുടുംബാംഗത്തിനും 30,000 രൂപയുടെ അധിക ചികിത്സയുമാണ് നൽകിയിരുന്നത്. ഈ രണ്ടു പദ്ധതികൾക്കും കൂടി 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നത് 750 രൂപയായിരുന്നു. (കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി.വൈ.യുടെ പ്രീമിയമായ 500 രൂപയും ചേർത്ത് 1250 രൂപയുടെ 60% ആയ 750 രൂപ). സൗജന്യ ചികിത്സ പരിധി 500,000 മായി ഉയർത്തിയപ്പോൾ കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ട പ്രീമിയം 1052 രൂപയായി കുറച്ചു. ഇതിന്റെ 60% ആയ 631.2 രൂപ (അറുന്നൂറ്റി മുപ്പത്തിയൊന്ന് രൂപ ഇരുപത് പൈസ) മാത്രമാണ് 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ പ്രീമിയം വിഹിതമായി നൽകുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 21.57 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയമായ 1671 രൂപയിൽ കേന്ദ്ര വിഹിതം ആയി 631.20 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ബാക്കിയുള്ള 1040 രൂപ ആയുഷ്മാൻ ഭാരത് പദ്ധതിയുള്ള ഓരോ കുടുംബത്തിനും സംസ്ഥാന സർക്കാർ പ്രീമിയം നൽകേണ്ടതുണ്ട്. അതായത് ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ 62% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടിവരുന്നത്. കൂടാതെ ചിസ് പദ്ധതി പ്രകാരമുള്ള 19.39 ലക്ഷം കുടുംബാംഗങ്ങൾക്കും 100% പ്രീമിയം (1671 രൂപ) സംസ്ഥാന സർക്കാർ നൽകണം.

| SCHEME | FAMILIES | FUND | SHARE |
|---|---|---|---|
| KASP/AYUSHMAN/ BHARAT STATE SHARE | 215742+ 1938989 | 548,33,90,004.60 | 80.11 |
| KASP/AYUSHMAN BHARAT CENTRAL SHARE | 2157472 | 136,17,96,326.40 | 19.89 |
| TOTAL | | 684,51,86,331.00 | 100.00 |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ പദ്ധതി തുകയുടെ 80.11% വഹിക്കുകയും കേന്ദ്ര സർക്കാർ 19.89 ശതമാനമാണ് പദ്ധതി വിഹിതം നൽകുന്നത്.

സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നവർക്ക് തുടർന്നും തടസ്സമില്ലാതെ സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.

ആയുഷ്മാൻ ഭാരത്/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ഒരു കുടുംബത്തിന് ഓരോ വർഷവും അഞ്ച് ലക്ഷം രൂപയുടെ ചികിത്സാ സഹായം തെരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാകും. മാത്രമല്ല ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അംഗീകാരമുള്ള രാജ്യത്തെ എല്ലാ ആശുപത്രികളിലും ഗുണഭോക്താക്കൾക്ക് ചികിത്സ തേടാവുന്നതാണ്.

(സി) നിലവിൽ 31-3-2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ./ ചിസ് കാർഡ് കൈവശമുള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011-ൽ ഉൾപ്പെട്ട ദരിദ്ര വിഭാഗം ജനങ്ങൾക്കും മാത്രമാണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്. ആർ.എസ്.ബി.വൈ./ചിസ് കാർഡിൽ വിവിധ സാമൂഹികാവസ്ഥയിലുള്ള ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ജനവിഭാഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 6-8-2019-ലെ G.O.(Rt)122/2019/H&FWD പ്രകാരം കാരുണ്യ പദ്ധതി തുടരുന്നുണ്ട്. മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബത്തിന് രണ്ട് ലക്ഷം രൂപവരെയുള്ള ചികിത്സ സഹായം ലഭ്യമാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാൻസർ സുരക്ഷാ പദ്ധതി

220(256) ശ്രീ. കെ. ദാസൻ:
ശ്രീ. സജി ചെറിയാൻ: :
ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രായഭേദമന്യേ കാൻസർ ബാധിതരുടെ എണ്ണം വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പതിനെട്ട് വയസ്സിന് താഴെയുള്ള കാൻസർ ബാധിതരായ എല്ലാ കുട്ടികൾക്കും പ്രയോജനം ലഭിക്കുന്ന വിധത്തിൽ കാൻസർ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഒരു കുട്ടിയ്ക്ക് എത്ര രൂപ വരെയാണ് പ്രസ്തുത പദ്ധതി പ്രകാരം സഹായം നൽകുന്നതെന്ന് അറിയിക്കാമോ;

(ഡി) ഏതെല്ലാം ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി)) ഉണ്ട്.

(സി) കാൻസർ സുരക്ഷാ പദ്ധതി പ്രകാരം ഒരു കുട്ടിക്ക് പ്രാരംഭഘട്ടത്തിൽ 50,000 രൂപയുടെ സൗജന്യ ചികിത്സയും തുടർ ചികിത്സയ്ക്കായി അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ചികിത്സയും ഡോക്ടറുടെ നിർദ്ദേശപ്രകാരം സാമൂഹ്യ സുരക്ഷാ മിഷന്റെ അനുമതിയോടെ ലഭിക്കുന്നതാണ്.

(ഡി) റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിലും കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാണ്.

## കനിവ് 108 പദ്ധതി

221(257) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കനിവ് 108' പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ കേന്ദ്രങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്താകമാനം അപകടങ്ങളിൽപ്പെടുന്ന ഏതൊരു വ്യക്തിയേയും സമയബന്ധിതമായി പ്രഥമശുശ്രൂഷകൾക്ക് ശേഷം അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് ആശുപത്രികളിൽ എത്തിക്കുക എന്നുള്ളതും റോഡപകടങ്ങളിൽപ്പെടുന്നവർക്ക് ആദ്യത്തെ 48 മണിക്കൂറിൽ സൗജന്യ ചികിത്സ ലഭ്യമാക്കുക എന്നുള്ളതും കേരള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. ആയതിന്റെ ഒന്നാംഘട്ടമായി സംസ്ഥാനത്തൊട്ടാകെ അത്യാധുനിക സൗജന്യ ആംബുലൻസുകളുടെ ശൃംഖല ഒരുക്കിയിരിക്കുകയാണ്. 108 എന്ന ടോൾഫ്രീ നമ്പർ വഴിയോ മൊബൈൽ ആപ്ലിക്കേഷൻ വഴിയോ കേന്ദ്രീകൃത കോൾ സെന്ററിന്റെ സഹായത്തോടെ സൗജന്യ ആംബുലൻസ് സേവനം പ്രാപ്യമാക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്. "കനിവ്-108" എന്ന പേരിൽ സംസ്ഥാനത്തൊട്ടാകെ നടപ്പിൽ വരുത്തുന്ന സൗജന്യ ആംബുലൻസ് ശൃംഖലയിൽ അത്യാധുനിക ജീവൻരക്ഷാ ഉപകരണങ്ങളും പരിശീലനം സിദ്ധിച്ച സാങ്കേതിക വിദഗ്ധരും അടങ്ങിയ 315 ആംബുലൻസുകളുടെ സേവനമാണ് ലക്ഷ്യമിടുന്നത്. ഈ വാഹനങ്ങളെല്ലാം തന്നെ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചവയായിരിക്കും. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള കേന്ദ്രീകൃത കോൾ സെന്റർ ആണ് പ്രസ്തുത വാഹനങ്ങളെ നിയന്ത്രിക്കുന്നത്. പരിശീലനം ലഭിച്ച എമർജൻസി റെസ്പോൺസ് ഓഫീസർമാർ ഈ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽനിന്ന് സ്ഥലവും അപകടത്തിന്റെ വിശദാംശവും മനസ്സിലാക്കി ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടുകൂടി ഏറ്റവും അടുത്തുള്ള ആംബുലൻസിനെ ആവശ്യക്കാരന്റെ അടുത്തെത്തിച്ച് പരിശോധനയ്ക്കുശേഷം വേണ്ട ചികിത്സ കിട്ടുന്ന ആശുപത്രി തെരഞ്ഞെടുത്ത് എത്രയും പെട്ടെന്ന് എത്തിക്കുകയെന്നുള്ളതാണ് അടിസ്ഥാനപരമായി ഈ സർവ്വീസ് കൊണ്ടുദ്ദേശിക്കുന്നത്. ഈ വാഹനങ്ങളുടെ പ്രവർത്തനം 2 ആയി തരം തിരിക്കുന്നു. 24 മണിക്കൂർ പ്രവർത്തനം നടത്തുന്ന

ആംബുലൻസുകളും രാവിലെ 8 മുതൽ രാത്രി 8 വരെ സർവ്വീസ് നടത്തുന്ന ആംബുലൻസുകളും. പകൽ സമയങ്ങളിൽ 315 വാഹനങ്ങളും സർവ്വീസ് നടത്തുന്നതായിരിക്കും. രാത്രി കാലങ്ങളിൽ ഏകദേശം പകുതിയോളം വാഹനങ്ങൾ മാത്രമെ സർവീസ് നടത്തുകയുള്ളൂ.

പ്രസ്തുത പ്രോജക്ടിന്റെ മേൽനോട്ടത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ജില്ലകളിലെ സൂപ്രണ്ട് ഓഫ് പോലീസ്, ഡിസ്ട്രിക്റ്റ് പ്രോഗ്രാം മാനേജർ, ഡിസ്ട്രിക്റ്റ് മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളാണ്. പ്രസ്തുത കമ്മിറ്റി 3 മാസത്തിൽ ഒരിക്കൽ യോഗം ചേരുകയും പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനം വിശകലനം ചെയ്തശേഷം വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് സംബന്ധിച്ചും 12 മണിക്കൂർ, 24 മണിക്കൂർ വാഹനങ്ങളുടെ എണ്ണം സംബന്ധിച്ചും നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. 315 വാഹനങ്ങളിലും ഈ പദ്ധതിയെ സംബന്ധിച്ച പരാതികൾക്കും നിർദ്ദേശങ്ങൾക്കുമായി ഒരു ടോൾ ഫ്രീ നമ്പർ 1800 599 2270 പ്രദർശിപ്പിച്ചിട്ടുണ്ട്.

"കനിവ് 108" എന്ന പദ്ധതിയുടെ ഒന്നാംഘട്ട ഉദ്ഘാടനം 2019 സെപ്റ്റംബർ 17-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ പ്രസ്തുത പദ്ധതി 25-09-2019 മുതൽ നിലവിൽ വന്നു. 101 ആംബുലൻസുകളാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ തൃശ്ശൂർ മുതൽ കാസർകോഡ് വരെയുള്ള രണ്ടാംഘട്ട ഉദ്ഘാടനം 21-10-2019-ൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രി കണ്ണൂരിൽ നിർവ്വഹിച്ചു.

(ബി) "കനിവ് 108" ആംബുലൻസുകൾ വിന്യസിച്ചിരിക്കുന്ന ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആർദ്രം പദ്ധതി**

222(259) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെട്ട ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത നിർമ്മാണപുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലുൾപ്പെട്ട ചെറുതാഴം പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

2018-2019 ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് തറ, കല്ല്യാശ്ശേരി, മാട്ടൂൽ, കുഞ്ഞിമംഗലം, പട്ടുവം, ചെറുകുന്ന് പുന്നച്ചേരി, കടന്നപ്പള്ളി, പുതിയങ്ങാടി (ഫിഷറീസ്) എന്നീ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 2018-2019-ലെ ചെറുകുന്ന് തറ, കല്ല്യാശ്ശേരി, കുഞ്ഞിമംഗലം, മാട്ടൂൽ, പട്ടുവം എന്നീ കേന്ദ്രങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ചെറുകുന്ന് പുന്നച്ചേരിയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം നിർമ്മാണം ആരംഭിക്കുന്നതാണ്. കടന്നപ്പള്ളി പി.എച്ച്.സി.-യിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. എം.എൽ.എ. ഫണ്ടുപയോഗിച്ച് ആയത് ആരംഭിക്കുന്നതാണ്. പുതിയങ്ങാടി (ഫിഷറീസ്) യിൽ ഡി.പി.ആർ തയ്യാറാക്കിയതിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ആർദ്രം പദ്ധതി**

223(260) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ നിന്നും ഏതെങ്കിലും ആശുപത്രിയെ പുതിയതായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ അടക്കാപുത്തൂർ, നെല്ലായ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ചളവറ, വാണിയംകുളം, വെള്ളിനേഴി എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ഉൾപ്പെടാത്ത സ്ഥാപനങ്ങളെ NHMPIP-യിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർദ്രം പദ്ധതി**

224(261) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിലേർപ്പെടുത്തിയ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിലെ കുലശേഖരപുരം പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ കരുനാഗപ്പള്ളി മണ്ഡലത്തിലെ ആലപ്പാട്, അഴീക്കൽ, തൊടിയൂർ, വള്ളിക്കാവ്, തഴവ എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കുലശേഖരപുരം എഫ്.എച്ച്.സി.-യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഒബ്സർവേഷൻ സൗകര്യം, ലാബ് സൗകര്യം തുടങ്ങിയവ നല്കിവരുന്നു. കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, നഴ്സസ് ഫ്രീ ചെക്ക് അപ്പ്, കൗൺസിലിംഗ്, എൻ.സി.ഡി., ശ്വാസ്, ആശ്വാസം ക്ലിനിക്ക് എന്നിവ ലഭ്യമാക്കിവരുന്നു. മറ്റ് ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**എറണാകുളം മെഡിക്കൽ കോളേജ്**

225(263) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദാംശം അറിയിക്കുമോ ;

(ബി) നിലവിൽ എന്തെല്ലാം പദ്ധതികൾ ഇവിടെ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) എറണാകുളം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിന് മാത്രമായി പ്രത്യേകം സജ്ജമാക്കിയ നാലുനിലകളുള്ള കാർഡിയോളജി ബ്ലോക്കിൽ കിഫ്ബിയുടെ സഹായത്തോടെ 13 കോടി രൂപ ചെലവഴിച്ചു. പുതുതായി സ്ഥാപിച്ച കാത്ത് ലാബ് സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

2. ഡയാലിസിസ് യൂണിറ്റ് പുതിയ 15 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ 3 ഷിഫ്റ്റായി പ്രവർത്തനം പുനഃക്രമീകരിച്ചു. ഡയാലിസിസ് യൂണിറ്റിൽ പുതിയ മെഷീനുകൾ ഉൾപ്പെടുത്തി അതിവിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

3. ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 5 കോടി രൂപ ചെലവഴിച്ച് സി.ടി. സ്കാൻ യൂണിറ്റ് ആരംഭിക്കുകയും 80 ലക്ഷം രൂപ ഉപയോഗിച്ച് മോർച്ചറി നവീകരിക്കുകയും ചെയ്തു.

4. എം.ആർ.ഐ. അടക്കമുള്ള 25 കോടി രൂപയുടെ ഇമേജിംഗ് സെന്റർ 2019 ജൂലൈ മുതൽ പ്രവർത്തിച്ചുവരുന്നു.

5. ആശുപത്രി നവീകരണത്തിന് മാത്രമായി 4.48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, നവജാത ശിശുരോഗ വിഭാഗം, ചില വാർഡുകൾ, ഐ.സി.യു-കൾ എന്നിവയുടെ പണി പൂർത്തിയാക്കി.

6. ലേബർ റൂമിനോട് ചേർന്ന് രണ്ട് ഓപ്പറേഷൻ തീയേറ്ററുകൾ കൂടി സ്ഥാപിക്കുകയും നവജാത ശിശുവിഭാഗം പുതിയ വെന്റിലേറ്ററുകൾ ഉൾപ്പെടുത്തി വിപുലീകരിക്കുകയും ചെയ്തു.

7. സെൻട്രൽ ഓക്സിജൻ പൈപ്പ് ലൈൻ വാർഡുകളിലും സ്ഥാപിച്ചു.

8. ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട ഒ.പി. ബ്ലോക്കുകളെ ബന്ധിപ്പിക്കുന്ന പാലം നിർമ്മാണം പൂർത്തിയായി.

9. മുൻ എം.പി. ശ്രീ. കെ. വി. തോമസിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള സഹായം ഉപയോഗിച്ച് ദിവസേന 500 ടൺ മാലിന്യം സംസ്കരിക്കാവുന്ന ബയോഗ്യാസ് പ്ലാന്റ് നിർമ്മിച്ചു.

10. മൈക്രോബയോളജി വിഭാഗത്തിൽ ഇൻഫെക്ഷനുകൾ നേരത്തെ കണ്ടെത്തുന്നതിനായി Bactec മെഷീനും ടി.ബി. രോഗബാധ നേരത്തേ കണ്ടെത്തുന്നതിനായി CBNAAT മെഷീനും സ്ഥാപിച്ചിട്ടുണ്ട്.

11. ഓപ്പറേഷൻ തീയേറ്ററിൽ അത്യാധുനിക ഒ.ടി. ലൈറ്റുകളും താക്കോൽദ്വാര ശസ്ത്രക്രിയ ചെയ്യുന്നതിനായി അമേരിക്കൻ നിർമ്മിത മെഷീനുകളും സ്ഥാപിച്ചു.

12. കെൽട്രോൺ മുഖേന ഒരു കോടി രൂപയുടെ റൂഫ് ടോപ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

13. ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

14. പുതിയ ലേഡീസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

15. കാൻസർ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

16. കാഷ്വാലിറ്റി, ഐ.സി.യു, ഓപ്പറേഷൻ തീയേറ്റർ എന്നിവിടങ്ങളിൽ വെന്റിലേറ്ററും മോണിറ്ററും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്.

17. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഉൾപ്പെടെ മൊത്തം 117 തസ്തികകൾ സൃഷ്ടിച്ചു.

18. എമർജൻസി ട്രീറ്റ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിന് അധികം അനുവദിച്ച 1.1 കോടി രൂപ വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങി.

19. പാലും ബ്രഡും നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

20. ഒ.പി. ഫാർമസി പ്രവർത്തന സമയം 24 മണിക്കൂറാക്കി ദീർഘിപ്പിച്ചു.

21. കാരുണ്യ ഫാർമസി പ്രവർത്തന സമയം ദീർഘിപ്പിച്ചു.

22. എല്ലാ വാർഡുകളിലും എമർജൻസി ട്രീറ്റ്മെന്റ് ഉപകരണങ്ങൾ (ഓക്സിജൻ, പൾസ്ഓക്സി മീറ്റർ, സക്ഷൻ അപ്പാരറ്റ്സ്) സ്ഥാപിച്ചിട്ടുണ്ട്.

23. ഐസൊലേഷൻ വാർഡുകൾ നവീകരിച്ചു.

24. ഡിജിറ്റൽ എക്സ്റേ സംവിധാനം സ്ഥാപിച്ചു.

25. പവർ ഗ്രിഡ് കോർപ്പറേഷനിൽ നിന്ന് പുതിയ ആംബുലൻസ് ലഭിച്ചു.

26. ഇൻസിനറേറ്റർ പ്ലാന്റിന്റെ നവീകരണം പൂർത്തിയാക്കി.

27. ബഹുമാനപ്പെട്ട ജോൺ ഫെർണാണ്ടസ് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് കോളേജിനായി ബസ് അനുവദിച്ചു.

28. റാമ്പ് ടൈലിംഗ്, സ്ത്രീകളുടെ അമിനിറ്റി സെന്റർ, പുരുഷൻമാർക്ക് വിശ്രമകേന്ദ്രം, ആശുപത്രി കെട്ടിടങ്ങളുടെ പെയിന്റിംഗ്, ക്യാമ്പസ് റോഡ് നവീകരണം, മെൻസ് ഹോസ്റ്റൽ നവീകരണം, ലേബർ റൂം നവീകരണം, മേജർ/മൈനർ ഓപ്പറേഷൻ തീയേറ്റർ നവീകരണം, എച്ച്.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് സ്റ്റോറേജ് ഷെഡ്ഡിന്റെ നിർമ്മാണം, കംഫർട്ട് സ്റ്റേഷനുകളുടെ നിർമ്മാണം എന്നീ പൊതുമരാമത്ത് പദ്ധതികൾ പൂർത്തീകരിച്ചു.

(ബി) നിലവിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. 4.48 കോടി രൂപയുടെ ആശുപത്രി നവീകരണ പ്രവൃത്തികളുടെ ഭാഗമായി വാർഡുകളുടെ നവീകരണം നടന്നുവരുന്നു.
2. പുതിയ സൂപ്പർ സ്പെഷ്യാലിറ്റി, മാതൃ-ശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിനും വേണ്ടി അനുവദിച്ച 368.75 കോടി രൂപയുടെ പ്രവൃത്തികൾ കിഫ്ബി വഴി INKEL നടപ്പിലാക്കിവരുന്നു.
3. ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട പേഷ്യന്റ് വെയ്റ്റിംഗ് ഏരിയ, ഡ്രഗ് ഡിസ്പെൻസിംഗ് ഏരിയ, ഒ.പി. ബാത്ത്റൂമുകളുടെ നവീകരണ പ്രവൃത്തികൾ, മെഡിസിൻ ഒ.പി., സൈക്യാട്രി ഒ.പി., എന്നിവയുടെ നവീകരണം എന്നിവയുടെ പണികൾ പൂർത്തിയായിവരുന്നു.
4. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററിന് 12.68 കോടി രൂപ സിയാൽ മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.
5. പവർ ഗ്രിഡ് കോർപ്പറേഷൻ മുഖേന 1.19 കോടി വരുന്ന ഹീമോ ഡയാലിസിസ് യൂണിറ്റ് നവീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്.
6. ഡോക്ടർമാരുടെ ക്വാർട്ടേഴ്സ്, പി.ജി.ക്വാർട്ടേഴ്സ്, കോമൺ അമിനിറ്റി സെന്റർ, ഇൻഡോർ സ്റ്റേഡിയം കം ഓഡിറ്റോറിയം, ഹോസ്റ്റൽ/സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം

226(268) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റുകൾ എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം 2019 നവംബറിൽ ആരംഭിക്കുവാൻ സാധിക്കുന്നതാണ്. നീലേശ്വരം താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സിവിൽ പ്രവൃത്തികൾക്കുള്ള അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ അധികം വൈകാതെ ആരംഭിക്കുന്നതാണ്. 2020 മാർച്ച് മാസത്തോടെ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

227(269) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ൽ കാട്ടാക്കട മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, (അനുമതി ലഭ്യമായ പ്രവൃത്തിയുടെ പേര്, തുക, ആരോഗ്യകേന്ദ്രങ്ങളിലുണ്ടായ മാറ്റം, സൃഷ്ടിക്കപ്പെട്ട തസ്തികകൾ) ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള വികസന പ്രവർത്തനങ്ങൾ മേൽ വിവരിച്ച പ്രകാരം തരംതിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ ഫണ്ടിൽനിന്നും വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന് 60 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ടി തുക വിനിയോഗിച്ച് മൂന്നുനില കെട്ടിടം പണിതിട്ടുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 30 ആണ്. കൂടാതെ 4 കിടക്കകളോട് കൂടിയ പാലിയേറ്റീവ് ഐ.പി.യും ഫാർമസിയും പ്രവർത്തിക്കുന്നുണ്ട്. പള്ളിച്ചൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ 2011-2016 കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് എക്സ്റേ യൂണിറ്റ് ആരംഭിച്ചു. മലയിൻകീഴ് താലൂക്കാശുപത്രിക്കുവേണ്ടി എം.പി. ഫണ്ട് ഉപയോഗിച്ച്

പുതിയ ഒ.പി. കെട്ടിടം 2012-ൽ പ്രവർത്തനം ആരംഭിച്ചു. ഇവിടെ ദന്തൽ അസിസ്റ്റന്റ് സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കാട്ടാക്കട സി.എച്ച്.സി-യിൽ 2016-ൽ വെള്ളനാട് പഞ്ചായത്ത് പ്രോജക്ടായി ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാട്ടാക്കട മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>കുടുംബാരോഗ്യകേന്ദ്രം, മാറനല്ലൂർ</u>:-

എം.എൽ.എ-യുടെ വികസന ഫണ്ടിൽ നിന്ന് ഒ.പി. ബ്ലോക്കിനായി 50,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ഡോ. റ്റി. എൻ. സീമ എം.പി.-യുടെ വികസന ഫണ്ടിൽ നിന്ന് 13,00,000 രൂപ ചെലവിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനായി ഒരു ആംബുലൻസ് അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഫണ്ടുപയോഗിച്ച് 2016 മുതൽ 2020 വരെയുള്ള നാല് സാമ്പത്തിക വർഷങ്ങളിലായി 57,25,000 രൂപ മരുന്നുകൾ വാങ്ങുന്നതിനും പാലിയേറ്റീവ് കെയറിനും വയോജന പരിപാലനത്തിനുമായി അനുവദിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിലാണ് ടി ആശുപത്രിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയത്. ടി സ്ഥാപനത്തിൽ ആർദ്രം പദ്ധതി പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു.

2. <u>കുടുംബാരോഗ്യകേന്ദ്രം, പള്ളിച്ചൽ</u> :-

ടി സ്ഥാപനത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. അതിലേയ്ക്കായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 1. അസിസ്റ്റന്റ് സർജൻ | - | 1 |
| 2. സ്റ്റാഫ് നഴ്സ് | - | 2 |
| 3. ഫാർമസിസ്റ്റ് | - | 1 |
| 4. ലാബ് ടെക്നീഷ്യൻ | - | 1 |

3. താലൂക്കാശുപത്രി, മലയിൻകീഴ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയിൻകീഴ് സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുകയും താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു:

1. അസിസ്റ്റന്റ് ഡയറക്ടർ -1
2. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -4
3. ജൂനിയർ കൺസൾട്ടന്റ് -1
4. സ്റ്റാഫ് നേഴ്സ് -3
5. ഫാർമസിസ്റ്റ് -1
6. ലാബ് ടെക്നീഷ്യൻ -1

ടി ആശുപത്രിയിൽ ഡോ. റ്റി. എൻ. സീമ എം.പി.യുടെ വികസനഫണ്ടിൽ നിന്നും 21 ലക്ഷം രൂപ ചെലവിൽ ഡിജിറ്റൽ എക്സറേ സ്ഥാപിച്ചിട്ടുണ്ട്. 2018-2019 പ്ലാൻ ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 130 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നേമം ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് 2018-2019 സാമ്പത്തിക വർഷത്തിൽ എയർകണ്ടീഷൻ ചെയ്ത കോൺഫറൻസ് ഹാൾ നിർമ്മിക്കുകയും ടി ആശുപത്രിയിലെ പ്രൈമറി പാലിയേറ്റീവ് കെയർ യൂണിറ്റിനും സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റിനും വേണ്ടി ഡോ. എ. സമ്പത്ത് എം.പി.-യുടെ വികസന ഫണ്ടിൽ നിന്നും 17,20,783 രൂപ ചെലവിൽ രണ്ട് ആംബുലൻസുകൾ വാങ്ങിയിട്ടുണ്ട്. കൂടാതെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രോജക്ട് ഫണ്ടുപയോഗിച്ച് 3,16,440 രൂപ ചെലവിൽ പാലിയേറ്റീവ് വാർഡും നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മലയിൻകീഴ് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി SPV-യെ നിശ്ചയിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**കൊട്ടാരക്കര മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ**

228(270) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാൻ നാളിതുവരെ നിശ്ചയിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) അവയിൽ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്നും ഇനിയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റേണ്ട കേന്ദ്രങ്ങളിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊല്ലം ജില്ലയിലെ 12 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി തെരഞ്ഞെടുത്തു. രണ്ടാംഘട്ടത്തിൽ 38 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 2017-18-ൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം, ഉമ്മന്നൂർ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. 2018-19-ൽ എഴുകോൺ, നെടുവത്തൂർ എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) അവയിൽ ഉമ്മന്നൂർ, വെളിയം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റാനുള്ള സ്ഥാപനങ്ങളിൽ സിവിൽ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

229(271) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ ജില്ലയിലും അനുവദിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ പ്രവർത്തനം അടിയന്തരമായി തുടങ്ങാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 28-3-2017-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 845/2017/എച്ച്.&എഫ്.ഡബ്ല്യൂ.ഡി.പ്രകാരം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. രണ്ടാംഘട്ടം പ്രകാരം 16-6-2018-ലെ ജി.ഒ.(എം.എസ്.) നമ്പർ 113/2018/ എച്ച്.& എഫ്.ഡബ്ല്യൂ.ഡി. പ്രകാരം 500 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും 7-7-2018-ലെ സ.ഉ.(കൈ)നമ്പർ 129/2018/ആ.കു.വ. പ്രകാരം മലപ്പുറം ജില്ലയിലെ വാഴയൂർ പി.എച്ച്.സി., ചേലാമ്പ്ര പി.എച്ച്.സി., തിരുവനന്തപുരം ജില്ലയിലെ പൂന്തുറ സി.എച്ച്.സി., 6-12-2018-ലെ സ.ഉ. (കൈ) നം.226/2018/ആ.കു.വ. പ്രകാരം പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര പി.എച്ച്.സി. എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഇനിയും പ്രവർത്തനം ആരംഭിക്കാത്തവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് വഴിയും എൻ.എച്ച്.എം., തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയും ദ്രുതഗതിയിൽ നടന്നുവരുന്നു.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

230(272) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭ്യമാകാത്തതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ രോഗികൾ ദൂരെയുള്ള ആശുപത്രികളിൽ പോകേണ്ടി വരുന്നത് ഒഴിവാക്കുന്നതിനായി രാവിലെ 9 മണി വരെയും വൈകുന്നേരം 6 മണിക്ക് ശേഷവും ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നിലവിൽ എഫ്.എച്ച്.സി.കളിലെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ്. 24 മണിക്കൂറും സേവനം ലഭ്യമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിലവിൽ എല്ലാ താലൂക്ക്/ജില്ലാ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എഫ്.എച്ച്.സി.-കളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ആശുപത്രികളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ**

231(275) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലെ ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് ആശുപത്രികളിൽ ജോലി നോക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിന്നും എത്രപേർ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദാക്കുകയോ പകരം ജീവനക്കാരെ അനുവദിക്കുകയോ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. നിലവിൽ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ താഴെപ്പറയുന്നവർ ജോലി ചെയ്യുന്നുണ്ട്:

| | | |
|---|---|---|
| ഹെഡ് നഴ്സ് | - | 1 |
| ഡ്രൈവർ | - | 1 |
| ഡോക്ടർമാർ | - | 5 |

(സി) സ്ഥാപനത്തിൽ നിന്ന് ആവശ്യപ്പെടുന്ന പക്ഷം വർക്കിംഗ് അറേഞ്ചുമെന്റ് റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാൻസർ രോഗ ചികിത്സാകേന്ദ്രം

232(277) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ക്യാൻസർ രോഗ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ കാൻസർരോഗ ചികിത്സാകേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലാ ആശുപത്രിയിൽ 2013 മുതൽ ജില്ലാ കാൻസർ കെയർ പദ്ധതി നിലവിലുള്ളതും കീമോതെറാപ്പിയുൾപ്പെടെയുള്ള സേവനങ്ങൾ നൽകിവരുന്നതുമാണ്. 24-08-2019-ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ആഭിമുഖ്യത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ഇറാം ഗ്രൂപ്പ് എന്നിവരുടെ നേതൃത്വത്തിൽ ചർച്ച നടത്തി കാൻസർ കെയർ പദ്ധതിയുടെ നോഡൽ ഓഫീസറുമായി ചർച്ച ചെയ്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്. ഇറാം ഗ്രൂപ്പും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും പ്രസ്തുത സ്ഥലം സന്ദർശിച്ച് തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. 10-10-2019-ൽ ജില്ലാ കളക്ടർ കാൻസർ കെയർ പദ്ധതികളുടെ നോഡൽ ഓഫീസറുമായി വീഡിയോ കോൾ മുഖേന ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇറാം ഗ്രൂപ്പ് പ്രോജക്ടിന് ആവശ്യമായ ബിൽഡിംഗുകളും മറ്റും നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## ആറന്മുള മണ്ഡലത്തിലെ ആശുപത്രികൾ

233(278) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട ജനറൽ ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആറന്മുള മണ്ഡലത്തിലെ ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലുമുൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി എത്ര തുക ചെലവാക്കിയെന്ന് വിശദമാക്കാമോ;

(സി) ഇതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ)പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | കൺസൾട്ടന്റ് ന്യൂറോളജി | - | 1 |
| 2. | ജൂനിയർ കൺസൾട്ടന്റ് അനസ്തേഷ്യ | - | 1 |
| 3. | സീനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് | - | 1 |
| 4. | കൺസൾട്ടന്റ് പി.എം.ആർ | - | 1 |
| 5. | ജൂനിയർ കൺസൾട്ടന്റ് സൈക്യാട്രി | - | 1 |
| 6. | സീനിയർ കൺസൾട്ടന്റ് ഒ & ജി | - | 1 |
| 7. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 2 |
| 8. | ഇ.സി.ജി. ടെക്നീഷ്യൻ | - | 1 |
| 9. | ഡയാലിസിസ് ടെക്നീഷ്യൻ | - | 3 |
| 10. | ഫിസിയോതെറാപ്പിസ്റ്റ് | - | 1 |
| 11. | റേഡിയോഗ്രാഫർ | - | 1 |
| 12. | എക്സ്റേ അറ്റന്റർ | - | 1 |
| 13. | മോർച്ചറി ടെക്നീഷ്യൻ | - | 1 |
| 14. | മോർച്ചറി അറ്റൻഡന്റ് | - | 1 |
| 15. | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | - | 1 |
| 16. | മെഡിക്കൽ റിക്കോഡ് അറ്റൻഡന്റ് | - | 1 |
| 17. | പി.എസ്.കെ. | - | 1 |
| 18. | ലാബ് ടെക്നീഷ്യൻ | - | 6 |
| | | | 26 |

ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ലാബ് ടെക്നീഷ്യൻ | - | 3 |
| 2. | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | - | 1 |
| 3. | ഡയാലിസിസ് ടെക്നീഷ്യൻ | - | 2 |
| 4. | മെഡിക്കൽ റിക്കോഡ് ലൈബ്രേറിയൻ | - | 1 |
| | | | 7 |

(ബി&സി) ആറന്മുള മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

2017-18

1. കുടുംബാരോഗ്യ കേന്ദ്രം, ചെന്നീർക്കര - 17,35,656.84
2. കുടുംബാരോഗ്യ കേന്ദ്രം, ഓതറ - 11,45,607.65

2018-19

1. പ്രാഥമികാരോഗ്യ കേന്ദ്രം, കോയിപ്രം - 21,14,279.45
2. പ്രാഥമികാരോഗ്യ കേന്ദ്രം, മെഴുവേലി - 26,05,450.48
3. പ്രാഥമികാരോഗ്യ കേന്ദ്രം, കടമ്മനിട്ട – 15,73,547.54
4. പ്രാഥമികാരോഗ്യ കേന്ദ്രം, ഓമല്ലൂർ - 15,98,153.84
5. പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുകോൽ - 32,51,645.32
6. ജനറൽ ആശുപത്രി, പത്തനംതിട്ട – 79,32,024

## മലപ്പുറം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും

234(279) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ.താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആവശ്യം വിവിധ കോണുകളിൽ നിന്ന് ഉയർന്നിട്ടും ഇതുവരേയും ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ജില്ലാ ആസ്ഥാനത്തെ ഏക സർക്കാർ ആശുപത്രി എന്ന നിലയിലും രോഗികളുടെ വർദ്ധിച്ചുവരുന്ന എണ്ണവും കണക്കിലെടുത്ത് മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് സെന്ററും കാരുണ്യ ഫാർമസിയും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം താലൂക്കാശുപത്രി സൂപ്രണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

(ബി&സി) മലപ്പുറം താലൂക്കാശുപത്രിയിൽ പുതിയ ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) മലപ്പുറം, സെക്രട്ടറി മലപ്പുറം നഗരസഭ എന്നിവർക്ക് പുതിയ കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതായും കാരുണ്യ ഫാർമസി തുടങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## പാറശ്ശാല ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം

235(280) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഗവ.താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നവീകരിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കിഫ്ബി ധനസഹായത്തിനായുള്ള പദ്ധതി തയ്യാറാക്കുന്നതിനായി കിറ്റ്കോയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി 18-3-2019-ലെ ജി.ഒ. (ആർ.റ്റി.)694/2019/ആ.കു.വ. പ്രകാരം നിയമിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കിറ്റ്കോ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി&സി) കിറ്റ്കോ സമർപ്പിച്ചിട്ടുള്ള പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയ ശേഷമാണ് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) കിഫ്ബിയിൽ നൽകേണ്ടത്. ഡി.പി.ആർ. വിശദ പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമാണ് കിഫ്ബിയിൽനിന്നും അനുമതി നൽകുന്നത്. അനുമതി ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി. സ്വീകരിക്കുന്നതാണ്.

**ആർദ്രം പദ്ധതി മുഖേനയുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾ**

236(281) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഏതൊക്കെ ആശുപത്രികൾ (പി.എച്ച്.സി.) ആണ് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ എത്ര ആശുപത്രികളിൽ ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി മുഖേന എന്തൊക്കെ സേവനങ്ങൾ ആണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

ഉത്തരം

(എ) 2017-18-ലെ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ വേങ്ങപ്പള്ളി പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.

2018-19 വർഷം രണ്ടാംഘട്ടത്തിൽ മേപ്പാടി, വാഴവറ്റ, സുഗന്ധഗിരി, കോട്ടത്തറ, പടിഞ്ഞാറത്തറ, പൊഴുതന എന്നീ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 2017-18-ലെ വേങ്ങപ്പള്ളി പി.എച്ച്.സി. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2018-19-ൽ കോട്ടത്തറ, മേപ്പാടി, പടിഞ്ഞാറത്തറ, പൊഴുതന എന്നിവിടങ്ങളിൽ സിവിൽ വർക്ക് കഴിഞ്ഞു. ഭൗതിക സൗകര്യങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. രണ്ടാംഘട്ടത്തിലേക്ക് തെരഞ്ഞെടുത്ത 504 കേന്ദ്രങ്ങളിലേക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള ഉത്തരവ് ഇറക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രം വാഴവറ്റ, സുഗന്ധഗിരി എന്നിവിടങ്ങളിൽ സിവിൽ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്.

(സി) കുടുംബാരോഗ്യ കേന്ദ്രമാകുന്ന സ്ഥാപനങ്ങളിൽ രോഗീ സൗഹൃദമാക്കുന്നതിനുള്ള സംവിധാനങ്ങളും അധിക ചികിത്സാ സേവനങ്ങളും ലഭ്യമാക്കാനുള്ള സൗകര്യങ്ങളുമാണ് ഒരുക്കി വരുന്നത്. ടി കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീ ചെക്കും കൗൺസിലിംഗും, എൻ.സി.ഡി., ശ്വാസ്, ആശ്വാസം ക്ലിനിക്, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം എന്നിവ ലഭ്യമാക്കിവരുന്നുണ്ട്.

**ബേഡഡുക്ക താലൂക്ക് ആശുപത്രി വികസനം**

237(282) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക താലൂക്ക് ആശുപത്രിയിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും തുക അനുവദിക്കുമെന്ന് ഉദ്ഘാടന ചടങ്ങിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ടി ആശുപത്രിയിലെ മെഡിക്കൽ ആഫീസർ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാൻ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കും.

## നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഡയാലിസിസ് സെന്റർ

238(283) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്ക് ഹോസ്പിറ്റലിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഡയാലിസിസ് സെന്റർ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് പ്ലാനും എസ്റ്റിമേറ്റും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിവരുന്നു. ആശുപത്രിയുടെ നിലവിലുള്ള കെട്ടിടത്തിലാണ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നത്. പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്ക് പ്രാരംഭ നടപടികൾ ആരംഭിക്കുന്നതാണ്.

## ചാലക്കുടി താലൂക്ക് ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ

239(284) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ, സർജിക്കൽ വാർഡ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇവ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 8-11-2018-ലെ ജി.ഒ.(ആർ.റ്റി.)നം.3345/2018 ആ.കു.വ പ്രകാരം 535 ലക്ഷം രൂപയുടെ ട്രോമാകെയർ, സർജിക്കൽ വാർഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പുതുക്കിയ സ്കെച്ച്, ഡിസൈൻ എന്നിവ സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 12-7-2018-ലെ സർക്കാർ ഉത്തരവ് നം.2240/2018/ആ.കു.വ. പ്രകാരം ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക ഇതിന്റെ പ്രവൃത്തികൾക്കായി നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരത്തിന് കൈമാറി നൽകിയിട്ടുണ്ട്. ഇപ്പോൾ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ട്രോമാകെയർ, സർജിക്കൽ വാർഡ്, മാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ചികിത്സയിൽ അനാസ്ഥ

240(285) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ചികിത്സ നല്കുന്നതിലെ അനാസ്ഥമൂലം ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടിയടക്കം രണ്ട് കുട്ടികൾ അടുത്ത കാലത്ത് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എത്ര പരാതികൾ ആരോഗ്യ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും ആരൊക്കെയാണ് പരാതി നൽകിയതെന്നും ടി പരാതികളിൽ സ്വീകരിച്ച വകുപ്പുതല നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പരാതികളിൽ സമഗ്രമായ അന്വേഷണം നടത്തുമോ എന്ന് അറിയിക്കുമോ;

(ഡി) ഏറെ ആദിവാസികൾ ഉൾപ്പെടെ ആശ്രയിക്കുന്ന നിലമ്പൂർ ജില്ലാ ആശുപത്രിയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ 25-9-2019-ന് 3 വയസുള്ള എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടി മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഈ വിഷയം സംബന്ധിച്ച് 26-9-2019-ന് എ 6/22638/19 നമ്പർ കത്തിൽ മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ പോസ്റ്റുമാർട്ടം റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ മരണകാരണം വ്യക്തമാകൂ എന്നറിയിച്ചിട്ടുള്ളതിനാൽ മറ്റ് വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല. മമ്പാട്, പുള്ളിപ്പാടം (P.O.), മുണ്ടാംതോട് വീട് ശ്രീ. എം. ആർ. സുബ്രഹ്മണ്യൻ എന്നയാളിന്റെ ഒരു പരാതി ബഹുമാനപ്പെട്ട നിലമ്പൂർ MLA മുഖാന്തരം ലഭിച്ചത് പരിശോധിച്ചുവരുന്നു.

(ഡി) പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ആശ, കുടുംബശ്രീ പ്രവർത്തകർ, ട്രോമാകെയർ മെമ്പർമാർ എന്നിവരെ ഉൾപ്പെടുത്തി ആദിവാസികളെ വേണ്ടരീതിയിൽ ബോധവത്കരിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. അതോടൊപ്പം ആശുപത്രി ജീവനക്കാർക്ക് ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് ഒ.പി. ലാബ്, എക്സ്റേ തുടങ്ങിയ സ്ഥലങ്ങളിൽ താമസം നേരിടാതെയും കിടത്തി ചികിത്സ ആവശ്യമുള്ളവർക്ക് അതിനുവേണ്ട സൗകര്യം വൈകാതെ തന്നെ തയ്യാറാക്കി കൊടുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വാർഡിലോ പരിസരത്തോ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടെങ്കിൽ പരിഹരിക്കാൻ ആശുപത്രി ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്**

241(286) <u>ശ്രീ. ഒ. ആർ. കേളു :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ല ആശുപത്രിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കാത്ത് ലാബിന്റെ നിലവിലെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) കാത്ത് ലാബ് ഉടൻ ആരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി മാനന്തവാടി ജില്ലാ ആശുപത്രിയിൽ അനുവദിച്ച കാത്ത് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉപകരണം സ്ഥാപിക്കുന്നതിനുള്ള

അടിസ്ഥാന സൗകര്യ വികസനം, ഇലക്ട്രിക്കൽ പവർ സപ്ലൈ ഉൾപ്പെടെയുള്ളവ ലഭ്യമാക്കുന്നതിനുള്ള ചുമതല കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിക്കാണ് നൽകിയിട്ടുള്ളത്. കാത്ത് ലാബും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദർഘാസ് ക്ഷണിച്ച് വിപ്രോ ജി.ഇ. ഹെൽത്ത് കെയർ എന്ന കമ്പനിയുമായി കരാർ ഉറപ്പിച്ചിട്ടുണ്ട്.

(ബി) സമയബന്ധിതമായി അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കി ആവശ്യമായ 250 കെ.വി. ഇലക്ട്രിക്കൽ പവർ സപ്ലൈയും ലഭ്യമാക്കി. കാത്ത് ലാബ് പ്രവർത്തന സജ്ജമാകത്തക്കവിധമാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

## ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ പ്രവർത്തനങ്ങൾ

242(287) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്ഡിവിഷൻ ആസ്ഥാനമായ ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ 'ആർദ്രം' പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഇതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

1. ജൂനിയർ കൺസൾട്ടന്റ് (ഗൈനോക്കോളജി) - 1
2. ഡെന്റൽ മെക്കാനിക് - 1
3. ലാബ് ടെക്നീഷ്യൻ - 1
4. ഡയാലിസിസ് ടെക്നീഷ്യൻ - 2
5. സ്റ്റാഫ് നഴ്സ് - 1

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിലും ടി ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി 2-6-2017-ലെ സ.ഉ. (സാധാ) നമ്പർ 1571/17/ആ.കു.വ. പ്രകാരം 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ 37,94,772 രൂപ (മുപ്പത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) പ്ലാന്റ് നിർമ്മാണത്തിന് ചെലവഴിച്ചു. മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ ഫാമിലി ഹെൽത്ത് സെന്ററുകൾ

243(288) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര പി.എച്ച്.സി.-കൾ ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഓരോ പി.എച്ച്.സി.-യിലും എത്ര തസ്തികകളാണ് അധികമായി അനുവദിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഉദുമ മണ്ഡലത്തിൽ പി.എച്ച്.സി.-യായി ഉയർത്തിയ ആശുപത്രികളിൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ ആശുപത്രികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 7 സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ 22 സ്ഥാപനങ്ങളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കാസർഗോഡ് ജില്ലയിലെ 7 കേന്ദ്രങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് സംസ്ഥാനത്ത് തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിലേക്കായി 400 അസിസ്റ്റന്റ് സർജൻ, 400 സ്റ്റാഫ് നഴ്സ്, 200 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥാപനം തിരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഉദുമ മണ്ഡലത്തിലെ ഉദുമ പി.എച്ച്.സി.-യിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ കാസർഗോഡ് ജില്ലയിലെ സ്ഥാപനങ്ങളിൽ 2017-18 സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 7 സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

1. എഫ്.എച്ച്.സി,. ഉദുമ - 12,83,100
2. എഫ്.എച്ച്.സി., വോർക്കാടി - 12,53,200
3. എഫ്.എച്ച്.സി., എണ്ണപ്പാറ – 10,09,100
4. എഫ്.എച്ച്.സി., മൊഗ്രാൽ പുത്തൂർ - 10,38,200
5. എഫ്.എച്ച്.സി., കയ്യൂർ - 12,63,500
6. എഫ്.എച്ച്.സി., മുള്ളേരിയ – 12,01,000
7. എഫ്.എച്ച്.സി., കരിന്തളം - 13,75,400

ടി സ്ഥാപനങ്ങളിലെല്ലാം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ കാസർഗോഡ് ജില്ലയിലെ സ്ഥാപനങ്ങൾക്ക് 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ബേയാർ, തൈക്കടപ്പുറം, ഉദുത്തി, ഓലാട്ട്, മാവിലകടപ്പുറം, പള്ളിക്കര, അഡൂർ, ബെല്ലൂർ, കുംബഡജെ, പൂത്തിഗെ എന്നീ

കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതവും ചിറ്റാരിക്കൽ, നർക്കിലക്കാട്, വലിയപറമ്പ്, പഡ്ന, പനത്തൂർ, മൗക്കോട്, ഉദുമ്പുംതല, അജാനൂർ, മടിക്കൈ, ആനന്ദാശ്രമം, ചട്ടംചാൽ, പെർള എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം. ഫണ്ട് മുഖേന 15.50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിൽ 2 സ്ഥാപനങ്ങളിൽ സിവിൽ വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. 5 സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. രണ്ട് സ്ഥാപനത്തിൽ DPR തയ്യാറാക്കി വരുന്നു. രണ്ട് സ്ഥാപനങ്ങളിൽ സിവിൽ വർക്ക് ആരംഭിച്ചിട്ടുണ്ട്. 9 സ്ഥാപനങ്ങളിൽ DPR തയ്യാറാക്കി സിവിൽ വർക്ക് ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. 2 സ്ഥാപനങ്ങളിൽ DPR തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**ബാലുശ്ശേരി താലൂക്കാശുപത്രിയുടെ വികസനം**

244(291) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന് വാപ്കോസിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ;

(സി) പ്രസ്തുത ആശുപത്രിയുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

<u>ഉത്തരം</u>

(എ-സി) ബാലുശ്ശേരി താലൂക്കാശുപത്രിയുടെ സമഗ്ര വികസനം കിഫ്ബിയിൽ ഏറ്റെടുക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിന് 21-10-2019-ലെ ജി.ഒ.(ആർ.ടി) നമ്പർ 2510/2019/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരം വാപ്കോസിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ഒ.പി. ട്രാൻസ്ഫർമേഷൻ, കാഷ്വാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രഥമ പരിഗണന നൽകി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബാലുശ്ശേരി താലൂക്കാശുപത്രിയിലെ ചികിത്സാ സൗകര്യങ്ങൾ

245(292) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ താലൂക്കാശുപത്രികളാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

### ഉത്തരം

(എ) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനായി റാന്നി താലൂക്കാശുപത്രിയിൽ നിലവിലുള്ള 14 കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ തസ്തികയിൽ നിന്നും 4 എണ്ണം ബാലുശ്ശേരി താലൂക്കാശുപത്രിയിലേക്ക് സ്ഥാനമാറ്റം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഒരു ജില്ലയിൽ നിന്ന് 2 എന്ന ക്രമത്തിൽ തെരഞ്ഞെടുക്കുന്നതിന് കോഴിക്കോട് ജില്ലയിൽ നിന്നും ഫറോക്, ബാലുശ്ശേരി എന്നീ താലൂക്ക് ആശുപത്രികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ഒന്നാംഘട്ടമെന്ന നിലയിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

1. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1
2. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1
3. സ്റ്റാഫ് നഴ്സ് - 3
4. ഫാർമസിസ്റ്റ് - 1

മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ചികിത്സാ സംവിധാനങ്ങളും താലൂക്കുതല ആശുപത്രികളിലും ഏർപ്പെടുത്തുന്നതിനാണ് ആർദ്രം പദ്ധതി വഴി സർക്കാർ വിഭാവന ചെയ്തിട്ടുള്ളത്.

## വെള്ളാനിക്കര സി.എച്ച്.സി.-യുടെ വികസനം

246(293) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിലെ വെള്ളാനിക്കര സി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദ വിവരം നൽകാമോ?

ഉത്തരം

വെള്ളാനിക്കര സി.എച്ച്.സി. വികസനത്തിനായി മുൻ എം. പി. ശ്രീ. സി. എൻ. ജയദേവൻ അവർകളുടെ ഫണ്ട് 33 ലക്ഷം രൂപ ഉപയോഗിച്ച് നിലവിലുള്ള കെട്ടിടത്തിനുമുകളിൽ കിടത്തി ചികിത്സയ്ക്കുള്ള വാർഡ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ മുകളിലേയ്ക്കുള്ള റാമ്പിന്റെ പണി പൂർത്തീകരിക്കാനുണ്ട്.

50 ലക്ഷം രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ജനറൽ ഒ.പി., ഡെന്റൽ ഒ.പി. കോപ്പർട്ടി റൂം, മിനി ഓപ്പറേഷൻ തീയേറ്റർ, നഴ്സിംഗ് സ്റ്റേഷൻ, ഒബ്സർവേഷൻ റൂം എന്നിവ നിർമ്മിച്ചിട്ടുണ്ട്.

## കറുകച്ചാൽ സി.എച്ച്.സി.-യുടെ പ്രവർത്തനം

247(294) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറുകച്ചാൽ സി.എച്ച്.സി.-യിൽ ഐ.പി. ചികിത്സ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളുടെ കേഡർ സ്ട്രെങ്ത് വെളിപ്പെടുത്താമോ; ഏതൊക്കെ ഒഴിവുകളാണ് നിലവിൽ നികത്താതെ കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയുടെ ഭരണച്ചുമതല ഏൽപ്പിച്ച് കൊടുത്തിരിക്കുന്ന തദ്ദേശ സ്ഥാപനം ഏതെന്ന് വ്യക്തമാക്കാമോ; ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി സമയബന്ധിതമായി കൂടാറുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഒ.പി./ഐ.പി. രോഗികളുടെ എണ്ണത്തിൽ വന്ന വ്യത്യാസത്തിന്റെ കണക്ക് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ആശുപത്രി ആർദ്രം മിഷനിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 28-8-2019 മുതൽ 15-9-2019 വരെ ഐ.പി. മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ആശുപത്രിയുടെ ഭരണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത് വാഴൂർ ബ്ലോക്ക് പഞ്ചായത്തിനാണ്. ആശുപത്രി മാനേജിംഗ് കമ്മിറ്റി കൂടാറുണ്ട്.

(ഡി) 2015-ൽ ഒ.പി. 200 എണ്ണം ആയിരുന്നത് 2019-ൽ 450 ആയി ഉയർന്നിട്ടുണ്ട്. ഐ.പി. ശരാശരി 6 എണ്ണമുണ്ട്.

(ഇ) ജി.ഒ.(എം.എസ്.)നമ്പർ 113/2018/ആ.കു.വ. തീയതി 16-6-2018 ഉത്തരവ് പ്രകാരം ആർദ്രം പദ്ധതിയിൽ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അടിമാലിയിലെ അമ്മയും കുഞ്ഞും ആശുപത്രി**

248(295) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി താലൂക്ക് ആശുപത്രിയിൽ നടന്നുവരുന്ന വികസന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അടിമാലിയിൽ പുതുതായി അനുവദിക്കപ്പെട്ടിട്ടുള്ള അമ്മയും കുഞ്ഞും ആശുപത്രിയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അടിമാലി താലൂക്ക് ആശുപത്രിയിൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 7.5 കോടി രൂപ ചെലവഴിച്ച് കാഷ്വാലിറ്റി, ഐ.പി.ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 360 ലക്ഷം രൂപ ചെലവഴിച്ച് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്.

(ബി) അടിമാലിയിൽ പുതുതായി അനുവദിക്കപ്പെട്ടിട്ടുള്ള അമ്മയും കുഞ്ഞും ആശുപത്രി സ്ഥാപിക്കുന്നതിന് സർക്കാർ അനുവദിച്ച 4.50 കോടി രൂപയുടെ ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത് ആശുപത്രിയുടെ ഒന്നാംഘട്ടനിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**മലയിൻകീഴ് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്**

249 (296) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് താലൂക്ക് ആശുപത്രിയിൽ 2019 ജൂൺ 3-ലെ ഉത്തരവ് പ്രകാരം അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ നിർവ്വഹണ ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് സെന്റർ എന്ന് മുതൽ പ്രവർത്തനസജ്ജമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-6-2019-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 1338/2019/ ആ.കു.വ. പ്രകാരം കാട്ടാക്കട നിയോജകമണ്ഡലത്തിലെ മലയിൻകീഴ് താലൂക്ക് ആശുപത്രിക്ക് അനുവദിച്ച ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിന് ആവശ്യമായ മരാമത്ത് ജോലികൾ നാഷണൽ റൂറൽ ഹെൽത്ത് മിഷനേയും ഉപകരണങ്ങൾ വിതരണം ചെയ്തു സ്ഥാപിക്കുന്നതിനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയും ഏൽപ്പിച്ചിട്ടുണ്ട്.

(ബി) മരാമത്ത് ജോലികൾ പൂർത്തിയായി കഴിഞ്ഞാൽ അധികം വൈകാതെ ഡയാലിസിസ് കേന്ദ്രം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

## ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി ബ്ലോക്ക് നിർമ്മാണം

250(297) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അനുവദിച്ച മെറ്റേണിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; എന്തെല്ലാം സൗകര്യങ്ങളാണ് വിഭാവന ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ മെറ്റേണിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള സ്ഥലം പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി. എഞ്ചിനീയറിംഗ് സെക്ഷനിൽനിന്നും ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. മെറ്റേണിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനായി 3,50,00,000 (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം-പോസ്റ്റ് ഐ.സി.യൂ/പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ആന്റി നേറ്റൽ വാർഡ്, കുട്ടികളുടെ വാർഡ് എന്നീ സൗകര്യങ്ങളാണ് ഇവിടെ വിഭാവന ചെയ്തിരിക്കുന്നത്.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

251(298) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർക്ക് വേണ്ടി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

ഉത്തരം

എം.എൽ.എ. ഫണ്ടിൽ നിന്നും 2 കോടി എഴുപത് ലക്ഷം രൂപ ചെലവിൽ ഡോക്ടർമാർക്ക് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എഞ്ചിനീയറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്

252(299) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന് തുക അനുവദിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച തുടർനടപടികൾ എന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജനറൽ ആശുപത്രിയിൽനിന്നും മാറ്റപ്പെട്ട ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) തസ്തിക പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത ജനറൽ ആശുപത്രിയിൽ കീമോ തെറാപ്പി റേഡിയേഷൻ വാർഡിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 3-6-2019 തീയതിയിലെ സ.ഉ.(സാധാ.)നമ്പർ 1338/2019/ആ.കു.വ. പ്രകാരം ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് 3.47 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള തുക ആരോഗ്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് & ഫാമിലി വെൽഫെയർ സൊസൈറ്റി നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്. ടി പ്രവൃത്തി നടത്തുന്നതിനായുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ നാഷണൽ ഹെൽത്ത് മിഷൻ സ്വീകരിച്ചുവരുന്നു.

(ബി) ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിലെ ജനറൽ സർജറി വിഭാഗം കൺസൾട്ടന്റ് തസ്തിക കോട്ടയം ജനറൽ ആശുപത്രിയിലേയ്ക്ക് ഗൈനക്കോളജി വിഭാഗം തസ്തികയായി പരിവർത്തനം ചെയ്തും അനസ്തേഷ്യ വിഭാഗം കൺസൾട്ടന്റ് തസ്തിക പത്തനംതിട്ട റാന്നി താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്കും മാറ്റിയും ഉത്തരവായിരുന്നു.

നിലവിൽ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ ജനറൽ സർജറി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ ഒരു തസ്തികയും അനസ്തേഷ്യ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റിന്റെ രണ്ട് തസ്തികകളുമുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ട്രോമാകെയർ സംവിധാനം

253(300) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നത് തൽക്കാലം പരിഗണനയിലില്ല.

## കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി

254(301) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ വികസനത്തിനുവേണ്ടി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ഇതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിക്കാണെന്നും വെളിപ്പെടുത്താമോ;

(സി) ഇതിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് 28-9-2018-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2989/2018/ആ.കു.വ. പ്രകാരം 89.96 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിരുന്ന കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22-6-2019-ൽ 64.93 കോടി രൂപയ്ക്ക് കിഫ്ബി പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും നിർവ്വഹണത്തിനും കേരള സംസ്ഥാന വൈദ്യുതി ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പദ്ധതി നടത്തിപ്പിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് യോഗ്യരായ കരാറുകാരിൽനിന്നും ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടറിന്റെ ഭാഗമായുള്ള ടെക്നിക്കൽ ബിഡ് 29-11-2019-ൽ തുറക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്.

## തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം

255(302) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ അധിക തസ്തികകൾ

256(303) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയെ മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി പത്ത് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ എന്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിലെ മാതൃ-ശിശു വാർഡിന്റെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ നഴ്സുമാരുടെയും നഴ്സിംഗ് അസിസ്റ്റന്റുമാരുടെയും തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും ശിപാർശകൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) ഈ ആശുപത്രിയിൽ ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ലാത്തതുമൂലം രോഗികൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിലും ടി ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) സ്റ്റാഫുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി LSGD/NHM/RSBY/HMC എന്നീ വഴികളിലൂടെ 150-ഓളം സ്റ്റാഫുകളെ താൽക്കാലികാടിസ്ഥാനത്തിൽ വിവിധ തസ്തികകളിലായി നിയമിച്ചുവരുന്നു.

**കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ്**

257(304) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) കാത്ത് ലാബ് സ്ഥാപിക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ലാബിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള ടേൺ കീ ജോലികൾ വിതരണ കമ്പനിയായ മെസ്സേഴ്സ് വിപ്രോ ജി.ഇ. ഹെൽത്ത് കെയർ പൂർത്തിയാക്കിയിട്ടുണ്ട്. കാത്ത് ലാബിനൊപ്പം ആവശ്യമുള്ള സി.സി.യു.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മെസ്സേഴ്സ് എച്ച്.എൽ.എൽ. ലൈഫ് കെയർ ആരംഭിച്ചിട്ടുണ്ട്. ഹൈടെൻഷൻ പവർ സപ്ലൈ നൽകുന്നതിനുള്ള ഇലക്ട്രിക്കൽ ജോലികൾ പുരോഗമിച്ചുവരികയാണ്.

(ബി) കാത്ത് ലാബിനുള്ള സിവിൽ വർക്കുകൾ പൂർത്തിയായിവരുന്നു. ജനറേറ്റർ റൂം, സബ്സ്റ്റേഷൻ എന്നിവയുടെ സിവിൽ ജോലികളും

പൂർത്തിയായിട്ടുണ്ട്. ഹൈടെൻഷൻ പവർ സപ്ലൈയുടെ ഇലക്ട്രിക്കൽ ജോലികൾ 2019 നവംബർ മാസത്തോടെ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) പവർ സപ്ലൈയുള്ള ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയായി സപ്ലൈ ലഭിക്കുന്ന മുറയ്ക്ക് കാത്ത് ലാബിന്റെ പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ചിത്തിരപുരത്ത് ആശുപത്രി**

258(305) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരത്ത് കിഫ്ബി മുഖേന ആരോഗ്യ വകുപ്പിന് കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള ആശുപത്രിയുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് അവശേഷിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 16-11-2018-ലെ ജി.ഒ. (ആർ.ടി.)നമ്പർ 3424/2018/ആ.കു.വ. പ്രകാരം ചിത്തിരപുരം സർക്കാർ ആശുപത്രിയുടെ നവീകരണത്തിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിരുന്നു. കെ.എസ്.ഇ.ബി. സമർപ്പിച്ച പ്രാഥമിക പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 55.33 കോടി രൂപയ്ക്ക് ആശുപത്രി നവീകരണത്തിനുള്ള ഭരണാനുമതി 28-5-2019-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1280/2019/ആ.കു.വ. പ്രകാരം നല്കിയിട്ടുണ്ട്. ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള ഡി.പി.ആർ., ആർക്കിടെക്ചറൽ, സ്ട്രക്ചറൽ, ഡിസൈൻ ആൻഡ് ഡ്രോയിംഗ്, എസ്റ്റിമേഷൻ എന്നിവ തയ്യാറാക്കി വരുന്നു.

(ബി) വിശദമായ ഡി.പി.ആർ., ആർക്കിടെക്ചറൽ, സ്ട്രക്ചറൽ, ഡിസൈൻ ആൻഡ് ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇത് കിഫ്ബിയുടെ ബോർഡ് പരിശോധിച്ചാണ് സാമ്പത്തികാനുമതി നൽകുന്നത്. സാമ്പത്തികാനുമതി ലഭ്യമായതിനുശേഷമാണ് ടെണ്ടർ നടപടികൾ ആരംഭിക്കുക.

## കുർക്കഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം

259(306) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിലെ കുർക്കഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം ആർദ്രം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

നിലവിൽ ആർദ്രം ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും എഫ്.എച്ച്.സി. ആക്കുന്നതിന് ഉൾപ്പെട്ടിട്ടില്ല. ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും ഉൾപ്പെടാത്ത സ്ഥാപനങ്ങളെ NHM(PIP)-ൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ്

260(307) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(ബി) ട്രോമാ കെയർ യൂണിറ്റിന് ആവശ്യമായ ഏതൊക്കെ മെഡിക്കൽ ഉപകരണങ്ങളാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം നടത്തിയിട്ടുള്ളത്; ഇനി വിതരണം നടത്തേണ്ട ഉപകരണങ്ങൾ ഏതൊക്കെ ; വ്യക്തമാക്കാമോ;

(സി) ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റിന്റെ 60% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. സീലിംഗ്, സെൻട്രലൈസ്ഡ് എ.സി., സെൻട്രലൈസ്ഡ് ഓക്സിജൻ എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

(ബി) ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾക്കുള്ള സപ്ലൈ ഓർഡർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയിരുന്നു. ഇതിൽ സപ്ലൈ പൂർത്തിയായ ഉപകരണങ്ങളുടെയും ലഭിക്കാനുള്ള ഉപകരണങ്ങളുടെയും പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2020 ഫെബ്രുവരിയോടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ

261(308) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് ബ്ലഡ് ബാങ്ക് ലൈസൻസ് ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബ്ലഡ് ബാങ്കിലേയ്ക്ക് ബ്ലഡ്ബാങ്ക് മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർ ഇല്ലാതെ ബ്ലഡ് ബാങ്ക് പ്രവർത്തിപ്പിക്കുവാൻ കഴിയുമോ എന്ന് വിശദീകരിക്കാമോ; ഒരു ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസർക്ക് ബ്ലഡ് ബാങ്കിന്റെ മേൽനോട്ടം വഹിക്കണമെങ്കിൽ എത്രമാസത്തെ ട്രെയിനിംഗാണ് വേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിന് ഡി.എം.ഒ. നൽകിയ ശിപാർശയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമത്തിൽ അനുശാസിക്കുന്ന പ്രകാരമുള്ള യോഗ്യതയുള്ള മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടില്ല. ഇതിന് കാരണം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ്ബാങ്ക്/ ക്ലിനിക്കൽ ലാബ് കേഡറിൽ മെഡിക്കൽ ഓഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ല. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ്, 1945-ലെ റൂൾ 122- G പ്രകാരം ബ്ലഡ് ബാങ്ക് മെഡിക്കൽ ഓഫീസറായി അംഗീകരിക്കുന്നതിന് വേണ്ട യോഗ്യതകൾ ചുവടെ ചേർക്കുന്നു:

a. Pathology/Transfusion Medicine-ൽ MD ബിരുദാനന്തര ബിരുദ യോഗ്യതയോ അല്ലെങ്കിൽ

b. MBBS ബിരുദവും Pathology/Transfusion Medicine-ൽ Diploma യോഗ്യതയും ബ്ലഡ് ബാങ്കിലുള്ള തൃപ്തികരമായ പ്രവൃത്തി പരിചയവും അല്ലെങ്കിൽ

c. MBBS ബിരുദയോഗ്യതയും ഒരു വർഷത്തെ ബ്ലഡ്ബാങ്കിലുള്ള പ്രവൃത്തി പരിചയവും

(ഡി) ഡി.എം.ഒ.-യുടെ ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനയിലാണ്.

**ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ**

262(309) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഹെൽത്ത് സൂപ്പർവൈസർ തസ്തികയുടെ പ്രൊമോഷൻ തസ്തികയായ ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകൾ ദീർഘനാളായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഹെൽത്ത് സൂപ്പർവൈസർമാരെ ടെക്നിക്കൽ അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്യുന്ന നടപടി വേഗത്തിലാക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകളുടെ വിശേഷാൽ ചട്ടം സ.ഉ.(അച്ച)നമ്പർ 75/17/ആ.കു.വ. തീയതി 12-12-2017 എന്ന ഉത്തരവിലൂടെയാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ടി ചട്ടം അനുസരിച്ച് ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I, ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II എന്നീ തസ്തികകൾക്ക് പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ അനിവാര്യമാണ്. എന്നാൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ 20 വർഷത്തിൽ കൂടുതൽ സേവനമനുഷ്ഠിച്ച

ജീവനക്കാർക്ക് ആർക്കും തന്നെ ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ല. ആയതിനാൽ ടി വിഭാഗത്തിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങൾ നടത്തുവാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ നിലവിലെ ജീവനക്കാരെ പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രോപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. കൂടാതെ ടി വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുന്നതുവരെ ഈ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റങ്ങൾ താൽക്കാലികമായി നടത്തുന്ന കാര്യവും പരിശോധിച്ച് വരുന്നുണ്ട്.

## റേഡിയോഗ്രാഫർ ഗ്രേഡ് II

263(310) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ റേഡിയോഗ്രാഫർ ഗ്രേഡ് II-ൽ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും ജില്ല തിരിച്ച് അറിയിക്കാമോ?

### ഉത്തരം

സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ റേഡിയോഗ്രാഫർ ഗ്രേഡ് II തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. ഇപ്പോൾ നിലവിലുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | - 31 |
| കൊല്ലം | - 4 |
| പത്തനംതിട്ട | - 13 |
| ആലപ്പുഴ | - 20 |
| ഇടുക്കി | - 13 |
| കോട്ടയം | - 16 |
| എറണാകുളം | - 20 |
| തൃശ്ശൂർ | - 16 |
| പാലക്കാട് | - 12 |

| | |
|---|---|
| മലപ്പുറം | - 17 |
| കോഴിക്കോട് | - 10 |
| വയനാട് | - 10 |
| കണ്ണൂർ | - 12 |
| കാസർഗോഡ് | - 8 |
| ആകെ | - 202 |

**ഭക്ഷണ സാധനങ്ങളിലെ മായം**

264(312) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണ സാധനങ്ങളിലെ മായം (പ്രത്യേകിച്ച് വെളിച്ചെണ്ണ, കറിമസാലകൾ, ശർക്കര എന്നിവയിലെ മായം) ചേർക്കലിനെതിരെ നടപടി ശക്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യാപകമായ തോതിൽ മായം ചേർക്കുന്ന സാധനങ്ങൾ കണ്ടെത്തി നശിപ്പിക്കുവാനും വില്പന നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാനും സംസ്ഥാനതലത്തിൽ എന്തെല്ലാം സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വെളിച്ചെണ്ണ, കറിമസാല, ശർക്കര എന്നിവ ഉൾപ്പെടെയുള്ള ഭക്ഷണസാധനങ്ങളിലെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തുകയും ഗുണമേന്മ ഇല്ലെന്ന് കണ്ടെത്തിയിട്ടുള്ള വെളിച്ചെണ്ണയുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവ സംസ്ഥാനത്ത് നിരോധിച്ചിട്ടുമുണ്ട്. കറിമസാലകളുടെ സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നു. ശർക്കരയിലെ മായം കണ്ടെത്തുന്നതിന് 'ഓപ്പറേഷൻ പനേല' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും പ്രസ്തുത പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങൾ അടങ്ങിയ ശർക്കര നിർമ്മിച്ച് വിതരണം നടത്തിയവർക്കെതിരെയും വിൽപ്പന നടത്തിയവർക്കെതിരെയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്.

(ബി) ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന സാധനങ്ങൾ ചില സാഹചര്യങ്ങളിൽ നശിപ്പിക്കാറുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ വച്ച് ഇങ്ങനെ കണ്ടെത്തുന്ന സാധനങ്ങൾ അതത് സംസ്ഥാനങ്ങളിലേയ്ക്ക് തിരികെ അയയ്ക്കാറുമുണ്ട്. ഉപയോഗിച്ച എണ്ണ, ഉല്പന്നം എന്ന നിലയിൽ 'റീ പർപ്പസ് യൂസ്ഡ് കുക്കിങ് ഓയിൽ (RUCO)', പദ്ധതിയിലൂടെ ഫുഡ്സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകൃത ഏജൻസികൾക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും അല്ലാതെയും സംസ്ഥാനത്തുടനീളം നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഗുണനിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമാകുന്ന തരത്തിൽ വിൽപ്പന നടത്തുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് അഡ്ജ്യൂഡിക്കേഷൻ/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

### ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ

265(313) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 5 രൂപയ്ക്ക് ചായയും ,എണ്ണയിൽ പൊരിച്ച പലഹാരങ്ങളും നൽകുന്ന കടകൾ വ്യാപകമാകുന്നതായി വകുപ്പ് തലത്തിൽ വിലയിരുത്തിയിട്ടുണ്ടോയെന്നും, പ്രസ്തുത കടകളിൽ ഗുണമേന്മയുള്ള പാലും, എണ്ണയുമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കാൻ സംവിധാനങ്ങൾ നിലവിലുണ്ടോയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കടകളിൽ വകുപ്പ് തലത്തിൽ പരിശോധന നടന്നിട്ടുണ്ടോയെന്നും, ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത കടകൾക്ക് ലൈസൻസോ, മറ്റെന്തെങ്കിലും രജിസ്ട്രേഷനോ നിലവിലുണ്ടോയെന്നും, ഈ കടകളിലെ ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മയില്ലായ്മ സംബന്ധിച്ച് പൊതുജനങ്ങൾ പരാതി നൽകിയിട്ടുണ്ടോയെന്നും,ആയതിന്മേൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചായയും എണ്ണയിൽ പൊരിച്ച പലഹാരങ്ങളും വിൽക്കുന്ന നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഗുണമേന്മയുള്ള ഭക്ഷ്യപദാർത്ഥങ്ങളാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് സ്ഥിരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ, എല്ലാ മാസവും മൂന്ന് ദിവസം ഇത്തരം സ്ഥാപനങ്ങളിൽ രാത്രികാല പരിശോധനയും നടത്തുന്നുണ്ട്. ഗുണനിലവാരമില്ലാത്ത ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തൊട്ടാകെ 1677 കടകളിൽ പരിശോധന നടത്തുകയും 807 സ്ഥാപനങ്ങൾക്ക് ന്യൂനത പരിഹരിക്കുന്നതിനായി നോട്ടീസ് നൽകുകയോ പിഴ ചുമത്തുകയോ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കടകൾക്ക് ലൈസൻസ്/രജിസ്ട്രേഷൻ നിർബന്ധമാണ്. ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തവർക്ക് നോട്ടീസ് നൽകി തുടർ പരിശോധനയിൽ ഇവ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. ഇത്തരം കടകൾക്കെതിരെ പൊതുജനങ്ങളിൽ നിന്നും സംസ്ഥാനത്തൊട്ടാകെ കഴിഞ്ഞ ഒരു വർഷം 156 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ടി സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**മാരകമായ വസ്തുക്കൾ ഉപയോഗിച്ചുള്ള ജ്യൂസ് നിർമ്മാണം**

266(314) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജ്യൂസുകളും സർബത്തുകളും, ഐസ്ക്രീം പൗഡറുകളും, വിവിധ ഫ്ലേവറുകൾ ചേർത്ത് പ്ലാസ്റ്റിക് ടിന്നുകളിലും, പായ്ക്കറ്റുകളിലും നിറച്ച് കടകളിലെത്തിക്കുന്നവരുടെ വിവരം ലഭ്യമാക്കാമോ;

(ബി) ഇത്തരക്കാരായ നിർമ്മാതാക്കളെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനാ വിധേയമാക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; ഇത്തരം വിതരണക്കാർ മാരകമായ വസ്തുക്കൾ ഉപയോഗിച്ച് ചെലവ് ചുരുക്കി ഉൽപ്പാദിപ്പിക്കുന്നതിനാൽ, കച്ചവടക്കാർ അധികവും ഇവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാൻ താൽപ്പര്യം കാട്ടുന്നത് പ്രത്യേക ശ്രദ്ധയ്ക്ക് വിധേയമാക്കുമോ;

(സി) ഇത്തരം വസ്തുക്കൾ ഉപയോഗിച്ച് ജ്യൂസ് നിർമ്മിച്ച് വിൽപ്പന നടത്തുന്ന കടകളിലുപരി ഇതിന് ആവശ്യമുള്ള സാധനങ്ങൾ പായ്ക്കറ്റിൽ എത്തിക്കുന്ന നിർമ്മാതാക്കളെക്കുറിച്ചുള്ള വിശദാംശങ്ങൾ മുൻകൂട്ടി ശേഖരിച്ച് ഇടവേളകളിൽ മിന്നൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജ്യൂസുകളും സർബത്തുകളും ഐസ്ക്രീം പൗഡറുകളും, പ്ലാസ്റ്റിക് ടിന്നുകളിലും, പായ്ക്കറ്റുകളിലും നിറച്ച് കടകളിലെത്തിക്കുന്നവരുടെയും വില്പന നടത്തുവരുടെയും ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിലുള്ള പരിശോധനാ സംവിധാനങ്ങളിൽ ഇത്തരം സ്ഥാപനങ്ങൾ ഉൾപ്പെടെ പരിശോധന നടത്തുന്നുണ്ട്. കഴിഞ്ഞ ഒരു വർഷം ഇത്തരത്തിലുള്ള 226 സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്. ടി പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ചുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇത്തരം വിതരണക്കാർ മാരകമായ വസ്തുക്കൾ ഉപയോഗിച്ച് ചെലവ് ചുരുക്കി ഉൽപ്പാദിപ്പിക്കുന്നതായും കച്ചവടക്കാർ അധികവും ഇവരുടെ ഉൽപ്പന്നങ്ങൾ വാങ്ങാൻ താൽപ്പര്യം കാട്ടുന്നതായുമുള്ള വാർത്തകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ഥിരം പരിശോധനകൾക്ക് പുറമേ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും ഇത്തരം സാധനങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ നടത്തുന്നുണ്ട്.

**ഭക്ഷ്യസുരക്ഷാ വകുപ്പ് ശാക്തീകരണം**

267(315) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാസ്റ്റ് ഫുഡ് സംസ്കാരത്തിലേക്ക് വലിയ വിഭാഗം ജനങ്ങൾ മാറിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിൽപ്പനയ്ക്ക് തയ്യാറാക്കിയിട്ടുള്ള ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുവാനുള്ള നിരന്തര പരിശോധനകൾ നടത്തുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും എണ്ണം പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേക്കായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളും 14 ജില്ലാ ഓഫീസുകളും, 3 ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ ഓഫീസുകളും എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ഉള്ള 3 അനലിറ്റിക്കൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്ത് ഗുണമേന്മയുള്ള ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ നിരവധി ബോധവൽക്കരണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഫുഡ്സേഫ്റ്റി ട്രെയിനിംഗ് ആന്റ് സർട്ടിഫിക്കേഷൻ (FoSTaC), റീ പർപ്പസ് യൂസ്ഡ് കുക്കിംഗ് ഓയിൽ (RUCO), ബ്ലിസ്സ്ഫുൾ ഹൈജീനിക് ഒഫറിംഗ് റ്റു ഗോഡ് (BHOG), സേഫ് ആന്റ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ (SNF@School), ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്, സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. ഭക്ഷ്യസുരക്ഷ സംബന്ധിച്ചുള്ള പരാതികളിൽ ഉടനടി പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ക്വിക്ക് റെസ്പോൺസ് ടീം (QRT) സംവിധാനം എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ സിവിൽ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. കണ്ണൂർ ജില്ല കേന്ദ്രമാക്കി ഒരു അനലറ്റിക്കൽ ലാബും ഗവേഷണകേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള നിരന്തര പരിശോധനകൾ 140 ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തുന്നതിന് 14 ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ കാര്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ സ്വകാര്യ വാഹനങ്ങൾ വാടകയ്ക്കെടുത്തും ഉപയോഗിച്ചുവരുന്നു.

## കിഫ്ബി വഴി ആരോഗ്യ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

268(316) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏത് തരത്തിലുള്ള ആരോഗ്യകേന്ദ്രങ്ങൾക്കാണ് കിഫ്ബി വഴി സൗകര്യങ്ങൾ ഉണ്ടാക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി വഴി ആരോഗ്യമേഖലയിൽ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി പദ്ധതികൾക്ക് ആരോഗ്യമേഖല സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ആരോഗ്യമേഖലയിൽ തെരഞ്ഞെടുക്കപ്പെട്ട 60 ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവും വിവിധ ആശുപത്രികളിൽ കാത്ത് ലാബ്, ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ സ്ഥാപനവുമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 25 പദ്ധതികൾക്കാണ് ഇതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ആരോഗ്യ മേഖലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെയും പട്ടിക അംഗീകരിച്ച പ്രവൃത്തികളുടെയും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമായ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും കാൻസർ സെന്ററുകളിലുമാണ് കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യവികസനം നടപ്പിലാക്കുന്നത്.

(സി) കിഫ്ബി സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന 10 കാത്ത് ലാബുകളിൽ 4 എണ്ണം പ്രവർത്തനം ആരംഭിച്ചു. കൊല്ലം ജില്ലാ ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ്, എറണാകുളം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് കാത്ത് ലാബുകൾ പ്രവർത്തനം ആരംഭിച്ചത്. ഏറ്റെടുത്ത 44 ഡയാലിസിസ് സെന്ററുകളിൽ 32 എണ്ണം പ്രവർത്തനം ആരംഭിച്ചു. ഇവയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*. കിഫ്ബി വഴി ഏറ്റെടുത്ത് പുനലൂർ താലൂക്ക് ആശുപത്രിയിലെ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം 95% പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവ വിവിധ നിർമ്മാണ ഘട്ടങ്ങളിലാണ്.

(ഡി) അടിസ്ഥാന സൗകര്യം കുറവുള്ള ആശുപത്രികളുടെയും കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതുമായ ആശുപത്രികളുടെയും മാസ്റ്റർ പ്ലാനുകൾ അംഗീകൃത ഏജൻസികളെ നിയമിച്ച് തയ്യാറാക്കിയാണ് കിഫ്ബി അനുമതിക്കായി സമർപ്പിക്കുന്നത്.

കാത്ത് ലാബുകൾക്കായി ജില്ലാ/ജനറൽ ആശുപത്രികളേയും ഡയാലിസിസ് യൂണിറ്റുകൾക്കായി സ്ഥല സൗകര്യം ലഭ്യമായ താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

## സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള സഹായം

269(318) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഡയാലിസിസ് രോഗികൾക്ക് സാമൂഹ്യ സുരക്ഷാ മിഷൻ വഴി സാമ്പത്തിക സഹായം ലഭിക്കുന്നതിന് നടപടി ക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ അപേക്ഷകർക്ക് നാളിതുവരെ ലഭിച്ചിട്ടുള്ള സഹായങ്ങളെക്കുറിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അരിവാൾ രോഗികളുടെ കണക്ക്

270(319) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിവാൾ രോഗികളുടെ കൃത്യമായ കണക്ക് ലഭ്യമായിട്ടുണ്ടോ; എങ്കിൽ അരിവാൾ രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മണ്ണാർക്കാട് മണ്ഡലത്തിലെ അരിവാൾ രോഗികളുടെ കണക്ക് ലഭ്യമാണോ; എങ്കിൽ ഇതിന്റെ വിവരം ലഭ്യമാക്കുമോ;

(സി) അരിവാൾ രോഗികൾക്കായി നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു:

| ജില്ല | രോഗികളുടെ എണ്ണം |
|---|---|
| വയനാട് | 988 |
| പാലക്കാട് | 118 |
| മലപ്പുറം | 38 |
| കണ്ണൂർ | 5 |

(ബി) മണ്ണാർക്കാട് മണ്ഡലത്തിലെ അട്ടപ്പാടി പ്രദേശത്ത് 118 പേർക്ക് ഈ രോഗം പിടിപെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ട്.

(സി) വയനാട് ജില്ലിയിൽ എല്ലാ അരിവാൾ രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജും ആരോഗ്യ കേരളം വയനാടും സംയുക്തമായ പദ്ധതിയിലൂടെ പ്രോട്ടീൻ കൂടുതലയായുള്ള ഭക്ഷണക്കിറ്റ് നൽകുന്നുണ്ട്. ഈ രോഗം ബാധിച്ച എല്ലാ ആദിവാസികൾക്കും പ്രതിമാസം 2,500 രൂപ വീതവും ആദിവാസികൾ അല്ലാത്തവർക്ക് 2,000 രൂപ വീതവും സാമ്പത്തിക സഹായം നൽകിവരുന്നു. ആരോഗ്യ കേന്ദ്രങ്ങൾവഴി സൗജന്യ ചികിത്സയും മരുന്നുകളും നൽകിവരുന്നു. മാനന്തവാടി ജില്ലാ ആശുപത്രിയിൽ വിദഗ്ധ ചികിത്സയും കിടത്തി ചികിത്സയും നൽകുന്നു. കൂടാതെ ഈ രോഗികൾക്ക് Solubiter, Hb electophorosis എന്നീ ടെസ്റ്റുകൾ നടത്തുന്നതിന് സൗകര്യമുണ്ട്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വഴി "സാന്ത്വനം" പദ്ധതി നടപ്പിലാക്കി വരുന്നു. ഈ ജില്ലയിൽ ആകെയുള്ള 118 സിക്കിൾസെൽ രോഗികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെ ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യന്റെ നേതൃത്വത്തിൽ പരിശോധന നടത്തി മരുന്ന് നല്കുകയും ഡയറ്റീഷ്യന്റെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൗൺസിലറുടെയും സൈക്യാട്രിസ്റ്റിന്റെയും ട്രൈബൽ വെൽഫെയർ ആഫീസറുടെയും നേതൃത്വത്തിൽ ജനറ്റിക് കൗൺസിലിംഗ് നൽകുകയും ചെയ്തു വരുന്നു. രോഗികളെ കൊണ്ടുവരുന്നതിനും തിരികെ കൊണ്ടുവിടുന്നതിനും വാഹന സൗകര്യവും അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി പ്രതിമാസം 1,000 രൂപ ചികിത്സാ സഹായവും ആശുപത്രിയിൽ അഡ്മിറ്റായാൽ ചികിത്സയും നൽകി വരുന്നു. സിക്കിൾസെൽ അനീമിയ രോഗികൾക്ക് ക്ഷേമ പെൻഷനും നൽകി വരുന്നു.

താലൂക്കടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഭിന്നശേഷി സർട്ടിഫിക്കറ്റും നൽകി തുടങ്ങിയിട്ടുണ്ട്.

## സർക്കാർ പൊതുസ്ഥാപനങ്ങളിലെ ശുചീകരണം

271(320) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മാതൃകാപരമായ ശുചിത്വ പ്രവർത്തനങ്ങളുമായി മുന്നേറുമ്പോൾ വിവിധ ഡയറക്ടറേറ്റുകൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ വിലപിടിപ്പുള്ള പഴയ ഫർണിച്ചർ ഉൾപ്പെടെയുള്ള നിരവധി വസ്തുക്കൾ കൂട്ടിയിട്ട്, വിഷപാമ്പ്, എലി, പഴുതാര, പാറ്റ തുടങ്ങിയ ജീവികൾ കുമിഞ്ഞുകൂടി അപകടകരമായ സ്ഥിതിവിശേഷം ആരോഗ്യരംഗത്ത് സൃഷ്ടിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച അവസ്ഥയിലുള്ള സർക്കാർ-പൊതുസ്ഥാപനങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ശുചീകരിച്ച് മെച്ചപ്പെട്ട ആരോഗ്യാവസ്ഥ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സ്ഥാപനങ്ങളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെ ഉപയോഗശൂന്യമായ സാധനങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ പരസ്യലേല വിൽപ്പന നടത്തി ഒഴിവാക്കാറുണ്ട്.

(ബി) സർക്കാർ തലത്തിൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ അതത് വകുപ്പിന്റെ കീഴിലെ സ്ഥാപനങ്ങളും പരിസരവും ശുചിയായി വയ്ക്കുന്നതിന് തീരുമാനങ്ങൾ എടുക്കാറുമുണ്ട്.

(സി) സർക്കാർ സ്ഥാപനങ്ങളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് സർക്കാർ നിർദ്ദേശം നിലവിലുണ്ട്. മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ വകുപ്പുകളിൽ മഴക്കാലത്തിനുമുൻപ് ഡ്രൈഡേ ആചരിച്ച് ഓഫീസും പരിസരങ്ങളും വൃത്തിയാക്കാറുമുണ്ട്.

**സമ്പുഷ്ട കേരളം പദ്ധതി**

272(321) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സമ്പുഷ്ട കേരളം പദ്ധതിയ്ക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി ഏതൊക്കെ വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ നാളിതുവരെ 7765.28 ലക്ഷം രൂപയും സംസ്ഥാന സർക്കാർ 1941.32 ലക്ഷം രൂപയും (ആകെ 9706.60 ലക്ഷം രൂപ) പദ്ധതിക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 0 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## ദന്തൽ കോളേജ് അദ്ധ്യാപകരുടേയും ഡോക്ടർമാരുടേയും ഒഴിവുകൾ

273(322) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദന്തൽ കോളേജുകളിൽ നിലവിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളുണ്ടെന്ന് വിഭാഗം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുവേണ്ടിയുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ ദന്തൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ദന്തൽ കോളേജുകളിൽ നിലവിൽ 12 അദ്ധ്യാപകരുടെ ഒഴിവുകളുണ്ട്. വിഭാഗം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | വിഭാഗം | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ഓർത്തോഡോൺടിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 1 |
| 2. | പീഡോഡോൺടിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 1 |
| 3. | ഓറൽമെഡിസിൻ& റേഡിയോളജി | അസിസ്റ്റന്റ് പ്രൊഫസർ | 2 |
| 4. | ഓറൽ പത്തോളജി & മൈക്രോബയോളജി | പ്രൊഫസർ | 1 |
| 5. | പ്രോസ്തോഡോൺടിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 1 |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | പെരിയോഡോൺടിക്സ് | അസിസ്റ്റന്റ് പ്രൊഫസർ | 1 |
| 7. | കമ്മ്യൂണിറ്റി ഡെന്റിസ്ട്രി | പ്രൊഫസർ | 1 |
| | | അസിസ്റ്റന്റ് പ്രൊഫസർ | 3 |
| 8. | ഓറൽ & മാക്സിലോ - ഫേഷ്യൽ സർജറി | പ്രൊഫസർ | 1 |

(ബി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(സി) സർക്കാർ ആശുപത്രികളിലെ ദന്തൽ ഡോക്ടർമാരുടെ ഒഴിവുകൾ ചുവടെ ചേർക്കുന്നു:

അസിസ്റ്റന്റ് ഡെന്റൽ സർജൻ - 1

ഡെന്റൽ സിവിൽ സർജൻ - 1

ജൂനിയർ കൺസൾട്ടന്റ് (ഡെന്റൽ) - 4

(ഡി) 1. പ്രവേശന കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ള ഡോക്ടർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് ഡെന്റൽ സർജന്റെ ഒഴിവ് നികത്തപ്പെടുന്നതാണ്.

2. ഡെന്റൽ സിവിൽ സർജൻ, ജൂനിയർ കൺസൾട്ടന്റ് (ഡെന്റൽ) എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജ്

274(323) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ സർക്കാർ നഴ്സിംഗ് കോളേജിൽ നിലവിൽ എം.എസ്സി. നഴ്സിംഗിനും, ബി.എസ്സി. നഴ്സിംഗിനും പ്രതിവർഷം എത്ര കുട്ടികൾക്കാണ് പ്രവേശനം അനുവദിക്കുന്നത്;

(ബി) പ്രസ്തുത കോഴ്സുകളിൽ പ്രവേശനത്തിന് ഈടാക്കുന്ന ഫീസിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജിലെ ബി.എസ്‌സി. നഴ്സിംഗ്, എം.എസ്‌സി. നഴ്സിംഗ് വിദ്യാർത്ഥികളിൽ നിന്നും 2015-16 മുതൽ 2017-18 വരെ ഫീസ് ഇനത്തിൽ ഈടാക്കിയ തുകയിൽ കുറവ് വന്നുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയുടെ കുറവാണ് കണ്ടെത്തിയത്;

(ഡി) നിശ്ചയിച്ച ഫീസ് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നതിൽ കുറവ് ഉണ്ടായത് ഏത് സാഹചര്യത്തിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ സർക്കാർ നഴ്സിംഗ് കോളേജിൽ നിലവിൽ എം.എസ്‌സി. നഴ്സിംഗ് കോഴ്സിന് 20 സീറ്റുകളും ബി.എസ്‌സി. നഴ്സിംഗ് കോഴ്സിന് 60 സീറ്റുകളുമാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്.

(ബി) 2019 അദ്ധ്യയന വർഷം മുതൽ പുതുക്കിയ ഫീസ് ഘടനയുടെ അടിസ്ഥാനത്തിൽ 2019-2020 അദ്ധ്യയന വർഷം ഒന്നാം വർഷ ബി.എസ്‌സി. നഴ്സിംഗിനും, എം.എസ്‌സി. നഴ്സിംഗ് കോഴ്സിനും താഴെപറയും പ്രകാരമാണ് ഫീസ് ഈടാക്കുന്നത്.

<u>ബി.എസ്സ്.സി. നേഴ്സിംഗ്</u>

| | |
|---|---|
| ട്യൂഷൻ ഫീസ് | - 15,750 |
| വാൻ ഫീസ് | - 1,580 |
| മിസലേനിയസ് ഫീസ് | - 1580 |
| കോഷൻ ഡെപ്പോസിറ്റ് | - 2,100 |
| | 21,010 രൂപ |

എം.എസ്‌സി. നഴ്സിംഗ്

| | |
|---|---|
| ട്യൂഷൻ ഫീസ് | - 29,400 |
| വാൻ ഫീസ് | - 1,050 |
| സ്പെഷ്യൽ ഫീസ് | - 1,580 |
| കോഷൻ ഡെപ്പോസിറ്റ് | - 4,200 |
| | 36,230 രൂപ |

(സി) കണ്ടെത്തിയിട്ടുണ്ട്.

57.95 ലക്ഷം രൂപയുടെ കുറവാണ് കണ്ടെത്തിയത്.

(ഡി) നിശ്ചയിക്കപ്പെട്ട ഫീസിൽ വർഷംതോറുമുള്ള 10% വർദ്ധനവ് വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കിയിട്ടില്ല. ഇക്കാര്യം അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയപ്പോൾ തന്നെ കുട്ടികളെ അറിയിക്കുകയും വർദ്ധിപ്പിച്ച ഫീസ്, 2015 ബാച്ച് മുതലുള്ള കുട്ടികളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഇതനുസരിച്ച് 5,67,795 രൂപ ഈടാക്കിയിട്ടുമുണ്ട്. ഇതിന് ഉത്തരവാദികളായവർക്കെതിരെയുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

275(324) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പി.ജി. വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന സ്റ്റൈപ്പന്റ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പി.ജി. വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിരിക്കുന്ന സ്റ്റൈപ്പന്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ നൽകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് എൻട്രൻസ് കമ്മീഷണർക്കും ഉന്നതവിദ്യാഭ്യാസ വകുപ്പിനും പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളോട് സർക്കാർ വിശദീകരണം ചോദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സർക്കാർ നിശ്ചയിച്ച സ്റ്റൈപ്പന്റ് അനുവദിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ പി.ജി. റെഗുലേഷൻസായ പി.ജി. ഗ്രാഡുവേറ്റ് മെഡിക്കൽ എഡ്യൂക്കേഷൻ റെഗുലേഷൻസ് 2000-ലെ ഉപ വകുപ്പ് 13.3 പ്രകാരം പി.ജി. ഡിഗ്രി/ഡിപ്ലോമ/സൂപ്പർ സ്പെഷ്യാലിറ്റി തുടങ്ങിയ കോഴ്സുകൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതാതു പ്രദേശത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അതേ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ തുക തന്നെയാണ് സ്റ്റൈപ്പന്റായി നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലെ പി.ജി. ഡിഗ്രിക്കും ഡിപ്ലോമയ്ക്കും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ നൽകുന്ന തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാം വർഷം ഡിഗ്രി | - 53,000 രൂപ |
| രണ്ടാം വർഷം ഡിഗ്രി | - 54,000 രൂപ |
| മൂന്നാം വർഷം ഡിഗ്രി | - 55,000 രൂപ |
| ഒന്നാം വർഷം ഡിപ്ലോമ | - 53,000 രൂപ |
| രണ്ടാം വർഷം ഡിപ്ലോമ | - 54,000 രൂപ |

(ബി) ഇത് സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി മുൻപാകെ MDS വിദ്യാർത്ഥികൾ പരാതി സമർപ്പിക്കുകയും 13-5-2016-ലെ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ DE-87(4)-2016 നോട്ടിഫിക്കേഷൻ പ്രകാരം സർക്കാരിനെയോ കോടതിയേയോ സമീപിക്കാൻ പരാതിക്കാർക്കു നിർദ്ദേശം നൽകിക്കൊണ്ട് ആയതു പ്രവേശന മേൽനോട്ട സമിതി തീർപ്പാക്കിയിട്ടുണ്ട്.

(സി&ഡി) പി.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിൽ സ്വാശ്രയ കോളേജുകൾ വീഴ്ച വരുത്തുന്നപക്ഷം സർക്കാരിന് കോളേജുകൾക്കെതിരെ നടപടികൾ കൈക്കൊള്ളുവാൻ നിലവിൽ വ്യവസ്ഥകളില്ല.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ കാന്റീൻ ടെണ്ടർ ചെയ്ത നടപടികളിലെ ക്രമക്കേടുകൾ

276(325) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ പുതിയ എച്ച്.ഡി.എസ്. കാന്റീൻ ടെണ്ടർ ചെയ്ത നടപടികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ജില്ലാ കളക്ടർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി അതിന്റെ 21-1-2019 തീയതിയിലെ കമ്മിറ്റിയിൽ ജില്ലാ കളക്ടർ എച്ച്.ഡി.എസ്.-നു കീഴിലുള്ള ക്യാന്റീൻ കെട്ടിടത്തിന്റെ ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും ടെണ്ടർ നോട്ടിഫിക്കേഷനിൽ അപാകതകളുണ്ടെന്നും ടെണ്ടറിൽ പാലിക്കേണ്ട ചട്ടങ്ങൾ പാലിച്ചിട്ടില്ലെന്നും കണ്ടുപിടിച്ചു. കൂടാതെ ടെണ്ടർ നിബന്ധന പ്രകാരം കരാറുകാരൻ മുഴുവൻ തുകയും മുൻകൂർ അടയ്ക്കാത്തത് ചട്ടലംഘനമാണെന്നും ആയതിനാൽ 7 ദിവസത്തിനുള്ളിൽ ബാക്കി തുക അടയ്ക്കുന്നതിനായി കരാറുകാരന് നോട്ടീസ് നൽകാൻ അദ്ദേഹം സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ആയതിൻപ്രകാരം കരാറുകാരൻ ടി.ഡി.എസ്. കഴിച്ചുള്ള 1,92,40,000 രൂപ ആശുപത്രി വികസന സമിതിയുടെ അക്കൗണ്ടിൽ അടച്ചു തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## കോഴിക്കോട് മെഡിക്കൽ കോളേജ്

277(326) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ, വികസന പ്രവൃത്തിയുടെ പേര്, അനുവദിച്ച തുക എന്നീ ക്രമത്തിൽ വിശദമാക്കാമോ;

(ബി) മെഡിക്കൽ കോളേജിലേക്ക് പുതുതായി അനുവദിച്ച തസ്തികകൾ എത്രയെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) മെഡിക്കൽ കോളേജിലേയ്ക്കായി പുതുതായി ആരംഭിക്കാൻ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് ഓരോന്നും തുക സഹിതം വിശദമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അസോസിയേറ്റ് പ്രോഫസർ - 5

അസിസ്റ്റന്റ് പ്രൊഫസർ - 7

സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 243

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം

278(327) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ. കെ.ഡി. പ്രസേനൻ:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് അറിയിക്കാമോ;

(സി) കാലാവധി അവസാനിച്ചതും ഗുണനിലവാരമില്ലാത്തതുമായ മരുന്നുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) കാലാവധി കഴിഞ്ഞ അലോപ്പതി മരുന്നുകളുടെയും മെഡിക്കൽ മാലിന്യങ്ങളുടെയും ശാസ്ത്രീയ സംസ്കരണത്തിന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നൂതന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്റ്റ് ആൻഡ് റൂൾസ് എന്ന കേന്ദ്ര നിയമത്തിലെ വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് രാജ്യമെമ്പാടും അലോപ്പതി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂ എന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദനശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽത്തന്നെ ഉറപ്പാക്കിയശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിൽ എത്തിക്കുന്നത്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടം വരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടി വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നു. ഇതിലേയ്ക്കായി സർക്കാർ സ്റ്റാറ്റ്യൂട്ടറി ലാബുകൾ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനംമൂലവും മരുന്നുകൾക്ക് നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) Drugs and Cosmetics Rules, 1945 -ലെ Schedule M (Good Manufacturing Practices) പ്രകാരമാണ് മരുന്ന് നിർമ്മാണ പ്രക്രിയകൾ നടത്തേണ്ടതെന്ന് അനുശാസിക്കുന്നുണ്ട്. അസംസ്കൃത വസ്തു സംഭരിക്കുന്നത് മുതൽ മരുന്നിന്റെ ഫോർമുലേഷൻ (Finished product) ആയി വിപണിയിലെത്തിക്കുന്നതിനായി release ചെയ്യുന്നത് വരെ ഓരോ ഘട്ടത്തിലും കർശന ഗുണനിലവാര പരിശോധനകൾ നിർമ്മാതാക്കൾതന്നെ നടത്തണമെന്ന് ടി നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇവ പാലിക്കുന്നുണ്ടോയെന്ന് അതാത് സംസ്ഥാന ഡ്രഗ്സ്

കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ വിപണിയിൽ എത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/ സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നുമുണ്ട്.

(സി) ഒരു മരുന്നിന്റെ കാലാവധി കഴിയുന്നതിനുമുമ്പായി അവ വിതരണക്കാർ മുഖാന്തിരം നിർമ്മാതാവിന് തിരികെ നൽകി മുഴുവൻ തുകയും തിരികെ ലഭ്യമാകുന്ന സംവിധാനമാണ് നിലവിലുള്ളത്. ആയതിനാൽ, കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കുന്ന സാഹചര്യം നിലവിലുള്ളതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ മരുന്നുകൾ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ സ്റ്റോക്ക് ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിരന്തരം പരിശോധനകൾ നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ വൻതോതിലോ, മനഃപൂർവ്വമായതോ, കാലാവധി കഴിഞ്ഞതോ ആയ മരുന്നുകൾ വില്പന നടത്തുന്നതായി കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കാലാവധി കഴിഞ്ഞ മരുന്നുകൾ സ്ഥാപനങ്ങളിൽ സൂക്ഷിക്കരുതെന്ന് മാത്രമേ നിയമത്തിൽ പ്രതിപാദിക്കുന്നുള്ളൂ. എന്നാൽ ഇവയുടെ സംസ്കരണത്തെപ്പറ്റി നിയമത്തിൽ പ്രതിപാദിക്കുന്നില്ല. മരുന്നുകൾ ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ടുകൾ ലഭിക്കുന്ന പക്ഷം രാജ്യമൊട്ടാകെ ഇവയുടെ വിലപ്പന തടയുന്നതിലേയ്ക്കായി ഇവയുടെ വിതരണ ശൃംഖല കണ്ടെത്തി വിപണിയിൽ നിന്ന് പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുയും നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) ഉപയോഗിച്ച കഴിഞ്ഞതും ബാക്കിയായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ ശേഖരിക്കുവാനോ ശാസ്ത്രീയമായി സംസ്കരിക്കുവാനോ യാതൊരു നിയമങ്ങളും സംവിധാനങ്ങളും നിലവിലില്ല. ഇത്തരം മരുന്നുകൾ തിരിച്ചെടുക്കുവാനോ ശാസ്ത്രീയമായി സംസ്കരിക്കുവാനോ സംവിധാനങ്ങളില്ലാത്തതു കൊണ്ട് ഇവ അലക്ഷ്യമായി പുരയിടങ്ങളിലും കൃഷിയിടങ്ങളിലും റോഡുകളിലും ജലാശയങ്ങളിലും വലിച്ചെറിയുന്ന സാഹചര്യമുണ്ടാകുന്നു. വളരെ വീര്യമേറിയ രാസപദാർത്ഥങ്ങളടങ്ങുന്ന ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ മണ്ണിലും ജലത്തിലും അലിഞ്ഞു ചേർന്ന് ഇവ വീണ്ടും ഭക്ഷ്യ വസ്തുക്കളിലൂടെയും മത്സ്യ-മൃഗാദികളിലൂടെയും മനുഷ്യ ശരീരത്തിൽ എത്തിച്ചേർന്ന് മനുഷ്യരാശിക്കും

പരിസ്ഥിതിക്കും മത്സ്യ-മൃഗ സമ്പത്തിന്റെയും നാശത്തിന് വഴിയൊരുക്കുന്ന Antimicrobial Resistance (AMR) എന്ന ഭീകരാവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. Antimicrobial Resistance (AMR) എന്ന ഗുരുതരാവസ്ഥയുടെ വ്യാപ്തിയെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഉപയോഗിച്ച് കഴിഞ്ഞ് ബാക്കിയായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ പൊതുജനങ്ങളിൽനിന്ന് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും വേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധവ്യാപാരികളുടെ സംഘടനയായ All Kerala Chemists and Druggists Association (AKCDA)-യോട് ചേർന്ന് രൂപീകരിച്ച PROUD (Programme for Removal of Unused Drugs) എന്ന് നാമകരണം ചെയ്തിട്ടുള്ള പദ്ധതിക്ക് 15-4-2019-ൽ തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇന്ത്യയിൽതന്നെ ആദ്യത്തെ സംരംഭമാണ്. സർക്കാരിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലാണ് പരീക്ഷണ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജില്ലയിലെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത് സ്ഥാപിച്ചിട്ടുള്ള മെഡിസിൻ ഡ്രോപ്പ് ബോക്സ്/കളക്ടിംഗ് ബിന്നുകൾ മുഖാന്തരം ശേഖരിച്ച് ഉപയോഗശൂന്യമായ മരുന്നുകൾ മംഗലാപുരത്ത് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന 'Ramky Energy & Environment' മാലിന്യ സംസ്കരണ പ്ലാന്റ് വഴി ശാസ്ത്രീയമായി സംസ്കരിക്കുന്നതാണ്.

ഇത്തരത്തിൽ ശേഖരിച്ച 3.5 ടണ്ണോളം വരുന്ന ഉപയോഗശൂന്യമായ മരുന്നുകൾ ഒക്ടോബർ ആദ്യവാരം മംഗലാപുരത്ത് എത്തിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ചിട്ടുണ്ട്. ഈ പ്രാരംഭ പദ്ധതിക്ക് പൊതുജനങ്ങളിൽ നിന്ന് നല്ല സഹകരണം ലഭിച്ചതിനെത്തുടർന്ന് സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി പരിശോധിച്ചു വരുന്നു.

## ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

279(328) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മേഖലയിലെ പല കമ്പനികളും ഗുണമേന്മയില്ലാത്ത മരുന്നുകൾ വിപണിയിൽ ഇറക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച് ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥരുടെ യോഗ്യത എന്താണ്; ഇതിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മരുന്ന് നിർമ്മാണ മേഖലയിൽ പുതിയ യോഗ്യതകൾ കർശനമാക്കുമ്പോൾ സംസ്ഥാനത്ത് നിലവിലുള്ള യോഗ്യതയിൽ ഇളവ് അനുവദിച്ചത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ;

(ഡി) ധാതു അധിഷ്ഠിത മരുന്നുകളുടെ അംഗീകാരത്തിന് രസതന്ത്ര ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം ഉള്ളവരെ മാത്രമേ നിയമിക്കാവൂ എന്ന കേന്ദ്ര നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പതിവായി ആയുർവേദ ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽനിന്നും ഔഷധ വിൽപ്പന കേന്ദ്രങ്ങളിൽനിന്നും പരിശോധനയ്ക്കായി സ്റ്റാറ്റ്യൂട്ടറി സാമ്പിംഗ് നടത്താറുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തുമുള്ള രണ്ട് സർക്കാർ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറികളിലെ ആയുഷ് വിഭാഗത്തിലും സ്വകാര്യ മേഖലയിലുള്ള ഏഴ് ആയുഷ് അംഗീകൃത ലാബുകളിലും ആയുർവേദ സിദ്ധ യുനാനി ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ട്. ഇവ ടെസ്റ്റ്/അനാലിസിസ് ചെയ്യപ്പെടുകയും സാരമായ വ്യതിയാനത്തിൽ ഗുണനിലവാരമില്ലാത്ത ഔഷധ നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികളും ഗുരുതരമായ ഗുണനിലവാര വ്യതിയാനം വരുത്തുന്നവർക്കെതിരെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിയമനടപടികളും സ്വീകരിക്കാറുണ്ട്.

എല്ലാ ഔഷധ നിർമ്മാതാക്കളും അവരുടെ സ്വന്തം ലബോറട്ടറിയിലും സ്വന്തം ലബോറട്ടറി ഏർപ്പെടുത്താത്തവർ മറ്റ് സ്വകാര്യ ആയുഷ് അംഗീകൃത ലബോറട്ടറിയിലും വിശദമായ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിയതിന് ശേഷമാണ് ഔഷധങ്ങൾ വിൽപ്പനയ്ക്ക് നൽകുന്നത്. ഈ കാര്യങ്ങളെല്ലാം തന്നെ സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ് ഇൻസ്പെക്ടർമാർ വിലയിരുത്താറുണ്ട്.

അന്യസംസ്ഥാനങ്ങളിൽ നിന്നും നിർമ്മിച്ച് ഇവിടെ വിതരണം നടത്തുന്ന ആയുർവേദ സിദ്ധ യുനാനി ഔഷധങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ പരിമിതികളുണ്ട്.

(ബി) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിച്ച് ലൈസൻസ് നൽകുന്ന ഉദ്യോഗസ്ഥരുടെ യോഗ്യത ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ റൂൾസ് - 162 എ പ്രകാരം ആയുർവേദ/സിദ്ധ/യുനാനി/ബി.ഫാം. (ആയുർവേദം) വിഷയത്തിൽ ബിരുദം അടിസ്ഥാന യോഗ്യതയും അഞ്ച് വർഷത്തിൽ കുറയാതെയുള്ള എൻഫോഴ്സ്മെന്റ് പരിചയമോ ഔഷധനിർമ്മാണ പരിചയമോ ഔഷധ പരിശോധനാ പരിചയമോ അദ്ധ്യാപനത്തിലും റിസർച്ചിലുമുള്ള പരിചയമോ ആണ്.

എന്നാൽ ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം ഡെപ്യൂട്ടേഷൻ വഴി ആയിരുന്നപ്പോൾ രസശാസ്ത്ര ഭൈഷജ്യ കൽപ്പന വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ള ഗവ. ആയുർവേദ കോളേജ് പ്രൊഫസർമാരെയാണ് നിയമിച്ചിരുന്നത്. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം)തസ്തികയുടെ സ്പെഷ്യൽ റൂൾസ് രൂപീകരിച്ചപ്പോൾ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം മതിയായ യോഗ്യതയുള്ളവരെ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽനിന്നും ലൈസൻസിംഗ് അതോറിറ്റിയായി നിയമിച്ചിട്ടുണ്ട്.

(സി) മരുന്ന് നിർമ്മാണ മേഖലയിൽ പുതിയ യോഗ്യതകൾ കർശനമാക്കുമ്പോൾ സംസ്ഥാനത്ത് നിലവിലുള്ള യോഗ്യതയിൽ ഇളവ് അനുവദിച്ചിട്ടില്ല. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് 162-എ പ്രകാരം മതിയായ യോഗ്യതയുള്ളയാളെയാണ് ലൈസൻസിംഗ് അതോറിറ്റിയായി നിയമിച്ചിട്ടുള്ളത്.

(ഡി) ധാതു അധിഷ്ഠിത മരുന്നുകളുടെ പുതുതായി അംഗീകാരത്തിനുവേണ്ടി ഔഷധ നിർമ്മാണ സ്ഥാപന പരിശോധന നടത്തേണ്ടത് ആയുഷ് ഡിപ്പാർട്ട്മെന്റ് നോമിനേറ്റ് ചെയ്യുന്ന രസശാസ്ത്ര വിദഗ്ദ്ധരടങ്ങുന്ന ഒരു ടീം ആയിരിക്കണമെന്നും ഈ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Supplementary GMP Certificate for Rasoushadhis അനുവദിക്കണമെന്നുമാണ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് ഷെഡ്യൂൾ റ്റി. Part II.D പ്രകാരം നിഷ്കർഷിക്കപ്പെട്ടിരിക്കുന്നത്. ഔഷധ നിർമ്മാതാക്കൾ പ്രസ്തുത സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചാൽ ആയത് വിശദമായ പരിശോധനകൾക്ക് ശേഷം നടപ്പിൽ വരുത്തുന്നതാണ്.

## ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർ നിയമനം

280(329) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും ആയുർവേദ ഡ്രഗ് ഇൻസ്പെക്ടർ തസ്തികയിൽ നാഷണൽ ആയുഷ് മിഷന്റെ ധനസഹായം ഉപയോഗിച്ച് നിയമനം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) 19-12-2019-ന് കാലാവധി അവസാനിക്കുന്ന ഈ പട്ടികയിൽനിന്നും നാഷണൽ ആയുഷ് മിഷന്റെ സാമ്പത്തിക സഹായത്തോടെ പരമാവധി നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്.

ഈ വിഷയത്തിൽ 2018-19 വർഷത്തിൽ 11 ഡ്രഗ് ഇൻസ്പെക്ടർമാരുടെയും 4 ക്ലാർക്കുമാരുടെയും പോസ്റ്റ് അനുവദിക്കുന്നതിന് നാഷണൽ ആയുഷ് മിഷന് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ആയുഷ് മിഷന്റെ 2018-19-ലെ സപ്ലിമെന്ററി അലോട്ട്മെന്റിൽ 11 ഡ്രഗ് ഇൻസ്പെക്ടർമാരുടെ 4 മാസത്തെ ശമ്പളം എന്ന രീതിയിൽ തുക അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത 11 ഡ്രഗ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന് ആവശ്യമായ തസ്തികകൾ വകുപ്പിൽ നിലവിലില്ല. ഡ്രഗ് ഇൻസ്പെക്ടർ തസ്തിക പുതുതായി അനുവദിച്ച് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

## പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്

281(330) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ ഉത്തരവായ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പരിയാരം ഗവ. ആയുർവേദ കോളേജിൽ പുതുതായി അനുവദിച്ച ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര ഭൈഷജ്യ കൽപ്പന എന്നീ 3 പി.ജി. കോഴ്സുകൾക്കും ക്രിയാശരീര, രോഗനിദാന എന്നീ നിലവിലുള്ള പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം 5-ൽ നിന്ന് 7 ആക്കി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനായി 2018-19 അക്കാദമിക് വർഷം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും യു.ജി., പി.ജി. കോഴ്സുകൾക്ക് CCIM MSR പ്രകാരമുള്ള അദ്ധ്യാപക - അനദ്ധ്യാപക ജീവനക്കാരുടെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെയും കുറവ് കാരണം കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നിരസിക്കുകയാണുണ്ടായത്. എന്നാൽ പ്രസ്തുത പി.ജി. കോഴ്സുകൾക്ക് വീണ്ടും ആയുഷ് മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനായി CCIM-നും കേന്ദ്ര ആയുഷ് മന്ത്രാലയത്തിനും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കേന്ദ്ര ആയുഷ് മന്ത്രാലയം ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ കോളേജിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ ചെറുതുരുത്തിയിലുള്ള പഞ്ചകർമ്മ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ബി) കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിനോടനുബന്ധിച്ച് അനുവദിച്ച 4 നിലകളുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ കെട്ടിട നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ രണ്ട്, നാല് നിലകളുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ഇതുവരേയും ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ രണ്ടാം നിലയിൽ സ്ഥാപിക്കേണ്ട ഓപ്പറേഷൻ തീയേറ്റർ, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ലേബർ റൂം, ഒബ്സർവേഷൻ റൂം എന്നിവയും ടി നിലയിലെ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികളും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ HLL Heights എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ട്. രണ്ട് സാമ്പത്തിക വർഷങ്ങളിലായി കണ്ണൂർ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്ക് വേണ്ടി 230 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

## കോതമംഗലം താലൂക്കിലെ ആയുർവേദ ആശുപത്രി

282(331) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ ആയുഷ് വകുപ്പിൽ A1/234/18 എന്ന ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കോതമംഗലം താലൂക്കിലെ നൂറ് കണക്കിന് രോഗികൾ നിത്യേന എത്തുന്ന പ്രസ്തുത ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ ചെറുവട്ടൂർ ഗവ. ആയുർവേദ ആശുപത്രിയുടെ പദവി ഉയർത്തുന്നത് സംബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ആയുഷ് വകുപ്പിലെ എ 1-234/2018/ആയുഷ് നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ ഭാരതീയ ചികിത്സാ വകുപ്പിന് ആവശ്യമായ തസ്തികകൾ ഉൾപ്പെടുത്തി ഒരു പൊതു പാക്കേജ് സമർപ്പിക്കുവാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതു സംബന്ധിച്ച് പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## മുല്ലശ്ശേരി സർക്കാർ ആയുർവേദ ആശുപത്രി കെട്ടിടത്തിന് ഭരണാനുമതി

283(332) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സർക്കാർ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റിൽ ടോക്കൺ തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സർക്കാർ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനായി 2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തുന്ന ടോക്കൺ തുക ഒഴികെ മറ്റ് ഫണ്ടുകൾ നാളിതുവരെ ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത പദ്ധതിക്കായി 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**ഷൊർണ്ണൂർ മണ്ഡലത്തിലെ നെടുങ്ങോട്ടൂർ ആയുർവേദ ഡിസ്പെൻസറി**

284(333) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ മണ്ഡലത്തിലെ നെടുങ്ങോട്ടൂർ ആയുർവേദ ഡിസ്പെൻസറി മുപ്പത് കിടക്കകളോട് കൂടിയ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

ഷൊർണ്ണൂർ മണ്ഡലത്തിലെ നെടുങ്ങോട്ടൂർ ആയുർവേദ ഡിസ്പെൻസറി മുപ്പത് കിടക്കകളോടു കൂടിയ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

**ചാലക്കുടിയിൽ ആധുനിക ആയുർവേദ ചികിത്സാ കേന്ദ്രം**

285(334) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ ആധുനിക ആയുർവേദ ചികിത്സാ കേന്ദ്രത്തിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിന് ഭരണാനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും സാങ്കേതികാനുമതി ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചാലക്കുടിയിൽ നാഷണൽ ആയുഷ് മിഷന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി അംഗീകാരം ലഭിച്ച 50 കിടക്കകളുള്ള ആയുഷ് ആശുപത്രിക്ക് ഡി.പി.ആർ. തയ്യാറാക്കപ്പെടുകയും ആയുഷ് മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഉണ്ട്. സാങ്കേതിക അനുമതിക്ക് ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ HITES നോട് കൂടുതൽ വിശദാംശങ്ങൾ ആവശ്യപ്പെടുകയും ചെയ്യുകയുണ്ടായി. അത് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ കമ്മിറ്റിയോഗം കൂടി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വൃദ്ധസദനങ്ങളുടെ വർദ്ധന**

286(335) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബന്ധുക്കളുടെ പീഡനങ്ങൾക്ക് വിധേയരായി കഴിയുന്നവരെ ലക്ഷ്യമിട്ട്, വൃദ്ധസദനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് ധാരാളം വൃദ്ധ ജനങ്ങൾ കഴിഞ്ഞു കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അരക്ഷിതരായി കഴിയുന്ന ഇവരുടെ സുരക്ഷിത വാസത്തിന് പരിഗണന നൽകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല. എന്നാൽ അരക്ഷിതരായി കഴിയുന്നവരുടെ സുരക്ഷിത വാസത്തിന് വകുപ്പ് പരിഗണന നൽകുന്നുണ്ട്. ആരാധനാലയവുമായി ബന്ധപ്പെട്ട് വൃദ്ധജനങ്ങൾ കഴിഞ്ഞുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ സാമൂഹ്യനീതി ആഫീസറുടെ സഹായത്തോടെ അവരെ അംഗീകാരമുള്ള വയോജന സംരക്ഷണ ക്ഷേമസ്ഥാപനങ്ങളിൽ മാറ്റി പാർപ്പിക്കാൻ കഴിയുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അനാഥാലയങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നതിൽ താമസം

287(336) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് യഥാസമയം ലഭിക്കുന്നില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഗ്രാന്റ് അനുവദിക്കുന്ന കാര്യത്തിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്;

(സി) 2017-18 വർഷത്തെ ഗ്രാന്റുകൾ പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) നടപ്പ് സമ്പത്തിക വർഷം ഇനിയും ഗ്രാന്റ് നൽകാനുള്ള അനാഥാലയങ്ങളുടെ ലിസ്റ്റ് നൽകാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കും മറ്റ് ക്ഷേമ സ്ഥാപനങ്ങൾക്കും ഗ്രാന്റ് അനുവദിക്കുന്നതിനായി മതിയായ തുക സർക്കാർ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഗ്രാന്റിന് അർഹതയുള്ള ക്ഷേമ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ നിലവിലെ ഗ്രാന്റ്-ഇൻ-എയ്ഡ് റൂൾസ് അനുസരിച്ച് സ്വീകരിച്ച് ജില്ലാ സാമൂഹ്യനീതി ആഫീസർമാർ പരിശോധന നടത്തി അർഹമായ ഗ്രാന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്. ജില്ലാ സാമൂഹ്യനീതി ആഫീസർമാർ ഗ്രാന്റ് തുക കണക്കാക്കി ആവശ്യപ്പെടുന്നതനുസരിച്ചാണ് സാമൂഹ്യനീതി ഡയറക്ടർ ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനായി ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്ക് നൽകുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി ബില്ല് ട്രഷറിയിൽ സമർപ്പിച്ചപ്പോൾ, ബില്ലുകൾ ക്യൂ സിസ്റ്റത്തിൽ ആയത് കാരണം ഗ്രാന്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അനാഥ അഗതികളെ സംരക്ഷിക്കുന്ന ക്ഷേമ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റ് അനുവദിക്കുന്നതിന് വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് നൽകേണ്ടിവരുന്ന അവസരങ്ങളിൽ മുൻഗണന നൽകുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തെ ഗ്രാന്റ് നൽകുന്നതിനുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ആഫീസർ പരിശോധിച്ചുവരികയാണ്. അതിലേയ്ക്ക് ആവശ്യമായ ഫണ്ട് എത്രയാണെന്ന് അറിയിക്കുന്ന മുറയ്ക്ക് ഗ്രാന്റ് നൽകുന്നതാണ്. നടപ്പ് സാമ്പത്തിക വർഷത്തെ ഗ്രാന്റ് നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതേയുള്ളൂ.

### എന്റെ കൂട് പദ്ധതി

288(337) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുതുതായി രൂപീകരിച്ച ശിശു വികസന വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായുള്ള 'എന്റെ കൂട് പദ്ധതി' 'സ്റ്റഡിയോ അപ്പാർട്ടുമെന്റ് പദ്ധതി', 'കൈത്താങ്ങ് പദ്ധതി' എന്നിവയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഔർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ, ശരണബാല്യം, അങ്കണവാടി പോഷകപൂർണ്ണ പദ്ധതി എന്നിവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നുവോയെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തെല്ലാം സഹായം ലഭ്യമാക്കിയെന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

(സി) <u>എന്റെ കൂട് പദ്ധതി</u>

നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും (12 വയസ്സ് വരെയുള്ള ആൺകുട്ടികൾക്കും) രാത്രി കാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരു രാത്രികാല അഭയകേന്ദ്രം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിഭാവന ചെയ്ത പദ്ധതിയാണ് 'എന്റെ കൂട്.' ടി പദ്ധതി പ്രകാരമുള്ള സ്ഥാപനങ്ങൾ കോഴിക്കോട് ജില്ലയിലെ കസബ പോലീസ് സ്റ്റേഷനു സമീപവും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു. താമസം സൗജന്യമാണ്.

<u>സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി</u>

വനിതാ ശിശുവികസന വകുപ്പിൽ നടപ്പാക്കുന്നില്ല.

<u>കൈത്താങ്ങ് പദ്ധതി</u>

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കുടുംബശ്രീ, ആശാ വർക്കേഴ്സ്, പ്രേരക്മാർ, മഹിളാ പ്രധാൻ ഏജന്റ്സ്, ജനമൈത്രി പോലീസ്, യുവജന ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ഉൾപ്പെടുത്തി ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത അഞ്ച് പഞ്ചായത്തുകളുടെ 5 വാർഡ് തെരെഞ്ഞെടുത്ത് കണ്ടെത്തുകയും ഈ കുടംബങ്ങളെ ഇത്തരത്തിൽ 70 പഞ്ചായത്തുകളിലെ 35 വാർഡുകളിൽ പൈലറ്റടിസ്ഥാനത്തിൽ 'കൈത്താങ്ങ് കർമ്മസേന രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

ഓരോ വാർഡിലെയും ശിഥില കുടുംബങ്ങൾ/പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള കുടുംബങ്ങൾ/മദ്യപാനം/മയക്കമരുന്ന് എന്നിവയുടെ ഉപയോഗമുള്ള കുടുംബങ്ങൾ എന്നിവ കണ്ടെത്തുകയും ഈ കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. 2019-20 വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി&ഇ) ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ:

മെച്ചപ്പെട്ട സംരക്ഷണം, കഴിവുകൾ മെച്ചപ്പെടുത്തൽ, ശക്തി പോഷിപ്പിക്കൽ, വൈകല്യങ്ങൾ അഭിമുഖീകരിക്കൽ, മാർഗ്ഗനിർദ്ദേശം നൽകൽ, നല്ല രക്ഷകർതൃത്വം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയുടെ ഭാഗമായി രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.

പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രണ്ട് മാസം കൂടുമ്പോൾ ജീവനക്കാരുടെ റിവ്യൂ മീറ്റിംഗ് ICPS-ന്റെ ഭാഗമായി വിളിച്ചു ചേർക്കാറുണ്ട്. ടി റിവ്യൂ മീറ്റിംഗിൽ വകുപ്പ് സെക്രട്ടറി, ഡയറക്ടർ, പ്രോഗ്രാം മാനേജർ ICPS തുടങ്ങിയവർ പങ്കെടുക്കാറുണ്ട്. കൂടാതെ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നത് സ്കൂളുകൾ മുഖാന്തരമായതിനാൽ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും പദ്ധതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ വർഷവും പദ്ധതിയുമായി സഹകരിക്കുന്നവരുടെ മീറ്റിംഗ് സംഘടിപ്പിക്കുന്നുണ്ട്. നിലവിൽ ORC പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ സ്കൂളുകളുടെ എണ്ണം കൂട്ടുന്നതിന് ഉദ്ദേശിക്കുന്നതിനാൽ കേന്ദ്രസഹായത്തിനായി അഭ്യർത്ഥിച്ചിട്ടുണ്ട്.

ശരണബാല്യം

വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ബാലവേല, ബാലഭിക്ഷാടനം, ബാലചൂഷണം എന്നിവ തടയുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് ശരണബാല്യം, ടി പദ്ധതിയുടെ ഉദ്ദേശ്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനായി IEC വസ്തുക്കൾ രൂപകൽപ്പന ചെയ്തു ജില്ലയിലെ 10 പ്രധാന കേന്ദ്രങ്ങളിൽ വിവിധ ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കുകയും ടി ബോർഡുകളിൽ ബാലവേല, ബാലഭിക്ഷാടനം എന്നിവ കണ്ടെത്തിയാൽ അറിയിക്കേണ്ട പ്രധാന നമ്പരുകൾ, അഡ്രസ്സുകൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്തു. ചൈൽഡ് റെസ്ക്യൂ ഓഫീസർമാർക്കായി പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ശരണബാല്യം പ്രോജക്ടിന്റെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കുന്നതിനായി വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. നിലവിൽ ശരണബാല്യം പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാകുന്നില്ല.

അങ്കണവാടി പോഷകപൂർണ്ണ പദ്ധതി

കേന്ദ്രാവിഷ്കൃത പദ്ധതിയായ അനുപൂരക പോഷകാഹാര പദ്ധതി വകുപ്പിൽ നടപ്പിലാക്കുന്നുണ്ട്. 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള കലോറി, പ്രോട്ടീൻ അളവുകൾക്ക് അനുസൃതമായി ടി പദ്ധതി പ്രകാരം പോഷകാഹാരം നൽകിവരുന്നു. അങ്കണവാടികളിൽ എത്തുന്ന കുട്ടികൾക്ക് മോണിംഗ് സ്നാക്സ്, ഉച്ചഭക്ഷണം, ജനറൽ ഫീഡിംഗ് എന്നിവ ഉറപ്പ് വരുത്തുന്നു. 2 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് വേണ്ട അനുബന്ധ ആഹാരം, ഭക്ഷണം നൽകേണ്ട രീതി എന്നിവ സംബന്ധിച്ച ബ്രോഷറുകൾ അച്ചടിക്കുകയും ആയത് ഭവന സന്ദർശന വേളകളിൽ അമ്മമാർക്ക് വിതരണം ചെയ്യുകയും ബോധവൽക്കരണം നൽകുകയും ചെയ്യുന്നു.

50% കേന്ദ്ര സഹായത്താൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിക്ക് 6 മാസംമുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഒരു ദിവസം 8 രൂപ (4:4) നിരക്കിലും ഗുരുതര പോഷക കുറവുള്ള കുട്ടികൾക്ക് 12 രൂപ (6:6) നിരക്കിലും P&L(Pregnant and Lactating) വിഭാഗത്തിന് 9.50 രൂപ (4.75 : 4.75) രൂപ നിരക്കിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക ചെലവഴിച്ച് വരുന്നു.

**ശരണബാല്യം പദ്ധതി**

289(338) ശ്രീ. ജെയിംസ് മാത്യു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ ബാലവേലയിൽനിന്നും ബാലഭിക്ഷാടനത്തിൽ നിന്നും മോചിപ്പിക്കുന്നതിനും മതിയായ വിദ്യാഭ്യാസം നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനുമായി ആരംഭിച്ച ശരണബാല്യം പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത് ;

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ;

(സി) കുട്ടികളുടെ കടത്ത് തടയുന്നതിനായി എല്ലാ ജില്ലയിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ക്ലബ്ബുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അധികാരികളെ അറിയിക്കുന്നതിന് പൊതുജനങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷൻ രൂപകല്പന ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 14 ജില്ലകളിലും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് 95,87,470 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ശരണബാല്യം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് എല്ലാ ജില്ലകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. നാഷണൽ ഇൻഫോമാറ്റിക് സെന്ററുമായി ചേർന്ന് മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**ശിശുവികസന പദ്ധതി ഓഫീസർ**

290(339) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര ബ്ലോക്ക് പഞ്ചായത്തിൽ എത്ര സി.ഡി.പി.ഒ. (ശിശുവികസന പദ്ധതി ഓഫീസർ) തസ്തികകളാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ഒഴിവുണ്ടോയെന്നും വിശദമാക്കുമോ; ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബ്ലോക്ക് പഞ്ചായത്തുകളിൽ സി.ഡി.പി.ഒ. തസ്തികകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്തെന്ന് വിശദമാക്കുമോ;

(സി) പഞ്ചായത്തിന്റെ വിവിധ പദ്ധതി നിർവ്വഹണത്തിലും മറ്റും അനിവാര്യമായ സേവനം അനുഷ്ഠിക്കുന്ന ഈ തസ്തികകളിൽ ഒഴിവുള്ള പക്ഷം അടിയന്തരമായി നിയമനം നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വേങ്ങര, വേങ്ങര അഡീഷണൽ എന്നിങ്ങനെ രണ്ട് ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശിശു വികസന പദ്ധതി ഓഫീസറുടെ ഓരോ തസ്തിക നിലവിലുണ്ട്. വേങ്ങര

അഡീഷണൽ ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ ശിശു വികസന പദ്ധതി ഓഫീസറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഒഴിവിൽ വേങ്ങര ശിശു വികസന പദ്ധതി ഓഫീസർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Child Development Scheme നടപ്പാക്കുന്നതിന്റെ ഭാഗമായി ജനസംഖ്യാനുപാതികമായി പഞ്ചായത്ത് തലത്തിൽ അനുവദിക്കുന്ന അങ്കണവാടികൾ മോണിറ്റർ ചെയ്യുന്നതിനായി വനിതാ-ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളുടെ കാര്യാലയ മേധാവിയാണ് ശിശു വികസന പദ്ധതി ഓഫീസർ. ശിശു വികസന പദ്ധതി ഓഫീസർ തസ്തിക അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്. ടി തസ്തികയിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ്.

(സി) 15-10-2019-ന് വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തുന്നതിനായുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായുള്ള DPC(Lower) കൂടുകയും സെലക്ട് ലിസ്റ്റ് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി അവസാനഘട്ടത്തിലുമാണ്. സെലക്ട് ലിസ്റ്റ് വിജ്ഞാപനം ചെയ്താലുടൻ നിലവിൽ ഒഴിവുള്ള ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളിൽ ശിശു വികസന പദ്ധതി ഓഫീസർമാരെ നിയമിക്കുന്നതാണ്.

## വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

291(340) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഏത് വർഷം വരെയുള്ളതാണ് അനുവദിച്ചതെന്നറിയിക്കാമോ;

(ബി) യോഗ്യരായ എത്ര അപേക്ഷകർക്കാണ് നിലവിൽ തുക അനുവദിക്കാനുള്ളത്;

(സി) 2019 മാർച്ച് മാസം വരെയുള്ള അർഹരായ അപേക്ഷകർക്ക് തുക അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ അപേക്ഷകൾ സ്വീകരിക്കുന്നതും അതിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും തുക അനുവദിക്കുന്നത് റവന്യൂ വകുപ്പ് മുഖേനയുമാണ്. ടി വിവാഹ ധനസഹായം പഞ്ചായത്ത് പ്രദേശങ്ങളിലും കോർപ്പറേഷൻ പ്രദേശങ്ങളിലും കുടിശ്ശികയില്ലാതെ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. യോഗ്യരായ 2044 അപേക്ഷകർക്ക് മുനിസിപ്പൽ പ്രദേശങ്ങളിൽ തുക അനുവദിക്കാനുണ്ട്. 31-5-2019 വരെയാണ് മുനിസിപ്പൽ പ്രദേശങ്ങളിൽ വിവാഹ ധനസഹായത്തിന് തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അധിക ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ**

292(341) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് വനിത-ശിശു വികസന വകുപ്പ് എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂളുകൾ മുഖാന്തരം 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.)' പദ്ധതി, ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർത്തൃത്വത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിന് 'കരുതൽസ്പർശം' പദ്ധതി, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് ആവശ്യമായ സൈക്കോ സോഷ്യൽ ഇടപെടൽ നടത്തി അവരെ വീണ്ടും സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരുന്നതിനായി 'കാവൽ' പദ്ധതി, ബാലവേല, ബാലഭിക്ഷാടനം എന്നിവ തടയുന്നതിനായി 'ശരണബാല്യം' പദ്ധതി തുടങ്ങിയവ വനിത-ശിശു വികസന വകുപ്പിന്റെ ഭാഗമായി നടത്തിവരുന്നു.

## നെടുമങ്ങാട് മണ്ഡലത്തിലെ അങ്കണവാടികൾ

293(342) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിൽ, സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് മണ്ഡലത്തിൽ, സ്വന്തമായി കെട്ടിടം ഇല്ലാത്ത 71 അങ്കണവാടികൾ പ്രവർത്തിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിലെ 9 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് വകുപ്പിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ICDS പ്രോജക്ട് | കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ച അങ്കണവാടികളും തുകയും | ഉത്തരവ് നമ്പരും തീയതിയും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | നെടുമങ്ങാട് അഡീഷണൽ | AWC No.5, Rs. 13 lakhs | ICDS/A7-3187/16, തീയതി. 23-11-2016 |
| | | AWC No.35, Rs. 13 lakhs | |
| | | AWC No.60, Rs. 13 lakhs | ICDS/A7-3187/16, തീയതി. 19-5-2017 |
| | | AWC No.44, Rs. 14.50 lakhs | ICDS/A7-3612/17, തീയതി. 26-9-2018 |
| 2 | പോത്തൻകോട് | AWC No.4, Rs. 14.50 lakhs | ICDS/A7-3187/16, തീയതി. 18-3-2017 |
| | | AWC No.5, Rs. 14.50 lakhs | ICDS/A7-3187/16, തീയതി. 11-12-2017 |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | വാമനപുരം | AWC No.75, Rs. 13 lakhs | ICDS/A7-3187/16, തീയതി.23-11-2016 |
| | | AWC No.78, Rs. 13 lakhs | |
| | | AWC No.81, Rs. 13 lakhs | |

ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**അങ്കണവാടികൾക്ക് കെട്ടിടം**

294(343) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കാലപ്പഴക്കത്താലും പ്രളയത്തിൽ അകപ്പെട്ടതിനാലും തകർച്ചയിലായ അങ്കണവാടിക്കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനായി റീബിൽഡ് കേരള പദ്ധതിയുൾപ്പെടെയുള്ള ഏതെങ്കിലും പദ്ധതിയിൽ നിന്ന് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

I. വകുപ്പിന്റെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി PWD/LSGD മുഖേന അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

II. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) പ്രകാരം വകുപ്പ് വിഹിതം 2 ലക്ഷം രൂപയും, (1,20,000 കേന്ദ്ര വിഹിതം 80,000 സംസ്ഥാന വിഹിതം) MGNREGA Mission വിഹിതം 5 ലക്ഷം രൂപയും പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു.

III. മാതൃക അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിയിൽ വകുപ്പ് ഫണ്ട് 17 ലക്ഷം രൂപയും MLA-യുടെ പ്രാദേശിക വികസന ഫണ്ട് 6.75 ലക്ഷം രൂപയും ഉൾപ്പെടുത്തി അതത് MLA-മാരുടെ നിയോജക മണ്ഡലങ്ങളിൽ മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു.

IV. MLA/MP/LSGD ഫണ്ട് വിനിയോഗിച്ച് അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം നടത്തിവരുന്നു.

(ബി) കാലപ്പഴക്കത്തിലും പ്രളയത്തിൽ അകപ്പെട്ടതിനാലും തകർച്ചയിലായ അങ്കണവാടി കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

**ആലത്തൂർ നിയോജക മണ്ഡലത്തിലെ അങ്കണവാടികൾ**

295(344) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 43 അങ്കണവാടികളുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഐ.സി.ഡി.എസ്. പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി സെന്റർ നം. |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ആലത്തൂർ | ആലത്തൂർ | 20 |
| 2. | ആലത്തൂർ | ആലത്തൂർ | 22 |
| 3. | ആലത്തൂർ | ആലത്തൂർ | 23 |
| 4. | ആലത്തൂർ | എരിമയൂർ | 30 |
| 5. | ആലത്തൂർ | എരിമയൂർ | 34 |
| 6. | ആലത്തൂർ | എരിമയൂർ | 47 |
| 7. | നെന്മാറ അഡീഷണൽ | വണ്ടാഴി | 16 |
| 8. | നെന്മാറ അഡീഷണൽ | വണ്ടാഴി | 19 |
| 9. | നെന്മാറ അഡീഷണൽ | വണ്ടാഴി | 20 |
| 10. | നെന്മാറ അഡീഷണൽ | വണ്ടാഴി | 22 |
| 11. | നെന്മാറ അഡീഷണൽ | വണ്ടാഴി | 25 |
| 12. | നെന്മാറ അഡീഷണൽ | വണ്ടാഴി | 27 |
| 13. | നെന്മാറ അഡീഷണൽ | വണ്ടാഴി | 28 |
| 14. | നെന്മാറ അഡീഷണൽ | വണ്ടാഴി | 29 |
| 15. | നെന്മാറ അഡീഷണൽ | വണ്ടാഴി | 30 |
| 16. | നെന്മാറ അഡീഷണൽ | വണ്ടാഴി | 31 |
| 17. | നെന്മാറ അഡീഷണൽ | മേലാർകോട് | 74 |
| 18. | നെന്മാറ അഡീഷണൽ | മേലാർകോട് | 76 |
| 19. | നെന്മാറ അഡീഷണൽ | മേലാർകോട് | 90 |
| 20. | നെന്മാറ അഡീഷണൽ | മേലാർകോട് | 97 |
| 21. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 34 |
| 22. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 42 |
| 23. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 41 |
| 24. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 42 |
| 25. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 43 |

| (1) | (2) | (3) | (4) |
|---|---|---|---|
| 26. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 46 |
| 27. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 47 |
| 28. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 62 |
| 29. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 68 |
| 30. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 71 |
| 31. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 55 |
| 32. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 59 |
| 33. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 72 |
| 34. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 73 |
| 35. | ആലത്തൂർ അഡീഷണൽ | കിഴക്കഞ്ചേരി | 74 |
| 36. | കുഴൽമന്ദം | കുഴൽമന്ദം | 11 |
| 37. | കുഴൽമന്ദം | കുഴൽമന്ദം | 16 |
| 38. | കുഴൽമന്ദം | കുഴൽമന്ദം | 18 |
| 39. | കുഴൽമന്ദം | കുഴൽമന്ദം | 20 |
| 40. | കുഴൽമന്ദം | കുഴൽമന്ദം | 21 |
| 41. | കുഴൽമന്ദം | കുഴൽമന്ദം | 22 |
| 42. | കുഴൽമന്ദം | തേങ്കുറിശി | 58 |
| 43. | കുഴൽമന്ദം | തേങ്കുറിശി | 66 |

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 43 അങ്കണവാടികളിൽ 27 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമായ 16 അങ്കണവാടികളിൽ 3 അങ്കണവാടികൾക്ക് MGNREGS പ്രകാരവും 4 അങ്കണവാടികൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ചും കെട്ടിട നിർമ്മാണം നടന്നുവരുന്നു. സ്വന്തമായി സ്ഥലം ലഭ്യമായ ബാക്കിയുള്ള 9 അങ്കണവാടികൾക്ക് വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നു.

## ആലത്തൂർ മണ്ഡലത്തിൽ അങ്കണവാടി

296(345) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ മാതൃകാ അങ്കണവാടി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ 197 അങ്കണവാടികൾ പ്രവർത്തിക്കുന്നു. അവയുടെ (അനുബന്ധം) * വിശദാംശം ഉള്ളടക്കം ചെയ്യുന്നു.

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ നെന്മാറ അഡീഷണൽ ICDS-ന്റെ പരിധിയിലുള്ള മേലാർകോട് പഞ്ചായത്തിലെ 81-ാം നമ്പർ അങ്കണവാടിയെ മാതൃക അങ്കണവാടിയായി തെരഞ്ഞെടുത്ത് പണി പൂർത്തീകരിച്ച് പ്രവർത്തിച്ച് വരുന്നു.

## സ്മാർട്ട് അങ്കണവാടികൾ

297(346) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലസൗകര്യം അനുസരിച്ച് ഏകീകൃത പ്ലാനിലും എസ്റ്റിമേറ്റിലും ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം, കെട്ടിട നിർമ്മാണത്തിനായുള്ള അങ്കണവാടികളുടെ ലിസ്റ്റ് ഇതിനകം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയിലേക്ക് കൊല്ലം ജില്ലയിലെ ഇത്തിക്കര, കൊട്ടാരക്കര ബ്ലോക്കുകളിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള അങ്കണവാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വനിത-ശിശു വികസന വകുപ്പിന് കീഴിലുള്ള സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണത്തിൽ ഏകീകൃത പ്ലാനിലും എസ്റ്റിമേറ്റിലും ആധുനിക സൗകര്യങ്ങളോടെ സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ച് വരുന്നു. വിസ്തീർണ്ണം അനുസരിച്ച് 10, 7.5, 5, 3, 3 (Slopping Terraces) 1.25 Cent. എന്നിങ്ങനെ തരംതിരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി കുട്ടികളുടെ ബൗദ്ധിക വികാസത്തിന് ഊന്നൽ നൽകുന്ന Smart Anganwadi കളിലൂടെ കുട്ടികൾക്ക് അനുയോജ്യവും സന്തോഷപ്രദവുമായ അന്തരീക്ഷമൊരുക്കുക എന്നതാണ് ലക്ഷ്യം. വകുപ്പ് വിഹിതവും ബന്ധപ്പെട്ട പഞ്ചായത്ത്/MLA വിഹിതവും ഉൾപ്പെടുത്തി വിവിധ അക്രെഡിറ്റഡ് ഏജൻസികൾ മുഖേന കെട്ടിട നിർമ്മാണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായുള്ള അങ്കണവാടികളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടില്ല.

**നിഷ്-ന് സർവ്വകലാശാല പദവി**

298(347) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനായി നിഷ്-നെ പ്രത്യേക സർവ്വകലാശാലയാക്കി മാറ്റാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ സർവ്വകലാശാലയുടെ ഗുണഫലം ഏതെല്ലാം വിഭാഗങ്ങൾക്ക് ലഭ്യമാകുമെന്നും എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16-ലെ കേന്ദ്ര ബജറ്റിൽ നിഷ്-നെ നാഷണൽ യൂണിവേഴ്സിറ്റി ഫോർ റീഹാബിലിറ്റേഷൻ ആൻഡ് ഡിസെബിലിറ്റി സ്റ്റഡീസ് (NURDS) ആയി ഉയർത്തുന്നതിനുള്ള പ്രഖ്യാപനം നടത്തുകയും കേരള സർക്കാർ അതിനുള്ള സമ്മതം അറിയിക്കുകയും ചെയ്തു. അതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായി ഒരറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല. ആയതുകൊണ്ട് നിഷിനെ സംസ്ഥാന യൂണിവേഴ്സിറ്റിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി 2014-ൽ തയ്യാറാക്കിയ കരട് ബില്ലിൽ

ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. പ്രസ്തുത കരട് ബില്ലിന്റെ സൂക്ഷ്മ പരിശോധനയ്ക്കും പുതുക്കലിനും വേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ 4-10-2019-ലെ സ.ഉ.(സാധാ)നമ്പർ 639/2019/സാ.നീ.വ. പ്രകാരം നിയോഗിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിഷിനെ ഒരു സർവ്വകലാശാലയായി മാറ്റിയാൽ എല്ലാതരത്തിലുമുള്ള ഭിന്നശേഷിക്കാർക്കും അതിന്റെ ഗുണഫലം ലഭിക്കുന്നതാണ്. സർവ്വകലാശാല യാക്കുന്നതുവഴി നിഷിന്റെ സാങ്കേതിക സൗകര്യങ്ങളും സേവനങ്ങളും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വൈദഗ്ദ്ധ്യമുള്ള പ്രൊഫഷണലുകളെ ആകർഷിക്കുന്നതിനും പുതിയ കോഴ്സുകൾ സമയബന്ധിതമായി തുടങ്ങുന്നതിനും കഴിയും. അംഗപരിമിതരുടെ ആവശ്യത്തിനനുസരിച്ച് കോഴ്സുകൾ രൂപകൽപ്പന ചെയ്യാനും നടപ്പിലാക്കാനും ഇപ്പോഴുള്ള പരിമിതികൾ തരണം ചെയ്യാനും പൂർണ്ണ അധികാരമുള്ള സർവ്വകലാശാല പദവിയിലൂടെ സാദ്ധ്യമാകുന്നതാണ്. The Rights of Persons with Disabilities Act 2016-ൽ നിലവിൽ വന്നതോടുകൂടി ഭിന്നശേഷിക്കാർക്ക് അവകാശാധിഷ്ഠിത പുനരധിവാസം ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് ഭിന്നശേഷിക്കാർക്കും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും സാങ്കേതിക പരിജ്ഞാനം ഉറപ്പുവരുത്തുന്നതിന് ഉതകുന്ന രീതിയിൽ നൂതന കോഴ്സുകൾക്ക് രൂപം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

## വികലാംഗ പെൻഷൻ വ്യവസ്ഥയിൽ ഇളവ്

299(348) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി 600 രൂപ നിരക്കിൽ മറ്റൊരു പെൻഷൻ കൂടി നൽകുന്നതിന് വ്യവസ്ഥയുണ്ടോ;

(ബി) 6-11-2017-ലെ സ.ഉ (എം.എസ്.) നമ്പർ 483/2017/ധന. പ്രകാരം ഒരാൾക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷൻ മാത്രം എന്ന വ്യവസ്ഥ ഭിന്നശേഷിക്കാർക്ക് ബാധകമാണോ;

(സി) അവശത അനുഭവിക്കുന്ന ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ളവരുടെ വിഷയത്തിൽ പ്രസ്തുത വ്യവസ്ഥയിൽ ഇളവ് അനുവദിക്കണമെന്ന് സാമൂഹ്യക്ഷേമ വകുപ്പ് ധനവകുപ്പിനോട് ശിപാർശ ചെയ്യുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഒരാൾക്ക് ഏതെങ്കിലുമൊരു ക്ഷേമനിധി ബോർഡിൽ മാത്രമേ അംഗമാകാൻ കഴിയൂ. അതുകൊണ്ട് തന്നെ ഒരു വ്യക്തിക്ക് ഒരു ക്ഷേമനിധി ബോർഡ് പെൻഷന് മാത്രമേ അർഹതയുള്ളൂ. എന്നാൽ ഭിന്നശേഷിക്കാർക്ക് ഇതിനു പുറമേ വികലാംഗ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് പുനരധിവാസ ഗ്രാമം**

300(349) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി മുളിയാർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത ഏജൻസി നാളിതുവരെയായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കാസർഗോഡ് എൻഡോസൾഫാൻ ഗ്രാമത്തിന്റെ രൂപകൽപ്പന ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

## യത്തീംഖാനകളുടെ പ്രവർത്തനം

301(350) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുസംരക്ഷണ കേന്ദ്രങ്ങളുടെയും അനാഥാലയങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച് തയ്യാറാക്കിയ കരട് ചട്ടത്തിൽ യത്തീംഖാനകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒട്ടേറെ വകുപ്പുകളുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഭാഗമായാണോ ഇപ്പോൾ കരട് ചട്ടം തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) 2018-ൽ സാമൂഹ്യനീതി വകുപ്പിന്റെയും ശിശുക്ഷേമ സമിതിയുടെയും പരിശോധനയെത്തുടർന്ന് സംസ്ഥാനത്ത് നൂറിൽപ്പരം യത്തീംഖാനകൾ അടച്ചുപൂട്ടേണ്ടി വന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 1960-ലെ കേന്ദ്ര ഓർഫനേജ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണ് സംസ്ഥാനത്തെ യത്തീംഖാനകൾ എന്ന കാര്യം പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഇ) കരട് ചട്ടത്തിന്റെ കാര്യത്തിൽ യത്തീംഖാനകളുടെ അഭിപ്രായങ്ങൾകൂടി കേൾക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2015-ലെ ബാലനീതി നിയമത്തിലെ സെക്ഷൻ 110 പ്രകാരമാണ് കരട് ചട്ടം തയ്യാറാക്കിയിട്ടുള്ളത്.

(സി) 2015-ലെ കേന്ദ്ര നിയമമായ ജെ.ജെ.ആക്ടിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ കഴിയില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് 100-ൽപ്പരം യത്തീംഖാനകൾ അടച്ചുപൂട്ടേണ്ടി വന്നത്.

(ഡി) മറ്റ് നിയമങ്ങളിൽ എന്തുതന്നെ വ്യവസ്ഥ ചെയ്തിരുന്നാലും, സംസ്ഥാന സർക്കാർ, സന്നദ്ധ സംഘടനകൾ, ഗവൺമെന്റിതര സംഘടനകൾ എന്നിവർ നടത്തുന്ന ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെയും പാർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും ബാലനീതി

നിയമം 2015 നിലവിൽ വന്ന് 6 മാസത്തിനകം രജിസ്റ്റർ ചെയ്തിരിക്കണമെന്ന് 2015-ലെ കേന്ദ്ര ബാലനീതി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നോ സംസ്ഥാന സർക്കാരിൽനിന്നോ ധനസഹായം ലഭിക്കുന്നതും അല്ലാത്തതുമായ എല്ലാ സ്ഥാപനങ്ങളും ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ഇ) ബാലനീതി നിയമത്തിലെ സെക്ഷൻ 110 പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാതൃകാ ചട്ടത്തിന് അനുസൃതമായി സംസ്ഥാന സർക്കാർ ചട്ടമുണ്ടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാർ, ചട്ടങ്ങളുടെ കരട് പൊതുജനാഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ മാതൃകാ ചട്ടത്തിനനുസൃതമായാണ് സംസ്ഥാന സർക്കാർ ചട്ടം തയ്യാറാക്കുന്നത്.

**ഭിന്നലിംഗക്കാർക്കുള്ള ആനുകൂല്യങ്ങൾ**

302(351) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭിന്നലിംഗക്കാരാണുള്ളതെന്ന് (Transgenders)വ്യക്തമാക്കാമോ;

(ബി) ഭിന്നലിംഗക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2015-16 വർഷത്തെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 1187 ട്രാൻസ്ജെൻഡർ വ്യക്തികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ട്രാൻസ്ജെൻഡേഴ്സിന്റെ വിവര ശേഖരണത്തിനായി 2014-15 വർഷത്തിൽ വകുപ്പ് 'സംഗമ' എന്ന സംഘടന മുഖാന്തരം നടത്തിയ സർവ്വേയിൽ നാലായിരത്തോളം (4000) ട്രാൻസ്ജെൻഡർ വിഭാഗക്കാരെ കണ്ടെത്തിയിരുന്നു. നിലവിൽ ട്രാൻസ്ജെൻഡർ പോളിസി വകുപ്പ് ഫലപ്രദമായി നടപ്പിലാക്കിവരുന്നതിന്റെ പശ്ചാത്തലത്തിൽ കൂടുതൽ കമ്മ്യൂണിറ്റി അംഗങ്ങൾ തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിന് തയ്യാറായി മുന്നോട്ട് വരുന്നുണ്ട്. ആയതിനാൽ പ്രസ്തുത വിഭാഗക്കാരുടെ നിലവിലെ അംഗസംഖ്യ തിട്ടപ്പെടുത്തുന്നതിനായി 29-9-2019-ലെ സ.ഉ.(സാധാ)നമ്പർ 612/2019/സാ.നീ.വ. പ്രകാരം CMD മുഖാന്തരം ഓൺലൈൻ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിലേയ്ക്ക് വിവിധ ക്ഷേമപദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആയവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. <u>തിരിച്ചറിയൽ കാർഡ് വിതരണം</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഇടപെട്ടുകൊണ്ട് വകുപ്പ് മുഖേന തിരിച്ചറിയൽ കാർഡ് നൽകി വരുന്നു. നിലവിൽ ഓൺലൈൻ സംവിധാനത്തിലൂടെയാണ് തിരിച്ചറിയൽ കാർഡ് നൽകി വരുന്നത്. നിലവിൽ നാനൂറോളം പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

2. <u>സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി</u>

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. അടിസ്ഥാന സാക്ഷരത, നാലാം തരം, ഏഴാം തരം, പത്താം തരം, പന്ത്രണ്ടാം തരം എന്നീ വിദ്യാഭ്യാസ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

3. <u>ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്</u>

നിലവിൽ സ്കൂളുകളിൽ/കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു. സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രിതലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയുമാണ് സ്കോളർഷിപ്പ് തുക.

4. <u>ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്ന പദ്ധതി</u>

ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നിലവിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിലും ഭൂരിഭാഗം വ്യക്തികളും കുടുംബങ്ങളിൽനിന്ന് പുറന്തള്ളപ്പെട്ടതിനാലും അത്തരം വിദ്യാർത്ഥികൾക്ക് താമസിക്കുന്ന സ്ഥലത്തെ വാടക നൽകുന്നതിനായി പ്രതിമാസം 4000 രൂപ അനുവദിച്ചിട്ടുണ്ട്.

5. <u>സംരംഭകത്വ വികസന പരിശീലന പരിപാടി</u>

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിന് സ്ത്രീകൾക്കും പുരുഷന്മാർക്കുമൊപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കേണ്ടതാണ്. പ്രസ്തുത ലക്ഷ്യം മുൻനിർത്തി ഇവരെ അതിജീവനത്തിന് പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലനത്തിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സർക്കാർ സ്ഥാപനമായ C-STED മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഇതിന്റെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്കാണ് ഈ പരിശീലനം നൽകിയിട്ടുള്ളത്.

6. <u>എച്ച്.ഐ.വി. സീറോ സർവ്വെയലൻസ് സെന്റർ</u>

സംസ്ഥാനത്താകമാനമുള്ള ട്രാൻസ്ജെൻഡർ സമൂഹത്തിന് തൊഴിൽ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം സമൂഹം അംഗീകരിക്കാത്ത പല തൊഴിലുകളും ചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ട്.

അത്തരം തൊഴിൽ ചെയ്യേണ്ടി വരുന്നവരിൽ HIV ഉൾപ്പെടെ പല ആരോഗ്യപ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ ക്ഷേമ ബോർഡ് വഴി തിരുവനന്തപുരത്ത് എച്ച്.ഐ.വി. സീറോ സർവ്വൈലൻസ് സെന്റർ പ്രവർത്തിച്ചു വരുന്നു. സെന്ററിന്റെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്.

എറണാകുളം, കാസർഗോഡ് ജില്ലകളിൽകൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. <u>24x7 ഹെല്പ് ലൈൻ</u>

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

- കമ്മ്യൂണിറ്റി കൗൺസിലറുടെ സേവനം ഏതു സമയത്തും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വ്യക്തിക്ക് ലഭിക്കുന്നതാണ്.
- ലഭിക്കുന്ന പരാതികൾക്കെതിരെ വകുപ്പ് ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.
- പോലീസിന്റെ സേവനം അത്യാവശ്യമായിടത്ത് ആയത് എത്തിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു.

8. <u>ബ്യൂട്ടീഷൻ പരിശീലന പരിപാടി</u>

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയും (എറണാകുളം) സാമൂഹ്യനീതി വകുപ്പും സംയുക്തമായി നടത്തുന്ന ബ്യൂട്ടീഷൻ പരിശീലന പദ്ധതി വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്.

9. <u>തയ്യൽ മെഷീൻ വിതരണ പദ്ധതി</u>

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനരധിവാസം ഉറപ്പാക്കേണ്ടതുണ്ട്.

- ആയതുപ്രകാരം തയ്യൽ പഠിച്ച് പ്രവൃത്തിപരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.
- സംസ്ഥാനത്താകമാനമുള്ള 100 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്.
- മെഷീനുകൾ ജില്ലകളിൽ വിതരണം ചെയ്യുന്നു.

10. <u>ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം</u>

കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ പ്രധാനമായും നേരിടുന്ന വെല്ലുവിളിയാണ് ശാരീരിക മാറ്റം. ഇതിനായി ഭീമമായ തുക ട്രാൻസ്ജെൻഡർ വ്യക്തികൾ ചെലവാക്കേണ്ടി വരുന്നുണ്ട്.

പുരുഷനിൽ നിന്നും സ്ത്രീയിലേയ്ക്കും സ്ത്രീയിൽ നിന്നും പുരുഷനിലേയ്ക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതമാണ് ധനസഹായം നൽകിവരുന്നത്.

11. <u>ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർ ചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി</u>

ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേയ്ക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റ് അനുബന്ധ

ചെലവുകൾക്കുമായി ഒരു നിശ്ചിത തുക വകുപ്പ് വകയിരുത്തിയിട്ടുണ്ട്. പ്രതിമാസം 3000 രൂപയാണ് വകുപ്പ് നൽകി വരുന്നത്.

- ഓരോ മാസവും ലഭിക്കുന്ന നിശ്ചിത തുക ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യം നല്ല രീതിയിൽ നിലനിർത്തുന്നതിന് സഹായകരമാവും.
- ഇതിനായുള്ള അപേക്ഷകൾ സ്വീകരിക്കുകയും അർഹരായവർക്ക് ധനസഹായം വിതരണം ചെയ്തു വരികയും ചെയ്യുന്നു.

12. <u>സ്വയം തൊഴിൽ ധനസഹായം</u>

നിലവിൽ പല വിധത്തിലുള്ള വിവേചനങ്ങൾക്കും അവകാശ ലംഘനങ്ങൾക്കും വിധേയരാകേണ്ടി വരുന്ന ട്രാൻസ്ജെൻഡർ സമൂഹത്തിന് പ്രത്യേക പരിഗണന നൽകി സാമൂഹ്യ പുനരധിവാസം ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി ഇവർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

തൊഴിൽ സംരംഭം തുടങ്ങുന്നതിനായി ഒരു വ്യക്തിക്ക് 50,000 രൂപ എന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം നിലവിൽ 62 പേർക്ക് ആദ്യഗഡുവും 8 പേർക്ക് രണ്ടാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

13. <u>വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായുള്ള പദ്ധതിയാണിത്. വനിതാ വികസന കോർപ്പറേഷൻ മുഖേനയായിരിക്കും തുക നൽകപ്പെടുക. ഇതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.

- ഒരു സംരംഭകനോ സംരംഭകത്വത്തിനോ 3 ലക്ഷം രൂപ വരെ ആയിരിക്കും നൽകുക.
- പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 10 അംഗങ്ങൾക്കായിരിക്കും തുക നൽകുക.
- പ്രസ്തുത പദ്ധതി പ്രകാരം സ്വയം തൊഴിൽ കണ്ടെത്തി ട്രാൻസ്ജെൻഡർ വ്യക്തികളെ സ്വയം പര്യാപ്തരാക്കാൻ കഴിയും.
- 30 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

14. <u>ഡ്രൈവിംഗ് പരിശിലനം</u>

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്നു.

- ഒരു ജില്ലയിൽ 5 വിതം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനാണ് പ്രാരംഭ ഘട്ട തീരുമാനം.
- ഇതിൻപ്രകാരം 14 ജില്ലകളിലും അപേക്ഷ സ്വീകരിക്കുകയും ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകളുടെ അംഗീകാരത്തോടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.
- 2018 മാർച്ച് മാസംതന്നെ പരിശീലന പരിപാടിക്കുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.
- പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

15. <u>ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി</u>

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്കാണ് ഈ പദ്ധതി ലഭ്യമാകുന്നത്.

- 30,000 രൂപയാണ് ധനസഹായമായി ലഭ്യമാകുന്നത്.
- വിവാഹശേഷം 6 മാസത്തിനുശേഷവും ഒരു വർഷത്തിനകവും ധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെൻഡർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

16. <u>ബോധവൽക്കരണ പരിപാടികൾ</u>

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുനേരെ തികഞ്ഞ അവഗണനയാണ് പലപ്പോഴും പൊതുസമൂഹം വച്ചുപുലർത്തുന്നത്. സമൂഹനിർമ്മിതിയിൽ അധ്യാപകർക്കും പോലീസുകാർക്കും സർക്കാർ ജീവനക്കാർക്കും വലിയ പങ്കുണ്ടെന്നിരിക്കെ ചിലരുടെ ഭാഗത്തുനിന്നും വിവേചനപരമായ ഇടപെടൽ ഉണ്ടാകുന്നുവെന്നത് ദയനീയമാണ്. ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ലഭിക്കേണ്ടതാണ്.

- സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും കുടുംബശ്രീ പ്രവർത്തകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു.
- സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 10 വീതം സ്കൂളുകളും കോളേജുകളും തെരഞ്ഞെടുത്തു വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

17. കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ

കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ കേരളത്തിലെ വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

- പ്രാരംഭ ഘട്ടമെന്ന നിലയിൽ കേരളത്തിൽ 5 കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം 2(1 ട്രാൻസ് വുമണിനുവേണ്ടിയും 1 ട്രാൻസ് മെൻ-നുവേണ്ടിയും), എറണാകുളം 1, കോട്ടയം 1, കോഴിക്കോട് 1, തിരുവനന്തപുരത്ത് മാത്രമാണ് ട്രാൻസ് മെൻ-നുവേണ്ടി ഹോം സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ തിരുവനന്തപുരത്തെ ട്രാൻസ്‌മെൻ ഹോമും എറണാകുളത്ത് സ്ഥാപിച്ചിട്ടുള്ള ഹോമും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് മൂന്ന് ഹോമുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

18. ട്രാൻസ്‌ജെൻഡർ കലോത്സവം

ട്രാൻസ്‌ജെൻഡർ വ്യക്തികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുവേണ്ടി വകുപ്പ് മുഖേന സംസ്ഥാന ട്രാൻസ്‌ജെൻഡർ കലോത്സവം നടത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായുള്ള വകുപ്പുതല നടപടികൾ പൂർത്തിയായിട്ടുണ്ട്. വർണ്ണപ്പകിട്ട് 2019 എന്ന പേരിൽ 2019 നവംബർ 8, 9 തീയതികളിൽ ആയിരിക്കും കലോത്സവം നടക്കുക.

19. അഡ്വക്കസി ക്യാമ്പയിൻ

പൊതുസമൂഹം ഇത്തരം ജീവിതങ്ങൾ അനുഭവിക്കുന്ന മാനസിക ശാരീരിക വെല്ലുവിളികളെക്കുറിച്ചും ബുദ്ധിമുട്ടുകളെക്കുറിച്ചും ഇനിയും മനസ്സിലാക്കേണ്ടതുണ്ട്. ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവിക്കാൻ എല്ലാവിഭാഗം മനുഷ്യർക്കും

ഒരുപോലെയുള്ള അവകാശമാണുള്ളതെന്ന പൊതുബോധത്തെ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി അഡ്വക്കസി ക്യാമ്പയിൻ C-dit മുഖേന നടത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

20. നൈപുണ്യ വികസന പരിശീലന പരിപാടി

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിക്കുന്നത്. സർക്കാർ/സർക്കാരിതര ഏജൻസി മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

21. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം അനുവദിച്ച സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഒരു കോഴ്സിന് 2 സീറ്റ് വീതമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. എറണാകുളം മഹാരാജാസ് കോളേജിലാണ് ആദ്യമായി പഠിതാക്കൾ സംവരണ സീറ്റിലൂടെ അഡ്മിഷൻ നേടിയത്.

22. പി.എസ്.സി. പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി .

പി.എസ്.സി. പരീക്ഷയിൽ അപേക്ഷിക്കുന്നതിനായി പുരുഷൻ, സ്ത്രീ എന്നതിനൊപ്പം ട്രാൻസ്ജെൻഡർ കോളംകൂടി ഉൾപ്പെടുത്തുന്നതിനായി സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. ആയതിന്റെ അടിസ്ഥാനത്തിൽ 2019 ജനുവരി മാസം മുതൽ ഇത് പ്രാബല്യത്തിൽ ഉണ്ട്. പൊതുനിയമനങ്ങളിൽ ട്രാൻസ്ജെൻഡർ വ്യക്തികളെക്കൂടി ഉൾപ്പെടുത്തി ചരിത്രം കുറിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുന്നു.

23. ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ കോളം

മോട്ടോർ വാഹന വകുപ്പ് മുഖേന നൽകുന്ന ഡ്രൈവിംഗ് ലൈസൻസിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തം സ്വത്വം വെളിപ്പെടുത്തി ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായുള്ള എല്ലാ അപേക്ഷാഫോമുകളിലും ട്രാൻസ്ജെൻഡർ കോളം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

24. <u>ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി സൗഹൃദ ടോയ്‌ലെറ്റുകൾ സ്ഥാപിക്കാൻ അനുമതി</u>

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ട്രാൻസ്ജെൻഡർ സൗഹൃദ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഠിതാക്കളുള്ള എറണാകുളം മഹാരാജാസ് കോളേജിൽ ട്രാൻസ്മാൻ, ട്രാൻസ് വുമൺ എന്നിവർക്കായി രണ്ട് സൗഹൃദ ടോയ്‌ലെറ്റുകളാണ് സ്ഥാപിക്കുന്നത്.

**വിശപ്പുരഹിത കേരളം പദ്ധതി**

303 (352) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതി നിലവിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിശപ്പുരഹിത കേരളം പദ്ധതിക്കായി ജില്ലകളോ സ്ഥലങ്ങളോ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം സംസ്ഥാനത്തിന് നൽകുന്നുണ്ടോ;

(ഡി) വിശപ്പുരഹിത കേരളം പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതി ആലപ്പുഴ ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾക്ക് ടി പദ്ധതിക്കായി ഒരു കോടി രൂപ അനുവദിക്കുകയും ആയത് പ്രകാരം നഗരസഭയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കോട്ടയം, കൊല്ലം ജില്ലകൾക്ക് നടപ്പ് സാമ്പത്തിക വർഷം 45 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്വീകാര്യത കണക്കിലെടുത്ത് സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു.

(ബി) പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നല്കുക വഴി

സമൂഹത്തിൽ നിന്നു വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ മേഖലയിൽ പ്രവൃത്തി പരിചയമുള്ള സർക്കാർ/സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇത്തരം സർക്കാർ/സർക്കാരിതര സംഘടനകൾ പദ്ധതി നടത്തിപ്പിന് സഹകരിക്കുന്നതിനായി മുന്നോട്ടുവന്ന ജില്ലകൾക്കും കൂടുതൽ ആളുകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് ജില്ലാ ഭരണകൂടം റിപ്പോർട്ട് ചെയ്ത ജില്ലകൾക്കുമാണ് ആദ്യഘട്ടത്തിൽ മുൻഗണന നല്കിയിട്ടുള്ളത്.

(സി) ഇല്ല. ഈ പദ്ധതി പൂർണ്ണമായും സംസ്ഥാന സർക്കാർ പദ്ധതിയാണ്.

(ഡി) വിശപ്പുരഹിത കേരളം പദ്ധതിയെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾക്കായി മതിയായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം 10 ലക്ഷം രൂപ ഇതിനായി നീക്കിവച്ചിട്ടുണ്ട്.

**ദേശീയ ഭക്ഷ്യഭദ്രതാ നിയമം**

304(353) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ച് കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതം നിലവിൽ പര്യാപ്തമാണോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത വിഹിതം വർദ്ധിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുവാൻ സർവ്വകക്ഷി സംഘം ഡൽഹിയിൽ പോയിരുന്നുവോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എ.എ.വൈ. ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗത്തിന് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരമുള്ള അളവിൽ ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് നൽകുന്നതിനുള്ള ധാന്യ വിഹിതം പരിമിതമാണ്. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 5 കി.ഗ്രാം ഭക്ഷ്യധാന്യം ഒരാളിന് എന്നാണ് നിയമപരമായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിലെ 20098624 ആളുകൾക്ക്

5 കി.ഗ്രാം വീതം ആവശ്യമായ 100493 മെ.ടൺ ഭക്ഷ്യധാന്യത്തിൽ ആവശ്യകതയുടെ 1/3 ആയ 33294.198 മെ.ടൺ ഭക്ഷ്യധാന്യമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

(ബി&സി) 2018 മേയ് 15-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗ തീരുമാന പ്രകാരം സംസ്ഥാനത്തിനുള്ള ഭക്ഷ്യ വിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തെ സമീപിച്ചിരുന്നു. എന്നാൽ ഭക്ഷ്യ വിഹിതം നാളിതുവരെ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല.

**പുതിയ റേഷൻ കാർഡുകളിലെ തിരുത്തലുകൾ**

305 (354) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി റേഷൻ കാർഡ് ലഭിക്കുന്നതിനായി ശരാശരി എത്ര അപേക്ഷകൾ ആണ് ഓരോ മാസവും രജിസ്റ്റർ ചെയ്യപ്പെടുന്നതെന്നും ഓൺലൈനായി ലഭിക്കുന്ന അപേക്ഷകളിന്മേൽ നിലവിൽ എത്ര നാളുകൾക്കുള്ളിൽ തീരുമാനമെടുത്ത് പുതിയ റേഷൻ കാർഡ് നൽകാൻ കഴിയുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡുകളിൽ തിരുത്തലുകൾ വരുത്തുന്നതിനായി ശരാശരി എത്ര അപേക്ഷകൾ ഓരോ മാസവും ലഭിക്കുന്നുണ്ടെന്നും എത്ര നാളുകൾക്കുള്ളിൽ ഈ അപേക്ഷകളിന്മേൽ പരിഹാരനടപടി സ്വീകരിച്ച് ലഭ്യമാക്കാൻ കഴിയുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) പുതുതായി റേഷൻ കാർഡ് ലഭിക്കുന്നവർക്കെല്ലാം എ. പി. എൽ. റേഷൻ കാർഡാണ് അനുവദിക്കുന്നത് എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവർക്ക് പുതിയ കാർഡ് അനുവദിക്കുമ്പോൾത്തന്നെ മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) എ.പി.എൽ. റേഷൻ കാർഡ് ബി.പി.എൽ (മുൻഗണനാ) റേഷൻ കാർഡാക്കി മാറ്റുന്നതിനായുള്ള അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് കാലാവധി നിശ്ചയിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പുതുതായി റേഷൻ കാർഡ് ലഭിക്കുന്നതിനായി ശരാശരി 15,000 അപേക്ഷകളും തിരുത്തലുകൾ വരുത്തുന്നതിനായി ശരാശരി 1.5 ലക്ഷം അപേക്ഷകളും ഓരോ മാസവും രജിസ്റ്റർ ചെയ്യപ്പെടുന്നു. റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാല് വർഷക്കാലമായി റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ വകുപ്പിൽ സ്വീകരിച്ചിരുന്നില്ല. 2018 ജൂൺ മാസം മുതൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ വകുപ്പിൽ സ്വീകരിച്ചു തുടങ്ങി. നാളിതുവരെ പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനായും തിരുത്തലുകൾ വരുത്തുന്നതിനായും സംസ്ഥാനത്ത് ഓൺലൈനായും നേരിട്ടും 36.27 ലക്ഷം അപേക്ഷകൾ ലഭ്യമായിട്ടുള്ളതും ആയതിൽ അടിയന്തരമായി തീർപ്പ് കൽപ്പിച്ച് വിതരണം നടത്തി തീരുന്ന മുറയ്ക്ക് സേവനാവകാശ നിയമ പ്രകാരമുള്ള സമയപരിധിയിൽ പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്ന മുൻഗണനാ സാധ്യത പട്ടികയിൽ ക്രമമനുസരിച്ച് ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാലാണ് പുതിയ കാർഡ് അനുവദിക്കുമ്പോൾ തന്നെ അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകുവാൻ കഴിയാതെ പോകുന്നത്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫീൽഡുതല പരിശോധനയും തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡാറ്റാ, ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരെ കണ്ടെത്തി, ലഭ്യമാകുന്ന ഒഴിവുകളിൽ അടിയന്തരമായി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ രണ്ട് എ.എ.വൈ./പി.എച്ച്.എച്ച്. കാർഡുകളിൽ നിന്നുള്ള അംഗങ്ങളെ കുറവ് ചെയ്ത് പുതിയ റേഷൻ കാർഡ് നൽകുമ്പോൾ ടി കാർഡ് പി.എച്ച്.എച്ച്. വിഭാഗത്തിലാണ് നൽകുന്നത്.

മുൻഗണനാ കാർഡുകളിലെ അംഗങ്ങളെ വേർപെടുത്തി പുതിയ കാർഡ് നൽകുമ്പോൾ മുൻഗണനാ കാർഡും പൊതുവിഭാഗം കാർഡിൽ നിന്ന് അംഗങ്ങളെ മാറ്റി പുതിയ കാർഡ് അനുവദിക്കുമ്പോൾ പൊതുവിഭാഗം കാർഡും ലഭ്യമാകുന്ന അവസരത്തിൽ അപാകതയുണ്ടാകാൻ സാധ്യതയുള്ളതിനാൽ പുതിയ കാർഡ്

അനുവദിക്കുമ്പോൾ, പ്രത്യേകിച്ച് മുൻഗണനാ കാർഡാണെങ്കിൽ വ്യക്തമായ പരിശോധന നടത്തി അർഹത ഉറപ്പുവരുത്തി മാത്രമേ കാർഡ് അനുവദിക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സർക്കാർ ഉത്തരവ് 320/17/ഭ.പൊ.വി.വ. തീയതി 18-9-2017 പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ താലൂക്ക് തലത്തിൽ റേഷൻകട കേന്ദ്രീകരിച്ച് പ്രത്യേക അദാലത്തുകൾ നടത്തുകയും ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായവരെ മുൻഗണനാ സാധ്യത പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. അനർഹരെ കണ്ടെത്തി ഒഴിവാക്കുകയും ലഭ്യമാകുന്ന ഒഴിവുകളിൽ ക്രമമനുസരിച്ച് അർഹരായവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ ധാരാളം അപേക്ഷകൾ ഓരോ താലൂക്കിലും ലഭ്യമാകുന്നതിനാൽ ആയതിൽ അദാലത്തുകൾ നടത്തി പട്ടിക തയ്യാറാക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ സാങ്കേതിക കാരണങ്ങളാൽ അർഹരായവരുടെ മുൻഗണനേതര കാർഡ് മുൻഗണനാ കാർഡാക്കി മാറ്റുന്നതിന് കാലാവധി നിശ്ചയിക്കാൻ പ്രയാസമാണ്.

## റേഷൻ കാർഡിൽ ആധാർ വിവരം നൽകുന്നതിനുള്ള സമയപരിധി

306(355) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡിൽ പേരുള്ളവരുടെ ആധാർ വിവരങ്ങൾ നൽകാത്ത പക്ഷം അവർക്ക് റേഷൻ നിഷേധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) റേഷൻ കാർഡിൽ ആധാർ വിവരം നൽകുന്നതിനുള്ള സമയപരിധി എന്നുവരെയാണ്;

(സി) ആധാർ ഇല്ലാത്തതിന്റെ പേരിൽ റേഷൻ നിഷേധിക്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ആധാർ വിവരങ്ങൾ നൽകാത്ത പക്ഷം റേഷൻ നിഷേധിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. സർക്കാരിൽ നിന്നും സബ്സിഡി ലഭ്യമാകുന്ന എല്ലാ പദ്ധതികൾക്കും ആധാർ നിർബന്ധമാക്കിക്കൊണ്ട് സുപ്രീം കോടതി ഉത്തരവുള്ള സാഹചര്യത്തിൽ 2019 ഡിസംബർ 31 വരെ ആധാർ വിവരങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. എന്നാൽ 31-10-2019 വരെയാണ് സംസ്ഥാന സർക്കാർ സമയം അനുവദിച്ചിട്ടുള്ളത്.

## സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവർക്കുള്ള റേഷൻ കാർഡ്

307(356) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത നിരവധിപേർക്ക് റേഷൻകാർഡ് ലഭിച്ചിരിക്കുന്നത് പൊതുവിഭാഗത്തിലാണെന്നതുമൂലം ആവശ്യത്തിന് റേഷൻ സാധനങ്ങളും, ചികിത്സാ സൗജന്യങ്ങളും ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇവരെ എ.എ.വൈ., മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ 2017 ജൂൺ മാസം മുതൽ സ്വീകരിക്കുകയും അർഹതയുടെ അടിസ്ഥാനത്തിൽ നാളിതുവരെ താലൂക്കിൽ 253 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലും 4970 കാർഡുകൾ മുൻഗണനാ വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 3970 കുടുംബങ്ങളെ ഇനിയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുവാനുണ്ട്. ടി കുടുംബങ്ങളെ, അനർഹരെ ഒഴിവാക്കുമ്പോൾ ലഭ്യമാകുന്ന ഒഴിവനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

## റേഷൻ കാർഡുമായി ആധാർ ബന്ധിപ്പിക്കൽ

308 (357) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ ആധാറുമായി ബന്ധിപ്പിച്ച കാർഡുടമകളുടെ ആധാർ വിവരങ്ങൾ ചോരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;എന്തെല്ലാം മേൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. ബാധകമല്ല.

**റേഷൻ കാർഡുടമകളിൽ അനർഹരായവരെ കണ്ടെത്തുന്നത്**

309(358) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻഗണനാ വിഭാഗം റേഷൻ കാർഡുടമകളിൽനിന്നും അനർഹരായ എത്ര പേരെ നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സിഡി വിഭാഗം റേഷൻ കാർഡുടമകളിൽ നിന്നും അനർഹരായ എത്ര പേരെ നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡുകൾ പുതുക്കി നൽകിയതിനുശേഷം മുൻഗണനാ വിഭാഗം, സബ്സിഡി വിഭാഗം എന്നിവയിൽ നിലവിൽ പുതിയതായി എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻഗണനാ വിഭാഗം റേഷൻ കാർഡ് ഉടമകളിൽ നിന്നും ഇന്നേവരെ അനർഹരായ 420611 കുടുംബങ്ങളെ (ഏകദേശം 1770000 അംഗങ്ങളെ)-യും സബ്സിഡി വിഭാഗം റേഷൻ കാർഡുടമകളിൽ നിന്നും അനർഹരായ 102935 കുടുംബങ്ങളെയും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) റേഷൻ കാർഡുകൾ പുതുക്കി നൽകിയതിനുശേഷം മുൻഗണനാ വിഭാഗത്തിൽ 396071 കുടുംബങ്ങളെയും (ഏകദേശം 17 അംഗങ്ങൾ) സബ്സിഡി വിഭാഗത്തിൽ 75281 കുടുംബങ്ങളെയും (3.46 ലക്ഷം അംഗങ്ങൾ) നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ, മോട്ടോർ വാഹന വകുപ്പുകളിലെ ഡാറ്റാ, ആർ.സി.എം.എസ്.-ലെ ഡാറ്റായുമായി മാപ്പിംഗ് നടത്തിയും ഫീൽഡുതല പരിശോധന പ്രകാരവും അനർഹരെ കണ്ടെത്തി ഒഴിവാക്കിയാണ് അർഹരെ ടി വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**പുതിയ റേഷൻ കടകൾ**

310(359) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി റേഷൻ കട അനുവദിക്കുന്നതിനുള്ള നപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പുതുതായി റേഷൻ കട അനുവദിക്കുന്നതിന് ഏറ്റവും കുറഞ്ഞത് എത്ര ഉപഭോക്താക്കൾ വേണമെന്ന് നിബന്ധനയുണ്ടോ;എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പുതിയ റേഷൻ കട അനുവദിക്കേണ്ട പ്രദേശത്തിന്റെ പ്രത്യേകത, റേഷൻ കടയുടെ ആവശ്യകത, ടി കടയിൽ വരാനുള്ള റേഷൻ കാർഡിന്റെ എണ്ണം എന്നിവ പരിഗണിച്ചുകൊണ്ട് സർക്കുലർ നമ്പർ ബി3/95/ഭ.പൊ.വി.വ. തീയതി 16-11-1995 പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായാണ് പുതിയ റേഷൻ കടകൾ അനുവദിക്കുന്നത്. ടി റേഷൻ കട സമീപത്തുള്ള റേഷൻ കടകളിലെ വ്യാപാരികളുടെ വരുമാനത്തെ ബാധിക്കുവാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതിയ റേഷൻ കടയിൽ കുറഞ്ഞത് 400 റേഷൻ കാർഡെങ്കിലും വേണമെന്ന് നിബന്ധനയുണ്ട്.

**പുതിയ പൊതുവിതരണ കേന്ദ്രങ്ങൾ**

311(360) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതുതായി ആരംഭിച്ച പൊതുവിതരണ കേന്ദ്രങ്ങൾ എത്രയാണെന്നും, ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പുതുതായി റേഷൻ വിതരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) നിലവിലുള്ള ലൈസൻസി മരണപ്പെടുകയാണെങ്കിൽ പ്രസ്തുത ലൈസൻസ് തുടർന്ന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലെ സർക്കാർ അധികാരത്തിലെത്തിയ ശേഷം സംസ്ഥാനത്ത് 16 പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാതല വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) 16-11-1995 ലെ ബി3/95/എഫ്&സി.എസ്.ഡി.-യിലെ സർക്കുലർ പ്രകാരം പുതിയതായി റേഷൻ കട അനുവദിക്കുന്നത് ആ പ്രദേശത്ത് കടയുടെ ആവശ്യകത, പ്രദേശത്തിന്റെ പ്രത്യേകത, ആ കടയിൽ വരാനുള്ള കാർഡുകളുടെ എണ്ണം എന്നിവ പരിഗണിച്ചാണ്. ചുറ്റുപാടുമുള്ള എ.ആർ.ഡി കളുടെ വരുമാനത്തെ ബാധിക്കാതെ കുറഞ്ഞത് 400 കാർഡ് എങ്കിലും പുതിയ കടയിൽ ഉണ്ടാകണം.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ലൈസൻസി മരണപ്പെടുകയാണെങ്കിൽ റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനു വേണ്ടി ടി കട താൽക്കാലികമായി തൊട്ടടുത്ത കടയിൽ കൂട്ടിചേർക്കുന്നു. തുടർന്ന് കെ.ആർ.ഒ 1966 45(2) പ്രകാരം മരണപ്പെട്ടയാളുടെ ഭാര്യ/ഭർത്താവ്/മക്കൾ തുടങ്ങി അനന്തരാവകാശിയുടെ പരിധിയിൽ വരുന്ന കുടുംബാംഗത്തിന്റെ പേരിൽ അപേക്ഷ, ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്/ അപേക്ഷകന്റെ ആധാർ പകർപ്പ്, അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, അപേക്ഷകന്റെ ഇലക്ഷൻ ഐ.ഡി.-യുടെ പകർപ്പ്, കെട്ടിട ഉടമയുടെ സമ്മതപത്രം [200 രൂപയുടെ മുദ്രപ്പത്രത്തിൽ] റേഷൻ കട അനുവദിക്കുകയാണെങ്കിൽ (എസ്.സി./എസ്.ടി.) ഒഴികെയുള്ളവർ സമയ ബന്ധിതമായി 10000 രൂപയുടെ സോൾവൻസിയും 3500 രൂപയുടെ സെക്യൂരിറ്റിയും 5000 രൂപയുടെ ബാങ്ക് ഗ്യാരണ്ടിയും ഹാജരാക്കാമെന്ന 200 രൂപയുടെ മുദ്രപ്പത്രത്തിലുള്ള സമ്മതപത്രം എന്നിവ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷ പരിശോധിച്ച് താലൂക്ക് സപ്ലൈ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രൊഫോർമ റിപ്പോർട്ട് ജില്ലാ സപ്ലൈ ഓഫീസർക്ക് കൈമാറി പ്രസ്തുത ഓഫീസർ അപേക്ഷകനെ/അപേക്ഷകയെ നേരിൽ കേട്ട് സമർപ്പിച്ച രേഖകൾ ബോധ്യപ്പെട്ടതിന് ശേഷം ലൈസൻസ് അനുവദിച്ച് നൽകുന്നതാണ്.

**റേഷൻ കട വഴി കൂടുതൽ സേവനങ്ങൾ**

312 (361) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കട വഴി കൂടുതൽ സേവനം ലഭ്യമാക്കി അതിന്റെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) റേഷൻ കടകൾ വഴി ഏതൊക്കെ സേവനങ്ങളാണ് പുതുതായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മൂന്ന് മാസത്തിൽ കൂടുതൽ റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ വിഭാഗത്തിലുള്ളവരെ പ്രസ്തുത പട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി കൈക്കൊള്ളുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റേഷൻ കടകളിലൂടെ പുതുതായി കുപ്പി വെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./ പി.എച്ച്.എച്ച്. വിഭാഗങ്ങളിൽ 2019 മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി 58712 (എ.എ.വൈ - 6004, പി.എച്ച്.എച്ച്. - 52708) കുടുംബങ്ങൾ സ്ഥിരമായി മൂന്ന് മാസം റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയതിൽ ഇതുവരെ (22-10-2019) 32982 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ റേഷൻ സാധനങ്ങൾക്ക് പുറമേ ശബരി ഉത്പന്നങ്ങൾ, കുപ്പിവെള്ളം എന്നിവ വിൽപ്പന നടത്തുന്നുണ്ട്. കുപ്പി വെള്ളത്തിന് ഓപ്പൺ മാർക്കറ്റിൽ അമിത വില ഈടാക്കുന്നത് തടയുന്നതിന് സാധിക്കുന്നു. end to end computerisation, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ രംഗം കൂടുതൽ സുതാര്യവും, കാര്യക്ഷമവുമായി തീർന്നിട്ടുണ്ട്.

**റേഷൻ ഡീലർമാർക്ക് ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യം**

313(362) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ പ്രവർത്തിപ്പിക്കുന്നതിന് നൽകിവരുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കടയിൽ ഒരു സഹായിയെ വയ്ക്കണമെന്ന് ചട്ടത്തിലെവിടെയെങ്കിലും നിഷ്കർശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സഹായിക്കും കെട്ടിടത്തിന്റെ വാടകയും അടക്കം എത്ര രൂപയാണ് ഒരു റേഷൻ ഷോപ്പ് ഡീലർക്ക് നൽകുന്നത്;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കടയിൽ ഉത്പന്നങ്ങൾ വിപണനം ചെയ്യുമ്പോൾ റേഷൻ കട ലൈസൻസിക്ക് നിലവിൽ കിട്ടുന്ന ശമ്പളത്തിന് പുറമെ ഔദ്യോഗികമായി കമ്മീഷൻ ലഭിക്കാറുണ്ടോ;

(ഡി) റേഷൻ കടയിലെ സഹായി, ഷോപ് ലൈസൻസി എന്നിവരുടെ വേതനം, കടയുടെ വാടക എന്നിവയെല്ലാം ചേർത്ത് ഇപ്പോൾ നൽകിവരുന്ന പ്രതിഫല തുക പര്യാപ്തമെന്ന് കരുതുന്നുണ്ടോ; ആയത് വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻകടകൾ പ്രവർത്തിപ്പിക്കുന്നതിനായി റേഷൻ വ്യാപാരികൾക്ക് ഡിസംബർ 2018 മുതൽ വർദ്ധിപ്പിച്ച കമ്മീഷൻ പാക്കേജ് അനുസരിച്ച് അവരുടെ വിൽപ്പനയ്ക്ക് ആനുപാതികമായി കമ്മീഷൻ അനുവദിച്ച് നല്കുന്നുണ്ട്. കൂടാതെ മിനിമം കമ്മീഷൻ പാക്കേജിൽ ഉറപ്പ് വരുത്തിയിട്ടുമുണ്ട്.

(ബി) ഇല്ല. കെട്ടിടത്തിന്റെ വാടക, സഹായിക്കുള്ള കൂലി എന്നിവ കൂടി പരിഗണിച്ചാണ് കമ്മീഷൻ പാക്കേജ് പ്രകാരം വ്യാപാരികൾക്ക് കമ്മീഷൻ കണക്കാക്കി അംഗീകരിച്ചിട്ടുള്ളത്.

(സി) റേഷൻ വ്യാപാരികൾക്ക് റേഷൻ സാധനങ്ങൾ വിതരണം നടത്തുമ്പോൾ വിൽപ്പനയിലൂടെ കിലോയ്ക്ക് 2 രൂപ നിരക്കിൽ എ.എ.വൈ. വിഭാഗം ഒഴികെയുള്ള ഉപഭോക്താക്കളിൽ നിന്ന് കൈകാര്യ ചെലവിനത്തിൽ ലഭ്യമാകുന്ന തുക, അവരുടെ കമ്മീഷൻ കണക്കാക്കുമ്പോൾ കുറച്ചാണ് നല്കി വരുന്നത്. ടി തുക അവരുടെ ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് കൈമാറുന്നുണ്ട്.

(ഡി) 2018 മുതൽ വർദ്ധിപ്പിച്ച കമ്മീഷൻ പാക്കേജ് പ്രകാരമാണ് വ്യാപാരികൾക്ക് കമ്മീഷൻ നിലവിൽ നല്കിവരുന്നത്. നിലവിലെ നിരക്ക് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരഗണനയിലില്ല. മാത്രമല്ല രാജ്യത്ത് റേഷൻ വ്യാപാരികൾക്ക് ഏറ്റവും ഉയർന്ന നിരക്കിൽ കമ്മീഷൻ നൽകുന്നത് കേരളത്തിലാണ്.

**റേഷനരിയും ഗോതമ്പും പാക്കറ്റുകളിൽ**

314(363) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ തൂക്കത്തിലുള്ള വ്യത്യാസം പരിഹരിക്കുന്നതിന് റേഷനരിയും ഗോതമ്പും പായ്ക്കറ്റുകളിലാക്കി ഉപഭോക്താക്കൾക്ക് എത്തിക്കുന്നത് സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടർ എന്തെങ്കിലും ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് എവിടെയെങ്കിലും പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി വിജയപ്രദമാണോ; എങ്കിൽ റേഷൻ സാധനങ്ങളുടെ തൂക്കത്തിലുള്ള വെട്ടിപ്പ് തടയുന്നതിന് അവ പാക്കറ്റുകളിലാക്കി നൽകുന്ന പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) റേഷനരിയും ഗോതമ്പും പായ്ക്കറ്റുകളിലാക്കി വിതരണം നടത്തുന്നത് സംബന്ധിച്ച പദ്ധതി തൽക്കാലം പരിഗണനയിലില്ല.

## കൊട്ടാരക്കര താലൂക്കിൽ പി.ഡിഎസ്. ഡിപ്പോകൾ

315(364) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫുഡ് സേഫ്റ്റി ആക്റ്റ് പ്രകാരം കൊട്ടാരക്കര താലൂക്കിലെ മൂന്ന് ബ്ലോക്കുകളിലും പി.ഡി.എസ്. ഡിപ്പോ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണ്; പ്രസ്തുത പി.ഡി.എസ്. ഡിപ്പോ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ;

(ബി) കൊട്ടാരക്കര താലൂക്കിൽ എത്ര റേഷൻ കടകൾ ഉണ്ട് എന്നും നിലവിലെ പി.ഡി.എസ്. ഡിപ്പോകളുടെ അധീനതയിൽ അവയിൽ എത്ര വീതം റേഷൻ കടകളെ വിന്യസിച്ചിട്ടുണ്ട് എന്നും അറിയിക്കുമോ;

(സി) മേൽപ്രകാരമുള്ള റേഷൻ കടകളുടെ വിന്യാസം പി.ഡി.എസ് ഡിപ്പോയിലെ ജീവനക്കാർക്ക് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബ്ലോക്കുതല ഗോഡൗണുകൾ ആരംഭിക്കുന്നത് അപ്രായോഗിക മായതിനാൽ താലൂക്കുതല PDS ഡിപ്പോകളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത്. കൊട്ടാരക്കര താലൂക്കിൽ കൊട്ടാരക്കര, ചടയമംഗലം എന്നീ സ്ഥലങ്ങളിലായി 2 PDS ഡിപ്പോകൾ പ്രവർത്തിച്ചുവരുന്നു.

(ബി) കൊട്ടാരക്കര പി.ഡി.എസ്. ഡിപ്പോയുടെ കീഴിൽ 255-ഉം കടയ്ക്കൽ (ചടയമംഗലം) പി.ഡി.എസ്. ഡിപ്പോയുടെ കീഴിൽ 97-ഉം ഉൾപ്പെടെ ആകെ 352 റേഷൻ കടകൾ ഉണ്ട്.

(സി) PDS ഡിപ്പോയിലെ ജീവനക്കാർക്കുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## റേഷൻ വിതരണം

316(365) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് ആധാറുമായി ബന്ധപ്പെടുത്താത്തവർക്ക് റേഷൻ അനുവദിക്കേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ആധാർ കാർഡ് ഇല്ലാത്തവർക്കും കാർഡ് എടുക്കാൻ താൽപ്പര്യമില്ലാത്തവർക്കും റേഷൻ അനുവദിക്കുന്നതിന് എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ആധാർ കാർഡ് ഇല്ലാത്ത കാരണത്താൽ പൊതുജനങ്ങൾക്ക് റേഷൻ നിഷേധിക്കാനാവില്ലെന്ന അറിയിപ്പ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ എല്ലാ റേഷൻ കാർഡംഗങ്ങളുടെയും ആധാർ സീഡ് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും സബ്സിഡി ലഭ്യമാകുന്ന എല്ലാ പദ്ധതികൾക്കും ആധാർ നിർബന്ധമാക്കിക്കൊണ്ട് സുപ്രീം കോടതി ഉത്തരവായിട്ടുള്ളതിനാൽ ആധാർ സീഡിംഗ് പൂർത്തിയാക്കുന്നതിന് 2019 ഡിസംബർ 31 വരെ കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. ആധാർ ആതന്റിക്കേഷൻ പരാജയപ്പെട്ടാലും റേഷൻ നിഷേധിക്കരുതെന്ന അറിയിപ്പ് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

## ഇ-പോസ് സംവിധാനം

317 (366) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചതിലൂടെ റേഷൻ വിതരണത്തിൽ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തിയതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിരലടയാളം പതിച്ച് ആതന്റിക്കേഷൻ പരാജയപ്പെടുമ്പോഴും സാങ്കേതിക തകരാറ് വരുന്ന സാഹചര്യത്തിലും ഉപഭോക്താവിന് റേഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത മെഷീനിലൂടെ എ.റ്റി.എം. സേവനം ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിരലടയാളം പതിച്ചുള്ള ആതന്റിക്കേഷൻ പരാജയപ്പെട്ടാലും രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് OTP അയച്ച് ആതന്റിക്കേറ്റ് ചെയ്യുന്നതിനും ആയതും പരാജയപ്പെടുകയാണെങ്കിൽ ആതന്റിക്കേഷൻ ഇല്ലാതെ തന്നെ റേഷൻ നൽകുന്നതിനും സാധിക്കുന്നതാണ്. ഒരു കാരണവശാലും ഒരു യഥാർത്ഥ ഗുണഭോക്താവിന് റേഷൻ നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാകരുതെന്നാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

(സി) ഇല്ല. ബാങ്കുകളുമായി ചർച്ച നടന്നുവരുന്നു.

**റേഷൻ കടകളിലെ ആധുനിക നടപടിക്രമങ്ങൾ**

318(367) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട് റേഷൻ കടകളിൽ നടപ്പിലാക്കിയ ആധുനിക നടപടിക്രമങ്ങൾ കുറ്റമറ്റ രീതിയിൽ വിജയിച്ചതായുള്ള വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) അഗതി വിഭാഗത്തിലുള്ള കാർഡുകാർക്ക് സൗജന്യമായി ലഭിക്കുന്ന അരിയും മറ്റ് സാമഗ്രികളും യഥാസമയങ്ങളിലും അളവിലും ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുന്ന നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അഗതി വിഭാഗത്തിലുള്ള കാർഡുകൾ ഉൾപ്പെടെയുള്ള എല്ലാ കാർഡുടമകൾക്കും അരിയും മറ്റു സാമഗ്രികളും കൃത്യമായ അളവിലും യഥാസമയങ്ങളിലും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ, താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ ഫലപ്രദമായ പരിശോധനകൾ റേഷൻകടതലത്തിലും ഫീൽഡുതലത്തിലും കൃത്യമായി നടത്തുന്നുണ്ട്.

## കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജനം

319 (368) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവുമധികം റേഷൻ കടകളും റേഷൻ കാർഡുകളും ഏത് താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിൽ നിലവിൽ എത്ര റേഷൻ കടകളുണ്ടെന്നും എത്ര റേഷൻ കാർഡുകളുണ്ടെന്നും വിശദമാക്കാമോ;

(സി) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പൊതുവിതരണ വകുപ്പ് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത താലൂക്ക് സപ്ലൈ ആഫീസ് വിഭജിച്ച് കൊല്ലം ആസ്ഥാനമായി ഒരു സിറ്റി റേഷനിംഗ് ആഫീസും ചാത്തന്നൂർ ആസ്ഥാനമായി ഒരു താലൂക്ക് സപ്ലൈ ആഫീസും ആരംഭിക്കുന്നതിന് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് ഏറ്റവുമധികം റേഷൻ കടകളും റേഷൻ കാർഡുകളുമുള്ള കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിൽ 422 റേഷൻ കടകളും 265856 (22-10-2019 വരെ) റേഷൻ കാർഡുകളുമാണുള്ളത്.

കൊല്ലത്ത് ഒരു സിറ്റി റേഷനിംഗ് ഓഫീസും ചാത്തന്നൂർ ആസ്ഥാനമാക്കി ഒരു താലൂക്ക് സപ്ലൈ ഓഫീസും ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സിവിൽ സപ്ലൈസ് ഡയറക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഓണത്തിന് സൗജന്യ കിറ്റുകൾ

320(369) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഓരോ വർഷവും ഓണത്തിന് ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള സൗജന്യ കിറ്റുകൾ എത്രയെണ്ണം വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ വർഷം പ്രസ്തുത പദ്ധതി നിർത്തലാക്കിയത് ഏതു സാഹചര്യത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) ഇക്കാര്യം ഭാവിയിൽ പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 വർഷത്തിൽ മാത്രമാണ് എ.എ.വൈ. കാർഡുകൾ ഉൾപ്പെടെയുള്ള ബി.പി.എൽ. കാർഡുടമകൾക്ക് സൗജന്യ കിറ്റുകൾ നൽകിയിട്ടുള്ളത്. 2016-ൽ 1605554 എ.എ.വൈ./ ബി.പി.എൽ. കിറ്റുകളും, 2017-ൽ 425292 എ.എ.വൈ. കിറ്റുകളും, 2018 -ൽ 332499 എ.എ.വൈ. കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി നിർത്തലാക്കിയിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**മണ്ണെണ്ണ വിഹിതത്തിലെ വെട്ടിക്കുറയ്ക്കൽ**

321 (370) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വീണ്ടും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) മുൻഗണനാവിഭാഗത്തിന് ഒരു മാസം അനുവദിച്ചിരുന്ന അര ലിറ്റർ മണ്ണെണ്ണ നിർത്തലാക്കിയിട്ടുണ്ടോ;

(സി) നിലവിൽ ത്രൈമാസ അലോട്ട്മെന്റായി എത്ര കിലോലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്;

(ഡി) മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വൈദ്യുതീകരിക്കാത്ത വീടുകൾക്കും പാചകവാതക കണക്ഷൻ ഇല്ലാത്ത വീടുകൾക്കും മാത്രം സബ്സിഡി മണ്ണെണ്ണ നിജപ്പെടുത്തുക എന്ന നയമാണ് കേന്ദ്ര സർക്കാർ ഇതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നത്.

(ബി) ഇല്ല. കേന്ദ്ര സർക്കാർ സബ്സിഡി മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ കുറവ് വരുത്തിയതുമൂലമുണ്ടായ സ്റ്റോക്കിലെ കുറവുമൂലം 2019 സെപ്റ്റംബർ മാസത്തിൽ എൻ.പി.എൻ.എസ്. വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽ നിന്നും ഒഴിവാക്കിയിരുന്നു.

(സി) 9264 കിലോ ലിറ്റർ.

(ഡി) ഉണ്ട്. വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലും പാചകവാതക കണക്ഷനുകളുടെ എണ്ണത്തിലും കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണെന്ന കാര്യം ചൂണ്ടിക്കാട്ടി മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കണമെന്ന ആവശ്യം കേന്ദ്രം നിരസിക്കുകയാണ് ഉണ്ടായത്.

**പൊതുവിതരണം അഴിമതിരഹിതമാക്കാൻ നടപടികൾ**

322(371) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്തെ അഴിമതിയും ക്രമക്കേടും ഇല്ലാതാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിതരണ രംഗത്ത് ഈ സർക്കാർ നടപ്പാക്കിയ ആധുനികവത്ക്കരണം ഈ രംഗത്തുണ്ടായിരുന്ന ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന-ജില്ല-താലൂക്ക് തലങ്ങളിലും റേഷൻകട തലത്തിലും ജനപങ്കാളിത്തത്തോടെ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സമ്പൂർണ്ണമായി നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യവും കാര്യക്ഷമമവും ഫലപ്രദവുമായി മാറിയിട്ടുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ റേഷൻ കടകൾ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ

ചെക്ക് ചെയ്യ വരികയും ചെയ്യുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 7-1-2017 ലെ 1/17 സർക്കുലർ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ 1966-ലെ കേരള റേഷനിംഗ് ഓർഡർ, 1955-ലെ അവശ്യ സാധന നിയമം എന്നിവ അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനതല പരിശോധനാ സംഘം ഗോഡൗണുകളിലും റേഷൻ കടകളിലും പരിശോധന നടത്തി വരുന്നു.

റേഷൻ കടകളിൽ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധനാ വേളയിൽ ഉദ്യോഗസ്ഥർ ഉറപ്പു വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിന് പുറമേ ഉപഭോക്താക്കളുടെ പ്രതിമാസ റേഷൻ വിഹിതം സംബന്ധിക്കുന്ന വിവരങ്ങൾ എസ്.എം.എസ്. ആയി അറിയിക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്നതുവരെയുള്ള കാര്യങ്ങൾ ട്രാൻസ്പാരൻസി പോർട്ടൽ വഴി ലഭ്യമാക്കുന്നതിനും വ്യവസ്ഥയുണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം നടത്തിവരുന്നു. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഉണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് (കൃഷ്ണമണി) വെരിഫിക്കേഷൻ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിരുന്നു. കൂടാതെ റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കുന്നതുമാണ്.

(സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ 17-8-2018 ലെ സ.ഉ (സാധാ)നമ്പർ 417/2018/ഭ.സി.സ.വ., 418/2018/ഭ.സി.സ.വ., 419/2018/ ഭ.സി.സ.വ., 420/2018/ഭ.സി.സ.വ. എന്നിവ പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിലും സംസ്ഥാനതല വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ തലത്തിലും സ്വീകരിച്ചു വരുന്നു.

## ഇരിങ്ങാലക്കുട മണ്ഡലത്തിൽ റേഷനിംഗ് ഡിപ്പോ

323 (372) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട മണ്ഡലത്തിൽ റേഷനിംഗ് ഡിപ്പോ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

ഇരിങ്ങാലക്കുട മണ്ഡലത്തിൽ മുകുന്ദപുരം താലൂക്കിന് മാത്രമായി താലൂക്കിൽ തന്നെ റേഷൻ ഡിപ്പോ കണ്ടെത്തി റേഷൻ വിതരണം സുഗമമായി നടത്തുന്നതിന് ആവശ്യമായ നടപടി സപ്ലൈകോ, പാലക്കാട് മേഖലാ തലത്തിൽ സ്വീകരിച്ചു വരുന്നു.

## സംസ്ഥാന വില നിയന്ത്രണ അതോറിറ്റി

324 (373) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സവാളയും ഉള്ളിയും അടക്കമുള്ളവയുടെ വില കുതിച്ച് ഉയരുമ്പോഴും സംസ്ഥാന വില നിയന്ത്രണ അതോറിറ്റി നോക്കുകുത്തിയായി തുടരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) മറ്റു സംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനം, കൃഷി, ചരക്ക് നീക്കം എന്നിവ നിരീക്ഷിക്കുക, സാധനവില നിയന്ത്രണത്തിനുവേണ്ട പദ്ധതികൾ തയ്യാറാക്കുക, മൂന്ന് മാസത്തിനുള്ളിൽ വിപണിയിൽ സംഭവിക്കാവുന്ന മാറ്റങ്ങളെ കുറിച്ചുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക എന്നത് ഉൾപ്പെടെ ഒട്ടേറെ ഭാരിച്ച ചുമതലകളാണോ അതോറിറ്റിക്കുള്ളത്; വിശദമാക്കാമോ;

(സി) എന്നാൽ സെക്രട്ടറിതലത്തിൽ സമിതി ഏതാനും യോഗങ്ങൾ ചേർന്നതല്ലാതെ കാര്യമായ നടപടികളൊന്നുമുണ്ടായില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ചെറിയ ഉള്ളിയുടെ വില കിലോയ്ക്ക് 64 രൂപയിലും വെളുത്തുള്ളിക്ക് 200 രൂപയിലും എത്തിയിട്ടും അതോറിറ്റി മൗനം പാലിക്കുകയാണെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ടോ;

(ഇ) എങ്കിൽ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ഇടപെടലുകൾ ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഭക്ഷ്യ പൊതു വിതരണ വകുപ്പിനു കീഴിൽ വില നിയന്ത്രണ അതോറിറ്റി നിലവിലില്ല. എന്നാൽ 15-5-2017-ലെ സ.ഉ (കൈ)10/2017/ഭ.പൊ.വി.വ പ്രകാരം രൂപീകരിച്ച വില നിരീക്ഷണ സെൽ (Price Monitoring Cell) വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇതര സംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനം, കൃഷി, ചരക്ക് നീക്കം എന്നിവ കൃത്യമായി നിരീക്ഷിക്കുക, സാധനവില നിയന്ത്രണത്തിന് അത്യാവശ്യം വേണ്ട പദ്ധതികൾ തയ്യാറാക്കുക, വില മാറ്റങ്ങളെ സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, വില നിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം പിടിച്ചു നിർത്താൻ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക തുടങ്ങിയവയാണ് പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ ചുമതലകൾ.

(സി&ഡി) ഇല്ല.

(ഇ) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ, അന്യസംസ്ഥാനങ്ങളിലെ കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടായ വ്യാപക കൃഷി നാശത്തെ തുടർന്ന് ഉള്ളിയുടെയും സവാളയുടെയും വില വർദ്ധിച്ചിട്ടുണ്ട്. ആയത് നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

### ഹോട്ടൽ ഭക്ഷണസാധനങ്ങളുടെ അമിത വില തടയുവാൻ നടപടി

325 (374) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം അമിത വില ഈടാക്കുന്നത് തടയുവാൻ സർക്കാർതലത്തിൽ എന്ത് ഇടപെടലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) അരിക്കും പലവ്യഞ്ജനത്തിനും പച്ചക്കറിക്കും പൊതുകമ്പോളത്തിൽ ഉണ്ടായിട്ടുള്ള വിലവർദ്ധനയ്ക്ക് ആനുപാതികമായിട്ടാണോ ഹോട്ടൽ ഭക്ഷണ സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്നത് എന്ന കാര്യം പരിശോധിക്കുവാനുള്ള സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുവാനോ ഏകീകരിക്കുവാനോ ഉള്ള അധികാരം ഭക്ഷ്യ വകുപ്പിനില്ല. എന്നാൽ ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ഇത്തരത്തിൽ വില വിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(സി) അരിക്കും പലവ്യഞ്ജനത്തിനും പച്ചക്കറിക്കും പൊതു കമ്പോളത്തിൽ ഉണ്ടാകുന്ന വിലവർദ്ധനവ് ഹോട്ടൽ ഭക്ഷണസാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകുന്നതായി കാണുന്നുണ്ട്. എന്നാൽ ഹോട്ടലുകളുടെ നിലവാരമനുസരിച്ച് ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഹോട്ടലുടമകൾക്ക് ആയതിനാലും വില നിശ്ചയിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാലും പ്രസ്തുത വർദ്ധനവ് ആനുപാതികമാണോ എന്ന് പരിശോധിക്കുന്നതിന് വകുപ്പിന് പ്രായോഗിക പരിമിതികളുണ്ട്. എന്നാൽ ശബരിമല പോലെയുള്ള ഉത്സവ/തീർത്ഥാടന സ്ഥലങ്ങളിൽ വില നിശ്ചയിക്കുന്നതിന് സർക്കാർ ഇടപെടലുകൾ നടത്താറുണ്ട്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

326(375) <u>ശ്രീ. മോൻസ് ജോസഫ്:</u>
<u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലവ്യഞ്ജനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില കുത്തനെ ഉയരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊതുവിപണിയിൽ വില ഉയരുന്ന അവസ്ഥ മുതലാക്കി ഹോട്ടലുകൾ ഭക്ഷ്യവസ്തുക്കളുടെ വില ഉയർത്തുന്ന സാഹചര്യത്തിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇന്ധനത്തിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും വില വർദ്ധനവ് വിപണിയിൽ സൃഷ്ടിച്ചിരിക്കുന്ന വലിയ വിലക്കയറ്റം മറികടക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) ഹോട്ടൽ ഭക്ഷണത്തിന്റെ വിലകൂട്ടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ ഹോട്ടൽ ഭക്ഷണവില ഏകീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പലവ്യഞ്ജനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലയിൽ നേരിയ വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിപണിയിലുണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതിവഴി വില വർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്. വില വർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കു ന്നതിനുമായി പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു.

(ബി) ഹോട്ടലുകൾ അമിത വില ഈടാക്കുന്നത് തടയുന്നതിനായി വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് നിയമംമൂലം കർശനമാക്കിയിട്ടുണ്ട്. പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(സി) വിപണി ഇടപെടൽ സജീവമാക്കി ഭക്ഷ്യ സാധനങ്ങളുടെ വില വർദ്ധനവ് പരിശോധിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഉത്സവ കാലങ്ങളിൽ ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കുകയും റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനായി ഇ-പോസ് സംവിധാനം പ്രവർത്തിക്കുകയും ചെയ്തു വരുന്നു. അരി ഉൾപ്പെടെ 14 ഇനം അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. അവശ്യ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനകൾ നടത്തിവരുന്നു.

(ഡി) ടി വിഷയം പ്രായോഗികമല്ലാത്തതിനാൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മാവേലി സ്റ്റോർ**

327(376) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ എത്ര മാവേലി സ്റ്റോറുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡിയുള്ള ഭക്ഷ്യ ധാന്യങ്ങളുടെയും സാധനങ്ങളുടെയും നിലവിലെ വിലനിലവാരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ 41 പുതിയ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം* ആയി ചേർക്കുന്നു.

(ബി) വിശദാംശം അനുബന്ധം *ആയി ചേർക്കുന്നു.

**സപ്ലൈകോ ഗൃഹോപകരണ വില്പനശാലകൾ**

328(377) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാൻ പുതുതായി എത്ര സപ്ലൈകോ മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഗൃഹോപകരണങ്ങൾ ന്യായമായ വിലയിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച സപ്ലൈകോ ഗൃഹോപകരണ വില്പനശാലകൾ ഇപ്പോൾ എല്ലാ ജില്ലകളിലും നിലവിലുണ്ടോ;

(സി) സപ്ലൈകോ ഗൃഹോപകരണ വില്പനശാലകൾ ഓരോ പഞ്ചായത്തിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ 41 മാവേലി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി&സി) സ്ഥല ലഭ്യതയുള്ള സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും, ഹൈപ്പർമാർക്കറ്റുകളിലും, പീപ്പിൾ ബസാറുകളിലും ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. സ്ഥല ലഭ്യതയനുസരിച്ച് കൂടുതൽ വിൽപ്പനശാലകളിൽ ഗൃഹോപകരണ വിൽപ്പന ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇലഞ്ഞിയിലെ പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ്

329(378) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ഇലഞ്ഞിയിലെ നിർദിഷ്ട പഴം, പച്ചക്കറി സംസ്കരണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) നിലവിലെ സാഹചര്യത്തിൽ യൂണിറ്റ് പൂർണ്ണമായി പ്രവർത്തന ക്ഷമമാകാൻ എത്ര നാൾ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇലഞ്ഞിയിൽ നിർമ്മാണത്തിലിരിക്കുന്ന പഴം, പച്ചക്കറി സംസ്കരണ ശാലയ്ക്ക് രണ്ട് ടൺ ശേഷിയുള്ള ഫ്രൂട്ട്സ് & വെജിറ്റബിൾസ് ഡീഹൈഡ്രേഷൻ യൂണിറ്റ്, 1250 ടൺ ശേഷിയുള്ള ചിൽഡ് സ്റ്റോറേജ് എന്നീ രണ്ട് യൂണിറ്റുകളാണുള്ളത്. അതിൽ ചിൽഡ് സ്റ്റോറേജിന്റെ നിർമ്മാണം പൂർത്തിയായി. ഡീഹൈഡ്രേഷൻ പ്ലാന്റിന്റെ കെട്ടിട നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. ടി യൂണിറ്റിന്റെ പ്ലാന്റ് & ഇൻസ്റ്റലേഷൻ പൂർത്തീകരണത്തിലേയ്ക്ക് അടുക്കുന്നു. ഇ.റ്റി.പി. നിർമ്മാണം ഗുഡ്സ് ലിഫ്റ്റ് സ്ഥാപിക്കൽ തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കായി ഇ-ടെൻഡർ മുഖേന കോൺട്രാക്ടർമാരെ തെരഞ്ഞെടുത്ത് വർക്ക് ഓർഡർ നല്കി കഴിഞ്ഞിട്ടുമുണ്ട്.

(ബി) പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് സ്റ്റാറ്റ്യൂട്ടറി അതോറിറ്റികളുടെ അനുമതി ലഭിക്കാനുണ്ട്.

(സി) നിലവിലെ സാഹചര്യത്തിൽ യൂണിറ്റ് പൂർണ്ണമായി പ്രവർത്തന ക്ഷമമാക്കാൻ ആറ് മാസം കൂടി വേണ്ടി വരുമെന്ന് കണക്കാക്കുന്നു.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി

330(379) ശ്രീ. റ്റി. വി.രാജേഷ്:
ശ്രീ. കെ. വി.വിജയദാസ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകമാനമുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാനത്ത് കൂടുതലായി ബാധിക്കാത്ത വിധം പൊതുവിതരണ സംവിധാനം

ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി സപ്ലൈകോ നടത്തുന്ന വിപണി ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പൊതുജനങ്ങളെ വിലക്കയറ്റത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഗ്രാമപ്രദേശങ്ങളിലൂൾപ്പെടെ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിപണിയിലുണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സപ്ലൈകോ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതിവഴി വില വർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ലേലം മുതലായ സംവിധാനങ്ങൾ ഉപയോഗിച്ച് നാഫെഡ് മുഖേന ഉല്പാദന കേന്ദ്രങ്ങളിൽനിന്ന് നേരിട്ട് അവശ്യ സാധനങ്ങൾ സംഭരിച്ച് സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ഗ്രാമീണ മേഖലകൾക്ക് പ്രാമുഖ്യം നൽകി കൂടുതൽ വില്പന ശാലകൾ തുറന്നും ഉത്സവ സീസണുകളിൽ പ്രത്യേക ചന്തകൾ നടത്തിയും പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി വരുന്നു. സവാള വില വർദ്ധനയെ തുടർന്ന് നാഫെഡിൽ നിന്ന് സംഭരിച്ച് 38 രൂപയ്ക്ക് വിതരണം നടത്തിയതിനെ തുടർന്ന് സവാള വില വർദ്ധനവ് തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റ് രീതിയിൽ പ്രവർത്തിക്കുന്ന വിൽപ്പനശാലകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ, വിപണന സാധ്യത കണക്കിലെടുത്തും ഗ്രാമീണ മേഖലയ്ക്ക് മുൻതൂക്കം നൽകിയും പുതിയ സൂപ്പർ മാർക്കറ്റുകൾ ആവശ്യമായ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷം 86 വിൽപ്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 23 വിൽപ്പനശാലകളും സൂപ്പർ മാർക്കറ്റ് ശ്രേണിയിലേയ്ക്ക് അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

## വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം

331(380) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത തടയുന്നതിന് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം നടപ്പിലാക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച് നൽകിയിട്ടുള്ള മുഴുവൻ റേഷൻ വിഹിതവും എഫ്.സി.ഐ.-യിൽനിന്നും ലഭ്യമാക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) 2019 ജനുവരി മുതൽ സംസ്ഥാനത്തിന് അനുവദിച്ചതും, ലഭ്യമായതുമായ ഭക്ഷ്യധാന്യങ്ങളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) GPS enabled vehicle tracking system നടപ്പാക്കുന്നതിലേയ്ക്കായി സപ്ലൈകോ മുഖാന്തരം EOI (Expression of Interest) ക്ഷണിക്കുകയും ഇതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്രം അനുവദിച്ചിട്ടുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(സി) 2019 ജനുവരി മുതൽ സംസ്ഥാനത്തിന് അനുവദിച്ചതും, ലഭ്യമായതുമായ ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**സപ്ലൈകോയിലെ ദിവസവേതന ജീവനക്കാരുടെ വേതനം**

333(381) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട് ലെറ്റുകളിലും ഗോഡൗണുകളിലും ജോലി ചെയ്യുന്ന ദിവസവേതന ജീവനക്കാർക്ക് എന്ത് നിരക്കിലാണ് വേതനം നൽകിവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഔട്ട് ലെറ്റുകളിലെയും ഗോഡൗണുകളിലെയും ദിവസവേതന ജീവനക്കാരുടെ വേതന നിരക്കിൽ വ്യത്യാസം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ അന്തരം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സപ്ലൈകോ ഗോഡൗണുകളിൽ രാവിലെ ഒൻപതുമുതൽ വൈകിട്ട് അഞ്ചുവരെ ജോലി ചെയ്യുന്ന ദിവസവേതനക്കാരായ സ്വീപ്പർമാർക്ക് വേതനം വർദ്ധിപ്പിച്ചു നല്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ദിവസവേതന ജീവനക്കാർക്ക് പ്രതിദിനം രൂപ 425 (രൂപ നാന്നൂറ്റി ഇരുപത്തി അഞ്ച് മാത്രം) നിരക്കിലാണ് വേതനം നൽകി വരുന്നത്.

(ബി) ഔട്ട് ലെറ്റുകളിലെയും ഗോഡൗണുകളിലെയും ദിവസവേതന ജീവനക്കാരുടെ വേതന നിരക്കിൽ വ്യത്യാസം നിലനിൽക്കുന്നില്ല.

(സി) ഉണ്ട്. എന്നാൽ സപ്ലൈകോ ഗോഡൗണുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിലവിൽ സ്വീപ്പറെ നിയോഗിക്കുന്നില്ല.

## സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും അനുവദിച്ച തുക

333(382) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്തുന്നതിന് സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും 2019-20-ലെ ബഡ്ജറ്റിൽ എത്ര കോടി രൂപ വീതമാണ് വകയിരുത്തിയതെന്ന് വിശദമാക്കാമോ;

(ബി) 2017-18-ലെ ബഡ്ജറ്റ് വിഹിതത്തെക്കാൾ കുറഞ്ഞ തുക 2018-19-ലെ ബഡ്ജറ്റിൽ സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും വകയിരുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ മൂന്ന് വർഷം, സപ്ലൈകോയും കൺസ്യൂമർഫെഡും ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

ഉത്തരം

(എ) 2019-20 ബഡ്ജറ്റിൽ വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി സപ്ലൈകോയ്ക്ക് 150 കോടി രൂപയും കൺസ്യൂമർഫെഡിന് നോൺ പ്ലാൻ ഇനത്തിൽ 100 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) 2017-18 ലെ ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടിയ തുകയാണ് 2018-19 ലെ ബഡ്ജറ്റിൽ സപ്ലൈകോയ്ക്കും കൺസ്യൂമർഫെഡിനും വകയിരുത്തിയിട്ടുള്ളത്.

(സി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലും വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി സപ്ലൈകോയ്ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

കൺസ്യൂമർഫെഡ് 2016-17 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2017-18 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 60 കോടി രൂപയിൽ 52 കോടി രൂപയും, 2018-19-ലെ ബഡ്ജറ്റിൽ വകയിരുത്തിയ 100 കോടി രൂപയിൽ 67.66 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. ചന്തകളുടെ എണ്ണം പരിമിതപ്പെടുത്തിയതിനാലാണ് തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത്.

## തീരദേശ മാവേലി സ്റ്റോർ

334(383) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെറുവത്തൂർ ഫിഷറീസ് ഹാർബർ കേന്ദ്രീകരിച്ച് തീരദേശ മേഖലയിലും മത്സ്യത്തൊഴിലാളി മേഖലയിലും പ്രവർത്തിക്കുന്നവർക്കായി തീരദേശ മാവേലി സ്റ്റോർ അനുവദിക്കാൻ നടപടികളുണ്ടാകുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

തീരദേശ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഫിഷറീസ് വകുപ്പാണ്. പ്രസ്തുത വകുപ്പിനു കീഴിലുള്ള സാഫിന്റെ (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ) നിയന്ത്രണത്തിലുള്ള രണ്ട് തീരദേശ മാവേലി യൂണിറ്റുകൾ ചെറുവത്തൂർ ഫിഷറീസ് ഹാർബർ കേന്ദ്രീകരിച്ച് മടക്കര, നടക്കാവ് എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈകോയിൽ നിന്നും വിതരണം ചെയ്തു വരുന്നു.

## പുത്തൻകുളത്ത് മാവേലി സ്റ്റോർ

335(384) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അവശേഷിക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത മാവേലി സ്റ്റോർ ഉടൻ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂതക്കുളം ഗ്രാമ പഞ്ചായത്തിലെ പുത്തൻകുളത്ത് പുതിയ മാവേലി സൂപ്പർ സ്റ്റോർ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഫർണിഷിംഗും മറ്റു ജോലികളും പൂർത്തിയാകുന്ന മുറയ്ക്ക് മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## നെല്ല് സംഭരണം

336(385) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയും മില്ലുടമകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പാടശേഖരങ്ങളിൽ നിന്നും നെല്ല് ചാക്കിൽ നിറച്ച് മില്ലുടമകളുടെ വാഹനത്തിൽ കയറ്റുന്ന ജോലിക്കായി മില്ലുടമകൾ കർഷകർക്ക് കയറ്റ് കൂലിയായി ക്വിന്റലിന് എത്ര രൂപയാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരണം ആരംഭിച്ച കാലം മുതൽ നിലവിലുള്ള ഈ തുക പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് സപ്ലൈകോയും 45 മില്ലുടമകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവയിൽ എംപീസ് മോഡേൺ റൈസ് മില്ലുമായുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. സമാന രീതിയിലാണ് മറ്റ് മില്ലുകളുമായും കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

(ബി) പാടശേഖരങ്ങളിൽ നിന്നും നെല്ല് സംഭരിക്കുമ്പോൾ, നെല്ല് ചാക്കിൽ നിറയ്ക്കുന്നതിനും ലോറിയിൽ കയറ്റുന്നതിനുമായി ക്വിന്റലിന് 12 രൂപ നിരക്കിൽ മില്ലുകാർ കർഷകർക്ക് നൽകി വരുന്നു.

(സി) സംസ്കരണ ചെലവിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക ഏതെങ്കിലും തരത്തിലുള്ള കൂലി വർദ്ധനവിന് പര്യാപ്തമല്ലാത്തതിനാൽ കയറ്റിറക്കുകൂലി ഇനത്തിൽ കർഷകർക്ക് നൽകുന്ന സഹായം വർദ്ധിപ്പിക്കുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ സംഭരണ വിലയായി കർഷകർക്ക് നൽകുന്ന തുക എല്ലാ വർഷവും വർദ്ധിപ്പിക്കുന്നുണ്ട്. നിലവിൽ 26.95 രൂപ/കി.ഗ്രാം നിരക്കിലാണ് നെല്ലിന്റെ വില കർഷകർക്ക് നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നെല്ല് സംഭരണത്തിന് ബാങ്കുകൾക്ക് നൽകാനുള്ള തുക

337 (386) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലു സംഭരണത്തിന്റെ ഭാഗമായി ബാങ്കുകൾക്ക് നൽകാനുള്ള തുക കൈമാറുന്നതിൽ സപ്ലൈകോ വീഴ്ച വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നൂറ്റി എൺപതു ദിവസത്തിനകം സപ്ലൈകോ ബാങ്കിന് തുക നൽകാത്തതിനാൽ കർഷകരെ തിരിച്ചടവ് മുടങ്ങിയവരുടെ പട്ടികയിൽപ്പെടുത്തുകയും ഭാവിയിൽ വിവിധതരം വായ്പകൾ ലഭിക്കാനുള്ള സാധ്യത ഇല്ലാതാക്കുന്നതുമായുള്ള പരാതികളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കർഷകർക്ക് അർഹതപ്പെട്ട തുക എത്രയും വേഗം ബാങ്കുകൾക്ക് നൽകി പ്രശ്നപരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പി.ആർ.എസ്. വായ്പായിനത്തിൽ ബാങ്കുകൾക്ക് നൽകുവാനുള്ള കുടിശ്ശിക തുക നൽകി വരുന്നു.

(സി) നെല്ലിന്റെ വിലയായി കർഷകർക്ക് നൽകുവാനുള്ള തുക പി.ആർ.എസ്. വായ്പാ പദ്ധതിയിലൂടെ കാലതാമസമില്ലാതെ നൽകുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിച്ചു വരുന്നു.

## സപ്ലൈകോയുടെ നെല്ല് സംഭരണം

389 (387) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ നെല്ല് സംഭരണത്തിനായി സർക്കാർ മില്ലുടമകളുമായി കരാറിലേർപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ തവണ എത്ര മില്ലുകളുമായാണ് കരാറിലേർപ്പെട്ടതെന്നും ഏത് നിരക്കിലാണ് കരാർ ഉറപ്പിച്ചതെന്നും വ്യക്തമാക്കുമോ;

(സി) പല ജില്ലകളിലും ഒന്നാം വിള കൊയ്ത്തു തുടങ്ങിയ സാഹചര്യത്തിലും മഴയുള്ളതിനാലും നെല്ല് സംഭരണം വൈകിയാൽ കർഷകർ പ്രതിസന്ധിയിലാകും എന്നത് കണക്കിലെടുത്ത് സപ്ലൈകോയുടെ നെല്ല് സംഭരണ നടപടികൾ വേഗത്തിലാക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കഴിഞ്ഞ തവണ 50 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിരുന്നു. 214 രൂപ/ക്വിന്റൽ നെല്ല് നിരക്കിലാണ് മില്ലുകാരുമായി കരാർ ഉറപ്പിച്ചിരുന്നത്.

(സി) നെല്ല് സംഭരണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊയ്ത്ത് തുടങ്ങിയ എല്ലാ ജില്ലകളിലും നെല്ല് സംഭരണം ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ഇതിനായി നാളിതുവരെ 44 മില്ലുകളുമായി സപ്ലൈകോ, ഈ സീസണിൽ, കരാർ ഒപ്പുവച്ചിട്ടുണ്ട്.

## കുപ്പിവെള്ള വിപണിയിലെ ചൂഷണം

339(388) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പി വെള്ള വിപണിയിലെ ചൂഷണമില്ലാതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സപ്ലൈകോ വഴി കുപ്പിവെള്ളം വിപണിയിൽ എത്തിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കുപ്പിവെള്ള വിപണിയിലെ ചൂഷണമില്ലാതാക്കുന്നതിനായി 1 ലിറ്റർ കുപ്പിവെള്ളത്തിന് 11 രൂപ നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി കുപ്പിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. കുപ്പിവെള്ളത്തിന്റെ ന്യായവിലയ്ക്കുള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനും അതിന്റെ വ്യാപാരവും വാണിജ്യവും ക്രമപ്പെടുത്തുന്നതിനുമായി കുപ്പിവെള്ളത്തിന്റെ വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിദഗ്ദ്ധ സമിതിയെ 12-10-2018-ലെ സ.ഉ.(സാധാ)നമ്പർ 536/2018/ഉ.ക.വ. പ്രകാരം നിയമിച്ചിരുന്നു. പ്രസ്തുത സമിതി 7-11-2018, 1-1-2019 എന്നീ തീയതികളിൽ യോഗം കൂടി ഉപഭോക്തൃ സംഘടനകളിൽ നിന്നും കുപ്പിവെള്ള നിർമ്മാതാക്കളിൽനിന്നും അഭിപ്രായങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് കുപ്പിവെള്ളത്തെ 1986-ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് 19-7-2019-ൽ SRO No. 483/2019 നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. 1 ലിറ്റർ 11 രൂപ നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി കുപ്പിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്.

## ഹോട്ടൽ ഭക്ഷണ വിലവിവരം

340(389) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷ്യ വസ്തുക്കൾക്ക് അടിസ്ഥാനവിലയോ അളവോ നിശ്ചയിച്ചിട്ടുണ്ടോ; വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന നിയമം നിലവിലുണ്ടോ; ആയത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ ആറ് മാസക്കാലയളവിൽ (2019 ഏപ്രിൽ മുതൽ) ഈ വിഷയം സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഹോട്ടലുകളിൽ ഭക്ഷ്യ വസ്തുക്കൾക്ക് അടിസ്ഥാന വിലയോ അളവോ നിശ്ചയിച്ചിട്ടില്ല. ശബരിമല ഉത്സവകാലത്ത് പത്തനംതിട്ട ജില്ലയിലും സമീപ ജില്ലകളിലും വെജിറ്റേറിയൻ ആഹാരത്തിന്റെ വില നിലവാരവും അളവും എല്ലാ വർഷവും ജില്ലാ കളക്ടർമാർ നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്താറുണ്ട്. എന്നാൽ വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന നിയമം നിലവിലുണ്ട്. ആയത് പരിശോധിച്ച് ഉറപ്പുവരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്.

(ബി) കഴിഞ്ഞ ആറ് മാസക്കാലയളവിൽ (2019 ഏപ്രിൽ മുതൽ) ഈ വിഷയം സംബന്ധിച്ച് 207 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വയനാട്ടിലെ സൗജന്യ ഭക്ഷ്യധാന്യ വിതരണം

341 (390) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2019-ലെ പ്രളയകാലത്ത് റേഷൻ കടകൾ വഴി വയനാട് ജില്ലയിൽ സൗജന്യമായി നൽകിയ ഭക്ഷ്യധാന്യത്തിന്റെ കണക്ക് താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യം എത്ര റേഷൻ കാർഡ് ഉടമകൾക്ക് ലഭ്യമായി എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2019-ലെ പ്രളയ കാലത്ത് റേഷൻ കടകൾ വഴി വയനാട് ജില്ലയിൽ സൗജന്യമായി നല്കിയ ഭക്ഷ്യധാന്യങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | താലൂക്ക് | സൗജന്യമായി നല്കിയ ഭക്ഷ്യധാന്യം (മെട്രിക്. ടൺ) |
|---|---|---|
| 1 | ബത്തേരി | 609.894 |
| 2 | വൈത്തിരി | 591.377 |
| 3 | മാനന്തവാടി | 531.165 |
| | ആകെ | 1732.436 |

(ബി) 1,57,751 കാർഡുടമകൾക്ക് സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ നല്കിയിട്ടുണ്ട്.

**നിലമ്പൂരിലെ പ്രളയ ബാധിതർക്ക് സൗജന്യ റേഷൻ**

342 (391) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിലെ പ്രളയ ബാധിത പ്രദേശങ്ങളിൽ ഭക്ഷ്യ വകുപ്പ് സ്വീകരിച്ച നടപടികളും നൽകിയ സേവനങ്ങളും വിശദമാക്കാമോ;

(ബി) പ്രളയ ദുരിതവുമായി ബന്ധപ്പെട്ട് പ്രസ്തുത താലൂക്കിൽ എത്ര കുടുംബങ്ങൾക്കാണ് ഇതുവരെ സൗജന്യ റേഷൻ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രളയ സമയത്തെ ഉരുൾപൊട്ടലിലും പേമാരിയിലും പൂർണ്ണമായും വീട് തകർന്ന കുടുംബങ്ങൾക്ക് ഒരു വർഷത്തേയ്ക്കെങ്കിലും സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജില്ല/താലൂക്ക് സപ്ലൈ ഓഫീസുകൾ 24 മണിക്കൂറും കൺട്രോൾ റൂമുമായി ചേർന്ന് പ്രവർത്തിച്ച് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ആവശ്യാനുസരണം ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും എൽ.പി.ജി.-യും യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ നിലമ്പൂർ താലൂക്കിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് ആയത് ലഭ്യമാക്കാൻ 23-10-2019-ന് അദാലത്ത് നടത്തിയിരുന്നു. പ്രളയ ബാധിത മേഖലയിലെ കുടുംബങ്ങൾക്ക് സെപ്തംബർ മാസം സൗജന്യ റേഷനും വിതരണം ചെയ്തിട്ടുണ്ട്.

(ബി) നിലമ്പൂർ താലൂക്കിലെ 132698 കുടുംബങ്ങൾക്ക് സൗജന്യ റേഷൻ നല്കിയിട്ടുണ്ട്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യ വിഹിതം പരിമിതമായതിനാൽ ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

## നെടുമങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികൾ

343(392) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം തുടങ്ങിയ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, അനർഹമായി എ.എ.വൈ, മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരുന്ന 4815 കാർഡുടമകളെ കണ്ടെത്തുകയും പകരം അത്രയും തന്നെ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇരിഞ്ചയത്തുള്ള സപ്ലൈകോയുടെ മാവേലി സ്റ്റോർ, കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യം ലഭിക്കുന്നതിനായി സൂപ്പർ മാർക്കറ്റായി ഉയർത്തുകയും പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ വട്ടപ്പാറ സൂപ്പർ മാർക്കറ്റ് നവീകരിച്ച് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. വലിയമലയിൽ ഒരു മാവേലി സൂപ്പർ സ്റ്റോറും അയിരൂപ്പാറയിൽ ഒരു മാവേലി സ്റ്റോറും തുടങ്ങുന്ന കാര്യം പരിശോധിച്ച് വരുന്നു.

## ഉപഭോക്തൃവിവര ഡെസ്കുകളുടെ പ്രവർത്തനം

344 (393) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് മികച്ച സൗകര്യം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നയപരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഉപഭോക്തൃ തർക്ക പരിഹാര ഫോറം, ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പുതുതായി സ്ഥാപിച്ച ഉപഭോക്തൃവിവര ഡെസ്കുകളുടെ പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉപഭോക്താക്കൾക്ക് ഉപഭോക്തൃ പ്രവർത്തനങ്ങളെ കുറിച്ച് അറിവ് നല്കുവാനും ഉപഭോക്തൃ പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി ജില്ലാതലങ്ങളിൽ ഉപഭോക്തൃ സഹായ കേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു. ഉപഭോക്തൃ ബോധവത്കരണത്തിനായി പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നതിനുള്ള നടപടികളും ഉപഭോക്തൃ ബോധവത്കരണ സന്ദേശങ്ങൾ എല്ലാ പ്രദേശങ്ങളിലും എത്തിക്കുന്നതിനായി ഒരു പരസ്യ വാഹനം തയ്യാറാക്കി അതിലൂടെ പരസ്യങ്ങളും ലഘുവീഡിയോകളും പ്രദർശിപ്പിച്ച് വരുന്നു. കൂടാതെ സോഷ്യൽ മീഡിയ വഴി ലഘു വീഡിയോകളും ലേഖനങ്ങളും പ്രചരിപ്പിച്ച് വരുന്നു. സംസ്ഥാനത്ത് ഉപഭോക്തൃ സംരക്ഷണ, ശാക്തീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഉപഭോക്തൃകാര്യ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റേയും ജില്ലാ ഫോറങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനവും ആധുനീകരണവും നടപ്പിലാക്കി.

(ബി) ഉപഭോക്താക്കൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനായി ഉപഭോക്തൃതർക്ക പരിഹാര ഫോറവുമായും ലീഗൽ സർവ്വീസ് അതോറിറ്റിയുമായും പരസ്പരം വിനിമയം നടത്തുന്നതിനു വേണ്ടിയുള്ള ഉപഭോക്തൃ വിവര ഡെസ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(സി) തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ ഉപഭോക്തൃ വിവര ഡെസ്കുകളുടെ പ്രവർത്തന ഇതിനകം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മറ്റു ജില്ലകളിൽ നിർമ്മാണ പ്രവൃത്തി നടന്നു വരുന്നു.

**ഹോട്ടലുകളിൽ വില നിയന്ത്രണം**

345 (394) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടൽ ഭക്ഷണത്തിന് ന്യായവില ഈടാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) അമിത വില ഈടാക്കുന്ന ഹോട്ടലുകളിൽ വില നിയന്ത്രണം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുവാനുള്ള അധികാരം വകുപ്പിൽ നിക്ഷിപ്തമല്ല. നിലവിലെ നിയമം അനുസരിച്ച് വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും അതിൽ കൂടുതൽ വില ഭക്ഷണ സാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977 ലെയും 1980 ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക്സ്) ഓർഡർ എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചു വരുന്നു.

**ഉപഭോക്തൃ കമ്മീഷനിലെയും ഫോറങ്ങളിലെയും നിയമനം**

346 (395) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ കമ്മീഷനിലും ഫോറങ്ങളിലും ഒഴിഞ്ഞു കിടന്ന അംഗങ്ങളുടെ തസ്തിക നികത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉപഭോക്തൃ ഫോറത്തിൽ അംഗങ്ങളാകാനുള്ള അടിസ്ഥാന യോഗ്യത, പ്രവൃത്തി പരിചയം എന്നിവ എന്തെല്ലാമാണെന്നും ഈ നിബന്ധനകളെല്ലാം പാലിച്ചാണോ നിയമനം നടത്തിയതെന്നും വ്യക്തമാക്കുമോ;

(സി) ഉപഭോക്തൃ ഫോറങ്ങളിൽ വഴിവിട്ട നിയമനം നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ഉപഭോക്തൃ ഫോറത്തിലെ പ്രസിഡന്റിന്റേയും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ഉപഭോക്തൃ ഫോറങ്ങളിലെ ഓരോ അംഗങ്ങളുടേയും നിയമനം നടത്തിയിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഉപഭോക്തൃ ഫോറങ്ങളിലെ ഓരോ

അംഗങ്ങളുടെയും നിയമനം നടത്തുന്നതിനുള്ള വിജിലൻസ് ക്ലിയറൻസ് ലഭ്യമായിട്ടില്ല. ആലപ്പുഴ ഫോറത്തിലെ പ്രസിഡന്റിന്റേയും, കോട്ടയം ഫോറം മെമ്പറുടേയും നിയമനം സംബന്ധിച്ച അഭിമുഖം നടക്കാനുണ്ട്.

(ബി) ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം, 35 വയസ്സോ അതിനു മുകളിലോ പ്രായം, കഴിവും, ആർജ്ജവവും, ധനതത്വം, നിയമം, കൊമേഴ്സ്, വ്യവസായം, അക്കൗണ്ടൻസി, പൊതുകാര്യങ്ങൾ, ഭരണ നിർവ്വഹണം എന്നീ വിഷയങ്ങളിലേതെങ്കിലും കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. ഈ നിബന്ധനകളെല്ലാം പാലിച്ചാണ് നിയമനം നടത്തിയിട്ടുള്ളത്.

(സി) ഇല്ല. ബാധകമല്ല.

## കുപ്പിവെള്ളതിന്റെ വില

347(396) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) വില നിശ്ചയിക്കുന്നത് സംബന്ധിച്ച് സ്വകാര്യ കുടിവെള്ള കമ്പനികളുമായി ചർച്ചനടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ഡി) വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് തുടർന്ന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 12-10-2018-ലെ സ.(സാധാ)നമ്പർ 536/2018/ഉ.കാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ അദ്ധ്യക്ഷനായി വിവിധ വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി.

(ബി) ഉണ്ട്. പ്രസ്തുത സമിതി 7-11-2018, 1-1-2019 എന്നീ തീയതികളിൽ യോഗം കൂടി ഉപഭോക്തൃ സംഘടനകളിൽനിന്നും കുപ്പിവെള്ള നിർമ്മാതാക്കളിൽ നിന്നും അഭിപ്രായങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കുപ്പിവെള്ളത്തെ അവശ്യ വസ്തുവായി

പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, 1955-ലെ കേന്ദ്ര നിയമത്തിൽ ഉൾപ്പെടുന്ന ഒരു വിഷയത്തെ 1986-ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാരിന് കഴിയില്ലായെന്നും നിയമതടസ്സം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ക്രോസ് ചെക്ക് ചെയ്യുന്നതിനായി നിയമ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണെന്നും സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന് 1986-ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ 3(1), 3(2) എന്നീ വകുപ്പുകൾ പ്രകാരം കുപ്പിവെള്ളത്തിന്റെ ന്യായവിലയ്ക്കുള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും അതിന്റെ വ്യാപാരവും വാണിജ്യവും ക്രമപ്പെടുത്തുന്നതിനു വേണ്ടിയും അതിന്റെ വില നിയന്ത്രിക്കുന്നതിനുവേണ്ടിയും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് നിയമ തടസ്സമില്ലായെന്ന നിയമ വകുപ്പ് അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കുപ്പിവെള്ളത്തെ 1986-ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് 19-7-2019-ൽ SRO No.483/2019 നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കുപ്പിവെള്ള നിർമ്മാതാക്കളുമായി സർക്കാർതലത്തിൽ 10-5-2018-നും 25-9-2019-നും ചർച്ച നടത്തിയിരുന്നു. 10-5-2018-ലെ യോഗത്തിൽ കുപ്പിവെള്ളത്തെ 1986-ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിക്കുകയുണ്ടായി. 25-9-2019-ലെ യോഗത്തിൽ കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ഓരോ സംഘടനയ്ക്കും പറയാനുള്ള കാര്യങ്ങൾ നിവേദന രൂപത്തിൽ സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) കുപ്പിവെള്ള വിപണന രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടേയും ഒരു യോഗം വിളിച്ച് ചേർത്ത് ചർച്ച നടത്തിയ ശേഷം വില നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

348(397) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ അഞ്ചിലൊരുഭാഗം പോലും ഇതുവരെ പണി പൂർത്തിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് ലഭ്യമാക്കുന്നതിന് കഴിയാത്തതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നതിനാൽ ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകേണ്ട 2019 ഡിസംബർ 3-ന്, തുറമുഖ നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുകയില്ലായെന്ന് അദാനി ഗ്രൂപ്പ് രേഖാമൂലം അറിയിച്ചിട്ടുണ്ടോയെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ തുറമുഖ നിർമ്മാണം പൂർത്തിയാക്കുവാനുള്ള സമയപരിധി സർക്കാർ ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി സർക്കാർ വിലയിരുത്തുന്നുണ്ട്. പ്രധാന ഘടകങ്ങളുടെ പുരോഗതി താഴെ കൊടുത്തിരിക്കുന്നു:

പുലിമുട്ടിന്റെ കരയിൽ നിന്നുള്ള 565 മീറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പൈൽ സ്ഥാപിക്കലും കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) 565 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കരാർ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. ആവശ്യമായ അനുമതികൾ നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മന്ത്രി തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്.

(സി) കൺസഷൻ എഗ്രിമെന്റിന്റെ ഷെഡ്യൂൾ ജി ക്ലോസ് (6)-ൽ ആണ് 3-12-2019-ൽ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. ക്ലോസ് (6) ൽ നിർമ്മാണ കാലാവധി നീട്ടി നൽകാനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത തീയതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയില്ല എന്ന് നിർമ്മാണ കമ്പനി രേഖാമൂലം

അറിയിച്ചിട്ടില്ല. കൺസഷൻ കരാറിന്റെ ക്ലോസ് 35.5 പ്രകാരം മുൻകാലത്തുണ്ടായ പ്രളയം, ഓഖി എന്നീ കാരണങ്ങളാൽ നിർമ്മാണ കാലാവധി നീട്ടി നൽകണമെന്നുള്ള നിർമ്മാണ കമ്പനിയുടെ ആവശ്യം സ്വീകരിച്ചിട്ടില്ല.

## വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം

349(398) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ സംബന്ധിച്ച സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അത് സംബന്ധിച്ച് അന്വേഷിച്ച ജുഡീഷ്യൽ കമ്മീഷന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ സംബന്ധിച്ച സി. ആന്റ് എ.ജി.-യുടെ കണ്ടെത്തലുകൾ വസ്തുതാപരമല്ല എന്ന് ജുഡിഷ്യൽ അന്വേഷണ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിന് ആകെ എന്ത് തുകയാണ് ചെലവഴിക്കേണ്ടി വന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ജുഡീഷ്യൽ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(സി) പ്രസ്തുത റിപ്പോർട്ടും ആയതിന്മേലുള്ള നടപടി റിപ്പോർട്ടും നിയമസഭയ്ക്ക് സമർപ്പിക്കുകയും കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള ഉപദേശത്തിന് അഡ്വക്കേറ്റ് ജനറലിന് അയച്ചു കൊടുത്തിരിക്കുകയുമാണ്.

(ഡി) പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിഴിഞ്ഞം പദ്ധതിയിൽ തദ്ദേശീയർക്ക് ജോലി

350 (399) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ തദ്ദേശീയർക്ക് ഏതൊക്കെ മേഖലകളിൽ ജോലി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതിയുടെ പ്രധാന ഘടകമായ പുലിമുട്ടിന്റെ 565 മീറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിനുള്ള പൈലുകൾ മുഴുവൻ സ്ഥാപിച്ചു. കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും തുറമുഖ പ്രവർത്തനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമേ ബെർത്തിന്റെയും സൂപ്പർ സ്ട്രക്ച്ചറിന്റെയും പണികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) കരാർപ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തൊഴിലാളികളെ നിയമിക്കുന്നതിനുള്ള അവകാശം നിർമ്മാണ കമ്പനിക്കാണ്. അവർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 114 തൊഴിലാളികൾ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെയാണ് തുറമുഖ നിർമ്മാണത്തിന് ആവശ്യമായിട്ടുള്ളത്. ആയതിനാൽ 554 യുവതീ യുവാക്കൾക്ക് ഇതുവരെ വിവിധ മേഖലകളിൽ പരിശീലനം നൽകിയിട്ടുണ്ട്.

## വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി

351(400) ശ്രീ. കെ. ആൻസലൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ കരാർ പ്രകാരം ഈ വർഷം ഡിസംബറിൽ പൂർത്തീകരിക്കേണ്ട ആദ്യ ഘട്ടത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നും

പദ്ധതി പൂർത്തീകരിക്കാൻ കമ്പനി കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ജെട്ടി, പുലിമുട്ട് എന്നിവയുടെ നിർമ്മാണ പുരോഗതിയും റെയിൽ-റോഡ് കണക്ടിവിറ്റി, ജലവിതരണം തുടങ്ങിയ അനുബന്ധ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) പുനരധിവാസ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൺസഷൻ എഗ്രിമെന്റിന്റെ ഷെഡ്യൂൾ ജി ക്ലോസ് (6)-ൽ ആണ് 3-12-2019-ൽ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. ക്ലോസ് (6) ൽ നിർമ്മാണ കാലാവധി നീട്ടി നൽകാനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത തീയതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയില്ല എന്ന് നിർമ്മാണ കമ്പനി രേഖാമൂലം അറിയിച്ചിട്ടില്ല. കൺസഷൻ കരാറിന്റെ ക്ലോസ് 35.5 പ്രകാരം മുൻകാലത്തുണ്ടായ പ്രളയം, ഓഖി എന്നീ കാരണങ്ങളാൽ നിർമ്മാണ കാലാവധി നീട്ടി നൽകണമെന്നുള്ള നിർമ്മാണ കമ്പനിയുടെ ആവശ്യം സ്വീകരിച്ചിട്ടില്ല.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി താഴെ കൊടുത്തിരിക്കുന്നു:

1. പുലിമുട്ട് നിർമ്മാണം : പുലിമുട്ട് (break water) നിർമ്മാണം 565 മീറ്റർ പൂർത്തീകരിച്ചു. കരാർ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. സർക്കാരിന് ആവശ്യമായ അനുമതികൾ ലഭിക്കുന്നത് ത്വരിതപ്പെടുത്തുവാൻ മാത്രമേ സാധിക്കുകയുള്ളൂ. ടി നടപടികൾ സ്വീകരിച്ചുവരികയാണ്.

2. ബെർത്ത്/ജെട്ടി നിർമ്മാണം: ബെർത്തിന് ആവശ്യമായ മുഴുവൻ പൈലുകളും സ്ഥാപിക്കുകയും 4598 പ്രീകാസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീകാസ്റ്റ് യൂണിറ്റുകൾ ബെർത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

3. റെയിൽ കണക്ടിവിറ്റി: തുറമുഖത്തെ, തിരുവനന്തപുരം- നാഗർകോവിൽ റെയിൽ പാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പാക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിനായി കൊങ്കൺ റെയിൽവെ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 10.8 കി.മീ ദൈർഘ്യമുള്ള ടി ലൈനിന്റെ 9.02 കി.മീ ഭൂമിക്കടിയിലൂടെയുള്ള ടണൽ വഴിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുള്ള DPR ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും.

4. റോഡ് കണക്ടിവിറ്റി: ദേശീയപാത 66-മായി തുറമുഖത്തിനെ ബന്ധിപ്പിക്കുന്ന നാലുവരി റോഡിന്റെ നിർമ്മാണ ചുമതല നിർമ്മാണ കമ്പനിയ്ക്കാണ്. ആവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ടി റോഡിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ വികസനത്തിനുള്ള ഡിസൈൻ NHAI യുടെ നിർദ്ദേശമനുസരിച്ച് NATPAC തയ്യാറാക്കി വരുന്നു.

5. ശുദ്ധജല വിതരണ പദ്ധതി: 3.3 ദശലക്ഷം പ്രതിദിനശേഷിയുള്ള ശുദ്ധജല വിതരണപദ്ധതി സംസ്ഥാന ജല അതോറിറ്റി (KWA) പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള വിതരണശൃംഖല വഴി തദ്ദേശവാസികൾക്ക് ഇതിൽ നിന്ന് ശുദ്ധജല വിതരണം നടത്തിവരുന്നു. തുറമുഖത്തിനാവശ്യമായ വെള്ളവും ടി പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്.

(സി) പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടുതന്ന ഏതാണ്ട് മുഴുവൻ പേരേയും പുനരധിവസിപ്പിച്ചിട്ടുണ്ട്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

352(401) ശ്രീ. എസ്. ശർമ്മ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പദ്ധതിക്കാവശ്യമായ കരിങ്കല്ലിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ ഉൾപ്പെടുന്ന പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) എംപവേഡ് കമ്മിറ്റിയും (EC) വിലയിരുത്തി യഥാസമയം ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതു കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തുറമുഖ വകുപ്പ് മന്ത്രിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. നിർമ്മാണ പുരോഗതി യഥാസമയം വിലയിരുത്തുന്നതിന് ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ നിയമിക്കുന്നതിന് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപ്രകാരം നിയമിച്ചിട്ടുള്ള ഇൻഡിപെൻഡന്റ് എഞ്ചിനീയർ അദാനി കമ്പനി നൽകുന്ന പ്രതിമാസ പുരോഗതി റിപ്പോർട്ടും നിർമ്മാണ സ്ഥലവും പരിശോധിച്ച് വിലയിരുത്തലുകൾ നടത്തി കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ കൺസഷനയർക്കും വിഴിഞ്ഞം തുറമുഖ കമ്പനിക്കും നൽകി വരുന്നു. ഇൻഡിപെൻഡന്റ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൺസഷനയറും വിഴിഞ്ഞം തുറമുഖ കമ്പനിയും പങ്കെടുക്കുന്ന അവലോകന യോഗങ്ങൾ രണ്ടാഴ്ച കൂടുമ്പോൾ ചേരുന്നുണ്ട്.

കരാർ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. ആവശ്യമായ അനുമതികൾ നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മന്ത്രി തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്.

## ബേപ്പൂർ തുറമുഖത്ത് ലോലെവൽ ജെട്ടി

353(402) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്ത് ലോലെവൽ ജെട്ടി നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ആയതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ദേശീയ കാർഷിക വികസന പദ്ധതി (RKVY)-ൽ ഉൾപ്പെടുത്തി ബേപ്പൂർ തുറമുഖത്ത് ബർത്തിംഗ് ജെട്ടിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(ബി&സി) ഇതിന് 97.839 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 21-3-2020-ന് ടി പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കോഴിക്കോട് ജില്ലയിലെ തുറമുഖ വകുപ്പിന്റെ സ്ഥലങ്ങൾ

354(403) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തുറമുഖ വകുപ്പിന്റെ അധീനതയിൽപ്പെട്ട സ്ഥലം പാട്ട വ്യവസ്ഥ ലംഘിച്ച് എത്ര പേർ കൈവശപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലങ്ങൾ തിരിച്ചു പിടിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് തുറമുഖ വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട് ജില്ലയിൽ തുറമുഖ വകുപ്പിന്റെ 5.53 ഏക്കർ ഭൂമി പൊതുമേഖലാ സ്ഥാപനമായ സിൽക്കും 1.55 ഏക്കർ ഭൂമി കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലും പാട്ടക്കാലാവധി കഴിഞ്ഞും കൈവശം വച്ചിട്ടുണ്ട്. തുറമുഖ വകുപ്പ് നൽകിയ ലൈസൻസ് വ്യവസ്ഥ ലംഘിച്ച് 9 വ്യക്തികൾ ഭൂമി/കെട്ടിടം കൈവശം വച്ചിട്ടുണ്ട്. ടി ഭൂമി/കെട്ടിടം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മ്യൂസിയങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണം

355 (404) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കേരളത്തിലെ മ്യൂസിയങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എത്ര രൂപയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പുരാവസ്തു വകുപ്പിന്റെ വിവിധ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി.

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഗുഹാക്ഷേത്രം, മാന്നാർ തൃക്കുരുട്ടി മഹാദേവർ ക്ഷേത്രം, ഇടുക്കിയിലെ മുനിയറകൾ, മാളയിലെ യഹൂദസ്മാരകങ്ങൾ, മാനാഞ്ചിറ ശ്രീ ഭദ്രകാളിക്ഷേത്രം, വാഴവേലിൽ തറവാട് വീട്, കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ജയിൽ എന്നിവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചു.

മറുനാടൻ മലയാളികളിൽ പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2017 ഒക്ടോബറിൽ ന്യൂഡൽഹിയിൽ സംഘടിപ്പിക്കപ്പെട്ട കേരളാ ഡൽഹി സാംസ്കാരിക പൈതൃകോത്സവത്തിൽ വകുപ്പ് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാർ, കുട്ടികൾക്കായി വിവിധ ചരിത്ര-പൈതൃക ബോധവൽക്കരണ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ട്രാൻസിറ്റ് ജയിൽ, പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി പൊതു ജനങ്ങൾക്ക് തുറന്നു കൊടുത്തു.

പത്മനാഭപുരം കൊട്ടാരത്തിലെ വലിയ ഊട്ടുപുര, പാൽപ്പുര മാളിക, ക്ലോക്ക് ടവർ എന്നിവയുടെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടത്തുകയുണ്ടായി.

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ തിരുവനന്തപുരത്തെ നിയമസഭാ മ്യൂസിയത്തിന്റേയും പ്രവേശന കവാടത്തിന്റേയും കാവൽ ഗോപുരത്തിന്റേയും സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കി.

മലബാർ മേഖലയുടെ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിന്റെ ഭാഗമായി 2018 ഫെബ്രുവരിയിൽ കണ്ണൂരിൽ മലബാർ പൈതൃകോത്സവം സംഘടിപ്പിക്കുകയുണ്ടായി.

നവീന മാതൃകയിലുള്ള മ്യൂസിയം സജ്ജീകരണത്തിനും സംരക്ഷണ പ്രവർത്തനങ്ങൾക്കുംശേഷം തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് കോയിക്കൽ കൊട്ടാര മ്യൂസിയം 2018 ജൂണിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

യുനെസ്കോയുടെ ലോക പൈതൃക പട്ടികയുടെ സാധ്യതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള തക്കല പത്മനാഭപുരം കൊട്ടാരത്തിനായി വെബ്സൈറ്റ് തയ്യാറാക്കുകയും വകുപ്പിനായി You Tube Channel Launch ചെയ്യുകയും ഉണ്ടായി.

ഉത്തര മലബാറിലെ വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ഭൂപടം തയ്യാറാക്കുന്നതിനുള്ള പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോട്ടയ്ക്കകത്തെ പൈതൃക സ്മാരകങ്ങളെ/പ്രദേശങ്ങളെ കോർത്തിണക്കി ഡിജിറ്റൽ ദൃശ്യ-ശ്രാവ്യ സഹായി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

നേപ്പിയർ മ്യൂസിയം വളപ്പിലെ പഴയ ബാന്റ് സ്റ്റാന്റ് പുരാവസ്തു വകുപ്പ് ഘടനാപരമായ സംരക്ഷണത്തിന് വിധേയമാക്കുകയുണ്ടായി.

തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയത്തിന്റെ നവീകരണത്തിനും സംരക്ഷണത്തിനായും സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ഈ വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണവും കലാവസ്തുക്കളുടെ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനവും അന്തർദ്ദേശീയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു.

തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ സമ്പൂർണ നവീകരണവും സംരക്ഷണവും ലക്ഷ്യമാക്കി അന്തർദ്ദേശീയ നിലവാരത്തിലുള്ള നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രധാനമായും ഭൂമുഖത്ത് ജീവിച്ചിരുന്നതും വംശനാശം നേരിട്ടതുമായ ജൈവ ഭൂമി ശാസ്ത്രപരമായി വേർതിരിച്ചുള്ള ഡയരോമകൾ, ചരിത്രാതീത കാലം മുതൽ സമീപ കാലയളവുവരെ ജീവിച്ചിരുന്ന വംശനാശം പൂർണ്ണമായി സംഭവിച്ച നിരവധി ജീവികളുടെ ത്രിമാന രൂപങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ഒരിടം നിർമ്മിക്കൽ, വംശനാശം നേരിട്ടതും അല്ലാത്തതുമായ അപൂർവ്വയിനം പക്ഷികളുടെ സ്പെസിമെനുകൾ സൂക്ഷിക്കുന്ന ഗ്യാലറിക്ക് പുതുജീവൻ നൽകിക്കൊണ്ടുള്ള അന്തർദ്ദേശീയ നിലവാരത്തിലുള്ള അത്യാധുനിക രീതിയിൽ തീർത്ത സ്പെസിമെൻ ബേർഡ്സ് ഗ്യാലറിയുടെ നിർമ്മാണം, കൂടാതെ പുതിയ ഫ്ലോറിംഗ്, ഫാൾസ് സീലിംഗ്, ഇലക്ട്രിക്കൽ വർക്കുകൾ, ശീതീകരണ സംവിധാനം, അഗ്നിരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, ഇൻട്രാക്റ്റീവ് മ്യൂസിയം പോളിസിയുടെ ഭാഗമായുള്ള ടച്ച് സ്ക്രീനുകൾ, ഇൻഫർമേഷൻ പാനലുകൾ, കൂടാതെ സ്പെസിമെനുകൾ സൂക്ഷിക്കുന്നതിനും പഠനാവശ്യത്തിനുമായുള്ള റെപോസിറ്ററിയുടെ സജ്ജീകരണം എന്നിവയാണ്.

തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറി കെട്ടിടത്തിൽ ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെയും പ്രശസ്ത റഷ്യൻ ചിത്രകാരനായ നിക്കോളാസ് റോറിച്ച്, സ്വറ്റ സ്ലോവിക് റോറിച്ച് എന്നിവരുടെയും മറ്റ് പ്രമുഖ ചിത്രകാരന്മാരുടെയും പെയിന്റിംഗുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ടി ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുള്ളതും പ്രദർശിപ്പിക്കാൻ കഴിയാതെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതുമായ 224 എണ്ണം പെയിന്റിംഗുകൾ കൺസർവേഷൻ നടത്തുന്നതിന് 1,41,77,020 രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ സാങ്കേതിക ഉപദേശത്തിനായി സർക്കാർതലത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട ഒരു മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ ചിത്രകാരന്മാരുടെയും സാംസ്കാരിക നായകന്മാരുടെയും വളരെ നാളായുള്ള ആവശ്യപ്രകാരം സർക്കാർ ഈ ഗ്യാലറിക്കായി പുതിയ ഒരു കെട്ടിടം സാക്ഷാത്കരിക്കുന്നതിന് കെ.എസ്.ഇ.ബി. മുഖേന ജി.എഫ്.ആർ.എ. നൂതന ടെക്നോളജിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയത്തിന്റെ സമ്പൂർണ്ണമായ നവീകരണം നടത്തുകയും ടി മ്യൂസിയം കെട്ടിടത്തിന്റെ തനിമയും പൈതൃകവും നിലനിർത്തിക്കൊണ്ട് ഗ്യാലറിയുടെയും ഷോക്കേസുകളുടെയും മേൽക്കൂരയുടെയും സംരക്ഷിത പ്രവർത്തനങ്ങളും പെയിന്റിംഗ് ആധുനികവത്കരണവും നടത്തി.

കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണം കണക്കിലെടുത്ത് ബലപ്പെടുത്തൽ, പെയിന്റിംഗ്, ഗ്യാലറിയുടെ നവീകരണം, മേൽക്കൂരയുടെ തനിമയും പൈതൃകവും നിലനിർത്തിക്കൊണ്ടുള്ള നവീകരണങ്ങൾ എന്നിവ നടത്തി.

വയനാട് കുങ്കിച്ചിറ പൈതൃക മ്യൂസിയത്തിന്റെ ഒന്നാംഘട്ടമായി മ്യൂസിയം കേരളത്തിന്റെ പൈതൃകവും തനതുശൈലിയിലും നിർമ്മിച്ചു. രണ്ടാം ഘട്ടമായി പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ടി കാലയളവിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള പുരാവസ്തുക്കളുടെയും സ്മാരകങ്ങളുടെയും മ്യൂസിയങ്ങളുടെയും മറ്റും സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്:

| | | |
|---|---|---|
| 2016-2017 | - | 2,34,06,988 |
| 2017-18 | - | 6,52,71,068 |
| 2018-19 | - | 6,67,29,356 |
| 2019 മുതൽ നാളിതുവരെ | - | 4,37,66,695 |
| ആകെ | - | 19,91,74,107 |

ഇതു കൂടാതെ ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾക്കായി 2016 മേയ് മാസം മുതൽ നാളിതുവരെ 9,18,93,991 രൂപ ചെലവഴിച്ചിട്ടുണ്ട്.

മ്യൂസിയങ്ങളുടെ സംരക്ഷണത്തിനും ആധുനികവത്കരണത്തിനുമായി 13,20,65,989 രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിനായി നാളിതുവരെ 6,62,13,650 രൂപ ചെലവഴിച്ചു.

2. വയനാട് കുങ്കിച്ചിറ പൈതൃക മ്യൂസിയത്തിനായി നാളിതുവരെ 6,07,04,147 രൂപ ചെലവഴിച്ചു.

3. കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണത്തിനായി 21,48,192 രൂപ ചെലവഴിച്ചു.

4. തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം നവീകരിക്കുന്നതിന് 30,00,000 രൂപ ചെലവഴിച്ചു.

## മാനന്തവാടി പഴശ്ശി മ്യൂസിയം

356 (405) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനന്തവാടി പഴശ്ശി മ്യൂസിയത്തിൽ ഓരോ വർഷവും ലഭിച്ച വരുമാനം പട്ടിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ പഴശ്ശി മ്യൂസിയത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ ഉൾപ്പെടെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനന്തവാടി പഴശ്ശി മ്യൂസിയത്തിലെ വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2016-17 | - | 7,43,350 |
| 2017-18 | - | 7,52,851 |
| 2018-19 | - | 4,93,410 |

(ബി) നിലവിൽ മാനന്തവാടി പഴശ്ശി മ്യൂസിയത്തിലും ബന്ധപ്പെട്ട സ്മാരകങ്ങളിലുമായി 3 സ്ഥിരം ജീവനക്കാരും 10 താത്കാലിക ജീവനക്കാരും ജോലി നോക്കിവരുന്നു.

## അന്തർദ്ദേശീയ നിലവാരത്തിലുള്ള മ്യൂസിയങ്ങൾ

357 (406) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർദ്ദേശീയ നിലവാരത്തിലുള്ള മ്യൂസിയങ്ങൾ ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിലുള്ള മ്യൂസിയങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എത്തുന്ന വിദേശ സഞ്ചാരികൾക്ക് നമ്മുടെ പൈതൃകത്തേയും, സംസ്കാരത്തേയും കുറിച്ച് അവബോധം നല്കുന്നതിലേയ്ക്കായി പ്രധാന മ്യൂസിയം സന്ദർശനങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് പ്രത്യേക യാത്രാ പരിപാടികൾ ടൂറിസം വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) പുരാവസ്തു വകുപ്പിന് നിലവിൽ 11 മ്യൂസിയങ്ങളാണുള്ളത്. നിലവിൽ തിരുവനന്തപുരത്തെ നെടുമങ്ങാട് കോയിക്കൽ കൊട്ടാര മ്യൂസിയവും തൃശ്ശൂർ ചെമ്പുക്കാവ് ചുമർചിത്ര മ്യൂസിയവും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. പുരാവസ്തുവകുപ്പിന്റെ ഏറ്റവും വലിയ മ്യൂസിയങ്ങളിലൊന്നായ തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയം അന്തർദ്ദേശീയ തലത്തിലേക്ക് പുനഃസംഘടിപ്പിക്കുന്നതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ പ്രാദേശിക പൈതൃക അവബോധം സൃഷ്ടിക്കാൻ രൂപീകരിച്ചിട്ടുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങളെല്ലാം അന്തർദ്ദേശീയ നിലവാരത്തിൽ തന്നെയാണ് സജ്ജമാക്കുന്നത്. ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം പൈനാവിൽ സജ്ജമായിക്കൊണ്ടിരിക്കുന്നു. അതിനുപിന്നാലെ തന്നെ പാലക്കാട്, തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയങ്ങളും സജ്ജീകരിച്ച് നാടിന് സമർപ്പിക്കുന്നതാണ്.

സംസ്ഥാനത്ത് മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ അന്തർദേശീയ നിലവാരത്തിലുള്ള 4 മ്യൂസിയങ്ങൾ ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ മാനന്തവാടി നിയോജകമണ്ഡലത്തിൽപ്പെട്ട

കങ്കിച്ചിറയിൽ കേരള തനിമയും പൈതൃകവും നിലനിർത്തിക്കൊണ്ടുള്ള ഒരു പൈതൃക മ്യൂസിയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാംഘട്ടമായി അന്തർദ്ദേശീയ നിലവാരത്തിൽ ടി മ്യൂസിയത്തിൽ പ്രദർശന വസ്തുക്കൾ സജ്ജീകരിക്കുന്നതിനാവശ്യമായ DPR തയ്യാറാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിനെ ചുമതലപ്പെടുത്തുകയും നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിൽപ്പെട്ട പെരളശ്ശേരിയിൽ എ. കെ. ജി.- യുടെ സ്മരണാർത്ഥം ഒരു എ.കെ.ജി സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി 3.21 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പുമായി ദ്രുതഗതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ആദ്യഘട്ടമായി പാരിസ്ഥിതിക സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി 4,29,139 രൂപ ആനുഷാംഗിക ചാർജ്ജിനത്തിൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ ഉത്തരമലബാറിന്റെ അനുഷ്ഠാന കലയായ തെയ്യത്തെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും ചരിത്രകാരന്മാർക്കും വിദ്യാർത്ഥി സമൂഹത്തിനും പൊതു സമൂഹത്തിനും ഉപയോഗപ്രദമാകുന്ന രീതിയിൽ ഒരു മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ 90 സെന്റ് ഭൂമി ലഭ്യമാക്കുകയും തുടർന്ന് 28-2-2019-ൽ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. തുടർന്ന് മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതിന് നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയത്തിനെ ചുമതലപ്പെടുത്തി.

കണ്ണൂരിന്റെ കൈത്തറി മേഖലയുടെ കരവിരുതും മികവും വിളിച്ചോതുന്ന തരത്തിൽ കണ്ണൂർ ടൗണിൽ കൈത്തറിയുടെ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ഹാൻവീവിന്റെ കെട്ടിടം ഏറ്റെടുത്ത് മ്യൂസിയം സ്ഥാപിക്കുന്നതിന് പുരാവസ്തു വകുപ്പ് മുഖേന സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി പ്രദർശന സംവിധാനം ആധുനിക രീതിയിൽ സജ്ജീകരിക്കുന്നതിനുള്ള DPR കേരള മ്യൂസിയം തയ്യാറാക്കിയിട്ടുണ്ട്.

പുരാരേഖ വകുപ്പിന്റെ മേഖലാ ഓഫീസായ തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ താളിയോല രേഖാ മ്യൂസിയം, വൈക്കത്ത് വൈക്കം സത്യാഗ്രഹ മ്യൂസിയം എന്നിവ അന്തർദ്ദേശീയ നിലവാരത്തിലുള്ള മ്യൂസിയങ്ങളായി ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മ്യൂസിയങ്ങളിൽ ബഹുഭൂരിപക്ഷവും സംരക്ഷിത സ്മാരക നിർമ്മിതികളിലാണ് പ്രവർത്തിച്ചുവരുന്നത്. പൈതൃക തനിമ നിലനിർത്തണമെന്നതുകൊണ്ടുതന്നെ പൂർണ്ണമായ ആധുനികവൽക്കരണത്തിന് ഒട്ടനവധി പരിമിതികളുണ്ട്. എന്നിരുന്നാലും അവശ്യം വേണ്ടുന്ന സന്ദർശക സൗകര്യ ആധുനികവൽക്കരണങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പത്മനാഭപുരം കൊട്ടാര മ്യൂസിയത്തിൽ ഭിന്നശേഷിക്കാരായ സന്ദർശകർക്ക് വേണ്ടി പ്രത്യേക 3D വീഡിയോകൾ പ്രദർശിപ്പിക്കുന്നുണ്ട്. പുനഃസജ്ജീകരിച്ച മ്യൂസിയങ്ങളിലെല്ലാം LED Wall -കൾ സ്ഥാപിച്ച് പൈതൃക ശേഷിപ്പുകളെപ്പറ്റിയും മറ്റുമുള്ള വീഡിയോകൾ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ ആധുനിക രീതിയിലുള്ള ശുചിമുറി സൗകര്യങ്ങൾ, ഇരിപ്പിട സൗകര്യങ്ങൾ, ശബ്ദ വെളിച്ച വിതാന സൗകര്യങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ യുട്യൂബ് ചാനലിലും വെബ്സൈറ്റിലും പുരാവസ്തു മ്യൂസിയങ്ങളെപ്പറ്റിയുള്ള വീഡിയോകളും, ചിത്രങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യവുമാണ്.

തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിന്റെ നവീകരണത്തിനും സംരക്ഷണത്തിനായും സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും ഈ വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണവും കലാവസ്തുക്കളുടെ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനവും അന്തർദ്ദേശീയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചു കഴിഞ്ഞു. ഇതിനുവേണ്ടി 12,73,14,215 രൂപയുടെ കേന്ദ്ര സർക്കാർ ധനസഹായ ഫണ്ട് ലഭ്യമാക്കുന്നതിന് DPR തയ്യാറാക്കി സംസ്ഥാന സർക്കാർ മുഖേന 2018-19 ൽ കേന്ദ്ര സർക്കാർ സാംസ്കാരിക മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ഫണ്ട് ലഭ്യമാകാത്തതിനാൽ തുടർന്നും 2019-20 സാമ്പത്തിക വർഷത്തിൽ ഫണ്ട് ലഭ്യമാക്കുന്നതിനായി ന്യൂഡൽഹിയിലെ കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന് 21-7-2019-ൽ സമർപ്പിക്കുകയും തുടർന്ന് 29-8-2019- ന് DPR പ്രസന്റേഷൻ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ സമ്പൂർണ്ണ നവീകരണവും സംരക്ഷണവും ലക്ഷ്യമാക്കി അന്തർദേശീയ നിലവാരത്തിലുള്ള നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു. പ്രധാനമായും ഭൂമുഖത്ത് ജീവിച്ചിരുന്നതും

വംശനാശം നേരിട്ടതുമായ ജൈവഭ്രമി ശാസ്ത്രപരമായി വേർതിരിച്ചുള്ള ഡയരോമകൾ, ചരിത്രാതീത കാലം മുതൽ സമീപകാലയളവുവരെ ജീവിച്ചിരുന്ന വംശനാശം പൂർണ്ണമായി സംഭവിച്ച നിരവധി ജീവികളുടെ ത്രിമാന രൂപങ്ങൾ എന്നിവ പ്രദർശിപ്പിച്ചു കൊണ്ടുള്ള ഒരിടം നിർമ്മിക്കൽ, വംശനാശം നേരിട്ടതും അല്ലാത്തതുമായ അപൂർവ്വയിനം പക്ഷികളുടെ സ്പെസിമെനുകൾ സൂക്ഷിക്കുന്ന ഗ്യാലറിക്ക് പുതുജീവൻ നൽകിക്കൊണ്ടുള്ള അന്തർദേശീയ നിലവാരത്തിലുള്ളതും അത്യാധുനിക രീതിയിൽ തീർത്തതുമായ സ്പെസിമെൻ ബേർഡ്സ് ഗ്യാലറിയുടെ നിർമ്മാണം, പുതിയ ഫ്ലോറിംഗ്, ഫാൾസ് സീലിംഗ്, ഇലക്ട്രിക്കൽ വർക്കുകൾ, ശീതീകരണ സംവിധാനം, അഗ്നിരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ, ഇൻട്രാക്ടീവ് മ്യൂസിയം പോളിസിയുടെ ഭാഗമായുള്ള ടച്ച് സ്ക്രീനുകൾ, ഇൻഫർമേഷൻ പാനലുകൾ, കൂടാതെ സ്പെസിമെനുകൾ സൂക്ഷിക്കുന്നതിനും പഠനാവശ്യത്തിനുമായുള്ള Repository യുടെ സജ്ജീകരണം എന്നിവയാണ്.

തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറി കെട്ടിടത്തിൽ ലോക പ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെയും പ്രശസ്ത റഷ്യൻ ചിത്രകാരൻമാരായ നിക്കോളാസ് റോറിച്ച്, സ്വറ്റ സ്ലോവ് റോറിച്ച് എന്നിവരുടെയും മറ്റ് പ്രമുഖ ചിത്രകാരന്മാരുടെയും പെയിന്റിംഗുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ടി ഗ്യാലറിയിൽ പ്രദർശിപ്പിച്ചിട്ടുള്ളതും പ്രദർശിപ്പിക്കാൻ കഴിയാതെ സ്റ്റോറിൽ സൂക്ഷിച്ചിട്ടുള്ളതുമായ 224 പെയിന്റിംഗുകൾ കൺസർവേഷൻ നടത്തുന്നതിന് സർക്കാർ 1,41,77,020 രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് സർക്കാർ നോഡൽ ഏജൻസിയായ M/s കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ സാങ്കേതിക ഉപദേശത്തിനായി സർക്കാർതലത്തിൽ ഈ മേഖലയുമായി ബന്ധപ്പെട്ട ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. കൂടാതെ വളരെ നാളായുള്ള ചിത്രകാരന്മാരുടെയും സാംസ്കാരിക നായകന്മാരുടെയും ആവശ്യപ്രകാരം സർക്കാർ ഈ ഗ്യാലറിക്കായി പുതിയ ഒരു കെട്ടിടം സാക്ഷാത്കരിക്കുന്നതിന് കെ.എസ്.ഇ.ബി മുഖേന ജി.എഫ്.ആർ.എ നൂതന ടെക്നോളജിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ സംസ്ഥാന മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയത്തിന്റെ സമ്പൂർണ്ണമായ നവീകരണം നടത്തുകയും ടി മ്യൂസിയം കെട്ടിടത്തിന്റെ തനിമയും പൈതൃകവും നിലനിർത്തിക്കൊണ്ട് ഗ്യാലറിയുടെയും ഷോക്കേസുകളുടെയും മേൽക്കൂരയുടെയും സംരക്ഷിത പ്രവർത്തനങ്ങളും പെയിന്റിംഗ് ആധുനികവത്കരണവും നടത്തി.

കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണം കണക്കിലെടുത്ത് ബലപ്പെടുത്തൽ, പെയിന്റിംഗ്, ഗ്യാലറിയുടെ നവീകരണം, മേൽക്കൂരയുടെ തനിമയും പൈതൃകവും നിലനിർത്തിക്കൊണ്ടുള്ള നവീകരണങ്ങൾ എന്നിവ നടത്തി.

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽപ്പെട്ട കുങ്കിച്ചിറയിൽ പുതുതായി നിർമ്മിച്ച വരുന്ന പൈതൃക മ്യൂസിയത്തിന്റെ ഒന്നാംഘട്ടമായി മ്യൂസിയം കെട്ടിടം കേരളത്തിന്റെ പൈതൃകവും തനതു ശൈലിയിലും നിർമ്മിച്ചു. രണ്ടാം ഘട്ടമായി പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ DPR സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന തയ്യാറാക്കി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം ഒരു പദ്ധതി നിലവിലില്ല. ഈ പദ്ധതിയുടെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

## ഗാന്ധി സ്മൃതി മ്യൂസിയം

358(407) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ പഴയ പോലീസ് സ്റ്റേഷൻ ഏറ്റെടുത്ത് ഗാന്ധിസ്മൃതി മ്യൂസിയം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയോ; എങ്കിൽ അതിനായി അനുവദിച്ച തുക എത്രയാണ്;

(സി) കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ പ്രസ്തുത പ്രോജക്ട് ഉൾപ്പെട്ടിട്ടുണ്ടോ?

## ഉത്തരം

(എ) പയ്യന്നൂരിലെ പഴയ പോലീസ് സ്റ്റേഷൻ പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഏറ്റെടുത്തിട്ടുള്ളതാണ്. ടി സ്മാരകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മ്യൂസിയം സജ്ജീകരിക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്. പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ കേന്ദ്രമാക്കി ഗാന്ധിസ്മൃതി മ്യൂസിയം സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പുരാവസ്തു വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പയ്യന്നൂരിലെ പഴയ പോലീസ് സ്റ്റേഷനിൽ ഗാന്ധിസ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2.44 കോടി രൂപ 2019-20 വർഷം പുരാവസ്തുവകുപ്പിന്റെ പദ്ധതി വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(സി) കേന്ദ്ര സർക്കാരിന്റെ ഗാന്ധി സൈറ്റ് & ഹെറിറ്റേജ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാന്ധിസ്മൃതി മ്യൂസിയം വിപുലപ്പെടുത്താൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

### പ്രളയാനന്തരം ആറന്മുളയിൽ കണ്ടെത്തിയ ശിൽപ്പങ്ങൾ

359(408) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തരം ആറന്മുളയിൽ ശിൽപ്പങ്ങൾ കണ്ടെത്തിയതിനെ ത്തുടർന്ന് നടത്തിയ ഉത്ഖനനത്തിന്റെ രണ്ടാം ഘട്ടം എപ്പോൾ ആരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നുള്ള അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) ഇപ്രകാരം കണ്ടെടുത്ത ശിൽപ്പങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്നതിനുള്ള പരിശോധന നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എവിടെയാണ് പ്രസ്തുത പരിശോധന നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറന്മുളയിൽ സംസ്ഥാന പുരാവസ്തു വകുപ്പ് നടത്തിയ സാൽവേജ് എസ്കവേഷന്റെ രണ്ടാം ഘട്ടമായുള്ള ഉത്ഖനനത്തിന് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ ലൈസൻസ് ആവശ്യമാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലഭ്യമായിട്ടില്ല.

(സി) കാലപ്പഴക്കം നിർണ്ണയിക്കുന്നതിനുള്ള പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ അംഗീകാരം ലഭിച്ച ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ലഭ്യമായ പുരാവസ്തുക്കളുടെയും പൗരാണിക അവശിഷ്ടങ്ങളുടെയും പരിശോധന M/s Wadia Institute of Himalayan Geology, Dehradun മുഖേനയാണ് നടത്താനുദ്ദേശിക്കുന്നത്. ആയതിലേയ്ക്ക് ആവശ്യമായ അനൗപചാരിക ചർച്ചകൾ പൂർത്തിയായിട്ടുണ്ട്. 7 മുതൽ 8 മാസം വരെ സമയമെടുത്ത് മാത്രമേ ടി പരിശോധനകൾ പൂർത്തിയാക്കാൻ സാധിക്കു എന്ന് ടി സ്ഥാപനം അറിയിച്ചിട്ടുണ്ട്.

**ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം**

360(409) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവെ റെയിൽ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ട്രാംവെ റെയിൽ മ്യൂസിയം ചാലക്കുടിയിൽ സ്ഥാപിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും, നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടിയിൽ ട്രാംവെ മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എ. ഉൾപ്പെടെയുള്ളവരുമായി പലതലത്തിലുള്ള ചർച്ചകൾ നടന്നിട്ടുള്ളതാണ്. നിലവിൽ ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ സബ്ഡിവിഷൻ സ്ഥിതി ചെയ്യുന്ന ക്യാമ്പസിൽ നിന്നും 50 സെന്റ് സ്ഥലം പുരാവസ്തു വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. ആ സ്ഥലത്ത് നിലവിലുള്ള കെട്ടിടം അറ്റകുറ്റ പ്രവൃത്തികൾ നടത്തി മ്യൂസിയം സജ്ജീകരിക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. സാംസ്കാരികകാര്യ വകുപ്പിലെ മ്യൂസിയം സജ്ജീകരണത്തിനുള്ള നോഡൽ ഏജൻസിയായ ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള വഴി ടി മ്യൂസിയം സജ്ജീകരിക്കാനാണ് നിലവിൽ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 2019-20 സാമ്പത്തിക വർഷം ചാലക്കുടി ട്രാംവെ മ്യൂസിയം സജ്ജീകരിക്കുന്നതിനായി പദ്ധതി വിഹിതം ഒന്നും തന്നെ നീക്കി വച്ചിട്ടില്ല. ചാലക്കുടി എം.എൽ.എ. അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും ഒന്നാം ഘട്ട പ്രവൃത്തികൾക്കായി തുക അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 4, 6, 7, 9, 14, 15, 16, 17, 31, 32, 35, 37, 41, 50, 53, 80, 82, 88, 93, 101, 102, 107, 108, 132,133, 136, 148, 150, 155, 156, 161, 185, 191, 193, 195, 228, 258, 262, 264, 265, 266, 267, 273, 274, 276, 289, 290, 311, 317 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10 A.M.]

## II. ചരമോപചാരം

### (1) ഷീലാ ദീക്ഷിത്, ദാമോദരൻ കാളാശ്ശേരി എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ കേരള ഗവർണറും പതിനഞ്ച് വർഷം ഡൽഹി മുഖ്യമന്ത്രിയുമായിരുന്ന ഷീലാ ദീക്ഷിത് 2019 ജൂലൈ 20-ന് അന്തരിച്ചു.

1938 മാർച്ച് 31-ന് പഞ്ചാബിലെ കപൂർത്തലയിൽ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മിറാൻഡ ഹൗസ് കോളേജിൽനിന്നും ചരിത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ഷീലാ ദീക്ഷിത് 1970-ന്റെ തുടക്കത്തിൽ യംഗ് വിമെൻസ് അസോസിയേഷന്റെ ചെയർപേഴ്സൺ എന്ന നിലയിൽ വനിതാക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു. 1984-ൽ സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്താനുള്ള ഐക്യരാഷ്ട്ര സംഘടനാ കമ്മീഷന്റെ പ്രതിനിധി സംഘത്തിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ടു. തുടർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രാഷ്ട്രീയത്തിലേയ്ക്ക് കടന്ന ഷീലാ ദീക്ഷിത് 1984-ൽ യു.പി.യിലെ കനൗജിൽ നിന്ന് ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1986 മുതൽ 1989 വരെ കേന്ദ്രമന്ത്രിയായി പ്രവർത്തിച്ചു. 1998 മുതൽ 2013 വരെ തുടർച്ചയായി മൂന്നുവട്ടം ഡൽഹി മുഖ്യമന്ത്രിയായിരുന്നു. ഏറ്റവുമധികം കാലം മുഖ്യമന്ത്രിയായിരുന്ന വനിത എന്ന വിശേഷണത്തിനുടമയാണ് ഷീലാ ദീക്ഷിത്. ഡൽഹി പ്രദേശ് കോൺഗ്രസ് അദ്ധ്യക്ഷ സ്ഥാനവും വഹിച്ചിട്ടുണ്ട്. ഡൽഹി കണ്ട ഏറ്റവും ശക്തയും വികസനോത്സുകയുമായ മുഖ്യമന്ത്രിയായിരുന്നു അവർ. നഗരത്തിന്റെ മുഖച്ഛായ മാറ്റിയ വികസന പ്രവർത്തനങ്ങൾക്കാണ് ഷീലാ ദീക്ഷിത് മുഖ്യമന്ത്രിയായിരുന്ന പതിനഞ്ച് വർഷങ്ങളിൽ ഡൽഹി സാക്ഷ്യം വഹിച്ചത്. മെട്രോ റെയിൽ, ലോകോത്തര നിലവാരത്തിലുള്ള വിമാനത്താവളം, ജലവിതരണത്തിലെ പരിഷ്കാരങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്. 2010-ലെ കോമൺവെൽത്ത് ഗെയിംസ് ഡൽഹിയിൽവച്ച് വിജയകരമായി നടത്തുന്നതിൽ അവർ നിർണ്ണായക പങ്ക് വഹിച്ചു. കേരള ഗവർണറായി 2014 മാർച്ച് 11 മുതൽ 2014 ആഗസ്റ്റ് 25 വരെ പ്രവർത്തിച്ചു. മലയാളികളോട് എന്നും സ്നേഹവും കരുതലും പുലർത്തിയിരുന്ന വ്യക്തിയായിരുന്നു ഷീലാ ദീക്ഷിത്. അനാരോഗ്യത്തെ വകവയ്ക്കാതെ അവസാന നാളുകളിലും ഊർജ്ജസ്വലമായിരുന്നു ഷീല ദീക്ഷിതിന്റെ രാഷ്ട്രീയ ജീവിതം. 'സിറ്റിസൺ ഡൽഹി-മൈ ടൈംസ്, മൈ ലൈഫ്" എന്ന പേരിൽ ആത്മകഥ എഴുതിയിട്ടുണ്ട്. രാജ്യം കണ്ട മികച്ച ഭരണകർത്താക്കളിൽ ഒരാളെയാണ് ഷീലാ ദീക്ഷിത്തിന്റെ മരണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

ശ്രീ. കെ. യു. ജനീഷ്കുമാർ: കെ. യു. ജനീഷ്കുമാർ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

ശ്രീ. എം. സി. കമറുദ്ദീൻ: (കന്നഡ ഭാഷയിൽ സത്യപ്രതിജ്ഞ ചെയ്തു.)

ശ്രീ. വി. കെ. പ്രശാന്ത്: വി. കെ. പ്രശാന്ത് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും സഗൗരവം പ്രതിജ്ഞ ചെയ്യുന്നു.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: ഷാനിമോൾ ഉസ്മാൻ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും അള്ളാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുന്നു.

ശ്രീ. ടി. ജെ. വിനോദ്: ടി. ജെ. വിനോദ് ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമംവഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവനാമത്തിൽ സത്യം ചെയ്യുന്നു.

(സത്യപ്രതിജ്ഞയ്ക്കുശേഷം ബഹുമാനപ്പെട്ട അംഗങ്ങൾ സ്വസ്ഥാനത്ത് ഉപവിഷ്ടരായി.)

## IV. ചെയർമാന്മാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ പുരുഷൻ കടലുണ്ടി, വി. പി. സജീന്ദ്രൻ ശ്രീമതി ഇ. എസ്. ബിജിമോൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

മി. സ്പീക്കർ: നേരത്തെ സത്യപ്രതിജ്ഞ ചെയ്ത ശ്രീ. മാണി സി. കാപ്പൻ ഉൾപ്പെടെയുള്ള ആറ് ബഹുമാനപ്പെട്ട നിയമസഭാ സാമാജികർക്കും നിയമസഭയ്ക്കുവേണ്ടി ഊഷ്മളമായ സ്വാഗതം ആശംസിക്കുന്നു. ഉജ്ജ്വലമായ പ്രവർത്തനത്തിലൂടെ നിയമസഭാ സാമാജികരായി പ്രവർത്തിക്കാൻ അവർക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

## V. അടിയന്തരപ്രമേയം

### വാളയാർ പീഡനക്കേസ്

മി. സ്പീക്കർ: വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ പീഡനത്തെത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസ്സിലെ പ്രതികളെ കോടതി വെറുതെ വിടാനിടയായ സാഹചര്യത്തിലേയ്ക്ക് നയിച്ച അന്വേഷണത്തിലെ വീഴ്ചമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എം. ഉമ്മർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ശെൽവപുരം അട്ടപ്പള്ളം എന്ന സ്ഥലത്ത് താമസിക്കുന്ന ദമ്പതികളുടെ പതിമൂന്ന് വയസ്സുള്ള പെൺകുട്ടി 2017 ജനുവരിയിലും ഒൻപത് വയസ്സുള്ള പെൺകുട്ടി 2017 മാർച്ചിലും അസ്വാഭാവിക സാഹചര്യത്തിൽ മരണപ്പെട്ടതിന് വാളയാർ പോലീസ് സ്റ്റേഷനിൽ യഥാക്രമം ക്രൈം 43/17, 240/17 എന്നിങ്ങനെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. മേൽപ്പറഞ്ഞ കേസ്സുകളുടെ അന്വേഷണം അട്ടിമറിച്ചുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. രണ്ടുമാസ കാലയളവിനുള്ളിൽ ഒരേവീട്ടിലെ പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ അസ്വാഭാവികമായി മരണപ്പെട്ടതിനാൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് വിശദമായ അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ

മേൽപ്പറഞ്ഞ രണ്ട് പെൺകുട്ടികളും മരണപ്പെടുന്നതിനുമുമ്പ് ലൈംഗിക പീഡനത്തിന് ഇരയായിരുന്നതായി വെളിവായതിന്റെ അടിസ്ഥാനത്തിലും പെൺകുട്ടികൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ആയതിനാലും രണ്ടുകേസ്സുകളിലും ക്രിമിനൽ നടപടിക്രമം 174 എന്ന വകുപ്പ് ഭേദഗതി ചെയ്ത് ബലാത്സംഗം, ആത്മഹത്യാപ്രേരണ, പ്രായപൂർത്തിയാകാത്ത കുട്ടികളുടെമേലുള്ള ലൈംഗികാതിക്രമം, പട്ടികജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമം എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകളായ IPC 376, 305, 354, പോക്സോ ആക്ട് 5 (n), 6, 7, 8, എസ്.സി./എസ്.ടി. ആക്ട് 3, 2, 5 & 3 (1) (w) (i) പ്രകാരം അന്വേഷണം നടത്തുകയും ഫോറൻസിക് വിദഗ്ദ്ധരുടെ സംഘമുൾപ്പെടെ സ്ഥലത്തെത്തി ശാസ്ത്രീയ തെളിവുകൾ ശേഖരിക്കുകയും ചെയ്തിരുന്നു. പതിമൂന്ന് വയസ്സുള്ള പെൺകുട്ടിയുടെ അസ്വാഭാവിക മരണത്തിന് രജിസ്റ്റർ ചെയ്ത ക്രൈം 43/2017 നമ്പർ കേസ്സിൽ അട്ടപ്പള്ളം സ്വദേശി വലിയ മധു എന്നുവിളിക്കുന്ന മധു, രാജാക്കാട് സ്വദേശി ഷിബു, ചേർത്തല സ്വദേശി പ്രദീപ്കുമാർ, അട്ടപ്പള്ളം സ്വദേശി കുട്ടി മധു എന്ന് വിളിക്കുന്ന മധു, പ്രായപൂർത്തിയാകാത്ത ഒരാൾ എന്നീ അഞ്ച് പ്രതികളാണുള്ളത്. ഒൻപത് വയസ്സുള്ള ഇളയകുട്ടി ആത്മഹത്യ ചെയ്തതിന് രജിസ്റ്റർ ചെയ്ത ക്രൈം 240/2017 നമ്പർ കേസ്സിലേയ്ക്ക് അട്ടപ്പള്ളം സ്വദേശി വലിയമധു എന്നുവിളിക്കുന്ന മധു, ചേർത്തല സ്വദേശി പ്രദീപ്കുമാർ, പ്രായപൂർത്തിയാകാത്ത ഒരാൾ എന്നീ മൂന്ന് പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിരുന്നു. പ്രതികൾ വ്യത്യസ്ത കാലയളവുകളിലാണ് കുട്ടികളെ പീഡിപ്പിച്ചിരുന്നതെന്ന് അന്വേഷണത്തിൽ വെളിവായതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രതിക്കെതിരെയും പ്രത്യേകം പ്രത്യേകം കുറ്റപത്രങ്ങളാണ് കോടതിയിൽ സമർപ്പിച്ചിരുന്നത്. പ്രായപൂർത്തിയാകാത്ത ആൾക്കെതിരെയുള്ള കുറ്റപത്രങ്ങൾ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെയാണ് ഹാജരാക്കിയത്. ചേർത്തല സ്വദേശി പ്രദീപ്കുമാറിനെതിരെയുള്ള കേസ്സുകളിൽ വിചാരണ പൂർത്തിയാക്കി 30-9-2019-ൽ എസ്.സി.401/17, എസ്.സി.398/17 പ്രകാരം പ്രതിയെ വെറുതെവിട്ടുകൊണ്ട് ബഹുമാനപ്പെട്ട പാലക്കാട് ഫസ്റ്റ് അഡീഷണൽ സെഷൻസ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രതിക്കുവേണ്ടി അഡ്വക്കേറ്റ് സുരേഷ് കോടതി മുമ്പാകെ ഹാജരായിരുന്നു. മറ്റ് പ്രതികളായ വലിയ മധു, ചെറിയ മധു, ഷിബു എന്നിവർക്കെതിരെയുള്ള വിചാരണ പൂർത്തിയാക്കി 25-10-2019-ൽ പ്രതികളെ വെറുതെ വിട്ടുകൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതി ഉത്തരവിന്റെ പകർപ്പുകൾ ലഭിച്ചിട്ടില്ല. മറ്റൊരു പ്രതിയായ പ്രായപൂർത്തിയാകാത്ത ആൾക്കെതിരെയുള്ള വിചാരണ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ നടന്നുവരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരെയും ശക്തമായ നടപടികളാണ്

സ്വീകരിച്ചുവരുന്നത്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസ്സുകളിൽ ഈ സർക്കാരിന്റെ കാലയളവിൽ 30-9-2019 വരെ 9836 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 8907 കേസ്സുകളിൽപ്പെട്ട 9918 പ്രതികളെ അറസ്റ്റ് ചെയ്തു. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ 30-9-2019 വരെ 46,842 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 59395 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗങ്ങൾക്കു നേരെയുള്ള അതിക്രമങ്ങൾക്ക് 30-9-2019 വരെ 609 കേസ്സുകൾ രജിസ്റ്റർ ചെയ്ത് 434 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പോലീസിന്റെ ശക്തമായ ഇടപെടൽമൂലം മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് എതിരെയുണ്ടാകുന്ന സംഭവങ്ങൾക്കെല്ലാംതന്നെ കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിക്കുന്നതിന്റെ തെളിവാണ് മേൽപ്പറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നത്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ 97 ശതമാനം കേസ്സുകൾ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കേസ്സ് സംബന്ധിച്ച് അപ്പീൽ നൽകുകയും പ്രഗത്ഭനായ അഡ്വക്കേറ്റിന്റെ സഹായത്തോടെ കേസ്സ് മേൽക്കോടതിയിൽ വാദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ജുവനൈൽ ജസ്റ്റിസ് കോടതിയിൽ അവശേഷിക്കുന്ന കേസ്സുകളിലും ഇതേ നിലപാട് സ്വീകരിക്കും. ഇതുസംബന്ധിച്ച് പോലീസിന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന കാര്യവും പരിശോധിക്കുന്നതാണ്. കേസ്സന്വേഷണത്തിൽ വീഴ്ചവരുത്തിയതിന് വാളയാർ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിരുന്നു. അന്വേഷണ മേൽനോട്ടത്തിന് വീഴ്ചവരുത്തിയ പോലീസ് ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ കേസ്സന്വേഷണം അട്ടിമറിച്ചു എന്നുള്ളത് അടിസ്ഥാനരഹിതമാണെന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. ഈ കേസ്സ് നൂറുശതമാനം അടിസ്ഥാനമുള്ളതും അട്ടിമറിക്കപ്പെട്ടതുമാണെന്ന് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ബോദ്ധ്യപ്പെട്ട ഒരു കാര്യമാണ്. 2017 മാർച്ച് 8-ന് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ഫേസ്ബുക്ക് പോസ്റ്റ് - 'കൊച്ചുകുട്ടികളടക്കം ലൈംഗികാതിക്രമത്തിന് ഇരയാകുന്ന സംഭവങ്ങൾ സർക്കാർ അത്യധികം ഗൗരവത്തോടുകൂടിയാണ് കാണുന്നത്.' ഇന്നും അതുതന്നെയാണ് പറഞ്ഞത് - പോലീസ് അതിശക്തമായ നടപടിയെടുക്കും. 9-ഉം 13-ഉം വയസ്സുള്ള രണ്ട് കുട്ടികളെ മരണത്തിലേയ്ക്ക് തള്ളിവിട്ട അല്ലെങ്കിൽ ക്രൂരമായി കൊന്നുതള്ളിയ ആളുകൾക്ക് പാട്ടുംപാടി പുറത്തിറങ്ങി നടക്കാൻ പറ്റുന്നതാണോ ശക്തമായ നടപടിയെന്ന് കേരളത്തിലെ ജനങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. വടക്കേ ഇന്ത്യയിൽ ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ ഞെട്ടൽ രേഖപ്പെടുത്തുന്ന മലയാളിയെ സംബന്ധിച്ചിടത്തോളം പാലക്കാട് ജില്ലയിലെ വാളയാറിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 9-ഉം 13-ഉം വയസ്സുള്ള രണ്ട് പെൺകുട്ടികൾ, 9

വയസ്സെന്ന് പറയുമ്പോൾ നാലിലോ അഞ്ചിലോ പഠിക്കുന്ന കുട്ടി, ക്രൂരമായി കൊലചെയ്യപ്പെടുന്ന അല്ലെങ്കിൽ മരണപ്പെടുന്ന സാഹചര്യമുണ്ടാക്കിയതിനുശേഷം ആ പ്രതികൾക്ക് ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിയാത്തവർ അസംബ്ലിയിൽ എഴുന്നേറ്റുനിന്ന് ഇനിയും ശക്തമായ നടപടിയെടുക്കുന്നവരാണെന്ന് മേനി നടിക്കുന്നത് കേരളം അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. വാളയാർ സഹോദരിമാരുടെ മരണത്തിന് ഉത്തരവാദികളായവർ ആരായാലും രക്ഷപ്പെടില്ല; കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് കർശന ശിക്ഷതന്നെ വാങ്ങിക്കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഒരു ചുക്കും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവരെ കോടതി വെറുതെ വിട്ടിരിക്കുകയാണ്. എന്തെല്ലാം വീഴ്ചകളാണ് ഇക്കാര്യത്തിലുണ്ടാകുന്നത്. പ്രമാദമായ കേസ്സുകൾ തെളിയുന്ന കാലമാണ്. 16 വർഷം മുമ്പ് ഭക്ഷണത്തിൽ സയനൈഡ് കൊടുത്തു കൊന്ന കേസ്സുപോലും ഇപ്പോൾ തെളിയിച്ചത് പോലീസിന്റെ മേനിയായി നമ്മൾ എല്ലാവരും പറയുമ്പോൾ... വേണമെന്നുവച്ചാൽ പോലീസിന് പിടിക്കാനറിയാം. ഈ കേസ്സിൽ പോലീസ് വേണമെന്ന് വച്ചില്ല, അതുതന്നെയാണ് കാരണം.

"വാളയാർ പീഡന കേസ്സ്: പ്രതിയെ പുറത്തിറക്കിയത് 'അരിവാൾ പാർട്ടിക്കാർ' എന്ന് അമ്മ". ഇന്നത്തെ പത്രങ്ങളിലെ ഒന്നാമത്തെ പേജിൽ വാർത്ത വന്നിരിക്കുകയാണ്. " 'അരിവാൾ പാർട്ടിക്കാരാണ് അവനെ രാത്രിയിൽ പോലീസ് സ്റ്റേഷനിൽനിന്ന് ഇറക്കിക്കൊണ്ടുപോയത്' - വാളയാർ അട്ടപ്പള്ളത്ത് പീഡനത്തിനിരയായി ദുരൂഹ സാഹചര്യത്തിൽ മരിച്ച സഹോദരിമാരുടെ അമ്മ പറയുന്നു. മൂത്ത മകളെ മരിച്ച നിലയിൽ കണ്ടെത്തിയ ദിവസം സ്ഥലത്തെത്തിയ പോലീസുകാരോട് കേസിൽ വിട്ടയച്ച പ്രതികളിലൊരാൾ കുട്ടിയെ ഉപദ്രവിക്കുന്നത് നേരിട്ടു കണ്ടെന്ന് അമ്മ പറഞ്ഞിരുന്നു. തുടർന്ന് പോലീസ് ഇയാളെ കസ്റ്റഡിയിലെടുത്തു." ഇടതുപക്ഷത്തിന്റെ നേതാക്കന്മാർ സ്റ്റേഷനിലേക്ക് വിളിച്ചു. സി.പി.ഐ.(എം)-ന്റെ ഒരു ലോക്കൽ കമ്മിറ്റിയംഗവും ബ്രാഞ്ച് സെക്രട്ടറിയും നേരിട്ടെത്തി ഇയാളെ പുറത്തെത്തിക്കുകയായിരുന്നു. എന്തുകൊണ്ട് പോലീസ് വേണമെന്നുവച്ചില്ല എന്ന് ഈ സംഭവം വ്യക്തമാക്കുന്നുണ്ട്. 9-ഉം 13-ഉം വയസ്സായ ഈ കുട്ടികളെ കൊന്നവരെ, മരണത്തിലേയ്ക്ക് തള്ളിവിട്ടവരെ രക്ഷിക്കാൻ, സ്റ്റേഷനിൽചെന്ന് ഇറക്കിക്കൊണ്ടുപോകാൻ, പ്രാദേശിക നേതാക്കന്മാർ ഇടപെട്ട കാര്യം ആ നാട് മുഴുവൻ പറയുമ്പോൾ, അതേ പ്രതികളുടെ പേര് രണ്ടാമത്തെ കേസിലും കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി കൂടിയായ മുഖ്യമന്ത്രി വായിക്കുകയാണ്. 52 ദിവസങ്ങൾക്കുശേഷം 13 വയസ്സുള്ള പെൺകുട്ടിയുടെ ഇളയ സഹോദരിയായ 9 വയസ്സുള്ള പെൺകുട്ടി ഇവരാൽത്തന്നെ വീണ്ടും പീഡിപ്പിക്കപ്പെട്ട് മരണത്തിലേക്ക് എടുത്തെറിയപ്പെടുന്നു. അന്ന് നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ, അന്ന് പോലീസ് കൃത്യമായി ആക്ട് ചെയ്തിരുന്നുവെങ്കിൽ

രണ്ടാമത്തെ ജീവനെങ്കിലും രക്ഷപ്പെടുത്താമായിരുന്നു. പോലീസിന്റെ അനാസ്ഥ, ഇടപെടൽ, സഹായിക്കാൻ പാർട്ടിക്കാർ, പ്രാദേശിക നേതൃത്വം, പോലീസ് സ്റ്റേഷനിൽനിന്ന് ഇറക്കിക്കൊണ്ടുപോകാൻ ആളുകൾ, അവരെല്ലാമുള്ളപ്പോൾ അവർ എന്തിനാണ് പേടിക്കുന്നത്?

ഒന്നാമത്തെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിനെ സംബന്ധിച്ചും ഇവിടെ പറയണം. ഒന്നാമത്തെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട് - 'Anal orifice appeared stretched with multiple mucosa erosions at margins with postural areas at place.' പ്രകൃതിവിരുദ്ധ പീഡനത്തിന് 13 വയസ്സുള്ള ആ പെൺകുട്ടി ഇരയായി എന്നുള്ളത് ഒന്നാമത്തെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. ആത്മഹത്യയാക്കി ഒതുക്കിയതല്ലാതെ എന്ത് നടപടിയാണ് കേരളത്തിലെ പോലീസ് ചെയ്തത്? ശക്തമായ നടപടിയെടുക്കും, എടുത്തിട്ടുണ്ട്, എടുത്തു കൊണ്ടിരിക്കുകയാണ് എന്ന് ആവർത്തിക്കുമ്പോഴും 13 വയസ്സുള്ള ഒരു പെൺകുട്ടിയെ പ്രകൃതിവിരുദ്ധ പീഡനത്തിന് ഒരുപാട് തവണ ഇരയാക്കിയെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറഞ്ഞിട്ടും അത് ആത്മഹത്യയാക്കി എഴുതിത്തള്ളാൻ നേതൃത്വം നൽകിയ പോലീസ് തന്നെയാണ് ഈ കുറ്റകൃത്യങ്ങൾക്കെല്ലാം കൂട്ടുനിന്നത്. രണ്ടാമത്തെ കുട്ടിയുടെ മരണത്തിന്റെ ഉത്തരവാദികൾ ഈ പ്രതിയോടൊപ്പം ഇതിന് കൂട്ടുനിന്ന പോലീസും കൂടിയാണ് എന്നുള്ള കാര്യത്തിന് ഒരു സംശയവും വേണ്ട. ആ പെൺകുട്ടിയുടെ മരണത്തിനുശേഷം 52 ദിവസം കഴിഞ്ഞു. അതിനിടയിൽ പെൺകുട്ടിയെ ഉപദ്രവിക്കുന്നത് കണ്ടിട്ടുണ്ടെന്ന് കുട്ടിയുടെ അമ്മയും അച്ഛനും പറയുന്നുണ്ട്. കുട്ടിയുടെ ബന്ധുക്കൾ പറയുന്നുണ്ട്. ചെറിയ കുട്ടി പറയുന്നുണ്ട് - ഈ പെൺകുട്ടി തൂങ്ങിനിൽക്കുന്ന ദിവസം പുറത്തുനിന്നും വരുമ്പോൾ ഈ പറയുന്ന പ്രതികളിലൊരാൾ മുഖം പൊത്തി പുറത്തേക്ക് പോകുന്നത് കണ്ടുവെന്ന് പറയുന്നുണ്ട്. Police has never recorded it as an evidence. കോടതിയിൽ എവിഡൻസ് ഇല്ല. 13 വയസ്സുള്ള കുട്ടിയും സുഹൃത്തുക്കളായ പെൺകുട്ടികളും കൂടി ഒരുമിച്ച് നടന്നുപോകുന്ന സമയത്ത് ഇയാൾ മുമ്പിൽ വന്നുനിന്നപ്പോൾ 13 വയസ്സുള്ള പെൺകുട്ടി മാറി ഒളിച്ചു. എന്താണ് പ്രശ്നമെന്ന് കൂട്ടുകാർ ചോദിച്ചപ്പോൾ ഇയാൾ എന്നെ ഉപദ്രവിക്കാറുണ്ടെന്ന് ആ പെൺകുട്ടി പറഞ്ഞുവത്രേ. കൂട്ടുകാരികൾ മൊഴി കൊടുത്തിട്ടുണ്ട്. എന്നിട്ടും ആത്മഹത്യ എന്ന കൺക്ലൂഷനിലേയ്ക്ക് അതിനെ എത്തിക്കാൻ പോലീസിന് തിടുക്കമായിരുന്നു. പോലീസ് എന്തുകൊണ്ട് ആക്ട് ചെയ്തില്ല; എന്തിന് അവരെ സ്റ്റേഷനിൽനിന്ന് പറഞ്ഞുവിട്ടു. പറഞ്ഞുവിട്ടവൻ വീണ്ടും അതേ വീട്ടിൽച്ചെന്ന് ഇളയ കുട്ടിക്കുനേരെയും ഇതേ അതിക്രമങ്ങൾ കാണിച്ചു; നടന്നത് വടക്കേ ഇന്ത്യയിലല്ല. കേരളത്തിലെ പാലക്കാടുള്ള വാളയാറിലാണ്; നമ്മുടെ കൺമുന്നിൽ. എന്ത് നടപടിയാണ് പോലീസ് എടുത്തിട്ടുള്ളത്?

രണ്ടാമത്തെ പെൺകുട്ടിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ ഫൈൻഡിംഗ്സ്, 'There was an evidence suggestive of unnatural sexual offence on the child in the form of multiple episodes of anal penetration in the past.' 9 വയസ്സ്, നാലിലോ അഞ്ചിലോ പഠിക്കുന്ന ഒരു പെൺകുട്ടി ഒരു തവണയോ രണ്ടുതവണയോ മൂന്നുതവണയോ അല്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഡോക്ടർ എഴുതിവച്ചിരിക്കുന്നത്, '......in the view of age of the child, 9 years and the length from the sole of feel to tip of right middle finger with right upper limb fully extended upwards.' എന്നാണ്. ഈ പെൺകുട്ടി ആത്മഹത്യ ചെയ്തതാണ്, തൂങ്ങിമരിച്ചതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിക്കുമ്പോൾ, 9 വയസ്സുള്ള ഒരു പെൺകുട്ടി ആ കട്ടിലിൽ കയറിനിന്ന് കസേരയിട്ട് കഴുക്കോലിൽ തൂങ്ങുന്നത് സംശയമാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുമ്പോൾ ഒരുപക്ഷേ വടി കെട്ടി അതിന് മുകളിൽ കയറി തൂങ്ങിയതായിരിക്കുമെന്നാണ് പോലീസ് പറയുന്നത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രദ്ധിക്കണം. ഇത് അങ്ങും വായിക്കണം. പോസ്റ്റ്മോർട്ടം ചെയ്ത ഡോക്ടർക്ക് അതിന്റെ തീവ്രത, ഗൗരവം ബോദ്ധ്യപ്പെട്ടതുകൊണ്ട് പോലീസിനും കോടതിക്കും ബോധ്യപ്പെടട്ടെ എന്ന് വിചാരിച്ച് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ആ പെൺകുട്ടി അതിക്രമത്തിന് ഇരയായ ഭാഗത്തിന്റെ ഫോട്ടോ അറ്റാച്ചുചെയ്ത് കൊടുത്തിരിക്കുകയാണ്. അവസാനം പ്രതികൾ എവിടെയാണ് എത്തി നിൽക്കുന്നത്? ആ ഫോട്ടോ സഹിതം കൊടുത്തിട്ടും, ആ കുട്ടികളെ ഇത്രയും ക്രൂരമായി കൊന്നുതള്ളിയിട്ട് അതിനെ ആത്മഹത്യയായി ഒതുക്കാൻ ആർക്കായിരുന്നു വ്യഗ്രത, ഏത് അന്വേഷണമാണ് അവരെ സഹായിക്കാനെത്തിയത്? ഏത് അന്വേഷണത്തിലാണ് ഈ ഘടകങ്ങളെല്ലാം പരിശോധിച്ചിട്ടുള്ളത്. വേറൊരു ആൺകുട്ടിയെ ആ കട്ടിലിൽ നിർത്തി കസേരവച്ച് പോലീസുകാർ തൂക്കിനോക്കി. ആ പ്രായത്തിലുള്ളവർക്ക് അങ്ങനെ ചെയ്യാൻ കഴിയില്ലെന്നും അത് ആത്മഹത്യ അല്ലെന്നും കണ്ടുനിന്നവർ പറയുന്നുണ്ട്. ഒന്നാമത് പറഞ്ഞ കേസിലും രണ്ടാമത് ചൂണ്ടിക്കാണിക്കുമെന്ന് പറയുന്ന കേസിലും പരാതി കൊടുക്കുമെന്ന് പേടിച്ച് തൂക്കിക്കൊന്നതാകാനും സാധ്യതയുണ്ടെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. 'The possibility for homicidal hanging needs to be ruled out by correlating with measurement at scene of crime and through investigation.' എല്ലാ സാധ്യതകളും അന്വേഷണത്തിലൂടെ കൊണ്ടുവരണമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കൃത്യമായി പറഞ്ഞിരിക്കുകയാണ്. കേരളത്തിൽ പാലക്കാട്ടെ

വാളയാറിലാണ് ഇത് സംഭവിച്ചിരിക്കുന്നത്. അതും ഒൻപതും പതിമൂന്നും വയസ്സുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക്. അവരെ എങ്ങനെയാണ് നമ്മൾ ട്രീറ്റുചെയ്തത്? പോലീസിന്റെ ഈ കളികൾക്കപ്പുറം ഈ കേസ്സ് കോടതിയിലേയ്ക്ക് എത്തിയാൽ ആരാണ് പ്രതിക്കുവേണ്ടി ഹാജരാകുന്നത്? ഇടതുപക്ഷത്തിന്റെ എം.എൽ.എ.-മാർക്ക് ഉൾപ്പെടെ ബോദ്ധ്യംവരാൻ വേണ്ടി ഞാൻ പറയുന്നു, പ്രതിക്കുവേണ്ടി ഹാജരാകുന്നത് നിങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പാലക്കാട് കമ്മിറ്റി ചെയർമാനായി നിയമിച്ച വ്യക്തിയാണ്. ….. (ബഹളം)....... കേസ്സിന്റെ 90 ശതമാനം നടത്തിപ്പിനും നേതൃത്വം നൽകിയത് ഇതേ വ്യക്തിയാണ്. ഒടുവിൽ ചൈൽഡ് ഫെൽഫെയറിന്റെ ചെയർമാൻ സ്ഥാനത്തേയ്ക്ക് അയാളെ തെരഞ്ഞെടുക്കുകയാണ്. വക്കാലത്ത് മാറിയെന്ന് പറയുന്നുണ്ട്. 3-5-2019-ലെ കോർട്ട് പ്രൊസീഡിംഗ്സിന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. (പേപ്പർ ഉയർത്തി കാണിച്ചു.) ആ കോർട്ട് പ്രൊസീഡിംഗ്സിൽ ജഡ്ജ് പറയുന്നുണ്ട്, Business presence CW-47, 48. Present defence council absent. പ്രതിഭാഗം വക്കീൽ ആബ്സന്റാണ്. കാരണം, Represented that 'B' being the chairman of CWC. CWC-യുടെ ചെയർമാനായതുകൊണ്ട് ഡിഫൻസ് വക്കീലിന് ഹാജരാകാൻ സാധിക്കാത്തതിനാൽ bound over, ഈ കേസ്സ് മാറ്റിവച്ചിരിക്കുന്നുവെന്ന് ജഡ്ജ് പറഞ്ഞതിന്റെ സർട്ടിഫൈഡ് കോപ്പി ഈ നാട്ടിൽ അവൈലബിളാണ്. ഗുരുതരമായ ഒരു കേസിനെ ഇത്ര ലാഘവത്തോടെ എങ്ങനെ കൈകാര്യം ചെയ്തു; അത്തരം കേസ്സുകളിൽ ഹാജരാകില്ലെന്ന് എഴുതി വാങ്ങിച്ചിട്ടുണ്ടെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞു.

ഇനി ആരെയും വെട്ടില്ലെന്ന് പറഞ്ഞാൽ കൊടി സുനിയെ ക്രമസമാധാന പാലനത്തിന്റെ ഡി.ജി.പി.-യായി നിയമിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? ഇനി ഒരാളെയും പീഡിപ്പിക്കില്ലെന്ന് പറഞ്ഞാൽ ഗോവിന്ദചാമിയെ സാമൂഹ്യനീതി ഡയറക്ടറായി ഈ ഗവൺമെന്റ് നിയോഗിക്കുമോ? നിരവധി പോക്സോ കേസ്സുകളിൽ ഹാജരായിട്ടുള്ള ഒരാളെ അത്തരം സ്ഥാനത്തേയ്ക്ക് പരിഗണിക്കുമ്പോൾ CWC-യെ നിങ്ങൾ കണ്ടത് half judicial പവറുള്ള ഒരു കമ്മിറ്റിയായിട്ടല്ല. സി.പി.ഐ.(എം.)-ന്റെ ഒരു പോഷക സംഘടനയായി കേരളത്തിലെ CWC-യെ നിങ്ങൾ മാറ്റി. സാക്ഷിയെ പ്രൊട്ടക്ട് ചെയ്യാനും കൂറുമാറാതിരിക്കാനുള്ള സംരക്ഷണങ്ങൾ കൊടുക്കാനും ബാദ്ധ്യതയുണ്ടായിരുന്ന അധികാരകേന്ദ്രം പ്രതികൾക്കുവേണ്ടി ഹാജരാകുന്ന തരത്തിലേയ്ക്ക് എങ്ങനെ മാറിയെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിച്ച് മറുപടി പറയേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്.....

<u>ശ്രീ. ഷാഫി പറമ്പിൽ:</u> കാര്യങ്ങളെല്ലാം പറഞ്ഞേ പറ്റൂ. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. ഇത് പരാതിയായി വന്നപ്പോൾ ഒരു അന്വേഷണ കമ്മീഷനെ പ്രഖ്യാപിച്ചു. തെളിവെടുപ്പിന് വിളിപ്പിച്ചപ്പോൾ അന്വേഷണ കമ്മീഷന്റെ മുമ്പിൽ അന്നത്തെ പ്രോസിക്യൂട്ടർ ഈ കാര്യങ്ങൾ പറഞ്ഞു. The most insulting....... ആ പറഞ്ഞ കാര്യം എഴുതിക്കൊടുക്കണമോയെന്ന് ചോദിച്ചപ്പോൾ വേണ്ടെന്നും റെക്കോർഡ് ചെയ്യുന്നുണ്ടോയെന്ന് ചോദിച്ചപ്പോൾ റെക്കോർഡ് ചെയ്യുന്നില്ലെന്നും പറഞ്ഞു. ഇദ്ദേഹം CWC ചെയർമാനായിട്ടും ഈ കേസ്സുമായി ബന്ധപ്പെട്ടിരുന്നുവെന്നും രണ്ടുതവണ എവിഡൻസ് എടുക്കാൻ കോടതിയിൽ ഇദ്ദേഹം നേരിട്ട് ഹാജരായിരുന്നുവെന്നും അവിടെയുള്ള ആളുകളും പറയുന്നുണ്ട്. അക്കാര്യം ഗവൺമെന്റ് നിയോഗിച്ച പ്രോസിക്യൂട്ടർ സാമൂഹ്യനീതി വകുപ്പിന്റെ അന്വേഷണ കമ്മീഷൻ മുമ്പാകെ പറഞ്ഞപ്പോൾ they have not recorded it. അക്കാര്യം ശ്രീമതി കെ. കെ. ശൈലജ ടീച്ചറിനോടുപോലും പറയുകയോ എഴുതി വയ്ക്കുകയോ ചെയ്തിട്ടില്ല. ഞാൻ ഒരു കാര്യംകൂടി ചോദിക്കാൻ ആഗ്രഹിക്കുകയാണ്. അപ്പീൽ കൊടുക്കുമെന്നും പുറമെനിന്നും വക്കീലിനെ കൊണ്ടുവരുമെന്നും ഇവിടെ പറഞ്ഞല്ലോ? പല കേസ്സുകളിലും പുറമെനിന്നും വക്കീലിനെ കൊണ്ടുവരുന്നതിന് ആരും രണ്ടാമതൊന്ന് ആലോചിച്ചിട്ടില്ല. കേസ്സുകൾ ഏതൊക്കെയാണെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. അഡ്വ. ഹരീഷ് സാൽവെയെ ഇവിടെ കൊണ്ടുവരാൻ ആരും രണ്ടാമതൊന്ന് ആലോചിച്ചിട്ടില്ല. അതുമാത്രമല്ല, 29 വയസ്സുള്ള ഒരു ചെറുപ്പക്കാരനെ 41 തവണ വെട്ടിയശേഷം കൊന്നതിന്റെ ഉത്തരവാദികളായവരെ വെളിച്ചത്തുകൊണ്ടുവരാൻ സി.ബി.ഐ. അന്വേഷണം വേണമെന്ന് പറയുമ്പോൾ ഹൈക്കോടതി ജഡ്ജ് ആസ്സാംകാരനാണെന്ന് പറഞ്ഞ് ആസ്സാമിൽ നിന്നുള്ള അഡ്വ. വിജയ് ഹസ്സാരയെ ലക്ഷങ്ങൾ കൊടുത്ത് ഇവിടെ കൊണ്ടുവന്ന് അന്വേഷണത്തെ തടസ്സപ്പെടുത്തിയ ആളുകൾ എന്തുകൊണ്ട് പാവപ്പെട്ട പെൺകുട്ടികൾക്ക് നീതി കൊടുക്കാൻ ഒരു വക്കീലിനെ പുറമെനിന്നും കൊണ്ടുവന്നില്ല. പ്രോസിക്യൂഷന് സഹായമെത്തിക്കാൻ ഒരു എക്സ്പെർട്ട് വക്കീലിനെ കൊണ്ടുവന്നില്ല. പോണ്ടിച്ചേരി വാഹന രജിസ്ട്രേഷൻ കേസ്സുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽനിന്നും സീനിയർ വക്കീൽ വരണമെന്ന് ഈ നാടിന്റെ അഡ്വക്കേറ്റ് ജനറൽ പറയുമ്പോൾ ഹൈക്കോടതി ജഡ്ജ് പറയുന്നുണ്ട്, you yourself is the most senior council in the State, Why a man from outside. എന്ന് ചോദിച്ചിട്ടും പുറമെനിന്നും ആൾ വരട്ടെയെന്ന് തീരുമാനിച്ചയാൾക്ക് കൊടുത്തതുപോലെ ക്യാബിനറ്റ് പദവിയൊന്നും കൊടുക്കണ്ട, നല്ല വക്കീലിനെ പാലക്കാട് കിട്ടും. ഈ കുട്ടികളെ പ്രകൃതി വിരുദ്ധ പീഡനം ഉൾപ്പെടെ നടത്തിയ നരാധമന്മാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ പാലക്കാട് നല്ല വക്കീലന്മാരെ കിട്ടുമായിരുന്നു. കൊണ്ടുവന്നില്ല. അപ്പീൽ കൊടുക്കുമെന്ന് ഇപ്പോൾ പറയുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. ഷാഫി പറമ്പിൽ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. പീഡനം നടന്നിട്ടില്ലെന്നും കുട്ടികൾക്കെതിരെ അതിക്രമം ഉണ്ടായിട്ടില്ലെന്നും ഒന്നും കോടതി പറയുന്നില്ല. കോടതി പറയുന്നത്, prosecution is miserably failed to prove it. അത് പ്രൂവ് ചെയ്യാൻ പ്രോസിക്യൂഷൻ പരാജയപ്പെട്ടിരിക്കുന്നു, പോലീസ് പരാജയപ്പെട്ടിരിക്കുന്നു. വിധിയിലെ പാകപ്പിഴകൾക്കല്ല അപ്പീൽ കൊടുക്കുന്നത്. ഈ കേസിന്റെ ആദ്യത്തെ അന്വേഷണം മുതൽ പോലീസ് സ്റ്റേഷനിൽനിന്നും ഇറക്കിക്കൊണ്ടുപോയ അന്നുതൊട്ട് നമ്മൾ സംസാരിക്കുന്ന ഇന്നുവരെ ഉണ്ടായിട്ടുള്ള ഇടതുപക്ഷത്തിന്റെ ഇടപെടലുകൾ, അതിന് നേതൃത്വം നൽകുന്ന ആളുകളുടെ ഇടപെടലുകൾ പുറത്തുകൊണ്ടുവരണമെങ്കിൽ ഒരു എക്സ്റ്റേണൽ ഏജൻസി വന്നേ തീരൂ. സി.ബി.ഐ. ഈ കേസ്സ് അന്വേഷിക്കണമെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അല്ലെങ്കിൽ കള്ളക്കഥകൾ ചമച്ച പോലീസുകാരനെക്കൂടി രക്ഷിക്കാൻ വീണ്ടും പോലീസ് കേസ്സ് വരും.

Pehlu Khan കേസിൽ രാജസ്ഥാനിലെ ബി.ജെ.പി. ഗവൺമെന്റ് ആ കേസിനെ വീക്ക് ആക്കി വീക്ക് ആക്കി Alwar കോടതി 6 പ്രതികളെയും വെറുതെ വിട്ടപ്പോൾ അതിനെതിരെ അപ്പീൽ കൊടുക്കാനല്ല De novo enquiry അതായത്, ഫ്രെഷ് എൻക്വയറി, ആദ്യം മുതലുള്ള അന്വേഷണത്തിന് ഒരു ടീമിനെ വച്ച് അതിലെ മുഴുവൻ ആളുകളെയും നിയമത്തിന് മുന്നിൽ നിഷ്പക്ഷമായി കൊണ്ടുവരാൻ എഫർട്ട് എടുത്തതുപോലെ അപ്പീൽ ആയിരിക്കില്ല ഇതിനുവേണ്ടത്. ഒൻപതും പതിമൂന്നും വയസ്സ് പ്രായമുള്ള രണ്ട് പെൺകുട്ടികൾ ക്രൂരമായി മരണപ്പെട്ടതു സംബന്ധിച്ച് എന്തുകൊണ്ട് നിർത്തിവച്ച് ചർച്ച ചെയ്യുന്നില്ലെന്നുള്ള ചോദ്യത്തിന് ആരെയൊക്കെയോ പ്രൊട്ടക്ട് ചെയ്യാൻ ആരൊക്കെയോ ശ്രമിക്കുന്നുണ്ട്, അതിനെ കേരളം അംഗീകരിക്കില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം. ഇല്ലെങ്കിൽ സഭയ്ക്കകത്തും പുറത്തും പ്രക്ഷോഭങ്ങളുമായി ഞങ്ങളുൾപ്പെടെ കേരളത്തിലെ ജനങ്ങൾ മുന്നോട്ടുപോകും.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ നിർഭാഗ്യകരമായ ഒരു കാര്യമാണ് സംഭവിച്ചിട്ടുള്ളത്. ഈ കേസിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടില്ല എന്നതാണ് ആ നിർഭാഗ്യകരമായ കാര്യം. സാധാരണ നിലയ്ക്ക് ഇത്തരമൊരു കേസിൽ പ്രതികൾ ശിക്ഷിക്കപ്പെടും എന്നാണ് നമ്മളെല്ലാവരും പ്രതീക്ഷിച്ചിരുന്നത്. അതിന് വിപരീതമായ വിധിയാണ് ബഹുമാനപ്പെട്ട കോടതിയിൽനിന്നും ഉണ്ടായിട്ടുള്ളത്. ഇത് പ്രോസിക്യൂഷന്റെ പരാജയമാണോ പോലീസിന്റെ കേസ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട വീഴ്ചയാണോ എന്നുള്ള കാര്യങ്ങൾ ഗൗരവമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. അത് പരിശോധിക്കുക തന്നെ ചെയ്യും. അതുപോലെ ഈ രണ്ട് കുട്ടികളുടെയും ദാരുണ അന്ത്യം ആരുടെയും മനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്. മരണാനന്തരമാണെങ്കിലും ആ കുട്ടികൾക്ക് നീതി ലഭിക്കണമെന്നതന്നെയാണ് സർക്കാരിന്റെ പക്ഷം. സർക്കാർ എന്നും

ഇരയാകുന്നവരുടെ പക്ഷത്താണ്. അതിൽ രാഷ്ട്രീയമോ ഭരണ-പ്രതിപക്ഷ പരിഗണനയോ ഇല്ല; മനുഷ്യത്വവും നീതിയും മാത്രമാണ് പരിഗണനാർഹമായ വിഷയങ്ങൾ. അത് മുൻനിർത്തിക്കൊണ്ട് ഇക്കാര്യത്തിൽ നടപടിയുണ്ടാകും. പുനരന്വേഷണമാണോ, സി.ബി.ഐ. അന്വേഷണമാണോ എന്താണ് വേണ്ടതെന്നുള്ളത് സംബന്ധിച്ച് ഗൗരവമായി പരിശോധിച്ച് നടപടിയെടുക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി വളരെ നിരാശാജനകമാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളും ലജ്ജിച്ച് തലതാഴ്ത്തുന്ന അതീവ ഗുരുതരമായ ഒരു പ്രശ്നത്തോട് അദ്ദേഹത്തിന്റെ സമീപനം തികച്ചും ദൗർഭാഗ്യകരമായിപ്പോയി. ഇത് കേരളത്തിലാണോ നടക്കുന്നതെന്ന് ശ്രീ. ഷാഫി പറമ്പിൽ ചോദിച്ചു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പല കുഗ്രാമങ്ങളിലും ഇത്തരം സംഭ്രമജനകമായ സംഭവങ്ങളുണ്ടാകുമ്പോൾ നമ്മളെല്ലാവരും ഞെട്ടിത്തെറിക്കാറുണ്ട്, വേദനിക്കാറുണ്ട്, അതിനെതിരെ പ്രതിഷേധിക്കാറുണ്ട്, കേരളത്തിന്റെ മനസ്സാക്ഷി ഉണരാറുണ്ട്. പക്ഷെ മുഖ്യമന്ത്രിയുടെ ഇന്നത്തെ പ്രസംഗത്തിൽ അതൊന്നും പ്രതിഫലിച്ച് കാണുന്നില്ലെന്നതിൽ അങ്ങേയറ്റത്തെ ഖേദം പ്രകടിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ സംഭവം നടന്നത് ഉത്തർപ്രദേശിലും ചമ്പൽക്കാടുകളിലുമല്ല. പരിഷ്കൃതമെന്ന് നമ്മൾ വിശ്വസിക്കുന്ന കേരളത്തിലെ വാളയാറിൽ, ഒൻപതും പതിമൂന്നും വയസ്സുള്ള രണ്ട് ദളിത് പെൺകുട്ടികൾക്കാണ് ഈ അനുഭവമുണ്ടായത്. രണ്ടാമത്തെ കുട്ടിയുടെ ആത്മഹത്യയുണ്ടായപ്പോൾ ഞാൻ അവിടം സന്ദർശിച്ചതാണ്. ഒരു മഴ പെയ്താൽ മുഴുവൻ വെള്ളവും ആ വീട്ടിനകത്താണ് പതിക്കുന്നത്. ഒരു കട്ടിൽ മാത്രം ഇടാൻകഴിയുന്ന കിടപ്പുമുറിയും അടുക്കളയും ഒന്നായുള്ള ഒരു ഒറ്റമുറി വീട്; നിരാലംബരായി കഴിയുന്ന ഒരു കുടുംബം; അങ്ങനെയുള്ള ഒരു കുടുംബത്തിൽ കഴിയുന്നവരെ സംരക്ഷിക്കുന്നതിനുപകരം അവരെ പീഡിപ്പിക്കുന്നവരെ സംരക്ഷിക്കുന്ന നിലപാടാണ് ദൗർഭാഗ്യവശാൽ ഈ ഗവൺമെന്റും പോലീസും സ്വീകരിച്ചതെന്നുള്ളത് അപമാനകരമായ ഒരു കാര്യംതന്നെയാണ്.

2017 മാർച്ച് 8 അന്തർദ്ദേശീയ വനിതാ ദിനത്തിലാണ് വാളയാറിലെ പിഞ്ചുകുട്ടികൾ മരണപ്പെട്ട സംഭവം ശ്രീ. കെ. മുരളീധരൻ അടിയന്തരപ്രമേയമായി ഇവിടെ അവതരിപ്പിച്ചത്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാചകം, സഭയുടെ റെക്കോർഡ് എന്റെ കയ്യിലുണ്ട്, മുഴുവൻ വായിക്കുന്നില്ല. "ഇവിടെ രണ്ട് മരണങ്ങൾ നടന്നുവെന്നത് തീർത്തും നിർഭാഗ്യകരമായ അവസ്ഥയാണ്. അതിന്റെ ചുരുളുകൾ അഴിയേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ അതിന്റെ പിന്നിൽ ആരുണ്ടായാലും പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയും ഫലപ്രദമായ അന്വേഷണം നടത്തുകയും ചെയ്യും; അക്കാര്യത്തിൽ ഒരാശങ്കയും വേണ്ട. കുറ്റവാളികളെയെല്ലാം പുറത്തുകൊണ്ടുവരികതന്നെ ചെയ്യും." ഇതായിരുന്നു അന്ന് മുഖ്യമന്ത്രി നടത്തിയ പ്രസംഗം. 2017 മാർച്ച് 8-ന് മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിന്റെ അതേ രീതിതന്നെയാണ് അദ്ദേഹം ഇവിടെയും അവലംബിച്ചത്. എന്ത് നടപടിയാണ് പോലീസ് ഇക്കാര്യത്തിൽ സ്വീകരിച്ചത്? എന്ത് ഫലപ്രദമായ അന്വേഷണമാണ് പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടായത്? കുറ്റവാളികളെയെല്ലാം വെറുതെ വിട്ടിരിക്കുന്നു. പോലീസിന്റെ ഭാഗത്തുനിന്നും തുടക്കം മുതൽതന്നെ അപാകതയുണ്ടായിരുന്നു. ഞങ്ങൾ അവിടം സന്ദർശിച്ചതിനുശേഷമാണ് എസ്.ഐ.-ക്ക് എതിരെയുള്ള പരാതി വന്നത്. എസ്.ഐ.-യെ സസ്പെന്റ് ചെയ്തതുകൊണ്ട് മാത്രം മതിയാകുമോ; അന്വേഷണം ആദ്യം മുതൽതന്നെ വഴിതെറ്റിയാണ് നടന്നത്. കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇന്ന് കുറ്റവാളികളെല്ലാം നിയമത്തിൽനിന്നും രക്ഷപ്പെട്ട് സ്വതന്ത്രരായിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും വേദനാജനകമായ കാര്യം.

വാളയാറിലെ രണ്ട് കേസ്സുകളുടെയും സമഗ്ര അന്വേഷണത്തിന് പാലക്കാട് എ.എസ്.പി. ശ്രീമതി ജി. പൂങ്കുഴലിയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ നിയമിച്ചുവെന്ന് പറഞ്ഞു. വടക്കാഞ്ചേരി പീഡനക്കേസും അന്വേഷിച്ചത് പൂങ്കുഴലി തന്നെയായിരുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. വടക്കാഞ്ചേരി കേസും ഇതുപോലെ ആവിയായി പോയ ഒരു കേസാണ്. പീഡനക്കേസ്സുകൾ ആവിയാകണമെങ്കിൽ പൂങ്കുഴലിയെ നിയമിച്ചാൽ മതിയെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്. ഞാൻ ഒരു പോലീസ് ഉദ്യോഗസ്ഥരുടെയും പേരെടുത്ത് പറയുന്നില്ല. പക്ഷെ അന്വേഷണ ഉദ്യോഗസ്ഥ സ്വീകരിച്ച നടപടികൾ ഗൗരവമായി പരിശോധിക്കേണ്ട ഒന്നാണ്. വാളയാറിലെ പിഞ്ചുകുട്ടികളുടെ മരണം കേരളത്തിലെ ആരെയാണ് വേദനിപ്പിക്കാത്തത്? ആരെയാണ് ദുഃഖിപ്പിക്കാത്തത്?52 ദിവസങ്ങൾക്കിടയിലാണ് ഈ രണ്ട് മരണങ്ങളുമുണ്ടായത്. 2017 ജനുവരി 13-ന് മൂത്ത കുട്ടിയുടെ ശരീരം ഉച്ചയ്ക്കുശേഷം രണ്ട് മണിക്കും അഞ്ച് മണിക്കുമിടയിൽ

ളുങ്ങിയ നിലയിൽ കണ്ടെത്തി. അതിനുശേഷം ഒൻപത് വയസ്സുള്ള രണ്ടാമത്തെ കുട്ടിയുടെ മൃതദേഹം 2017 മാർച്ച് 4-ന് കണ്ടെത്തിയത് ആ നാട് മുഴുവൻ വിറങ്ങലിച്ച് നിന്ന ഒരു സംഭവമായിരുന്നു. ദളിത് വിഭാഗത്തിൽപ്പെടുന്ന ഈ രണ്ട് കുട്ടികളുടേയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിനെപ്പറ്റി ഞാൻ ഇവിടെ സൂചിപ്പിക്കുന്നില്ല. ആ മാതാവിന്റെ മൊഴി, പോസ്റ്റുമോർട്ടം റിപ്പോർട്ട്, അതുമായി ബന്ധപ്പെട്ട് നാട്ടുകാർ പ്രകടിപ്പിക്കുന്ന അഭിപ്രായം ഇതെല്ലാമെടുത്ത് പരിശോധിച്ചാൽ ഈ കേസ്സ് തുടക്കം മുതൽ അട്ടിമറിക്കാൻ വേണ്ടിയുള്ള ഗൂഢമായ ശ്രമമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇന്ന് എല്ലാ പത്രങ്ങളിലും വന്ന വാർത്ത നമ്മെയെല്ലാവരെയും ഞെട്ടിപ്പിക്കുന്ന ഒന്നാണ്. 'വാളയാർ പീഡനക്കേസ്സ് പ്രതിയെ പുറത്താക്കിയത് അരിവാൾ പാർട്ടിക്കാരെന്ന്' അമ്മ. ഈ സംസ്ഥാനം ഭരിക്കുന്ന അങ്ങയുടെ പാർട്ടിക്കാരാണ് ഈ പ്രതികളെ ആദ്യം മുതൽ രക്ഷപ്പെടുത്താൻ ശ്രമിച്ചതെന്ന് ആ അമ്മ പറയുമ്പോൾ ആരെയാണ് വിശ്വസിക്കേണ്ടത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന വാക്കിന് എന്തെങ്കിലും വിലയുണ്ടോ? ആദ്യത്തെ പീഡനമുണ്ടായപ്പോൾ പ്രതികളെ രക്ഷിച്ചതും പോലീസ് സ്റ്റേഷനിൽനിന്നും ഇറക്കിക്കൊണ്ടുപോയതും അങ്ങയുടെ പാർട്ടിക്കാർതന്നെയാണ്. രണ്ടാമത്തെ കേസ്സ് ഉണ്ടായപ്പോഴും അങ്ങയുടെ പാർട്ടിക്കാർക്ക് നേരെ ശക്തമായ വിമർശനം ഉയർന്നിരുന്നു. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ വാക്കുകളെ ഞാൻ ഇവിടെ ഉദ്ധരിക്കാം. 2017-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഈ കുട്ടികളുടെ വീട്ടിലെത്തി മാതാപിതാക്കളോട് സംസാരിച്ചശേഷം പറഞ്ഞതെന്താണെന്ന് മുഖ്യമന്ത്രിക്ക് ഓർമ്മയുണ്ടോ? അദ്ദേഹം ഇതു സംബന്ധിച്ച് മുഖ്യന്ത്രിക്ക് നൽകിയ കത്തിൽ പറയുന്നത്, 'പോലീസ് പ്രതികൾക്ക് വേണ്ടിയാണ് പ്രവർത്തിക്കുന്നത്, പ്രതികളെ പോലീസ് സംരക്ഷിക്കുകയാണ്' എന്നാണ്. അന്ന് അദ്ദേഹം നൽകിയ കത്ത് ഗൗരവത്തിലെടുത്തിരുന്നുവെങ്കിൽ ഇന്ന് ഈ സ്ഥിതി ഉണ്ടാകുമായിരുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഗൗരവത്തിലെടുത്തില്ലെന്ന് മാത്രമല്ല കേസിന്റെ നാൾവഴികൾ പരിശോധിച്ചതുമില്ല. പോലീസുകാർ പറയുന്നതുമാത്രം അങ്ങ് കേട്ടു. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് ഇനിയൊരു പെൺകുട്ടിക്കും തലയണയ്ക്ക് കീഴിൽ വാക്കത്തിയും വച്ച് കിടക്കേണ്ടിവരില്ലെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, രണ്ട് ദളിത് പെൺകുട്ടികൾക്ക് അങ്ങയുടെ ഭരണത്തിൻകീഴിലുണ്ടായ ദുരനുഭവമാണ് ശ്രീ. ഷാഫി പറമ്പിൽ വിശദീകരിച്ചത്.

പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുവെന്ന് അങ്ങിവിടെ പറഞ്ഞു. പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. പക്ഷെ അതിൽ 16.7 ശതമാനം കേസ്സുകൾ മാത്രമാണ് ശിക്ഷിക്കപ്പെടുന്നത്. 05-12-2018-ൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന പോക്സോ കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം

കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന ശ്രീ. വി. ടി. ബൽറാമിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പ്രസ്തുത കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം കുറയുന്നതിന്റെ കാരണം കൃത്യമായി വിലയിരുത്തുന്നതിന് പരിശോധനകൾ ആവശ്യമാണ് എന്നാണ്. എന്ത് പരിശോധനകളാണ് നടത്തിയത്? അടുത്ത ചോദ്യത്തിന്റെ മറുപടിയിൽ പറയുന്നു, ഗൗരവമായി പരിഗണിക്കും, പോക്സോ കേസ്സുകൾ രജിസ്റ്റർ ചെയ്ത് രണ്ട് മാസത്തിനകം കുറ്റപത്രം സമർപ്പിക്കണം എന്നാണ്. ഈ നിയമസഭയിൽ നൽകിയ ഉത്തരമാണ്. ഇത് പാലിച്ചിട്ടുണ്ടോ? 16.7 ശതമാനം പോക്സോ കേസ്സുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ശിക്ഷിക്കപ്പെടുന്നത് എന്നത് എത്ര ഗൗരവമായ വിഷയമാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെയുള്ള കേസ്സുകൾ തെളിയിക്കപ്പെടുന്നതിന്റെ എണ്ണം കുറഞ്ഞുവരുന്നു, സാക്ഷികൾ സ്വാധീനിക്കപ്പെടുന്നു, പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് നീതി ലഭിക്കാത്ത ഒരു കാലഘട്ടത്തിലേയ്ക്ക് പോകുന്നു. ഈ കേസിന്റെ ഗൗരവം പരിശോധിച്ചാൽ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ട ആളുകൾ സ്വതന്ത്രരായി വിഹരിക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങളെത്തുന്നു. ഇതാണോ സംസ്ഥാനത്ത് നടക്കേണ്ടത് ?

നമ്മുടെ സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നത് വല്ലാതെ വർദ്ധിക്കുന്നു. 2015-ൽ 1583 പോക്സോ കേസ്സുകളാണ് റിപ്പോർട്ട് ചെയ്തതെങ്കിൽ 2018-ൽ അത് ഇരട്ടി കവിഞ്ഞു. 3178 പോക്സോ കേസ്സുകളാണ് 2018-ൽ റിപ്പോർട്ട് ചെയ്തത്. ഈ വർഷം ആ റെക്കോർഡ് ഭേദിക്കുന്ന മട്ടാണ്. കഴിഞ്ഞ വർഷം സെപ്റ്റംബർ വരെ 2514 കേസ്സുകളുണ്ടായി. ഈ കേരളത്തിൽ കുരുന്നുകുട്ടികൾ പീഡനത്തിനും അതിക്രമത്തിനും വിധേയമാകുന്നത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള ദുഃഖകരമായ വസ്തുതയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്.

പോസ്റ്റ്മോർട്ടം റിപ്പോർട്ട്, സാഹചര്യത്തെളിവുകൾ, മാതാപിതാക്കളുടെ മൊഴി എന്നിവയെല്ലാം ഉണ്ടായിട്ടും ഈ കേസ്സ് അട്ടിമറിക്കാനാണ് ശ്രമിക്കുന്നത്. ഇത് കേരളത്തിലാണോ നടക്കുന്നത്; ഈ കേസിൽ ആരാണ് പ്രതികളെന്ന് അവരുടെ മാതാപിതാക്കൾതന്നെ പറഞ്ഞു. ശ്രീ. ഷാഫി പറമ്പിൽ ചൂണ്ടിക്കാണിച്ചതു പോലെ, ആദ്യത്തെ പെൺകുട്ടിയുടെ ആത്മഹത്യ ഉണ്ടായപ്പോൾത്തന്നെ പ്രതികളെ പിടികൂടിയിരുന്നുവെങ്കിൽ രണ്ടാമത്തെ

ആത്മഹത്യ ഉണ്ടാകുമായിരുന്നില്ല. അന്നും പാർട്ടിക്കാർ ഇടപെട്ടാണ് രക്ഷപ്പെടുത്തിയത്. പാർട്ടിയുടെ കറുത്ത കൈകൾ അതിന്റെ പിന്നിലുണ്ടായിരുന്നു. പ്രതികൾക്കുവേണ്ടി ഹാജരായ അഭിഭാഷകനെ ശിശുക്ഷേമ സമിതിയുടെ അദ്ധ്യക്ഷനാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞില്ല. ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്? CWC (Child Welfare Committee)-യുടെ ജില്ലാ ചെയർമാനായ വ്യക്തി പ്രതികൾക്കുവേണ്ടി വാദിച്ചിരുന്ന അഭിഭാഷകനാണെന്ന് പറയുമ്പോൾ ഈ കേസിലെ പ്രതികൾ എങ്ങനെയാണ് ശിക്ഷിക്കപ്പെടുന്നത്? നിയമപരമായി ഇവർക്ക് അർഹിക്കുന്ന ശിക്ഷ വാങ്ങിക്കൊടുക്കാൻ കഴിയാതെ പോയത് ഒരു വലിയ ഗൂഢാലോചനയുടെ ഭാഗമാണെന്ന് ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഗുജറാത്ത് വംശഹത്യയുമായി ബന്ധപ്പെട്ട് ബെസ്റ്റ് ബേക്കറി കേസിൽ എല്ലാ പ്രതികളെയും ട്രയൽ കോടതി വെറുതെ വിട്ടു. ആ വിധി റദ്ദാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി പുനർവിചാരണയ്ക്ക് ഉത്തരവിട്ടതിനെത്തുടർന്നാണ് ആ കേസിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടത്. ഇതിനുശേഷം മദ്രാസ് ഹൈക്കോടതിയിൽനിന്നും കർണ്ണാടക ഹൈക്കോടതിയിൽനിന്നും സമാനമായ വിധികളുണ്ടായിട്ടുണ്ട്. ഒഴിച്ചുകൂടാനാകാത്ത ഘട്ടത്തിൽ മാത്രമേ പുനർവിചാരണ നടത്താൻ പാടുള്ളൂവെന്ന് 2017-ൽ സുപ്രീംകോടതി വിധിയും വന്നിട്ടുണ്ട്. ഇതെല്ലാം സർക്കാർ പരിശോധിക്കണം. പുനർവിചാരണ ഘട്ടത്തിൽ, further investigation ആവശ്യമുണ്ടെന്ന് കാണിച്ച് പ്രോസിക്യൂഷന് കോടതിയെ സമീപിക്കാം. അതോടൊപ്പംതന്നെ അതനുവദിച്ചാൽ ഈ കേസിൽ കൂടുതൽ അന്വേഷണം നടത്താൻ കഴിയും. ബെസ്റ്റ് ബേക്കറി കേസിൽ മനുഷ്യാവകാശ കമ്മീഷനാണ് പരാതി നൽകിയത്. ആ കേസിൽ സുപ്രീംകോടതിയുടെ ചരിത്രപ്രധാനമായ വിധി അങ്ങനെയാണുണ്ടായത്. അത്തരത്തിൽ, വനിതാ കമ്മീഷനോ മനുഷ്യാവകാശ കമ്മീഷനോ ആർട്ടിക്കിൾ 226 പ്രകാരം ഹൈക്കോടതിയെ സമീപിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. മാത്രമല്ല, ഈ അന്വേഷണം further investigation കൊണ്ട് മാത്രം കാര്യമാകുന്നില്ല. സി.ബി.ഐ. അന്വേഷണം എന്നുള്ള നിലയിലേയ്ക്ക് എത്തിക്കേണ്ടിവരും. കേരള പോലീസ് അന്വേഷിച്ചാൽ തെളിയാത്തൊരു കേസായി ഇത് മാറിയിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പറഞ്ഞു ഞങ്ങൾ ഇരകളോടൊപ്പമാണെന്ന്. എവിടെയാണ് നിങ്ങൾ ഇരകളോടൊപ്പമുള്ളത്; കഴിഞ്ഞ മൂന്നര വർഷത്തെ കാര്യങ്ങൾ പരിശോധിച്ചാൽ, നിങ്ങൾ ഇരകളോടൊപ്പമല്ല, വേട്ടക്കാരോടൊപ്പമാണെന്ന് കാണാൻ കഴിയും. ഇരകൾക്ക് നീതികിട്ടാത്തൊരു ഭരണമാണിവിടെ.

മട്ടന്നൂരിൽ ഷുഹൈബ് കൊല്ലപ്പെട്ടപ്പോൾ നിങ്ങൾ ആരോടൊപ്പമായിരുന്നു; കാസർഗോഡ് കൃപേഷും ശരത് ലാലും മരിച്ചപ്പോൾ നിങ്ങൾ ആരോടൊപ്പമായിരുന്നു; ആ കേസിലെ പ്രതികളെ സഹായിക്കാൻവേണ്ടി നിങ്ങൾ സുപ്രീംകോടതിയിൽ പോയി അവിടെനിന്ന് വക്കീലൻമാരെ കൊണ്ടുവന്നു. ഈ കേസ്സ് അട്ടിമറിച്ചതിന്റെ പിന്നിൽ ഈ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ കരങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഈ കേസ്സിന്റെ അന്വേഷണം പോലീസ് നടത്തിയാൽ ശരിയാകുകയില്ല. സി.ബി.ഐ. അന്വേഷണമല്ലാതെ മറ്റൊന്നിനും സാധ്യമല്ല. അതിവിടെവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഇത്രയും കാര്യങ്ങൾ അവതരിപ്പിച്ചിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൗനം പാലിക്കുകയാണ്. ഞാൻ അദ്ദേഹത്തോട് ചോദിക്കട്ടെ, എന്തുകൊണ്ട് അങ്ങേയ്ക്ക് ഈ വേദിയിൽവച്ച് സി.ബി.ഐ. അന്വേഷണം പ്രഖ്യാപിക്കാൻ സാധിക്കുന്നില്ല; അങ്ങേയ്ക്ക് സാധിക്കും. ഇതിന് മുൻപ് സമാനമായ സംഭവങ്ങളുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട സ്പീക്കറിലൂടെ സി.ബി.ഐ. അന്വേഷണം പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതാണ് കേരളത്തോടും നമ്മുടെ സമൂഹത്തോടും ദളിത് വിഭാഗത്തോടും ചെയ്യാൻ കഴിയുന്ന നീതി.

(...ബഹളം... പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിൽനിന്നും എഴുന്നേറ്റ് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... അടുത്ത സഭാ നടപടികളിലേയ്ക്ക് കടക്കുകയാണ്. അംഗങ്ങൾ ദയവായി സീറ്റുകളിൽ ഇരിക്കണം. നിങ്ങൾ ഇവിടെ ശക്തമായ വാദം ഉന്നയിച്ചുകഴിഞ്ഞു. ...(ബഹളം)... അംഗങ്ങൾ ദയവായി സീറ്റുകളിൽ പോയിരിക്കണം. സഭാ നടപടികളുമായി സഹകരിക്കണം. പ്ലീസ്... പ്ലീസ്...

(വാളയാർ കേസ്സ് സി.ബി.ഐ. അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്കു കടന്നു.)

11 A.M.]

## VI. ശ്രദ്ധ ക്ഷണിക്കൽ

ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം

ശ്രീ. എസ്. ശർമ്മ: സർ, നവലിബറലിസമെന്ന സ്വകാര്യ മൂലധനത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി ലാഭത്തിൽ പ്രവർത്തിക്കുന്ന മഹാരത്ന പദവിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെയടക്കം വിറ്റഴിച്ച് ഈ വർഷം 1.05 ലക്ഷം കോടി രൂപ സമാഹരിക്കാൻ കേന്ദ്ര സർക്കാർ നടത്തുന്ന നീക്കത്തിന്റെ ഇപ്രാവശ്യത്തെ മുഖ്യ ഇര സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ വ്യവസായമായ ബി.പി.സി.എൽ.-ന്റെ ഉടമസ്ഥതയിലുള്ള കൊച്ചിൻ റിഫൈനറിയാണ്. നിലവിൽ ഇതിന്റെ ശുദ്ധീകരണശേഷി പ്രതിവർഷം 1.55 കോടി ടൺ ആണ്.

സംസ്ഥാനത്തിന്റെ ഭാവി വികസനത്തെ കരുതി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയിലുള്ള സ്ഥാപനം വിൽക്കുന്നതിന് മുമ്പ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടിയിട്ടില്ല. സംസ്ഥാനത്തെ മുഴുവൻ റോഡുകളുടെയും നിർമ്മാണത്തിന് ആവശ്യമായ ബിറ്റുമിന് ആശ്രയിക്കുന്ന ഈ എണ്ണ ശുദ്ധീകരണശാല സ്വകാര്യവൽക്കരിച്ചാൽ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിന് കോർപ്പറേറ്റുകളുടെ ദയാവായ്പിനായി കാത്തുനിൽക്കേണ്ടിവരും.

സാമ്പത്തിക അധീശത്വത്തിന്റെ പ്രതീകമായിരുന്ന യു.എസ്.എ.-യിലെ ഫിലിപ്സ് പെട്രോളിയം കോർപ്പറേഷനുമായുള്ള സംയുക്ത സംരംഭമായിരുന്ന കൊച്ചിൻ റിഫൈനറി 2006-ൽ ബി.പി.സി.എൽ. ഏറ്റെടുക്കുന്നതോടുകൂടിയാണ് പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിൽ ആകുന്നത്. ഇത് വീണ്ടും അമേരിക്കൻ ആഗോള കുത്തകയായ എക്സൺ മൊബൈലിനോ അല്ലെങ്കിൽ ക്രോണി കാപ്പിറ്റലിസത്തിന്റെ ഇന്ത്യൻ പ്രതീകമായ റിലയൻസിനോ കൈമാറുന്നതിന് ശ്രമമെന്നാണ് വാർത്ത വരുന്നത്. സ്വന്തമായി റിഫൈനറി ഉണ്ടായിട്ടും എണ്ണ വിൽപ്പന രംഗത്ത് സ്വാധീനം ഉറപ്പിക്കാൻ കഴിയാത്ത റിലയൻസിന് അതിനുള്ള വളഞ്ഞ വഴിയാണത്. ഇന്ത്യയിലെ എണ്ണ വിപണിയുടെ 24 ശതമാനം, അതായത് നാലിലൊന്നോളം ഭാഗംവരെ നിയന്ത്രിക്കുന്നത് ബി.പി.സി.എൽ. ആണ്. ഇന്ത്യയിലെ ഏറ്റവും വലിയ ആറാമത്തെ വ്യവസായ സ്ഥാപനമാണിത്. 2019 മാർച്ച് 31-ന് അവസാനിച്ച വർഷം വിറ്റുവരവ് 3,40,879 കോടി രൂപയാണ്. 13000-ൽപ്പരം സ്ഥിരം തൊഴിലാളികളും ഇരുപതിനായിരത്തിനുമേൽ കരാർ തൊഴിലാളികളും പണിയെടുക്കുന്നതാണ് ഈ സ്ഥാപനം. 11,968 കോടി രൂപ കഴിഞ്ഞ വർഷം ലാഭമുണ്ടാക്കിയ ഈ കമ്പനി കേവലം 42,000 കോടി രൂപയ്ക്ക് വിൽക്കാൻ ഉദ്ദേശിക്കുന്നതായി വരുന്ന വാർത്ത ഓരോ ഇന്ത്യാക്കാരനെയും അമ്പരപ്പിക്കുന്നതാണ്.

സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നാഡിയായ തന്ത്രപ്രധാനമായ ഇന്ധന ശുദ്ധീകരണ വിതരണ മേഖല സ്വകാര്യ മേഖലയ്ക്ക് തുറന്നിടുന്നതും രാജ്യരക്ഷയ്ക്ക് അനുഗുണമാകില്ല. രാജ്യസുരക്ഷയെ അപകടത്തിലാക്കുന്ന കപട ദേശീയതയുടെ ഉത്തമോദാഹരണമാണ് ഈ നടപടി. 1971-ലെ ഇന്ത്യാ-പാക് യുദ്ധകാലത്ത് ഇന്ത്യൻ സേനയ്ക്ക് ഇന്ധനം നൽകാൻ സ്വകാര്യ എണ്ണക്കമ്പനികൾ വിസമ്മതിച്ചതാണ് എണ്ണക്കമ്പനികളുടെ ദേശസാത്കരണത്തിലേയ്ക്ക് നയിച്ചതെന്ന് ഓർമ്മിക്കണം. ഹ്യൂസ്റ്റണിലെ ഇന്ധന മേഖലയിലെ അമേരിക്കൻ കുത്തകയായ ടെല്ലൂറിയൻ നടത്തിയ ഹൗഡിഷോയാണ് ഈ മഹാരതത്തിന്റെ വിൽപ്പന ത്വരിതപ്പെടുത്തിയതെന്ന രാഷ്ട്രീയ നിരീക്ഷകരുടെ സംശയം തള്ളിക്കളയാൻ കഴിയുന്നതല്ല. കേരളത്തിലെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയാകുമെന്ന് കരുതിയ ഐ.ആർ.ഇ.പി. (സംയോജിത റിഫൈനറി വിപുലീകരണ പദ്ധതി) കോംപ്ലക്സ് പദ്ധതിയും ഇതോടെ പ്രയോജന രഹിതമായിരിക്കുകയാണ്. ........... (ബഹളം)............

<u>മി. സ്പീക്കർ</u>: നിങ്ങൾക്ക് ഏതു നിലയിലും പ്രതിഷേധിക്കാം, പക്ഷെ അതിരുവിടരുത്.

<u>ശ്രീ. എസ്. ശർമ്മ</u>: ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കപ്പെട്ടാൽ പാചകവാതക ഉപഭോക്താക്കൾക്ക് ലഭിച്ചുവരുന്ന സബ്സിഡി നഷ്ടപ്പെടും. കൊച്ചിൻ റിഫൈനറിയോടനുബന്ധിച്ച് 5250 കോടിയോളം രൂപ മുതൽ മുടക്കിൽ ആരംഭിക്കുന്ന ലോകത്തിലെതന്നെ ഏറ്റവും വലിയതും ഇൻഡ്യയിലെ ആദ്യത്തേതുമായ പി.ഡി.പി. പദ്ധതി (പ്രൊപലീൻ ഡെറിവേറ്റീവ് പെട്രോ കെമിക്കൽ പദ്ധതി) പ്രവർത്തനവും അനിശ്ചിതത്വത്തിലാകും. രാജ്യത്തിന് പ്രതിവർഷം 4500 കോടി രൂപയുടെ വിദേശനാണ്യം ലാഭിക്കാൻ കഴിയുന്ന പദ്ധതിയാണിത്. ഇതിനായി നികുതി ഉൾപ്പെടെ നിരവധി ഇളവുകൾ സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്. സംസ്ഥാന സർക്കാർ ഫാക്ടിന്റെ 482 ഏക്കർ ഭൂമി 1250 കോടിരൂപ മുടക്കി ഏറ്റെടുത്ത, ബി.പി.സി.എൽ.-ന്റെ പെട്രോ കെമിക്കൽ ഉൽപ്പന്നങ്ങൾ പ്രയോജനപ്പെടുത്തി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന, ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകാൻ സാധ്യതയുള്ള, 15000 കോടിയോളം രൂപയുടെ നിക്ഷേപം ആകർഷിക്കുമെന്ന് പ്രതീക്ഷിക്കുന്ന പെട്രോ കെമിക്കൽ ഹബ്ബും അനിശ്ചിതാവസ്ഥയിലാകും. ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കപ്പെട്ടാൽ, ബി.പി.സി.എൽ.-ന് പങ്കാളിത്തമുള്ള കൊച്ചിയിലെ പെട്രോനെറ്റ് സി.എൻ.ജി.-യും സ്വകാര്യവൽക്കരിക്കപ്പെടും. .......ബഹളം........

<u>മി. സ്പീക്കർ</u>: നിങ്ങൾ സഭാ നടപടികളോട് സഹകരിക്കുന്നില്ലെങ്കിൽ പ്രതിഷേധിക്കാം, പക്ഷെ അത് ഈ രീതിയിലല്ല.

<u>ശ്രീ. എസ്. ശർമ്മ</u>: പുതുതായി കേന്ദ്രത്തിൽ അധികാരത്തിലെത്തിയ സർക്കാർ ചുരുങ്ങിയ കാലത്തിനുള്ളിൽ ബജറ്റിലൂടെ നൽകിയതിന് പുറമെ തങ്ങളെ അധികാരത്തിലെത്തിക്കാൻ സഹായിച്ച കോർപ്പറേറ്റുകൾക്ക് 2 ലക്ഷത്തിലധികം കോടി രൂപയുടെ നികുതിയിളവുകളും മറ്റാനുകൂല്യങ്ങളും നൽകി പ്രീണിപ്പിക്കുകയും ആ നഷ്ടം നികത്താനെന്ന വ്യാജേന രാജ്യത്തെ ജനങ്ങളുടെ പൊതുമുതൽ തുച്ഛവിലയ്ക്ക് സ്വദേശികളും വിദേശികളുമായ കോർപ്പറേറ്റുകൾക്ക് വീണ്ടും അടിയറ വയ്ക്കുകയുമാണ്. ഇതിൽ നിന്നും പിന്തിരിയാൻ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. BPCL-ന് എതിരായി നടക്കുന്ന കേന്ദ്രസർക്കാർ നീക്കത്തിനെതിരെ ബഹുജനപ്രസ്ഥാനങ്ങളും പൊതുജനങ്ങളും മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ലാഭത്തിൽ പ്രവർത്തിക്കുന്ന ഭാരത് പെട്രോളിയം കോർപ്പറേഷൻ (ബി.പി.സി.എൽ.) സ്വകാര്യ വൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം ഉൽക്കണ്ഠാജനകമാണ്. കേന്ദ്ര സർക്കാരിന്റെ നയങ്ങൾ കാരണം രാജ്യം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമായി 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ 2019-2020-ൽ സമാഹരിക്കാനുള്ള കേന്ദ്ര തീരുമാനത്തിന്റെ ഭാഗമായാണ് മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ബി.പി.സി.എൽ.-ലെ 53.29 ശതമാനം ഓഹരികൾ പൂർണ്ണമായി വിറ്റഴിക്കുമെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കമ്പനിയുടെ ഉടമസ്ഥാവകാശം കുത്തക കമ്പനികൾക്ക് കൈമാറാനുള്ള നീക്കമാണ് നടത്തുന്നതെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിൽ മർമ്മപ്രധാനമായ പങ്കാണ് പൊതുമേഖലാ പെട്രോളിയം കമ്പനികൾ നിർവ്വഹിച്ചുവരുന്നത്. ഇക്കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നത് രാജ്യസുരക്ഷയെത്തന്നെ ബാധിക്കുന്നതാണെന്ന ഗൗരവമായ കാര്യം പരിഗണിക്കേണ്ടതുണ്ട്. മുപ്പതിനായിരത്തോളം സ്ഥിരം ജീവനക്കാരെയും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും ഈ നീക്കം ദോഷകരമായി ബാധിക്കും. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അരലക്ഷം കോടി രൂപയുടെ നിക്ഷേപം നടത്തിയ കമ്പനി പൊതുമേഖലയിൽ നിലനിർത്തേണ്ടത് രാജ്യ താൽപ്പര്യമാണെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 17-10-2019-ൽ കത്തയച്ചിട്ടുണ്ട്. കേരള സർക്കാർ കൂടി മുൻകയ്യെടുത്താണ് ബി.പി.സി.എൽ.-ന്റെ ഭാഗമായ കൊച്ചിൻ റിഫൈനറി സ്ഥാപിച്ചത്. റിഫൈനറിയിൽ കേരളത്തിന് അഞ്ച് ശതമാനം ഓഹരിയുണ്ടായിരുന്നു. റിഫൈനറി ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാനത്തിന്റെ ഓഹരി നിലനിർത്തുകയും ബോർഡിൽ ഒരു ഡയറക്ടറെ ഉൾപ്പെടുത്തുകയും ചെയ്തു.

ബി.പി.സി.എൽ.-ന്റെ വളർച്ചയിൽ സംസ്ഥാന സർക്കാർ സാമ്പത്തികവും സാമ്പത്തികേതരവുമായ പിന്തുണ നൽകിയിട്ടുണ്ട്. ഈ നിലയിൽ 1500 കോടി രൂപയാണ് കേരളം ഈ പൊതുമേഖലാ കമ്പനിക്ക് വായ്പയായി നൽകാൻ നിശ്ചയിച്ചത്. ഈ സഹായമെല്ലാം സംസ്ഥാന സർക്കാർ അനുവദിച്ചത് പൊതുമേഖലയിലുള്ള എണ്ണശുദ്ധീകരണശാല വികസിപ്പിക്കണമെന്ന താൽപ്പര്യത്തോടെയാണ്. റിഫൈനറിക്ക് സമീപത്തായി വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടത്. ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണ നീക്കം 25000 കോടി രൂപയുടെ ഈ പദ്ധതിയെ അനിശ്ചിതത്വത്തിലാക്കും. കമ്പനി സ്വകാര്യവൽക്കരണത്തിലൂടെ വലിയതോതിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതിനും പാചകവാതകത്തിന് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നതിനും ഇടയാക്കും. സംസ്ഥാന സർക്കാർ നൽകിവരുന്ന സാമ്പത്തികവും മറ്റുതരത്തിലുമുള്ള വിവിധ സഹായങ്ങൾ സർക്കാരിന് കമ്പനിയിലുള്ള താൽപ്പര്യത്തിന് തെളിവാണ്. ബി.പി.സി. എൽ.-ഉം സർക്കാരുമായി ഒപ്പുവച്ച കരാർപ്രകാരം 4500 കോടി രൂപ കെ.ജി.എസ്.ടി./വാറ്റ് ഇനത്തിലും 3000 കോടി രൂപ സി.എസ്.ടി. ഇനത്തിലും 750 കോടി രൂപ ഡബ്ല്യു.സി.ടി. (വർക്ക് കോൺട്രാക്ട് ടാക്സ്) റീ-ഇംബേഴ്സ്മെന്റ് ഇനത്തിലും 15 വർഷത്തേയ്ക്ക് നൽകാമെന്ന് ധാരണയുണ്ട്. വർക്ക് കോൺട്രാക്ട് ടാക്സ് ഇനത്തിൽ റീ-ഇംബേഴ്സമെന്റ് ഇനത്തിൽ 80 കോടി രൂപയും KGST/VAT (Deferred Loan) ഇനത്തിൽ 100 കോടി രൂപയും ബി.പി.സി.എൽ.-ന് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ദേശീയ താൽപ്പര്യവും കേരളത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് സ്വകാര്യവൽക്കരണ നടപടികൾ നിർത്തിവയ്ക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നത് തൊഴിൽ സ്ഥിരതയെ പ്രതികൂലമായി ബാധിക്കും. ഇതുകാരണം സാമ്പത്തിക മാന്ദ്യത്തിന് ആക്കം കൂട്ടും എന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. ..........(ബഹളം)...........

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ദയവായി സീറ്റുകളിൽ പോയിരിക്കണം. ഭരണപക്ഷത്തു നിന്നും പ്രതിപക്ഷത്തുനിന്നും ഒരുപോലെ ആവശ്യപ്പെട്ട കേരളത്തെ ബാധിക്കുന്ന പരമ പ്രധാനമായ ഒരു ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയാണ് അദ്ദേഹം പറഞ്ഞത്.

(ശ്രീ. വി. പി. സജീന്ദ്രൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ഓർഡർ...ഓർഡർ.... സഭാനടപടികൾ നടത്തിക്കൊണ്ട് പോകാൻ പറ്റാത്ത സാഹചര്യത്തിൽ അടുത്ത നടപടികളിലേക്ക് കടക്കുകയാണ്. സബ്മിഷനുകളുടെ മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.*

## VII. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 25 | 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2019 | 32 | 2019-ലെ കേരള പോലീസ് (ഭേദഗതി)ഓർഡിനൻസ് | അല്ല |
| 3 | 2019 | 33 | ദി കേരള പ്രിവൻഷൻ ഓഫ് ഡാമേജ് ടു പ്രൈവറ്റ് പ്രോപ്പർട്ടി ആന്റ് പേമെന്റ് ഓഫ് കോമ്പൻസേഷൻ ഓർഡിനൻസ്, 2019 | അല്ല |
| 4 | 2019 | 37 | 2019-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് റദ്ദാക്കൽ ഓർഡിനൻസ് | അല്ല |

II. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 36 | 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് | അല്ല |

* അനുബന്ധമായി ചേർക്കുന്നു.

III. ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 24 | 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ഓർഡിനൻസ് | അല്ല |
| 2 | 2019 | 26 | 2019-ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടേയും ക്ഷേമനിധി (ഭേദഗതി)ഓർഡിനൻസ് | അല്ല |

IV. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 38 | 2019-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ഓർഡിനൻസ് | അല്ല |

V. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 31 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ്(അമെന്റ് മെന്റ്) ഓർഡിനൻസ് 2019 | അല്ല |

VI. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 28 | 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2019 | 29 | 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് | അല്ല |

VII. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 39 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്)ഓർഡിനൻസ് 2019 | അല്ല |

VIII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം75(2)പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 27 | ദി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ് 2019 | അല്ല |

IX. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2019 | 34 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2019 | അല്ല. |
| 2 | 2019 | 35 | 2019 -ലെ സർവ്വകലാശാല നിയമങ്ങൾ(ഭേദഗതി)(2-ാം നമ്പർ) ഓർഡിനൻസ് | അല്ല. |
| 3 | 2019 | 30 | 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസ് | അല്ല. |

## VIII. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

(i) 2019 -ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

### (ii) 2019 -ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2019 -ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണപ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u>: 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച XIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ......ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(ഒക്ടോബർ മാസം 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.13-ന് പിരിഞ്ഞു.)

## അനുബന്ധം

1. <u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടെ സബ്മിഷന് ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടി.</u>

ഇടതുപക്ഷ സർക്കാരുകൾ നിശ്ചിത സമയത്ത് തന്നെ ശമ്പള പരിഷ്കരണ കമ്മീഷനുകളെ നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ 20-2-2010-ൽ കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് പത്ത് മാസത്തിനുള്ളിൽ ലഭ്യമാക്കി ധനവകുപ്പിന്റെ പരിശോധനകൾക്കുശേഷം അഞ്ചുവർഷ കാലാവധി എന്ന നിബന്ധന കൃത്യമായി പാലിച്ചുകൊണ്ട് 1-7-2009 മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കി ശമ്പളം വിതരണം ചെയ്തതിനുശേഷമാണ് അധികാരമൊഴിഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കമ്മീഷനെ വളരെ നേരത്തെ പ്രഖ്യാപിച്ചുവെങ്കിലും ആദ്യഘട്ട റിപ്പോർട്ട് ഇരുപത് മാസത്തിനുശേഷവും രണ്ടാംഘട്ട റിപ്പോർട്ട് 25 മാസത്തിനുശേഷവുമാണ് സമർപ്പിച്ചത്. എന്നാൽ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കിയത് ഇലക്ഷൻ പ്രഖ്യാപിക്കുന്നതിന് തൊട്ടു മുൻപാണ്. കാലാകാലങ്ങളായി തുടർന്നു വന്ന അഞ്ചുവർഷ ശമ്പള പരിഷ്കരണ തത്വത്തെ അട്ടിമറിച്ചത് ആന്റണി സർക്കാർ ആയിരുന്നു. 1-3-2002 പ്രാബല്യത്തിൽ നടപ്പിലാക്കേണ്ട എട്ടാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചത് 14-3-2005 ലും നടപ്പിലാക്കിയത് 1-7-2004 പ്രാബല്യത്തിലും അത് 1-4-2005 വരെയുള്ള എല്ലാ ആനുകൂല്യങ്ങളും സാങ്കൽപ്പികമാക്കിക്കൊണ്ടും ആയിരുന്നു. യഥാസമയം തന്നെ കമ്മീഷനെ നിയമിക്കാനും റിപ്പോർട്ട് നടപ്പിലാക്കാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

2. <u>ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണം സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി.</u>

നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാത പഠനവും ലൂയിസ് ബർഗ്ഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് നടത്തുന്നത്. ഈ കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ്

ഉദ്ദേശിക്കുന്നത്. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിക്കായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

സാമൂഹ്യ പ്രത്യാഘാത പഠനം, മണ്ണ് പരിശോധന, വിവരശേഖരണം എന്നിവ നടത്തിയിട്ടില്ല. ഇവ നടത്തിയ ശേഷം വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ, മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെ ക്ലിയറൻസ്, കേന്ദ്ര സർക്കാരിന്റെ അംഗീകാരം ഉൾപ്പെടെയുള്ള എല്ലാ നടപടികളും കൺസൾട്ടന്റ് പൂർത്തിയാക്കേണ്ടതുണ്ട്. ആയത് സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3. പോലീസ് സേനയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി

ജനങ്ങളോടൊപ്പം നിന്ന് അവരുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന, സംശുദ്ധവും സുതാര്യവും സേവനാധിഷ്ഠിതവുമായ പോലീസ് സംവിധാനം ലക്ഷ്യമിട്ടുള്ള ഇടപെടലുകളാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. സേനയിലെ നിയമനം, പരിശീലനം, സ്ഥാനക്കയറ്റം തുടങ്ങിയ കാര്യങ്ങളിൽ നിലനിന്നിരുന്ന പോരായ്മകൾ പരിഹരിക്കുന്നതിനും സേനാംഗങ്ങളുടെ സ്ഥാനക്കയറ്റങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒഴിവുകൾ അതതു സമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിൽ കർശന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

പോലീസ് സേനയ്ക്ക് ആവശ്യമായ വിവിധ തസ്തികകൾ അനുവദിക്കുന്നതിൽ സർക്കാരിന്റെ സാമ്പത്തിക നില തടസ്സമാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. അത്തരത്തിൽ പോലീസ് സേനയിലെ വിവിധ തസ്തികകളിൽ ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിച്ച് പോലീസ് സേനയെ ശാക്തീകരിക്കുകയെന്ന നയം തന്നെയാണ് ഈ സർക്കാരിനുള്ളത്.

ദീർഘകാലമായി നിലനിന്നിരുന്ന സീനിയോറിറ്റി തർക്കങ്ങൾ പരിഹരിക്കുകയും വിവിധ വിഭാഗങ്ങളിലെ സ്ഥാനക്കയറ്റത്തിനുള്ള പ്രൊമോഷൻ കമ്മിറ്റിയും പ്രൊമോഷൻ ബോർഡും ചേർന്ന് അംഗീകരിച്ചിട്ടുള്ള സ്ഥാനക്കയറ്റങ്ങൾ നടത്തുവാനും കഴിഞ്ഞു. അതോടൊപ്പം, ഡ്രൈവർ തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. സേനയിലെ ഗ്രേഡ് പ്രൊമോഷനുള്ള കാലാവധി കുറച്ചുകൊണ്ട് സേനാംഗങ്ങൾക്ക് ആനുകൂല്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിശദമായ വിവരങ്ങൾ ഇന്ന് ഉന്നയിച്ചിട്ടുള്ള നക്ഷത്ര ചിഹ്നമിട്ട 27-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയിലൂടെ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. (ആയതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല.)

തെളിയിക്കപ്പെടാത്ത കേസ്സുകൾപോലും ശാസ്ത്രീയ രീതിയിലൂടെ, പഴുതടച്ചുള്ള അന്വേഷണം നടത്തി തെളിയിക്കപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. ജിഷാ കേസ്സ്, ജലജാ സുരൻ വധക്കേസ്സ്, കൂടത്തായി കൂട്ടക്കൊല, തൊഴിയൂർ സുനിൽ വധം തുടങ്ങിയ കേസ്സുകളിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കാൻ കഴിഞ്ഞത് സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമാണ്. അതോടൊപ്പം, വീഴ്ചകൾ സംഭവിക്കുന്ന ഘട്ടങ്ങളിൽ ആവശ്യമായ ഇടപെടലുകളും സർക്കാർ നടത്താറുണ്ട്.

4. <u>ഇടുക്കിയിലെ നിർമ്മാണ നിയന്ത്രണം സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടി.</u>

1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നത് കൃഷിക്കും, ഗൃഹനിർമ്മാണത്തിനും ഗുണപരമായ ഉപയോഗത്തിനും മാത്രമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതി WP(C) No.1801/2010 എന്ന കേസ്സിൽ 21-1-2010 -ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം വ്യാപകമായ പൊതുതാൽപ്പര്യം ഉൾക്കൊണ്ടുകൊണ്ട് കൃഷിക്കായി പതിച്ചു നൽകുന്ന ഭൂമി വാണിജ്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടെത്തി, കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ കാത്തു സൂക്ഷിക്കുന്നതിൽ അതിപ്രധാന പങ്ക് വഹിക്കുന്ന പശ്ചിമഘട്ട മലനിരകളിൽ ഉൾപ്പെട്ട ഇടുക്കി ജില്ലയിലെ 8 വില്ലേജുകൾ ഉൾപ്പെടുന്ന മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. WP(C) No. 32143/2016, 32145/2016 എന്നീ കേസ്സുകളിൽ 14-11-2016-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കാർഷികാവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടനിർമ്മാണം അനുവദനീയമല്ലായെന്ന് വിധിച്ചിട്ടുള്ളതാണ്. WP(C) No.1801/2010 എന്ന കേസ്സ് പലതവണ കോടതി പരിഗണിച്ചപ്പോഴൊക്കെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് ചോദിച്ച് കടുത്ത പരാമർശങ്ങളും നിരീക്ഷണങ്ങളും നടത്തുകയുണ്ടായി. പ്രസ്തുത കേസ്സ് 15-7-2019-ൽ ബഹുമാനപ്പെട്ട കോടതി പരിഗണിച്ചപ്പോൾ ഇക്കാര്യത്തിനായി ആവശ്യമായ ഭേദഗതി ഭൂമി പതിവ് ചട്ടങ്ങളിൽ കൊണ്ടുവരുന്ന

കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുകളും നിരീക്ഷണങ്ങളും ഉൾപ്പെടെയുള്ളവ കൂടി പരിഗണിച്ചുകൊണ്ട് വിവിധ തലത്തിലുള്ള ചർച്ചകളും അഭിപ്രായ രൂപീകരണങ്ങളും നടത്തിയതിന് ശേഷമാണ് 22-8-2019-ലെ സ.ഉ.(എം.എസ്.)നമ്പർ 269/2019 ആർ.ഡി. പുറപ്പെടുവിച്ചിരിക്കുന്നത്.

ടി. ഉത്തരവിൽ 15 സെന്റിൽ താഴെയുള്ള പട്ടയ ഭൂമിയിൽ 1500 ച. അടിയിൽ താഴെയുള്ളതും ഉപജീവനാവശ്യത്തിന് ഉപയോഗിക്കുന്നതുമായ വാണിജ്യ നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ളവയെ ക്രമവൽക്കരിച്ച് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുവഴി ഭൂമി പതിച്ചു നൽകിയ ആവശ്യത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ മറ്റൊരാവശ്യത്തിന് ഉപയോഗിച്ചിട്ടുണ്ടെങ്കിൽ കൂടി അത് ഒരാളിന്റെ ഏക ഉപജീവന മാർഗ്ഗമാണെങ്കിൽ സാധാരണക്കാരായ അത്തരം വ്യക്തികൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കുക എന്ന സദുദ്ദേശ്യമാണുള്ളത്. ചെറുകിട നിർമ്മിതികൾ അത് ഏതാവശ്യത്തിനാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് നോക്കാതെ തന്നെ നിയമപരമാക്കുകയെന്ന ഗുണപരമായ വശമാണ് അതിനുള്ളത്. പതിനഞ്ച് സെന്റ് വരെയുള്ള പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിൽ അധികരിക്കുന്ന കെട്ടിടമാണുള്ളതെങ്കിൽ അത് ഉടമസ്ഥരുടെ ഏക ജീവനോപാധിയാണെന്ന് വ്യക്തമായി തെളിയിക്കുകയാണെങ്കിൽ അത്തരം സവിശേഷ സാഹചര്യങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് നീതിയുക്തമായ തീരുമാനമെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞ രണ്ട് വിഭാഗങ്ങളിലും ഉൾപ്പെടാത്തതും പട്ടയഭൂമിയിലുള്ളതുമായ വാണിജ്യ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പട്ടയം റദ്ദ് ചെയ്ത ഭൂമിയും നിർമ്മിതികളും സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ആവശ്യമെങ്കിൽ കൈവശക്കാരന് തന്നെ പ്രസ്തുത ഭൂമി പാട്ടത്തിന് എടുക്കാൻ കഴിയുന്ന അവസ്ഥ നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഇനിമേൽ ഇടുക്കി ജില്ലയിൽ പതിച്ചുനൽകിയ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നത് പരിഷ്കരിച്ച് ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്തെ 8 വില്ലേജുകളിലേയ്ക്ക് മാത്രമാക്കി ഭേദഗതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പിൻവലിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ലാത്തതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1964-ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

5. അതിർത്തി പ്രദേശങ്ങളിൽ വാഹനങ്ങൾക്ക് ഈടാക്കുന്ന അമിത പിഴ സംബന്ധിച്ച ശ്രീ. കെ. ആൻസലൻ, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി.

ബഹുമാനപ്പെട്ട നെയ്യാറ്റിൻകര നിയോജകമണ്ഡലം എം.എൽ.എ ശ്രീ. കെ. ആൻസലൻ അവതരിപ്പിക്കാൻ അനുമതി തേടിയിരിക്കുന്ന വിഷയം തിരുവനന്തപുരം ജില്ലയിലെ അതിർത്തി പ്രദേശങ്ങളായ കൊല്ലംകോട്, ചെങ്കവിള, ചെറുവാരക്കോണം, കളിയിക്കാവിള എന്നീ സ്ഥലങ്ങളിലേയ്ക്ക് പോകുന്ന അതിർത്തി പ്രദേശത്തെ മോട്ടോർ വാഹനങ്ങൾക്ക് അമിതമായ രീതിയിൽ കഴിഞ്ഞ കുറച്ചു ദിവസങ്ങളിലായി തമിഴ്നാട് പോലീസ്, ആർ.ടി.ഒ. അധികാരികൾ പിഴ ചുമത്തി വരുന്നുവെന്നും ഇത് സാധാരണപ്പെട്ട വാഹന ഉടമകൾക്കും മോട്ടോർ തൊഴിലാളികൾക്കും സാമ്പത്തിക നഷ്ടം വരുത്തുന്നു എന്നുമാണ്.

ഈ വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടാൻ ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ഗതാഗത കമ്മീഷണർക്കും നിർദ്ദേശം നൽകുകയുണ്ടായി. തുടർന്ന് ഇവർ തമിഴ്നാട്ടിലെ ട്രാൻസ്പോർട്ട് കമ്മീഷണറുമായി ഫോണിൽ ബന്ധപ്പെട്ടു. കേരളത്തിൽ നിന്ന് തമിഴ്നാട്ടിലേക്ക് പോകുന്ന മോട്ടോർ വാഹനങ്ങൾക്ക് പിഴ ചുമത്തുന്നതുമായി ബന്ധപ്പെട്ട പ്രശ്നം അടിയന്തരമായി പരിഹരിക്കാമെന്നും എന്നാൽ കളക്ടർ, പോലീസ് അധികാരികൾ എന്നിവർ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ അവരുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണെന്നും തമിഴ്നാട് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചിരുന്നു. ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തമിഴ്നാട് ട്രാൻസ്പോർട്ട് കമ്മീഷണർക്കും തമിഴ്നാട് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്കും കത്തു നൽകുകയും ചെയ്തിട്ടുണ്ട്. തമിഴ്നാട് ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട് മോട്ടോർ വാഹന വകുപ്പ് ഇപ്പോൾ പിഴ ഈടാക്കുന്നില്ല. തമിഴ്നാട് പോലീസ് വകുപ്പിന്റെ ഭാഗത്തുനിന്നും അനുകൂല നിലപാട് സ്വീകരിക്കുന്നതിനുള്ള തുടർ നടപടികൾക്കായി അനൗപചാരിക ചർച്ചകൾ നടത്തി വരികയാണ്.

6. കുട്ടികൾക്കുണ്ടാകുന്ന കാഴ്ചക്കുറവ് കണ്ടുപിടിക്കുന്നത് സംബന്ധിച്ച ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി നൽകിയ മറുപടി.

സംസ്ഥാനത്ത് കുട്ടികളിലെ നേത്ര സംബന്ധമായ ആരോഗ്യ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അതിന് ചികിത്സ നൽകുന്നതിനും അന്ധതാ

നിവാരണ പദ്ധതിയിലൂടെ ആരോഗ്യവകുപ്പ് ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആയതിലൂടെ നവജാത ശിശുക്കളിലെ നേത്രാന്തരപടലാന്ധതയ്ക്ക് കാരണമായേക്കാവുന്ന റെറ്റിനോപ്പതി ഓഫ് പ്രിമച്വറിറ്റി മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ സൗജന്യമായി നൽകിവരുന്നു.

AMBLYOPIA (LAZY EYE - മടികണ്ണ്) എന്ന അവസ്ഥ കുട്ടികളിൽ ഉണ്ടാകുന്നത് കാഴ്ച വ്യതിയാനം (Refractory Error), കോങ്കണ്ണ് (Squint), കൺപോളകളുടെ തൂങ്ങൽ (PTOSIS), തുടങ്ങിയ അവസ്ഥകൾ കാരണമാണ്. ഈ അവസ്ഥകളിൽ രണ്ട് കണ്ണുകളിൽ നിന്ന് വരുന്ന കാഴ്ചയുടെ പ്രതിബിംബങ്ങൾ തലച്ചോറിന് വേർതിരിച്ച് സംയോജിപ്പിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥ ഉണ്ടാകുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കുഴപ്പമില്ലാത്ത കണ്ണുകളിൽ കൂടി വരുന്ന പ്രതിബിംബങ്ങൾ കൂടുതലായി ഉപയോഗിക്കപ്പെടുന്നു. അതിലൂടെ കുഴപ്പമുള്ള കണ്ണുകൾ മടികണ്ണ് (LAZY EYE) ആയി മാറുന്നു. ഇതിന് ചികിത്സയ്ക്കായി കാരണങ്ങളായ കോങ്കണ്ണ് (Squint), കാഴ്ച വ്യതിയാനം (Refractory Error), കൺപോളകളുടെ തൂങ്ങൽ (PTOSIS) തുടങ്ങിയവ ഉണ്ടെങ്കിൽ ചികിത്സിച്ച് മാറ്റുകയാണ് വേണ്ടത്. ഇതിനോടൊപ്പം കുഴപ്പമുള്ള കണ്ണിനെ കൂടുതൽ ഉപയോഗത്തിൽ കൊണ്ടുവരാനായി കുഴപ്പമില്ലാത്ത കണ്ണിനെ ദിവസത്തിൽ കുറച്ചു സമയത്തേക്ക് Patching എന്ന പ്രക്രിയയിലൂടെ അടച്ചു വയ്ക്കേണ്ടതാണ്. ആയതിനാൽ ഇത്തരം കുട്ടികളെ അഞ്ചു വയസ്സിനുള്ളിൽ തന്നെ കണ്ടെത്തി ചികിത്സിച്ചാൽ ഈ അവസ്ഥ മാറ്റി എടുക്കാവുന്നതും ഇതുമൂലം കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാവുന്നതുമാണ്. ഇതിനുവേണ്ടിയുള്ള ചികിത്സ സംസ്ഥാനത്തെ ജനറൽ/ജില്ലാ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ചുള്ള മാതൃശിശു കേന്ദ്രങ്ങളിൽ നടക്കുന്ന ഓരോ പ്രസവത്തോടനുബന്ധിച്ചും കുഞ്ഞുങ്ങളുടെ കാഴ്ച പരിശോധന പ്രാരംഭതലത്തിൽത്തന്നെ നിർബന്ധമായും നടത്തിവരുന്നു. അതുമൂലം കാഴ്ചവൈകല്യമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുകയും ആവശ്യമായ ചികിത്സ നൽകുകയും ചെയ്തുവരുന്നു.

ഇത്തരത്തിലുള്ള കാഴ്ചവൈകല്യം ബാധിച്ച കുട്ടികളെ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സ നൽകുന്നതിനുമായി പാലക്കാട് ജില്ലയിൽ "സുനേത്രം" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ അന്ധത പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കാഴ്ച പരിശോധിച്ച് റിഫ്രാക്റ്ററി എറർ ഉണ്ടോ എന്നുകണ്ടെത്തി അത് പരിഹരിക്കുന്നതിനായി സൗജന്യ കണ്ണട വിതരണം നടത്തിവരുന്നു. സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധനയുമായി ബന്ധപ്പെട്ട് ജില്ലയിലെ ഒപ്റ്റോമെട്രിസ്റ്റുമാർ സ്കൂളുകൾ സന്ദർശിച്ച് കുട്ടികളുടെ കാഴ്ച പരിശോധിച്ച് ആവശ്യമായ കണ്ണടകൾ ജില്ലാടിസ്ഥാനത്തിൽ സൗജന്യമായി നൽകിവരുന്നുണ്ട്. കൂടാതെ സ്കൂൾ കുട്ടികൾക്കായി നേത്രരോഗ പരിപാലനത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. അദ്ധ്യാപകർക്ക് കുട്ടികളുടെ കാഴ്ച വൈകല്യം നേരത്തെ കണ്ടെത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ഇതിനുപുറമേ ജില്ലാ അടിസ്ഥാനത്തിൽ സ്കൂൾ കുട്ടികളുടെ കണ്ണുകൾ പരിശോധിച്ച് കാഴ്ചവൈകല്യമുള്ള കുട്ടികൾക്ക് കണ്ണട സൗജന്യമായി നൽകുന്നതിനായി കണ്ണൂർ ജില്ലയിൽ നടത്തിയ ഊർജ്ജിത നേത്ര പരിശോധന പദ്ധതിയായ "മിഴി" മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

7. <u>ദേശീയപാത വികസനത്തിന്റെ ഭാഗമായി നൽകുന്ന നഷ്ടപരിഹാരത്തുക സംബന്ധിച്ച ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി.</u>

റോഡ് വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങൾ അക്വയർ ചെയ്യുമ്പോൾ പദ്ധതി ബാധിതർക്ക് പരമാവധി നഷ്ടപരിഹാരം നൽകുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ സമീപനം. ആയതിനാൽ ദേശീയപാതാ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങൾക്ക് PWD valuation നടത്തുമ്പോൾ കെട്ടിടത്തിന്റെ നിലവിലെ വില ഡിപ്രീസിയേഷൻ ഇല്ലാതെ കണക്കാക്കിയാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് നൽകുന്നത്. എന്നാൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പോളിസിപ്രകാരം ഉടമസ്ഥൻ കെട്ടിടം പൊളിച്ചെടുക്കുന്ന സാഹചര്യത്തിൽ 6% സാൽവെജ് ചാർജ്ജ് (കെട്ടിടം പൊളിക്കുമ്പോൾ ഉടമസ്ഥന് ലഭിക്കുന്ന പുനരുപയോഗപ്രദമായിട്ടുള്ള ജനൽ/ വാതിൽ കട്ടിളകൾ, മറ്റ് മര ഉരുപ്പടികൾ, റീബാറുകൾ, ടൈലുകൾ, ഇലക്ട്രിക് & പ്ലംബിംഗ് ഫിറ്റിംഗുകൾ, വെട്ടുകല്ലുകൾ, കരിങ്കല്ലുകൾ എന്നിവയുടെ തുക) തുക കുറയ്ക്കാൻ വ്യവസ്ഥയുള്ളതാകുന്നു.

ദേശീയപാതാ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നഷ്ടപരിഹാരത്തുകയിൽ നിന്ന് 6% സാൽവേജ് കുറയ്ക്കുവാനുള്ള ദേശീയപാതാ അതോറിറ്റിയുടെ ഉത്തരവ് വിശദമായി പരിശോധിച്ച് സത്വര തുടർ നടപടികൾ

സർക്കാർ സ്വീകരിക്കുന്നതാണ്. പ്രസ്തുത ഉത്തരവ് കണ്ണൂർ ജില്ലയിലെ തഹസിൽദാർമാർക്ക് നൽകിയതായാണ് കാണുന്നത്. ഈ ഉത്തരവിനുശേഷം നഷ്ടപരിഹാരം ലഭിക്കുന്നവർക്ക് കെട്ടിടങ്ങളുടെ നഷ്ടപരിഹാരത്തുകയിൽ 6% കുറവ് വരുത്തുമെന്നത് സംബന്ധിച്ച വിഷയം NHAI-യുമായും കേന്ദ്രസർക്കാരുമായും സംസാരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

8. ഇരിട്ടിയിലെ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി.

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ നിലവിൽ മിക്ക സർക്കാർ ഓഫീസുകളും സ്വകാര്യ കെട്ടിടങ്ങളിൽ വാടക നൽകിയാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ തന്നെ ഈ ഓഫീസുകളെല്ലാം പല സ്ഥലങ്ങളിലാണ്. ഈ കാരണങ്ങളാൽ പൊതുജനങ്ങൾക്ക് ടി സർക്കാർ ഓഫീസുകളിലേയ്ക്ക് എത്തിച്ചേരുന്നതിനും സേവനം ലഭ്യമാക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്. ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഇരിട്ടി പട്ടണത്തിന്റെ ഹൃദയഭാഗത്തായി ഒരു മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചുവെങ്കിലും പ്രവൃത്തിക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ തിരിച്ചയയ്ക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്കായി ബജറ്റിൽ Annex-II, Vol II, Page No. 73, Item No. 1556-ൽ 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടി വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ GST കൂടി ഉൾപ്പെടുത്തിയ പുതിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) തയ്യാറാക്കി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭിക്കുന്നതിനനുസരിച്ച് ടി എസ്റ്റിമേറ്റ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

9. ലൈഫ് പദ്ധതിയിൽ ലക്ഷംവീടുകളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടി.

സംസ്ഥാനത്തെ ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിലേയ്ക്കായി 19-8-2008 സ.ഉ.(എം.എസ്.)നമ്പർ 226/2008/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ടി ഉത്തരവുകൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ/മറ്റ്

ഏജൻസികളുടെ ധനസഹായം വിനിയോഗിച്ച് ഗുണമേന്മ വർദ്ധിപ്പിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്ത വീടുകളും വാടകയ്ക്ക് നൽകിയിരിക്കുന്ന വീടുകളും ഒഴിവാക്കിയാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിലേയ്ക്കായി 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുകയും ആയത് പ്രകാരം മിക്ക ഗ്രാമ പഞ്ചായത്തുകളിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുമുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിക്കായി എടുക്കുന്ന വായ്പയിൽ ഐ.എ.വൈ. ഭവന പദ്ധതിക്ക് വേണ്ട അധിക വിഹിതവും എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണത്തിനുവേണ്ട തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും ഉൾപ്പെടുത്തണമെന്ന് ഇ.എം.എസ്. ഭവന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി സ്പഷ്ടീകരണം നൽകി 11-10-2010-ലെ സ.ഉ. (സാധാ) നമ്പർ 3230/2010/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചില ഗ്രാമപഞ്ചായത്തുകൾ ലക്ഷംവീടുകളുടെ പുനർ നിർമ്മാണത്തിന് മതിയായ പ്രാധാന്യം നൽകിയിട്ടില്ല.

ജില്ലകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിൽ 5215 ഇരട്ട വീടുകളിൽ 2515 എണ്ണം ഒറ്റ വീടാക്കുന്നതിന് അവശേഷിക്കുന്നുണ്ട്. ഇതിൽ 2041 ഇരട്ട വീടുകൾ ശോചനീയാവസ്ഥയിലുമാണ്. വീട് ഉള്ളതിനാൽ ഇത്തരത്തിലുള്ള പല കുടുംബങ്ങളേയും ലൈഫ് മിഷൻ ഭൂമിയുള്ള ഭവന രഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ശോച്യാവസ്ഥയിലായ ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കുന്നതിന് ലൈഫ് ഭവന പദ്ധതിയിലേയ്ക്ക് മുടക്കം ഉണ്ടാകരുതെന്ന വ്യവസ്ഥയിൽ സർക്കാർ അനുമതിയോടെ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

10. വന്യജീവി ആക്രമണം സംബന്ധിച്ച ശ്രീ. പി. സി. ജോർജ്, എം.എൽ.എ.-യുടെ സബ്മിഷന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടി.

പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി, മുണ്ടക്കയം, കോരുത്തോട്, കൂട്ടിക്കൽ ഉൾപ്പെടെയുള്ള ഗ്രാമ പഞ്ചായത്തുകളുടെ വന മേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിലാണ് വന്യജീവികളുടെ ആക്രമണം രൂക്ഷമായിട്ടുള്ളത്. ഇത് തടയുന്നതിന് പൂഞ്ഞാർ മണ്ഡലത്തിൽ (എരുമേലി, മുണ്ടക്കയം, തീക്കോയി, കോരുത്തോട്, കൊമ്പുകുത്തി, കൂട്ടിക്കൽ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ) 6 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സമീപ ഡിവിഷനുകളിൽ നിന്നും റാപ്പിഡ് റെസ്പോൺസ് ടീമിനെ (ആർ.ആർ.റ്റി.) ഉപയോഗിച്ച് കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നുണ്ട്.

കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവയ്ക്കാൻ 16-2-2019-ൽ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. കാട്ടുപന്നികളുടെ തീവ്രമായ ശല്യം ഉള്ളതാണെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗം തുടങ്ങിയവർ ഉൾപ്പെടുന്ന കമ്മിറ്റിയോ പ്രദേശത്തെ ജനജാഗ്രതാ സമിതിയോ ശിപാർശ ചെയ്യുന്ന ഭാഗത്തെ കാട്ടുപന്നികളെ ഇത്തരത്തിൽ ഒഴിവാക്കാൻ സാധിക്കും. കൂടാതെ പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെട്ട വന്യമൃഗശല്യം ഉണ്ടായിട്ടുള്ള ഭാഗങ്ങളിൽ 2016-17 വർഷത്തിൽ കൊപ്പം മുതൽ മാങ്ങാപ്പേട്ട വരെ 5 കി.മീ.ദൂരവും 2017-18 വർഷത്തിൽ പാണപിലാവ് മുതൽ എരുത്വാപുഴ വരെ 5 കി.മീ. ദൂരവും, എരുത്വാപുഴ മുതൽ എലിവാലിക്കര വരെ 5 കി.മീ. ദൂരവും എലിവാലിക്കര മുതൽ കൊപ്പം വരെ 5 കി.മീ. ദൂരവും 2018-19 വർഷത്തിൽ കാളകെട്ടി മുതൽ കീരിത്തോട് വരെ 4.2 കി.മീ. ദൂരവും കീരിത്തോട് മുതൽ എലിവാലിക്കര വരെ 5 കി.മീ. ദൂരവും മാങ്ങാപ്പേട്ട മുതൽ 504 കോളനി വരെ 5 കി.മീ. ദൂരവും 504 കോളനി മുതൽ കാരിശ്ശേരി വരെ 5 കി.മീ. ദൂരവും പാണപിലാവ് മുതൽ എരുത്വാപുഴ വരെ 5 കി.മീ. ദൂരവും സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ സമയബന്ധിതമായി നഷ്ടപരിഹാരത്തുക നൽകി വരുന്നുണ്ട്.